# സ്വലാത്തിന്റെ സത്യം

ഭാഗം ഒന്ന്

# ആമുഖം 2

മുസ്ലിംകളുടെ ഇന്നത്തെ അവസ്ഥയെ നാം കണ്ണും കാതും തുറന്നു പരിശോധിച്ചാൽ നമുക്കു മനസ്സിലാകും നമ്മുടെ ജീവിതം ലക്ഷ്യമില്ലാതെയും ഭാവിയിലേക്കുള്ള സമര തന്ത്രങ്ങൾ ഇല്ലാതെയുമാണ് മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നത് എന്ന്,ഈ രൂപത്തിൽ നാം മുന്നോട്ടു നീങ്ങിയാൽ നാം തന്നെ നമ്മുടെ ജീവിതത്തെക്കുറിച്ചു പശ്ചാതപിക്കേണ്ടി വരും.

ഇന്നത്തെ മുസ്ലിം സമൂഹത്തിന്റെ പ്രത്യയശാസ്ത്രം എന്നു പറയുന്നത് ശാരീരകമായി കാട്ടിക്കൂട്ടുന്ന ഒരു ആചാര നമസ്കാരവും, വ്രതവും, മാത്രമായി ചുരുങ്ങിയിരിക്കുന്നു .കൂടിയാൽ ഹജ്ജ് എന്ന പേരിൽ ഒരു തീർത്ഥാടനവും. ചിലർ ഒരു രണ്ടര ശതമാനം സകാത്തും .ഇതൊക്കെയാണ് ഇന്നത്തെ ഒരു ശരാശരി മുസ്ലിമിന്റെ ആരാധനാ ക്രമം.

ഇത്തരം ചില കേവല ആചാരങ്ങളിൽ മാത്രം ഒതുങ്ങി ജീവിച്ചാൽ നമുക്കു ജീവിതത്തെ നിർവികാരമായി സമീപിക്കാനേ സാധിക്കുകയുള്ളൂ. പക്ഷെ ....ഇതാണോ ഖുർആന്റെ ലക്ഷ്യം?.ഇതാണോ.....സർവ്വശക്തൻ നമ്മെ പഠിപ്പിക്കുന്നത്.?എന്താണ് ദൈവം നമ്മോടു പറയുന്നത് എന്നു നമുക്കു നോക്കാം.

اَنْتُم الاعْلونَ إنْ كُنْتُمْ مُؤْمِنِينَ

"അന്തുമുൽ അഅലൗന ഇൻകുന്തും മുഅമിനീൻ"

ഈ ആയത്തിലൂടെ ദൈവം നമ്മുടെ ,വിശ്വാസങ്ങളും ,ലക്ഷ്യങ്ങളും അതുമുഖേന നമുക്കു ലഭിക്കുന്ന പരമാധികാരവും , നിശ്ചയിക്കുകയാണ് ചെയ്യുന്നത്.ഇതിനർത്ഥം ഏതൊരുവനാണെങ്കിലും അവന്റെ സത്യസന്ധതയും പരമാധികാരവും നഷ്ടപ്പെടുത്തരുത് എന്നുമാത്രമല്ല അവൻ തന്റെ പരമാധികാരം കൊണ്ട് മറ്റുള്ളവരെ അക്രമിച്ചു കീഴ്പ്പെടുത്തുന്നവനും ആകരുത്.അങ്ങിനെ ചെയ്താൽ അവൻ ഒരിക്കലും മുഅമിൻ അല്ല.

അപ്പോൾ നമ്മുടെ മുമ്പിൽ ഉയർന്നു വരുന്ന ഒരു ചോദ്യമാണ് എന്തുകൊണ്ടാണ് ഈ വൈരുദ്ധ്യം വന്നത് ?.അതായത് ഖുർആൻ പറയുന്ന നിങ്ങൾ മുഅമിനുകളാണെങ്കിൽ നിങ്ങൾ ഉന്നതരാണ് എന്ന്. പക്ഷെ ഇന്നു മുഅമിനുകളാണെന്നു അവകാശപ്പെടുന്നവരിൽ നമുക്കു ഒരു നിലക്കുള്ള ഔന്നത്യവും നാളിതുവരെ കാണാൻ കഴിഞ്ഞിട്ടില്ല. അപ്പോൾ നമുക്കു എവിടെയോ തെറ്റു സംഭവിച്ചിരിക്കുന്നു .നമ്മുടെ ലക്ഷ്യവും,അല്ലാഹു നമ്മോടു വിശ്വസിക്കാൻ കല്പിച്ച ഭാഗം വിശ്വസിക്കുന്നതിലും പിഴവു സംഭവിച്ചിരിക്കുന്നു..അതുകൊണ്ടു തന്നെ നമ്മുടെ പരമാധികാരത്തിനു പകരം അടിമത്ത്വത്തിനും കീഴടങ്ങലിനും നാം തയ്യാറാകേണ്ടി വന്നിരിക്കുന്നു.

ആയതിനാൽ ലോകം മുഴുവനുള്ള മുസ്ലിംകൾ ഇന്നു മാനഹാനിയും , നീചാവസ്ഥയും നിറഞ്ഞ ജീവിതം നയിക്കേണ്ടി വരുന്നു.ഇന്നു ലോക മുസ്ലിം ജനത ചൂഷണങ്ങൾക്കു വിധേയരായിരിക്കുന്നു.മുസ്ലിംകൾ തന്നെ മറ്റു മുസ്ലിംകളെ അടിമകളെപ്പോലെ കാണുന്നു.ഓരോരുത്തരും പാവങ്ങളെ പലവിധത്തിൽ ചൂഷണം ചെയ്യുന്നു. ഇങ്ങിനെയാണോ സർവ്വശക്തൻ നമ്മെ പഠിപ്പിക്കുന്നത്.....?പരസ്പരം അവഹേളിക്കുവാനും മറ്റുള്ളവരെ ചൂഷണം ചെയ്യുവാനുമാണോ സർവ്വശക്തൻ നമ്മെ പഠിപ്പിക്കുന്നത്?.

ഖുർആനിന്റെ വെളിപ്പെടുത്തലിന്റെ ഉദ്ദേശവും ലക്ഷ്യവും തന്നെ ഇത്തരത്തിലുള്ള ചൂഷണങ്ങൾ ഒഴിവാക്കുക എന്നതാണ്. നിന്ദ്യവും നിസ്സാരവുമായ അവസ്ഥയിൽ നിന്നും ചൂഷണത്തിൽ നിന്നും മനുഷ്യരെ മോചിപ്പിക്കുക എന്നതാണ് ഖുർആൻ എന്ന ഗ്രന്ഥത്തിന്റെ വെളിപ്പെടുത്തലിന്റെ ഉദ്ദേശവും ലക്ഷ്യവും.

ഇസ്ലാമിനെ നാം നിർവ്വചിച്ചാൽ അല്ലെങ്കിൽ ഖുർആനിന്റെ പഠനത്തെ നാം ഒന്നു വിലയിരുത്തിയാൽ ഒറ്റ വാക്കിൽ നമുക്ക് ഉത്തരം ലഭിക്കുന്നു. അതായത് ഇസ്ലാമിന്റെ നിർവ്വചനവും ഖുർആനിക അധ്യാപനത്തിന്റെ ലക്ഷ്യവും "ഒരു മനുഷ്യനും മറ്റൊരു മനുഷ്യനെ ചൂഷണം ചെയ്യരുത് "എന്നതാണ്.

നാം "മുസ്ലിം ""മുഅമിൻ' എന്നീ രണ്ടു അറബി പദങ്ങളുടെ ശരിയായ അർത്ഥം ഗ്രഹിച്ചാൽ ഇസ്ലാമിനെക്കുറിച്ചുള്ള ആശയം സൂക്ഷ്മമായി മനസ്സിലാക്കാം.മുസ്ലിം എന്നാൽ "മറ്റുള്ളവർക്ക് സുരക്ഷിതത്ത്വം "പ്രദാനം ചെയ്യുന്നവനും, "മുഅമിൻ" എന്നത് "മറ്റുള്ളവർക്ക് "സമാധാനം" പ്രദാനം ചെയ്യുന്നവനുമാണ്.

അറബി വ്യാകരണ പ്രകാരം "മുസ്ലിം"," മുഅമിൻ" എന്നീ പദങ്ങൾ "അഫ്അൽ" എന്ന ചട്ടക്കൂടിൽ ഉൾപ്പെട്ടതാണ്."മുസ്ലിമും" മുഅമിനും" കർത്താവിന്റെ നാമമാണ്.അതായത് അറബിയിൽ" ഇസ്മുൽ ഫാഇൽ "എന്നതാണ്.ഇതിന്റെ അർത്ഥം "സമാധാനവും സുരക്ഷിതത്ത്വവും പ്രദാനം" ചെയ്യുന്നവൻ എന്നാണ്. തീർച്ചയായും നാം ഖുർആനിൽ പറഞ്ഞ അതേ അർത്ഥത്തിൽ സത്യസന്ധമായി" മുസ്ലിം "മുഅമിൻ" എന്നീ വാക്കുകൾ മനസ്സിലാക്കുകയും അതനുസരിച്ച് ജീവിക്കുകയും വേണം.

## <u>ഭരണ ഘടനക്ക് ഒരു ആമുഖം</u>

ഖുർആൻ പ്രചരണ പ്രവർത്തനം എന്നു പറയുന്നത് ഒരു പാർട്ടി രൂപീകരണമല്ല.അതുപോലെ ഭൂരിപക്ഷ ആളുകളുടേതിൽ നിന്നു വ്യത്യസ്ഥമായ ചില വിശ്വാസങ്ങളും ചിന്താഗതികളും വെച്ചു പുലർത്തുന്ന ഒരു ചെറിയ മതവിഭാഗത്തെ സൃഷ്ടിക്കാനോ അല്ല.മനുഷ്യഗുണവും നന്മയുമാണ് നമ്മുടെ പാർട്ടി.ഞങ്ങൾ ഒരിക്കലും ഏതെങ്കിലും മതവിഭാഗങ്ങൾക്കോ ചിന്താഗതിക്കോ എതിരല്ല.ആരാണ് സുരക്ഷ പ്രദാനി

ക്കുന്നതിൽ വിശ്വസിക്കുന്നത് അവൻ ഞങ്ങളുടെ സംഘത്തിലെ അംഗമാണ്.ആരാണോ സമാധാനത്തിനുവേണ്ടി പ്രവർത്തിക്കുന്നത് അവൻ മുഅമിനും നല്ലൊരു സഹോദരനുമാകുന്നു.

كَانَ النَّاسُ أُمَّةً وَاحِدَةً

"കാനന്നാസു ഉമ്മത്തൻ വാഹിദത്തൻ"

"എല്ലാ മനുഷ്യരും ഒരൊറ്റ സമൂഹമായിരുന്നു."

فَبَعَثَ اللَّهُ النَّبِيِّينَ مُبَشِّرِينَ وَمُنْذِرِينَ

"ഫബഅസല്ലാഹു അന് -നബിയ്യീന മുബശ്ശിരീന വ മുൻദിരീന "

"അതുകൊണ്ട് അല്ലാഹു സന്തോഷമറിയിക്കുന്നവരായും മുന്നറിയിപ്പുകാരായും പ്രവാചകന്മാരെ നിയമിച്ചു."

وَأَنْزَلَ مَعَهُمُ الْكِتَابَ بِالحَقِّ لِيَحْكُمَ بَيْنَ النَّاسِ فِيمَااخْتَلَفُوا فِيهِ

"വ അൻസല മഅകുമുൽ കിതാബ ബിൽഹഖ്ഖി ലി യഹ്കുമ ബയ്നന്നാസി ഫീമഖ്തലഫൂ ഫീഹി."

ഒരാൾ മറ്റൊരാളിൽ നിന്നു ഏതെല്ലാം വിഷയങ്ങളിലാണ് വേറിട്ടുനിൽക്കുന്നത് എന്നു വ്യക്തമാക്കുന്നതും മനുഷ്യരുടെ അവകാശങ്ങൾ സത്യസന്ധമായി വിവരിക്കുന്നതുമായ ഒരു പുസ്തകവും നമുക്കു അവൻ പ്രദാനം ചെയ്തു.ഈ അർത്ഥത്തിൽ എല്ലാ മനുഷ്യരും ഒന്നാണ്.എല്ലാ കാലത്തും മനുഷ്യർ ഒന്നു തന്നെയായിരിക്കും. നമ്മൾ പരസ്പരം വ്യത്യാസമുള്ളവരായിത്തീരാനും ഭിന്നരായിത്തീരാനുമുള്ള കാരണം ഖുർആനിന്റെ അന്തസത്ത മനസ്സിലാക്കിയതിലുള്ള തകറാറും മനുഷ്യ നിർമ്മിത കെട്ടുകഥകൾ ഉൾക്കൊണ്ടതു മൂലവുമാണ്

.

എല്ലാ ദൂതന്മാരും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ,സുരക്ഷിതത്വത്തിന്റെയും ആശയങ്ങളാണ് പ്രദാനം ചെയ്തത്.നമ്മുടെ കയ്യിൽ മുസ്ലിം മതത്തിൽ ജനിച്ചതുകൊണ്ട് മാത്രം ഖുർആനുണ്ട്.ഖുർആനിലൂടെ മതസൗഹാർദ്ദവും സമാധാനവും എല്ലാ മനുഷ്യർക്കും പ്രദാനം ചെയ്യുന്നു.ഏത് മനുഷ്യഗണത്തിൽ പെട്ടവനായാലും അവൻ സമാധാനത്തിനോ,സുരക്ഷിതത്വത്തിനോ,സ്നേഹത്തിനോ, എതിരാവരുത് എന്നതാണ് ദൈവ കൽപന . ദൈവീക കൽപനകൾ എപ്പോഴും കൽപിക്കുന്നത് സമാധാനത്തിനും,സുരക്ഷിതത്വത്തിനും,സ്നേഹത്തിനും,പ്രാധാന്യം കൊടുത്തുകൊണ്ടുള്ളതാകണം.

ഖുർആൻ ഒരിക്കലും ഒരു പ്രത്യേക മതവിഭാഗങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ളതല്ല.അത് മുസ്ലിം മതവിഭാഗത്തെ മാത്രം ഉദ്ദേശിച്ചുകൊണ്ടുമല്ല.ഖുർആൻ മനുഷ്യനെയാണ് പ്രതിനിധാനം ചെയ്യുന്നത്.അതുകൊണ്ടു തന്നെ ഖുർആനിക പ്രച

രണം ഒരു പ്രത്യേക മതവിഭാഗത്തെ മാത്രമല്ല ഉദ്ദേശിക്കുന്നത്.ഖുർആൻ മനസ്സിലാക്കുന്നതിലൂടെ ഓരോരുത്തരം അവനവന്റെ മനസ്സാക്ഷിയിലേക്കു നോക്കുകയും, ഖുർആനിന്റെ കൽപനക്കനുസരിച്ചുള്ള ജീവിതം നയിക്കുകയും ,മനുഷ്യനു അവന്റെ തെറ്റായ മാനസിക ചിത്രം മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുന്നു.എന്നിട്ട് ആ ഖുർആൻ "സ്നേഹം,സമാധാനം, സുരക്ഷിതത്ത്വം,എന്നിവ പ്രദാനം"ചെയ്യുകയും ചെയ്യുന്നു.

ഖുർആൻ ഒരു പ്രത്യേക മതത്തേയോ ഒരു പ്രത്യോക മതത്തിന്റെ ആശയ പ്രചരണമോ അല്ല.ഖുർആൻ ഒരു മതത്തിന്റെ ആശയമാണെന്നു പറയുന്നതാണ് ഏറ്റവും വലിയ തെറ്റ്. ഖുർആൻ നമുക്ക് പ്രദാനം ചെയ്യുന്നത് ഒരു പ്രത്യശാസ്ത്രവും,നമ്മുടെ ജീവിതം നയിക്കാനുള്ള അച്ചടക്കവുമാണ്.അതുകൊണ്ടു തന്നെ ഖുർആൻ ഒരു നിയമസംഹിതയായി കണക്കാക്കപ്പെടുന്നു.സൂറത്തുൽ ബഖറ അറുപത്തിരണ്ടാം വചനത്തിൽ അല്ലാഹു പറയുന്നു:-

إِنَّ ٱلَّذِينَ ءَامَنُوا۟ وَٱلَّذِينَ هَادُوا۟ وَٱلنَّصَٰرَىٰ وَٱلصَّٰبِـِٔينَ مَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ وَعَمِلَ صَٰلِحًا فَلَهُمْ أَجْرُهُمْ عِندَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٦٢﴾

"

ഇന്നല്ലദീന ആമനൂ വല്ലദീന ഹാദൂ വന്നസാറാ വസ്സ്വാബിഈന മൻ ആമന ബില്ലാഹി വൽയൗമിൽ ആഖിരി വഅമില സ്വാലിഹൻ ഫലഹും അജ്റുഹും ഇൻദറബ്ബിഹിം വലാ ഖൗഫുൻ അലൈഹിം വലാഹും യഹ്സനൂൻ"

"സമാധാനത്തിന്റെയും വിശ്വാസത്തിന്റെയും ആളുകളാകട്ടെ,ജൂദന്മാരായികൊണ്ടിരുന്നവരാകട്ടെ, കൃസ്ത്യാനികളാകട്ടെ,മറ്റേതു വിശ്വാസത്തിൽ പെട്ടവനാകട്ടെ,ആര് ദൈവത്തിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും നല്ലത് പ്രവർത്തിക്കുകയും ചെയ്യുവോ ,അവരുടെ പ്രതിഫലം തങ്ങളുടെ നാഥന്റെ പക്കലുണ്ട്. അവർക്ക് യാതൊന്നും ഭയപ്പെടാനില്ല.അവർ ദുഃഖിതരാവുകയില്ല"

വളരെ ലളിതമായി പറഞ്ഞാൽ ഖുർആനിന്റെ വീക്ഷണത്തിൽ, ഒരാൾ ജൂദനാവകട്ടെ,ക്രിസ്ത്യാനിയാകട്ടെ, മറ്റേതെങ്കിലും വിശ്വാസിയാകട്ടെ,ഏതൊരു സത്യത്തെ പിന്തുടരുന്ന വ്യക്തിക്കും അല്ലാഹു വാഗ്ദാനം ചെയ്യുന്നത് അവൻ നിശ്ചയിക്കുന്ന പരിധിയിൽ നിന്നുകൊണ്ട് ജനങ്ങൾക്ക് സമാധാനം നൽകുകയും മനുഷ്യ സമൂഹത്തിനുവേണ്ടി നല്ലത് പ്രവർത്തിക്കുകയും ചെയ്യുന്നവനാരോ അവന് ദൈവത്തിന്റെ അടുക്കൽ പ്രതിഫലമുണ്ടെന്നും ഭയപ്പെടേണ്ടതില്ലെന്നുമാണ്.അവനു പശ്ചാതപിക്കേണ്ടി വരികയോ മനസ്സാക്ഷിക്കുത്തുണ്ടാവുകയോ ഇല്ല എന്നതുമാണ്.

എന്നാൽ ഇന്നു നാം ഖുർആനിക പരിഭാഷകളിലൂടെ ഒന്നു സഞ്ചരിച്ചാൽ ഒരു

പ്രത്യേക മതത്തിന്റെ അനുയായികൾക്കു മാത്രമെ രക്ഷയുള്ളൂ എന്ന രീതിയിൽ എഴുതിവെച്ചതായിട്ടാണ് നമുക്കു കാണാൻ സാധിക്കുന്നത്.എന്നാൽ ഈ വ്യഖ്യാനങ്ങളൊന്നും ഒരു അന്വേഷകനോ,കാര്യങ്ങൾ സൂക്ഷ്മപഠനം നടത്തുന്നവനോ, അംഗീകരിക്കാൻ കഴിയില്ല.ഖുർആൻ ഒരു ഭാഗത്ത് ഏതൊരു വിശ്വാസിയാണെങ്കിലും ഏകനായ ദൈവത്തിൽ വിശ്വസിക്കുകയും മനുഷ്യസമൂഹത്തിനു വേണ്ടി നന്മകൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നവനെ ശിക്ഷിക്കുന്നില്ല എന്നു പറയുക ,പിന്നെ അതേ ഖുർആൻ തന്നെ എങ്ങിനെ മറ്റൊരു ഭാഗത്ത് ഒരു പ്രത്യേക മതത്തിൽ പെടണമെന്നും ആചാര ആരാധനയായ നമസ്കാരം നിർവ്വഹിക്കണമെന്നും അല്ലാത്തവർ ശിക്ഷക്ക് അർഹരാണെന്നും പറയും?അങ്ങിനെ ഒരു പ്രത്യേക മത വിഭാഗത്തിനെ മോക്ഷം കിട്ടൂ എന്ന സങ്കൽപത്തിൽ നിന്നാണ് പ്രത്യേക രീതിയിലുള്ള ഈ നമസ്കാരം ഉടലെടുത്തതു തന്നെ.

പൂർവ്വീകരായ പണ്ഡിതന്മാരും നേതാക്കളും വളരെ വ്യക്തമായി പറഞ്ഞത് ഉന്നതമായ ഒരു സമൂഹം ഉണ്ടായിത്തീരണമെങ്കിൽ ഈ ആചാര നമസ്കാരം അത്യാവശ്യമാണെന്നാണ് .അതോടൊപ്പം ഇവർ ഒരുമിച്ചു പറയുകയും സമ്മതിക്കുകയും ചെയ്യുന്ന ഒരു കാര്യമുണ്ട് അതെന്താണെന്നുവെച്ചാൽ നമസ്കാരത്തിന്റെ രൂപമോ, മറ്റു വിശദാംശങ്ങളോ ഖുർആനിൽ നിന്നു കിട്ടുകയില്ല എന്നതാണ്.മറ്റൊരു കാര്യം, ആചാര നമസ്കാരമായി ഇവർ കൊണ്ടുവന്ന ഈ സ്വലാത്ത് ദീനിന്റെ അടിസ്ഥാന സ്തംഭമാണെന്നും പറയുന്നു.പക്ഷെ അതു നിർവ്വഹിക്കേണ്ട രൂപം ചരിത്ര പാരമ്പര്യത്തിലൂടെയല്ലാതെ നമുക്കു ലഭിക്കുകയില്ലെന്നും . ബുഖാരി ,മുസ്ലിം പോലെയുള്ള പാരമ്പര്യ റിപ്പോർട്ടുകരെയും നാം ആശ്രയിക്കണമെന്നും ഇവർ വാദിക്കുന്നു. ഇത്തരം റിപ്പോർട്ടുകളുടെ അവസ്ഥ എടുക്കുകയാണെങ്കിൽ ഇത് റിപ്പോർട്ട് ചെയ്യുന്ന വ്യക്തിക്കുതന്നെ ഇതിൽ എത്രമാത്രം സത്യമുണ്ട് ,കളവുണ്ട് എന്ന് അറിയില്ല എന്നതാണ്.(ഓരോ റിപ്പോർട്ടിന്റെയും അവസാനത്തിൽ "അല്ലാഹുവിന്റെ ദൂതൻ യ ഥാർത്ഥത്തിൽ ഇത് പറഞ്ഞോ ഇല്ലേ എന്നറിയില്ല أوْكَمَا قَال صَلَّى اللَّهُ عَلَيْهِ وسَلَّم)എന്ന് ഇവർ തന്നെ എഴുതി വെച്ചിട്ടുണ്ട്.ദൈവീക മാർഗ്ഗ നിർദ്ദേശത്തെക്കുറിച്ചു ഉറപ്പില്ല എന്നത് എന്തൊരു വിരോധാഭാസമാണ്.മാത്രവുമല്ല യാതൊരു ലജ്ജയും ഇല്ലാതെ ഇത്തരം റിപ്പോർട്ടുകൾ പ്രവാചകനിലേക്കു ഇവർ ചേർക്കുകയും ചെയ്യുന്നു.പ്രവാചകനാകട്ടെ ഇത്തരം നുണക്കഥകളെ തകർക്കാനാണു നിയോഗിക്കപ്പെട്ടിരിക്കുന്നതും .

ഹദീസിനെ(റിപ്പോർട്ട്)ക്കുറിച്ചുള്ള ഒരു ചെറിയ കാര്യം മനസ്സിലാക്കിയാൽ തന്നെ അതിനെക്കുറിച്ചുള്ള നമ്മുടെ സംശയങ്ങൾ തീരുന്നതാണ്.ഹദീസുകളെന്ന പേരിൽ ഇവർ റിപ്പോർട്ടു ചെയ്തു പരമ്പരകൾ ഓരോ കാലഘട്ടത്തിലെയും ആയിരക്കണക്കിനു ആളുകളിൽ ഒന്നോ രണ്ടോ വ്യക്തികൾക്കു മാത്രമെ അറിയുമായിരുന്നൊള്ളൂ എന്നതാണ്.എല്ലാവരും തുടർന്നു പോന്നിരുന്നതും ,മനസ്സിലാക്കിയിരുന്നതുമായ കാര്യങ്ങളാണെങ്കിൽ ബുഖാരിയെപ്പോലുള്ളവർക്ക് ഒരു ഹദീസിനൊക്കെ വേണ്ടി ദീർഘ

യാത്രകൾ നടത്തേണ്ടി വരില്ലായിരുന്നല്ലോ?ഏതെങ്കിലും ഒരു പള്ളിയിൽ പോയി അവിടുത്തെ ആളുകളോടു ചോദിച്ചു മനസ്സിലാക്കിയാൽ പോരെ?.ഇത്തരം റിപ്പോർട്ടികളിൽ അധികവും ഒരു വ്യക്തിയിൽ നിന്നാണ് അറിഞ്ഞിട്ടുള്ളത് എന്നതാണ് മറ്റൊരു കാര്യം. ഇതുകൊണ്ടു തന്നെ ഇവരുടെ കഥകളിൽ, ബുഖാരിക്കും മുസ്ലിമിനും ദീർഘമായ യാത്രകൾ ചെയ്യേണ്ടി വന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്.യാഥാസ്ഥിക മുസ്ലിംകളിൽ ബഹുഭൂരിഭാഗത്തിന്റെ ജീവിതവും ഇത്തരം ഒറ്റപ്പെട്ട വ്യക്തികളുടെ ചെറിയ ചിന്തയെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇത്തരം ഒറ്റപ്പെട്ട വ്യക്തികളുടെ കഥകളെ അടിസ്ഥാനമാക്കി നമ്മുടെ മതത്തിനു നാം അടിത്തറ ഇട്ടാൽ ഈ തലമുറയെ പിന്നോട്ടു വലിക്കലായിരിക്കും ഫലം. നമ്മുടെ അറിവിന്റെ യഥാർത്ഥ ഉറവിടത്തെ അഥവാ ഖുർആനിനെ നാം ആശ്രയിക്കുകയാണെങ്കിൽ ഈ നിലക്കുള്ള പ്രശ്നങ്ങളൊന്നും ഉയർന്നു വരില്ല.

നമ്മളൊരാളെ ഖുർആനിന്റെ മാത്രം പഠനത്തിലേക്കു തിരിച്ചു വിട്ടാൽ അവൻ ഉടനെ ചോദിക്കുക"എങ്ങിനെയാണ് പിന്നെ നാം നമസ്കരിക്കുക "എന്നായിരിക്കും കാരണം നമ്മോട് നമസ്കരിക്കാൻ പറഞ്ഞിട്ടുണ്ടല്ലോ?ഖുർആനിൽ അതെങ്ങിനെയെന്നു നമുക്ക് കാണാൻ കഴിയുന്നില്ലല്ലോ? ഖുർആൻ പറയാത്ത ഒരു കാര്യം എങ്ങിനെയാണ് നാം ദൈവീക കൽപനയായി കണക്കാക്കുക എന്നു നമ്മളിൽ ഒരാളും ഒരു നിമിഷം എന്തുകൊണ്ട് ചിന്തിക്കുന്നില്ല .?യഥാർത്ഥ വ്യവസ്ഥിതി(ദീനുൽഖയ്യിമ) യുടെ ഒരു സ്തംഭമായി ഖുർആൻ എണ്ണിയ സ്വലാത്തിന്റെ രൂപം ഖുർആൻ വിശദമാക്കിയിട്ടില്ലെങ്കിൽ എന്തുകൊണ്ട് എന്നു നാം ചിന്തിക്കണം.

ഖുർആൻ വിവരിക്കുന്ന സ്വലാത്ത് എന്താണെന്ന് നമുക്കു അറിയണമെങ്കിൽ ഏതു നിലക്കുള്ള കൽപനകളാണ് സ്വലാത്തിനെക്കുറിച്ചു ഖുർആൻ പറഞ്ഞിട്ടുള്ളതെന്നു നമുക്ക് ഖുർആനിനോടു ചോദിക്കാം.അതല്ല നമുക്കു നമസ്കാരമാണ് ആവശ്യമെങ്കിൽ അത് പാരമ്പര്യമായി നമുക്കു കിട്ടും.അപ്പോൾ നമസ്കാരമാണോ ആവശ്യം അത് ഇപ്പോൾ നമ്മുടെ മുമ്പിലുണ്ട്.പക്ഷെ ഒരിക്കലും അത് ഖുർആനിൽ നിന്നു ലഭിക്കുകയില്ല .ഖുർആൻ കൽപിക്കുന്ന സ്വലാത്ത് എന്താണെന്നു നമുക്ക് ഖുർആനിൽ നിന്നു തന്നെ പഠിക്കാം.എന്നിട്ട് പാരമ്പര്യ നമസ്കാരം വേണ്ടവർ അതും ഖുർആനിലെ സ്വലാത്ത് വേണ്ടവർ അതും സ്വീകരിക്കട്ടെ!

സൂറത്തുൽ ബയ്യിനഃ വചനം 5 ൽ അല്ലാഹു പറയുന്നു.

وَمَآ أُمِرُوٓاْ إِلَّا لِيَعۡبُدُواْ ٱللَّهَ مُخۡلِصِينَ لَهُ ٱلدِّينَ حُنَفَآءَ وَيُقِيمُواْ ٱلصَّلَوٰةَ وَيُؤۡتُواْ ٱلزَّكَوٰةَۚ وَذَٰلِكَ دِينُ ٱلۡقَيِّمَةِ ٥

വമാ ഉമിറൂ ഇല്ലാ ലിയഅബുദുല്ലാഹ മുഖ്ലിസ്വീന ലഹു ദ്ദീന ഹുനഫാഅ വയുഖീമുസ്സ്വലാത്ത വയുഅതുസ്സകാത്ത , വ ദാലിക ദീനുൽ ഖയ്യിമ

ഈ ആയത്തിൽ പറയുന്നത് പരിശുദ്ധമായ കലർപ്പില്ലാത്ത അനുസരണം അല്ലാഹു വിൽ മാത്രം പരിമിതപ്പെടുത്തുകയും,സ്വലാത്ത്,സകാത്ത് എന്നീ രണ്ടു കാര്യങ്ങൾ ജീവിത വ്യവസ്ഥിതിയുടെ രണ്ടു തൂണുകളായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഇസ്ലാമിന്റെ നെടുംതൂണുകൾ, സ്വലാത്തും സകാത്തുമാണെന്ന് അല്ലാഹു പ്രഖ്യാപിക്കുന്നതോടൊപ്പം അതിന്റെ മറ്റു വിശദാംശങ്ങളൊന്നും ഖുർആൻ വിവരിച്ചിട്ടില്ലെന്നു നാമെങ്ങിനെ വിശ്വസിക്കും?.ഇസ്ലാമിന്റെ നെടുംതൂണുകല്ലാത്ത(ദീനുൽ ഖയ്യിമഃ) പല കാര്യങ്ങളും ഖുർആൻ വിശദമാക്കിയിട്ടുണ്ട് താനും.സൂറത്ത് അന്നഹ് ൽ89 ാമത്തെ വചനത്തിൽ ഖുർആനിനെക്കുറിച്ച് അല്ലാഹു പറയുന്നത് എല്ലാ കാര്യങ്ങളുടെയും വിശദീകരണമായിട്ടാണ് ഖുർആൻ അവതരിപ്പിച്ചുള്ളത് എന്നാണ്.(തിബ് യാനൻ ലി കുല്ലി ശൈഇൻ).അതുകൊണ്ട് ഖുർആൻ അതിലെ ഓരോ വിഷയങ്ങളും വളരെ വ്യക്തമായ വിശദീകരണങ്ങൾ ഉൾക്കൊള്ളുന്നവയാണ്.പാരമ്പര്യവാദികളുടെ വ്യാഖ്യാനമാണ് ഇതിനെ അവ്യക്തമാക്കി കളഞ്ഞത്. വളരെസുശക്തവും പ്രാമാണികവുമായ ദൈവീക പ്രത്യയശാസ്ത്രത്തിലെ പ്രവർത്തനങ്ങൾ വിശദമാക്കാതെ അവ്യക്തമാക്കി വെക്കുക എന്നത് അസാധ്യമാണ്. ഖുർആനിൽ സ്വലാത്ത് ഒന്നും വിശദമാക്കിയിട്ടില്ല എന്നു പറയുന്നതിലൂടെ നമ്മുടെ ചിന്തയെ അഹ്ലുസ്സുന്നത്തുകാർ മരവിപ്പിച്ചിരിക്കുകയാണ്. വാദപ്രതിവാദത്തിനു നിൽക്കാതെ വളരെ പ്രസക്തമായ ചില വചനങ്ങളിലൂടെ നാം സഞ്ചരിക്കുകയാണെങ്കിൽ സ്വലാത്ത് വിശദമാക്കിയിട്ടില്ല എന്നു നമുക്കു ചിന്തിക്കാൻ പോലും കഴിയില്ല.

വളരെ വ്യക്തവും പ്രാമാണികവുമായ ഒരു പ്രത്യശാസ്ത്രമാണ് ഖുർആനിന്റെത്.വ്യക്തമായ ഒരു പ്രത്യശാസ്ത്രം എന്ന നിലക്ക് ഖുർആൻ മുഴുവൻ കാര്യങ്ങളും വിശദമാക്കിയിട്ടുണ്ട്.പക്ഷെ സ്വലാത്ത് , സകാത്ത് ,എന്നീ കൽപനകളെ ,നാം നമസ്കാരം,സകാത്ത് എന്നീ മുൻ ധാരണകളിൽ എപ്പോൾ പരിമിതപ്പെടുത്തുന്നുവോ, അപ്പോൾ തീർച്ചയായും നമുക്കു അതിന്റെ വിശദാംശങ്ങൾ ഖുർആനിൽ നിന്നു ലഭിക്കുകയില്ല. അങ്ങിനെ ആചാരമായി ചെയ്തുപോരുന്ന കാര്യങ്ങളിൽ പരിമിതപ്പെടുത്തേണ്ടതല്ല ഖുർആനിക പ്രത്യയശാസ്ത്രം.

സ്വലാത്ത് എന്ന പദം ഖുർആനിൽ വ്യത്യസ്ഥ സന്ദർഭങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്.സ്വലാത്ത് എന്നതിന്റെ മൂലാക്ഷരങ്ങളാണ് സ്വാദ്,ലാമ്, വാ(و ل ص) അസ്സ്വലാ(الصلا)എന്നത് ശരീരത്തിന്റെ പിൻഭാഗത്തിനാണ് പറയുക. മുൻഭാഗം പിൻഭാഗവുമായിട്ടാണല്ലോ യോജിപ്പിക്കുക. ഇതിൽ നിന്നാണ് മൂലാക്ഷരങ്ങളുടെ അടിസ്ഥാന അർത്ഥം ഉരുത്തിരിഞ്ഞു വന്നിട്ടുള്ളത്.അതായത് പിന്തുടരുക എന്നഅർത്ഥം . .ഈ ഒരു അർത്ഥത്തിന്റെ ഒരു ഭാഗം നിലക്ക് മറ്റു ചില അർത്ഥങ്ങൾ കൂടി സന്ദർ

ഭങ്ങൾക്കനുസരിച്ച് നമുക്ക മനസ്സിലാക്കാൻ കഴിയും.അല്ലാതെ ഈ പദത്തിനു ഒരു പ്രത്യേക രൂപത്തിലുള്ള ശാരീരീക പ്രകടനങ്ങൾ എന്ന അർത്ഥമില്ല .അത് ഇവർക്ക് ജിബ്രീൽ പഠിപ്പിച്ചതാണ് എന്നാണല്ലോ പറയുന്നത്.?അതുകൊണ്ട് തന്നെ അതിൽ നമുക്ക് അവരോടു തർക്കിക്കേണ്ടതുമില്ല.

നമസ്കാരം എന്ന ഒരു വാക്ക് നമുക്ക ഖുർആനിൽ നിന്നു കാണാൻ കഴിയില്ല. ഖുർ ആനിൽ സ്വലാത്ത് എന്ന പദം അല്ലാഹു തെരഞ്ഞെടുത്തിരിക്കുന്നത് പ്രവാചകന്റെ ജീവിതം മുഴുവൻ ചിലവഴിച്ചുകൊണ്ട് സാധിച്ചെടുക്കേണ്ട നീതിന്യായ വ്യവസ്ഥയെ യാണ് ഉദ്ദേശിക്കുന്നത്.സൂറത്തു ഇബ്രാഹീം 37ാംമത്തെ വചനത്തിൽ ഇബ്രാഹീം നബിയുടെ പ്രാർത്ഥന വിവരിക്കുന്നു.

رَّبَّنَآ إِنِّيٓ أَسۡكَنتُ مِن ذُرِّيَّتِي بِوَادٍ غَيۡرِ ذِي زَرۡعٍ عِندَ بَيۡتِكَ
ٱلۡمُحَرَّمِ رَبَّنَا لِيُقِيمُواْ ٱلصَّلَوٰةَ فَٱجۡعَلۡ أَفۡـِٔدَةٗ مِّنَ ٱلنَّاسِ تَهۡوِيٓ
إِلَيۡهِمۡ وَٱرۡزُقۡهُم مِّنَ ٱلثَّمَرَٰتِ لَعَلَّهُمۡ يَشۡكُرُونَ ٣٧

“റബ്ബനാ ഇന്നീ അസ്കൻതു മിൻ ദുര് രിയ്യത്തീ ബിവാദിൻ ഗൈറ ദീ സർഇൻ ഇൻദ ബൈത്തികൽ മുഹർറം റബ്ബനാ ലി യുഖീമുസ്സ്വലാത്ത"

ദൈവീക അച്ചടക്കത്തിന്റെ നടപ്പാക്കലിനുവേണ്ടി ഇബ്രാഹീം തന്റെ മക്കളുടെ ജീവിതം മുഴുവൻ ഏറ്റവും വലിയ ബലി നൽകാൻ വേണ്ടിയാണ് മക്കളെ അവിടെകൊണ്ടുപോയി താമസിപ്പിച്ചത്.അല്ലാതെ പാരമ്പര്യ നമസ്കാരം നിർവ്വഹിക്കാൻ  വേണ്ടിയല്ല.അതു വീട്ടിൽ വെച്ചും പഠിപ്പിക്കാവുന്നതേയുള്ളൂ.ഇവർ പറയുന്നതുപോലെ കാട്ടിൽ വിജനമായ സ്ഥലത്ത് താമസിപ്പിക്കേണ്ടതില്ല.കൂടെ നിർത്തിയാൽ നമസ്കരിക്കുന്നുണ്ടോ എന്നും ശ്രദ്ധിക്കാമല്ലോ?

വെറും പാരമ്പര്യ നമസ്കാരം പഠിപ്പിക്കാനാണ് മക്കളെ അവിടെ കൊണ്ടുപോയി താമസിപ്പിച്ച് മക്കളുടെ ജീവിതം ബലികഴിച്ചതെങ്കിൽ അതിന്റെ ആവശ്യം എന്താണ്?പാരമ്പര്യ നമസ്കാരം പഠിപ്പിക്കൽ മാത്രമാണ് ലക്ഷ്യമെങ്കിൽ അത് അദ്ദേഹത്തിൽ മാത്രം ഒതുങ്ങുന്ന കാര്യമല്ല.മറിച്ച് അദ്ദേഹത്തിന്റെ പിൻഗാമികൾക്കുവരെ ബാധിക്കുന്ന കാര്യമാണത്..ആ പിൻഗാമികളിൽ പ്രവാചകനായ മുഹമ്മദു നബി  ഉൾപ്പെടും എന്നതും നാം ഓർക്കണം.അപ്പോൾ പ്രവാചകന്റെ ദൗത്യം വരെ നമസ്കാരം നിർവ്വഹിക്കുകയും പഠിപ്പിക്കുയും ചെയ്യുക  എന്നതിൽ ഒതുങ്ങുമെന്നു നാം മനസ്സിലാക്കണം.നമസ്കാരം തുടരലും,അത് എങ്ങിനെയാണ് നിർവ്വഹിക്കേണ്ടത് എന്ന് ജനങ്ങളെ പഠിപ്പിക്കലും മാത്രമാണോ പ്രവാചക ദൗത്യം.പ്രവാചകന്റെ ജീവിതം മുഴുവൻ നടത്തിയ പോരാട്ടം ഇതിനുവേണ്ടിയായിരുന്നോ?അതല്ല ഒരു മാതൃകാ സമൂഹത്തി

ന്റെ സ്ഥാപനമായിരുന്നോ പ്രവാചക ലക്ഷ്യം.?തന്റെ ജനതയെ  പാരമ്പര്യ നമസ്കാരം പരിശീലിപ്പിക്കാനുള്ള നിരന്തരമായ മാർഗ്ഗ നിർദ്ദേശം നൽകലായിരുന്നു നബിയുടെ ലക്ഷ്യമെങ്കിൽ അദ്ദേഹം സഹിച്ച ത്യാഗങ്ങൾ എന്തിനുവേണ്ടിയായിരുന്നു?.പ്രവാചകന്മാർ നാട്ടിൽ നിന്നു ബഹിഷ്കൃതരായത് എന്തിന്? അവർ കൊല്ലപ്പെട്ടത് എന്തിന്?

തീർച്ചയായും സ്വലാത്തിന്റെ സ്ഥാപനത്തിനുവേണ്ടി പോരാടുക എന്നു പറയുന്നത് ഫലത്തിൽ,  മഹാന്മാരായ പ്രവാചകന്മാരെല്ലാം തെരഞ്ഞെടുത്ത സമ്പൂർണ്ണമായ ആശയ സംസ്ഥാപനത്തിനു വേണ്ടിയുള്ള പോരാട്ടത്തിനു തുല്ല്യമാണ്.അവരുടെ പരിശീലനത്തിനു ശേഷം ദൈവത്തിന്റെ അളവുകോലിലേക്കു അവർ ഉയർന്നു വരുന്നു .ദൈവം അവന്റെ കൽപനകൾ പ്രവാചകന്മാരിലേക്കു വഹ് യ്(ദൈവീക ആശയ വിനിമയത്തിനുള്ള മാർഗ്ഗം) മുഖേന എത്തിക്കുകയും അത് സ്ഥാപിക്കാൻ അവരെ ഏൽപിക്കുകയും ചെയ്യുന്നു.മഹാന്മാരായ പ്രവാചകന്മാർ ആ കൽപനകൾ ജനങ്ങളിലേക്ക് എത്തിക്കുകയും ഈ ആശയത്തിലധിഷ്ഠിതമായ ഒരു ജനതയെ വളർത്തിക്കൊണ്ടു വരാൻ അവർ പോരാടുകയും ചെയ്യുന്നു.അതിനൊരു ഉദാഹരണമാണ് . പ്രവാചകനായ മുഹമ്മദ് നബി.അതായത് അനുകരണീയമായ ഒരു സമൂഹത്തിന്റെ തുടക്കമായിരുന്നു അത്. അങ്ങിനെ അവർ മാറ്റം ഉണ്ടാക്കുന്ന മേഖലകളിലെ പ്രധാനപ്പെട്ട ഒരു മേഖലയാണ് സാമ്പത്തിക രംഗം. അതാണ് സൂറത്തുൽ  ഹൂദിൽ 87-ാം വചനത്തിൽ  ശുഐബിന്റെ ജനത അദ്ദേഹത്തോടു താങ്കളുടെ സ്വലാത്താണോ ഞങ്ങളുടെ ധനം ഞങ്ങളുടെ ആഗ്രഹം പോലെ ചിലവഴിക്കുന്നതിൽ നിന്നും ഞങ്ങളെ തടയാൻ താങ്കളെ പ്രേരിപ്പിക്കുന്നത് എന്നു ചോദിച്ചത്.

ശുഐബിന്റെ ജനത പറയുന്നു.:--

قَالُوا۟ يَـٰشُعَيْبُ أَصَلَوٰتُكَ تَأْمُرُكَ أَن نَّتْرُكَ مَا يَعْبُدُ ءَابَآؤُنَآ أَوْ أَن نَّفْعَلَ فِىٓ أَمْوَٰلِنَا مَا نَشَـٰٓؤُا۟ ۖ إِنَّكَ لَأَنتَ ٱلْحَلِيمُ ٱلرَّشِيدُ ﴿٨٧﴾

"ഖാലൂ യാ ശുഐബു അസ്വലാത്തുക്ക തഅമുറുക്ക അന്നത്‌റുക്ക മാ യഅബുദു ആബാഉനാ ഔ അന്നഫ്അല ഫീ അംവാലിനാ മാ നശാഉ"

"ഓ ശുഐബേ നിന്റെ സ്വലാത്താണോ ഞങ്ങളുടെ പിതാക്കൾ നിരന്തരമായി വണങ്ങിയിരുന്നത് ഉപേക്ഷിക്കുവാനും ഞങ്ങളുടെ ധനത്തിൽ നിന്നും ഞങ്ങളുടെ ആഗ്രഹത്തിനനുസരിച്ചു ചിലവഴിക്കാതിരിക്കുവാനും കൽപിക്കുന്നത്.?"

ഈ വചനങ്ങളുടെ അടിസ്ഥാനത്തിൽ ആശയം വളരെ വ്യക്തമാണ്.അതായത് സ്വ

ലാത്ത് എന്നത് ദൈവീകമായ കൽപനകളുടെയും മൂല്ല്യങ്ങളുടെയും കീഴിൽ രൂപപ്പെട്ട ഒരു വ്യവസ്ഥിതിക്കാണ് പറയുക എന്നത്.ഈ ദൈവീക കൽപനകളുടെ സംസ്ഥാപനത്തിന്റെ അടിസ്ഥാനത്തിലാണ് ശുഐബ് അവരോട് സാമ്പത്തിക രംഗത്തുള്ള അവരുടെ ഇടപാടുകളെക്കുറിച്ച് സംസാരിച്ചത്.അല്ലാതെ അദ്ദേഹം നമസ്കരിച്ചതുകൊണ്ടല്ല. അദ്ദേഹത്തിന്റെ നമസ്കാരവുമല്ല.

ചില മതപുരോഹിതന്മാർ പറയുന്നത് ഖുർആനിന്റെ "ദീനൽ ഖയ്യിമ "(ശക്തമായ പ്രത്യയശാസ്ത്രം)യെന്ന ധാരണയെക്കുറിച്ച് ഖുർആൻ ഒന്നും മിണ്ടുന്നില്ല എന്നതാണ്. നമ്മുടെ നേതാക്കന്മാർ ഖുർആനിനോടു കാണിക്കുന്ന സേവനം എത്രമാത്രമുണ്ടെന്നു ഇതിൽ നിന്നു തന്നെ നമുക്കു ഊഹിക്കാം.ഇവർ ഖുർആനിന്റെ സേവകരാണെന്നുഅവകാശപ്പെടുമ്പോൾ തന്നെ ഖുർആൻ സമ്പൂർണ്ണമല്ല എന്നു ഇവർ തുറന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു.അതോടൊപ്പം തന്നെ വൈരുദ്ധ്യങ്ങളും ,കെട്ടുകഥകളും, മുത്തശ്ശിക്കഥകളുമുള്ള പുസ്തകങ്ങളെ ആശ്രയിക്കുകയും ചെയ്യുന്നു.ഇത്തരം ആളുകളെ നാം ആശ്രയിക്കുകയാണെങ്കിൽ നമസ്കാരത്തെ കുറിച്ചു ശരിയായ ഒരു നിലപാട് സ്വീകരിക്കാൻ നമുക്കു കഴിയാതെ വരുന്നു.എങ്ങിനെ നമസ്കരിക്കണം? രണ്ടു കാൽപാദങ്ങളും ഒരുമിച്ചു വെക്കണമോ അതല്ല ഒരു കൃത്യമായ അകലത്തിൽ വെക്കണോ?കൈകൾ നെഞ്ചിൽ വെക്കണോ,അതല്ല അരക്കു സമീപത്തു വെക്കണോ,അല്ലെങ്കിൽ രണ്ടു കയ്യും രണ്ടു ഭാഗത്തേക്കു തൂക്കിയിട്ടാൽ മതിയോ?ഈ വൈരുദ്ധ്യങ്ങളെല്ലാം എങ്ങിനെ വന്നു എന്നു നാം ചോദിച്ചാൽ ചില പണ്ഡിതന്മാർ പറയുന്നത് ഇതൊക്കെ പാരമ്പര്യമായി വന്ന അറിവില്ലായ്മകൾ കൊണ്ടു ഉണ്ടായതാണെന്നാണ്.ഈ വിവരമില്ലായ്മയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ഥ സംഘടനകൾ രൂപപ്പെടുകയും ,വ്യത്യസ്ഥ പള്ളികളും സ്ഥാപനങ്ങളും സ്ഥാപിക്കപ്പെടുകയും ചെയ്തു.ഇവയെല്ലാം മുസ്ലിം സമൂഹത്തിന്റെ ഭിന്നിപ്പിന്റെയും വിദ്വേഷത്തിന്റെയും അടയാളങ്ങളായി നിലകൊള്ളുകയും ചെയ്യുന്നു.ഒരു ജിന്നിന്റെ കാര്യത്തിൽ വരെ വിവിധ സംഘനകളും പള്ളികളും ഉയർന്നു വരുന്നു.

നമ്മുടെ മത പുരോഹിതന്മാർ പറയുന്നത് ഖുർആനിൽ നമസ്കാരം വിശദീകരിച്ചിട്ടില്ല എന്നാണ്.എന്നാൽ ഖുർആൻ പ്രധാനമായും ചർച്ചചെയ്യുന്നത് സ്വലാത്ത് സകാത്ത് എന്നീ രണ്ടു നെടും തൂണുകളെക്കുറിച്ചാണ്.അതു രണ്ടുമാണ് ദീനൽ ഖയ്യിമഃ, എന്നും, ദീനിന്റെ രണ്ടു സ്തംഭങ്ങളെന്നുമാണ് ഖുർആൻ പറഞ്ഞിട്ടുള്ളത് .അല്ലാഹു നമുക്കു നൽകിയതും നിരന്തരമായി നാം ചെയ്യേണ്ടതുമായ സ്വലാത്ത് എന്ന കടമയും, ശാരീരികമായി കാട്ടിക്കൂട്ടുന്ന പാരമ്പര്യ നമസ്കാരവും തമ്മിലുള്ള വ്യത്യാസം എന്താണെന്നു നമുക്കു ഖുർആനിനോടു ചോദിക്കാം.സ്വലാത്ത് എന്ന വിഷയത്തിലേക്കുനാം നേരിട്ടു പ്രവേശിക്കുന്നതിനു മുമ്പായി ആമുഖമായി ചില കാര്യങ്ങൾ നമുക്കു പറയാനുണ്ട്.ചിലർ ചോദിക്കുന്നത് എന്തിനാണ് ഖുർആനിൽ നിന്നു മാത്രം നാം സ്വലാ

ത്തിനെ പഠിക്കുന്നത്?പാരമ്പര്യ നമസ്കാരം പൈതൃമായി (മുതവാത്വിർ) ആയി വരുന്നതല്ലേ ?എന്നൊക്കെയാണ്.

ഹദീസുകളിലൂടെയും പൈതൃകമായും നമുക്കു കിട്ടിയതും ശാരീരികമായ പ്രകടനങ്ങളിലൂടെ നാം ചെയ്യുന്നതുമായ നമസ്കാരമെന്ന ആരാധനയും ,ഖുർആൻ പറഞ്ഞ സ്വലാത്ത് എന്ന പദവും പരസ്പരം യാതൊരു ബന്ധവുമില്ല. സ്വലാത്ത് എന്ന പദത്തിനുഖുർആനിനു സ്വന്തമായി തന്നെ ഒരു അർത്ഥവും വിശദീകരണവുമുണ്ട്. നമസ്കാരം എന്ന പദവും "അഖാമ അ-സ്സ്വലാത്ത" എന്ന പദവും വ്യത്യസ്ഥങ്ങളായ രണ്ടു ധാരണകളാണു നമുക്കു വ്യക്തമാക്കി തരുന്നത്. ഇവ തമ്മിൽ യാതൊരു ബന്ധവുമില്ല.എന്നാൽ സാധാരണ മുസ്ലിംകൾ ഈ പദത്തെ വേറിട്ടല്ല മനസ്സിലാക്കിയിട്ടുള്ളത്.കാരണം ഖുർആൻ പരിഭാഷകളുടെ ഏതൊരു പേജ് മറിച്ചു നോക്കിയാലും നാം കാണുന്നത് സ്വലാത്ത് എന്നതിന് നമസ്കാരം എന്നും ,"അഖാമ അ- സ്സ്വലാത്ത" എന്നതിനു നമസ്കാരം മുറപ്രകാരം നിർവ്വഹിക്കുക എന്നുമുള്ള  അർത്ഥം നൽകിയതായിട്ടാണ്. ഖുർആൻ ഏറ്റവും വലിയ ദൗത്യമായി പറഞ്ഞ ഒരു കർത്തവ്യം അതിന്റെ ആശയവും കർമ്മങ്ങളും അത് വിശദീകരിച്ചിട്ടില്ല എന്നാണോ ഇവർ പറയുന്നത്?ഖുർആൻ എല്ലാം വിശദീകരിച്ചിട്ടുണ്ട് (തിബ് യാനൻ ലി കുല്ലി ശൈഇൻ) എന്നു സ്വയം അവകാശപ്പെടുകയും ചെയ്യുന്നുമുണ്ട്.പക്ഷെ നമസ്കാരം ഒന്നും വിശദമാക്കിയിട്ടില്ല എന്ന് ഇവർ വാദിക്കുകയും ചെയ്യുന്ന നാം ഏത് വിശ്വസിക്കണം?

മുകളിൽ പറഞ്ഞതിൽ  നിന്നും രണ്ടു കാര്യങ്ങളാണ് നമുക്കു മനസ്സിലാകുന്നത്.

1)മനുഷ്യൻ ഒന്നും അവതരിപ്പിക്കാതെ തന്നെ ഖുർആൻ സ്വയം വിശദീകരിക്കുന്ന ഗ്രന്ഥമാണ്.

2)ഖുർആൻ സ്വയം വിശദീകരിക്കുന്നില്ല.മനുഷ്യന്റെ വിശദീകരണം അത്യാവശ്യമാണ്.

ഇവിടെ ഖുർആനിനെ ആശ്രയിക്കുന്ന ഒരു വ്യക്തിക്ക് രണ്ടാമത്തെ അഭിപ്രായം ഒരിക്കലും സ്വീകരിക്കാൻ കഴിയില്ല.അവർ ഒന്നാമത്തെ അഭിപ്രായത്തിലാണ്എത്തിച്ചേരുക.അപ്പോൾ ചോദിക്കുക അങ്ങിനെയെങ്കിൽ നമസ്കാര രൂപം എങ്ങിനെ നമുക്കു ലഭിക്കും എന്നായിരിക്കും,ഖുർആൻ സമ്പൂർണ്ണമാണെന്നു വിശ്വസിക്കുന്ന ഒരാൾക്കു അതിനു മറുപടി പറയാൻ പ്രയാസമാണ്.കാരണം പാരമ്പര്യമായി നാം അനുഷ്ടിച്ചു പോരുന്ന നമസ്കാരം ഖുർആൻ കൊണ്ടു വിശദീകരിക്കുക സാധ്യമല്ല. ഒന്നു കൂടി വ്യക്തമായി പറഞ്ഞാൽ നമസ്കാരം എങ്ങിനെ തുടങ്ങണം?എങ്ങിനെ ആളുകളെ ക്ഷണിക്കണം,ഏതു പദങ്ങളാണ് വിളിക്കാൻ ഉപയോഗിക്കുക, എന്തെല്ലാം ശാരീരിക പ്രകടനങ്ങളാണ് അതിൽ നാം ചെയ്യേണ്ടത്, നിർത്തത്തിൽ എന്തു ചൊല്ലണം, ഇരിക്കേണ്ടതെങ്ങിനെ,സുജൂദും റുകൂഉം എങ്ങിനെ?,എങ്ങിനെ  ഇത് അവസാനിപ്പിക്കണം

,ദിവസത്തിൽ എത്ര പ്രാവശ്യം ചെയ്യണം ഇങ്ങിനെ ഒരുപാട് ചോദ്യങ്ങൾ.

അപ്പോൾ സത്യവും,യാഥാർത്ഥ്യവുമായ ഒരാശയത്തിന്റെ സ്ഥാപനമാണോ ഈ പദം കൊണ്ട് അർത്ഥമാക്കുന്നത് അതല്ല നമസ്കാരമാണോ ,അതല്ല വ്യവസ്ഥയെന്നാണോ ,ചിഹ്നങ്ങളാണോ എന്നൊക്കെ നമുക്കൊന്നു പരിശോധിക്കാം.ഒരോ പദത്തിന്റെയും അടിസ്ഥാന(root) അർത്ഥത്തിലേക്കു നാം തിരിച്ചു പോകുകയാണെങ്കിൽ നമുക്കതിന്റെ യഥാർത്ഥമായ അർത്ഥത്തിൽ നിന്നും ഒരിഞ്ചു മുന്നോട്ടു പോകാൻ കഴിയില്ല,നമസ്കാരം എന്ന ദുർവ്യാഖ്യാനം ചെയ്യപ്പെട്ട അർത്ഥം നാം നൽകുകയാണെങ്കിൽ അതിന്റെ സമയവും, റകത്തുകളുടെ എണ്ണവും സുജൂദുകളും നമുക്കു ഖുർആനിക വചനത്തിൽ നിന്നും തെളിയിക്കാൻ കഴിയണം.അല്ലെങ്കിൽ ഖുർആൻ പറഞ്ഞ സ്വലാത്ത് ഉൾക്കൊള്ളണം.

നാം ആഗ്രഹിക്കുന്ന ഒരർത്ഥത്തെ സ്വീകരിക്കുക എന്ന ലക്ഷ്യം മാറ്റിവെച്ചുകൊണ്ട് ഖുർആനിക വചനങ്ങളെ തുറന്ന മനസ്സോടെ പഠിക്കാൻ നാം ശ്രമിക്കണം. സ്വലാത്ത് എന്ന പദത്തിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കുകയും ആ പദം വന്ന സന്ദർഭങ്ങൾ നാം സൂക്ഷ്മ പഠനം നടത്തുകയും ചെയ്താൽ സ്വലാത്ത് എന്നതിന്റെ യഥാർത്ഥഅർത്ഥമെന്താണെന്നു നമുക്കു മനസ്സിലാക്കാം,.

കൂടുതലായി സ്വലാത്തിനെക്കുറിച്ച നാം വിശദീകരിക്കുന്നതിനു മുമ്പായി,1997 നവമ്പർ 19-25 ൽ "അഖാമത്തെ സ്വലാത്ത്" എന്ന തലക്കെട്ടിൽ പാക്കിസ്ഥാനിലെ അഹ്ലുൽ ഹദീസുകാരുടെ ഒരു പത്രത്തിൽ പ്രസിദ്ധീകരിച്ച വിശദീകരണത്തിൽ നിന്നും അല്പമൊന്നു നോക്കാം

-------------------------------------------------------------------------------------------.

"ഖുർആൻ നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന സാമൂഹിക നിർദ്ദേശങ്ങളുടെയും ഇസ്ലാമിക അച്ചടക്കത്തിന്റെയും അടിസ്ഥാന കാര്യങ്ങളാണ് സ്വലാത്ത് കൊണ്ടു ഉദ്ദേശിക്കുന്നത്.ഖുർആൻ "ഇഖാമത്ത് അ-സ്സ്വലാത്ത്" എന്താണെന്നു വിശദീകരിക്കുന്നു.

സ്വലാത്ത് എന്ന പദത്തിന്റെ മൂല അക്ഷരങ്ങളാണ് ص ل و എന്നത്.അങ്ങിനെ വരുമ്പോൾ അതിന്റെ അർത്ഥം ഒരാളുടെ "കാലടികളെ പിന്തുടരുകയും മുന്നോട്ടു പോകുകയും ചെയ്യുക" എന്നാണ്.വ്യക്തമായ അറബി നിഘണ്ടുക്കളുടെ അടിസ്ഥാനത്തിൽ "അഖീമൂ അ-സ്സ്വലാത്ത" എന്ന ഖുർആനിക പദത്തിന് വ്യാഖ്യാതാക്കൾ പറഞ്ഞിട്ടുള്ളത് "ദൈവീക നിയമങ്ങളെ നിരന്തരം പിന്തുടരുക" എന്നതാണ്.ഒന്നു കൂടി വ്യക്തമായി പറഞ്ഞാൽ അല്ലാഹു "വഹ് യി"ലൂടെ നൽകിയ ദൈവീക കൽപനകളിലും നിയമങ്ങളിലും ഉറച്ചു നിൽക്കുകയും അതിനനുസരിച്ചുള്ള നിരന്തരമായ പ്രവർത്തനത്തിനുമാണ് "ഇഖാമത്തു അ-സ്സ്വലാത്ത്" എന്നു പറയുക. ഖുർആനിനുസരിച്ച് ഒരു സാമൂഹിക വ്യവസ്ഥിതിക്കു കീഴിൽ ആ ഖുർആനിന്റെ പ്രചരണവും പ്രയോഗത്തിൽ വരുത്തലുമാണ്"ഇഖാമത്തു അ-സ്സ്വലാത്ത്." അതായത് ഒരോ വ്യക്തികളെയും ഖുർആനിക മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് വളർത്തിക്കൊണ്ടു വരുന്ന പ്രക്രിയയാണ്അത്.അങ്ങിനെ ചെയ്യുന്ന വ്യക്തികൾ വ്യക്തിപരമായ നേട്ടങ്ങളോ താല്പര്യങ്ങളോ ആഗ്രഹിക്കാൻ പാടില്ല.ഇങ്ങിനെ സ്വലാത്തിനെ സ്ഥാപിക്കുക എന്ന കടമയും ലക്ഷ്യവും വിശ്വാസികൾക്ക് സാധിച്ചെടുക്കണമെങ്കിൽ " തമക്കുൻ ഫിൽ അർള്" നേടേണ്ടതുണ്ട്. എന്നു പറഞ്ഞാൽ ഒരു സ്വതന്ത്ര പ്രദേശവും ഖുർആൻ പ്രചരിപ്പിക്കാനുള്ള സ്വാതന്ത്ര്യവും ഉണ്ടായിരിക്കണം എന്നർത്ഥം.സൂറത്തുൽ ഹജ്ജിൽ അല്ലാഹു പറയുന്നു. :-

ٱلَّذِينَ إِن مَّكَّنَّٰهُمْ فِى ٱلْأَرْضِ أَقَامُوا۟ ٱلصَّلَوٰةَ وَءَاتَوُا۟ ٱلزَّكَوٰةَ
وَأَمَرُوا۟ بِٱلْمَعْرُوفِ وَنَهَوْا۟ عَنِ ٱلْمُنكَرِ ۗ وَلِلَّهِ عَٰقِبَةُ ٱلْأُمُورِ ﴿٤١﴾

"അല്ലദീന ഇൻ മക്കന്നാഹും ഫിൽ അർളി അഖാമുസ്സ്വലാത്ത വ ആതു സ്സക്കാ ത്ത വ അമറൂ ബിൽ മഅറൂഫി വ നഹൗ അനിൽ മുൻകരി വലില്ലാഹി ആഖിബത്തുൽ ഉമൂർ"

"നാം അവർക്കു ഭൂമിയിൽ സ്വാധീനം കൊടുത്താൽ കാര്യങ്ങളുടെ പ്രതിഫലനം അ

ല്ലാഹുവിനായിരിക്കെ സ്വലാത്ത് സ്ഥാപിക്കുകയും സകാത്ത് നൽകുകയും ,നല്ലത് കൽപിക്കുകയും  ചീത്ത വിരോധിക്കുകയും ചെയ്യുന്നു."

"ഇഖാമത്തു അ-സ്സ്വലാത്തും,ഈതാഉ അ-സ്സക്കാത്തും" എന്നീ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി  അവർക്കു അതിനു പറ്റിയ  സ്വാധീനമുള്ള ഒരു  പ്രദേശവും സാഹചര്യവും ഉണ്ടെങ്കിൽ അവർ അതു ചെയ്യുമെന്നാണ് അല്ലാഹു പറയുന്നത്. ഇവിടെ നമസ്കരിക്കലല്ല കാരണം നമസ്കരിക്കാൻ ഭൂമിയിൽ സ്വാധീനമോ അധികാരമോ ആവശ്യമില്ല.ഇന്നത്തെ സ്വലാത്ത് തികച്ചും വ്യക്തിപരമാണ് .അതു ഒരു വ്യക്തി ഒറ്റക്കാണെങ്കിലും സ്വാധീനമില്ലെങ്കിലും ചെയ്യാം. അതുപോലെ രണ്ടര ശതമാനം സകാത്തു കൊടുക്കലുമല്ല ഉദ്ദേശം. ഇത്തരം കടമകളൊക്കെ ഏതു സർക്കാറിന്റെ കീഴിലും  അല്ലെങ്കിൽ ഏതു പ്രദേശത്തും ചെയ്യാവുന്നതേയുള്ളൂ.പക്ഷെ ഖുർആൻ പറഞ്ഞ ഇഖാത്ത് അസ്സ്വലാത്തും ഈതാഉസ്സകാത്തും ഖുർആനിലൂടെ അറിയപ്പെട്ട നന്മ കല്പിക്കണമെങ്കിലും തിന്മ വിരോധിക്കണമെങ്കിലും അതു ചെയ്യാനുള്ള സ്വാധീനം വേണം. സൂറത്തു അശ്ശൂറയിൽ ഒരു ഇസ്ലാമിക(സമാധാന) പ്രദേശത്തെക്കുറിച്ചു പറയുന്നു

وَٱلَّذِينَ ٱسْتَجَابُوا۟ لِرَبِّهِمْ وَأَقَامُوا۟ ٱلصَّلَوٰةَ وَأَمْرُهُمْ شُورَىٰ بَيْنَهُمْ وَمِمَّا رَزَقْنَٰهُمْ يُنفِقُونَ ﴿٣٨﴾

"

വല്ലദീന ഇസ്തജാബൂ ലി റബ്ബിഹിം വ അഖാമു അ-സ്സ്വലാത്ത വ അംറുഹും ശൂറാ ബൈനഹും വമിമ്മാ റസഖ്നാഹും യുൻഫിഖൂൻ"

ഇവിടെ അഖാമ അ-സ്സ്വലാത്ത എന്നത് പറഞ്ഞിരിക്കുന്നത് രാജ്യത്തിന്റെ ഗുണത്തിനു വേണ്ടിയുള്ള കാര്യങ്ങൾ ചെയ്യേണ്ടത് പരസ്പര ചർച്ചയിലൂടെയായിരിക്കണം എന്നു പറയുന്നതിന്റെ കൂടെയാണ്.അതിനർത്ഥം പരസ്പര ഉപദേശത്തിലൂടെയും ചർച്ചയിലൂടെയും മുന്നോട്ടുപോകുന്ന ഒരു രാജ്യത്തിലെ വ്യക്തികളുടെ ദൈവീക  കൽപനകൾക്കനുസരിച്ചുള്ള അച്ചടക്കത്തെക്കുറിച്ചാണ് ഇവിടെ ഇഖാമത്തു സ്സ്വലാത്തുക്കൊണ്ടു ഉദ്ദേശിക്കുന്നത്.

സൂറത്തുൽ അഅറാഫിലെ ഒരു പ്രസ്താവന നോക്കു:

وَٱلَّذِينَ يُمَسِّكُونَ بِٱلْكِتَٰبِ وَأَقَامُوا۟ ٱلصَّلَوٰةَ إِنَّا لَا نُضِيعُ أَجْرَ ٱلْمُصْلِحِينَ ﴿١٧٠﴾

"വല്ലദീന യുമസ്സിക്കുന ബിൽ കിതാബി വ അഖാമൂ അസ്സ്വലാത്ത ......"

"അല്ലാഹുവിന്റെ ഗ്രന്ഥം മുറുകെ പിടിക്കുകയും അഖാമ അ-സ്സ്വലാത്ത എന്ന തങ്ങളുടെ ജോലി നിർവ്വഹിക്കുകയും ചെയ്യുന്നവരുടെ........"

ഇസ്ലാമികമായ അച്ചടക്കം എന്നതുകൊണ്ട് യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നത് ദൈവീക ഗ്രന്ഥത്തിലെ സിദ്ധാന്തങ്ങളുടെ പ്രാവർത്തിക രൂപമാണ്."സ്വല്ലാ " എന്ന പദത്തിന്റെ വിപരീതമായിട്ടാണ് "തവല്ലാ" എന്ന പദം ഖുർആനിൽ ഉപയോഗിച്ചിട്ടുള്ളത്.(അധ്യായം 75 വചനം30-31)"തവല്ലാ" എന്നു പറഞ്ഞാൽ ശരിയായ മാർഗ്ഗത്തിൽ നിന്നും പിന്തിരിഞ്ഞു പോകുക, വെറുപ്പു കാണിക്കുക, മുഖംതിരിക്കുക എന്നൊക്കെയാണ്."സ്വല്ലാ 'എന്നു പറഞ്ഞാൽ ദൈവീ നിർദ്ദേശങ്ങൾക്കനുസരിച്ചു ശരിയായ പാതയിലൂടെ പോകുക,ദൈവീക വ്യവസ്ഥിതിക്കനുസരിച്ച് നിരന്തരമായി പ്രവർത്തിക്കുക ആ ജോലികൾ ജീവിതത്തിലെ ഓരോ മേഖലയിലും ഉൾക്കൊള്ളുക എന്നൊക്കെയാണ് അർത്ഥം.""

---------------------------------------------------------------------------------------

ഇവിടെ സ്വലാത്ത് എന്ന പദത്തെ നമസ്കാരമെന്നു പറഞ്ഞു ദുർവ്യഖ്യാനമാണെന്നു മനസ്സിലായി.സ്വലാത്തിനു സമാനമായി ഒരിക്കലും നമസ്കാരത്തെ സ്വീകരിക്കാൻ കഴിയില്ല.അറബി നിഘണ്ടുക്കളിലും ഗവേഷകരായ പണ്ഡിതരുടയും അഭിപ്രായത്തിലും ഈ അർത്ഥം രൂപപ്പെട്ടിട്ടുള്ളത് അതിന്റെ മൂല (ص ل و) ധാതുവിൽ നിന്നാണ് എന്നാണ്. അതായത് എന്തെങ്കിലും "ഒന്നിനെ പിന്തുടരുക" .എന്ന അർത്ഥമാണ് ഇതിനുള്ളത്. ഒരു കുതിരപ്പന്തയത്തിൽ മുന്നിലോടുന്ന കുതിരക്ക് സാബിഖ് എന്നും അതിന്റെ പിറകെ പിന്തുടരുന്ന കുതിരക്ക് മുസല്ലീ എന്നും അർത്ഥം വന്നത് ഈ പിന്തുടരുക എന്ന അർത്ഥത്തിൽ നിന്നാണ് . മറ്റൊരു കാര്യം സ്വലാത്തിനെ നമസ്കാരം എന്ന അർത്ഥത്തിൽ നാം മനസ്സിലാക്കിയാൽ അതിന്റെ പ്രാവർത്തിക രൂപം തെളിയിക്കാൻ പറ്റുമോ ഇല്ലയോ എന്നതാണ്.

ഈ പുസ്തകത്തിൽ വ്യത്യസ്ഥ വിഷയങ്ങളിലായി നാം സ്വലാത്തിനെക്കുറിച്ചു ചർച്ച ചെയ്യുന്നുണ്ട്.ആദ്യമായി സ്വലാത്ത് എന്ന പദം വന്ന ആയത്തുകൾ ചർച്ചക്ക് പരിഗണിക്കുന്നു.ഇതിൽ സ്വലാത്തിനു നമസ്കാരമെന്ന അർത്ഥം നൽകൽ അസാധ്യമാണെന്നു തെളിയിക്കുന്നു.പിന്നീട് അസ്സ്വലാത്ത് എന്ന പദം എവിടെ നിന്നാണ് വന്നതെന്നു ചർച്ച ചെയ്യുന്നു. മൂന്നാമതായി പ്രവാചകന്മാരുടെയും ദൂതന്മാരുടെയും സ്വലാത്ത് ചർച്ച ചെയ്യുന്നു അവസാനമായി ഖുർആനിലെ മുഅമിനുകളുടെ സ്വലാത്ത് കണ്ടെത്തുന്നു .തുടർന്നു അവിശ്വാസികളുടെയും നിഷേധികളുടെയും സ്വലാത്ത് താരതമ്യം ചെയ്യുന്നു.

## പക്വതയാർന്ന വാദങ്ങൾ

ആദ്യമായി നമുക്ക ദൈവീക കൽപനകളുടെയും മൂല്ല്യങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു സമൂഹത്തെ രൂപപ്പെടുത്തിയെടുക്കാൻ വേണ്ടി ചെയ്യുന്ന കൂട്ടായ പ്രവർത്തനം എന്ന അർത്ഥത്തിന് എവിടെയൊക്കെയാണ് ഖുർആനിൽ സ്വലാത്ത് എന്ന പദം വന്നിട്ടുള്ളത് എന്നു പരിശോധിക്കാം.അത്തരം സ്ഥലങ്ങളിൽ നമസ്കാരം എന്ന അർത്ഥം നൽകാൻ നമുക്ക് ഒരിക്കലും സാധ്യവുമല്ല.

ആദ്യമായി അഹ് ലുൽ ഹദീസുകാർ എഴുതിയ ലേഖനത്തിൽ ഉദ്ധരിച്ച വചനം തന്നെ പരിശോധിക്കാം.അല്ലാഹു പറയുന്നു:-

ٱلَّذِينَ إِن مَّكَّنَّٰهُمۡ فِي ٱلۡأَرۡضِ أَقَامُواْ ٱلصَّلَوٰةَ وَءَاتَوُاْ ٱلزَّكَوٰةَ
وَأَمَرُواْ بِٱلۡمَعۡرُوفِ وَنَهَوۡاْ عَنِ ٱلۡمُنكَرِۗ وَلِلَّهِ عَٰقِبَةُ ٱلۡأُمُورِ ﴿٤١﴾

"അല്ലദീന ഇൻ മക്കന്നാഹും ഫിൽ അർളി അഖാമൂ അ-സ്സ്വലാത്ത വ ആത്തു അ-സ്സക്കാത്ത വ അമറൂ ബിൽ മഅ്റൂ ഫി വനഹൗ അനിൽ മുൻകരി വലില്ലാഹി അഖിബത്തുൽ ഉമൂർ"

"ഈ ജനങ്ങൾ, അവർക്ക് നാം ഭൂമിയിൽ സ്വാധീനം നൽകിയാൽ അവർ സ്വലാത്ത് സ്ഥാപിക്കുകയും സകാത്ത് നൽകുകയും ചെയ്യും."അംറുൻ ബിൽ മഅ്റൂഫിവ നഹിയുൻ അനിൽ മുൻകരി" എന്നതും അവർ ചെയ്യും.ദൈവീകമായ നിയമങ്ങൾക്കനുസരിച്ചാണ് പ്രവർത്തനങ്ങളുടെ ഫലം ഉണ്ടാകുന്നത്.(സൂറത്തുൽ ഹജ്ജ് വചനം 41)

ഈ വചനത്തിലെ "അഖാമ അ-സ്സ്വലാത്ത" എന്ന പ്രവർത്തി ചെയ്യാൻ സ്വാധീനം വരിക എന്ന നിബന്ധന വെച്ചതായി നാം കാണുന്നു.അല്ലാഹു പറയുന്നത് മുഅമിനുകൾ അവർക്ക് ഒരു പ്രദേശത്തിന്റെ സ്വതന്ത്ര അധികാരം കിട്ടിയാൽ അവർ സ്വലാത്ത് സ്ഥാപിക്കുമെന്നാണ്.എന്നാൽ ഇവിടെ നമസ്കാരം എന്ന് സ്വലാത്തിനു അർത്ഥം നൽകിയാൽ അതു ചെയ്യണമെങ്കിൽ നമുക്ക സ്വന്തമായി പരമാധികാരം വേണമെന്നില്ല.ഇവിടെ സൂക്ഷ്മ പരിശോധന നടത്തുകയാണെങ്കിൽ ഇവിടെ സ്വലാത്തുകൊണ്ട് നമസ്കാരം എന്നല്ല അർത്ഥമെന്നുള്ളത് മനസ്സിലാകും.ഒരു പ്രദേശത്ത് സ്വാധീനം വേണ്ട ഇന്നത്തെ നമസ്കാരത്തിന് .ഒരു വടി മുന്നിൽ കുത്താനുള്ള സ്ഥലമുണ്ടെങ്കിലും ഇന്നത്തെ നമസ്കാരം നിർവ്വഹിക്കാം മാത്രമല്ല അതു വ്യക്തിപരമാണു താനും.

ഇവിടെ നമ്മുടെ ഒരു ചെറിയ ശ്രദ്ധ പ്രവർത്തിച്ചാൽ തന്നെ സ്വലാത്തുകൊണ്ട് ദൈവീക കൽപനകളാണെന്നുള്ളത് തെളിയും.കാരണം ദൈവീക കൽപനകൾ നടപ്പാക്കാൻ നമുക്ക സ്വാധീനമുള്ള പ്രദേശം തന്നെ വേണ്ടേ?ഒരു അമുസ്ലിം രാജ്യത്ത് ദൈവീക കൽപനകൾ നടപ്പിലാക്കാൻ കഴിയില്ലല്ലോ?വേണ്ട ഒരു മുസ്ലിം രാജ്യത്തുപോ

ല്യം ഖുർആനിക വ്യവസ്ഥിതി നടപ്പാക്കാനോ,കൽപിക്കാനോ വിരോധിക്കാനോ കഴിയില്ല. അതു പറയാനും വിലക്കാനും കൽപിക്കാനും നമുക്കു സ്വാധീനമുള്ള പ്രദേശമായിരിക്കണം . എന്നാൽ ഇത്തരം രാജ്യങ്ങളിൽ ഇന്നത്തെ നമസ്കാരം നമസ്കരിക്കാൻ ഒരു നിലക്കുള്ള തടസ്സങ്ങളും ഇല്ല. ഒരു ഇസ്ലാമിക(സമാധാന) പ്രദേശം സ്വതന്ത്രമായി കിട്ടിയാൽ നമുക്കു അവിടെ ദൈവീക കൽപനകൾ സ്ഥാപിക്കുവാൻ കഴിയും.

എന്നാൽ അധികാരമില്ലെങ്കിലും ഏതു പ്രദേശത്തും ഇന്നത്തെ നമസ്കാരം നമസ്കരിക്കാൻ കഴിയും.പള്ളികൾ വരെ നിർമ്മിക്കാം.നമസ്കരിക്കാൻ ഒരു ഇസ്ലാമിക സർക്കാറിന്റെയോ രാജ്യത്തിന്റെയോ ആവശ്യമില്ല.ഇസ്ലാമികം എന്നു പറഞ്ഞതുകൊണ്ടു സമാധാനത്തിന്റെ വ്യവസ്ഥിതിയാണ് എന്നു നാം മനസ്സിലാക്കണം . അല്ലാതെ ഇന്നു ചിലർ പറയുന്നതുപോലെയുള്ള ഒരു ഇസ്ലാമിക രാജ്യമല്ല .അപ്പോൾ ഈ വചനത്തിൽ ഒരിക്കലും നമസ്കാരം നിർവ്വഹിക്കുക എന്ന അർത്ഥം "അഖാമ അ-സ്സ്വലാ ത്ത" എന്ന വാക്കിനു നൽകാൻ കഴിയില്ല.

ഇനി നമുക്ക് മറ്റൊരു വചനം പരിശോധിക്കാം.അഹ് ലുൽ കിതാബുകാരെക്കുറിച്ചു (വേദക്കാർ)ഉള്ള ഒരു ദൈവീക വിധിയാണ് ഇവിടെ പറയുന്നത്.

لَّـٰكِنِ ٱلرَّٰسِخُونَ فِى ٱلْعِلْمِ مِنْهُمْ وَٱلْمُؤْمِنُونَ يُؤْمِنُونَ بِمَآ أُنزِلَ إِلَيْكَ وَمَآ أُنزِلَ مِن قَبْلِكَ ۚ وَٱلْمُقِيمِينَ ٱلصَّلَوٰةَ ۚ وَٱلْمُؤْتُونَ ٱلزَّكَوٰةَ وَٱلْمُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ أُو۟لَـٰٓئِكَ سَنُؤْتِيهِمْ أَجْرًا عَظِيمًا ﴿١٦٢﴾

“ലാകിനിർറാസിഖൂന ഫിൽ ഇൽമി മിൻഹും വൽമുഅമിനൂന യുഅമിനൂന ബിമാഉൻസില ഇലൈക്ക വമാ ഉൻസില മിൻഖബ് ലിക്ക വൽ മുഖീമീന അ-സ്സ്വലാത്തവൽ മുഅതൂന സ്സകാത്ത വൽമുഅമിനൂന ബില്ലാഹി വൽയൗമിൽ ആഖിരി ഉലാഇക്ക സനുഅതീഹിം അജ്റൻ അളീം
"

“പക്ഷെ ആ വേദക്കാരിലെ വിജ്ഞാനത്തിൽ അടിയുറച്ചവരും,അതുപോലെ മുഅ മിനുകളും നിനക്കിറക്കപ്പെട്ടതിലും നിനക്കു മുമ്പുള്ളവർക്ക് ഇറക്കപ്പെട്ടതിലും വിശ്വസിക്കുകയും സ്വലാത്ത് സ്ഥാപിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്നു. അവർ അല്ലാഹുവിലും അവസാന നാളിലും വിശ്വസിക്കുന്നവരുമാണ്.അവർക്ക് നാം മഹത്തായ പ്രതിഫലം നൽകുന്നതാണ്.(4:162)

ഈ വചനത്തിൽ നിന്നും നമുക്കു ഉരുത്തിരിഞ്ഞു കിട്ടുന്ന കാര്യങ്ങൾ :-

1. സാധാരണ, ജൂദരും ക്രിസ്ത്യാനികളുമെന്നു അറിയപ്പെടുന്ന അഹ് ലുകിതാബ് (വേദക്കാർ)കാരിൽ ദൈവീക മാർഗ്ഗ നിർദ്ദേശങ്ങളെക്കുറിച്ചുള്ള നല്ല ജ്ഞാനമുള്ളവരുണ്ട്.
2. അവർ നന്മയുടെയും സമാധാനത്തിന്റെയും ആളുകളായ മുഅമിനുകളെപ്പോ

ലെയാണ്.

3. അവർ മുഅമിനുകളെപ്പോലെ സ്വലാത്ത് സ്ഥാപിക്കുന്നവരും സകാത്ത് നൽകുന്നവരുമാണ്.
4. അല്ലാഹുവിലും പ്രതിഫല നാളിലും വിശ്വസിക്കുന്നു.

ഇവിടെ ഒരു ചോദ്യം ഉയർന്നു വരുന്നു. അതായത് വേദക്കാരിലെ ആരാണ് ഈ പാരമ്പര്യ നമസ്കാരം നിർവ്വഹിക്കുന്നവർ.?നാം ഒരിക്കലും വേദക്കാരിൽ ഈ നമസ്കാരം നിർവ്വഹിക്കുന്നവരെ കണ്ടിട്ടില്ല.പക്ഷെ ഖുർആൻ വേദക്കാരിൽ സ്വലാത്ത് സ്ഥാപിക്കുന്നവരുണ്ടെന്നും അവകാശപ്പെടുന്നു. ഈ അവകാശ വാദം നമുക്കു ഒരു കാര്യം മനസ്സിലാക്കി തരുന്നു.അതായത് ഈ രണ്ടു കൂട്ടരിലും ഒരേപോലെ സ്വലാത്ത് സ്ഥാപിക്കുന്നവരുണ്ടെന്ന സത്യം.അപ്പോൾ ഈ സ്വലാത്തിനെ ,നമസ്കാരം എന്ന അർത്ഥത്തിലെടുത്താൽ നമ്മെപ്പോലെ നമസ്കരിക്കുന്നവരല്ലല്ലോ .അവർ ദൈവത്തോടുള്ള ആരാധന അവരുടേതായ രൂപത്തിൽ നിർവ്വഹിക്കുന്നവരാണവർ.അവർ മുസ്ലിംകളുടേതിൽ നിന്നും വ്യത്യസ്ഥമായ ആരാധനാ രൂപംസ്വീകരിച്ചവരാണെന്നു മാത്രമല്ല അവർക്കു അവരുടേതായ ആരാധനാ ക്രമങ്ങളുമാണ് ഉള്ളത്.

ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ട കാര്യം മുഅമിനുകളെപ്പോലെ തന്നെ വേദക്കാരിലെ സാധാരണ പണ്ഡിതന്മാരും ഒരുപോലെ അംഗീകരിച്ചു ചെയ്തിരുന്ന ആ ജോലി എന്താണ്?സംശയമില്ല വേദക്കാരിലെ ജ്ഞാനികളായ ആളുകൾക്കു ദൈവീക കൽപനകളെക്കുറിച്ചുള്ള ജാഗ്രതയും ബോധവുമാണ് ഇവിടെ പറയുന്നത്.അവർക്കുള്ള അൽ-ഇൽമ്(ദൈവീക മാർഗ്ഗനിർദ്ദേശം) അതിൽ ഉറച്ചു നിൽക്കാനും അത് പ്രചരിപ്പിക്കാനും പ്രേരിപ്പിച്ചിരുന്നു എന്നു സാരം.അല്ലാതെ നമ്മുടെ ഇന്നത്തെ നമസ്കാരം അവരും നിർവ്വഹിക്കാൻ വന്നിരുന്നു എന്നല്ല .

മുകളിലെ വചനങ്ങളുടെ ചർച്ചയിൽ നിന്നും ഉരുത്തിരിഞ്ഞ കാര്യങ്ങൾ;-

1. സ്വലാത്ത് ഒരു സ്വതന്ത്ര പ്രദേശത്ത് നിർവ്വഹിക്കാൻ പറ്റിയ കാര്യമാണ്. എന്നാൽ ഇന്നത്തെ നമസ്കാരം ഒരു വീട്ടിലാണെങ്കിലും നിർവ്വഹിക്കാം.
2. വേദക്കാരിലെ അറിവുള്ളവരും സ്വലാത്ത് സ്ഥാപിച്ചിരുന്നു.എന്നാൽ വേദക്കാരിലെ ഒരു വിഭാഗവും നമസ്കാരം നിർവ്വഹിക്കുന്നവരായി ഇല്ല.

ഇനി നമുക്ക് സൂറത്തുന്നിസാഇലെ 43-◌ാം വചനം ചർച്ച ചെയ്യാം.ഈ വചനത്തെ ഒരു മിനുട്ടു നേരം ഒന്നു പരിശോധിക്കുന്ന ആർക്കും മനസ്സിലാകും ഖുർആനിലെ സ്വലാത്ത് എന്ന പദം കൊണ്ട് നമസ്കാരമല്ല ഉദ്ദേശിക്കുന്നത് എന്ന്.അല്ലാഹു പറയുന്നു.:-

يَاأَيُّهَا الَّذِينَ ءَامَنُوا لا تَقْرَبُوا الصَّلوةَ وَأَنْتُمْ سُكَارَى حَتَّى تَعْلَمُوا مَا تَقُولُون

“യാ അയ്യുഹല്ലദീന ആമനൂ ലാ തഖ്റബൂ അ-സ്സ്വലാത്ത വ അൻതും സുകാറാ ഹത്താ തഅലമൂ മാ തഖൂലൂന"

“ ഓ വിശ്വാസികളെ നിങ്ങൾ ലഹരിയുള്ളവരായിക്കൊണ്ട് സ്വലാത്തിനെ സമീപി ക്കരുത്. അതായത് നിങ്ങൾ പറയുന്നതെന്നാണെന്ന വ്യക്തമാകുന്നതുവരെ"

ഈ വചനത്തിൽ അല്ലാഹു കൽപിക്കുന്നത് നിങ്ങൾ പറയുന്നത് എന്താണെന്നറി യാത്ത നിലക്കുള്ള മനസ്സിന്റെ ബോധമില്ലാത്ത അവസ്ഥയിൽ സ്വലാത്തിനെനിങ്ങൾ സമീപിക്കരുത് എന്നാണ്.ഇവിടെ '"തഖൂലൂന" എന്ന അറബി പദം സംസാരം എന്ന അർത്ഥത്തിനാണ് ഉപയോഗിക്കുക.എന്നാൽ നമസ്കാരത്തിൽ സംസാരിക്കാൻ അ നുവാദവും ഇല്ലല്ലോ?.അതുപോലെ ഒരു ആരാധിക്കുന്നവൻ ഒന്നുകിൽ ഖുർആനിക വചനങ്ങൾ ഉരുവിടുകയോ,അല്ലെങ്കിൽ ഇമാമ് ഓതുന്നത് ശ്രദ്ധിച്ചിരിക്കുകയോ ആ ണ് ചെയ്യേണ്ടത്.പറയാനും സംസാരിക്കാനും അനുവദിക്കുന്ന ഏതു തരത്തിലുള്ള നമസ്കാരമാണിവിടെ പറയുന്നത്?ഇന്നു നാം ചെയ്യുന്ന നമസ്കാരത്തിൽ ഖുർആനിക വചനങ്ങളുടെ പാരായണമാണല്ലോ നടക്കുന്നത്.

ഖുർആനിലെ ഒരു വാക്കിന്റെ പോലും വായനക്ക് ഒന്നുകിൽ "തഖ്റഊന"(تَقْرءون) അല്ലെങ്കിൽ "തത് ലൂന"(تَتْلُونَ) എന്നാണ് പറയുക.സാധാരണ ഒരു വിശ്വാസിയെ സംബന്ധിച്ചാണെങ്കിൽ അയാൾക്ക് കേൾക്കാനും മനസ്സിലാക്കാനും കഴിയുന്നവരെ എന്ന അർത്ഥത്തിലെടുത്താൽ "തസ്മഊന"(تسْمَعُونَ)എന്നാണ് പറയുക.അപ്പോൾ ഇന്നത്തെ നമസ്കാരത്തിലെ കാര്യങ്ങളാണെങ്കിൽ,ഹത്താ തഅലമൂ മാ തഖഅറഊന എന്നോ, മാ തത് ലൂന എന്നോ, മാ തഹ് മദൂന എന്നോ, മാ തുസബ്ബിഹൂന എന്നോ മാ തുസല്ലിമൂന എന്നോ ഒക്കെയാണ് പറയുക തഖൂലൂന എന്നല്ല .

ഇവിടെ ഏതു നിലക്കുള്ള ദുർവ്യഖ്യാനങ്ങൾ നടത്തിയാലും സ്വലാത്ത് എന്ന പദ ത്തിനു നമസ്കാരം എന്ന അർത്ഥം ലഭിക്കില്ല.അങ്ങിനെ പറയുകയയാണെങ്കിൽ നമ സ്കാരത്തിൽ സംസാരിക്കാൻ അനുവാദം നൽകേണ്ടി വരും.

മറ്റൊരു കാര്യം "സുകാറാ"എന്ന പദത്തിനു "മദ്യലഹരി "എന്ന വിവർത്തനം ചെ യ്യാൻ കഴിയില്ല എന്നതാണ്.കാരണം മദ്യം കുടിക്കുക എന്നത് നിരോധിക്കപ്പെട്ടു ക ഴിഞ്ഞ കാര്യമാണ്.ഒരാൾ ദൈവീക വചനത്തിൽ ഉറച്ചു നിൽക്കുന്നവനാണെങ്കിൽ അവനു കുടിക്കേണ്ട കാരണമില്ല.അപ്പോൾ തീർച്ചയായും ഇവിടെ ജ്ഞാനത്തിന്റെ അഭാവം കൊണ്ടുണ്ടാകുന്ന അബോധാവസ്ഥയാണ് ഉദ്ദേശിക്കുന്നത്.അജ്ഞതയോ അറിവില്ലായ്മയോ ആണ് സ്വലാത്തിനോട് സമീപിക്കുന്നതിൽ നിന്നും അവനെ തടഞ്ഞിരിക്കുന്നത്.സ്വലാത്ത് എന്ന ദൗത്യത്തിനു ഇറങ്ങുമ്പോൾ താൻ പറയുന്നതെ ന്താണ് എന്ന് അറിയാവുന്ന ഒരു സ്ഥാനം നേടാൻ കഴിയണം. ഇതിനോടു സമാന

മായ ഒരു വചനമാണ് സൂറത്തു ബനീ ഇസ്രായീലിൽ 110-ാം വചനത്തിൽ അല്ലാഹു പറയുന്നത് . നബിയോടു അല്ലാഹു കൽപിക്കുന്നു.:

قُلِ ٱدْعُوا۟ ٱللَّهَ أَوِ ٱدْعُوا۟ ٱلرَّحْمَٰنَ ۖ أَيًّا مَّا تَدْعُوا۟ فَلَهُ ٱلْأَسْمَآءُ ٱلْحُسْنَىٰ ۚ وَلَا تَجْهَرْ بِصَلَاتِكَ وَلَا تُخَافِتْ بِهَا وَٱبْتَغِ بَيْنَ ذَٰلِكَ سَبِيلًا ﴿١١٠﴾

"വലാ തജ്ഹർ ബി സ്വലാതിക്ക വലാ തുഗാഫിത് ബിഹാ വബ്തഗി ബൈന ദാലിക സബീലാ"

"നീ നിന്റെ സ്വലാത്തിനെ ഉറക്കെയുമാക്കരുത്,താഴ്മയോടുകൂടിയുമാക്കരുത്. അതിന്റെ മധ്യത്തിലുള്ള ഒരു രീതി നീ സ്വീകരിക്കുക"

ഇവിടെ പ്രവാചകനോട് അദ്ദേഹത്തിന്റെ സ്വലാത്ത് ഉച്ചത്തിലും പതുക്കെയുമാക്കരു തെന്നാണ് അല്ലാഹു കൽപിച്ചത്. അതിന്റെ മധ്യനിലക്കുള്ള ഒരു മാതൃക അഥവാ മാർഗ്ഗം സ്വീകരിക്കാനാണ് അല്ലാഹു കൽപിച്ചത്.ഈ കൽപന വെച്ച് ഇന്നു നിലവി ലുള്ള വിവിധ സമയങ്ങളിലെ നമസ്കാരങ്ങൾ നമുക്കൊന്നു പരിശോധിക്കാം".ഫജ്റും, മഗ് രിബും,ഇശാഉം" ഉറക്കെയും,"ളുഹറും" അസ്വറും" പതുക്കെയുമാണ് ഇപ്പോൾചെയ് തുകൊണ്ടിരിക്കുന്നത്.അതായത് സ്വലാത്തിനു നമസ്കാരം എന്ന അർത്ഥം എടുത്താ ൽ മുഹമ്മദു നബി അല്ലാഹുവിന്റെ കൽപനയുടെ വ്യക്തമായ ലംഘനമാണ്നടത്തിയി രിക്കുന്നത് എന്നാവും വരിക.അതുണ്ടാവില്ലല്ലോ?അതുകൊണ്ടു ഇവിടെ സ്വലാത്തിനു നമസ്കാരം എന്ന അർത്ഥം നൽകാൻ കഴിയില്ല സ്വലാത്ത് ഉച്ചത്തിലോ പതുക്കയെ ആക്കാൻ പാടില്ല അങ്ങിനെയായാൽ അത് ദൈവീക കൽപനയുടെ ലംഘനമായിരി ക്കും.ഇപ്പോഴുള്ള നമസ്കാരം ഒന്നുകിൽ പതുക്കെയോ അല്ലെങ്കിൽ ഉറക്കെയോ ആണ ല്ലോ?

ഇനി നമുക്ക് സൂറത്ത് അൽ-അൻകബൂത്തിലെ 45-ാം വചനം ഒന്നു പരിശോധിക്കാം .ദൈവീകമായ വിളംബരമാണ് ഈ വചനത്തിൽ അടങ്ങിയിട്ടുള്ളത്.:-

إِنَّ الصَّلوةَ تَنْهى عَنِ الْفَحْشَاء وَالْمُنْكَر وَلَذِكْرُ اللَّهِ أَكْبَرُ وَاللَّهُ يَعْلَمُ مَاتَصْنَعُونَ

"ഇന്ന അ-സ്സലാത്ത തൻഹാ അനിൽ ഫഹ്ശാഇ വൽമുൻകർ"
"

"തീർച്ചയായും സ്വലാത്ത് അശ്ലീങ്ങളെയും സ്വഭാവ ദൂശ്യത്തെയും ഉന്മൂലനം ചെയ്യു ന്നു"

സ്വലാത്ത് അശ്ലീങ്ങളെയും വെറുക്കപ്പെടുന്ന സ്വഭാവങ്ങളെയും ഇല്ലാതാക്കും എന്ന പ രമകാരുണികന്റെ അവകാശ വാദം ഒന്നു നോക്കൂ.അതായത് സ്വലാത്ത് എവിടെ സ്ഥാപിതമാകുന്നുവോ അവിടുത്തെ ജനങ്ങൾ ചീത്തകാര്യങ്ങളിൽ നിന്നും സ്വഭാവ ദൂശ്യങ്ങളിൽ നിന്നും മുക്തരായിരിക്കും.എന്നാൽ ഈ ലക്ഷ്യം നമസ്കാരം കൊണ്ട് പൂർ

ത്തിയായിട്ടുണ്ടോ?ഇല്ല .തീർച്ചയായും ഇല്ല. നമസ്കാരത്തിന് ആ ലക്ഷ്യം ഇന്നേവരെ സാക്ഷാൽകരിക്കാൻ സാധിച്ചിട്ടില്ല.നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്ന മുസ്ലിം രാജ്യങ്ങൾ തന്നെ ഇതിനുദാഹരണമാണ്.മഹാഭൂരിപക്ഷം നമസ്കരിക്കുന്നവരായിട്ടും തിന്മകളോ,ചീത്തകാര്യങ്ങളോ ഇന്നേവരെ അവിടെനിന്നും അപ്രത്യക്ഷമായിട്ടില്ല എന്നതാണ് സത്യം.മാത്രമല്ല അവിടുത്തെ ജനങ്ങൾ ധാരാളം തിന്മകൾക്ക് വിധേയരാകുന്നതായിട്ടാണ് നമുക്കു കാണാൻ കഴിയുന്നത്.അറബ് രാജ്യങ്ങളിൽ കഴിയുന്ന ഒരു അറബിയല്ലാത്ത മുസ്ലിമിനോട്, അറബികൾ എങ്ങിനെയാണ് നമസ്കരിക്കുന്ന മറ്റു മുസ്ലിംകളോടു പെരുമാറുന്നത് എന്നു ചോദിച്ചാൽ അയാൾ   പറഞ്ഞു തരും മൃഗത്തോടു പെറുമാറുന്നതിനേക്കാൾ മോശമായിട്ടാണ് അവരുടെ പെരുമാറ്റം എന്നുള്ളത്.മനുഷ്യാവകാശങ്ങൾക്കു പോലും ഇത്തരം രാജ്യങ്ങളിൽ ഒരു വിലയും ഇല്ല . നമസ്കരിച്ചു നന്നായ ഒരു വ്യക്തിയുടെ ഉദാഹരണം പറഞ്ഞിട്ടു കാര്യമില്ല .ഭൂരിപക്ഷത്തിനും ഈ നമസ്കാരം കൊണ്ടു ഒരു മാറ്റവും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല .

മനുഷ്യരുടെ സ്വഭാവത്തിൽ നിന്നും ചീത്ത കാര്യങ്ങളെ ഇല്ലാതാക്കാൻ സ്വലാത്തിന്റെ സ്ഥാപനത്തിലൂടെ സാധിക്കുമെന്നു അല്ലാഹു അവകാശപ്പെടുന്നു. നമസ്കാരം കൊണ്ട് ആ അവകാശവാദം നേടിയെടുക്കാൻ നമുക്കു കഴിയുന്നുമില്ല.അതുകൊണ്ടു തന്നെ തീർച്ചയായും നമുക്കു സ്വലാത്തുകൊണ്ടുള്ള ഉദ്ദേശം നമസ്കാരമാണെന്നു  പറയാൻ കഴിയില്ല.ദൈവീക കൽപനകളുടെ അടിസ്ഥാനത്തിൽ രൂപീകൃതമായ  അച്ചടക്കവും അതിന്റെ നിരന്തരമായ പിന്തുടരലുമാണ് സ്വലാത്ത്.ഇതു നടപ്പിലായ ഒരു സ്ഥലത്ത് പിന്നെ അശ്ലീങ്ങളോ ചീത്തസ്വഭാവങ്ങളോ ഉണ്ടാവില്ല എന്നുറപ്പാണ് .

മുകളിൽ നാം വിവരിച്ച കാര്യങ്ങൾ ഖുർആനിക അർത്ഥത്തിന്റെ മാറ്റിമറിക്കലോ ദുർവ്യഖ്യാനമോ അല്ല.ഭാവനയിൽ നിന്നുണ്ടായതുമല്ല.ഖുർആനിക വചനത്തിന്റെ കൂടെ മറ്റെന്തെങ്കിലും കൂട്ടിച്ചേർത്തതുമല്ല.അല്ലാഹുവിന്റെ കൽപനകളുടെ അവതരണം മാത്രമാണ് നാം ചെയ്തിട്ടുള്ളത്.

ഇത്രയും ചർച്ചകളിൽ നിന്നും അവസാനമായി നാം എത്തിപ്പെട്ട കാര്യങ്ങളുടെ രത്തചുരുക്കം:-

1. സ്വലാത്തിന്റെ സ്ഥാപനത്തിന് സ്വതന്ത്രമായ ഒരു പ്രദേശം വേണമെന്നു സൂറത്ത് അൽ-ഹജ്ജ് 41-ാം വചനത്തിൽ നിബന്ധനവെക്കുന്നു.അതുകൊണ്ടു തന്നെ ഈ വചനത്തിൽ നമസ്കാരം എന്ന അർത്ഥം സ്വലാത്തിനു ശരിയാകില്ല കാരണം നമസ്കരിക്കാൻ സ്വതന്ത്രമായ ഒരു പ്രദേശം ആവശ്യമില്ല.
2. സൂറത്തു അ-ന്നിസാഇലെ 162-ാം വചനത്തിൽ വേദക്കാരിലെ, ജ്ഞാനത്തിൽ അടിയുറച്ചവർ സ്വലാത്ത് സ്ഥാപിക്കുന്നവരാണെന്നു പറയുന്നു.എ

ന്നാൽ വേദക്കാർ ഒരിക്കലും നമ്മുടെ നമസ്കാരം നിർവ്വഹിച്ചിട്ടില്ല.ഇന്നും നി ർവ്വഹിക്കുന്നുമില്ല. അതുകൊണ്ടു ഇവിടെയും നമസ്കാരം എന്ന് സ്വലാത്തിനെ വ്യാഖ്യാനിക്കാൻ കഴിയില്ല.

3. സൂറത്തു അ-ന്നിസാ 43-ാം വചനത്തിൽ സംസാരവും പറച്ചിലുമെല്ലാം ഉൾ ക്കൊള്ളുന്ന ഒരു പ്രവർത്തനമാണ് സ്വലാത്ത് എന്നു പറയുന്നു .എന്നാൽ നമസ്കാരത്തിൽ സംസാരം അനുവദനീയവുമല്ല.അതുകൊണ്ടു തന്നെ ഇവിടെ യും സ്വലാത്ത് നമസ്കാരമല്ല.രണ്ടാമത് കള്ളുകുടി ഇസ്ലാമിൽ അനുവദനീയ മല്ല.അതുകൊണ്ടു തന്നെ "നീ നമസ്കരിക്കാൻ വരുമ്പോൾ കുടിക്കരുതെന്നു" അർത്ഥം പറയൽ ദുർവ്യഖ്യാനമാണ്.അതുകൊണ്ടു ഈ വചനത്തിലും സ്വലാത്ത് എന്ന പദത്തിന് നമസ്കാരം എന്നു വ്യഖ്യാനിക്കാൻ കഴിയില്ല.
4. സൂറത്തു ബനീ ഇസ്രായീൽ 110-ാം വചനത്തിൽ നബിയുടെ സ്വലാത്ത് ഉച്ചത്തിലും പതുക്കെയും ആക്കരുതെന്നു പറയുന്നു.അതിന്റെ മധ്യത്തിലുള്ള വഴി സ്വീകരിക്കാൻ പറയുന്നു.എന്നാൽ നമസ്കാരമാകട്ടെ അതു രണ്ടുമാണു താനും. അതുകൊണ്ട് പ്രവാചകന്റെ സ്വലാത്ത് നമസ്കാരമായി വ്യാഖ്യാനി ക്കാൻ കഴിയില്ല.
5. സ്വലാത്തിന്റെ സ്വാധീനത്തിലൂടെ അശ്ലീങ്ങളും ചീത്തസ്വഭാവങ്ങളും തുടച്ചു നീക്കലാണ് ദൈവീക ലക്ഷ്യമെന്ന് സൂറത്ത് അൽ-അൻകബൂത്ത് 45ാം വചനത്തിൽ അല്ലാഹു തറപ്പിച്ചു പറയുന്നു.എന്നാൽ നമസ്കാരം കൊണ്ട് ഈ ലക്ഷ്യത്തിലെത്താൻ ഒരിടത്തും നമുക്കു സാധിച്ചിട്ടില്ല.അതുകൊണ്ടു ഈ വ ചനത്തിലും സ്വലാത്ത് എന്ന പദം നമസ്കാരമാകാൻ തരമില്ല.

ഇനി നമുക്ക പ്രവാചകന്മാർ നിർവ്വഹിച്ചിരുന്ന സ്വലാത്ത് എന്താണെന്നു പരിശോധിക്കാം.

## പ്രവാചകനായ ഇബ്രാഹീമിന്റെ സ്വലാത്ത്

സൂറത്തു ഇബ്രാഹീമിൽ അല്ലാഹു പറയുന്നു:-

رَّبَّنَآ إِنِّىٓ أَسْكَنتُ مِن ذُرِّيَّتِى بِوَادٍ غَيْرِ ذِى زَرْعٍ عِندَ بَيْتِكَ ٱلْمُحَرَّمِ رَبَّنَا لِيُقِيمُوا۟ ٱلصَّلَوٰةَ فَٱجْعَلْ أَفْـِٔدَةً مِّنَ ٱلنَّاسِ تَهْوِىٓ إِلَيْهِمْ وَٱرْزُقْهُم مِّنَ ٱلثَّمَرَٰتِ لَعَلَّهُمْ يَشْكُرُونَ ﴿٣٧﴾

“റബ്ബനാ ഇന്നീ അസ്കൻതു മിൻ ദുര് രിയ്യത്തീ ബിവാദിൻ ഗൈറ ദീ സർഇൻ ഇൻദ ബൈത്തിക്കൽ മുഹർറം റബ്ബനാ ലി യുഖീമുസ്സ്വലാത്ത ഫജ്അൽ അഫ്ഇദതൻ മിനന്നാസി തഹ് വീ ഇലൈഹിം വർസുക്ക്ഹും മിനസ്സമറാത്തി ലഅല്ലഹും യശ്കുറൂൻ"

“ഞങ്ങളുടെ രക്ഷിതാവേ,നിന്റെ പരിശുദ്ധമാക്കപ്പെട്ട വീടിനടുത്ത് ,ഊഷര താഴ്വരയിൽ ഞാനെന്റെ സന്തതികളെ താമസിപ്പിച്ചിരിക്കുന്നു.ഞങ്ങളുടെ രക്ഷിതാവേ സ്വലാത്ത് സ്ഥാപിക്കുന്നതിനുവേണ്ടി.അതിനാൽ ജനങ്ങളുടെ ഹൃദയങ്ങൾ അവരിലേക്കു നീ തിരിക്കുകയും പഴങ്ങളിൽ നിന്നും അവർക്കു നീ നൽകുകയും ചെയ്യേണമേ അവർ നന്ദിയുള്ളവരായിത്തീരും"

നോക്കൂ ഇവിടെ ഇബ്രാഹീം പ്രാർത്ഥിക്കുന്നത് ഒരൊറ്റ ആവശ്യത്തിനു വേണ്ടിയാണ്.അതായത് അദ്ദേഹത്തിന്റെ സന്തതികൾ "സ്വലാത്ത് സ്ഥാപിക്കുന്നതിനു" വേണ്ടിയാണ് പ്രാർത്ഥിച്ചത് . അപ്പോൾ അദ്ദേഹത്തിന്റെ സന്തതികളുടെ ദൗത്യം വെറും നമസ്കരിക്കലാണോ?അതിനു വേണ്ടിയാണ് ഒരു കരുണയുള്ള രക്ഷിതാവും ചെയ്യാത്ത കാര്യം ഇബ്രാഹീം ചെയ്തത് . ഇന്ന് പറയപ്പെടുന്നത് ആൾതാമസമില്ലാത്തതും ,കൃഷിയില്ലാത്തതുമായ ഒരു വിജനമായ പ്രദേശത്ത് ഇബ്രാഹീം മക്കളെ കൊണ്ടു വന്നു പാർപ്പിച്ചു എന്നല്ലേ? .അതിനർത്ഥം മക്കളായ പ്രവാചകന്മാരുടെ ആകെയുള്ള ദൗത്യം നമസ്കരിക്കലാണെന്നല്ലേ? അതിനു വീട്ടിൽ നിർത്തിയാലും പോരേ?എന്നാൽ പ്രവാചകന്മാരുടെ ഏക ദൗത്യത്തിനു വേണ്ടിയാണ് അദ്ദേഹം പ്രാർത്ഥിച്ചത്. അതായത് ദൈവീക കൽപനകൾക്കെതിരിൽ നിലകൊള്ളുന്നവരോടുള്ള അവരുടെ പോരാട്ടമാണ് ആ ദൗത്യം. വിശാലമായ ഈ പദത്തിന്റെ ആശയമാണ് ഇവിടെ വ്യക്തമാകുന്നത്.എന്നാൽ നാം വിശാലമായ ഈ പദത്തിന്റെ ആശയത്തെ പാരമ്പര്യ നമസ്കാരം എന്ന കാട്ടിക്കൂട്ടലിൽ ഒതുക്കി. ഇബ്രാഹീം തന്റെ സന്താനങ്ങൾക്കു വേണ്ടി മാത്രമല്ല സ്വലാത്ത് ചെയ്യുന്നവരാക്കാൻ പ്രാർത്ഥിച്ചത്. മറിച്ച് അദ്ദേഹത്തിനു

വേണ്ടിയും അദ്ദേഹം പ്രാർത്ഥിച്ചു.ഈ അധ്യായത്തിലെ തന്നെ 40 -ാമത്തെ വചനത്തിൽ അദ്ദേഹത്തിന്റെ പ്രാർത്ഥന ഉദ്ധരിക്കുന്നു.:-

رَبِّ اجْعَلْنِي مُقِيمَ الصَّلوةِ وَمِنْ ذُرِّيَّتِى رَبَّنَا وَتَقَبَّلْ دُعَاءِ

"റബ്ബി ഇജ്അൽനീ മുഖീമ അ-സ്സ്വലാത്തി വമിൻ ദുര് രിയ്യത്തീ"

"ഞങ്ങളുടെ രക്ഷിതാവേ , എന്നെയും എന്റെ സന്തതികളിൽ നിന്നും സ്വലാത്ത് നടപ്പിലാക്കുന്നവരാക്കി തീർക്കേണമേ......"

പ്രവാചകനായ ഇബ്രാഹീം തന്റെ സന്തതികളിൽ നിന്നു മാത്രമല്ല സ്വലാത്ത് നിർവ്വഹിക്കുന്നവരെയുണ്ടാക്കിത്തീർക്കണമെന്നു പ്രാർത്ഥിച്ചത്. മറിച്ച് അദ്ദേഹത്തെയും സ്വലാത്ത് സ്ഥാപിക്കുന്നവനാക്കണമെന്നാണ് അദ്ദേഹം പ്രാർത്ഥിച്ചത്. പ്രവാചകനായ ഇബ്രാഹീമിന്റെ ദൗത്യം വെറും നമസ്കാരം നിർവ്വഹിക്കലാണെന്നു ബുദ്ധിയുള്ള ഏതെങ്കിലും വ്യക്തി അംഗീകരിക്കുമോ?.തീർച്ചയായും അദ്ദേഹത്തിന്റെ സന്തതികളുടെ ദൗത്യവും സ്വലാത്തിന്റെ സ്ഥാപനമായിരുന്നു.ദൈവീകമായ ഒരു നിയമവ്യവസ്ഥ ഇവിടെ സ്ഥാപിക്കലായിരുന്നു.അതാണ് നമ്മുടെ പ്രവാചകനോടും കൽപിച്ചത്.

فَاتَّبِعُوا مِلَّةَ إِبْرَاهِيمَ حَنِيفًا

"ഇത്തബിഊ മില്ലത്ത ഇബ്രാഹീമ ഹനീഫൻ"

" നിങ്ങൾ ഇബ്രാഹീമിന്റ മാർഗ്ഗം പിന്തുടരുക"

അതിനർത്ഥം ഇബ്രാഹീമിന്റെ മുഴുവൻ ജീവിതവും പിന്തുടരാനാണ് നമ്മുടെ പ്രവാചകനോടു കൽപിക്കുന്നത്.ഇബ്രാഹീമിന്റെ പ്രവർത്തനങ്ങൾ മുഴുവനും ,അദ്ദേഹത്തിന്റ മാർഗ്ഗ രേഖയുമൊക്കെയാണ് ഇവിടെ ഉദ്ദേശം.അല്ലാതെ നമസ്കാരമല്ല

പ്രവാചകനായ ഇബ്രാഹീമിന്റെ മാതൃകയിലായിരിക്കണം അദ്ദേഹം പ്രവർത്തിക്കേണ്ടത് എന്നു സാരം.അതെന്തുകൊണ്ടെന്നാൽ എപ്പോഴൊക്കെ ഇബ്രാഹീം സ്വലാത്തിന്റെ സ്ഥാപനത്തെക്കുറിച്ച് സംസാരിച്ചിട്ടുണ്ടോ, അദ്ദേഹം ദൈവീകമായ ഒരു പ്രദേശത്തെക്കുറിച്ചും സംസാരിച്ചിട്ടുണ്ട്.ഇബ്രാഹീമിന്റെ മാർഗ്ഗം പിന്തുടരാൻ നബിയോടു കൽപിക്കുമ്പോൾ ഇബ്രാഹീമിന്റെ പാത സ്വീകരിക്കാനോ,അല്ലെങ്കിൽ ഇബ്രാഹീമിന്റെ ജാഗ്രതയും അച്ചടക്കവും പിന്തുടരാനോ ആണ് കൽപിക്കുന്നത്.ഈ അധ്യായത്തിൽ നാം പറഞ്ഞ 37ാംവചനത്തിലെ غَيْرَ ذِي زَرْعٍ (ഗൈറ ദീയർഇൻ) എന്നതിനു സാധാരണയായി "കൃഷിയില്ലാത്ത താഴ്വര" എന്നാണ് അർത്ഥം പറഞ്ഞിട്ടുള്ളത്. ജനവാസമോ കൃഷിയോ ഇല്ലാത്ത ഊഷരതാഴ്വര എന്ന അർത്ഥവും പരിഗണിക്കാറുണ്ട് .എന്തിനാണ് ഇബ്രാഹീം തന്റെ സന്തതികളെ അവിടെ കൊണ്ടു വന്നു താമസിപ്പിച്ചത്.?ആരുടെ ഹൃദയങ്ങളെയാണ് അവരിലേക്ക് തിരിക്കാൻ ഇബ്രാഹീം

prാർത്ഥിച്ചത്?.



പ്രവാചകന്മാരുടെ ദൗത്യം എപ്പോഴും ദൈവീക കൽപനകൾ നടപ്പിൽ വരുത്തലാണ് .അതുപോലെ ഒരു മാതൃകാ സമൂഹത്തെ ഉണ്ടാക്കിത്തീർക്കുക എന്നതിലേക്കമാണ് അവരുടെ ശ്രദ്ധ അവർ തിരിക്കുക.അങ്ങിനെ അവർ ദൈവീക മാർഗ്ഗ നിർദ്ദേശങ്ങൾ മുഖേന സമാധാനവും,സുരക്ഷിതത്ത്വവും നിലനിർത്തുന്ന ഒരു പ്രദേശത്തിന്റെ നിർമ്മാണവുമാണ് അവരുടെ ലക്ഷ്യം.അല്ലാതെ നമസ്കരിപ്പിക്കലല്ല . ഇത്തരം സമൂഹത്തിന്റെ ഫലപ്രദമായ പ്രവർത്തനങ്ങളുടെ ഫലമായി അത് മനുഷ്യ സമൂഹത്തിനു ഗുണപ്രദമാണെന്ന് അവർ തെളിയിക്കുന്നു.പ്രവാചകനായ ഇബ്രാഹീം നിറവേറ്റിയത് ആ ദൗത്യമാണ് അദ്ദേഹം തന്റെ സന്തതികളെ ദൈവീകമായ മാർഗ്ഗ നിർദ്ദേശം ലഭിക്കുന്ന കാര്യത്തിൽ വന്ധ്യമായ അല്ലെങ്കിൽ ഊഷരമായ ഒരു ജനതയുടെ പ്രദേശത്താണ് താമസിപ്പിച്ചത്.സമാധാന പൂർണ്ണവും, സമ്പന്നവുമായ ഒരു സമൂഹത്തെയാണ് അവിടെ സ്ഥാപിച്ചത്.ഇതേ ഉത്തരവാദിത്വം തന്നെയാണ് നമ്മുടെ പ്രവാചകനിലൂടെ മുഅമിനുകൾക്ക് നൽകിയതായി 31ാം വചനത്തിൽ അല്ലാഹു പറയുന്നത്.

قُل لِّعِبَادِىَ ٱلَّذِينَ ءَامَنُوا۟ يُقِيمُوا۟ ٱلصَّلَوٰةَ وَيُنفِقُوا۟ مِمَّا رَزَقْنَٰهُمْ سِرًّا وَعَلَانِيَةً مِّن قَبْلِ أَن يَأْتِىَ يَوْمٌ لَّا بَيْعٌ فِيهِ وَلَا خِلَٰلٌ ﴿٣١﴾

"ഖുൽ ലിഇബാദിയ അല്ലദീന ആമനൂ യുഖീമൂ അസ്സ്വലാത്ത വ യുൻഫിഖൂ മിമ്മാറസഖ്നാഹും സിർറൻ വ അലാനിയതൻ മിൻ ഖബ്ലി അൻ യഅതിയ യൗമുൻലാ ബൈഉൻ ഫീഹി വലാ ഗിലാലുൻ"

"എന്റെ വിശ്വാസികളായ അടിമകളോടു നീ പറയുക, സൗഹൃദമോ,തർക്കങ്ങളോ ഇല്ലാത്ത ഒരു ദിവസം വരുന്നതിനുമുമ്പ് സ്വലാത്ത് സ്ഥാപിക്കാനും ,നാം നൽകിയ ആഹാരത്തിൽ നിന്നും രഹസ്യമായും പരസ്യമായും നൽകാനും വേണ്ടി."

മുൻ കഴിഞ്ഞ വചനങ്ങളിൽ നാം കണ്ടത് നമ്മുടെ പ്രവാചകനോടും,പ്രവാചകനായ ഇബ്രാഹീമിനോടും ,മുഅമിനുകളോട് മുഴുവനായും, ദൈവീക കൽപനകളിലധിഷ്ഠിതമായ അച്ചടക്കം പാലിക്കാനും ,മനുഷ്യരുടെ നിലനില്പിനു വേണ്ടി അല്ലാഹു നൽകിയ ആഹാരം എല്ലാവർക്കുമായി തുറന്നു വെക്കാനും കൽപിക്കുന്നതാണ് .

## പ്രവാചകനായ ശുഐബിന്റെ സ്വലാത്ത്

പ്രവാചകനായ ശുഐബിന്റെ കാര്യം പരിഗണിക്കുമ്പോൾ നമുക്കു ഇവിടെ കുറച്ചു കാര്യങ്ങൾ പറയാനുണ്ട്. "സ്വല്ലാ "എന്നതിന്റെ അർത്ഥം, ദൈവീക അച്ചടക്കത്തിനനുസരിച്ച് ശരിയായ പാതയിലൂടെയുള്ള പ്രയാണത്തിനും,നിരന്തരമായി ആ വഴിയിൽ നിലനിൽക്കുന്നതിനുമാണ് പറയുക.നമ്മുടെ ജീവിതത്തിലെ ഓരോ നോട്ടത്തിലും ദൈവീക നിർദ്ദേശങ്ങൾ ഉൾക്കൊള്ളുകയും പ്രവർത്തിക്കുകയും ചെയ്യുക. ഈ പ്രവർ

ത്തനങ്ങളുടെ  വിവിധ വശങ്ങളാണ് പ്രവാചകനായ ശുഐബിന്റെ കഥയിലൂടെ നമു ക്കു വ്യക്തമാക്കിത്തരുന്നത്.ഈ അനശ്വരമായ സത്യം എങ്ങിനെയാണ് സൂറത്തു ഹുദിൽ വിവരിക്കുന്നത് എന്നു കാണുക.ഹുദ് ജനങ്ങളുടെ മുമ്പിൽ സ്വലാത്തിന്റെ ത ത്ത്വസംഹിത അവതരിപ്പിച്ചപ്പോൾ അവർ അതിനെ തള്ളിക്കളയുകയും ,എതിർക്കു കയും ,ഹുദ് അവതരിപ്പിച്ചതിനു മറുപടിയായിക്കൊണ്ട് ഇങ്ങിനെ പ്രതികരിക്കുകയും ചെയ്തു:-

قَالُوا۟ يَـٰشُعَيْبُ أَصَلَوٰتُكَ تَأْمُرُكَ أَن نَّتْرُكَ مَا يَعْبُدُ ءَابَآؤُنَآ أَوْ أَن نَّفْعَلَ فِىٓ أَمْوَٰلِنَا مَا نَشَـٰٓؤُا۟ ۖ إِنَّكَ لَأَنتَ ٱلْحَلِيمُ ٱلرَّشِيدُ ﴿٨٧﴾

“ഖാലൂയാശുഐബുഅസ്വലാതുക്കതഅമുറുക്ക അന്നത്റുക്ക മാ യഅബുദു ആബാഉനാ ഔഅന്നഫ്   അല  ഫീ അംവാലിനാ മാ നശാഉ ഇന്നക്ക ല അൻതൽ ഹലീമു അർറശീദ് "

“അവർ ചോദിച്ചു.ഓ ശുഐബ് നിന്റെ ഈ സ്വലാത്ത് ആണോ ഞങ്ങളുടെ പൂർവ്വീ കർ വണങ്ങിയിരുന്ന ദൈവങ്ങളെ ഉപേക്ഷിക്കുവാനും,ഞങ്ങളുടെ സമ്പത്ത് ഞങ്ങൾ ആഗ്രഹിക്കുന്നതുപോലെ ചിലവഴിക്കുന്നത് ഒഴിവാക്കുവാനും ,നിന്നോടു  കൽപിക്കു ന്നത്?(11:87)

ഈ വചനത്തിൽ രണ്ടു ഉപാധികളാണ് പറയുന്നത്.

1. ആരാധന ഒഴിവാക്കാൻ
2. സാമ്പത്തിക കാര്യങ്ങൾ സ്വലാത്തിന്റെ കീഴിൽ കൊണ്ടുവരുവാൻ.

നമ്മുടെ മുമ്പിൽ വീണ്ടും ചില ചോദ്യങ്ങൾ ഉയർന്നു വരുന്നു.അതായത്,നമസ്കാരം സ്വലാത്തിനു സമമായി നിൽക്കുന്നതാണോ?നമസ്കാരം സാമ്പത്തിക പ്രശ്നങ്ങളെ ചോദ്യം ചെയ്യുന്നുണ്ടോ? സാമ്പത്തിക വ്യവസ്ഥിതിയിലെ ഏതു കാര്യത്തെയാണ് നമസ്കാരം ചോദ്യം ചെയ്യുന്നത്?അല്ലെങ്കിൽ നമസ്കാരം സാമ്പത്തികമായ എന്ത് ത ത്ത്വങ്ങളാണ് രൂപപ്പെടുത്തുന്നത്? ഇല്ല ഇന്നത്തെ നമസ്കാരം മനുഷ്യന്റെ സാമ്പത്തി ക കാര്യങ്ങളിൽ ഇടപെടുന്നേ ഇല്ല.എന്നാൽ ഖുർആൻ പറഞ്ഞ സ്വലാത്ത് സാമ്പ ത്തിക കാര്യങ്ങളിൽ മാത്രമല്ല ജനങ്ങളുടെ എല്ലാ പ്രശ്നങ്ങളിലും ഇടപെടുന്നതാണ് .അപ്പോൾ അവരുടെ സാമ്പത്തിക പ്രശ്നങ്ങളിൽ ഇടപെട്ടതും ചോദ്യം ചെയ്തതും ദൈ വീക കൽപനകളാണ്.    നമസ്കാരമല്ല എന്നത് ഉറപ്പാണ്.

## പ്രവാചകനായ മൂസയുടെ സ്വലാത്ത്

പ്രവാചകനായ മൂസാ(അ) ദൈവീക ദൗത്യത്തിനു വേണ്ടിതിരഞ്ഞെടുക്കപ്പെടുകയും

ആദ്യമായി അദ്ദേഹത്തിനു വഹ് യ് നൽകുകയും ചെയ്തു .അങ്ങിനെ അദ്ദേഹത്തിനു ആദ്യം നൽകിയ കൽപനയാണ്:-

وَأَقِمِ الصَّلوةَ لِذِكْرِى

"അഖിമിസ്സ്വലാത്ത ലി ദിക് രീ"

"എന്നെ ഓർക്കുന്നതിനു വേണ്ടി സ്വലാത്ത് നടപ്പിലാക്കുക"( ത്വാഹാ14)

ഇവിടെ സ്വലാത്തിനു നമസ്കാരം എന്നു വിവർത്തനം ചെയ്താൽ വരുന്ന അർത്ഥം:

"അല്ലാഹുവിന്റെ ഓർമ്മക്കുവേണ്ടി നമസ്കാരം നടപ്പിലാക്കുക"

ഈ ഒരു സന്നിദ്ധ ഘട്ടത്തിൽ സ്വലാത്തിന് ആചാര നമസ്കാരം എന്ന അർത്ഥം നൽകിയാൽ മൂസയുടെ ഏറ്റവും മുന്തിയ പരിഗണന എന്തിനായിരിക്കും?ഈ ആചാര നമസ്കാരം നിർവ്വഹിക്കലായിരിക്കുമല്ലോ?എന്നാൽ മൂസാ തന്റെ ജനതയെ ഫറോവയുടെ ഏകാധിപത്യത്തിൽ നിന്നും മോചിപ്പിച്ച ശേഷം ,മൂസയുടെ കൂടെയുള്ള ആളുകൾ, മറ്റൊരു സമൂഹം വിഗ്രഹത്തെ ആരാധിക്കുന്നതായി കണ്ടപ്പോൾ അവർക്കും ഒരു വിഗ്രഹത്തെ ചമച്ചുണ്ടാക്കി കൊടുക്കാൻ മൂസയോട് ആവശ്യപ്പെട്ടു. അവർ പറയുന്നതു നോക്കൂ:-

قَالُوا يَا مُوسَى اجْعل لَّنَا إِلهًا كَمَا لَهُمْ ءَالِهَةٌ

"ഖാലൂ യാ മൂസാ ഇജ് അല്ലനാ ഇലാഹൻ കമാ ലഹും ആലിഹത്തുൻ "

"അവർ പറഞ്ഞു, ഓ മൂസാ അവർക്കു വിഗ്രഹങ്ങളുള്ളതുപോലെ ഞങ്ങൾക്കും ഒരു വിഗ്രഹം ഉണ്ടാക്കി തരൂ"(അൽ-അഅറാഫ് 138)

ഈ കാര്യം ഒന്നു ശ്രദ്ധിക്കുക ഇപ്പോൾ തന്നെ അവർ ആരാധിക്കു-നമസ്കാരം-ന്നുണ്ടെങ്കിൽ നമുക്കു വിശ്വസിക്കാൻ പറ്റാത്ത ഒരു കാര്യമെന്താണെന്നുവെച്ചാൽ അവർ ഇപ്പോൾ തന്നെ ചെയ്തുകൊണ്ടിരിക്കുന്ന അവരുടെ ആരാധനക്കുള്ള വിഗ്രത്തെ ആവശ്യപ്പെടുക എന്നതായിരിക്കില്ലേ?അവർ ഈ അസാധാരണമായ ആവശ്യം ഉന്നയിച്ചതു മാത്രമല്ല ഇവിടുത്തെ പ്രശ്നം മറിച്ച് മൂസാ അതിനു വിരുദ്ധമായ ഒരു പ്രതികരണമാണ് നടത്തുന്നത്എന്നു കൂടി നാം മനസ്സിലാക്കണം. .പ്രവാചകനായ മൂസയോട് അദ്ദേഹത്തിന്റെ ജനത ഈ ആവശ്യം ഉന്നയിച്ചപ്പോൾ അതിനുപകരം നിങ്ങൾ ഇപ്പോൾ തന്നെ ഒരു ആരാധനയിലാണല്ലോ എന്നല്ല പറഞ്ഞത്.മൂസാ പറയുന്നതു നോക്കൂ:-

قَالَ إِنَّكُمْ قَوْمٌ تَجْهَلُونَ

"ഖാല ഇന്നക്കും ഖൗമുൻ തജ്ഹലൂന"

"അദ്ദേഹം പറഞ്ഞു :നിങ്ങൾ വിവരമില്ലാത്ത ജനങ്ങളാണ്"

ഈ വചനത്തിന്റെ വെളിച്ചത്തിൽ സൂറത്തു ത്വാഹയിലെ 14 ാമത്തെ വചനത്തിലെ സ്വലാത്ത് ചെയ്യാനുള്ള കൽപനയെ നാം നമസ്കാരമായി കണ്ടാൽ ഇപ്പോൾ മൂസയുടെ ജനത ചെയ്തുകൊണ്ടിരിക്കുന്ന ആരാധനക്കു പകരം മറ്റൊന്നു ആവശ്യപ്പെടേണ്ട  കാര്യമില്ല.നിങ്ങൾ വിവരമില്ലാത്ത ജനതയാണെന്നു മൂസാ പ്രതികരിക്കേണ്ടതും ഇല്ല.മൂസാ സാധാരണ നിലക്കു "നിങ്ങൾക്കു ഇപ്പോൾ തന്നെ ആചാര നമസ്കാരം എന്ന ഒരു ആരാധനയുണ്ടല്ലോ?" എന്നായിരിക്കും പ്രതികരിക്കുക. വഹ് യിന്റെ ഒന്നാം തിയ്യതി തന്നെ മൂസയോട് ആചാര നമസ്കാരം നിർവ്വഹിക്കാനല്ല കൽപിക്കപ്പെടുക.

ദൈവീകമായ വഹ് യ് അവതരണത്തിന്റെ ഒന്നാം തിയ്യതി തന്നെ നമസ്കാരം കൽപിക്കേണ്ടതില്ല കാരണം ആസമൂഹത്തിനു ആരാധനയുടെ കുറവല്ലല്ലോ?അവർ ഇപ്പോൾ നമസ്കരിച്ചു നടക്കുന്നവരല്ലേ?അപ്പോൾ മൂസയോട് ദൈവീക വെളിപാട് കൊടുത്ത ശേഷം സ്വലാത്തു സ്ഥാപിക്കാൻ പറഞ്ഞത് നമസ്കരിക്കാനല്ല.മറിച്ച് ആ ദൈവീക വെളിപാടിന്റെ സ്ഥാപനവും നടപ്പിൽ വരുത്തലുമാണ് ഉദ്ദേശം.ഏതൊരു വിഗ്രഹാരാധനയും അറിവില്ലായ്മയാണെന്നാണ് മൂസാ പ്രഖ്യാപിക്കുന്നത്. അപ്പോൾ നാം എങ്ങിനെ സ്വലാത്ത് നമസ്കാരമാണെന്നു പറയും.?

പ്രവാചകന്മാരുടെ എല്ലാ ദൗത്യങ്ങളെയും ഉൾക്കൊള്ളുന്ന പദമാണ് സ്വലാത്ത് എന്നുള്ളത്.ദൈവീകമായ വെളിപാടിന്റെ അറിവു തൊട്ടു തുടങ്ങി ,ദൈവീക വെളിപാടനുസരിച്ചുള്ള ഒരു പ്രദേശത്തിന്റെ നിയന്ത്രണം വരെയുള്ള കാര്യങ്ങൾ ഈ സ്വലാത്ത് എന്ന വിശാലമായ പദത്തിന്റെ കീഴിൽ വരുന്നു.

## നമ്മുടെ പ്രവാചകൻ മുഹമ്മദി(അ)ന്റെ സ്വലാത്ത്

നാം ഏതൊരു വചനത്തെയും അതിന്റെ സന്ദർഭത്തിനനുസരിച്ച് പരിചിന്തനം നടത്തിയാൽ തീർച്ചയായും "ഇഖാമത്ത് അ-സ്സ്വലാത്ത് "എന്നതുകൊണ്ട് ദൈവീക കൽപകൾക്കനുസരിച്ചുള്ള ഒരു സാമൂഹിക ക്രമം സ്ഥാപിച്ചെടുക്കലാണ് ഉദ്ദേശിക്കുന്നതെന്നു ബോധ്യമാകും.ഒരു ഉദാഹരണത്തിന് സൂറത്തു അൽ-അൻആമിലെ71,72, വചനങ്ങളിലെ വിധി ഒന്നു ശ്രദ്ധിക്കുക

قُلْ إِنَّ هُدَى اللَّهِ هُوَ الهُدَى وَأُمِرْنَا لِنُسْلِمَ لِرَبِّ الْعَالَمِينَ وَأَنْ أَقِيمُوا الصَّلوةَ وَاتَّقُوهُ

"ഖുൽ ഇന്ന ഹുദല്ലാഹി ഹുവ അൽ-ഹുദാ വ ഉമിർനാ ലിനുസ്ലിമ ലിറബ്ബിൽ ആലമീൻ വഅൻഅഖീമു അ-സ്സ്വലാത്ത വത്തഖൂഹു"

"അല്ലാഹുവിന്റെ മാർഗ്ഗ നിർദ്ദേശമാണ് യഥാർത്ഥ മാർഗ്ഗനിർദ്ദേശമെന്നും  ഈ പ്ര

പഞ്ചത്തിന്റെ നാഥനെ അനുസരിക്കാൻ നമ്മോട് കൽപിച്ചിട്ടുണ്ടെന്നും, സ്വലാത്ത് സ്ഥാപിക്കാനും ,"തഖ് വ" ഉൾക്കൊള്ളാനും നീ പറയുക ”

ഈ വചനങ്ങൾ ഒന്നു ശ്രദ്ധിക്കു ; പ്രവാചകനിലൂടെ ചില കൽപനകളാണ് നമുക്കു തരുന്നത്.:--

1) ഒന്നാമത്തെ കൽപനയിൽ പറയുന്നത്, ദൈവീക മാർഗ്ഗ നിർദ്ദേശമാണ് യഥാർത്ഥ മാർഗ്ഗ നിർദ്ദേശം എന്നുള്ളതാണ് .അതിനർത്ഥം വഹ് യ് എന്ന അളവു കോലിനപ്പുറം വരുന്നതൊന്നും ദൈവീക മാർഗ്ഗ നിർദ്ദേശങ്ങളല്ലെന്നാണ്.

2) രണ്ടാമത്തെ കൽപന പ്രപഞ്ചത്തിന്റെ നാഥനെ അനുസരിക്കാനാണ്.അതിനർത്ഥം പ്രപഞ്ചത്തിന്റെ നല്ല നിലനിൽപിന് ദൈവീക കൽപനകളല്ലാതെ മറ്റൊന്നും അനുസരിക്കേണ്ടതില്ലെന്നാണ്.

3) മൂന്നാമത്തെ കൽപന സ്വലാത്ത് നടപ്പിൽ വരുത്താനാണ്

4)നാലാമത്തെ കൽപന അവന്റെ നിയമങ്ങളോടുള്ള മുൻകരുതലും, ശ്രദ്ധയും സ്വീകരിക്കാനാണ്.

ഇവിടുത്തെ ആദ്യ കൽപന ദൈവീക കൽപനകളെക്കുറിച്ചുള്ള അവബോധം നേടാനാണ്.രണ്ടാമത്തെ കൽപനയാകട്ടെ അവ അനുസരിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യമെന്നാണ് .മൂന്നാമത്തെ കൽപന അവയുടെ പ്രയോഗവൽക്കരണം. മൂന്നാമത്തെ കൽപന പാരമ്പര്യ നമസ്കാരം ആകാൻ മാത്രം ദൈവീക കൽപനക്കു എന്തു പറ്റി എന്നാണ് നമുക്കു ചോദിക്കാനുള്ളത്.അപ്പോൾ യുക്തിഭദ്രമായ ഒരു ക്രമം എന്നു പറയുന്നത്,ആദ്യം  ദൈവീക കൽപനകളെക്കുറിച്ചുള്ള അവബോധം ഉണ്ടാവുക , പിന്നെ അനുസരിക്കാനുള്ള താൽപര്യം പിന്നെ അവയുടെ പ്രയോഗവൽക്കരണവും നടപ്പാക്കലും.നാലാമതായി വരുന്നത് അനുസരണക്കേടു വരാതിരിക്കാനായി "ശ്രദ്ധയും. അങ്ങേയറ്റത്തെ മുൻകരുതലും എടുക്കുക.ഇവിടെ” തഖ് വാ"  എന്നു പറഞ്ഞതുകൊണ്ട് അർത്ഥമാക്കുന്നത് "ദൈവത്തെ പേടിക്കുക" എന്നല്ല.ഇതിന്റെ മൂല അക്ഷരങ്ങളാണ്(ی ق و) എന്നുള്ളത്."മോശമായ അവസാനമോ, ഫലമോ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക”.അതുകൊണ്ടു " ഇത്തഖുല്ലാഹ " എന്നതു കൊണ്ട് "നീഅല്ലാഹുവിനെ പേടിക്കുക" എന്നല്ല അർത്ഥം.മറിച്ച് ദൈവത്തെ ധിക്കരിക്കുക മുഖേന വിപരീത ഫലം ഉണ്ടാകാതെ സൂക്ഷിക്കുക എന്നാണ് അർത്ഥം.ഒന്നു കൂടി വ്യക്തമായി പറഞ്ഞാൽ "ദൈവീക നിയമത്തിൽ നിന്നും വ്യതിചലിക്കാതെ സൂക്ഷിക്കുക”. ശ്രദ്ധാലുവും മുൻകരുതലെടുക്കുന്നവനുമാകുക എന്ന അർത്ഥം മാറ്റി അല്ലാഹുവിനെ ഭയ

ക്കുക എന്ന അർത്ഥമെടുക്കുമ്പോൾ സത്യത്തിൽ നാം ചെയ്യുന്നത് ഖുർആനിനെ ഭയപ്പാടിന്റെയും,ഭീതിയുടെയും ഒരു ഗ്രന്ഥ മാക്കിമാറ്റുകയാണ് ചെയ്യുന്നത്.വളരെ ലളിതമായി പറഞ്ഞാൽ "മോശമായ ഒരു അവസാനം ഒഴിവാക്കുക "എന്നതാണ്അർത്ഥം.

സ്വലാത്ത് സ്ഥാപിക്കുക എന്ന പദം കൊണ്ട് പ്രവാചകന്മാരുടെ സമ്പൂർണ്ണമായ പോരാട്ടമാണ് ഉദ്ദേശിക്കുന്നതും സൂചിപ്പിക്കുന്നതും. അവ സ്ഥാപിക്കാനും,നടപ്പിലാക്കാനുമുള്ള കൽപനകൊണ്ടു ഉദ്ദശിക്കുന്നത് ഒന്നാമതായി അവബോധം നേടുക,രണ്ടാമത് സമർപ്പിക്കുക,പിന്നെ അവ നടപ്പിൽ വരുത്തുക.അല്ലാതെ നമസ്കരിക്കലല്ല. പ്രവാചകനായ ഇബ്രാഹീമിന്റെ ദൗത്യത്തിൽ നാം ഈ ഒരു മാതൃകയാണ് കാണുന്നത്.സൂറത്തു അർറൂം 30-32 വചനങ്ങളിൽ പരമകാരുണികൻ പറയുന്നു.

فَأَقِمْ وَجْهَكَ لِلدِّينِ حَنِيفًا ۚ فِطْرَتَ ٱللَّهِ ٱلَّتِى فَطَرَ ٱلنَّاسَ عَلَيْهَا ۚ لَا تَبْدِيلَ لِخَلْقِ ٱللَّهِ ۚ ذَٰلِكَ ٱلدِّينُ ٱلْقَيِّمُ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٣٠﴾
۞ مُنِيبِينَ إِلَيْهِ وَٱتَّقُوهُ وَأَقِيمُوا۟ ٱلصَّلَوٰةَ وَلَا تَكُونُوا۟ مِنَ ٱلْمُشْرِكِينَ ﴿٣١﴾

“ഫ അഖിം വജ്ഹക ലിദ്ദീനി ഹനീഫൻ ഫിത്വറതല്ലാഹില്ലത്തീ ഫത്വറന്നാസഅലൈഹാ ലാ തബ്ദീല ലിഗൽകില്ലാ ദാലികദ്ദീനൽ ഖയ്യിം വലാകിന്ന അക്സറന്നാസി ലാ യഅലമൂൻ  മുനീബീന ഇലൈഹി വത്തഖൂഹു വ അഖീമുസ്സ്വലാത്തവലാ തകൂനൂ മിനൽ മുശ് രിക്കീൻ മിനല്ലദീന ഫർറക്കു ദീനഹും വകാനൂ ശിയഅൻ കുല്ലു ഹിസ്ബിൻ ബിമാ ലദൈഹിം ഫരിഹൂൻ"

ഈ വചനങ്ങൾ മനസ്സിലാക്കാൻ വലിയ ഒരു ബുദ്ധിയുടെ ഒന്നും ആവശ്യമില്ല.വളരെ ലളിതവും നേർക്കു നേരേയുള്ള വിശദീകരണവുമാണ് ഈ വചനത്തിൽ.മനുഷ്യനെ ഒരു പ്രകൃതി നിയമത്തിൻ കീഴിലാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അതിനു സമാനമായൊരു നിയമം തന്നെയാണ് ദൈവീക പ്രത്യയശാസ്ത്രവും.മനുഷ്യന്  അല്ലാഹു എല്ലാ യോഗ്യതകളും നൽകി.ദൈവം അവന്റെ പ്രകൃതി നിയമങ്ങൾ ഒരിക്കലും മാറ്റുകയില്ല. പക്ഷെ ഭൂരിഭാഗം ജനങ്ങളും അവയെ കുറിച്ച് അബോധാവസ്ഥയിലാണ് കഴിയുന്നത്. ദൈവീകമായ പ്രകൃതി നിയമങ്ങളെ നാം അനുസരിക്കുകയാണെങ്കിൽ വളരെ ശക്തവും ചൊവ്വായതുമായ ഒരു പ്രത്യയശാസ്ത്രത്തിലാണ്(ദീനുൽ ഖയ്യിം) നാം എത്തിച്ചേരുന്നത്.അതിനെയാണ് സ്വലാത്ത് സ്ഥാപിക്കുക എന്നു പറയുന്നത്.നാം പങ്കുചേർക്കുന്നവരാകരുതെന്നും കൽപിക്കുന്നു.ഒന്നുംകലർത്താതെ ആ ദൈവീക കൽപനകൾ

നടപ്പാക്കലാണ് ഇഖാമത്ത് അ-സ്സ്വലാത്ത്. എപ്പോൾ  മനുഷ്യർ ആ ദൈവീക കൽ പനകളിൽ മായം ചേർക്കുന്നുവോ  അപ്പോൾ അവർ വിവിധ പാർട്ടികളായി പിരി യുന്നു.അതു മനുഷ്യ വിഭജനത്തിലെത്തിച്ചേരുന്നു.കടന്നു വരുന്ന ഓരോ തലമുറകളും, അഹങ്കാരികളായ പണ്ഡിതന്മാരും ചേർന്ന് കൂടുതൽ കൂടുതൽ അസമത്വങ്ങൾ സൃഷ്ടി ക്കുന്നു. ദൈവീക കൽപനകളിൽ  നിന്നും അവർ ജനങ്ങളെ അകറ്റിക്കൊണ്ടിരിക്കു ന്നു. മനുഷ്യരെ ഭിന്നമായ വഴികളിലെത്തിക്കുന്നതിൽ  അവർ  സന്തോഷം കണ്ടെ ത്തുകയും ചെയ്യുന്നു.

# സ്വലാത്തിന്റെ കൂട്ടിച്ചേർക്കൽ

പ്രവാചകന്മാർ അവരുടെ സമൂഹത്തിൽ ദൈവീക കൽപനകൾ നടപ്പിൽ വരുത്താൻ വേണ്ടി ഏറ്റെടുത്തിരുന്ന ജോലിയാണ് പ്രവാചകന്മാരുടെ സ്വലാത്ത് എന്ന് തെളിയിക്കപ്പെട്ടു.ഇതാണ് സ്വലാത്തിന്റെ അന്തസ്സത്ത.ഇനി നമുക്ക് ആരൊക്കെയാണ് സ്വലാത്ത് നടപ്പിൽ വരുത്തിയവർ എന്നും,ആരാണ് അത് നഷ്ടപ്പെടുത്തിക്കളഞ്ഞവർ എന്നും,ആരാണ് അതിനോട് അവജ്ഞ കാണിച്ചതെന്നും വ്യക്തമായി പരിശോധിക്കാം.

സൂറത്തു മർയമിൽ 58ാം വചനത്തിൽ മഹാന്മാരായ പ്രവാചകന്മാരെക്കുറിച്ചു പറയുന്നു:

أُولئكَ الَّذِينَ أَنْعَمَ اللَّهُ عَلَيْهِم مِّنَ النَّبِيِّينَ مِنْ ذُرِّيَّةِ ءَادمَ وَمِمَّنْ حَمَلْنَا مَعَ نُوحٍ

وَمِنْ ذُرِّيَّةِ إِبْرَاهِيمَ وَإِسْرَائِيلَ وَمِمَّنْ هَدَيْنَا وّاجْتِبَيْنَا إِذَا تُتْلَى عَلَيْهِمْ ءَايَاتُ

الرَّحْمانِ خَرُّوا سُجَّدًا وَبُكِيًّا

" ഉലാഇക്കല്ലദീന അൻഅമല്ലാഹു അലൈഹിം മിനന്നബിയ്യീന മിൻ ദുര് രിയ്യതിആദമ വമിമ്മൻ ഹമൽനാ മഅ നൂഹിൻ വമിൻ ദുര് രിയ്യത്തി ഇബ്രാഹീമ വ ഇസ്റാഈല വമിമ്മൻ ഹദയ്നാ വജ്തബൈനാ ഇദാ തുത് ലാ അലൈ ഹിം ആയാത്തുഅർറഹ്മാനി ഗർറൂ സുജ്ജദൻ വബുകിയ്യാ"

"അവരെല്ലാം അല്ലാഹു അനുഗ്രഹിച്ചിരുന്ന പ്രവാചകന്മാരിൽ പെട്ടവരായിരുന്നു. അതായത് ആദമിന്റെ സന്തതികളിൽ നിന്നും നൂഹിനോടൊപ്പം നാം വഹിച്ചവരിൽ നിന്നും ഇബ്രാഹീമിന്റെയും ഇസ്രായീലിന്റെയും സന്തതികളിൽ നിന്നും നാം മാർഗ്ഗം നിർദ്ദേശിക്കുകയും തൊരെഞ്ഞെടുക്കുകയും ചെയ്തവരിൽ നിന്നുമുള്ളവർ. അവർക്കു നാം അർറഹ്മാന്റെ അടയാളവാക്യങ്ങൾ ഓതിക്കൊടുത്താൽ കരയുന്നവരും നമിക്കുന്നവരുമായി അമരുമായിരുന്നു."

ഇതിനു വിരുദ്ധമായിക്കൊണ്ട്:-

فَخَلَفَ مِن بَعْدِهِمْ خَلْفٌ أَضَاعُوا الصَّلوةَ وَاتَّبَعُوا الشَّهَوَاتِ فَسَوف يَلْقَونَ غَيًّا

"ഫഗലഫ മിൻ ബഅദിഹിം ഗലഫുൻ അളാഊ അ-സ്സ്വലാത്ത വത്തബഊ അ-ശ്ശ ഹവാത്തി ഫസൗഫ യൽ ഖൗന ഗയ്യാ"

"അനന്തരം അവരുടെ ശേഷം സ്വലാത്ത് നഷ്ടപ്പെടുത്തി, ഇച്ഛകളെ പിൻപറ്റുകയും ചെയ്ത പിൻതുടർച്ചക്കാരുണ്ടായി.അവർ ഉടനെ വിനാശം കാണുന്നതാണ്"

നോക്കു മഹാന്മാരായ പ്രവാചകന്മാരുടെയും ,സത്യത്തെ പിന്തുടരുന്നവരുടെയും ശേഷം സ്വലാത്ത് നഷ്ടപ്പെടുത്തിയും,ഇച്ഛകളുടെ പിടിയിൽ പെട്ടവരും ഉണ്ടായി.സൂറത്തു മർയം മുഴുവൻ പരിശോധിച്ചാലും ഇന്നു നാം ചെയ്തു പോരുന്ന ഈ പാരമ്പര്യ നമസ്കാരം നിർവ്വഹിച്ചിരുന്ന ഒരു പ്രവാചകനെപ്പോലും കാണില്ല. ഈ പ്രവാചകന്മാരോടെല്ലാം കൽപിച്ച നമസ്കാരമല്ല നമ്മുടെ സ്വലാത്ത് എന്നു സ്ഥാപിക്കാനാണ് മിഅറാജ് എന്ന പേരിൽ കുറെ മുത്തശ്ശിക്കഥകൾ നാം മെനഞ്ഞുണ്ടാക്കിയിരിക്കുന്നത് .ദൈവീകമായ വിധികളുടെ നടപ്പിലാക്കലാണ് നമുക്കു ആ സൂറത്തിൽ കാണാൻ കഴിയുന്നത്. പ്രവാചകന്മാരുടെ ശേഷം വന്ന അയോഗ്യരും വിജ്ഞാനികളുമല്ലാത്ത പിൻതലമുറക്കാർ ഈ മഹത്തായ ദൗത്യത്തെ പിറകോട്ടു വലിക്കുകയാണ് ചെയ്തത്. അവർ പൈശാചിക ചിന്തകളെ പിന്തുടരുകയും വ്യത്യസ്ഥ മതാചാരങ്ങൾ കെട്ടിച്ചമച്ചുണ്ടാക്കുകയും ചെയ്തു. എത്രമാത്രമെന്നു പറഞ്ഞാൽ യഥാർത്ഥ ദൈവീക കൽപനകൾ മനസ്സിലാക്കാൻ പോലും കഴിയാത്ത രൂപത്തിൽദൈവീക കൽപനകളെ മാറ്റി മറിച്ചു കളഞ്ഞു.ദൈവത്തിന്റെ പേരിൽ ദൈവീക ഗ്രന്ഥത്തിന്റെ യാതൊരുഅടിസ്ഥാനവുമില്ലാത്ത ഒരുപാട് ആചാരങ്ങൾ നിലനിർത്തിപ്പോന്നു..ഇന്നത്തെ കാലത്ത് മതത്തിന്റെ പേരിൽ ഒരുപാട് ആചാരങ്ങൾ മാത്രമാണ് നിലനിൽക്കുന്നത്.മതത്തിന്റെ പേരിൽ ജനങ്ങളുടെ ധനം അപഹരിച്ചെടുക്കുകയാണിവർ.ഇതെല്ലാം ചെയ്യുന്നത് മതത്തിന്റെ പേരിലുള്ള മൊല്ല മാഫിയകളാണ്.ഈ സമുദായത്തിന്റെ ആഴങ്ങളിലേക്കിറങ്ങിയിട്ടുണ്ട് ഇവരുടെ അധികാരവും സ്വാധീനവും.

ഈ അയോഗ്യരായവരെക്കുറിച്ച് ,സൂറത്തു മർയമിലും, ഇവരുടെ സ്വഭാവം സൂറത്ത് അൽ-അഅറാഫിലും വിശദീകരിച്ചുകൊണ്ട് അവർ ദൈവീക ഗ്രന്ഥത്തിന്റെ മേൽ കാണിച്ച കടന്നുകയറ്റം എത്രമാത്രം ഉണ്ടെന്നു വ്യക്തമാക്കുന്നു.മതപരമായ കുത്തകാവശത്തെക്കുറിച്ച് ദൈവീക വചനം പറഞ്ഞു തരുന്നു.:-

فَخَلَفَ مِنْ بَعْدِهِمْ خَلْفٌ وَرِثُوا الْكِتَابَ يَأْخُذُونَ عَرَضَ هَذَا الأَدْنَى وَيَقُولُونَ سَيُغْفَرُ لَنَا

"ഫഗലഫ മിൻബഅദിഹിം ഗൽഫുൻ വരിസൂ അൽകിതാബ യഅഗുദൂന അറളഹാദൽ അദ്നാ വയഖൂലൂനസയുഗ്ഫറു ലനാ"

"ഞങ്ങളുടെ തെറ്റുകളെല്ലാം പൊറുത്തു തരുമെന്നു പറഞ്ഞു കൊണ്ടും, നിലവിലുള്ള താഴ്ന്ന നിലവാരത്തിലുള്ള നേട്ടങ്ങൾ സ്വീകരിച്ചുകൊണ്ടും, വേദത്തെ അനന്തരമെടുത്ത ഒരു തലമുറ അവരുടെ ശേഷം വന്നു."ഇവിടെ അനന്തിരം എടുത്തത് എന്താണെന്നു വളരെ വ്യക്തമായി.

അവരുടെ മറ്റു ചില സ്വഭാവങ്ങൾ കൂടി വിശദീകരിച്ച ശേഷം അല്ലാഹു അവരിലെവേറെ ചിലരുടെ സ്വഭാവങ്ങൾ എടുത്തു പറയുന്നു.:-

وَالَّذِينَ يُمَسِّكُونَ بِالْكِتَابِ وَأَقَامُوا الصَّلوةَ إِنَّا لا نُضِيعُ أَجْرَ الْمُصْلِحِينَ

"വല്ലദീന യുമസ്സിക്കുന ബിൽ കിതാബി വ അഖാമൂ അ-സ്സ്വലാത്ത ഇന്നാ ലാ നുളീഉ അജ്റൽ മുസ്ല്വിഹീൻ"

"ഗ്രന്ഥം മുറുകെ പിടിക്കുകയും സ്വലാത്ത് സ്ഥാപിക്കുകയും ചെയ്തവരാരോ അത്തരം പരിഷ്കർത്താക്കളുടെ പ്രതിഫലം നാം പാഴാക്കുകയില്ല.(അഅറാഫ്170)

ആരാണ് ദൈവത്തിന്റെ ഗ്രന്ഥം മുറുകെ പിടിക്കുന്നവർ,തീർച്ചയായും അവർ ദൈവത്തിന്റെ ഗ്രന്ഥം മുറുകെ പിടിക്കുന്ന പരിഷ്കർത്താക്കളായിരിക്കും.എന്നായാലും അവർ ദൈവീക വെളിപാടിനെ നിരന്തരമായി മുറുകെ പിടിച്ച് ജീവിക്കുകയും,അത് നടപ്പിൽ വരുത്തുകയും ചെയ്യും. എന്നാൽ മറ്റു ചില ജനങ്ങൾ അലങ്കാരത്തിനു മാത്രം ഗ്രന്ഥം അവലംഭിക്കുകയും ,അതിലെ ഒന്നും നടപ്പിലാക്കുകയും ഇല്ല എന്നു മാത്രമല്ല അവർ സ്വയം അത് പ്രവർത്തിമണ്ഡലത്തിൽ കൊണ്ടുവരികയും ഇല്ല.അത് തന്റെ ജീവിത രേഖയാക്കുകയുമില്ല. അപ്പോൾ ഗ്രന്ഥത്തെ മുറുക പിടിക്കുക എന്നു പറഞ്ഞാൽ കൈ കൊണ്ട് മുറുകെ പിടിക്കലല്ല. ഏതൊരു ഗ്രന്ഥം മുറുകെ പിടിക്കുക എന്നു പറഞ്ഞാലും അതിലെ കാര്യങ്ങൾ പ്രവർത്തനത്തിൽ കൊണ്ടു വരിക എന്നതാണ് .അതുകൊണ്ടു ഈ കൽപനക്കു ശേഷം വന്ന "യുഖീമൂന അ-സ്സ്വലാത്ത" എന്ന കൽപനകൊണ്ട് നമ്മുടെ പ്രവർത്തിമണ്ഡലത്തിൽ കൊണ്ടുവന്ന കാര്യങ്ങളുടെ സ്ഥാപനവും , നടപ്പിൽ വരുത്തലുമാണ് എന്നതിൽ സംശയമേ ഇല്ല.ഒന്നുകൂടി വ്യക്തമാക്കിയാൽ "യുമസ്സിക്കുന ബിൽകിതാബി"എന്നു പറഞ്ഞാൽ ഗ്രന്ഥത്തിലെ കാര്യങ്ങൾ മുറുകെ പിടിച്ചു ജീവിക്കുക. "യുഖീമൂന അ-സ്സ്വലാത്ത" എന്നു പറഞ്ഞാൽ അതിലെ കാര്യങ്ങൾ സമൂഹത്തിൽ സ്ഥാപിക്കുക.വേദക്കാരെ സംബന്ധിച്ച് അല്ലാഹു വിശദീകരിച്ചപ്പോൾ ഇതേ നെഗറ്റീവ് പ്രവർത്തനങ്ങളാണ് അവരിൽ നിന്നും ഉണ്ടായതെന്നു പറയുന്നു.:-

وَمَا قَدَرُواْ ٱللَّهَ حَقَّ قَدْرِهِۦٓ إِذْ قَالُواْ مَآ أَنزَلَ ٱللَّهُ عَلَىٰ بَشَرٍ مِّن شَىْءٍ ۗ قُلْ مَنْ أَنزَلَ ٱلْكِتَٰبَ ٱلَّذِى جَآءَ بِهِۦ مُوسَىٰ نُورًا وَهُدًى لِّلنَّاسِ ۖ تَجْعَلُونَهُۥ قَرَاطِيسَ تُبْدُونَهَا وَتُخْفُونَ كَثِيرًا ۖ وَعُلِّمْتُم مَّا لَمْ تَعْلَمُوٓاْ أَنتُمْ وَلَآ ءَابَآؤُكُمْ ۖ قُلِ ٱللَّهُ ۖ ثُمَّ ذَرْهُمْ فِى خَوْضِهِمْ يَلْعَبُونَ ﴿٩١﴾

"ഖുൽ മൻ അൻസലൽ കിതാബ അല്ലദീ ജാഅ ബിഹീ മൂസാ നൂറൻ വഹുദൻ ലിന്നാസി തജ്അലൂനഹു ഖറാതീസ തുബ്ദൂനഹാ വ തുഗ്ഫൂന കസീറൻ വ ഉല്ലിംത്തുംമാലം തഅലമൂ അൻതും വലാ ആബാഉക്കും ഖുലില്ലാഹു സുമ്മ ദർഹും ഫീ ഗൗളിഹിം യൽഅബൂൻ"

"നീ പറയുക: ഒരു പ്രകാശവും മനുഷ്യർക്കുള്ളൊരു മാർഗ്ഗ നിർദ്ദേശവുമായി മൂസാ കൊണ്ടു വന്നതും നിങ്ങൾ ചില കഷ്ണങ്ങളാക്കി വെളിപ്പെടുത്തുന്നതും,അധികവും നിങ്ങൾ മറച്ചു വെക്കുന്നതുമായ ആ ഗ്രന്ഥം ഇറക്കിയത് ആരാണ്?.നിങ്ങൾക്കും നിങ്ങളുടെ പിതാക്കൾക്കും അറിയാതിരുന്നത് നിങ്ങൾക്കു പഠിപ്പിക്കപ്പെട്ടിട്ടുമുണ്ടല്ലോ?നീ പറയുക,"അല്ലാഹു " എന്നിട്ട് നീ അവരെ അവരുടെ ചീത്തമാർഗ്ഗത്തിൽ വിട്ടേക്കു

ക"(6:91) 

ഇതിനു നേരെ വിപരീതമായി മുഅമിനുകളുടെ ജീവിത വഴി എന്താണെന്നു വ്യക്തമാക്കുന്നതു കാണുക:--

وَهَٰذَا كِتَٰبٌ أَنزَلْنَٰهُ مُبَارَكٌ مُّصَدِّقُ ٱلَّذِى بَيْنَ يَدَيْهِ وَلِتُنذِرَ أُمَّ ٱلْقُرَىٰ وَمَنْ حَوْلَهَا ۚ وَٱلَّذِينَ يُؤْمِنُونَ بِٱلْءَاخِرَةِ يُؤْمِنُونَ بِهِۦ ۖ وَهُمْ عَلَىٰ صَلَاتِهِمْ يُحَافِظُونَ ﴿٩٢﴾

" വഹാദാ കിതാബുൻ അൻസൽനാഹു മുബാറകുൻ മുസ്വദ്ദിഖുല്ലദീ ബൈന യദയ്ഹി വലി തുൻദിറ ഉമ്മൽ ഖുറാ വമൻ ഹൗലഹാ വല്ലദീന യുഅമിനൂന ബിൽ ആഖിറത്തി യുഅമിനൂന ബിഹീ വഹും അലാ സ്വലാത്തി ഹിം യുഹാഫിളൂൻ"

"ഈ അനുഗ്രഹീത ഗ്രന്ഥം ഇറക്കിയതും നാമാണ്.അതിന്റെ മുമ്പിലുള്ള ഒന്നിനെ സത്യപ്പെടുത്തുന്നതും നീ അതു മുഖേന ഉമ്മുൽ -ഖുറായിലെ ജനങ്ങളെയും അതിന്റെ ചുറ്റുപാടിലുള്ളവരെയും മുന്നറിയിപ്പു നൽകേണ്ടതിനും വേണ്ടിയുമുള്ള വേദമാകുന്നു. അന്ത്യദിനത്തിൽ വിശ്വസിക്കുന്നവർ ആ ഗ്രന്ഥത്തിൽ വിശ്വസിക്കുന്നു.അവർ അവരുടെ സ്വലാത്തിനെ കാത്തുസൂക്ഷിക്കുകയും ചെയ്യും."(6:92)

നാം മുകളിൽ പറഞ്ഞ സൂറത്തു മർയമിലെ ആയത്തും,അൽ-അഅറാഫിലെയുംഅൽ -അൻആമിലെയും ആയത്തുകളും ശ്രദ്ധിച്ചു പഠിച്ചാൽ പ്രവാചകന്മാരും ,മുഅ മിനുകളും എന്താണ് ചെയ്തതെന്നും,പിൻതലമുറക്കു അവർ എന്താണ് കൈമാറിയുരുന്നതെന്നും,എന്നിട്ടു ആ പിൻതലമുറ എന്താണ് പാഴാക്കുകയും മായം ചേർക്കുകയും, നഷ് ടപ്പെടുത്തിക്കളയുകയും ചെയ്തതെന്നു ബോധ്യമാകും.നാം ഇന്നു ചെയ്തു പോരുന്ന നമസ്കാരമാണോ,അതല്ല ദൈവീക വേദത്തിന്റെ സ്ഥാപനമാണോ അതെന്ന്.ദൈവീക മതത്തിൽ മായം ചേർക്കുക എന്ന പൂർവ്വീക മത നേതാക്കന്മാർ ചെയ്ത അതേ കുറ്റം തന്നെയാണ് നമ്മളും ചെയ്തുകൊണ്ടിരിക്കുന്നത്.ദൈവീക കൽപനകൾക്കു കീഴിൽ നിതിയിൽ അധിഷ്ഠിതമായ സമ്പന്നമായ ഒരു സമൂഹമാണ് ഉണ്ടാകേണ്ടത്. അവർ മനുഷ്യരുടെ അവകാശങ്ങൾ വാതിൽപടിയിൽ കൊണ്ടു പോയിനൽകും. ഈ ഒരു വീക്ഷണത്തെ നാം വെറും ആചാര നമസ്കാരമാക്കിത്തീർത്തു . ഈ നമസ്കാരം കൊണ്ട് ചെയ്യുന്നവനും ഗുണമില്ല. സമൂഹത്തിനും ആവശ്യമില്ല. അല്ലാഹുവിനു വേണോ എന്നറിയില്ല. ഈ ആചാര നമസ്കാരത്തിന്റെ പ്രകടനത്തിനു നാം കാണിക്കുന്ന താല്പര്യത്തിന്റെ ഒരംശംപോലും മറ്റുള്ളവരുടെ അവകാശങ്ങൾ നാം നമ്മുടെ കാൽ കീഴിലിട്ട് ചവിട്ടി അരക്കുമ്പോൾ കാണിക്കുന്നില്ല. എന്തിനധികം പറയുന്നു താടി വെക്കാൻ കാണിക്കുന്ന ആവേശത്തിന്റെ ഒരംശമെങ്കിലും ഇവർ ഖുർആനിനോടും അതിലെ മൂല്ല്യങ്ങളോടും കാണിച്ചിരുന്നെങ്കിൽ !!ഇതു കൊണ്ടു തന്നെയാണ് മനുഷ്യാവകാശങ്ങളുടെ ധ്വംസനം മുസ്ലിം രാജ്യങ്ങളിൽ ഏറ്റവും കൂടുതലായി നടക്കുന്നതും.

## അധ്യായം മാഇദ

ദൈവീക കല്പനകളുടെ വെളിപ്പെടുത്തലും പ്രഖ്യാപനവും അത് നടപ്പാക്കാനുള്ള അങ്ങേയറ്റത്തെ ശ്രമവും നടത്തുക എന്ന സ്വലാത്തിനെ തെറ്റായ രൂപത്തിൽ വ്യാഖ്യാനിക്കാൻ എങ്ങിനെയാണ് നമുക്ക് കഴിഞ്ഞത്. സാമൂഹിക പുരോഗതിക്കുവേണ്ടി അതിന്റെ ഔദ്യോഗികമായ നടപ്പിൽ വരുത്തലാണ് വേണ്ടത്.ദൈവീക ഗ്രന്ഥത്തെ മുറുകെ പിടിക്കുന്ന വിശ്വാസികൾക്ക് അതിന്റെ സംരക്ഷണം മാത്രമല്ല  അതിനെ പ്രവർത്തനരംഗത്ത് കൊണ്ടുവരലും,അതു സമൂഹത്തിൽ നടപ്പിലാക്കാനുള്ള നിരന്തര പോരാട്ടവും ഉണ്ടാവണം. അപ്പോഴേ അതു നടപ്പാക്കികൊണ്ട്  അവർക്ക് വിജയിക്കാൻ കഴിയൂ.സൂറത്തുൽ മാഇദഇലെ ചില വചനങ്ങൾ നമുക്കു പരിശോധിക്കാം. അല്ലാഹു പറയുന്നു.

إِنَّمَا وَلِيُّكُمُ ٱللَّهُ وَرَسُولُهُۥ وَٱلَّذِينَ ءَامَنُواْ ٱلَّذِينَ يُقِيمُونَ ٱلصَّلَوٰةَ وَيُؤْتُونَ ٱلزَّكَوٰةَ وَهُمْ رَٰكِعُونَ ﴿٥٥﴾

"ഇന്നമാ വലിയ്യുകുമുല്ലാഹു വറസൂലുഹു വ ല്ലദീന ആമനു അല്ലദീന .യുഖീമൂന സ്സ്വലാത്ത വ യുഅതൂനസ്സകാത്ത വഹും റാകിഊൻ"

"നിങ്ങളുടെ രക്ഷാധികാരി അല്ലാഹു മാത്രമാകുന്നു. അവന്റെ ദൂതനും സ്വലാത്തിനെ സ്ഥാപിക്കുകയും,സകാത്തിനോടു സഹകരിക്കുകയും,സമർപ്പിക്കുകയും ചെയ്യുന്ന വിശ്വാസികളാരോ അവരും."

വിശ്വാസികളുടെ മൂന്നു സ്വഭാവങ്ങളാണ് അല്ലാഹു പ്രത്യേകമായി എടുത്തു പറയുന്നത്.

1)സ്വലാത്തിന്റെ സ്ഥാപനം
2)പുരോഗതിയും , വളർച്ചയും നൽകുന്ന ജോലി.(സക്കാത്ത്)
3)അവനുവേണ്ടി വീണ്ടും കുനിയുക.

ഈ ആയത്തിലെ ഇഖാമത്ത് സ്വലാത്തു കൊണ്ട് ഇന്നു നാം ചെയ്തുകൊണ്ടിരിക്കുന്ന ആചാര നമസ്കാരം നിർവ്വഹിക്കുകയും  ചെയ്യുക എന്ന അർത്ഥമാണ് നാം നൽകുന്നതെങ്കിൽ ആശയക്കുഴപ്പത്തെയും വിവാദങ്ങളെയുമാണ് നാം അഭിമുഖീകരിക്കേണ്ടി വരിക . തർക്കത്തിനു വേണ്ടി ഒരാൾ പാരമ്പര്യ നമസ്കാരം നിർവ്വഹിക്കലാണ് ഈ വചനത്തിന്റെ അർത്ഥം എന്നു സങ്കൽപിക്കുക.ഇവിടെ വിശദീകരിക്കപ്പെട്ട നമസ്കാരത്തിൽ എത്രയോ പ്രാവശ്യം അവൻ "റുകൂഅ" ചെയ്തുകൊണ്ടേയിരിക്കുന്നു. പിന്നെ ഒരിക്കലും നിറുത്താത്ത എന്ത് " റുകൂഅ" ആണ് വിശ്വാസികൾ ചെയ്യേണ്ടത്.? അപ്പോൾ "വീണ്ടും അവനുവേണ്ടി കുമ്പിടുക" എന്നു പറഞ്ഞതു കൊണ്ട് എന്താണ്

ദൈവീക കല്പനകൾ നടപ്പിലാക്കുക എന്ന അടിസ്ഥാന ലക്ഷ്യത്തെയാണ് നാം "ഇഖാമത്തു സ്സ്വലാത്തു "കൊണ്ടു ഉദ്ദേശിക്കുന്നതെങ്കിൽ ഇവിടെ ഒരു തർക്കത്തിന്റെ യോ വിവാദത്തിന്റേയോ ആവശ്യകത നാം കാണുന്നില്ല.തീർച്ചയായും വിശ്വാസിക ൾ ദൈവീക കൽപനകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തിൽ മാത്രം അവരുടെ ജോ ലി നിർത്താൻ പാടില്ലെന്നും ഈ വ്യവസ്ഥിതിയുടെ കീഴിൽ വരുന്ന എല്ലാ ദൈവീക നിർദ്ദേശങ്ങളെയും അനുസരിക്കുന്നവരും ശ്രദ്ധാലുക്കളും ആവുക എന്നുകൂടി അവരു ടെ കടമയാണെന്നും വരുന്നു.അതായത് ഇഖാമത്തുസ്സ്വലാത്ത് അഥവാ ദൈവീക ക ല്പനകളുടെ സ്ഥാപനത്തോടുകൂടി സാംസ്കാരിക അച്ചടക്കം പാലിക്കുകയും അവന്റെ കൽപനകൾക്കു നിരന്തരമായി വണങ്ങി അനുസരിച്ചു (റുകൂഅ) ജീവിക്കുകയും ചെയ്യു ക.അല്ലാതെ ആചാര നമസ്കാരം അനുഷ്ടിക്കുക,കുമ്പിട്ടു സകാത്തുകൊടുക്കുക, അല്ലെ ങ്കിൽ ആചാര നമസ്കാരം നിർവ്വഹിക്കുക,സകാത്ത് കൊടുക്കുക വീണ്ടും കുമ്പിടുക എ ന്നൊന്നുമല്ല അർത്ഥം.

സൂറത്തുൽ ബഖറ 43ാം വചനത്തിൽ ഇതിനുസമാനമായ ഒരു വചനം കൂടി വന്നത് നമുക്ക് ഒന്നു പരിശോധിക്കാം.

وَأَقِيمُوا الصَّلوةَ وَءَاتُوا الزَّكَوةَ وَارْكَعُوا مَعَ الرَّاكِعِين

“വ അഖീമു-സ്സ്വലാത്ത വ ആതുസ്സക്കാത്ത വർകഊ മഅർറാകിഈൻ"

ഈ വചനത്തിലും സ്വലാത്തിന്റെ സ്ഥാപനത്തിനും സകാത്ത് നൽകിയതിനും ശേ ഷം അല്ലാഹുവിനു അനുസരിക്കുന്നവരുടെ അല്ലെങ്കിൽ റുകൂഅ ചെയ്യുന്നവരുടെ കൂടെ കുമ്പിടാൻ അല്ലാഹു കൽപ്പിക്കുന്നു. ദൈവീക കൽപനകളുടെ സ്ഥാപനത്തിലൂടെയു ള്ള അച്ചടക്കം നിലനിർത്തലാണ് ഇവിടെ അർത്ഥമാക്കുന്നത്.അല്ലാതെ നമസ്കരിക്കു കയും ആ നമസ്കാരത്തിൽ "റുകൂഅ" ചെയ്തതിനു പുറമെ വീണ്ടും റുകൂഅചെയ്യാനല്ല. ഒരു മുഅമിൻ എപ്പോഴും ദൈവീക കൽപനയിലൂടെയുള്ള അച്ചടക്കം സ്ഥാപിക്കാൻ തയ്യാ റുള്ളവനും താൽപര്യമുള്ളവനുമായിരിക്കും.ഈ അച്ചടക്കത്തിന്റെ സംസ്ഥാപനത്തിലൂ ടെ സംസ്കാര സമ്പന്നമായ ഒരു സമൂഹത്തെ അവൻ ഉണ്ടാക്കുകയും ചെയ്യുന്നു. അങ്ങി നെ അനുസരിച്ചു ജീവിക്കുന്ന സമൂഹത്തിന്റെ കൂടെ അനുസരിച്ചു കഴിയാനാണ് അല്ലാ ഹു കൽപിക്കുന്നത്.അല്ലാതെ നമസ്കരിക്കുക അതിൽ തന്നെ യഥേഷ്ടം റുകൂഉം സുജൂ ദും ചെയ്യുക ,പിന്നെ സകാത്ത് കൊടുക്കുക,പിന്നെയും കുമ്പിടുന്നവരെ കൂടെ കുമ്പിടുക എന്നൊന്നുമല്ല ഇവിടെ ഉദ്ദേശിക്കുന്നത്.

ചെറിയ ഒരു ചർച്ചക്കു ശേഷം നമുക്കു വീണ്ടും നമ്മുടെ യഥാർത്ഥ വിഷ യത്തിലേക്കു തിരിച്ചുപോകാം.മാഇദ 56ാം വചനത്തിൽ വിശ്വാസികളുടെ രക്ഷാ

ധികാരികൾ അല്ലാഹുവും അവന്റെ ദൂതന്മാരും മറ്റു വിശ്വാസികളുമാണെന്നു പറഞ്ഞ ശേഷം പറയുന്നു.

وَمَنْ يَتَوَلَّ اللَّهَ وَرَسُولَهُ وَالَّذِينَ ءَامَنُوا فَإِنَّ حِزْبَ اللَّهِ همُ الْغَالبُون

"വമൻ യതവല്ലല്ലാഹ വ റസൂലഹു വല്ലദീന ആമനൂ ഫഇന്നല്ലാഹ ഹുമുൽ ഖാലിബൂൻ"

ഈ വചനത്തിൽ ആര് അല്ലാഹുവിനേയും അവന്റെ ദൂതനേയും വിശ്വാസികളെയും മിത്രമാക്കുന്നുവോ അവരെയാണ് അല്ലാഹുവിന്റെ പാർട്ടി എന്നു അല്ലാഹു വിളിച്ചി രിക്കുന്നത്.ഇതിനുശേഷമാണ് ആരെ നാം മിത്രമാക്കരുതെന്നും,അതിന്റെ കാരണ മെന്താണെന്നും വിശദമാക്കുന്നത്.:-

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَتَّخِذُواْ ٱلَّذِينَ ٱتَّخَذُواْ دِينَكُمۡ هُزُوٗا وَلَعِبٗا مِّنَ ٱلَّذِينَ أُوتُواْ ٱلۡكِتَٰبَ مِن قَبۡلِكُمۡ وَٱلۡكُفَّارَ أَوۡلِيَآءَۚ وَٱتَّقُواْ ٱللَّهَ إِن كُنتُم مُّؤۡمِنِينَ ٥٧

"യാ അയ്യുഹല്ലദീന ആമനൂ ലാതത്തഹിദുല്ലദീന ഇത്തഹദൂ ദീനകും ഹുസുവൻ വ ലഇബൻ മിനല്ലദീന ഊതുൽ കിതാബ മിൻ ഖബ്ലിക്കും വൽകുഫ്ഫാറ അവ് ലിയാഅ വത്തഖുല്ലാഹ ഇൻ കുൻതും മുഅ്മിനീൻ"

നോക്കു ഇവിടെ വേദക്കാരിൽ നിന്നു ഒരു കൂട്ടരെ നമ്മുടെ സുഹൃത്തുക്കളാക്കുന്നതിനെ അല്ലാഹു വിലക്കുന്നു.അവർ നിന്റെ പ്രത്യയശാസ്ത്രത്തെ ഒരു സമയം പോക്കിനും പ രിഹാസത്തിനുമാക്കിത്തീർത്തിരിക്കുകയാണ്.അടുത്ത വചനത്തിൽ അവർ സമയം പോക്കിനും തമാശയായും എടുത്തിരിക്കുന്നത് എന്താണെന്നു വ്യക്തമാക്കുന്നു

وَإِذَا نَادَيۡتُمۡ إِلَى ٱلصَّلَوٰةِ ٱتَّخَذُوهَا هُزُوٗا وَلَعِبٗاۚ ذَٰلِكَ بِأَنَّهُمۡ قَوۡمٞ لَّا يَعۡقِلُونَ ٥٨

"ഇദാ നാദയ്തും ഇലസ്സ്വലാത്തി ത്തഹദൂഹാ ഹുസുവൻ വലഇബൻ ദാലിക ബി അന്നഹും ഖൗമുൻയഅഖിലൂൻ

ഇപ്പോൾ കാര്യം വളരെ വ്യക്തമായി. അതായത് വേദക്കാരിൽ ചിലരും ,അവിശ്വാ സികളും വിശ്വാസികളുടെ പ്രത്യയശാസ്ത്രത്തെ ഒരു കളിതമാശയായും സമയം പോ ക്കായും എടുത്തു.അവരെ ആ ദൈവീക ആശയവുമായി ചേരാനും അടുക്കാനും ക്ഷ ണിച്ചപ്പോൾ അതിനെ അവർ പരിഹസിക്കുകയും തമാശയായി എടുക്കുകയുംചെയ്തു.

അമ്പത്തിയേഴാം വചനത്തിൽ പ്രത്യയശാസ്ത്രം(ദീൻ)എന്നു പറഞ്ഞ അതേ സ്ഥാന ത്തുതന്നെയാണ് ഈ വചനത്തിൽ "അസ്സ്വലാത്തി"ലേക്ക് വിളിച്ചാൽ എന്നു പറ ഞ്ഞത്.

ഈ വചനത്തിൽ എല്ലാ വേദക്കാരേയും ശത്രുക്കളായി കാണണമെന്നു വിശദീകരി

ക്കക വഴി വളരെ വ്യക്തമായ ദുർവ്യാഖ്യാനമാണ് നടത്തിയിട്ടുള്ളത്.ഈ വചനത്തി ൽ വേദക്കാരെ മുഴുവനായും ഉൾക്കൊള്ളിച്ചുകൊണ്ടല്ല അല്ലാഹു പറയുന്നത്. ഈ ദൈ വീക ആശയത്തിനു എതിരായി പ്രവർത്തിക്കുന്ന കുറച്ചു വേദക്കാരെ മാത്രമെ ഇവി ടെ അല്ലാഹു പറഞ്ഞിട്ടൊള്ളൂ.കാരണം ഈ പ്രത്യയശാസ്ത്രം അവരുടെ താല്പര്യങ്ങൾ ക്കു എതിരാണെന്നുള്ളതാണ്.അതുകൊണ്ടു തന്നെയാണ് ഈ ദൈവീക അച്ചടക്ക ത്തെയും അതിൽ വിശ്വസിക്കുന്നവരെയും പരിഹസിക്കുന്നവരെ മിത്രക്കളാക്കേണ്ട തില്ല എന്നു അല്ലാഹു പറഞ്ഞത്.വിശ്വാസികളുടെ സ്വലാത്തിനെ പരിഹസിക്കുക എന്നു പറഞ്ഞാൽ അവരുടെ നമസ്കാരത്തെയല്ല.മറിച്ച് അവരുടെ പ്രത്യയശാസ്ത്രത്തെ യാണ് ഉദ്ദേശം.

നമുക്ക് നേരിട്ട് സൂറത്തുൽ ജുമുഅയിൽ പറയുന്ന കാര്യങ്ങളിലേക്കു പോകാം .സ്വലാത്തിന്റെ അർത്ഥം ആചാര നമസ്കാരം എന്ന അർത്ഥം നല്കിയാൽ സ്വലാത്ത് എന്ന പദത്തിന്റെ അർത്ഥം വ്യക്തമാകുകയില്ല.അല്ലെങ്കിൽ ഏതാനും ആചാരാനുഷ്ഠാനങ്ങൾക്കല്ല സ്വലാത്ത് എന്ന പദം ഉപയോഗിക്കുന്നത്.ഈ അധ്യായത്തിലെ "ഇദാ നൂദിയ ലിസ്സ്വലാത്തി മിൻ യൗമിൽ ജുമുഅ: ഫസ്ഔ ഇലാ ദിക് രില്ലാഹി" (സമ്മേളന ദിവസത്തിൽ സ്വലാത്തിനു വിളിക്കപ്പെട്ടാൽ അല്ലാഹുവിന്റെ അനുസ്മരണത്തിന് നന്നായി പരിശ്രമിക്കുക)എന്നു പറഞ്ഞ വചനം നമുക്കൊന്നു നന്നായി പഠിക്കൽ അത്യാവശ്യമാണ്.

ഈ പ്രപഞ്ചത്തിലെ ആരെല്ലാമാണ് തസ്ബീഹ് എന്ന കൃത്യം നിർവ്വഹിക്കുന്നത് എന്നു വിശദീകരിച്ചുകൊണ്ടാണ് സൂറത്തുൽ ജുമുഅ തുടങ്ങുന്നതു തന്നെ.

يُسَبِّحُ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ ٱلْمَلِكِ ٱلْقُدُّوسِ ٱلْعَزِيزِ
ٱلْحَكِيمِ ١

"യുസബ്ബിഹു ലില്ലാഹി മാഫിസ്സമാവാത്തി വമാ ഫിൽ അർളി അൽമലികിൽ ഖുദ്ദൂസിൽ അസീസിൽ ഹക്കീം"
"ആകാശങ്ങളിലും ഭൂമിയിലുള്ളതുമെല്ലാം അത്യുന്നതനും,പരമ പരിശുദ്ധനും,പ്രതാപവാനും,യുക്തിജ്ഞനുമായ അല്ലാഹുവിനു "തസ്ബീഹ്" ചെയ്തുകൊണ്ടിരിക്കുന്നു."

ദൈവത്തിനു ലോകം മുഴുവൻ "തസ്ബീഹു" ചൊല്ലുന്നു എന്നു പറഞ്ഞതിന്റെ അർത്ഥമെന്താണ്?.ലോകത്ത് ഏതെങ്കിലും വസ്തുക്കൾ ജപമാലയെടുത്ത് "സുബ്ഹാനല്ലാ സുബ്ഹാനല്ലാ "എന്നു ഉരുവിട്ടുകൊണ്ട് തസ്ബീഹു ചൊല്ലുന്നതായി നാം കണ്ടിട്ടില്ല അങ്ങിനെ ആരും അവകാശപ്പെടുന്നുമില്ല.. എന്നാൽ പ്രപഞ്ചത്തിലെ അണു തൊട്ട് ഏറ്റവും വലിയ വസ്തുക്കൾ വരെ അല്ലാഹുവിന്റെ നിയമങ്ങൾക്കനുസൃതമായി നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ് .അപ്പോൾ തസ്ബീഹിന്റെ അടിസ്ഥാന ആശയം എന്നു പറയുന്നത് ദൈവീക നിയമങ്ങൾക്കനുസൃതമായി നിലനിൽക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്. ദൈവീക കൽപനകൾക്കനുസൃതമായിട്ടാണ് ഈ പ്രപഞ്ചത്തിലെ സർവ്വ വസ്തുക്കളും ചലിക്കുന്നതും നിലനിൽക്കുന്നതും. ഇനി രണ്ടാമത്തെ വചനം നോക്കുക

هُوَ ٱلَّذِي بَعَثَ فِي ٱلْأُمِّيِّـۧنَ رَسُولًا مِّنْهُمْ يَتْلُواْ عَلَيْهِمْ ءَايَٰتِهِۦ وَيُزَكِّيهِمْ
وَيُعَلِّمُهُمُ ٱلْكِتَٰبَ وَٱلْحِكْمَةَ وَإِن كَانُواْ مِن قَبْلُ لَفِي ضَلَٰلٍ مُّبِينٍ ٢

“ഹുവല്ലദീ ബഅസ ഫിൽ ഉമ്മിയ്യീന റസൂലൻ മിൻഹും യത് ലൂ അലൈഹിം ആയാതിഹീ വ യുസക്കീഹിം വയുഅല്ലിമുഹുമുൽ കിതാബ വൽ ഹിക്മത്ത വ ഇൻ കാനൂ മിൻഖബ്ലു ലഫീ ളലാലിൽ മുബീൻ"

അറേബ്യയിലെ ജനങ്ങളെ ദൈവീക കൽപനകൾക്കുകീഴിൽ കൊണ്ടു വരുന്നതിനു വേണ്ടി ദൈവീക കൽപനകളും നിർദ്ദേശങ്ങളും കൊണ്ട് ഒരു ദൂതനെ അവർക്ക് നിയോഗിച്ചു.അദ്ദേഹം ഈ ദൈവീക കൽപനകൾ മുഖേന ആ സമൂഹത്തെ അവരുടെ പഴയ വിശ്വാസങ്ങളിൽ നിന്നും സിദ്ധാന്തങ്ങളിൽ നിന്നും ഉയർത്തിക്കൊണ്ടുവരികയും ദൈവീക മാർഗ്ഗനിർദ്ദേശങ്ങളും കൽപനകളും നൽകുകയും ചെയ്തു. അപ്പോൾ പ്രപഞ്ചത്തിലെ ഓരോ അണുവും അവർക്കു ലഭിച്ച മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ചു തസ്ബീഹ് ചെയ്യുമ്പോൾ മനുഷ്യരാകട്ടെ അവർക്കു കിട്ടിയ ഗ്രന്ഥങ്ങൾ മുഖേനയാണ് അതു ചെയ്തുകൊണ്ടിരിക്കുന്നത്. അവരെ സംസ്കരിക്കാനും ഉയർത്തികൊണ്ടുവരാനും ഒരു പ്രവാചകനെ നിയമിച്ചതിലൂടെ അല്ലാഹു അവരെ അനുഗ്രഹിച്ചിരിക്കുകയാണ് .അതാണ്അല്ലാഹു പറയുന്നത്.:-

وَءَاخَرِينَ مِنْهُمْ لَمَّا يَلْحَقُوا۟ بِهِمْ ۚ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٣﴾

“വ ആഖരീന മിൻഹും ലമ്മാ യൽഹക്കു ബിഹിം, വ ഹുവൽ അസീസുൽ ഹക്കീം. ദാലിക ഫള് ലുള്ളാഹി യുഅതീഹി മൻ യഷാഉ വല്ലാഹു ദുൽ ഫള് ലിൽ അളീം"

“അവരിൽ നിന്നു തങ്ങളോടു ചേരാതിരുന്ന മറ്റു ചിലരെയും ഉയർത്തെഴുന്നേൽപിച്ചവൻ, അവൻ പ്രതാപിയും യുക്തിമാനുമാണ്. അത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അത് ഉദ്ദേശിക്കുന്നവർക്കു അവൻ നൽകുകയാണ്,അല്ലാഹു മഹത്തായ അനുഗ്രഹവാനാണല്ലോ?”

തസ്ബീഹിനെക്കുറിച്ചും ഗ്രന്ഥത്തെക്കുറിച്ചും പറഞ്ഞശേഷം വേദക്കാരുടെ ഒരു ഉദാഹരണം കൂടി പറയുന്നു..അതായത് വേദക്കാർക്ക് തൗറാത്ത് നൽകിയിട്ടും അവർ , ഒരു കഴുത അതിന്റെ പുറകിൽ ഏടുകൾ ചുമന്നതുപോലെയാണ് വേദത്തോട് ചെയ്തത് എന്നും പറയുന്നു.തീർച്ചയായും ഇന്നു ലോകം ദൈവീക വചനങ്ങളോടു ഈ ഒരു സമീപനമാണ് സ്വീകരിക്കുന്നത്.

مَثَلُ ٱلَّذِينَ حُمِّلُوا۟ ٱلتَّوْرَىٰةَ ثُمَّ لَمْ يَحْمِلُوهَا كَمَثَلِ ٱلْحِمَارِ يَحْمِلُ أَسْفَارًۢا ۚ بِئْسَ مَثَلُ ٱلْقَوْمِ ٱلَّذِينَ كَذَّبُوا۟ بِـَٔايَـٰتِ ٱللَّهِ ۚ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّـٰلِمِينَ ﴿٥﴾

“മഥലുല്ലദീന ഹുമ്മിലുത്തൗറാത്ത സുമ്മ ലം യഹ്മിലൂഹാ കമഥലിൽ ഹിമാറ യഹ്മിലു അസ്ഫാറൻ ബിഅ്സ മഥലുൽ ഖൗമില്ലദീന കദ്ദബൂ ബി ആയാത്തില്ലാഹി വല്ലാഹു ല് യഹ്ദിൽ ഖൗമ ള്ളാലിമീൻ  ഖുൽ യാ അയ്യുഹല്ലദീന ഹാദൂ ഇൻ സഅമ് ത്തും അന്നക്കും ഔലിയായ ലില്ലാഹി മിൻ ദൂനിന്നാസി ഫതമന്നവുൽ മൗത ഇൻ കുന്തും സ്വാദിഖീൻ വലാ യതമന്നൗനഹു അബദൻ ബിമാ ഖദ്ദമത്ത് അയ്ദീഹിം വല്ലാഹു അലീമുൻ ബിള്ളാലിമീൻ"

“തൗറാത്ത് ഏൽപിക്കപ്പെടുകയും പിന്നീട് അത് ഏൽക്കാതിരിക്കുകയും ചെയ്തവരു

ടെ അവസ്ഥ മഹാഗ്രന്ഥങ്ങൾ വഹിക്കുന്ന കഴുതയുടെ അവസ്ഥ പോലെയാണ് അല്ലാഹുവിന്റെ വചനങ്ങൾ നിഷേധിച്ചവരുടെ അവസ്ഥ എത്രയോ മോശമാണ്. അല്ലാഹു അതിക്രമികളായ ജനതയെ സൻമാർഗ്ഗികളാക്കുന്നവനുമല്ല.നീ പറയുക "ഹേ ജൂദരേ, മനുഷ്യരെ കൂടാതെ നിങ്ങൾ തന്നെയാണ് അല്ലാഹുവിന്റെ മിത്രങ്ങളെന്നു വാദിക്കുന്നുവെങ്കിൽ നിങ്ങൾ സത്യവാദികളാണെങ്കിൽ മരണത്തെ നിങ്ങളൊന്നു കൊതിക്കുവീൻ "എന്നാൽ അവർ മുമ്പു പ്രവർത്തിച്ചുവെച്ചതു നിമിത്തം അവർ ഒരിക്കലും അത് കൊതിക്കുകയില്ല.അക്രമിളെക്കുറിച്ചു അല്ലാഹു നന്നായി അറിയുന്നവനാണല്ലോ?"

ജൂദരുടെ ഉദാഹരണം പറഞ്ഞ ശേഷം ഒരിക്കൽകൂടി അല്ലാഹു വിശ്വാസികളിലേക്കു തിരിഞ്ഞുകൊണ്ട് അഭിസംബോധന ചെയ്യുന്നു.:--

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا نُودِىَ لِلصَّلَوٰةِ مِن يَوْمِ ٱلْجُمُعَةِ فَٱسْعَوْا۟
إِلَىٰ ذِكْرِ ٱللَّهِ وَذَرُوا۟ ٱلْبَيْعَ ۚ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ﴿٩﴾

"യാ അയ്യുഹല്ലദീന ആമനൂ ഇദാ നൂദിയ ലിസ്സ്വലാത്തി മിൻ യൗമിൽ ജുമുഅഃഫസ്ഔ ഇലാ ദിക് രില്ലാഹി വദറുൽ ബൈഅ ദാലിക്കും ഖൈറുല്ലക്കും ഇൻകുൻതും തഅലമൂൻ"

"ഓ വിശ്വാസികളെ നിങ്ങൾ സമ്മേളന ദിവസം വിളിക്കപ്പെട്ടാൽ ദൈവത്തിന്റെ ദിക്റിനുവേണ്ടി "നിങ്ങൾ സഅയ്"ചെയ്യുക (സഅയ് എന്നു പറഞ്ഞാൽ അദ്ധ്വാനിക്കുക.പരിശ്രമിക്കുക,ചുറ്റം ഓടുക എന്നൊക്കെയാണ്) നിങ്ങളുടെ കച്ചവടം ഉപേക്ഷിക്കുകയും ചെയ്യുക.നിങ്ങൾ അതിന്റെ സത്തയെക്കുറിച്ച് അറിയുന്നവരാണെങ്കിൽ അതാണ് നിങ്ങൾക്കു നല്ലത്" . സഅയ്(سَعْيٌ)എന്നത് ഇന്നു നാം നമസ്കാരത്തിനു പോകുന്ന രീതിക്കല്ല.നല്ലവണ്ണം അദ്ധ്വാനിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നതിനാണ് ഈ പദം സാധാരണ ഉപയോഗിക്കാറുള്ളത്.

ഇവിടെ വിശ്വാസികളോട് ഈ വചനങ്ങളിലൂടെ നിർദ്ദേശിക്കുന്നത് അവരുടെ മുൻജോലികളൊക്കെ ഒഴിവാക്കി ഒരു ലക്ഷ്യത്തിനു വേണ്ടി സമ്മേളിക്കാനാണ്. അങ്ങിനെ എപ്പോഴാണോ സ്വലാത്ത് അംഗീകരിക്കുന്നത് അതായത് ദൈവീക കൽപനകൾക്കനുസരിച്ചുള്ള തീരുമാനം(قُضِيَ decision) ഉണ്ടാകുന്നത് അപ്പോൾ ഭൂമിയിൽ പരക്കുകയും അല്ലാഹുവിന്റെ കൽപനകളെക്കുറിച്ചു ധാരാളമായി ഓർക്കുകയും ചെയ്യുന്നതിലൂടെ ഉന്നതവും ക്ഷേമകരവുമായ ഒരു സമൂഹമായിത്തീരാനും നിങ്ങൾക്കു സാധിക്കും എന്നുമാണ് അല്ലാഹു പറയുന്നത്.

ദയവു ചെയ്ത് അടുത്ത വചനം കൂടി ഒന്നു ശ്രദ്ധിച്ചു പഠിക്കുക.അല്ലാഹു പറയുന്നു:--

وَإِذَا رَأَوْا۟ تِجَٰرَةً أَوْ لَهْوًا ٱنفَضُّوٓا۟ إِلَيْهَا وَتَرَكُوكَ قَآئِمًا ۚ قُلْ مَا عِندَ ٱللَّهِ خَيْرٌ مِّنَ ٱللَّهْوِ وَمِنَ ٱلتِّجَٰرَةِ ۚ وَٱللَّهُ خَيْرُ ٱلرَّٰزِقِينَ ﴿١١﴾

"വ ഇദാ റഅഔ തിജാറതൻ ഔ ലഹ് വൻ ഇൻഫള്ളൂ ഇലയ്ഹാ വ തറകൂക ഖായിമൻ ഖുൽ മാ ഇൻദല്ലാ ഹി ഖൈറൻ മിനല്ലഹ് വി വ മിനത്തിജാറതി വല്ലാഹു ഖൈറുർറാസിഖീൻ"

"അവർ വല്ല കച്ചവടമോ വിനോദമോ കണ്ടാൽ നിന്നെ നില്കുന്നവനായി ഉപേക്ഷിച്ച് അതിലേക്ക് ഒഴുകുകയും ചെയ്യുന്നു.നീ പറയുക അല്ലാഹുവിങ്കലുള്ളത് കച്ചവടത്തേക്കാളും വിനോദത്തേക്കാളും ഉത്തമമാണ്. അല്ലാഹു ദാതാക്കളിൽ ഉത്തമനുമാണ്"

ഇവിടെ നമസ്കാരമാണ് സ്വലാത്തുകൊണ്ടു ഉദ്ദേശമെങ്കിൽ നമുക്ക് വിശ്വസിക്കാൻ കഴിയാത്ത ലോക പൊള്ളത്തരമാണത്. ഒരു രണ്ടു മിനിറ്റിനുവേണ്ടി വല്ല വിനോദമോ കച്ചവടമോ കാണുമ്പോഴേക്കും നബിയെ നമസ്കാരത്തിൽ അദ്ദേഹത്തിന്റെ അനുചരന്മാർ ഇട്ടേച്ചുപോയി എന്നത്. ഈ കാലഘട്ടത്തിൽ നമ്മുടെ യുവതലമുറ പോലും ഈ രൂപത്തിൽ പ്രവർത്തിക്കില്ല.വളരെ പ്രധാനപ്പെട്ട വല്ല ക്രിക്കറ്റു മൽസരവും നടക്കുന്ന സമയത്ത് ജുമുഅ നമസ്കാരത്തിനു ബാങ്കു കേട്ടാൽ നമസ്കാരത്തിനു ഓടിവന്ന് പങ്കെടുത്തു പോകുന്നതായി നമുക്കു കാണാൻ കഴിയും.പിന്നെ എങ്ങിനെയാണ് പ്രവാചകനായ മുഹമ്മദു നബിയെ നമസ്കാത്തിൽ ഒറ്റക്കിട്ടേച്ചുകൊണ്ട് അദ്ദേഹത്തിന്റെ അനുചരന്മാർ ഓടിപ്പോയി എന്നു പറഞ്ഞാൽ വിശ്വസിക്കുക?

ഇവിടെ മീറ്റിംഗ് സംഘടിപ്പിക്കപ്പെട്ടിരിക്കുന്നത് നമസ്കാരത്തിനു വേണ്ടിയല്ല . അതല്ല ഇവിടെ ഉദ്ദേശിക്കുന്നത്.അതായത് സ്വലാത്തിന്റെ സ്ഥാപനമാണ് ഉദ്ദേശം. ദൈവീകമായ ശിക്ഷണമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. .ഇവിടെ "ഇദാ ഖുളിയത്തിസ്സ്വലാത്തു"(إِذَا قُضِيَتِ الصَّلوة)എന്നു പറഞ്ഞാൽ"സ്വലാത്ത് തീരുമാനിക്കപ്പെട്ടാൽ"(decided) എന്നാണ്.ഖുളിയ എന്ന പദത്തിനാണ് തീരുമാനം എന്ന അർത്ഥം നാം നൽകിയിട്ടുള്ളത്. ഖുർആനിലും ഭാഷയിലും ഈ പദം വന്ന സ്ഥലങ്ങൾ ഒന്നു പരിശോധിക്കുക. ഖുളിയ എന്ന പദം കർമ്മണി പ്രയോഗമാണ് (passive verb) അതായത് നിങ്ങൾ നമസ്കരിച്ചു കഴിഞ്ഞാൽ .(فَإِذَاقَضَيْتُمُ الصَّلوةَ) എന്നാണ് അല്ലെങ്കിൽ പറയുക. ഇവിടെ സ്വലാത്ത് എന്ന പദം(നായിബ് ഫാഇല് نَائِب فَاعِل) ആണ്. ഈ കാരണത്താൽ ചില മീറ്റിങ്ങുകളിൽ ചിലപ്പോൾ മണിക്കൂറുകൾ നീണ്ടു പോകുകയും,ചില അനുചരന്മാർ വരാതിരിക്കുകയും ചെയ്യാം. .അതുകൊണ്ടാണ് നിങ്ങളുടെ കച്ചവടത്തേക്കാളും വിനോദത്തിനു സമയം കളയുന്നതിനേക്കാളും പ്രധാനപ്പെട്ടതാണ് ഈ മീറ്റിങ്ങ് എന്നാണ് വ്യക്തമാക്കുന്നത്.ഇവിടെ സ്വലാത്തിന് നമസ്കാരം എന്ന അർത്ഥം നല്കിയാൽ സ്വലാത്തിനെ വികൃതമയി ചിത്രീകരിക്കുകയാണ് ചെയ്യുന്നത്.ദൈവീക ശിക്ഷണമാണ് ഇവിടെ ഉദ്ദേശം. ഈ അധ്യായത്തിന്റെ രത്നച്ചുരുക്കം ഒന്നുകൂടി നമുക്കു നോക്കാം.

ഈ  പ്രബഞ്ചത്തിലെ സർവ്വവസ്തുക്കളുടെയും  "തസ്ബീഹ്" വിവരിച്ച ശേഷം പ്രവാചകന്റെ ഉത്തരവാദിത്വം വിവരിക്കുന്നു.അതായത് ദൈവീക കൽപനകളുടെ അദ്ധ്യാപനവും,ദൈവീക കൽപനകൾ മുഖേനയുള്ള സംസ്കരണവുമാണ് വിവരിക്കുന്നത് .ദൈവീക കല്പനകളെ തെറ്റായ രീതിയിൽ സമീപിക്കുകയും അതിനെ തള്ളിക്കളയുകയും ചെയ്ത ഒരു സമൂഹത്തിന്റെ ഉദാഹരണവും എടുത്തു പറഞ്ഞു. അതിനു ശേഷം വിശ്വാസികളോട് സ്വലാത്തിനു വിളിക്കപ്പെട്ടാൽ കച്ചവടം ഒഴിവാക്കാനും,ദൈവീക കൽപനളുടെ സ്ഥാപനത്തിനുവേണ്ടി പരിശ്രമിക്കുവാനും ഉപദേശിക്കുന്നു.

സ്വലാത്തിനുവേണ്ടി അവരെ ക്ഷണിക്കുമ്പോൾ ആ സ്വലാത്ത് തന്നെയാണ്  പ്രപഞ്ചത്തിലെ സർവ്വ വസ്തുക്കളും ജീവജാലങ്ങളും ചെയ്തുകൊണ്ടിരിക്കുന്നതെന്നും ,വേദക്കാരോട് തൗറാത്തിൽ ഇതു തന്നെയാണ് ആവശ്യപ്പെട്ടിരുന്നതെന്നും വ്യക്തമാക്കുന്നു.ഖുർആൻ വിവരിക്കുന്നതും ആ ദൈവീക കൽപനകൾ തന്നെയാണ്.ഈ ഉദ്ദേശത്തിനുവേണ്ടി തന്നെയാണ് പ്രവാചകനോടു കൽപിക്കുന്നതും"യുഅല്ലിമുഹുമുൽ കിതാബ വൽ ഹിക്മത്ത"(يُعَلِّمُهُمُ الْكِتَابَ وَالْحِكْمَة)(അവരെ വേദവും യുക്തിയും പഠിപ്പിക്കുന്നതിന്) ഇതാണ് ഈ അധ്യായത്തിന്റെ മുഴുവൻ കേന്ദ്ര ആശയം.മുൻ സമൂഹം ദൈവീക കൽപനകളെ, കഴുത തന്റെ മുതുകിൽ ഏടുകൾ ചുമന്നതുപോലെയാക്കിത്തീർത്തു.അതായത് ദൈവീക കൽപനകളെ തെറ്റായി സമീപിച്ചു. ആ തെറ്റ് ഒരിക്കലും നിങ്ങളിൽ നിന്നുണ്ടാകരുത്.പ്രവാചകൻ നിങ്ങൾക്കിടയിലുണ്ട്. അദ്ദേഹം എപ്പോൾ നിങ്ങളെ സ്വലാത്തിനു വിളിക്കുന്നുവോ അഥവാ ദൈവീക കൽപനകളുടെ പഠനത്തിനു വിളിക്കുന്നുവോ,അപ്പോൾ തീർച്ചയായും നിങ്ങൾ അതിനു കൃത്യമായി പങ്കെടുക്കാൻ അദ്ദേഹത്തിന്റെ അടുത്തേക്കു ചെല്ലണം.

## അധ്യായം "അൽ-കൗസർ

إِنَّآ أَعْطَيْنَـٰكَ ٱلْكَوْثَرَ ﴿١﴾
فَصَلِّ لِرَبِّكَ وَٱنْحَرْ ﴿٢﴾
إِنَّ شَانِئَكَ هُوَ ٱلْأَبْتَرُ ﴿٣﴾

"ഇന്നാ അഅത്വയ്നാക്കല കൗതർ ഫസ്വല്ലി ലി റബ്ബിക്ക വൻഹർ ഇന്ന ശാനിഅക്ക ഹുവൽ അബ്തർ"

"നിനക്കു ഞാൻ "കൗസർ" നൽകിയിരിക്കുന്നു.അതുകൊണ്ടു നീ നമസ്കരിക്കുകയും ബലിഅറുക്കുകയും ചെയ്യുക.നിന്റെ ശത്രുതന്നെയാണ് നശിച്ചവൻ"

ചെറിയ ചില വ്യത്യാസങ്ങളോടുകൂടി നിലവിലുള്ള പരിഭാഷകരൊക്കെ എഴുതിയഅർത്ഥമാണ് മുകളിൽ കൊടുത്തത്.
പാരമ്പര്യ ഗ്രന്ഥങ്ങളിൽ കൗസറിനെക്കുറിച്ച് നമ്മുടെ ബുദ്ധിക്ക് യാതൊരു ഉപകാരവും ചെയ്യാത്ത ഒരുപാട് വ്യാഖ്യാനങ്ങളുണ്ട്.അവയെല്ലാം തന്നെ സ്വയം വൈരുദ്ധ്യങ്ങൾ നിറഞ്ഞതാണ്.നമ്മെ സംബന്ധിച്ച് ഖുർആൻ എന്ന ഒരു ഹദീസു മാത്രമെ സത്യമായിട്ടൊള്ളൂ എന്നു പറയാൻ കഴിയും ബാക്കിയുള്ളതെല്ലാം നുണകളെ അടിസ്ഥാനമാക്കിയുള്ളതാണ്.കാരണം കൗസറിന് വ്യത്യസ്ഥ പേരുകൾ നബി നൽകുക എന്നത് തന്നെ അസംഭവ്യമായ കാര്യമാണ്.

ദൈവീകമായ വഴിയുലൂടെ നമ്മുടെ പ്രവാചകനു കിട്ടിയ അത്യുന്നതമായ അനുഗ്രഹമാണ് അതെന്നു നമുക്കു നന്നായി അറിയാം.ആ അനുഗ്രഹമാണ് ഖുർആനിന്റെ രൂപത്തിൽ നമ്മോടൊപ്പമുള്ളത്. അതിന്റ ഒരു പ്രായോഗികമായ രൂപമാണ് ഉന്നതവും സംസ്കാരത്തിലധിഷ്ഠിതവുമായ ഒരു സമൂഹം.

ഇവരുടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം ദൈവം പറയുന്നത് സ്വലാത്ത് ചെയ്യുകയും "നഹർ" ചെയ്യുകയും ചെയ്താൽ നിങ്ങളുടെ ശത്രു നശിക്കുമെന്നാണ്.ശത്രു നശിക്കുക എന്നു പറഞ്ഞാൽ ശാരീരികമായി അവൻ ഇല്ലാതാവും എന്നല്ല . അവന്റെ ആശയം നശിക്കും എന്നാണ് ഉദ്ദേശിക്കുന്നത്. എന്നാൽ നമസ്കാരം നിർവ്വഹിക്കുന്നതിലൂടെയും മൃഗങ്ങളെ അറുക്കുന്നതിലൂടെയും നബിയുടെ ശത്രുക്കൾ നശിക്കുമോ?വാലറ്റവനാകുമോ? ഒരിക്കലും ഇല്ല. ഇന്ന് മുസ്ലിംകളുടെ ശത്രുക്കളെ നമസ്കരിച്ചും,മൃഗങ്ങളെ അറുത്തും നശിപ്പിക്കുവാൻ സാധിക്കുമോ? ഇല്ല ഒരിക്കലും സാധ്യമല്ല.

അവിശ്വാസികൾ--അത് നബിയുടെ കാലത്തായാലും,ഇന്നത്തെ കാലത്താണെങ്കിലും---നമസ്കരിച്ചതുകൊണ്ടോ,മൃഗബലി നടത്തിയതുകൊണ്ടോ നശിക്കുമോ? അങ്ങിനെയാണെങ്കിൽ എന്തുകൊണ്ട് നമ്മുടെ നബിയുടെ ജീവിതത്തിൽ ഒരുപാട് പ്രയാസങ്ങളും, ദുരിതങ്ങളും അനുഭവിക്കേണ്ടിവന്നു?അതുപോലെ അറബ് സമൂഹം എന്തുകൊണ്ട് യഥേഷ്ടം നമസ്കരിച്ചിട്ടും,ലക്ഷക്കണക്കിനു മൃഗങ്ങളെ അറുത്തു തള്ളിയിട്ടും ഇപ്പോഴും ലോകത്ത് അധീനപ്പെടുത്തപ്പെട്ടവരായി ഇവർ ജീവിക്കേണ്ടി വരുന്നു.

അപ്പോൾ സ്വലാത്തിന്റെ അർത്ഥം നാം മുമ്പ് വിവരിച്ചതുപോലെ ദൈവീക കൽപനയിലൂടെ അച്ചടക്കവും,ശിക്ഷണവും ലഭിച്ചതുമായ ഒരു സമൂഹത്തിന്റെ സൃഷ്ടിപ്പാണ് വേണ്ടത്.അതിനെതിരെ വരുന്ന കാര്യങ്ങളെ പ്രതിരോധിക്കാനും,തടയാനുമുള്ള നമ്മുടെ നിലനില്പാണ് നഹർ എന്നതുകൊണ്ടു ഉദ്ദേശിക്കുന്നത്. അച്ചടക്കമുള്ളതും,ശിക്ഷണം ലഭിച്ചതും,നിയന്ത്രിതവുമായ ഒരു സമൂഹത്തിനല്ലാതെ ശത്രുക്കളെ പ്രതിരോധിക്കാൻ കഴിയില്ല.ഒരു സമൂഹത്തിന് ,ദുർബലമായ പ്രത്യയശാസ്ത്രം കൊണ്ടോ, ശക്തികൂടാതെയോ തങ്ങളുടെ തല ലോകത്തിനു മുമ്പിൽ ഉയർത്തിപിടിക്കാൻ കഴിയില്ല.

ഒരു ഉന്നതമായ സമൂഹത്തെ ഉണ്ടാക്കാൻ വളരെ സുദൃഢമായ ഒരു പ്രത്യയശാസ്ത്രം അടിസ്ഥാനമായി ആവശ്യമാണ്.ഉറച്ച ഒരു പ്രത്യയശാസ്ത്രം മാത്രം പോര.മറിച്ച് ആ പ്രത്യയശാസ്ത്രത്തെ നിരന്തരം പിന്തുടരുന്ന ആളുകളും ഉണ്ടായിരിക്കണം. അത്യുന്ന തമായ ഈ ആശയം എല്ലാവർക്കും നൽകുകയും(ഫസ്വല്ലി ലി റപ്പിക്ക) അതിന്റെ പ്രതിരോധത്തിനുവേണ്ടി ജാഗ്രരാവുകയും(വൻഹർ to stand up in resistance)ഉണർന്നിരിക്കുകയുമാണ് നാം ചെയ്യേണ്ടത്.അതിനുവേണ്ടിയാണ് ദൈവീകമായ ഒരുപ്രത്യയശാസ്ത്രം നിനക്കു നാം നൽകിയരിക്കുന്നത് എന്നാണ് അല്ലാഹു പറയുന്നത്.

അപ്പോൾ തീർച്ചയായും ശത്രുക്കൾ നശിക്കും എന്നതിൽ ഒരു സംശയവും വേണ്ട. വിശ്വാസികളാൽ സ്ഥാപിതമായ ഉന്നമായ ഒരു ജനത.അവരാകട്ടെ ദൈവീകമായ പ്രത്യശാസ്ത്രത്തിലാണ് വിശ്വസിക്കുന്നതുമെങ്കിൽ സ്വാഭാവികമായും അതിന്റെ ശത്രുക്കളിൽ ആ പ്രത്യയശാസ്ത്രം സ്വാധീനിക്കാതിരിക്കില്ല. അങ്ങിനെ ഈ ഉന്നതമായ പ്രത്യയശാസ്ത്രം അതിന്റെ എതിരാളിൽ തന്നെ സ്വാധീനിക്കുകയും അവർ ഈ ഉന്നതമായ പ്രത്യയശാസ്ത്രത്തിലേക്കു കടന്നു വരികയും ചെയ്യും.സൂറത്തുന്നസ് റിൽ ആ കടന്നു വരലാണ് നാം കണ്ടത്

ഖുർആൻ പഠിക്കുക! പിന്തുടരുക! സംസ്കാര സമ്പന്നരാവുക!

## വുളുവിനെ സംബന്ധിച്ച സത്യം

സൂറത്തു അന്നിസാഇൽ 43 ാം വചനത്തിൽ അല്ലാഹു പറയുന്നു

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَقْرَبُوا۟ ٱلصَّلَوٰةَ وَأَنتُمْ سُكَٰرَىٰ حَتَّىٰ تَعْلَمُوا۟ مَا تَقُولُونَ وَلَا جُنُبًا إِلَّا عَابِرِى سَبِيلٍ حَتَّىٰ تَغْتَسِلُوا۟ ۚ وَإِن كُنتُم مَّرْضَىٰٓ أَوْ عَلَىٰ سَفَرٍ أَوْ جَآءَ أَحَدٌ مِّنكُم مِّنَ ٱلْغَآئِطِ أَوْ لَٰمَسْتُمُ ٱلنِّسَآءَ فَلَمْ تَجِدُوا۟ مَآءً فَتَيَمَّمُوا۟ صَعِيدًا طَيِّبًا فَٱمْسَحُوا۟ بِوُجُوهِكُمْ وَأَيْدِيكُمْ ۗ إِنَّ ٱللَّهَ كَانَ عَفُوًّا غَفُورًا ﴿٤٣﴾

യാ അയ്യുഹല്ല ദീന ആമനൂ ലാ തഖ്റബൂ അസ്സ്വലാത്ത വ അൻതും സുകാറാ ഹത്താ തഅലമൂ മാ തഖൂലൂന വലാ ജുനുബൻ ഇല്ലാ ആബിരീ സബീലിൻ ഹത്താ തഗ്തസിലൂ വ ഇൻ കുൻതും മർളാ അവ് അലാ സഫരിൻ ഔ ജാഅ അഹദുൻ മിനൽ ഗായിത്തി ഔ ലാമസ്തുമുന്നിസാഅ ഫലം തജിദൂ മാഅൻ ഫതയമ്മമൂ സ്വഈദൻ ത്വയ്യിബൻ ഫം സഹൂ ബി വുജൂഹിക്കും വഅയ്ദിയക്കും ഇന്നല്ലാഹ കാന അഫുവ്വൻ ഗഫൂറാ)

(ഓ വിശ്വസിച്ചിരുന്നവരെ ,നിങ്ങൾ ഉന്മത്തരായിരിക്കെ നിങ്ങൾ പറയുന്നതെന്തെന്നു നിങ്ങൾ അറിയുന്നതുവരെയും മലീമസരായിക്കൊണ്ട്--വഴി താണ്ടുന്നവരൊഴിച്ച് --കുളിക്കുന്നതുവരേയും,നമസ്കാരത്തോടു അടുക്കരുത്.ഇനി നിങ്ങൾ രോഗികളാവുകയോ,യാത്രയിലാവുകയോ,നിങ്ങളിൽ നിന്നു ആരെങ്കിലും മലമൂത്ര വിസർജന സ്ഥലത്തു നിന്നു വരികയോ,സ്ത്രീകളുമായി പരസ്പരം സ്പർശിക്കുകയോ ചെയ്താൽ അനന്തരം നിങ്ങൾക്ക് വെള്ളം കിട്ടിയതുമില്ലെങ്കിൽ നല്ലൊരു ഭൂപ്രദേശം ആരായുകയും ,എന്നിട്ട് നിങ്ങളുടെ മുഖങ്ങളും കൈകളും തുടക്കുകയും ചെയ്യുവീൻ. തീർച്ചയായും അല്ലാഹു വളരെ മാപ്പാക്കുന്നവനും,വളരെ പൊറുക്കുന്നവനുമാകുന്നു.)

(ചെറിയ വ്യത്യാസത്തോടു കൂടിയാണെങ്കിലും നിലവിലുള്ള പരിഭാഷകർ പറഞ്ഞു പോരുന്ന അർത്ഥമാണിത്.)

ഇവർ ഈ ആയത്തിന്റെ വിശദീകരണത്തിൽ പറയുന്നത് ഈ ആയത്തിന്റെ പരാമർശ വിഷയം വുളുവും ആചാര നമസ്കാരവുമാണെന്നാണ് .വുളുവിന്റെ ഒരു സാധാരണ രൂപമാണ് ഇവിടെ പറയുന്നത് എന്നാണ് ഇവർ അവകാശപ്പെടുന്ന മറ്റൊരു കാര്യം .. കുനിഞ്ഞും(റുകൂഅ) സാഷ്ടാംഗം ചെയ്തും(സുജൂദ്)നമസ്കരിക്കുക എന്ന സങ്കൽപത്തിൽ നിന്നാണ് അവർ വുളു തെളിയിക്കുന്നത്.പക്ഷെ ഈ വചനത്തിന്റെ സന്ദർഭം ഒന്നു നാം സൂക്ഷ്മ പഠനം നടത്തിയാൽ നമസ്കാരവും കാണാൻ കഴിയില്ല.വുളുവും കാണാൻ കഴിയില്ല.

### തെളിവു ഒന്ന്:-

ദയവു ചെയ്തു "ലാ തഖ്റബൂ അ-സ്സ്വലാത വ അന്തും സുകാറാ ഹത്താ തഅലമൂ മാ തഖൂലൂന "എന്ന ദൈവീക വചനം ഒന്നു ശ്രദ്ധിക്കുക.(നിങ്ങൾ കള്ളു കുടിച്ചു കൊണ്ട്

നിങ്ങൾ പറയുന്നതെന്തെന്ന് വ്യക്തമാകുന്നതുവരെ സ്വലാത്തിനോട് നിങ്ങൾ അടുക്ക രുത്.)

ഇവിടെ നമസ്കരിക്കുന്നവൻ ഒരിക്കലും കള്ളുകുടിക്കുകയില്ലല്ലോ? എന്നു നാം ചോ ദിച്ചാൽ ഉടനെ അത് മുമ്പ് അനുവദിച്ചിരുന്നു എന്നും പിന്നീട് ആ അനുവാദം ദുർബ ലപ്പെടുത്തുകയുമാണ് ചെയ്തത് എന്നുമായിരിക്കും ഇവർ മറുപടി പറയുക.

ദൈവത്തിന്റെ വചനങ്ങൾ ഓരോന്നും ദിനം പ്രതി ദുർബലപ്പെടുത്തുക എന്നത് വള രെ അതിശയം തന്നെ.കാരണം അല്ലാഹു പറയുന്നു.''ലാ യുബദ്ദലു അൽ-ഖൗല ലദ യ്യ വമാ അന ബി ളല്ലാമിൻ ലിൽ അബീദ്''ഒരു വചനവും മാറ്റപ്പെടുകയില്ല എന്നാണ് അല്ലാഹു പറയുന്നത്. രണ്ട് അന്നത്തെ അറബികൾക്കു കൊടുത്ത ആ അനുവാദം എന്തുകൊണ്ട് ഇന്നത്തെ അവിശ്വാസികൾക്കു ഇവർ നൽകുന്നില്ല.?അതായത് മെല്ലെ മെല്ലെ കള്ളുകുടി നിർത്തിയാൽ മതി എന്ന അനുവാദം?

**തെളിവു രണ്ട്:-**

അല്ലാഹുവിന്റെ വചനം എതാണ്? അത് എത്രയുണ്ട് ?എന്നു തീരുമാനിക്കാനുള്ള അ വകാശം ആർക്കാണ്.നൂറ്റാണ്ടുകൾ കഴിഞ്ഞുവന്ന ചില ആളുകൾക്കോ ? അതോ ഇത് അവതരിപ്പിച്ച അല്ലാഹുവിനോ? ദുർബലപ്പെടുത്തപ്പെട്ട വചനങ്ങളുടെ ചരിത്രം നാം പരിശോധിച്ചാൽ ഇവ ദുർബലപ്പെടുത്തപ്പെട്ടിരിക്കുന്നത് ഏകദേശം ഒരേ സമ യത്താണ് എന്നു നമുക്ക് കാണാൻ സാധിക്കും.മറ്റൊരാൾ വേറൊരു അവസരത്തിൽ വരിക എന്നിട്ട് വീണ്ടും ദുർബലപ്പെടുത്തുക.അവന്റെ വചനങ്ങൾ ഒരിക്കലും ദുർബല പ്പെടുത്താൻ ആർക്കും അവകാശമില്ല .മാത്രമല്ല ഇവർ ദൈവീക വചനങ്ങളെ തരം തിരിച്ചതിലുമുണ്ട് ആകെ ഒരു പൊരുത്തക്കേട് . ഒന്നു കൂടി ചിന്തിച്ചാൽ അല്ലാഹുവി ന്റെ സംസാരങ്ങളിൽ ശരിയും തെറ്റും ഉണ്ട് എന്നു പറയുന്നതിനു തുല്യമാണിത്. എ ന്താ അല്ലാഹു ഹോം വർക്കു ചെയ്യുന്ന വിദ്യാർത്ഥിയാണോ?എഴുതുക മായ്ക്കുക,പിന്നെ യും എഴുതുക മായ്ക്കുക. കൂടുതലറിയാൻ "നസ്ഖ്"ഖുർആനി ൽ എന്ന ലേഖനം വായിക്കു ക

**തെളിവു മൂന്ന്: -**

ഈ വചനത്തിലെ "തഖൂലൂന" എന്ന പദം അറബി വ്യാകരണപ്രകാരം ബഹുവച നവും രണ്ടാമനോടു പറയുന്നതുമാണ്.ഇത് (ق و ل)എന്ന ക്രിയയിൽ നിന്നുണ്ടായതാ ണ്. സാധാരണ സംസാരത്തിനാണ് ഈ വാക്ക് ഉപയോഗിക്കുന്നത്.ആചാര നമസ്കാ രത്തിൽ സാധാരണ സംസാരം അനുവദനീയമല്ലല്ലോ?.പിന്നെ നമസ്കാരത്തിൽ കൃത്യ മായ പദങ്ങൾ മാത്രമേ അനുവദിക്കു.അതിൽ അധികവും ഖുർആനിക വചനങ്ങളുടെ പാരായണമാണു താനും. അതിനു "തഖ്റഊന"تَقْرَؤُون)എന്നും "തത് ലൂന(تتْلُون) എന്നുമാണ് പറയുക.പ്രാർത്ഥിക്കുന്നത് എന്തെന്നു അറിയുന്നവരെ എന്നാണ് ഉദ്ദേ ശിക്കുന്നതെങ്കിൽ "ഹത്താ തഅലമൂ മാതദ് ഊന" എന്നാണ് പറയേണ്ടിയിരുന്നത്. ഇനി ഇമാമും ജമാഅത്തുമായി (കണ്ണുപൊട്ടനെ പാമ്പു കടിച്ചാലും ജമാഅത്തായി നമ

സ്കരിക്കണമല്ലോ?) നമസ്കരിക്കുമ്പോൾ ഇമാമ് ഓതുന്നത് ശ്രദ്ധിക്കാനാണെങ്കിൽ ത സ്മഊന(تَسْمَعُون )എന്നോ തസ്തമിഊന (تَسْتَمِعُونَ)എന്നോ ആണ് പറയുക.

<u>തെളിവ് നാല്:-</u>

പിന്നെ പറഞ്ഞ"വലാ ജുനുബൻ ഇല്ലാ ആബിരീ സബീൽ ഹത്താ തഅതസി ലൂ" നമസ്കരിക്കുമ്പോൾ ഇവർ പറയുന്ന ജനാബത്തുകരൻ ആകാൻ ഒരാൾ പോകില്ല ല്ലോ? അതുപോലെ യാത്രചെയ്യാനും അനുവാദം ഇല്ലല്ലോ?ഒരാൾ ജനാബത്തുകാരനാ ണെങ്കിൽ കുളിക്കാതെ നമസ്കരിക്കാൻ പാടില്ല.എന്നാൽ യാത്രക്കാരന് കുളിക്കേണ്ടതു മില്ല.യാത്രക്കാരനു എന്തിനാണ് വെള്ളം?കുളിക്കാനാണെങ്കിൽ എന്തിനാണ് യാത്ര ക്കാരൻ കുളിക്കുന്നത്? വുളു ഉണ്ടാക്കാനാണെങ്കിൽ അങ്ങിനെ ഒരു വിഷയം തന്നെ ഇവിടെ പറഞ്ഞിട്ടില്ലല്ലോ? "ഹത്താ തഅതസിലൂ"എന്നു പറഞ്ഞാൽ വുളു ഉണ്ടാക്ക ലല്ല എന്ന് ആർക്കാണ് അറിയാത്തത്?ഇനി വുളു ഉണ്ടാക്കലാണ് വെള്ളത്തിന്റെ ആ വശ്യമെങ്കിൽ താഴെ പറയുന്ന സ്ത്രീകളുമായി ബന്ധപ്പെട്ടാൽ വുളു ഉണ്ടാക്കിയാൽ മതി യോ?ഇവിടെ യാത്രക്കാരൻ എന്തിനാ കുളിക്കുന്നത് എന്നു ചോദിച്ചാൽ അതിനു ഇ വർ പറയുന്ന ന്യായം പള്ളിയിലൂടെ മുറിച്ചുകടക്കുന്നതിനു കുറ്റമില്ല എന്നാണ് ഇവിടെ ഉദ്ദേശിക്കുന്നത് എന്നായിരിക്കും..നബിക്ക് ഭൂമിമുഴവൻ പള്ളിയാക്കിയ വിവരം ഇവർക്കറിയില്ലേ?ഇത്തരം ആനുകൂല്യങ്ങൾ ഓർത്ത് നമുക്കു സ്വയം അത്ഭുതപ്പെടാം.

<u>തെളിവ് അഞ്ച്:-</u>

പിന്നെ അല്ലാഹു പറയുന്നത് "വ ഇൻ കുൻതും മർളാ ഔ അലാ സഫരിൻ ഔ ജാഅ അഹദുൻ മിനൽ ഖായിതി ഔ ലാമസ്തുമുന്നിസാഅ ഫ ഇല്ലം തജിദൂ മാഅൻ ഫതയമ്മമൂ സ്വഈദൻ ത്വയ്യിബൻ "

അതായത് നീ രോഗിയാവുകയോ,അല്ലെങ്കിൽ യാത്രയിലാവുകയോ,കക്കൂസിൽ നി ന്നു തിരിച്ചു വരികയോ ,സ്ത്രീകളെ സ്പർശിക്കുകയോ,ചെയ്തിട്ടു വെള്ളം കിട്ടിയില്ലെങ്കി ൽ ശുദ്ധമായ മണ്ണുകൊണ്ട് തയമ്മം ചെയ്യുക അതായ മണ്ണുകൊണ്ട് കൈകളും മുഖവും തടവുക. ഈ വചനങ്ങൾ ഒന്നു ശ്രദ്ധിച്ചു വായിച്ചാൽ നമ്മുടെ മുമ്പിൽ വലിയ ഒരു ചോദ്യം ഉയരും.ദയവു ചെയ്ത് ഈ വചനം ഒന്നു ശ്രദ്ധിക്കുക.أَوْجَاء أَحَدٌمِنْكُم مِنَ الْغَائِط അതായത് കക്കൂസിൽ പോയി വന്നു വെള്ളം കിട്ടിയല്ലെങ്കിൽ തയമ്മം ചെ യ്യുക.

ഇന്നു നിലവിലുള്ള പരിഭാഷകളിലൊക്കെത്തന്നെയും നിങ്ങളിൽ ആരെങ്കിലും ക ക്കൂസിൽ പോയി വന്ന് വെള്ളം കിട്ടിയില്ലെങ്കിൽ തയമ്മം ചെയ്യുക എന്നു തന്നെയാ ണ് എഴുതിയിട്ടുള്ളത്.നിങ്ങളിൽ ഒരുവനാണ് വരുന്നത്.

അപ്പോൾ തയമ്മം ചെയ്യാൻ നാലു നിബന്ധനകളാണു വെക്കുന്നത്.

1) إِن كُنْتُمْ مَّرْضَى നിങ്ങൾ രോഗികളാണെങ്കിൽ
2) عَلَى سَفَرٍ നിങ്ങൾ യാത്രയിലാണെങ്കിൽ
3) جَاءأَحَدٌ مِنَ الْغَائِطِ നിങ്ങളിൽ ഒരുവൻ കക്കൂസിൽ പോയി വന്നാൽ

4)لَامَسْتُمُ النِّسَاء നിങ്ങൾ സ്ത്രീകളെ സ്പർശിച്ചാൽ
ഇതിലെ ഓരോ പദങ്ങളും നമുക്ക ചർച്ച ചെയ്യാം.

## مَرِيض "മരീള്" (രോഗി)

ഈ പദം ശാരീരിക അസുഖത്തെക്കുറിച്ച മാത്രമല്ല ഉപയോഗിച്ചിട്ടുള്ളത്.മറിച്ച് മാനസിക,ധാർമ്മിക,വിദ്യഭ്യാസ ന്യൂനതയെക്കുറിച്ചും ഉപയോഗിച്ചിട്ടുണ്ട്. ഖുർആൻ ശാരീരിക രോഗത്തെക്കുറിച്ചാണോ? അതല്ല ഉന്നമായ മൂല്ല്യങ്ങളെക്കുറിച്ചോ, കൽപ നകളെക്കുറിച്ചോ അറിയാത്ത ഒരാളുടെ അവസ്ഥയാണോ ഇവിടെ ഉദ്ദേശിക്കുന്നത് ? ഈ രണ്ടാമതു പറഞ്ഞതാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഖുർആൻ ആ സമൂഹത്തിൽ നട ത്തിയ വിപ്ലവത്തേയാണ് നാം കാത്തുസൂക്ഷിക്കുന്നത്.അതുപോലെ ഖുർആൻ ആ സ മൂഹത്തിലെ താഴെ തട്ടിൽ നിന്നും ഉയർത്തികൊണ്ടുവന്ന മനുഷ്യത്ത്വവും ഉന്നതമൂല്ല്യ ങ്ങളുമാണ് നമുക്ക തെളിഞ്ഞു കിട്ടുന്നതും നാം സംരക്ഷിക്കുന്നതും . അപ്പോൾ ഇവിടെ ഒരാൾ രോഗിയായാൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്ന് മാനസികവും ആശയപരവുമാ യ രോഗമാണ്.ശാരീരിക അസുഖമാണെങ്കിൽ എന്തിനാണ് അയാൾ കുളിക്കുന്നത്? നമസ്കരിക്കാൻ രോഗി കുളിക്കണോ?"ഹത്താ തഅ്ത സില്യൂ" എന്നു പറഞ്ഞാൽ വുളൂ ഉണ്ടാക്കാനല്ലല്ലോ?അല്ലാഹു മുകളിലോ താഴെയോ പറയാത്ത വുളൂ എന്ന വിഷയം നമുക്ക് എവിടെ നിന്നു കിട്ടി.?നിങ്ങൾക്ക് വെള്ളംകിട്ടിയില്ലെങ്കിൽ എന്നു പറഞ്ഞത് മഴവെള്ളമാണെങ്കിൽ എന്തിനാണ് അത്? കുളിക്കാനോ,കുടിക്കാനോ, വുളൂ ഉണ്ടാക്കാ നോ? രോഗിക്ക് കുളിക്കാൻ പറ്റാത്ത രോഗമാണെങ്കിലോ?

## سَفَر "സഫർ"യാത്ര

ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്ക പോവുക, പ്രഭാതത്തിലെ വെളിച്ചം മു ഖത്തെ തെളിച്ചം,വിശുദ്ധ ഗ്രന്ഥം(ഇതിന്റെ ബഹുവചനമാണ് അസ്ഫാർ) എന്നൊക്കെ യാണ് ഈ പദത്തിന്റെ അർത്ഥം.ഇതേ പദത്തിൽ നിന്നുണ്ടായതാണ് സഫീർ (ambassador) എന്ന പദവും.

ഇവിടുത്തെ സഫർ എന്ന പദം ഭൂമിയിലൂടെയുള്ള യാത്രയല്ല.മറിച്ച് തന്റെ നില പാടിൽ നിന്നോ ആശയത്തിൽ നിന്നോ ഉള്ള മാറ്റത്തിനാണ് സഫർ എന്ന ഉപ യോഗിച്ചിട്ടുള്ളത് ഒരു പദവിയിൽ നിന്നു വിവിധ രംഗങ്ങളിലേക്കുള്ള യാത്രക്കും സ ഫർ എന്ന വാക്ക തന്നെയാണ് ഉപയോഗിക്കുക.ഖുർആൻ ഒരു ആത്മീയ സന്ദേശം എന്ന നിലക്ക എടുക്കുമ്പോൾ തീർച്ചയായും ഇവിടെ ഒരു ആശയപരമായ യാത്രയാ ണ് ഉദ്ദേശം.അല്ലാതെ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്കുള്ള യാത്രയാകാ ൻ തരമില്ല.കാരണം രോഗിയുടെ കാര്യം പറഞ്ഞതുപോലെ യാത്രക്കാരൻ എന്തിനാ ണ് കുളിക്കുന്നത്?നമസ്കരിക്കാൻ രോഗിയോ, യാത്രക്കാരനോ, കുളിക്കണോ?.

ط و غ എന്നതിൽ നിന്നാണ് ഈ പദം ഉണ്ടായിട്ടുള്ളത് ഊളിയിടുക,മുത്തിനു വേണ്ടി കടലിനടിയിലേക്കു മുങ്ങിത്തപ്പുക.താഴ്ന്ന നിരപ്പിൽ നിന്നോ,വിഷമത്തിൽ നിന്നോ മേലോട്ടു വരിക.അറിവിനുവേണ്ടിമുങ്ങുക,പ്രശ്നങ്ങൾ പരിഹരിക്കുക എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം.

ഗായ്ത്ത് എന്നതിന് -താഴ്ന്ന നില-യിൽ നിന്നോ ,താഴ്ന്ന താഴ്വര-യിൽ നിന്നോ മുകളിലോട്ടു വരിക, എന്നൊക്കെയാണ് അർത്ഥം.ഈ വചനത്തിൽ ഗായിത്തിന് കക്കൂസിൽ നിന്നു തിരിച്ചു വരിക എന്ന അർത്ഥമാണ് ഇവർ നൽകിയിട്ടുള്ളത്.മുമ്പു കാലത്ത് പിന്നോക്കക്കാർ ,ചിലരൊക്കെ ഇപ്പോഴും,മലമൂത്ര വിസർജ്ജനത്തിനു താഴ്വരകളിലേക്കു ഇറങ്ങി പോകാറായിരുന്നു പതിവ്.അതുകൊണ്ട് തന്നെ നമ്മുടെ പരിഭാഷകാർ ഈ പിന്നോക്ക പ്രവർത്തി പരിഭാഷകളിൽ എഴുതിവെച്ചു. ഖുർആൻ ഒരു പ്രത്യേക കാലത്തെ പ്രത്യേക നടപടിക്രമങ്ങൾ മാത്രം വിശദീകരിക്കുന്ന ഗ്രന്ഥമല്ല .അതിലെ വാക്കുകൾ അനശ്വരവും കാലത്തിനു അതീതവുമാണ്.അതുകൊണ്ടു തന്നെ അതു അടിസ്ഥാന തത്വങ്ങളെക്കുറിച്ചാണ് സംസാരിക്കുക.തത്വാധിഷ്ഠിതമായ ഒരു ഗ്രന്ഥംഏതെങ്കിലും കാലത്തെ കുറച്ചാളുകൾ മലമൂത്ര വിസർജ്ജനത്തിന് താഴ്വരയിലേക്ക് കയറി ഇറങ്ങുന്നതിനെക്കുറിച്ച് സംസാരിക്കില്ല. സംസ്കാരമോ വിദ്യാഭ്യാസമോ എത്താത്ത പ്രാകൃത സമൂഹത്തിൽ വരെ മലമൂത്ര വിസർജ്ജനം നടത്തിയാൽ വൃത്തിയാക്കണം എന്നറിയാം .എന്നിട്ടുപോലും ഇത്രയും പരിഷ്കൃത സമൂഹത്തിൽ മല മൂത്ര വിസർജ്ജനം നടത്തിയാൽ വെള്ളം കിട്ടിയില്ലെങ്കിൽ അവിടെ വൃത്തിയാക്കാതെ മണ്ണുകൊണ്ടു കയ്യും മുഖവും തുടച്ചാൽ മതി എന്നു അല്ലാഹുവിന്റെ ഗ്രന്ഥം സംസാരിക്കുന്നുണ്ട് എന്നു പറയുന്നത് നാം എങ്ങിനെ ഉൾക്കൊള്ളും.? മൂല്ല്യങ്ങൾ വിശദീകരിക്കുന്ന ഒരു ഗ്രന്ഥമാണ് ഖുർആൻ.ഏതെങ്കിലും കാലത്തെ ഒരു പ്രത്യേക ജനങ്ങളുടെ വിസർജ്ജന രീതിയല്ല ഖുർആനിന്റെ സംസാര വിഷയം

അതോടൊപ്പം തന്നെ കക്കൂസുകൾ സ്ഥലകാലങ്ങൾക്കു അനുയോജ്യമായതാണു ഉണ്ടാക്കുക.മുഹമ്മദു നബിയുടെ മുമ്പുള്ള ജനങ്ങൾ വരെ മലകൾ തുരന്നും മരങ്ങൾ മുറിച്ചും വീടുകളും മറ്റും നിർമ്മിച്ചവരായിരുന്നു.പക്ഷെ മുഹമ്മദു നബിയുടെ ആ സമൂഹം എത്രമാത്രം സാസ്കാരികമായി താഴ്ന്ന നിലയിലായിരുന്നു ജീവിച്ചിരുന്നത് എന്നാണ് അല്ലാഹു നമുക്കു പറഞ്ഞു തരുന്നത്.അന്നത്തെ പരിഭാഷകരുടെ ഈ തെറ്റായ വ്യാഖ്യാനത്തിൽ നിന്നു തന്നെ അവരുടെ ചിന്തയുടെ ഫ്രെയിം എത്രമാത്രമാണെന്നു നമുക്കു ഊഹിക്കാവതല്ലേയുള്ളൂ.ഇവിടുത്തെال എന്നു ചേർത്ത് ഗായിത്ത് പറഞ്ഞതിൽ നിന്നുതന്നെ അതു സാധാരണ കുഴിയല്ല ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാണല്ലോ ? . അത് ഒരു പ്രത്യേക ഗായിത്ത് ആണ് ഇവിടെ ഉദ്ദേശിക്കുന്നത്.ഒരാളുടെ ഒരു കൈ കൊണ്ടു അബൂജാഹിലിന്റെയും അബൂലഹബിന്റെയും അബൂസുഫ് യാന്റെയും കൊട്ടാരങ്ങളുടെ മനോഹാര്യത വിവരിക്കുകയും,മറ്റേ കൈ കൊണ്ട് ഇസ്ലാമിക സർക്കാറിനെ

വെറും യാചകരാൽ ഭരിക്കപ്പെടുന്നതായും ചിത്രീകരിച്ചു. പ്രവാചകനെ ഒരു ജൂദനിൽ നിന്നും കടം മേടിച്ചവനായും ചിത്രീകരിച്ചു.ആ ജൂദൻ നബിയുടെ അവസാന കാലത്ത് പ്രവാചകനെ കളിയാക്കുകയും അവഹേളിക്കുകയും ചെയ്യുകയായിരുന്നു എന്നും മറ്റുമുള്ള കഥകൾ ഇവർ എഴുതി വെച്ചു. ഇത്തരം നുണകൾ എഴുതിവെച്ച പരിഭാഷകളാണ് നമ്മുടെ മുന്നിലുള്ളത് എന്നതു കൊണ്ടു തന്നെ സത്യം മനസ്സിലാക്കാൻ നമുക്കു കഴിയുന്നില്ല.ഇതുകൊണ്ടു തന്നെ അൽ ഗായിത്ത് എന്ന പദം താഴെ കിടക്കുന്ന ഒരു ഉണ്ടു ഭൂമിയാണ് എന്നാണ് നാം വിചാരിച്ചിരുന്നത്.എന്നാൽ ബുദ്ധിപരമായ ഒരു താഴ്ന്ന അവസ്ഥ അല്ലെങ്കിൽ ആശയപരമായ ഒരു അവ്യക്തതയെക്കുറിച്ചാണ് ഈ പദം ഉദ്ദേശിക്കുന്നത് എന്നു നാം ഇപ്പോൾ തിരിച്ചറിയുന്നു.

## اَلنِّسَاء അൽ-നിസാ

و س ن എന്നതിൽ നിന്നാണ് നിസാഅ എന്ന പദം ഉണ്ടായിട്ടുള്ളത്. ഇതിനർത്ഥം ദൗർബല്ല്യം എന്നാണ്.ഇവിടെ ال ചേർത്തുകൊണ്ട് അന്നിസാഅ എന്നു പറഞ്ഞതിൽ നിന്നും സാധാരണ സ്ത്രീ എന്ന അർത്ഥത്തിനല്ല എന്നു വ്യക്തമാണ്. മറിച്ച് പ്രത്യേകം എടുത്തു പറഞ്ഞ നിസാഅ ആണ് ഉദ്ദേശം.അതുകൊണ്ടു തന്നെഇവിടെ ആശയ ദൗർബല്ല്യവും ബലഹീനതയുമാണ് ഉദ്ദേശം എന്നുവ്യക്തമാകുന്നു. ഇതു നാം പറയുമ്പോൾ ഖുർആനിൽ അന്നിസാ എന്നു ഉപയോഗിച്ച സ്ഥലങ്ങൾ കണ്ടു കൊണ്ടു തന്നെയാണ് പറയുന്നത് .അതു നാം പിന്നീട് വിശദമാക്കുന്നതാണ്

## تَيَمَّم "തയമ്മും"

ഇതാണ് അഞ്ചാമത്തെ പദം م م ي എന്നതാണ് ഇതിന്റെ മൂലപദം. ഉദ്ദേശം, ലക്ഷ്യം ,എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം.പ്രയോജനപ്രദമായ ഒരു ആശയമാണ് ഈ പദം കൊണ്ട് അർത്ഥമാക്കുന്നത്.അല്ലാതെ ആകെ അഴുക്കു പുരണ്ട ഒരു വ്യക്തിയുടെ ഏതെങ്കിലും ഒന്നോ രണ്ടോ ശരീരഭാഗങ്ങൾ മണ്ണുകൊണ്ടു തുടക്കാനല്ല. തയമ്മും ചെയ്യാനുള്ള കൽപന പാപത്തിന്റെയും തിന്മയുടെയും അഴുക്ക് കഴുകിക്കളയാൻ വെള്ളം കിട്ടാതെ വരുമ്പോൾ മാത്രം ചെയ്യാനുള്ളതാണ് .ആ സന്ദർഭത്തിലാണ് നാം "സ്വഈദൻ ത്വയ്യിബൻ" തേടിപ്പോകേണ്ടത്. അതായത് ഇവർ പറയുന്ന ശുദ്ധിയുള്ള മണ്ണ്.

## صَعِيدًا طَيِّبًا "സ്വഈദൻ ത്വയ്യിബൻ"

" സ്വഈദ്" എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് ഉയർന്ന(hight)എന്നാണ്. "ത്വയ്യിബ്" പിന്നെ എല്ലാവർക്കും നല്ലവണ്ണം അറിയാവുന്ന പദമാണല്ലോ.ശുദ്ധി, വൃത്തി,അനുയോജ്യം എന്നൊക്കെയാണല്ലോ ഈ പദത്തിനു അർത്ഥം.അപ്പോൾ "സ്വഈദൻ ത്വയ്യിബൻ" എന്നു പറഞ്ഞാൽവൃത്തിയും,ശുദ്ധിയും,അനുജ്യമായതുമായ ഒരു ഉയരം ലക്ഷ്യം വെക്കുക.

ഖുർആനിന്റെ വിഷയവും ലക്ഷ്യവും മനുഷ്യന്റെ വ്യക്തിത്ത്വം വളർത്തികൊണ്ടുവരലും അതിന്റെ ശുദ്ധീകരണവുമാമല്ലോ?.ഈ ആവശ്യാർത്ഥം സൂക്ഷ്മജ്ഞാനിയായ അല്ലാഹു ദൂതന്മാർ മുഖേന ദൈവീക നിർദ്ദേശങ്ങൾ നമുക്കു എത്തിച്ചു തന്നു. ശരീരങ്ങളെ നാം നോക്കി കാണുകയാണെങ്കിൽ വെള്ളം നമ്മുടെ ശരീരം വൃത്തിയാക്കാനും കഴുകാനുമാണല്ലോ?എന്നാൽ ചിന്തയുടെയും ആശയത്തിന്റെയും ലോകത്തിലേക്കു നാം കടന്നാൽ അവിടം വൃത്തിയാക്കേണ്ടതു വളരെ പരിശുദ്ധമായഅറിവുകൊണ്ടാണ് . അതായത് തെറ്റായ ചിന്തകളിൽ നിന്നും ധാരണകളിൽ നിന്നുമുള്ള ശുദ്ധീകരണം. ഇവിടെ വെള്ളം ദൈവീക മാർഗ്ഗ നിർദ്ദേശങ്ങളായിട്ടാ (വഹ് യ്)ണ് നമുക്കു നൽകിയിട്ടുള്ളത്.അതായത് നമ്മുടെ സ്വയം വളർച്ചക്ക്. ഉദാഹരണത്തിനു വെള്ളം ആകാശത്തു നിന്നു ഇറക്കിയിരിക്കുന്നത് മരിച്ച ഭൂമിയെ ജീവിപ്പിക്കാനാണല്ലോ? ആകാശത്തുനിന്നു വെള്ളം ഇറങ്ങുന്നതോടുകൂടിമരിച്ച ഭൂമി പച്ചയായിത്തീരുന്നു.അതിനു സമാനമായ ഒരു വളർച്ചയെക്കുറിച്ചാണ്

സൂറത്തു അൻഫാൽ പതിനൊന്നാം വചനത്തിൽ അല്ലാഹു പറയുന്നത്

وَيُنَزِّلُ عَلَيْكُم مِّنَ السَّمَاء مَاءً لِيُطَهِّرَكُم بِهِ وَيُذْهِبَ عَنْكُم رِجْزَ الشَّيْطَانِ وَلِيَرْبِطَ عَلَى قُلُوبِكُم وَيُثَبِّتَ بِهِ الأَقْدَام

(വയുനസ്സില അലൈക്കും മിന സ്സമായി മാഅൻ ലി യുത്വഹ്ഹിറക്കും ബിഹീ വ യുദ്ഹിബ അൻകും രിജ്സ ശ്ശൈത്താനിവ ലിയർബിത്വ അലാ ഖുലീബിക്കും വ യുസബ്ബിത ബിഹീ അൽ അഖ്ദാം)

ഇവിടെ ആകാശത്തു നിന്നും ഇറക്കിയ ജലം എന്ന അർത്ഥമല്ല .ദൈവീകമായ ജലത്തിനാണ്.മനുഷ്യരുടെ മനസ്സുകളെയും ഹൃദയങ്ങളെയും കൂട്ടിയിണക്കുക എന്നത് മഴവെള്ളം കൊണ്ട് സാധ്യമല്ല.ഈ മഴവെള്ളത്തിന് അവന്റെ തീരുമാനങ്ങളെ സ്വാധീനിക്കാനോ,പൈശാചിക പ്രേരണകളിൽ നിന്നു തടുക്കാനോ സാധ്യമല്ല .ഇതിനൊക്കെ ദൈവീകമായ നിർദ്ദേശങ്ങൾക്കു മാത്രമേ സാധിക്കുകയുള്ളൂ. അല്ലെങ്കിൽ ഖുർആനിന്റെയോ മറ്റേതെങ്കിലും ദൈവീക ഗ്രന്ഥങ്ങളുടെയോ അടിസ്ഥാനത്തിലുള്ള ഉന്നതമായ മൂല്ല്യങ്ങളുടെ പഠനം കൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ.

ഈ വുളുവിനെക്കുറിച്ചോ കുളിയെക്കുറിച്ചോ പറഞ്ഞ ആയത്തുകളുടെ സന്ദർഭം ഒന്നു കൂടി വ്യക്തമാവണമെങ്കിൽ അവക്കു മുകളിലും താഴെയുമായി വന്ന ചില ആയത്തുകൾ കൂടി നാം ഒന്നു പരിശോധിക്കണം.അല്ലാഹു പറയുന്നു.

فَكَيْفَ إِذَا جِئْنَا مِن كُلِّ أُمَّةٍ بِشَهِيدٍ وَجِئْنَا بِكَ عَلَىٰ هَٰٓؤُلَآءِ شَهِيدًا ﴿٤١﴾
يَوْمَئِذٍ يَوَدُّ ٱلَّذِينَ كَفَرُوا۟ وَعَصَوُا۟ ٱلرَّسُولَ لَوْ تُسَوَّىٰ بِهِمُ ٱلْأَرْضُ وَلَا يَكْتُمُونَ ٱللَّهَ حَدِيثًا ﴿٤٢﴾

ഇതിന്ന ശേഷമാണ് അല്ലാഹു يَاأَيُّهَا الَّذِينَ ءَامَنُوا لاتَقْرَبُوا الصَّلاةَ وَأَنْتُمْ
سُكَارَى حَتَّى تَعْلَمُوا مَاتَقُولُونَ എന്ന പറയുന്നത്

ഈ പറഞ്ഞതുകൊണ്ടു ഉദ്ദേശിക്കുന്നത്.എപ്പോഴണോ നാം അത്യുന്നതമായ അറിവും ദൈവിക കൽപനകളും നിർദ്ദേശങ്ങളും പൂർണ്ണമായി ഉൾക്കൊള്ളാനും മനസ്സിലാക്കാനും കഴിയുന്നത് അപ്പൊഴേ അത്യുന്നത നിലയിലുള്ള ഒരു ചർച്ചയിൽ മൽസരിക്കാനും ശ്രദ്ധ പിടിച്ചു പറ്റാനും കഴിയുകയുള്ളൂ. മുകളിൽ പറഞ്ഞ കാര്യങ്ങളുടെയെല്ലാം നടപ്പാക്കാലിന്ന അതിന്റെ പിറകിൽഒരു ബുദ്ധിയും ചിന്തയുംകൂടി ആവശ്യമാണ്.

وَلا جُنُبًا إِلَّا عَابِرِي سَبِيلٍ حَتَّى تَغْتَسِلُوا

ആരാണ് ദൈവീക കൽപനയിൽ നിന്നും ഒരു ഭാഗത്തേക്കു മാത്രം ചേർന്നുനിൽക്കുന്ന അല്ലെങ്കിൽ അപരിചിതനായി മാറിനിൽകുന്ന,, "ആബിരീ സബീൽ"അഥവാ പ്രത്യയശാസ്ത്രപരമായ യാത്ര നടത്തുന്നവൻ ഒഴിച്ച് "ആബിരീ സബീൽ" എന്നത് ഒന്നു കൂടി വ്യക്തമാക്കിയാൽ പ്രത്യയശാസ്ത്രപരമായി ചിന്തിക്കാനുള്ള കഴിവ് ആർക്കുണ്ടോ അവനെയാണ് ഉദ്ദേശിക്കുന്നത്. ദൈവത്താൽ സ്ഥാപിതമായആശയങ്ങളെയും മൂല്ല്യങ്ങളെയും പിന്തുടരുന്നവൻ ആരാണോ അവനെയാണ്"ഇബ്നു സബീൽ "എന്നു പറയുന്നത്.ഒന്നു കൂടി വ്യക്തമാക്കിയാൽ ഒരാൾക്ക് ദൈവീക കൽപനകളെക്കുറിച്ചോ നിർദ്ദേശങ്ങളെക്കുറിച്ചോ വേണ്ടത്ര പരിചയമില്ലെങ്കിലും ചില വിഷയങ്ങളിലുള്ള അയാളുടെ പ്രത്യേകമായ കഴിവും അറിവും വെച്ച് ദൈവീക കൽപനകളിലെ ചില ദർശനങ്ങളെക്കുറിച്ച് അയാൾക്ക് ചില അഭിപ്രായങ്ങൾ രൂപീകരിക്കാൻസാധിക്കും.എങ്കിലും ദൈവീക കൽപനകളെക്കുറിച്ച് പൂർണ്ണമായ അജ്ഞതയുള്ളതുകൊണ്ട് ആദ്യമായി അയാൾ അയാളുടെ മനസ്സും ചിന്തയും ശുദ്ധിയാക്കി വെക്കണം. അതാണ് ഈ ആയത്തിൽ പറഞ്ഞത്.

ദൈവീക നിർദ്ദേശങ്ങളുടെയും കൽപനകളുടെയും അഭാവം കൊണ്ടുണ്ടാകുന്ന അവസ്ഥകൾ മാത്രമല്ല മറ്റു ചില അവസ്ഥകൾകൂടി ഇവിടെ വിവരിക്കുന്നുണ്ട്.അത് ഒരുവൻ സാമാന്യബോധമില്ലായമകൊണ്ടു വ്യസനിക്കുന്നവൻ(വ ഇൻ കുന്തും മരീളൻ) ഒരുവൻ മറ്റു വല്ല ആശയവും പിന്തുടരുന്നവനാണെങ്കിൽ(ഔ അലാ സഫ രിൻ) നിങ്ങളിൽ ഒരുവൻ വളരെ താഴ്ന്ന നിലയി(lower level)ലുള്ള ആശയത്തിൽ നിന്നും ദൈവീക നിർദ്ദേശങ്ങളിലേക്കു ഇപ്പോൾ വന്നിട്ടൊള്ളൂ,അവനും (ഔ ജാഅ അഹദുൻ മിൻകും മിനൽ ഗായിത്തി)ദൈവീക നിർദ്ദേശങ്ങളെക്കുറിച്ചു വേണ്ടത്രജ്ഞാനമില്ലാത്തതിനാൽ അതിന്റെ ആവശ്യതകൊണ്ടു വേദനിക്കുന്നവനും, (ഔ ലാമസ്തുമുന്നിസാഅ) എന്നാൽ ദൈവീക സന്ദേശത്തിന്റെ പഠനത്തിലേക്കു എത്തിയിട്ടുമില്ല(ഫ ഇല്ലം തജിദൂമാഅൻ)അപ്പോൾ നിന്റെ പ്രശ്ന പരിഹാരങ്ങളും ലക്ഷ്യവും ഉന്നതവുംപരിശുദ്ധവുമായിരിക്കണം.(ഫ തയമ്മമൂ സ്വഈദൻ ത്വയ്യി ബൻ)അങ്ങിനെ അവസാനം നിന്റെ വീക്ഷണങ്ങൾക്കും കർമ്മശേഷികൾക്കും ശക്തിപകരുകയും,വിലമതിക്കുകയും ചെയ്യുക.(ഫംസഹൂ ബി വുജൂഹിക്കും വ അയ് ദിയക്കും).അപ്പോൾ ദൈവീകജലം കൊണ്ട്

കഴുകാൻ കഴിയില്ലെങ്കിൽ ഉന്നതവും പരിശുദ്ധവുമായ ഒന്നുകൊണ്ടു തുടച്ചു മിനുക്കുക. ദൈവീക നിർദ്ദേശങ്ങളുടെ അറിവുമായി മനുഷ്യർക്കുണ്ടാക്കുന്ന വ്യത്യസ്ഥ സാഹചര്യങ്ങളാണ് മുകളിലെ ആയത്തിൽ വിവരിക്കുന്നത്.തുടർന്നുള്ള വചനങ്ങളിൽ മുൻ സമുദായങ്ങളെപ്പോലെനിങ്ങൾ പ്രവർത്തിക്കരുതെന്നു തെളിവുകൾ സഹിതം താക്കീതു ചെയ്യുകയും ചെയ്യുന്നു.

أَلَمْ تَرَ إِلَى ٱلَّذِينَ أُوتُوا۟ نَصِيبًا مِّنَ ٱلْكِتَـٰبِ يَشْتَرُونَ ٱلضَّلَـٰلَةَ وَيُرِيدُونَ أَن تَضِلُّوا۟ ٱلسَّبِيلَ ﴿٤٤﴾

(അലം തറ ഇല അല്ലദീന ഊത്തു നസ്വീബൻ മിനൽ കിതാബി യശ്തറൂന അള്ളലാലത വ യുരീദു അൻ തളില്ലു അസ്സബീൽ)

ഇതിനർത്ഥം 43ാം വചനത്തിൽ അല്ലാഹു നമുക്കു നൽകിയ മാർഗ്ഗ നിർദ്ദേശം നമ്മെ അവന്റെ വഴിയിൽ നിന്നും തെറ്റി പോകുന്നതിൽ നിന്നും നമ്മെ സംരക്ഷിക്കുന്നു എന്നു വിവരിക്കുന്നു.എന്നിട്ടു പരമകാരുണികൻ പറയുന്നു.

وَٱللَّهُ أَعْلَمُ بِأَعْدَآئِكُمْ ۚ وَكَفَىٰ بِٱللَّهِ وَلِيًّا وَكَفَىٰ بِٱللَّهِ نَصِيرًا ﴿٤٥﴾

(വല്ലാഹു അഅലമു ബി അഅദാഇക്കും വ കഫാ ബില്ലാഹി വലിയ്യൻ വ കഫാ ബില്ലാഹി നസ്വീറാ)

"അല്ലാഹുവിനറിയാം ആരാണ് നിങ്ങളുടെ ശത്രുക്കളെന്ന്.പക്ഷെ സഹായിയായും സുഹൃത്തായും അല്ലാഹു മതി.")

യഥാർത്ഥ വിഷയമായ അല്ലാഹുവിന്റെ മാർഗ്ഗ നിർദ്ദേശത്തിൽ നിന്നും അവർ ചർച്ച വഴി തിരിച്ചുവിടുന്നതിനെക്കുറിച്ചാണ് അടുത്ത വചനത്തിൽ പറയുന്നത്. ജൂദന്മാരിൽ ചിലർ ദൈവത്തിന്റെ വാക്കുകൾ അതിന്റെ ശരിയായ സ്ഥാനങ്ങളിൽ നിന്നും നീക്കിക്കളയുകയും "ഞങ്ങൾ കേൾക്കുകയും ധിക്കരിക്കുകയും"ചെയ്തിരിക്കുന്നു എന്നു പറയുകയും ചെയ്തു.(മിനല്ലദീന ഹാദൂ യുഹര് രിഫൂനൽ കലിമ അൻമവാളിഇഹീ വ യഖൂലൂന സമിഅ്നാ വ അസ്വയ്നാ) ഞങ്ങൾ എന്തുകേട്ടോ ഞങ്ങൾ അതു കേൾക്കാത്ത മട്ടിലാണ്.ദീനിനെ ആക്ഷേപിച്ചുകൊണ്ടും തറുതല പറഞ്ഞുകൊണ്ടും ഇളവു ചെയ്യണമെന്നു അവർ ആവശ്യപ്പെടുകയുമാണ്.

ഇതാണ് ജൂദന്മാരിൽ ചിലർ ദൈവീക കൽപനകളോടു വെച്ച ഉപാധികൾ പക്ഷെ അവർ അവരുടെ വാക്കുകൾ മാറ്റിയിരുന്നെങ്കിൽ അതായിരുന്നു അവർക്ക് ഏറ്റവും നല്ലത്.സമൂഹത്തിനും അതു തന്നെയായിരുന്നു ഏറ്റവും നല്ലത്.പക്ഷെ അവർ ആ ഉത്തരവാദിത്വം ഏറ്റെടുത്തില്ല.അവർ കേൾക്കുകയും അനുസരിക്കുകയും ചെയ്തുകൊള്ളാം(ലൗ അന്നഹും ഖാലൂ സമിഅനാ വ അതഅ്നാ)എന്നു പറഞ്ഞിരുന്നുവെങ്കിലും ഞങ്ങൾ പറയുന്നത് കേൾക്കു ഞങ്ങളെ നീ നോക്കു(വസ്മഅ വൻളുർനാ) എന്നും

പറഞ്ഞിരുന്നെങ്കിൽ അതായിരുന്ന അവർക്ക് നല്ലതും ,ചൊവ്വായ ഒരു നിലപാട് ഉണ്ടാക്കുന്നതിനും(ല കാന ഖൈറൻ ലഹും വ അഖ് വമു) പറ്റിയ മാർഗ്ഗം എന്നാണ് ഖുർആൻ വിവരിക്കുന്നത്.പക്ഷെ ആ ശരിയായ രീതി അവർ തെരഞ്ഞെടുത്തില്ല. അവർ അത് തിരസ്കരിച്ച കാരണം അല്ലാഹു അവരെ അപമാനിക്കുകയും കുറച്ചു പേരല്ലാത്തവരെ വിശ്വാസികളിൽ നിന്നു മാറ്റി നിറുത്തുകയും ചെയ്തു.

കഴിഞ്ഞ വചനങ്ങളിൽ ജൂദവിഭാഗത്തിന്റെ ദൈവീക കൽപനകോടുള്ള മനോഭാവമാണ് വെളിവാക്കുന്നത്. ദൈവീക കൽപനകളെക്കുറിച്ചും ആ കൽപനകളുടെ പ്രവർത്തനത്തെക്കുറിച്ചും മുഴുവൻ അറിവും ഉണ്ടാകുന്നതുവരെ ദൈവീക കൽപനകളുടെ വിഷയങ്ങളിൽ നാം മുഴുകരുതെന്നാണ് അല്ലാഹു ഉപദേശിക്കുന്നത്.കാരണം ദൈവീക കൽപനകളെക്കുറിച്ച് അജ്ഞനും അവഗണിക്കുന്നവനും അവന്റെ ആശയ ശുദ്ധീകരണം പൂർണ്ണമാകുന്നതിനു മുമ്പ് ദൈവീക കൽപനകളെക്കുറിച്ചു സംസാരിക്കും എന്നതിനാലാണ്.എന്നാൽ ഇതിൽ നിന്നും ,ചില മേഖലകളിൽ ബുദ്ധിപരമായും വൈജ്ഞാനികമായും യോഗ്യനായവനെ ഒഴിവാക്കിയിട്ടുണ്ട്.

ഇവിടെ പ്രത്യശാസ്ത്രപരമായും ബുദ്ധിപരമായും കഴിവു കുറവുള്ളവരെയും (മരീള്) അല്ലെങ്കിൽ മറ്റു വല്ല പ്രമാണങ്ങളെയും പിന്തുടരുന്നവരെയും(സഫർ), അല്ലെങ്കിൽ വിദ്യാഭ്യാസപരമായും ആശയപരമായും താഴ്ന്ന നിലയിൽ നിന്നും വന്നവനേയും. ( ജാഅ മിനൽ ഗായിത്തി)അല്ലെങ്കിൽ ദൈവീക നിർദ്ദേശങ്ങളെക്കുറിച്ചു വേണ്ടത്രജ്ഞാനമില്ലാത്തതിനാൽ അതിന്റെ ആവശ്യകതകൊണ്ടു ദുഃഖമനുഭവിക്കുന്നവനേയും ദൈവത്തിന്റെ വെള്ളം കിട്ടിയില്ലെങ്കിൽ തന്റെ ഉദ്ദേശവും ലക്ഷ്യവും അത്യുന്നതവും ശുദ്ധവുമായ ഒന്നിലേക്ക് ആക്കുവാനും എന്നിട്ട് അതുകൊണ്ടു തന്റെ വീക്ഷണങ്ങളെയും കർമ്മങ്ങളെയും തുടച്ചു മിനുക്കി ശക്തിപ്പെടുത്താനുമാണ് അല്ലാഹു ഉപദേശിക്കുന്നത്.

ഈ ആയത്തുകൾ വിവരിച്ച ശേഷമാണ് ജൂദന്മാർ എങ്ങിനെയാണ് ദൈവീക നിർദ്ദേശങ്ങളും കൽപനകളും വളച്ചൊടിച്ചിരുന്നത് എന്നും അവയോട് അവരുടെ മനോഭാവം എന്തായിരുന്നുവെന്നുമാണ് നമുക്കു വരച്ചു കാണിച്ചു തരുന്നത്.ഇനി നമുക്കു മാഇദ ആറാം വചനത്തിൽ പറയുന്ന വുളു എന്താണെന്നു നോക്കാം.

## അധ്യായം അൽ-മാഇദ

സൂറത്തുൽ അൽ മാഇദ 6ാം വചനത്തിൽ ഇതിനു സമാനമായ ഒരു കല്പന ദൈവീക മാർഗ്ഗ നിർദ്ദേശങ്ങൾ പറയുന്നിടത്ത് നമുക്കു കാണാൻ കഴിയും.ഈ വചനവും വുളുവുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് നമ്മുടെ സമൂഹം മനസ്സിലാക്കിയിട്ടുള്ളത്. നമ്മുടെ സമൂഹത്തിന്റെ വീക്ഷണത്തിൽ വിശുദ്ധ ഖുർആൻ വെറും കർമ്മശാസ്ത്രപരമായ കാര്യങ്ങൾ മാത്രം വിശദീകരിക്കുന്ന ഒരു ഗ്രന്ഥമാക്കി മാറ്റിയിരിക്കുകയാണ്. എ

ങ്ങിനെ കക്കൂസിൽ പോകണം,കുളിക്കണം,എന്നു തുടങ്ങി ആർത്തവം വരെയുള്ള കാര്യങ്ങൾ വിശദീകരിക്കുന്ന ഗ്രന്ഥമായിട്ടാണ് നമ്മുടെ സമൂഹം ഖുർആനിനെ കണ്ടിട്ടുള്ളത്.

ഈ ആയത്തിനെക്കുറിച്ചുള്ള ചർച്ച ആരംഭിക്കുന്നതിനു മുമ്പ് സൂറത്തു അന്നിസാഇലെ 43ാം വചനത്തിൽ ഒരാളുടെ, ദൈവീക മാർഗ്ഗ നിർദ്ദേശങ്ങളെക്കുറിച്ചുള്ള ബോധമില്ലാത്ത അവസ്ഥയെക്കുറിച്ചു പറഞ്ഞ കാര്യമൊന്നു മനസ്സിലാക്കുക. എന്നാൽ സൂറത്ത് അൽ-മാഇദയിൽ ആ കല്പനവീണ്ടും പറയുന്നത് ഒരാൾ ദൈവീക മാർഗ്ഗ നിർദ്ദേശത്തെക്കുറിച്ചുള്ള അറിവു നേടുകയും അതിന്റെ പ്രായോഗവൽക്കരണത്തിനുവേണ്ടി എഴുന്നേറ്റാലുണ്ടാകുന്ന അവസ്ഥയെക്കുറിച്ചുമാണ് വിവരിക്കുന്നത്.സൂറത്തു അന്നിസാഇൽ അല്ലാഹു പറയുന്നു. “ലാ തഖ്റബൂ അ-സ്സ്വലാത്ത……ഹത്താ തഅലമൂ മാ തഖൂലൂന" നീ പറയുന്നതിനെക്കുറിച്ചു വ്യക്തമായി അറിയാതെ ദൈവീക മാർഗ്ഗ നിർദ്ദേശങ്ങളെക്കുറിച്ചു ഊഹിച്ചു പയുകയോ അതിനോടു അടുക്കുകയോ ചെയ്യരുത്. എന്നാൽ സൂറത്തു അൽ-മാഇദയിൽ "ഇദാ ഖുംത്തും ഇലാ അ-സ്സ്വലാത്ത "നിങ്ങൾ സ്വലാത്തിനു ഒരുങ്ങിയാൽ" എന്നു പറഞ്ഞുകൊണ്ടാണ് വചനം തുടങ്ങുന്നത് .അല്ലാഹു പറയുന്നത് കാണുക:

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا قُمۡتُمۡ إِلَى ٱلصَّلَوٰةِ فَٱغۡسِلُواْ
وُجُوهَكُمۡ وَأَيۡدِيَكُمۡ إِلَى ٱلۡمَرَافِقِ وَٱمۡسَحُواْ بِرُءُوسِكُمۡ
وَأَرۡجُلَكُمۡ إِلَى ٱلۡكَعۡبَيۡنِۚ وَإِن كُنتُمۡ جُنُبٗا فَٱطَّهَّرُواْۚ وَإِن
كُنتُم مَّرۡضَىٰٓ أَوۡ عَلَىٰ سَفَرٍ أَوۡ جَآءَ أَحَدٞ مِّنكُم مِّنَ ٱلۡغَآئِطِ أَوۡ لَٰمَسۡتُمُ
ٱلنِّسَآءَ فَلَمۡ تَجِدُواْ مَآءٗ فَتَيَمَّمُواْ صَعِيدٗا طَيِّبٗا فَٱمۡسَحُواْ
بِوُجُوهِكُمۡ وَأَيۡدِيكُم مِّنۡهُۚ مَا يُرِيدُ ٱللَّهُ لِيَجۡعَلَ
عَلَيۡكُم مِّنۡ حَرَجٖ وَلَٰكِن يُرِيدُ لِيُطَهِّرَكُمۡ وَلِيُتِمَّ نِعۡمَتَهُۥ
عَلَيۡكُمۡ لَعَلَّكُمۡ تَشۡكُرُونَ ٦

“യാ അയ്യുഹല്ലദീന ആമനൂ ഇദാ ഖുംത്തും ഇലാ അ-സ്സ്വലാത്തി ഫഗ്സിലൂ വുജൂഹക്കും വ അർജൂലക്കും ഇലാ അൽ-കഅബൈനി വ ഇൻ കുൻതും ജുനുബൻ ഫത്ത്വഹ്ഹറൂ വഇൻ കുൻതും മർളാ ഔ അലാ സഫരിൻ ഔ ജാഅ അഹദുൻ മിൻകും മിനൽ ഗായിത്തി ഔ ലാമസ്തുമുന്നിസാഅ ഫലം തജിദൂ മാഅൻ ഫതയമ്മമൂസ്വഈദൻ ത്വയ്യിബൻ ഫംസഹൂ ബി വുജൂഹിക്കും വ അയ്ദിയക്കും മിൻഹും മായുരീദുല്ലാഹ ലിയജ്അല അലൈക്കും മിൻ

ഹറജിൻ വലാകിൻ യുരീദു ലിയുത്വ ഹ്ഹിറക്കും വലിയുതിമ്മ നിഅമതഹൂ അലൈക്കും ലഅല്ലക്കും തശ്കുറൂൻ"
"അല്ലയോ വിശ്വാസികളെ നിങ്ങൾ നമസ്കാരത്തിനു എഴുന്നേൽക്കുമ്പോൾ,നിങ്ങളുടെ മുഖങ്ങളും കൈകൾ മുട്ടുവരെയും കഴുകുകയും നിങ്ങളുടെ ശിരസ്സുകളെ (വെള്ളം കൊണ്ട് ) തടവുകയും ചെയ്യുക. നിങ്ങളുടെ കാലുകൾ രണ്ടു നെരിയാണിവരെയും (കഴുകുക)നിങ്ങൾ(ക്ക് ശരീരം)അശുദ്ധിയിലാണെങ്കിൽ അപ്പോൾ ശുദ്ധിപ്പെടുകയുംചെയ്യുവിൻ,എന്നാൽ നിങ്ങൾ രോഗികൾ ആണ് അല്ലെങ്കിൽയാത്രയിലാണ് അല്ലെങ്കിൽ നിങ്ങളിൽ പെട്ട ഒരാൾ (മലമൂത്ര)വിസർജ്ജനം (കഴിഞ്ഞു)വന്നു അല്ലെങ്കിൽ നിങ്ങൾ സ്ത്രീകളെ സ്പർശിച്ചു-അപ്പോൾ നിങ്ങൾ വെള്ളം കണ്ടെത്തിയിട്ടുമില്ല. എങ്കിൽ നിങ്ങൾ ശുദ്ധമായ മൺതലത്തെ ലക്ഷ്യമാക്കി ചെല്ലുകയും നിങ്ങളുടെയും മുഖങ്ങളെയും നിങ്ങളുടെ കൈകളെയും അതുകൊണ്ട് തടവുകയും ചെയ്യുക. നിങ്ങളുടെ മേൽ ഞെരുക്കത്തെ വെക്കുന്നതിന് അല്ലാഹു ആഗ്രഹിക്കുന്നില്ല.പക്ഷെ നിങ്ങളെ ശുദ്ധീകരിക്കുന്നതിന്നും അവന്റെ അനുഗ്രഹത്തെ നിങ്ങളിൽ പൂർത്തീകരിക്കുന്നതിനും അവൻ ഉദ്ദേശിക്കുന്നു .നിങ്ങൾ നന്ദി കാട്ടുന്നതിനുവേണ്ടി."

ഇതാണ് നിലവിലുള്ള അഹ് ലുൽ ഹദീകാരുടെ പരിഭാഷ."നിങ്ങൾ നമസ്കാരത്തിനു എണീറ്റാൽ "എന്ന് അർത്ഥം നൽകാൻ കാരണം നമ്മുടെ മനസ്സിൽ നമസ്കാരം എന്ന ഒരു ധാരണ ഉള്ളതുകൊണ്ടാണ്.എന്നാൽ നമുക്കു ഈ ദൈവീക കൽപനകളുടെ പിറകെ ഒന്നു പോയി നോക്കാം.

يَا أَيُّهَا الَّذِينَ ءَامَنُوا إِذَا قُمْتُمْ إِلَى الصَّلوةِ

"യാ അയ്യുഹല്ലദീന ആമനൂ ഇദാ ഖുംത്തും ഇലാ അ-സ്സ്വലാത്തി"
"ഓ വിശ്വാസികളെ നിങ്ങൾ സ്വലാത്തിനു എണീറ്റാൽ"
ദൈവീക കൽപനകൾ വ്യക്തമായി അറിയുന്നതുവരെയും,എന്താണ് താൻ നിർദ്ദേശിക്കുന്നത് എന്നു വ്യക്തമായി അറിയുന്നതുവരെയും ദൈവീക കൽപനകളെക്കുറിച്ചുള്ള സംസാരം നിർത്തണം എന്നു മാത്രമല്ല ഇവിടുത്തെ സാഹചര്യം. ഇവിടെ സൂറത്തു മാഇദയിൽ വിശ്വാസികളെ അഭിസംബോധന ചെയ്യുന്നത് "നിങ്ങൾ ദൈവീക കൽപനകൾക്കു വേണ്ടി ഒരുങ്ങി കഴിഞ്ഞാൽ "ഫഅസിലൂ വുജൂഹക്കും വഅയ്ദിയക്കും ഇലൽ മറാഫിഖി"അപ്പോൾ നിങ്ങൾ നിങ്ങളുടെ വീക്ഷണങ്ങളും കഴിവുകളുമെല്ലാം "മറാഫിഖ് " ആയിത്തീരുന്നതിലേക്കു കഴുകി ശുദ്ധമാക്കണം.അതായത് ചില സുഹൃത്തുക്കളെക്കുറിച്ചു രണ്ടു ശരീരവും ഒരു മനസ്സുമാണെന്നു പറയാറുണ്ടല്ലോ? ."മ റാഫിഖ്" എന്നത് "മിർഫഖ്" എന്ന പദത്തിന്റെ ബഹുവചനമാണ്. ഈ പദത്തിന്റെ മൂല അക്ഷരങ്ങൾ ق ف ر എന്നിവയാണ്. ഈ അക്ഷരങ്ങളിൽ നിന്നാണ് "റഫീഖ് "എന്ന പദം ഉണ്ടായത്. റഫീഖ് എന്നതിന്റെ അർത്ഥം രണ്ടു ശരീരങ്ങളാണെങ്കിലും ഒറ്റ ആത്മാക്കളെപ്പോലെ കഴിയുന്ന സുഹൃത്ത് എന്നാണ് . മിർഫഖ് എന്ന പദംകൈമുട്ട് എന്ന അർത്ഥത്തിലും ഉപയോഗിക്കാറുണ്ട് .കാരണം കയ്യിന്റെ മുകൾ ഭാഗവും താഴ്ഭാഗവും തമ്മിൽ യോജിപ്പിക്കുന്ന ഭാഗമായതുകൊണ്ടാണ് അങ്ങിനെ അർത്ഥം

പിൽകാലഘട്ടത്തിൽ വന്നത്. മിർഫഖ് എന്ന പദം ഇസ്മുൽആല(മാധ്യമം/ഉപകരണത്തെ സൂചിപ്പിക്കുന്ന നാമം) ആണ് അതായത് "മിഫ്അൽ "എന്ന അളവുകോലിൽ വരുന്ന പദമാണ് ഇതെന്നു സാരം. ഇതിനർത്ഥം ഒരു വ്യക്തിയോ,ഒരു സംഗതിയോ ജനങ്ങളെ പരസ്പരം അടുപ്പിക്കാൻ കാരണമാകുന്നുവെങ്കിൽ അതിനു ഉപയോഗിക്കുന്ന പദമാണ് ഇത്. ജനങ്ങളെ അത് അടുപ്പിക്കുന്നു. ഇതേ പദം തന്നെ സൂറത്തു അൽ-കഹ്ഫ് 16ാം വചനത്തിൽ ഉപയോഗിച്ചിട്ടുണ്ട്.ഈ പദത്തിന്റെ അടിസ്ഥാന അർത്ഥം കൈമുട്ട് എന്നല്ല .ഇതിന്റെ മൂല അക്ഷരങ്ങളി (ق ف ر)ൽ നിന്നാണ് ഇതിന്റെ അടിസ്ഥാന അർത്ഥമായി ഉരുത്തിരിയുന്നത്. ആർദ്രത, ഭക്തിയുടെ മനോഭാവം,എളുപ്പത്തിൽ നൽകുക,സുഹൃദത്തിലാവുക, ലാഭം നേടുക എന്നൊക്കെയാണ് ഈ പദത്തിന്റെ അടിസ്ഥാന അർത്ഥങ്ങൾ. ചുരുക്കത്തിൽ മനുഷ്യർക്കിടയിൽ സൗഹൃദവും സ്നേഹവും ഉണ്ടാക്കിത്തീർക്കാനുള്ള ഉപകരണമാകുന്നതിനു നമ്മുടെ കഴിവുകളും ചിന്തകളും ശുദ്ധിയാക്കുക എന്നു സാരം.ഇനി " വംസഹു ബിറുഊസിക്കും വ അർജുലക്കും ഇലൽ കഅ ബൈനി" അതായത് നിങ്ങളുടെ മുതിർന്നവർക്കും താഴ്ന്നവർക്കും പരമാധി ആദരവും ബഹുമാനവും നേടിക്കൊടുക്കത്തക്ക രൂപത്തിൽ അവരെ ബുദ്ധിപരമായി ശുദ്ധിയാക്കുക. "മസഹ" എന്നു പറഞ്ഞാൽ ഒരാളെ ബുദ്ധിപരമായി ശുദ്ധിയാക്കുക എന്നാണ് അർത്ഥം.

"വഇൻകുന്തും ജുനുബൻ "ഇനി നിങ്ങൾ അപരിചിതനായി കൊണ്ട് ദൈവീക ആശയത്തിന്റെ ഒരു ഭാഗത്ത് നിൽക്കുന്നവനാണെങ്കിൽ "ഫത്ത്വഹ്ഹറൂ "അപ്പോൾ നിങ്ങൾ ശുദ്ധിയാവുക. അതിനർത്ഥം വിശ്വാസികൾക്കു ദൈവീക കൽപനകളെക്കുറിച്ചു മുഴുവൻ അറിവും ഉണ്ടെങ്കിൽ അപ്പോൾ അവരുടെ ചിന്തകളും കഴിവുകളും/ പ്രവർത്തനങ്ങളും ദൈവീക കൽപനകളിൽ കേന്ദ്രീകരിക്കണമെന്നാണ് കൽപിച്ചത്. അതല്ല ഒരാൾക്കു ദൈവീക മാർഗ്ഗ നിർദ്ദേശത്തെക്കുറിച്ച് വേണ്ടത്ര ജ്ഞാനമില്ലാത്തതും, അതിന്റെ മുഴുവൻ ദൗത്യവും ഉൾക്കൊള്ളാത്തതുമായ അവസ്ഥയിലുമാണെങ്കിൽ കുറ്റങ്ങളിൽ നിന്നും വിപരീത ചിന്തകളിൽ നിന്നും ശുദ്ധിയാവുക എന്ന കൃത്യം നിർവ്വഹിക്കട്ടെ എന്നു സാരം.

അതിനു ശേഷം മൂന്നാമത്തെ സാഹചര്യം വിവരിക്കുന്നു.

وَإِنْ كُنْتُمْ مَّرْضَى أَوْ عَلَى سَفَرٍ أَوْ جَاءَ أَحَدٌ مِّنْكُمْ مِّنَ الْغَائِطِ أَوْ لامَسْتُمُ

النِّسَاء فَلَمْ تَجِدُوا مَاءً فَتَيَمَّمُوا صَعِيدًا طَيِّبًا فَامْسَحُوا بُجُوهِكُمْ وَأَيْدِيكُمْ مِّنْهُ

വ ഇൻ കുൻതും മർളാ അവ് അലാ സഫരിൻ ഔ ജാഅ അഹദുൻ മിനൽ ഗായിത്തി ഔ ലാമസ്തുമുന്നിസാഅ ഫലം തജിദൂ മാഅൻ ഫതയമ്മമൂ സ്വഈദൻ ത്വയ്യിബൻ ഫം സഹൂ ബി വുജൂഹിക്കും വഅയ്ദിയക്കും മിൻഹു"

ഒരു വേള നീ രോഗിയാവുകയോ,ഇപ്പോൾ തന്നെ മറ്റുവല്ല കൽപനകളും പിന്തുടരുകയോ,ബുദ്ധിപരമായ താഴ്ന്ന നിലവാരത്തിൽ നിന്നും കയറിവരികയോ, ബുദ്ധിപരമായ വല്ല ചാപല്ല്യവും അനുഭവിക്കുകയോ ചെയ്യുകയും ,എന്നിട്ട് ദൈവീക മാർഗ്ഗ ദർശനം

നിനക്കു കണ്ടെത്തിയതുമില്ലെങ്കിൽ അപ്പോൾ നിന്റെ ലക്ഷ്യവും ഉദ്ദേശവും ഉൽകൃഷ്ടവും ഉന്നതവുമായിരിക്കണം.എന്നിട്ട് ഈ ഉന്നതവും ഉൽകൃഷ്ടവുമായ ലക്ഷ്യത്തിന്റെ സഹായത്തോടുകൂടി നിന്റെ ചിന്താപരവും കർമ്മപരവുമായ പുരോഗതിക്കുവേണ്ടിയുള്ള നിന്റെ കർത്തവ്യം നീ നിർവ്വഹിക്കണം.

കാരണം ദൈവം നിനക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല.മറിച്ച് അവൻ ആഗ്രഹിക്കുന്നത് നിന്നെ ശുദ്ധീകരിക്കാനും,അവന്റെ അനുഗ്രഹം പൂർത്തിയാക്കി തരുവാനുമാണ്. അതുപോലെ നീ അവനോടു നന്ദിയുള്ളവനായിത്തീരുന്നുണ്ടോ എന്നു അറിയുന്നതിനുവേണ്ടിയുമാണ്. അല്ലാഹു പറയുന്നു.

مَا يُرِيدُ اللَّهُ لِيَجْعَلَ عَلَيْكُمْ مِّنْ حَرَجٍ وَلَكِنْ يُرِيدُ لِيُطَهِّرَكُمْ وَلِيُتِمَّ نِعْمَتَهُ عَلَيْكُمْ لَعَلَّكُمْ تَشْكُرُونَ

“മാ യുരീദുല്ലാഹു ലിയജ്അല അലൈക്കും മ്മിൻ ഹറജിൻ വലാകിൻ യുരീദു ലിയുത്വഹ്ഹറക്കും വലിയുതിമ്മ നിഅമതഹു അലൈക്കും ലഅല്ലക്കും തശ്കുറൂൻ"

ദൈവം നിന്നെ പ്രയാസപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.മറിച്ച് അവൻ ഉദ്ദേശിക്കുന്നത് നിന്നെ ശുദ്ധീകരിക്കുന്നതിനും നിനക്കു അവന്റെ അനുഗ്രഹം മുഴുവനായും നൽകുന്നതിനും അങ്ങിനെ നീ നന്ദിയുള്ളവനായിത്തീരുന്നതിനും വേണ്ടിയാണ്.

എന്താണ് അല്ലാഹു മുകളിൽ വിവരിച്ചിരിക്കുന്നത് എന്നു നമുക്കു ഒന്നു നോക്കാം. പ്രയാസം വരുന്നത് അവസാനിപ്പിക്കാനും,അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ധാരാളമായി നൽകുവാനും വേണ്ടിയാണ് എന്നാണ് പറഞ്ഞിരിക്കുന്നത്.അല്ലാഹു നമുക്കു നൽകിയതിനെ നമുക്കു അനുകൂലമായി ഉപയോഗിക്കാം എന്നാണ് നാം മനസ്സിലാക്കേണ്ടത്. ഇവിടെ നമുക്കു "ശുക്ർ "എന്ന പദം വിശദീകരിക്കുന്നതിലൂടെ അതു എങ്ങിനെയാണ് പ്രയോജന പ്രദമാക്കേണ്ടത് എന്നു മനസ്സിലാക്കാം.

നമ്മുടെ പൂർവ്വീകരായ ആളുകൾ എല്ലാ കാര്യങ്ങളെയും ഒരു കർമ്മശാസ്ത്ര പണ്ഡിതന്റെ കാഴ്ചപ്പാടിലും,ആചാര അനുഷ്ഠാന രൂപത്തിലുമാണ് നമുക്കു കൈമാറ്റം ചെയ്തു തന്നിട്ടുള്ളത്.ഈ കാഴ്ചപ്പാടിൽ നിന്നു തന്നെയാണ് ഈ പദത്തിന്റെ അർത്ഥത്തെ" അല്ലാഹുവിനു നന്ദി “എന്നു പറയുന്നതിൽ ഒതുക്കിയത്. എന്നാൽ ഒരു വസ്തുവിന്റെ ഗുണം മുഴുവനായും നമുക്കു അനുകൂലമായി ഉപയോഗിക്കുക എന്നാണ് ഇതുകൊണ്ടു ഉദ്ദേശിക്കുന്നത് എന്നു നാം അറിയണം. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ നാം ഒരു ടവ്വൽ ഒരാൾക്ക് സമ്മാനമായി നൽകി എന്നു വിചാരിക്കുക. അതുകൊടുത്ത സമയത്തും കാണുമ്പോഴൊക്കെയും നന്ദിവാക്ക് പറയുകയും പിന്നീട് നാം കുറച്ചു ദിവസം കഴിഞ്ഞ് അയാളെ സന്ദർശിച്ചപ്പോൾ അതു തുടപ്പു തുണിയായി ഉപയോഗിക്കുന്നതായി നാം കാണുകയും ചെയ്താൽ എങ്ങിനെയുണ്ടാവും? ഇതിനു വിപരീതമെന്നോ

ണം മറ്റൊരാൾക്ക് നാം ഇതേപോലെ ഒരു കർച്ചീഫ് സമ്മാനിക്കുകയും അത് കൊടുത്തവേളയിൽ ഒരു നന്ദിവാക്ക് പറയുകയും പിന്നീട് നാം അയാളെ കാണുമ്പോഴെല്ലാം അയാളുടെ പോക്കറ്റിൽ അത് വൃത്തിയിലും നന്നായി ഉപയോഗിക്കുന്നതായും കാണുകയും കാണുന്നു. അപ്പോൾ നാം നൽകിയ സമ്മാനത്തെ ഏറ്റവും നന്നായി ഉപയോഗിച്ചവൻ ആരാണെന്നു നമുക്കു മനസ്സിലാക്കാമല്ലോ?

അപ്പോൾ "ശുക്ർ" എന്ന പദത്തിന്റെ അർത്ഥം തനിക്കു കിട്ടിയ വസ്തുവായാലും ആത്മീയമായ അറിവായാലും അത് നന്നായി ഉപയോഗിക്കുക എന്നതാണ്. അതുപോലെ അല്ലാഹുവിനു നന്ദി കാണിക്കുക എന്നു പറഞ്ഞാൽ അവൻ നമുക്കു നൽകിയ കാര്യങ്ങളെ നന്നായി ഉപയോഗിക്കുക അല്ലാതെ അതു നശിപ്പിക്കുകയും മലിനമാക്കുകയും ചെയ്തിട്ടു ഇടക്കിടെ അവനെ അന്വേഷിച്ചുപോയി ഒരു നന്ദി പറഞ്ഞു പോരലല്ല.മുകളിൽ നാം പറഞ്ഞ അൽ-മാഇദയിലെ ആയത്തുകൾ ഒന്നു പരിശോധിച്ചാൽ അവന്റെ ദാനങ്ങളെയും അനുഗ്രഹങ്ങളെയും നമുക്കു അനുകൂലമായി എങ്ങിനെയാണ് ഉപയോഗിക്കേണ്ടത് എന്നു നമുക്കു പഠിപ്പിച്ചു തരുന്നതായി മനസ്സിലാക്കാം

1) ഒന്നാമത്തെ അവസ്ഥ ദൈവീക കൽപനകളെക്കുറിച്ചുള്ള പൂർണ്ണമായ അറിവ്.അപ്പോൾ അവൻ അത് സ്ഥാപിക്കാൻ പ്രവർത്തിക്കണം.ഇതാണ് "إِذَا قُمْتُمْ إِلَى الصَّلوةِ" " ഇദാ ഖുംത്തും ഇലാ അ-സ്സ്വലാത്തി "എന്ന വാക്കുകളിലൂടെ സൂചിപ്പിക്കുന്നത്.ദൈവിക നിയമങ്ങളുടെ പരമാധികാരത്തെ നീ സ്ഥാപിക്കാൻ ഒരുങ്ങിയാൽ.
2) രണ്ടാമത്തെ അവസ്ഥ ദൈവീക കൽപനകളെക്കുറിച്ചുള്ള അജ്ഞതയും ദൈവീകമാർഗ്ഗ നിർദ്ദേശത്തക്കുറിച്ചുള്ള സംമ്പൂർണ്ണമായ പരിചയമില്ലായ്മയും. അതിനെക്കുറിച്ചാണ് "وَإِنْ كُنْتُمْ جُنُبًا " വ ഇൻ കുൻതും ജുനുബൻ" എന്നു പറഞ്ഞത്.
3) മൂന്നാമത്തെ അവസ്ഥ ഒരു മനുഷ്യന് ദൈവീക കൽപനകളെക്കുറിച്ചുള്ള ജ്ഞാനം സ്വന്തമാക്കിയിട്ടില്ല.പക്ഷെ ദൈവീക മാർഗ്ഗ നിർദ്ദേശങ്ങൾ അയാളുടെ പ്രശ്നപരിഹാരങ്ങളിലും ,കർമ്മങ്ങളിലും വന്നു ചേരുന്നു പക്ഷെ അയാൾ പല തരത്തിലുള്ള കുറവുകൾ നേരിടേണ്ടിവരുന്നു,അല്ലെങ്കിൽ മറ്റു വല്ല കൽപനകളെയും നിലവിൽ പിന്തുടരുന്നു,അല്ലെങ്കിൽ ബുദ്ധിപരമായി താഴ്ന്ന നിലവാരത്തിലുള്ള പഠനങ്ങളെ ഉള്ളൂ,അതുമല്ലെങ്കിൽ ചില മാനസികമായ ചാപല്ല്യങ്ങളാൽ ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ ഈ പറഞ്ഞ അവസ്ഥയിലുള്ളവർക്കൊന്നും തന്നെ ദൈവീക കൽപനകളുടെ സത്ത പൂർണ്ണമായും ഉൾക്കൊള്ളാനും മനസ്സിലാക്കാനും കഴിഞ്ഞിട്ടില്ല

അൽ-മാഇദ ആറാം വചനത്തിൽ എല്ലാവർക്കുമുള്ള മാർഗ്ഗ നിർദ്ദേശങ്ങളായി പറ

യുന്ന പ്രവർത്തനങ്ങളാണ്.എല്ലാ ഓരോരുത്തർക്കും,എല്ലാ നിലവാരത്തിലുള്ള വിദ്യാഭ്യാസമുള്ളവർക്കും. ഈ വചനത്തിന്റെ മുമ്പുള്ള വചനങ്ങളിൽ മുമ്പ് നാം വിശദീകരിച്ച സൂറത്തുന്നിസാഇലെ 43 ാം വചനത്തിന്റെ തുടർച്ചയാണ്. ഈ രണ്ടുസ്ഥലങ്ങളിലും **سَمِعْنَا وَأَطَعْنَا** (ഞങ്ങൾ കേട്ടു,ഞങ്ങൾ അനുസരിച്ചു)എന്നു പറയുന്നത് നമസ്കാരത്തെയല്ല മറിച്ചു ദൈവീക കൽപനകളെക്കുറിച്ചാണെന്നുള്ളത് വ്യക്തമായി കാണാൻ കഴിയും.അവിടെ ജൂദരുടെ സ്വഭാവം എടുത്തു പറയുന്നുണ്ടെങ്കിലും അതേ കാര്യം തന്നെ വ്യത്യസ്ഥ ശൈലിയിൽ ഇവിടെയും അവതരിപ്പിക്കുന്നത്.

നാം ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന സൂറത്ത് അൽ-മാഇദയിലെ വചനങ്ങൾ അവസാനിക്കുന്നത് ഇപ്രകാരമാണ്.

وَلِيُتِمَّ نِعْمَتَهُ عَلَيْكُمْ لَعَلَّكُمْ تَشْكُرُون

"വലിയുതിമ്മ നിഅമതഹൂ അലൈക്കും ലഅല്ലക്കും തശ്ക്കുറൂൻ "

"ദൈവത്തിന്റെ അനുഗ്രഹങ്ങൾ നിങ്ങൾക്കു പൂർത്തിയാക്കുന്നതിനു വേണ്ടിയും നല്ല വഴിയിലൂടെ അതിന്റെ ഉപകാരം ലഭിക്കാൻ വേണ്ടിയും"

ഇവിടെ മുമ്പു സൂറത്തു അ-ന്നിസാഇലെ 43-47 ാം വചനളിൽ ജൂദരുടെ സ്വഭാവം വിവരിച്ചു കൊണ്ടു വിശ്വാസികളെ ഓർമ്മിപ്പിക്കുകയാണ് ചെയ്യുന്നത്. അതൊന്നു നോക്കൂ:-

وَاذْكُرُوا نِعْمَةَ اللَّهِ عَلَيْكُمْ وَمِيثَاقَهُ الَّذِي وَاثَقَكُمْ بِهِ إِذْ قُلْتُمْ سَمِعْنَا وَأَطَعْنَا

"വദ്കുറൂ നിഅമതല്ലാഹി അലൈക്കും വമീസാഖഹുല്ലദീ വാസഖക്കും ബിഹീ ഇദ് ഖുൽതും സമിഅനാ വഅത്വഅനാ "

"ദൈവം നിങ്ങൾക്ക് ചെയ്ത അനുഗ്രഹവും ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തുവെന്ന്(**سَمِعْنَا وَأَطَعْنَا**)നിങ്ങൾ പറഞ്ഞപ്പോൾ അവൻ നിങ്ങളോടു ചെയ്ത ഉടമ്പടിയും ഓർമ്മിക്കുകയും... "

ദൈവത്തിന്റെ കൽപനകൾ വിശ്വാസികൾ കേൾക്കുകയും അത് അപ്പടി അനുസരിക്കുകയും ചെയ്യുമ്പോഴാണ് അവന്റെ അനുഗ്രഹം ലഭിക്കുക. അല്ലാഹുവിന്റെ ഗ്രന്ഥം ശ്രദ്ധിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് അവന്റെ അനുഗ്രഹം ലഭിക്കുക.ഈ ഒരു ആശയമാണ് 6ാം വചനത്തിൽ വിവരിക്കുന്നത് .ഈ ആശയം വിവരിച്ച ശേഷം അതിലേക്കുള്ള തെളിവിനായി"**لِيُتِمَّ نِعْمَتَهُ**" (അവന്റെ അനുഗ്രഹത്തിന്റെ പൂർണ്ണതക്കുവേണ്ടി)എന്നു പറയുകയും ചെയ്തു.ഈ ഒരു സാഹചര്യം തന്നെയാണ് സൂറത്തു അ-ന്നിസാഇൽ ജൂദരുടെ സ്വഭാവം വിവരിച്ചുകൊണ്ട് പറയുന്ന സന്ദർഭത്തിലും.

يُحَرِّفُونَ الْكَلِمَ عَن مَّوَاضِعِهِ

"യുഹര് രിഫൂനൽ കലിമ അൻമവാളിഇഹീ വയഖൂലൂന സമിഅനാ വഅസ്വയ്നാ "

“അവർ വാക്കുകൾ അതിന്റെ സ്ഥാനത്തു നിന്നു തെറ്റിക്കുകയും,പരിഹസിച്ചുകൊണ്ട് ഞങ്ങൾ കേൾക്കുകയും ധിക്കരിക്കുകയും ......”

എന്നാൽ സൂറത്ത് അൽ-മാഇദയിൽ വിശ്വാസികളെ അഭിസംബോധന ചെയ്തുകൊണ്ട് പറയുന്നത് ജൂദരെപ്പോലെ ആകരുതെ എന്നാണ്.വിശ്വാസികൾ ദൈവീക മാർഗ്ഗ ദർശനം കേൾക്കുകയും എന്നിട്ട് അതിനെ നശിപ്പിക്കാനുള്ള പ്രവർത്തനം ഒരിക്കലും അവരിൽ നിന്നുണ്ടാകില്ലെന്നുമാണ് അല്ലാഹു പറയുന്നത്. മറിച്ച് അവ പ്രാവർത്തികമാക്കാൻ ആരംഭിക്കുകയും അങ്ങിനെ ദൈവീക അനുഗ്രഹം അവർക്ക് പൂർണ്ണമായും നൽകപ്പെടുകയും ചെയ്യുന്നതാണ് എന്നാണ് അല്ലാഹു വിവരിക്കുന്നത്.

# സാഷ്ടാംഗം سُجُود

"സജദ" എന്ന പദം നാം മുമ്പ് വിശദീകരിച്ചിട്ടുണ്ട്.എല്ലാം ഒരു അധികാരിക്ക് സമർപ്പിക്കുക എന്നതാണ് ഇതിന്റെ അർത്ഥമെന്നു നാം പറയുകയുണ്ടായി.എന്നാൽ ഖേദകരമെന്നു പറയട്ടെ പ്രതീകാത്മകമായ ചില പ്രകടനത്തിൽ മാത്രം ഈ പദത്തിന്റെ വിശാലമായ താല്പര്യത്തെ നമ്മുടെ പണ്ഡിതന്മാർ ഒതുക്കിക്കളഞ്ഞു.നിലത്ത് നെറ്റി വെക്കുക" എന്ന ഒരു ചെറിയ കാര്യത്തിലൂടെ നമ്മുടെ സർവ്വവും അല്ലാഹുവിൽ സമർപ്പിച്ചു എന്നതാണ് "സജദ" എന്ന പദത്തിലൂടെ നാം ചെയ്യേണ്ട കർത്തവ്യം എന്നു നമ്മെ അവർ പഠിപ്പിച്ചു.എന്നാൽ നമ്മുടെ ചിന്തകളിലും,വിശ്വാസങ്ങളിലും നമ്മുടെ ജീവിതത്തിലുടനീളവും,സ്വത്തുക്കളിലുമെല്ലാം ദൈവീക കൽപനകൾ നടപ്പിലാക്കുകയും പ്രവർത്തി പദത്തിൽ കൊണ്ടുവരികയും ചെയ്യുന്നതുവരെ നാം സുജൂദ് ചെയ്യുക എന്ന കർത്തവ്യം നിർവ്വഹിച്ചിട്ടില്ല എന്നതാണ് സത്യം.പരമകാരുണികൻ മനുഷ്യർ ചെയ്യുന്ന ഒരു കാര്യമായി മാത്രം ഈ പദത്തെ ഉപയോഗിച്ചില്ല. മറിച്ച് മൃഗങ്ങളും,പക്ഷികളും,സസ്യങ്ങളും , ഖരപദാർത്ഥങ്ങളുമെല്ലാം സൂജൂദ് ചെയ്യുന്നതായിട്ടാണ് അല്ലാഹു പറയുന്നത്.ചുരുക്കത്തിൽ ഈ പ്രപഞ്ചത്തിൽ നിലനിൽക്കുന്ന എല്ലാ വസ്തുക്കളും സൂജൂദ് ചെയ്തുകൊണ്ടിരിക്കുന്നുണ്ട് എന്നാണ് അല്ലാഹു വ്യക്തമാക്കുന്നത്.താഴെ പറയുന്ന  വചനങ്ങൾ ഒന്നു നോക്കൂ. സൂറത്തു അന്നഹൽ 47-50 വരെയുള്ള വചനങ്ങളിൽ പരമകാരുണികൻ പറയുന്നതു ശ്രദ്ധിക്കൂ:-

أَوَلَمْ يَرَوْا۟ إِلَىٰ مَا خَلَقَ ٱللَّهُ مِن شَىْءٍ يَتَفَيَّؤُا۟ ظِلَٰلُهُۥ عَنِ ٱلْيَمِينِ
وَٱلشَّمَآئِلِ سُجَّدًا لِّلَّهِ وَهُمْ دَٰخِرُونَ ﴿٤٨﴾
وَلِلَّهِ يَسْجُدُ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ مِن دَآبَّةٍ وَٱلْمَلَٰٓئِكَةُ
وَهُمْ لَا يَسْتَكْبِرُونَ ﴿٤٩﴾
يَخَافُونَ رَبَّهُم مِّن فَوْقِهِمْ وَيَفْعَلُونَ مَا يُؤْمَرُونَ ۩ ﴿٥٠﴾

"അവലം യറൗ ഇലാ മാ ഖലഖല്ലാഹു മിൻ ശൈഇൻ യതഫയ്യഉ ളിലാലഹു അനിൽയമീനി വശ്ശമാഇലി സുജ്ജദൻ ലില്ലാഹി വഹും ദാഗിറൂൻ. വലില്ലാഹി യസ്ജ്ജുദുമാ ഫിസ്സമാവാത്തി വമാഫിൽ അർളി മിൻ ദാബ്ബത്തിൻ വൽമലാഇകത്തു വഹുംലാ യസ്തക്ബിറൂൻ യഗാഫൂന റബ്ബഹും മിൻ ഫൗഖിഹിം വയഫ്അലൂന  മാ യുഅമറൂൻ"

"അല്ലാഹു സൃഷ്ടിച്ച വസ്തുക്കളിലേക്കു അവൻ നോക്കിയിട്ടുമില്ലേ?തങ്ങൾ അനുസരിക്കുന്നവരായിരിക്കെ അവയുടെ നിഴലുകൾ അല്ലാഹുവിനു സൂജൂദ് ചെയ്തുകൊണ്ടതാ വലതു വശത്തേക്കും ഇടതുവശത്തേക്കും നീങ്ങിക്കൊണ്ടിരിക്കുന്നു.ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമായ ഏതൊരു ജന്തുവും, മലക്കുകളും, അഹങ്കരിക്കാതെ അല്ലാഹുവിനു തന്നെയാണ് സുജൂദ് ചെയ്യുന്നത് .അവർ തങ്ങളോടു കൽപിക്കപ്പെടുന്നതു പ്രവർത്തിച്ചുകൊണ്ടു തങ്ങളുടെ മുകളിൽ നിന്നും തങ്ങളുടെ നാഥനെ ഭയപ്പെട്ടു കൊ

ഈ വചനങ്ങളിൽ നിന്നും താഴെ പറയുന്ന കാര്യങ്ങൾ വളരെ വ്യക്തമാകുന്നു.

1)ആദ്യമായി അവന്റെ വസ്തുക്കളുടെ സൃഷ്ടിപ്പിനെക്കുറിച്ച് ചിന്തിക്കാൻ പറയുന്നു.
2)രൂപമുള്ള എല്ലാ വസ്തുക്കളുടെയും നിഴലുകൾ അല്ലാഹുവിനു സുജൂദ് ചെയ്യുന്നു.
3)ഈ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും ജീവജാലങ്ങളും,മലക്കുകളും അല്ലാഹുവിനു സുജൂദ് ചെയ്യുന്നു.
4)ഈ പ്രപഞ്ചത്തിലെ അഹങ്കരിക്കുന്നതായി ഒന്നുമില്ല.
5)ഈ പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളും അവരുടെ സൃഷ്ടാവിനെ ഭയക്കുന്നു.
6)അവ അവന്റെ കൽപനക്ക് അനുസരിച്ച് പ്രവർത്തിക്കുന്നു.

ചെറിയ ഒരു ചിന്തയിലൂടെ തന്നെ ഏതൊരാൾക്കും 'സജദ' എന്ന ക്രിയയുടെ അർത്ഥം മനസ്സിലാക്കാൻ കഴിഞ്ഞിരിക്കും എന്നു ഞാൻ വിചാരിക്കുന്നു.നമ്മുടെ വ്യാഖ്യാതാക്കളും പണ്ഡിതന്മാരും പറയുന്നത് അവയുടെ സൂജൂദ് ഒന്നും നമുക്കു അറിയില്ല എന്നാണ്.സസ്യങ്ങളുടെയും ,ജീവജാലങ്ങളുടെയും,മറ്റു പദാർത്ഥങ്ങളുടെയും സൂജൂദ് നമുക്കു മനസ്സിലാകില്ല എന്നും അല്ലാഹുവിനു മാത്രമെ അറിയൂ എന്നുമാണ് ഇവർ പറയുന്നത്.എന്നാൽ ഈ വചനത്തിൽ അല്ലാഹു ഈ ജീവജാലങ്ങളുടെയും പദാർത്ഥങ്ങളുടെയും സൃഷ്ടിപ്പിനെക്കുറിച്ചും,സൂജൂദിനെക്കുറിച്ചും ചിന്തിക്കാനാണ്പറയുന്നത്. അടുത്ത വചനത്തിൽ ആ സൂജൂദ് എങ്ങിനെയാണ് എന്നും വിശദീകരിക്കുന്നു.സൂജൂദിന്റെ സത്ത എന്താണെന്നു ഒന്നു ചിന്തിക്കൂ.

1)وَهُمْ دَاخِرُونَ "വഹും ദാഗിറൂൻ" അവർ അവനു അനുസരിക്കുന്നവരാണ്.

2)وَهُمْ لا يَسْتَكْبِرُونَ "വഹും ലാ യസ്തക്ബിറൂൻ"അവർ അഹങ്കരിക്കുകയില്ല.(അവർ വിനീതരായിരിക്കും)

3)وَيَفْعَلُونَ مَا يُؤْمَرُون "വയഅഫ്അലൂന മാ യുഅമറൂൻ"അവർ കൽപിക്കപ്പെടുന്നത് പ്രവർത്തിക്കുന്നവരായിരിക്കും.

പ്രപഞ്ചത്തിലെ ,പദാർത്ഥങ്ങളും,സസ്യങ്ങളും,മൃഗങ്ങളും,പക്ഷികളും,മനുഷ്യരും മലക്കുകളും,എല്ലാം അല്ലാഹുവിനു അനുസരിക്കുന്നു.,ഉദാഹരണത്തിന്,സൂര്യൻ ഒരിക്കലും ഉദിക്കാൻ വിസമ്മതിക്കുന്നില്ല.ആട് പാല് തരാൻ വിസമ്മതിക്കുന്നില്ല.മരങ്ങൾ ഫലങ്ങൾ തരുന്നത് നിർത്തുന്നില്ല.അതുപോലെ പ്രപഞ്ചത്തിലെ ഒരു അണു തൊട്ട്

മലകൾ വരെ എല്ലാം അല്ലാഹുവിന്റെ നിയമങ്ങൾക്ക് വിധേയമായിട്ടാണ് ജീവിക്കുന്നത്.ആ നിയമങ്ങളെ അവർ ധിക്കരിക്കുന്നില്ല എന്നു മാത്രമല്ല അവയോടു കൽപിക്കപ്പെട്ടപോലെ അവ പ്രവർത്തിക്കുകയും ചെയ്യുന്നു.ഇതിനാണ് "സജദ" എന്നു അല്ലാഹു പറഞ്ഞിട്ടുള്ളത്.മറ്റൊരു കാര്യം കൂടി നമുക്കൊന്നു പഠിക്കാം.സൂറത്തു ഹജ്ജിൽ പതിനെട്ടാമത്തെ വചനത്തിൽ പരമകാരുണികൻ പറയുന്നു.:--

أَلَمْ تَرَ أَنَّ اللَّهَ يَسْجُدُ لَهُ مَن فِي السَّمَوَاتِ وَمَن فِى الأَرْضِ وَالشَّمْسُ

وَالقَمَرُ وَالنُّجُومُ وَالْجِبَالُ وَالشَّجَرُ وَالدَّوابُّ وَكَثِيرٌ مِّنَ النَّاسِ

"അലം തറ അന്നല്ലാഹ യസ്ജുദു ലഹു മൻ ഫിസ്സമാവാത്തി വമൻ ഫിൽ അർളിവശ്ശംസു വൽഖമറു, വന്നുജൂമു, വൽജിബാലു, വശ്ശജറു,വദ്ദവാബു, വകസീറുൻ മിനന്നാ സി"

"ആകാശങ്ങളിലുള്ളവരും,ഭൂമിയിലുള്ളവരും,സൂര്യനും, ചന്ദ്രനും, നക്ഷത്രങ്ങളും പർവ്വതങ്ങളും,വൃക്ഷങ്ങളും,മൃഗങ്ങളും, ധാരാളം മനുഷ്യരും,അല്ലാഹുവിനു തന്നെയാണ് സുജൂദ് ചെയ്യുന്നതെന്നു നീ കണ്ടില്ലേ?"

മുമ്പ് പറഞ്ഞ അതേ കാര്യം തന്നെയാണ് ഇവിടെയും വിശദീകരിക്കുന്നത്.ദൈവത്തിനു പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും സുജൂദ്" ചെയ്യുന്നത് നീ കണ്ടില്ലേഎന്നാണ് അല്ലാഹു ചോദിക്കുന്നത്.എന്നാൽ ഇന്നു നാം ചെയ്യുന്ന "സൂജൂദ് "ലോകത്തു ഒരു വസ്തുവും ചെയ്യുന്നതായി കാണുന്നുമില്ല.എന്നാൽ പ്രപഞ്ചത്തിലെ ഒരാറ്റം തൊട്ട് എല്ലാ വസ്തുക്കളും അല്ലാഹുവിന്റെ നിയമങ്ങൾ അനുസരിക്കുന്നതായി നാം കാണുന്നു. അപ്പോൾ ഇതു തന്നെയാണ് അവയുടെ സുജൂദ്.ദൈവീക മാർഗ്ഗ നിർദ്ദേശവും അവ അനുസരിക്കലും ആയിരിക്കണം നമ്മുടെ ലക്ഷ്യം.അവന്റെ കൽപനകൾ അനുസരിക്കലാണ് സജദ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ന് നമുക്ക് മനസ്സിലായല്ലോ?.

പിന്നീട് ഇവിടെ പറഞ്ഞ മറ്റൊരു കാര്യം ഭൂരിപക്ഷം ജനങ്ങളും സൂജൂദ് ചെയ്യുന്നു എന്നുള്ളതാണ്.എന്നാൽ മുസ്ലിംകൾ ഇന്നു ചെയ്യുന്ന പാരമ്പര്യവും പ്രകടനാത്മകവുമായ സുജൂദ് അധിക ജനങ്ങളും ചെയ്യുന്നതായി നാം കാണുന്നുമില്ല.എന്നാൽ മനുഷ്യർ അവരുടെ ജനനം തൊട്ട് മരണം വരെ അല്ലാഹുവിന്റെ നിയമങ്ങൾക്കു വിധേയരായിട്ടാണ് ജീവിക്കുന്നത്.അങ്ങിനെയുള്ള മനുഷ്യരിൽ ആരെങ്കിലും അല്ലാഹുവിന്റെ കൽപനകൾക്ക് കീഴ്പ്പെടാൻ തയ്യാറാകുന്നുവോ അതാണ് അവന്റെ സുജൂദ്.

# "ഖിബ് ല " قِبْلَة

നമസ്കാരത്തിന്റെ സത്യം എന്ന വിഷയം പൂർണ്ണമാകണമെങ്കിൽ ഖിബ് ലയെക്കുറിച്ച് പറയുന്ന വചനങ്ങൾ കൂടി നാം ഒന്നു ചർച്ച ചെയ്യേണ്ടതുണ്ട്.ഖിബ് ലയെക്കുറിച്ച് പരമകാരുണികൻ പറയുന്ന സൂറത്ത് അൽ-ബഖറ 145-146 വചനങ്ങൾ ഒന്നു പരിശോധിക്കാം:-

وَلَئِنْ أَتَيْتَ ٱلَّذِينَ أُوتُوا۟ ٱلْكِتَـٰبَ بِكُلِّ ءَايَةٍ مَّا تَبِعُوا۟ قِبْلَتَكَ ۚ وَمَآ أَنتَ بِتَابِعٍ قِبْلَتَهُمْ ۚ وَمَا بَعْضُهُم بِتَابِعٍ قِبْلَةَ بَعْضٍ ۚ وَلَئِنِ ٱتَّبَعْتَ أَهْوَآءَهُم مِّنۢ بَعْدِ مَا جَآءَكَ مِنَ ٱلْعِلْمِ ۙ إِنَّكَ إِذًا لَّمِنَ ٱلظَّـٰلِمِينَ ﴿١٤٥﴾
ٱلَّذِينَ ءَاتَيْنَـٰهُمُ ٱلْكِتَـٰبَ يَعْرِفُونَهُۥ كَمَا يَعْرِفُونَ أَبْنَآءَهُمْ ۖ وَإِنَّ فَرِيقًا مِّنْهُمْ لَيَكْتُمُونَ ٱلْحَقَّ وَهُمْ يَعْلَمُونَ ﴿١٤٦﴾

“വലഇൻ അതയ്തല്ലദീന ഊതുൽ കിതാബ ബികുല്ലി ആയത്തിൻ മ്മാ തബിഊ ഖിബ് ലതക്ക വമാ അൻത ബിതാബിഇ ഖിബ് ലതഹും വമാ ബഅളുഹും ബി താബിഇൻ ഖിബ് ലത ബഅളിൻ വലഇൻ ഇത്തബഅത അഹ് വഅഹും മിൻബഅദി മാ ജാഅക മിനൽ ഇൽമി ഇന്നക്ക ഇദൻ ല്ലമിനള്ളാലിമീൻ . അല്ലദീആത യ്നാ ഹുമുൽ കിതാബ യഅരിഫൂനഹൂ കമാ യഅരിഫൂന അബ്നാഅഹും വഇന്ന ഫരീഖൻ മിൻഹും ലയക്തുമൂനൽ ഹക്ക വഹും യഅലമൂൻ "

“വേദം നൽകപ്പെട്ടവരുടെ അടുത്തേക്ക് നീ സർവ്വ തെളിവുകൾ കൊണ്ടു ചെന്നാ ൽ പോലും അവർ നിന്റെ ഖിബ് ല പിൻപറ്റുകയില്ല. നീ അവരുടെ ഖിബ് ല പിൻപറ്റുന്നവനുമല്ല.അവരിലെ ചിലർ മറ്റു ചിലരുടെ ഖിബ് ല പിൻപറ്റുന്നവരുമല്ല. ഇനി ഈ അറിവു വന്നു കിട്ടിയ ശേഷം അവരുടെ സ്വേച്ഛകളെ പിൻപറ്റിയാൽ അന്നേരം നീ അക്രമികളുടെ കൂട്ടത്തിൽ തന്നെയായിരിക്കും. നാം വേദം നൽകിയവർ തങ്ങളുടെ പുത്രന്മാരെ അറിയുന്നതുപോലെ അത് തിരിച്ചറിയുന്നുണ്ട്. അവരിൽ ഒരു വിഭാഗം അറിയുന്നവരായിക്കൊണ്ട് ആ സത്യം മറച്ചുവെക്കുക തന്നെയാണ് ചെയ്യുന്നത്.”
ഈ ആയത്തിൽ നിന്നും മനസ്സിലാകുന്ന കാര്യങ്ങൾ:--

1) വേദം നൽകപ്പെട്ടവർ നിങ്ങളുടെ "ഖിബ് ല"പിൻപറ്റുകയില്ല.അതിനർത്ഥംഖിബ് ല എന്നത് പിൻപറ്റാൻ പറ്റുന്ന ഒന്നാണ് എന്നതാണ്.
2) നിങ്ങൾ അവരുടെ "ഖിബ് ല" പിൻപറ്റാനും പോകുന്നില്ല.അതിനർത്ഥം വേദക്കാർക്ക് അവർക്ക് സ്വന്തമായി തന്നെ അവർ പിന്തുടരുന്ന ഒരു "ഖിബ് ല" ഉണ്ടെന്നാണ്.
3) ആ വേദക്കാരിൽ തന്നെ വ്യത്യസ്ഥ "ഖിബ് ല"യുള്ളവരുണ്ട്. അവർ എല്ലാ

വരും ഒരു "ഖിബ് ല"യേയോ,ഒരു കൂട്ടർ മറ്റൊരു കൂട്ടരുടെ "ഖിബ് ല"യോ പിന്തുടരുകയില്ല എന്നുമാണ് വ്യക്തമാക്കുന്നത്

നാം എന്തിനേയാണ് പിന്തുടരുക എന്ന നാം അല്പമൊന്നു ചിന്തിച്ചാൽ തന്നെ മന സ്സിലാകും.ആ പിന്തുടരുന്ന കാര്യം എപ്പോഴും നമ്മുടെ വീക്ഷണമായി മാറണം. അത് നമ്മുടെ കർമ്മമായി മാറണം.ആരെയാണ് ഗ്രന്ഥത്തിന്റെ ആളുകൾ എന്ന നാം വിളി ക്കുക. ആ ഗ്രന്ഥത്തിലെ കാര്യങ്ങൾ പിന്തുടരുന്നവരെയാണ് ഗ്രന്ഥത്തിന്റെ ആളുകൾ എന്ന വിളിക്കുക .അല്ലാതെ ഗ്രന്ഥത്തിന്റെ നേരെ തിരിഞ്ഞു നിൽക്കുന്നവനെയല്ല .അതുപോലെ ഈ ലോകത്തു ഉള്ള എല്ലാവർക്കും അറിയാം തങ്ങൾ ഏതൊന്നിനെ യാണ് സാധാരണ തങ്ങളുടെ ജീവിതത്തിൽ പിന്തുടരുന്നത് എന്ന്?

ഒന്നാമത്തെ തെളിവ്.നാം അധികവും കൽപനകളെയാണ് പിന്തുടരുക എന്നതാണ് . അല്ലാതെ കല്ലുകൾക്കൊണ്ടോ,ഇഷ്ടികകൾ കൊണ്ടോ ഉണ്ടാക്കിയ ഒരു കെട്ടിടത്തെ യല്ല പിൻപറ്റുക.മറിച്ച് ഒരു പ്രത്യയശാസ്ത്ര(ദീൻ)ത്തെയാണ് പിന്തുടരുക. മനുഷ്യാവ കാശങ്ങളെക്കുറിച്ച് വിശദീകരിക്കുന്ന ദൈവീക മൂല്യങ്ങളാണ് നാം പിന്തുടരേണ്ട ആ കൽപനകൾ..ഈ മൂല്യങ്ങൾ സമാധാനവും സുരക്ഷിതത്വവും ഉണ്ടാക്കാനുള്ളതാണ് .ഈ കൽപനകൾ തകർക്കപ്പെട്ടാൽ അതിന്റെ ഫലം അനീതിയുടെ തേരോട്ടവും മനുഷ്യത്ത്വത്തിന്റെ തകർച്ചയുമായിരിക്കും ഫലം.ഈ കാരണം കൊണ്ടു തന്നെ ദൈ വീക കൽപനകകളുടെ കൂടെ മനുഷ്യനിർമ്മിതെ നിയമങ്ങൾ കൂട്ടിച്ചേർക്കൽ അനീ തിയും അക്രമവുമാണ്.നമ്മുടെ പ്രവാചകനോട് അല്ലാഹു സൂചിപ്പിക്കുന്നതും അതാ ണ്.അതായത് നീ അവരുടെ ഖിബ് ലയെ(അതായത് സ്വാർത്ഥ താല്പര്യങ്ങളെ أَهْوَاءَ )ദൈവത്തിൽ നിന്നുമുള്ള വ്യക്തമായ അറിവു കിട്ടിയ ശേഷവും പിന്തുടർന്നാൽനീയും അവരെപ്പോലെ അക്രമിയായിത്തീരുമെന്നാണ് അല്ലാഹു പറയുന്നത്.

രണ്ടാമത്തെ തെളിവ്.മറ്റുള്ള സമൂഹങ്ങൾ അവരുടെ ഖിബ് ല"യെയാണ് പിന്തുടരു ന്നതെന്നും,അവർക്ക് ഒറ്റ ഖിബ് ലയല്ല ഉള്ളതെന്നും മറിച്ച് ഓരോ വിഭാഗത്തിനും വ്യത്യസ്ഥമായ "ഖിബ് ല"യാണെന്നുമുള്ളതാണ്.ഓരോ ഗ്രൂപ്പും വ്യത്യസ്ഥ "ഖിബ് ല" യെയാണ് പിന്തുടരുന്നത്.അതായത് ഓരോ ഗ്രൂപ്പും അവർ സ്വന്തമായി തന്നെ വ്യത്യ സ്ഥ മതങ്ങൾ ഉണ്ടാക്കുകയും അതിനെ പിന്തുടരുകയും അത് അവരുടെ വീക്ഷണമാ യി നിലനിർത്തുകയും ചെയ്യുന്ന എന്നാണ്. മറ്റൊരു വിഭാഗത്തിന്റെ "ഖിബ് ല"യെ പിന്തുടരുന്ന വേറൊരു വിഭാഗവും ഇല്ല.ഈ കാര്യങ്ങളിൽ നിന്നെല്ലാം നമുക്കു മന സ്സിലാകുന്നത് കല്ലുകൾകൊണ്ടോ,ഇഷ്ടികകൾകൊണ്ടോ, ഉണ്ടാക്കിയ ഒന്നല്ല ഈ "ഖിബ് ല" എന്നുള്ളതാണ്.മറിച്ച് മനുഷ്യൻ സദാ പിന്തുടരുന്ന ഒരു ആശയത്തെ യാണ് ഉദ്ദേശിക്കുന്നത്.

ഇനി മുകളിൽ വിവരിച്ച ആയത്തുകൊണ്ട് ജൂദന്മാരെയാണ് ഉദ്ദേശിക്കുന്നതെങ്കിൽ അവരുടെ "ഖിബ് ല" സുലൈമാൻ നിർമ്മിച്ച പള്ളിയാണെന്നും വിചാരിക്കുക.അപ്പോഴും ഒരു സംശയം ബാക്കിയാകുന്നു.അതായത് കിസ്ത്യാനികളുടെ "ഖിബ് ല" ഏതാണെന്നുള്ളത് എങ്ങിനെയാണ് മനസ്സിലാകുക?

നാം നിലവിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന സുലൈമാൻ നിർമ്മിച്ച പള്ളിയെയും കഅബയെയും മാറ്റിവെച്ചുകൊണ്ട് ,ഓരോ മനുഷ്യനും സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശം എന്ന നിലക്ക് എടുക്കുകയാണെങ്കിൽ ഓരോ മനുഷ്യനും സ്വീകരിക്കുന്ന മാർഗ്ഗനിർദ്ദേശമാണ് അവന്റെ "ഖിബ് ല". അവ എന്നും നമ്മുടെ വീക്ഷണമായി സൂക്ഷിക്കുകയും ചെയ്യാം.ദൈവീക മാർഗ്ഗനിർദ്ദേശങ്ങളും,മൂല്ല്യങ്ങളും എത്ര പരിശുദ്ധവും, അവരുണ്ടാക്കിയ കെട്ടുകഥകൾ എത്രമാത്രം വികൃതമാണെന്നും നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ.നാം എന്തിനു മറ്റുള്ള മതസ്ഥരെ കുറ്റം പറയണം.? നമ്മുടെ അധ്യാപനങ്ങളെ എത്രമാത്രം വികൃതമായിട്ടാണ് നാം അവതരിപ്പിച്ചിട്ടുള്ളത്.?

സൂറത്തു "യൂനുസ്"87 ാം വചനത്തിൽ മൂസാ നബി തന്റെ ജനങ്ങളോട് അവരുടെ വീടുകളെ ഖിബ് ലയാക്കാൻ കൽപിക്കുന്നത് കാണുക.

وَأَوْحَيْنَآ إِلَىٰ مُوسَىٰ وَأَخِيهِ أَن تَبَوَّءَا لِقَوْمِكُمَا بِمِصْرَ بُيُوتًا وَٱجْعَلُوا۟
بُيُوتَكُمْ قِبْلَةً وَأَقِيمُوا۟ ٱلصَّلَوٰةَ ۗ وَبَشِّرِ ٱلْمُؤْمِنِينَ ﴿٨٧﴾

"വ അവ്ഹയ്നാ ഇലാ മൂസാ വഅഗീഹി അൻതബവ്വആ ലിഖൗമികുമാ ബിമിസ്വറ ബുയൂതൻ വജ്അലൂ ബുയൂ തകും ഖിബ് ലത്തൻ വഅഖീമുസ്സ്വലാത്ത വബശ്ശിരിൽ മുഅമിനീൻ"

"നാം മൂസക്കും അദ്ദേഹത്തിന്റെ സഹോദരനും "വഹ് യ്" കൊടുത്തു: നിങ്ങൾ രണ്ടു പേരും നിങ്ങളുടെ ജനതക്കുവേണ്ടി ഈജിപ്തിൽ ചില ഭവനങ്ങൾ തയ്യാറാക്കുകയും നിങ്ങളുടെ ഭവനങ്ങളെ "ഖിബ്ല"യാക്കുകയും,അസ്സ്വലാത്ത് നിർവ്വഹി ക്കുകയും,വിശ്വാസികൾക്ക് സന്തോഷമറിയിക്കുകയും ചെയ്യുക"

പ്രവാചകനായ മൂസയോടും സഹോദരനോടും ഈജിപ്തിൽ വീടുകൾ നിർമ്മിക്കാനാണ് ഇവിടെ കൽപിക്കുന്നത്.അങ്ങിനെയെങ്കിൽ നമുക്കു ചോദിക്കാനുള്ളത് ഈജിപ്തിൽ താമസിക്കാൻ വീടുകൾ ഉണ്ടായിരുന്നില്ലേ?അവർ വീടുകളിലാണ് താമസിച്ചിരുന്നതെങ്കിൽ പിന്നെ എന്തിനാണ് വീടുകൾ നിർമ്മിക്കാൻ കല്പിച്ചത്?

രണ്ടാമത്തെ നമ്മുടെ സംശയം ഇവിടെ "ബുയൂത്ത്" എന്ന പദം "ബൈത്ത്" എന്ന പദത്തിന്റെ ബഹുവചനമായിട്ടാണല്ലോ ഉപയോഗിച്ചിട്ടുള്ളത്.ഈ "ബൈത്ത്" എന്ന

പദം മഹാനായ പ്രവാചകൻ ഇബ്രാഹീമിന്റെ ചരിത്രം പറഞ്ഞ സ്ഥലത്തും വിശദീക രിച്ചിട്ടുണ്ടല്ലോ?യഥാർത്ഥത്തിൽ ഇതിന്റെ അർത്ഥം ഭവനങ്ങൾ എന്നല്ല . മറിച്ച് ആശയത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ട സ്ഥാപനങ്ങളാണ് ഉദ്ദേശിക്കു ന്നത്.ആ ഓരോ സ്ഥാപനങ്ങളെയും "ഖിബ് ല"യാക്കി മാറ്റാനമാണ് കൽപിക്കുന്ന ത്.ഒന്നുകൂടി വ്യക്തമാക്കിയാൽ ഏതൊരു വീടിന്റെയും( സ്ഥാപനങ്ങ ളെയും) ഉദ്ദേശ വും ലക്ഷ്യവും പ്രഖ്യാപിക്കുകയും ,അത് തങ്ങളുടെ "ഖിബ് ല" യാ യി ത്തീരുകയും വേണം.മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ ആ സ്ഥാപനങ്ങൾ ദൈവീക കൽപന കളുടെ വെളിച്ചം പരത്തുന്ന ഒരോ ദൈവീക മാർഗ്ഗ രേഖയായത്തീരുക എന്നു സാരം. പൂർവ്വീകരായ വ്യാഖ്യാതാക്കൾ സാധാരണത്തെ പോലെ ഇവിടെയും തെറ്റായി വ്യാഖ്യാനിച്ചിട്ടുണ്ട്.അതായത് ഈ വീടുകളെല്ലാം "ഖിബ് ല"യുടെ നേർക്ക് തിരിയു ന്നതായിരിക്കണം എന്ന രീതിയിൽ ആണ് വ്യാഖ്യാനിച്ചിട്ടുള്ളത് ഇവിടെ "ബുയൂത്ത് "എന്നത് കർമ്മ നാമമാണ്.അതായത് കർത്താവിന്റെ പ്രവർത്തി സംഭവിക്കുന്നത് ആ കർമ്മത്തിലാണ്. "ഖിബ് ല "എന്ന പദം ആദ്യകർമ്മത്തിന്റെ അവസ്ഥ വ്യക്ത മാക്കുന്ന കർമ്മമാണ്.അപ്പോൾ അർത്ഥം വളരെ വ്യക്തമാകുന്നു .അതായത് ഈ ജിപ്തിലെ ജനങ്ങൾക്കുവേണ്ടി ബുയൂത്തുകൾ ഉണ്ടാക്കുക അഥവാ പ്രത്യയ ശാസ്ത്രത്തി ലധിഷ്ഠിതമായ സ്ഥാപനങ്ങൾ ഉണ്ടാക്കുക.ഓരോ സ്ഥാപനവും "ഖിബ് ല" എന്ന നിലക്ക് ജനങ്ങൾക്ക് സേവനം ചെയ്യുകയും ചെയ്യുക.

ഈ ഒരു വ്യാഖ്യാനത്തിലൂടെ ഒരുപാട് "ഖിബ്ല"കൾ ഉണ്ടായിത്തീരുന്നു.അതായത് ഓരോ കുടുംബവും അത് വീടായാലും സ്ഥാപനമായാലും ഓരോ "ഖിബ്ല"യായി നില കൊള്ളണം എന്നു സാരം.

## നബിയുടെ പേരിലുള്ള സ്വലാത്ത്

സൂറത്തുൽ അൽ-അഹ്സാബ് 56ാം വചനത്തിൽ അല്ലാഹു പറയുന്നതു കാണുക

إِنَّ ٱللَّهَ وَمَلَٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِيِّ ۚ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ صَلُّوا۟ عَلَيْهِ وَسَلِّمُوا۟ تَسْلِيمًا ﴿٥٦﴾

"ഇന്നല്ലാഹ വമലാഇകതഹു യുസ്വല്ലൂന അലന്നബി .യാ അയ്യുഹല്ലദീന ആമനൂ സ്വല്ലൂ അലൈഹി വ സല്ലിമൂ തസ്ലീമാ"

"തീർച്ചയായും അല്ലാഹുവും മലക്കുകളും പ്രവാചകന്റെ മേൽ സലാത്ത് ചെയ്തുകൊണ്ടിരിക്കുന്നു.അതുകൊണ്ട് വിശ്വാസികളെ നിങ്ങളും അദ്ദേഹത്തിന് അനുസരണയോടും താല്പര്യത്തോടും കൂടി അദ്ദേഹത്തിന്റെ മേൽ സ്വലാത്ത് ചെയ്യുക"

സാധാരണ നാം വിശ്വസിക്കുന്നത് നബിയുടെ പേരിൽ അല്ലാഹുവും മലക്കുകളും സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുന്നു എന്നാണ്.അതുകൊണ്ട് നമ്മളും നബിയുടെപേരിൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കണം എന്നാണ്.ഇതിനു നാം തെളിവു പറയുന്നത് പ്രവാചകനായ ഇബ്രാഹീമിന് അല്ലാഹു സ്വലാത്ത് ചൊല്ലിയുട്ടുണ്ട് എന്നാണ്.ഇതാണ് ഇന്നു മുസ്ലിംകൾക്കിടയിൽ അറിയപ്പെട്ട കാര്യം.

ഇവിടെ ഒരു ചോദ്യം ഉയർന്നു വരുന്നതെന്താണെന്നുവെച്ചാൽ അല്ലാഹു സ്വയം തന്നെ ഇബ്രാഹീമിനു സ്വലാത്ത് ചെയ്തു എങ്കിൽ നാമെന്തിനാണ് അല്ലാഹുവിനോട് നബിക്ക് സ്വലാത്ത് ചെയ്യാൻ കൽപിക്കുന്നത്? നബിയുടെ പേരിൽ ഏതു നിലക്കുള്ള സ്വലാത്താണ് അല്ലാഹു ചെയ്യുന്നത്?മറ്റൊരു സംശയം അല്ലാഹു നമ്മോടു ചെയ്യാൻ കല്പിച്ച സ്വലാത്ത് എന്തിനാണ് അല്ലാഹുവിനോടു ചെയ്യാൻ നാം കൽപിക്കുന്നത്? ഇവിടെ اَللَّهُمَّ صَلِّ عَلى النَّبِيِّ "ഓ അല്ലാഹുവേ നീ നബിയുടെ മേൽ സ്വലാത്ത് ചെയ്യണേ"

ഇത് ചെറിയ ഒരു ഉദാഹരണത്തിലൂടെ പറഞ്ഞാൽ ,താങ്കൾ താങ്കളുടെ കീഴിൽ ജോലി ചെയ്യുന്ന ഒരാളോട്"എന്റെ അടുത്ത് ഇരിക്കുന്ന ഇദ്ദേഹം എന്റെ കൂട്ടുകാരനാണ് ദയവുചെയ്ത് ഇയാൾക്ക് അല്പം വെള്ളം കൊണ്ടു വന്നു കൊടുക്കൂ" എന്നു പറഞ്ഞ സന്ദർഭത്തിൽ "സാർ നിങ്ങൾ അദ്ദേഹത്തിന് വെള്ളം കൊണ്ടു വന്നു കൊടുക്കൂ" എന്നു അയാൾ താങ്കളോടു പ്രതികരിച്ചാൽ താങ്കളുടെ അപ്പോഴത്തെ അവസ്ഥ എന്തായിരിക്കും?.

ഇതുപോലെ തന്നെയാണ് അല്ലാഹു നമ്മോടു പ്രവാചകന് സ്വലാത്ത് ചെയ്യാൻ കൽ

പിച്ചപ്പോൾ നാം തിരിച്ച് " أَللَّهُمَّ صَلِّ عَلَى محمد "അല്ലാഹുവേ നീ തന്നെ പ്രവാചകന്റെ മേൽ സ്വലാത്ത് ചെയ്യുക" എന്നു പറഞ്ഞാൽ അല്ലാഹുവിനു നമ്മോടുള്ള പ്രതികരണം എങ്ങിനെയുണ്ടാകും?

രണ്ടാമത്തെ സംശയം പ്രവാചകൻ അദ്ദേഹത്തിന്റെ നമസ്കാരത്തിൽ തനിക്കു തന്നെ സ്വലാത്ത് ചെയ്യാൻ എങ്ങിനെയാണ് അല്ലാഹുവിനോട് ആവശ്യപ്പെടുക?അല്ലെങ്കിൽ ഏതു പ്രവാചകനു വേണ്ടിയാണ് അദ്ദേഹം സ്വലാത്ത് നൽകാൻ പ്രാർത്ഥിക്കുക?

ഈ സ്വലാത്തിന്റെ പ്രവർത്തനത്തിന്റെ വ്യക്തത കിട്ടുന്നതിനുവേണ്ടി നമുക്ക് ഖുർആനിക വചനങ്ങൾ പരിശോധിക്കാം..സൂറത്ത് അൽ-അഹ്സാബ് 43ാം വചനത്തിൽ അല്ലാഹു പറയുന്നു.:

هُوَ ٱلَّذِى يُصَلِّى عَلَيْكُمْ وَمَلَٰٓئِكَتُهُۥ لِيُخْرِجَكُم مِّنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ ۚ وَكَانَ بِٱلْمُؤْمِنِينَ رَحِيمًا ﴿٤٣﴾

"ഹുവല്ലദീ യുസ്വല്ലീ അലൈക്കും വമലാഇകതുഹു ലി യുഗ് രിജക്കും മിനള്ളുലുമാ ത്തി ഇലന്നൂരി വകാന ബിൽ മുഅമിനീന റഹീമാ"

"ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് നിങ്ങളെയെല്ലാം കൊണ്ടുവരുന്നതിനു വേണ്ടി അല്ലാഹുവും അവന്റെ മലക്കുകളും നിങ്ങളുടെ മേൽ സ്വലാത്ത് ചെയ്യുന്നു.അവൻ മുഅമിനുകൾക്ക് കരുണചെയ്യുന്നവനായിരിക്കുന്നു."

അതായത് അല്ലാഹു ചില പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി പൊതു സമൂഹത്തിന്റെ മേൽസ്വലാത്ത് ചെയ്തുകൊണ്ടിരിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്.അവരെ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി.ദൈവത്തിന്റെ ഈ സ്വലാത്തിന് അർഹരായവരെ അല്ലാഹു പേരെടുത്ത് പറഞ്ഞിട്ടുണ്ടോ?ഈ അനുഗ്രഹം എല്ലാവർക്കും കിട്ടുന്നുണ്ടോ? അതല്ല ജനങ്ങളിലെ ഒരു പ്രത്യേക വിഭാഗങ്ങൾക്കു മാത്രമാണോ? നമുക്ക് അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ പുണ്യം ആർക്കാണ് എന്നു നമുക്കു അവൻ പറഞ്ഞു തന്നത് ഒന്നു കാണാം.സൂറത്ത് അൽ-ബഖറ യിൽ പരമകാരുണികൻ പറയുന്നതു കാണുക:-

وَلَنَبْلُوَنَّكُم بِشَىْءٍ مِّنَ ٱلْخَوْفِ وَٱلْجُوعِ وَنَقْصٍ مِّنَ ٱلْأَمْوَٰلِ وَٱلْأَنفُسِ وَٱلثَّمَرَٰتِ ۗ وَبَشِّرِ ٱلصَّٰبِرِينَ ﴿١٥٥﴾

ٱلَّذِينَ إِذَآ أَصَٰبَتْهُم مُّصِيبَةٌ قَالُوٓا۟ إِنَّا لِلَّهِ وَإِنَّآ إِلَيْهِ رَٰجِعُونَ ﴿١٥٦﴾

أُو۟لَٰٓئِكَ عَلَيْهِمْ صَلَوَٰتٌ مِّن رَّبِّهِمْ وَرَحْمَةٌ ۖ وَأُو۟لَٰٓئِكَ هُمُ ٱلْمُهْتَدُونَ ﴿١٥٧﴾

“വലനബ്ലുവന്നക്കും ബി ശൈഇൻ മ്മിനൽ ഗൗഫി വൽ ജ്ജൂഇ വനഖ്സ്വിൻ മ്മി നൽ അംവാലി വസ്സമറാത്തി വബശ്ശിരി അസ്സ്വാബിരീൻ  അല്ലദീന ഇദാ അസ്വാബത്ഹും മുസ്വീബത്തുൻ ഖാലൂ ഇന്നാ ലില്ലാഹി വഇന്നാ   ഇലൈഹി റാജിഊൻ  ഉലായിക്ക അലൈഹിം സ്വലാവാത്തുൻ മിർറബ്ബിഹിം ,വറഹ്മത്തുൻ വ ഉലായികഹുമുൽ മുഹ്തദൂൻ"

“ഭയം കൊണ്ടും, വിശപ്പുകൊണ്ടും,ജീവിത നഷ്ടം കൊണ്ടും ,ധനത്തിന്റെയും പഴവർഗ്ഗങ്ങളുടെ കമ്മികൊണ്ടും നിങ്ങളെ ഞാൻ പരീക്ഷിക്കുവാൻ പോകുകയാണ്.നിരന്തരമായി പരിശ്രുമിക്കുന്നവർക്ക് നീ സന്തോഷമറിയിക്കുക.അതായത് അവർക്കു വല്ല വിപത്തും പറ്റിയാൽ ഞങ്ങൾ എല്ലാം അല്ലാഹുവിനാണ് നൽകുന്നതെന്നും എല്ലാ പ്രശ്നങ്ങളിലും ഞങ്ങൾ അല്ലാഹുവിലേക്കാണ് മടങ്ങുന്നതെന്നും അവർപറയും.അവരുടെ മേൽ അവരുടെ നാഥന്റെ സ്വലാത്തും കാരുണ്യവുമുണ്ട്.സന്മാർഗ്ഗികളും അവർ തന്നെയാണ്    (2:155-157)

സൂറത്തുൽ അഹ്സാബിലെ 43 ാം വചനത്തിൽ നാം ചർച്ച ചെയ്ത ആയത്തിലെ പ്രകാശത്തിലേക്ക് വന്നവർ ആരാണെന്ന് ഈ ആയത്തിൽ വ്യക്തമാക്കി.

മുകളിലെ ചച്ചയിൽ നിന്നും നമുക്കു കിട്ടിയ കാര്യങ്ങൾ ഇതൊക്കെയാണ്:-

1) ദൈവത്തിന്റെ സ്വലാത്ത് നബിക്കു മാത്രമല്ല സാധാരണ വിശ്വാസികൾക്കും ലഭിക്കും.
2) ഈ വിശ്വാസികൾ തങ്ങളുടെ സർവ്വവും ദൈവത്തിന്റെ നിയമങ്ങൾക്ക് സമർപ്പിക്കുന്നു.അത് ദൈവത്തിന്റെ സ്വലാത്തിന് അവരെ അർഹരാക്കുന്നു.

ജനങ്ങളെ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്കു  കൊണ്ടുവരാൻ ദൈവം ഏതു മാധ്യമമാണ് ഉപയോഗിക്കുന്നതെന്നു നോക്കാം.അതിന്റെ പ്രാവർത്തിക രൂപത്തിലൂടെ ജനങ്ങളെ എങ്ങിനെയാണ് ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് കൊണ്ടുവരിക എന്നും മനസ്സിലാക്കാം. സൂറത്തു ഇബ്രാഹീമിലെ ഒന്നാമത്തെ വചനത്തിൽ  അല്ലാഹു പറയുന്നു.

الٓرۚ كِتَـٰبٌ أَنزَلْنَـٰهُ إِلَيْكَ لِتُخْرِجَ ٱلنَّاسَ مِنَ ٱلظُّلُمَـٰتِ إِلَى
ٱلنُّورِ بِإِذْنِ رَبِّهِمْ إِلَىٰ صِرَٰطِ ٱلْعَزِيزِ ٱلْحَمِيدِ ﴿١﴾

“ കിതാബുൻ അൻസൽനാഹു ഇലൈക്ക ലിതുഗ് രിജന്നാസ മിനള്ളുല്യമാത്തി ഇല ന്നൂരി"
“മനുഷ്യരെ ഇരുട്ടിൽ നിന്നും പ്രകാശത്തിലേക്ക് കൊണ്ടുവരാൻ വേണ്ടി നിന്നിലേക്ക് നാം ഒരു ഗ്രന്ഥം ഇറക്കി തന്നിരിക്കുന്നു.”

ഇവിടെ മനുഷ്യരെ അല്ലാഹു ഇരുട്ടിൽ നിന്നും പ്രകാശത്തിലേക്കു കൊണ്ടുവരാനുള്ള

മാധ്യമമായി പറഞ്ഞിരിക്കുന്നത് അവന്റെ ഗ്രന്ഥത്തെയാണ്. ദൈവത്തിന്റെ ആ ഗ്രന്ഥത്തെ പിന്തുടർന്നു കൊണ്ട് നാം സ്വയം ദൈവത്തിലേക്കു തിരിക്കുക എന്നതാണ് പുണ്യകരമായ കാര്യം.മോചനത്തിലുള്ള ഏക മാർഗ്ഗവും അവന്റെ ഗ്രന്ഥമാണ്. പിന്നോക്കത്തിൽ നിന്നും ഇത് മുസ്ലിംകളെ മാത്രമല്ല ഉയർത്തിക്കൊണ്ടുവരിക,മറിച്ച് മനുഷ്യരെ മുഴുവൻ ഇത് ഉയർത്തിക്കൊണ്ടുവരുന്നു.അങ്ങിനെ ഒരു മാതൃകാ സമൂഹത്തെ വളർത്തിക്കൊണ്ടുവരാൻ ഈ ഗ്രന്ഥം മാർഗ്ഗ നിർദ്ദേശം നൽകുന്നു. ഫിർഔനി (സ്വേച്ഛാധിപതി)നെപ്പോലെയുള്ളതോ,ഖാറൂനെ(കരുണയില്ലാത്ത സമ്പന്നൻ )പ്പോലെയുള്ളതോ,ഹാമാനെ(ഏറ്റവും വലിയ പുരോഹിതൻ)പ്പോലെയുള്ളതോ ആയഅഹങ്കാരികളാകാതിരിക്കവാനും ഈ ഗ്രന്ഥം നമുക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നു.

സൂറത്ത് അൽ-അഹ്സാബിലെ 56ാം വചനം നാം ഒന്നു ശ്രദ്ധാപൂർവ്വം മനസ്സിലാക്കുകയാണെങ്കിൽ നാം പ്രവാചകന് സ്വലാത്ത് ചെയ്യുമ്പോൾ, ദൈവം " تَسْلِيمًا "--ആജ്ഞാനുസാരിയാവുക—എന്ന ഒരു നിബന്ധനകൂടി വെക്കുന്നതായി കാണാൻ കഴിയും.അതിനർത്ഥം മുഅമിനുകൾ അവരുടെ ജീവിതം പ്രവാചകന് കീഴടക്കുക എന്നതാണ്.ദൈവ മാകട്ടെ അവന്റെ എല്ലാ അനുഗ്രഹങ്ങളും പ്രവാചകന് നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.ദൈവത്തിനാകട്ടെ പ്രവാചകന് കീഴടങ്ങുകയോ, അനുസരിക്കുകയോ , ചെയ്യേണ്ട ആവശ്യമില്ലല്ലോ? തങ്ങളുടെ ജീവിതം കീഴടക്കലും,അനുസരിക്കലും ഒക്കെ മുഅമിനുകളുടെ മാത്രം ബാധ്യതയാണല്ലോ?.അല്ലാതെ അല്ലാഹുവിനു നബിയുടെ മുമ്പിൽ അത് ചെയ്യേണ്ടതില്ലല്ലോ?.അതുകൊണ്ട് തന്നെ തസ്ലീമാ എന്നു ദൈവത്തിലേക്ക് ചേർത്തിക്കൊണ്ട് ഇവിടെ പറഞ്ഞതുമില്ല.

അപ്പോൾ നാം ഇത് മുഴുവനായും ഒന്നു മനസ്സിലാക്കുകയാണെങ്കിൽ മുഅമിനുകൾ നബിക്ക് സ്വലാത്ത് ചെയ്യുക എന്നതുകൊണ്ട് ഇന്നു നാം ചെയ്യുന്ന സ്വലാത്ത് ഉരുവിടലാണെങ്കിൽ മുഅമിനുകളുടെ ജീവിതം മുഴുവൻ അദ്ദേഹത്തിനു കീഴടക്കി കൊടുക്കുക എന്ന നിബന്ധന വെച്ചതിന്റെ അർത്ഥമെന്താണ്?.ഒരാൾ മറ്റൊരാൾക്ക് തന്റെ ജീവിതം കീഴടക്കിക്കൊടുക്കുക(surrenders)എന്നു പറഞ്ഞാൽ അയാളുടെ നിലപാട് അല്ലെങ്കിൽ ദൗത്യം പൂർണ്ണമായും സ്വീകരിക്കുക എന്നതാണ്.നമ്മുടെ പ്രവാചകന്റെ ദൗത്യം എന്നു പറയുന്നത് ദൈവത്തിന്റെ ഗ്രന്ഥത്തിന്റെ പരമാധികാരം ഇവിടെസ്ഥാപിക്കലാണല്ലോ?.അങ്ങിനെ വരുമ്പോഴാണല്ലോ ഇരുട്ടിൽനിന്നും പൂർണ്ണമായി മുക്തമായ ഒരു സമൂഹത്തെ സ്ഥാപിച്ചെടുക്കാൻ കഴിയുക?.അപ്പോൾ മുഅമിനുകൾ സ്വലാത്ത് ചെയ്യുകയും,തങ്ങളുടെ ജീവിതം മുഴുവൻ അദ്ദേഹത്തിനു കീഴടക്കുകയും ചെയ്യുക എന്നു പറഞ്ഞതുകൊണ്ടു യഥാർത്തത്തിൽ അർത്ഥമാക്കുന്നത് പ്രവാചകന്റെ ദൗത്യം വിജയമാക്കുന്നതിനുവേണ്ടി ദൈവീക മാർഗ്ഗ നിർദ്ദേശങ്ങൾക്ക് കീഴടങ്ങുകയും പ്രവാചകന്റെ പ്രവർത്തിക്കുന്ന കരങ്ങളായിത്തീരുകയും ചെയ്യുക എന്നതാണ്.അതിലൂടെ എല്ലാ ഏകാധിപത്യവും അവസാനിപ്പിക്കുകയും മനുഷ്യർക്ക് ഭയക്കാതെയും ദുഃഖി

ക്കാതെയും ജീവിക്കാനുള്ള അവസ്ഥ ഉണ്ടായിത്തീരുകയും ചെയ്യുന്നു.

പ്രവാചകന്റെ വേർപാടിനു ശേഷം ദൈവീക മാർഗ്ഗ നിർദ്ദേശത്തിന്റെ പരമാധികാ
രം സ്ഥാപിക്കാനുള്ള ഉത്തരവാദിത്വം മുഅമിനുകളുടെ ചുമലിലായിത്തീർന്നു. സത്യ
സന്ധരായ മുസ്ലിംകൾക്ക്, ഖുർആനിക തത്വങ്ങളിലധിഷ്ഠിതമായ ഒരു അനുകരണീ
യ സമൂഹത്തെ വാർത്തെടുക്കാനുള്ള നിരന്തരമായ പരിശ്രമം നടത്തുക എന്നതാണ്
കർത്തവ്യം.ചുരുക്കത്തിൽ ഖുർആൻ പറഞ്ഞ സ്വലാത്ത് എന്നതുകൊണ്ട് മനസ്സി
ലാകുന്നത് "ദൈവീക ഗ്രന്ഥത്തെ മുഴുവനായും പിന്തുടരുക "യും“ഒരു മാതൃകാ സമൂഹ
ത്തെ സ്ഥാപിച്ചെടുക്കാൻ നമ്മെ സ്വയം സമർപ്പിക്കുകയും ചെയ്യുക "എന്നതാണ്.ബാ
ക്കിയുള്ളതൊക്കെ മനുഷ്യർ സ്വയം ഉണ്ടാക്കിയതാണ്. മനുഷ്യ നിർമ്മിത തെളിവു
കളിലേക്ക് നാം നോക്കേണ്ടതില്ല.മാത്രമല്ല ഇത്തരം മിത്തുകളിൽ നിന്നും തെറ്റായ
വ്യാഖ്യനങ്ങളിൽ നിന്നും ഖുർആനിനെ മുക്തമാക്കുന്നതിനുവേണ്ടി അവയെ നാം പൂർ
ണ്ണമായും അവഗണിക്കുക. ഇനി നമുക്ക് സലാത്തിന്റെ ദുർവ്യഖ്യാനം ചെയ്ത മറ്റു ചില
സ്ഥലങ്ങൾ കൂടി ഖുർആനിക വചനത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെ
യ്യാം.

## മുഅമിനുകൾക്കു വേണ്ടിയുള്ള പ്രവാചകന്റെ സ്വലാത്ത്:-

പ്രവാചകന്റെ മുഅമിനുകൾക്കു വേണ്ടിയുള്ള സ്വലാത്ത് രണ്ട് സന്ദർഭങ്ങളിലാണ്
ഖുർആനിൽ ചർച്ച ചെയ്യുന്നത്.സൂറത്തു അ-ത്തൗബയിലെ 103ാം വചനത്തിലാ
ണ് ഒന്ന്.അല്ലാഹു പ്രവാചകനോടു പറയുന്നു.:-

خُذْ مِنْ أَمْوَٰلِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا وَصَلِّ عَلَيْهِمْ ۖ إِنَّ
صَلَوٰتَكَ سَكَنٌ لَّهُمْ ۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿١٠٣﴾

“ഖുദ് മിൻ അംവാലിഹിം സ്വദഖത്തൻ തുത്വഹ്ഹിറുഹും വതുസക്കീഹിം ബിഹാവ സ്വല്ലി അലൈഹിം ഇന്ന
സ്വലാതക്ക സകനുൻ ലഹും വല്ലാഹു സമീഉൻ അലീം"

“നീ അവരെ ശുദ്ധീകരിച്ചുകൊണ്ടും സംസ്കരിച്ചുകൊണ്ടും അവരുടെ സ്വത്തുക്കളിൽ നി
ന്ന് നീ "സ്വദഖ " എടുക്കുകയും അവർക്ക് സ്വലാത്ത് ചെയ്യുകയും ചെയ്യുക.തീർച്ചയാ
യും നിന്റെ സ്വലാത്ത് അവർക്ക് സാന്ത്വനം നൽകുന്നതാണ്.”

ഈ വചനത്തിൽ പ്രവാചകനോട് "സ്വദഖത്ത്" ശേഖരിക്കാൻ കൽപിക്കുകയുംഅതു
കൊണ്ടു സമൂഹത്തിലെ അംഗങ്ങളെ ശാരാരികവും,മാനസികവുമായി വളർത്തിക്കൊ
ണ്ടുവരുവാനും ശുദ്ധീകരിക്കുവാനും കൽപിക്കുന്നു.അതായത് സ്വദഖത്ത് അവരുടെ
വളർച്ചക്കും പുരോഗതിക്കും സഹായകമാകും എന്നു സാരം.
ഇനി "وَصَلِّ عَلَيْهِمْ "” വ സ്വല്ലി അലൈഹിം" എന്നതിലെ "വ "എന്ന അക്ഷരത്തെ

വിശദീകരണത്തിനു വേണ്ടി എടുക്കുകയാണെങ്കിൽ വളർച്ചയും ശുദ്ധീകരണവും തന്നെയാണ് സ്വലാത്ത് എന്നു വരും. അതല്ല " അത്ഫ് "(عَطَف)നു വേണ്ടി എടുക്കുകയാണെങ്കിൽ "സാന്ത്വനം " കിട്ടാവുന്ന ഒരു പദ്ധതി നിർവ്വഹിക്കാനാണ്. ഒന്നു കൂടി വ്യക്തമാക്കിയാൽ ഈ സ്വലാത്ത് പ്രവാചകൻ ചെയ്താൽ ആ സമൂഹത്തിന് സാന്ത്വനമായിരിക്കും അതിന്റെ ഫലമായി കിട്ടുക.അത് ഇന്നത്തെ പാരമ്പര്യ നമസ്കാരം ആകാൻ പറ്റില്ലല്ലോ? അപ്പോൾ പ്രവാചകൻ സ്വദഖാത്ത് ശേഖരിക്കുകയും, അദ്ദേഹത്തിന്റെ നിരന്തരമായ പ്രശംസയും ജനങ്ങൾക്കിടയിൽ ധൈര്യം ഉണ്ടാകാൻ കാരണമാകുന്നു.പ്രവാചകൻ മരിച്ചതിനു ശേഷം സ്വദഖാത്ത് ശേഖരിക്കലും അടിസ്ഥാന ആവശ്യങ്ങൾക്കു വേണ്ടി അത് നൽകലും സർക്കാറിന്റെ ജോലിയാണ്.അതാണ് സൂറത്ത് അ-ത്തൗബ 60 ാം വചനത്തിൽ വിശദീ കരിക്കുന്നു.(ഈ വചനങ്ങളുടെ ചർച്ചയിൽ നിന്നും നമുക്ക് മനസ്സിലാകുന്ന ഒരു കാര്യം "സ്വദഖ"എന്നത് നാം സാധാരണ ചെയ്യുന്ന ചില്ലറ കൊടുക്കലോ,ചെറിയ ധർമ്മങ്ങളോ ഒന്നും അല്ല എന്നുള്ളതാണ്.മറിച്ച് മനുഷ്യരെ സ്നേഹിക്കാനും ,നല്ലത് ചെയ്തുകൊടുക്കാനും പറ്റിയ ഒരു സ്ഥാപനം ഉണ്ടാക്കുകയും ദരിദ്രരുടെ വിജയത്തിനാവശ്യമായത് നാം അതിലൂടെ നൽകുകയും,അങ്ങിനെ അവർ അവരുടെ രോഗാവസ്ഥയിൽ നിന്നും അവർ തിരിച്ചു വരികയും,അവർക്ക് സംതൃപ്തിയും അഭിമാനവും അനുഭവപ്പെടുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാക്കിത്തീർക്കുകയും വേണം .എന്നാൽ ഇന്നു നാം ചെയ്യുന്ന ചെറിയ കാര്യങ്ങൾ തന്നെ മഹാ കാര്യങ്ങളായിട്ടാണ് കാണുന്നത്.)ഇവിടെ സ്വലാത്തിന്റെ നമസ്കാരം എന്ന അർത്ഥത്തിന് എന്തു മാറ്റമാണ് വന്നത് എന്നും ആ പദത്തിന്റെ ലക്ഷ്യങ്ങൾക്കും വിഷയങ്ങൾക്കും എന്തു മാറ്റമാണ് വന്നത് എന്നും നാം മനസ്സിലാക്കിയല്ലോ? സൂറത്ത് അ-ത്തൗബ 84ാം വചനത്തിൽ പരമകാരുണികൻ കൽപിക്കുന്നു.:-

وَلا تُصَلِّ عَلَى أَحَدٍ مِّنْهُمْ مَّاتَ اَبدًا وَلا تَقُمْ عَلَى قَبْرِهِ

"വലാ തുസ്വല്ലി അലാ അഹദിൻ മ്മിൻഹും മാത്ത അബദൻ വലാ തഖും അലാ ഖബ് രിഹീ"
"കപടന്മാരിൽ നിന്നു ആരെങ്കിലും ഒരുവൻ മരിച്ചാൽ അവന്റെ മേൽ സ്വലാത്ത്ചെയ്യുകയോ,അവന്റെ ഖബറിന്മേൽ നിൽക്കുകയോ ചെയ്യരുത്"

ഇവിടെ" قبر"/ഖബർ"-ശവക്കുഴി- എന്ന അർത്ഥം പാരമ്പര്യമായി വന്ന അർത്ഥത്തിൽ നിന്നാണ് ഉദ്ധരിച്ചിട്ടുള്ളത്.ഖബറിൻ മേൽ മയ്യിത്തിനുവേണ്ടി നിൽക്കുക എന്നതുകൊണ്ട് ശവക്കുഴിയുടെ അടുത്തു നിന്നുകൊണ്ട് മന്ത്രം ചൊല്ലുക എന്ന സങ്കൽപമാണ് ഉള്ളത്. ഈ അർത്ഥത്തിന്റെ ഒരു കാരണം.അതുപോലെ "തുസ്വല്ലി تُصَلِّ "എന്നത് ശേഷക്രിയയായി നടത്തുന്ന നമസ്കാരത്തിനും ശേഷക്രിയകൾക്കുമാണ് ഉപയോഗിക്കുന്നത് എന്നതാണ് മറ്റൊരു സങ്കൽപം.

എന്നാൽ ഖബർ എന്ന വാക്കിന്റെ അർത്ഥം ശവശരീരം മറവു ചെയ്യുന്ന കുഴി എന്നു

മാത്രമല്ല.മറ്റു ചില അർത്ഥങ്ങൾ കൂടി അതിനുണ്ട്.അല്ലാമാ റഷീദ് നുഅമാനിഅദ്ദേഹത്തിന്റെ ലുഗത്ത് അൽ-ഖുർആനിൽ അൽ-മുഫ്റദാത്ത് എന്ന ഗ്രന്ഥത്തിൽ നിന്നും എടുത്തു കൊണ്ട്,രഹസ്യമായി കഴിയുക,ദുസ്സ്വഭാവങ്ങളിലും,അജ്ഞതയുടെ ആഗാധ ഗർത്തത്തിലും കഴിയുക എന്നീ അർത്ഥങ്ങളും ഉദ്ധരിച്ചിട്ടുണ്ട്.അവിശ്വാസികളുടെ അവസ്ഥ തീർച്ചയായും ഈ രൂപത്തിലുള്ള ചീത്ത സ്വഭാവങ്ങളുടെയും അജ്ഞതയുടെ കുഴിയിൽ കഴിയുന്ന ഒരു അവസ്ഥയുമാണല്ലോ?.അതുകൊണ്ടു തന്നെ അത്തരം പ്രവർത്തനങ്ങളെയും സ്വഭാവങ്ങളെയും നാം ഒരിക്കലും പിന്താങ്ങുകയോ പ്രശംസിക്കുകയോ ചെയ്യരുത്. അതാണ് പ്രവാചകനെ കപടന്മാരോ അവിശ്വാസികളോ മരിച്ചാൽ അവരെ പിന്താങ്ങുന്നതിൽനിന്നും ,അംഗീകരിക്കുന്നതിൽ നിന്നും അല്ലാഹു വിലക്കിയത്.ഇവിടെ മരിക്കുക "مَاتَ" എന്ന പദത്തിന്റെ അർത്ഥം നാമൊന്നു ശ്രദ്ധിക്കണം .ശാരീരിക മരണത്തിനു തീർച്ചയായും ഈ പദം ഉപയോഗിക്കാറുണ്ട്.എന്നാൽ ശാരീരിക മരണത്തിനു മാത്രമല്ല മറിച്ച് ആത്മീമായും,ബുദ്ധിപരമായും ഉള്ള മരണത്തിനും ചിന്തയുടെ മരണത്തിനും ഉപയോഗിക്കും.ഖുർആനിൽ അധ്യായം 30 വചനം 52 ൽ അല്ലാഹു അവന്റെ അധ്യാപനങ്ങളെ ശ്രദ്ധിക്കാതെ മുഖം തിരിച്ചു പോകുന്ന ചില വ്യക്തികളെ മരിച്ച വ്യക്തികൾ എന്നു വിളിച്ചിട്ടുണ്ട്. പരമകാരുണികൻ പറയുന്നത് ഒന്നു ശ്രദ്ധിക്കൂ:--

فَإِنَّكَ لا تُسْمِعُ الْمَوْتَى وَلا تُسْمِعُ الصُّمَّ الدُّعَاءَ إِذَا وَلَّوْا مُدْبِرِينَ

"ഫഇന്നക്ക ലാ തുസ്മിഉൽ മൗതാ വലാ തുസ്മിഉസ്സുമ്മ അദ്ദുആ ഇദാ വല്ലൗ മുദ്ബിരീൻ"

"അപ്പോൾ നിർജ്ജീവർക്കു നീ കേൾപ്പിക്കുക തന്നെയില്ല,ബധിരർക്കും.അവർ പിന്തിരിഞ്ഞുപോയാൽ നീ കേൾപ്പിക്കുന്നില്ല"

ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ മരിച്ച വ്യക്തിയെ നിന്റെ അധ്യാപനങ്ങളെയും നിന്റെ വിളിയെയും കേൾപിക്കാൻ കഴിയില്ല എന്നു പറയുന്നു.ഈ വചനവും തൗബയിലെ വചനവും കൂട്ടിവായിച്ചാൽ നമുക്കു മനസ്സിലാകുന്നത് "മാത്ത" എന്ന പദം ശാരീരിക മരണത്തെ അല്ല സൂചിപ്പിക്കുന്നത് എന്നാണ്. മറിച്ച് ഖുർആൻ ചർച്ച ചെയ്യുന്നത് അവിശ്വാസികളുടെയും, നിഷേധികളുടെയും, കപടന്മാരുടെയും ആത്മീയവും ,ആശയപരമവുമായ മരണത്തെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത് എന്നു വ്യക്തമാണ് .ആയതുകൊണ്ട്" لا تَقُمْ عَلَى قَبْرِهِ "എന്നു പറഞ്ഞതുകൊണ്ട് "നീ അവരുടെ ഖബറിന്മേൽ(ശവക്കുഴിയുടെ മേൽ) നിൽക്കരുത്"എന്നല്ല അർത്ഥമാക്കുന്നത് മറിച്ച് നീ അവരുടെ നശീകരണാശയങ്ങളെ പിന്തുടരുകയോ സഹായിക്കുകയോ ചെയ്യരുതെന്നും,അവർക്കു അനുകൂലമായ ഒരു നിലപാട് സ്വീകരിക്കരുതെന്നുമാണ് വ്യക്തമാക്കുന്നത്.

# മുസ്വല്ലീൻ(സ്വലാത്ത് നിർവ്വഹിക്കുന്നവർ)

"മുസ്വല്ലീൻ "എന്ന പദത്തിന്റെ അടിസ്ഥാന അക്ഷരങ്ങൾ (ص ل و)എന്നതു തന്നെ യാണ്."തഫ്ഈൽ"(بَاب تَفْعِيل)"എന്ന മസ്വദറിന്റെ "ഇസ്മുൽ ഫാഇൽ "കർതൃനാമം ആയി വരുന്ന പദമാണ് "മുസ്വല്ലീ "എന്നത്.അതിന്റെ ബഹുവചനമാണ് " മുസ്വല്ലൂന" എന്നത്.അതിനർത്ഥം "മറ്റുള്ളവർക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നവർ"എന്നതും ഇതിന്റെ അർത്ഥമാ ണ്.തഅ്ലീം എന്നതിൽ നിന്നും "മുഅല്ലിം"എന്നും "മുഅല്ലിമീന"എന്നുമൊക്കെ നിർമ്മിക്കുന്നതുപോലെ.ഈ "മുസ്വല്ലീന" എന്ന പദം ഖുർആനിൽ മൂന്നുവചനങ്ങളിൽ വന്നിട്ടുണ്ട്.ആ മൂന്ന വചനങ്ങളും ഇവിടെ ചർച്ച ചെയ്യുന്നത് നമുക്ക് നന്നായിരിക്കും .ആ സന്ദർഭങ്ങളോരോന്നും അവധാനപൂർവ്വം ചിന്തിച്ചാൽ മുസ്വല്ലീന വന്ന എല്ലാ സന്ദർഭങ്ങളും വ്യക്തമാകും. ആദ്യമായി സൂറത്ത് "അൽ-മആരിജി"ൽ പറഞ്ഞ വചനം നോക്കാം.

## 1) സൂറത്ത് "അൽ-മആരിജ്" വചനം 22

"മുസ്വല്ലീന"എന്ന പദം 22ാംമത്തെ വചനത്തിലാണ് വന്നിട്ടുള്ളതെങ്കിലും ആയത്തിന്റെ സന്ദർഭം അറിയുന്നതിനുവേണ്ടി19ാമത്തെ വചനം മുതൽ നമുക്ക് ആരംഭിക്കാം.

إِنَّ الْإِنسَانَ خُلِقَ هَلُوعًا ﴿١٩﴾ إِذَا مَسَّهُ الشَّرُّ جَزُوعًا ﴿٢٠﴾ إِلَّا الْمُصَلِّينَ ﴿٢٢﴾ الَّذِينَ هُمْ عَلَىٰ صَلَاتِهِمْ دَائِمُونَ ﴿٢٣﴾
وَالَّذِينَ فِي أَمْوَالِهِمْ حَقٌّ مَّعْلُومٌ ﴿٢٤﴾ لِّلسَّائِلِ وَالْمَحْرُومِ ﴿٢٥﴾ وَالَّذِينَ يُصَدِّقُونَ بِيَوْمِ الدِّينِ ﴿٢٦﴾
وَالَّذِينَ هُم مِّنْ عَذَابِ رَبِّهِم مُّشْفِقُونَ ﴿٢٧﴾ إِنَّ عَذَابَ رَبِّهِمْ غَيْرُ مَأْمُونٍ ﴿٢٨﴾ وَالَّذِينَ هُمْ لِفُرُوجِهِمْ حَافِظُونَ ﴿٢٩﴾
إِلَّا عَلَىٰ أَزْوَاجِهِمْ أَوْ مَا مَلَكَتْ أَيْمَانُهُمْ فَإِنَّهُمْ غَيْرُ مَلُومِينَ ﴿٣٠﴾ أُولَٰئِكَ فِي جَنَّاتٍ مُّكْرَمُونَ ﴿٣٥﴾
فَمَنِ ابْتَغَىٰ وَرَاءَ ذَٰلِكَ فَأُولَٰئِكَ هُمُ الْعَادُونَ ﴿٣١﴾ وَالَّذِينَ هُمْ لِأَمَانَاتِهِمْ وَعَهْدِهِمْ رَاعُونَ ﴿٣٢﴾
وَالَّذِينَ هُم بِشَهَادَاتِهِمْ قَائِمُونَ ﴿٣٣﴾ وَالَّذِينَ هُمْ عَلَىٰ صَلَاتِهِمْ يُحَافِظُونَ ﴿٣٤﴾

"ഇന്നൽ ഇൻസാന ഖുലിഖ ഹലൂആ ഇദാ മസ്സഹു അ-ശ്ശർറു ജസൂആ വഇദാ മസ്സഹുൽ ഖൈറു മന്ൂആ ഇല്ല അൽ-മുസ്വല്ലീൻ അല്ലദീന ഹും അലാ സ്വലാതി ഹിം ദാഇമൂൻ വല്ലദീന ഫീ അംവാലിഹിം ഹഖ്ഖുൻ മ്മഅ്ലൂം,ല്ലിസ്സാഇലി വൽമഹ്റൂം. വല്ലദീന യുസ്വദ്ദിഖൂന ബിയൗമിദ്ദീൻ വല്ലദീനഹും മ്മിൻ അദാബി റബ്ബിഹിം മ്മുശ്ഫിഖൂൻ ഇന്ന അദാബ റബ്ബിഹിം ഗൊയ്റു മഅ്മൂൻ വല്ലദീനഹും ലിഫുറൂജിഹിം ഹാഫിളൂൻ ഇല്ലാ അലാ അസ്വാജിഹിം ഔ മാ മലക്കത്ത് അയ്മാന ഹും ഫഇന്നഹും ഗൊയ്റു മലൂമീൻ ഫമനിബ്തഗാ വറാഅ ദാലിക ഫഉലാഇക്കഹുമുൽ ആദൂൻ വല്ലദീനഹും ലി അമാനാതിഹിം വ അഹ്ദിഹിം റാഊൻ വല്ലദീനഹും ബി ശഹാദാതിഹിം ഖായിമൂൻ വല്ലദീനഹും അലാ സ്വലാതിഹിം യുഹാഫി ളൂൻ ഉലാഇക്ക ഫീ ജന്നാതിൻ മ്മുക്റമൂൻ"

“തീർച്ചയായും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് അക്ഷമനായിട്ടാണ്.അവനെ വല്ല ചീത്തയും ബാധിച്ചാൽ കോപം വരുന്നവനും(തൃപ്തിയില്ലായ്മ),വല്ല നന്മയും അവനെ ബാധിച്ചാൻ പിശുക്കനും ആയിരിക്കും.മുസ്വല്ലികളൊഴിച്ച്,തങ്ങളുടെ സ്വലാത്തിൽ നിരന്തമാമായവരൊഴിച്ച്,തങ്ങളുടെ സ്വത്തുക്കളിൽ ചോദിക്കുന്നവർക്കും തടയപ്പെട്ടവർക്കും അറിയപ്പെട്ട ഒരവകാശമുള്ളവരൊഴിച്ചും.യൗമ അ-ദ്ദീനിനെ ശരിവെക്കുന്നവരൊഴിച്ചും,തങ്ങളുടെ നാഥന്റെ ശിക്ഷയെക്കുറിച്ച് ആശങ്കിക്കുന്നവരൊഴിച്ചും,അവരുടെ നാഥന്റെ ശിക്ഷ സമാധാനത്തിൽ നിന്നും അകലെയാണ് ...................... ..........................................................................................”

## 2) <u>അധ്യായം" അൽ-മുദ്ദസ്സിർ" വചനം 43</u>

ഈ ആയത്തിൽ വിശദീകരിക്കുന്നത് ഒരാൾ "മുസ്വല്ലി" ആയിത്തീർന്നില്ല എന്നും അവന്റെ ഉത്തരവാദിത്ത്വങ്ങൾ അവൻ അവഗണിച്ചുവെന്നും അതുകൊണ്ടു തന്നെഅവൻ നാശത്തിനു വിധേയനായെന്നും ആണ്. 40 മുതൽ47 വരെയുള്ള വചനങ്ങളിൽ അല്ലാഹു പറയുന്നതു കാണുക:--

كُلُّ نَفْسٍ بِمَا كَسَبَتْ رَهِينَةٌ ﴿٣٨﴾ إِلَّا أَصْحَابَ الْيَمِينِ ﴿٣٩﴾ فِي جَنَّاتٍ يَتَسَاءَلُونَ ﴿٤٠﴾
عَنِ الْمُجْرِمِينَ ﴿٤١﴾ قَالُوا لَمْ نَكُ مِنَ الْمُصَلِّينَ ﴿٤٣﴾ وَلَمْ نَكُ نُطْعِمُ الْمِسْكِينَ ﴿٤٤﴾
وَكُنَّا نَخُوضُ مَعَ الْخَائِضِينَ ﴿٤٥﴾ وَكُنَّا نُكَذِّبُ بِيَوْمِ الدِّينِ ﴿٤٦﴾ حَتَّىٰ أَتَانَا الْيَقِينُ ﴿٤٧﴾

“കല്ല നഫ്സിൻ ബിമാ കസബത്ത് റഹീനത്തുൻ,ഇല്ലാ അസ്വ്ഹാബൽ യമീൻഫീ ജന്നാത്തിൻ യതസാ അലൂൻ അനിൽ മുജ്രിമീൻ മാ സലക്കക്കും ഫീ സഖർഖാലൂ ലം നക്കു മിനൽ മുസ്വല്ലീൻ വലം നക്കു നത്വ്ഇമുൽ മിസ്കീൻ വകുന്നാ നഖൂളുമഅൽ ഗായിളീൻ വകുന്നാ നുകദ്ദിബു ബിയൗമിദ്ദീൻ ഹത്താ അതാനൽ യഖീൻ"

“എല്ലാ ഓരോരുത്തരും തന്റെ പ്രവർത്തനങ്ങൾക്ക് പണയപ്പെടുത്തപ്പെട്ടവരാണ്. വലതു പക്ഷക്കാരൊഴിച്ച്. അവർ ജന്നാത്തുകളിൽ വെച്ച് കുറ്റം ചെയ്തവരെക്കുറിച്ച് അവർ എന്തുകൊണ്ടാണ് ഈ നാശത്തിൽ പ്രവേശിച്ചതെന്നു ചോദിക്കുന്നു.അവർ ഉത്തരം പറയും:- ഞങ്ങൾ മുസ്വല്ലികളുടെ കൂട്ടത്തിൽ ഉൾപെട്ടില്ല.ഞങ്ങൾ അഗതികൾക്ക് ഭക്ഷണം നൽകിയില്ല.ഞങ്ങൾ അലയുന്നവരോടൊന്നിച്ചു അലയുകയായിരുന്നു.ഞങ്ങൾ യൗമ അ-ദ്ദീനിനെ നിഷേധിക്കുകയുമായിരുന്നു.ഞങ്ങൾക്കു സത്യം ബോധ്യം വന്നിട്ടുകൂടി"

## <u>3)സൂറത്തു അൽ -മാഊൻ വചനം 3</u>

നമുക്ക് "മുസ്വല്ലീൻ "എന്നു വന്ന ആയത്തുകളൊക്കെയും ഒന്നു പരിശോധിക്കാം.അല്ലാഹു പറയുന്നു.

أَرَءَيْتَ ٱلَّذِى يُكَذِّبُ بِٱلدِّينِ ﴿١﴾ فَذَٰلِكَ ٱلَّذِى يَدُعُّ ٱلْيَتِيمَ ﴿٢﴾
وَلَا يَحُضُّ عَلَىٰ طَعَامِ ٱلْمِسْكِينِ ﴿٣﴾ فَوَيْلٌ لِّلْمُصَلِّينَ ﴿٤﴾

ٱلَّذِينَ هُمْ عَن صَلَاتِهِمْ سَاهُونَ ﴿٥﴾ ٱلَّذِينَ هُمْ يُرَآءُونَ ﴿٦﴾ وَيَمْنَعُونَ ٱلْمَاعُونَ ﴿٧﴾

“അറഅയ്തല്ലദീ യുകദ്ദിബു ബിദ്ദീൻ ഫദാലിക അല്ലദീ യദുഉഉൽ യതീം,വലായഹുള്ളു അലാ ത്വആമിൽമിസ്കീൻ ഫവൈലുൻ ലിൽമുസ്വല്ലീൻ അല്ലദീനഹും അൻസ്വലാതിഹിം സാഹുൻ അല്ലദീനഹും യുറാഊന വയംനഊ നൽ മാഊൻ"

“ഈ ദീനിനെ കളവാക്കിയവനെ നീ കണ്ടുവോ?എന്നാൽ അവനാണ് യത്തീമി (അനാഥ) നെ തട്ടിമാറ്റുകയും മസാക്കീനുകളെ(നിസ്സഹായരായവർ)ഭക്ഷിപ്പിക്കുവാൻ പ്രേരിപ്പിക്കാതിരിക്കുകയും ചെയ്യുന്നവൻ.അപ്പോൾ മഹാനാശം സ്വലാത്തിന്റെ അന്തസ്സത്ത ഉൾക്കൊള്ളാതെ ലോകരെ കാണിക്കാൻ വേണ്ടി സ്വലാത്ത് ചെയ്യുന്നവർക്കാണ്.ജനങ്ങളുടെ വളർച്ചക്ക് ആവശ്യമായതെല്ലാം മുടക്കുന്നവരുമാണവർ"

മുകളിൽ സൂചിപ്പിച്ച മൂന്ന് വചനങ്ങളും നാം ഒന്ന് പരിശോധിച്ചാൽ മുസ്വല്ലീന എന്നതിന്റെ മൂന്ന് വ്യത്യസ്ഥ അവസ്ഥകളാണ് വിശദീകരിക്കുന്നത്.സൂറത്ത് അൽ-മആരിജിൽ മുസ്വല്ലികളായ ആളുകളുടെ സവിശേഷതകളാണ് വിശദീകരിക്കുന്നത്.സൂറത്ത് അൽ-മുദ്ദസ്സിറിൽ മുസ്വല്ലീങ്ങളിൽ ഉൾപെടാത്തതു കാരണം ഉണ്ടാകുന്ന നാശത്തെക്കുറിച്ചാണ് വിശദമാക്കുന്നത്.എന്നാൽ സൂറത്തു അൽ-മാഊനിൽ കപടന്മാരായ മുസ്വല്ലീങ്ങളെക്കുറിച്ചാണ് വ്യക്തമാക്കുന്നത്.

സൂറത്തു അൽ-മുദ്ദസ്സിർ 19-23 വരെയുള്ള വചനങ്ങളിൽ മുസ്വല്ലികളുടെ വ്യത്യസ്ഥ അവസ്ഥകളെക്കുറിച്ചാണ് സംസാരിക്കുന്നത്.നിറയെ സൗഹൃദവും സ്നേഹവും ഉള്ള  മനുഷ്യൻ അവനാണ് ഒരു മനുഷ്യൻ.പക്ഷെ കാലം മാറുമ്പോൾ അവൻ അക്ഷമനായും , മുൻകോപിയായും മാറുന്നു.ഇവിടെ വേറൊരു ചെറിയ കാര്യം സൂചിപ്പിക്കാനുള്ളത് .സാധാരണ നാം കാണുന്ന ഒരു പതിവ് എന്താണെന്നുവെച്ചാൽ ചില സ്ഥലങ്ങളിൽ "അകർമ്മക ക്രിയ”(passive verb فعل مجهول) ആയി ഉപയോഗിച്ചത് അത് തിന്മക്കാണെങ്കിൽ പോലും ദൈവത്തിലേക്ക് ചേർക്കുന്നതായി കാണാം.ദൈവം ഒരിക്കലും ഒരുവനെ തിന്മക്ക് പ്രേരിപ്പിക്കുന്നില്ല.ഇവിടെ "ഖുലിഖ" എന്നതിന്റെ അർത്ഥം "നിർമ്മിക്കപ്പെട്ടു"എന്നാണ് . ഈ   ക്രിയയുടെ കർത്താവ് ദൈവമാണെന്നാണ് ഇവിടെ പറഞ്ഞു  വരുന്നത്.എന്നാൽ ഇത് അകർമ്മക ക്രിയയാണ്.ഈ ക്രിയക്ക് കർത്താവില്ല. സന്ദർഭത്തിൽ നിന്ന് തന്നെ കർത്താവിനെ മനസ്സിലാക്കാം.ഇവിടെ "ഖുലിഖ" എന്നത് കർമ്മവുമായി ബന്ധപ്പെട്ടതാണ്.അത് മനുഷ്യനുമാണ്.അപ്പോൾ മനുഷ്യന്റെ സ്വഭാവമാണ് ആ പറഞ്ഞത്.മനുഷ്യന്റെ ആഗ്രഹങ്ങളും, സമൂഹത്തിലെ

അവനെപ്പോലെയുള്ളവരും, 
മുൻകോപികളും അക്ഷമരുമായിത്തീരുന്നു.എന്നാൽ ദൈവം അവനെ സ്നേഹമുള്ളവനും സൗഹൃദമുള്ളവനുമായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത്.അവൻ സ്വമേധയാ താഴ്ന്ന നിലവാരത്തിലേക്കു വരികയും ദുഃഖമോ പ്രയാസമോ വന്നാൽ ഉറക്കെ നിലവിളിക്കുകയും നല്ലത് വന്നാൽ നന്മകളെ തടയുന്നവനായി മാറുകയും ചെയ്യുന്നു.പക്ഷെ മുസ്വല്ലികൾ അങ്ങിനെ ആകില്ല.അവർ മുകളിൽ പറഞ്ഞതുപോലെയുള്ള പെരുമാറ്റമുള്ളവരാകില്ല.അവർ അവരുടെ സ്വലാത്തിന്റെ വഴിയിലൂടെ നിരന്തമായി കഴിയുന്നവരായിരിക്കും.

"സ്വലാത്ത്" എന്നാൽ ഒരു മനുഷ്യൻ, മനുഷ്യനായി ജീവിക്കാൻ ആവശ്യമായ ജീവിത പദ്ധതിക്കാണ് പറയുക എന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞിരിക്കും.മനസ്സു നിറയെ സ്നേഹമുള്ളവനായിരിക്കും അവൻ. സൃഷ്ടിപ്പിന്റെ ലക്ഷ്യങ്ങളായി ദൈവം വിശദീകരിച്ചതിനനുസരിച്ചായിരിക്കും അവൻ ജീവിക്കുക ശുദ്ധമായപ്രകൃതിയായിരിക്കും അവന്റേത്.ഒരിക്കലും അവൻ അക്ഷമനോ,മുൻകോപിയോ ആയിത്തീരില്ല.വല്ല വേദനയോ പ്രയാസമോ വന്നാൽ അവൻ അട്ടഹസിച്ച് കരയില്ല. തനിക്ക് വല്ല അധികാരമോ,സമ്പത്തോ കിട്ടിയാൽ മനുഷ്യരുടെ ആശ്വാസത്തിനുവേണ്ടി അതുകൊണ്ട് പ്രവർത്തിക്കും.എല്ലാ തിന്മകളും ഉപേക്ഷിക്കുംഎന്നുമാത്രമല്ല ദൈവം അവനു നൽകിയ ജീവിത വ്യവസ്ഥയെ അഥവാ ദൈവീക കൽപനകളെ പിന്തുടർന്നുകൊണ്ട് എല്ലാ നല്ല ഗുണങ്ങളുടെയും ആകെത്തുകയായി അവൻ മാറും. ചില മനുഷ്യർ അടിച്ചമർത്തപ്പെട്ടന്റെയും ആവശ്യക്കാരന്റെയും അവകാശങ്ങളെ തിരിച്ചറിയുന്നു. അവരുടെ പ്രവർത്തനങ്ങൾ ദീൻ എന്നു വിളിക്കപ്പെടുന്ന കൽപനകളെക്കൊണ്ട് പരിശോധിക്കുകയും ചെയ്യുന്നു.അവർ ചീത്ത കാര്യങ്ങളെയും,പീഡനങ്ങളെയും തിരിച്ചറിയുകയും അവയിൽ നിന്നുണ്ടാകുന്ന വിപരീത ഫലങ്ങളെ ഭയക്കുകയും ചെയ്യുന്നു. ഈ പീഡനം എന്നതിന്റെ വിപരീതമായി വരുന്നതാണല്ലോ സമാധാനം എന്നത്. ഇത്രയുമല്ല മുസ്വല്ലികളുടെ വിശേഷണങ്ങൾ .മറിച്ച് അവർ അവരുടെ "അസ് വാജ്" കൾക്കു പുറമെ വലംകൈ ഉടമപ്പെടുത്തിയവർക്കും തങ്ങളുടെ "ഫുറൂജ്" സംരക്ഷിച്ചു നൽകുന്നവരാണ്.അത് അവർക്കുള്ള കുറ്റപ്പെടുത്തലല്ല. അവർ അതിക്രമിച്ചു കടക്കുന്ന ഒരു പ്രവർത്തനവുമല്ല.അവർ അവരുടെ കടമകളും കർത്തവ്യങ്ങളും പൂർത്തിയാക്കും. ആയത്തുകളുടെ അവസാനത്തിൽ അവർ അവരുടെ സ്വലാത്ത് സംരക്ഷിക്കും എന്നു പറഞ്ഞു നിർത്തുന്നു.ദൈവീക കൽപനകളുടെ അടിസ്ഥാനത്തിൽ സ്ഥാപിതമായ സ്വലാത്ത് വിപരീത പ്രവർത്തനങ്ങളല്ല ചെയ്യുക,മറിച്ച് എല്ലാ പരിപാടികളും നല്ലനിലക്കാക്കിത്തീർക്കുകയും,സമൂഹത്തിൽ നിന്നും എല്ലാ തിന്മകളെയും ഉന്മൂലനം ചെയ്യുകയും,അവർക്ക് നല്ലത് മനസ്സിലാക്കി കൊടുക്കുകയും ചെയ്യുന്നു.ഈ രൂപത്തിലുള്ള പദ്ധതികൾ സമൂഹത്തിനെ പുനഃസൃഷ്ടി നടത്തുന്നു.ദൈവത്തിന്റെ അനുഗ്രഹങ്ങളുടെ പൂർണ്ണതയാണ് അത്.ആ അനുഗ്രഹം എല്ലാവർക്കും തുറന്നിട്ടു കിട്ടുന്നു.

ഇതിനു വിപരീതം പ്രവർത്തിക്കുന്നവരാണ് മുസ്വല്ലീങ്ങളിൽ ഉൾപെടാത്തവർ.സൂറ

ത്ത് അൽ-മുദ്ദസ്സിറിൽ ആരാണ് "അസ്വ് ഹാബുൽ യമീൻ "എന്നു വിവരിക്കുന്നു.:--

* നല്ലത് പ്രവർത്തിക്കുന്നവരും അനുഗ്രഹിക്കപ്പെട്ടവനും
* ഉൽകൃഷ്ടമായ സ്വഭാവവും ധാർമ്മികതയും ഉള്ളവൻ
* ദൈവീക കൽപനകൾക്കനുസരിച്ച് പ്രവർത്തിക്കുന്നവൻ

* ദൈവീക ആശയങ്ങളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവൻ
  • ദൈവത്തിന് ഇഷ്ടപ്പെട്ടതിനുവേണ്ടി യഥേഷ്ടം ചൊരിയുന്നവൻ

ഇവിടെ പ്രധാനപ്പെട്ട ഒരു കാര്യം പറയാനുള്ളത്".മസാക്കീൻ" ആയവരെ ഒരു മനു ഷ്യനാക്കി തീർക്കുന്നതിനുവേണ്ടി ചിലവഴിക്കാത്തവൻ അവൻ മുസ്വല്ലികളിൽ പെട്ട വനല്ല. അവനൊരു കുറ്റവാളിയാണ്.നാം സാധാരണ പറയാറുള്ളവരല്ല യഥാർത്ഥ മ സാക്കീനുകൾ ഏതൊരു മനുഷ്യന്റെ അവകാശങ്ങൾ ഹനിക്കപ്പെട്ടിട്ടുണ്ടോ,അവന്റെ വളർച്ചക്കുവേണ്ടി നൽകപ്പെടുകയും ചെയ്തിട്ടില്ല ,എങ്കിൽ അവരാണ് മസാക്കീൻ.

ഓരോ മനുഷ്യന്റെയും അവകാശങ്ങൾ മുഴുവൻ നൽകപ്പെട്ട ഒരു സമൂഹം എവിടെ നി ലനിൽക്കുന്നുവോ,തങ്ങളുടെ ആവശ്യങ്ങളെക്കുറിച്ച് വേവലാതിപ്പെടുന്ന ആരും അവി ടെ ഉണ്ടാകില്ല.അവിടെ തങ്ങളുടെ ആവശ്യങ്ങൾ ചോദിക്കാതെ തന്നെ ലഭിക്കും. ഇ ങ്ങിനെയുള്ള ഒരു സമൂഹത്തെയാണ് മുസ്വല്ലികൾ സ്ഥാപിച്ചെടുക്കുന്നത്.

തങ്ങളുടെ സമയം ഉപയോഗ ശൂന്യമാക്കത്തക്ക രൂപത്തിൽ അവർ സ്വലാത്ത്ചെയ്യി ല്ല.അവരുടെ പ്രവർത്തനങ്ങൾ സമൂഹത്തിനു നേട്ടമുണ്ടാക്കുന്നതായിരിക്കും.അങ്ങിനെ യല്ലെങ്കിൽ അത് "യൗമ അദ്ദീനി"നെ നിഷേധിക്കലായിരിക്കും.അതുപോലെ ദൈവീ ക കൽപനകളുടെ തെറ്റായ വ്യാഖ്യാനവുമായിരിക്കും അത്.അന്ത്യ വിധിദിനം വരെ അവർ സ്ഥിരമായി പ്രവർത്തിച്ചുകൊണ്ടേയിരിക്കും.

ഇനി നമുക്ക് സൂറത്ത് അൽ-മാഊൻ എന്നതും കൂടി ഒന്നു പഠിക്കാം.ഈ സൂറത്തിലെ മുസ്വല്ലികളുടെ അവസ്ഥ, മാനസികമായി തയ്യാറാകാതെ ദൈവീക കൽപനകളുടെ പ്രവർത്തനങ്ങൾക്കുവേണ്ടി ഉദ്ദേശിക്കുന്നവരാണ് അവർ.അതുപോലെ തങ്ങൾ മുസ്വ ല്ലികളാണെന്ന് ജനങ്ങളെ കാണിക്കലുമാണ് അവരുടെ ഉദ്ദേശം.

ഈ അധ്യായത്തിൽ ദൈവീക വ്യവസ്ഥയെ നിഷേധിച്ചവൻ എന്നു പറയുന്നത് ത ങ്ങളുടെ നാവുകൊണ്ട് ഉച്ചരിക്കുന്നവനല്ല.മറിച്ച് അവന്റെ പ്രവർത്തനങ്ങളാണ് അവ നെ ദൈവീക വ്യവസ്ഥയെ നിഷേധിക്കുന്നവനാക്കുന്നത്.അതായത് യത്തീമിനെ ത ള്ളിക്കളയുന്നവൻ--ഇതേ അവസ്ഥ തന്നെ മസാക്കീനിന്റെ കാര്യത്തിൽ സൂറത്ത് അൽ-മുദ്ദസ്സറിൽ വിവരിച്ചിട്ടുള്ളതും--അതുപോലെ മസാക്കീനിന്റെ വളർച്ചക്കുവേണ്ടി

നൽകാതിരിക്കുന്നവൻ ഇവരൊക്കെയാണ് ദൈവീക വ്യവസ്ഥയെതള്ളിപ്പറഞ്ഞവൻ.

മുകളിൽ നാം വിവരിച്ചതിൽ നിന്നും നമുക്ക മനസ്സിലാകുന്നത് ഏതൊരാളുടെ അവകാശങ്ങളാണോ തട്ടിതെറിപ്പിക്കപ്പെട്ടിട്ടുള്ളത് അവന് സ്വയം സമ്പാദിക്കാൻ കഴിയുന്നമില്ല അവനാണ് മസാക്കീൻ.അപ്പോൾ ഈ അധ്യായത്തിലെ ഏക വിഷയം ,ആരാണോ യത്തീമിനെ തട്ടിക്കളയുന്നവൻ അതുപോലെ ആരാണോ മസാക്കീനുകളുടെ വളർച്ചക്ക് വേണ്ടി നൽകുന്നത് തള്ളിക്കളയുന്നത് അവൻ ഫലത്തിൽ ദീൻ നിഷേധിയാണ് എന്നുള്ളതാണ്.ചുരുക്കത്തിൽ ദീനിന്റെ അന്തസ്സത്ത എന്നു പറയുന്നത് യത്തീമുകളുടെയും മസാക്കീനുകളുടെയും അവകാശങ്ങൾ പുനഃസ്ഥാപിച്ചുകൊടുക്കലാണ്.

ദീൻ എന്നു പറയുന്നത് സ്വലാത്താണ്.നമസ്കാരമല്ല.ദീൻ ജീവിത വ്യവസ്ഥയാണ് അല്ലാതെ ആരാധനയല്ല.ദീനിന്റെ കീഴിൽ മനുഷ്യൻ സ്വന്തം താൽപര്യങ്ങൾക്കനുസരിച്ചല്ല പ്രവർത്തിക്കുക.മറിച്ച് ദൈവീക കൽപനകളുടെ അടിസ്ഥാനത്തിൽ ആണ് അവർ പ്രവർത്തിക്കുക.ആരുടെയും അടിസ്ഥാന അവകാശങ്ങൾ ഹനിക്കപ്പെടാത്ത ഒരു സംസ്കാരം സ്ഥാപിച്ചെടുക്കാൻ അവർ ജാഗ്രത കാണിക്കും. അവിടെ ആർക്കും യാചിച്ചു നടക്കേണ്ടി വരില്ല.ഓരോരുത്തരും മറ്റുള്ളവരെ സംരക്ഷിക്കും.സ്വന്തം താല്പര്യങ്ങൾക്കു വേണ്ടി മാത്രം ആരും പ്രവർത്തിക്കില്ല. ദൈവത്തിന്റെ അനുഗ്രഹങ്ങൾ ഒരാളിൽ മാത്രം പരിമിതപ്പെടുത്തില്ല.അവന്റെ നന്മകൾ എല്ലാവർക്കും വേണ്ടി തുറന്നിടും.

# മുസ്വല്ലാ

## (കർമ്മ വാചി/ക്രിയാ വിശേഷണം)

തഫ്ഈൽ(**تفْعِيل**)എന്ന ക്രിയാ ധാതുവിൽ നിന്നാണ് "മുഫഅ-അൽ" (**مفعل**)എന്ന ക്രിയാ വിശേഷണവും,കർമ്മ വാചിയും ഉണ്ടായിട്ടുള്ളത്. ആയതുകൊണ്ട് മുസ്വല്ലാ എന്ന പദത്തിന്റെ അർത്ഥം ഒന്നുകിൽ ക്രിയാവിശേഷണ (**اِسْم ظَرْف** Adverb)മാണെന്നു പറയാം.അതായത് സ്ഥലത്തെക്കുറിക്കുന്ന ക്രിയാവിശേഷണം.അല്ലെങ്കിൽ **اِسْم الْمَفْعُول** Objective Noun ആണെന്നു പറയാം. അതായത് പിന്തുടരപ്പെടുന്ന വസ്തു.രണ്ടു അർത്ഥവും ശരിയാണ്.അതിനാൽ ഖുർആനികവചനം വന്ന സന്ദർഭത്തോടു ഏത് അർത്ഥമാണ് ഏറ്റവും അനുയോജ്യവും ശരിയായതും എന്നു പരിശോധിക്കാം.

" മുസ്വല്ലാ" എന്ന പദത്തെ നാം ക്രിയാ വിശേഷണമായി( **اِسْم ظَرْف**)എടുത്താൽ എന്തായിരിക്കും അർത്ഥമെന്നു നോക്കാം.ക്രിയാ വിശേഷണം( **ظَرْف اِسْم**) ഒരു പ്രവർത്തി നടക്കുന്ന സമയത്തിനും സ്ഥലത്തിനും വരും.മഗ് രിബ് (west) എന്ന പദമെടുത്താൽ സൂര്യൻ അസ്തമിക്കുന്ന സമയത്തിനും,സ്ഥലത്തിനും ഉപയോഗിക്കുന്നതാണ്. ആയതിനാൽ മുസ്വല്ലാ എന്ന പദം ഒരാൾ പിന്തുടരുന്ന സമയത്തിനും ഉപയോഗിക്കാം. ഒരാൾ പിന്തുടരുന്ന സ്ഥലത്തിനും ഉപയോഗിക്കാം. സ്വലാത്തിന് നമസ്കാരം എന്ന അർത്ഥമെടുത്താൽ "നമസ്കരിക്കാൻ നിർദ്ദേശിക്കപ്പെട്ട സ്ഥലം" എന്ന തെറ്റായി വ്യാഖ്യാനിച്ചതാണ്.

എന്നാൽ ഈ പദം **اِسْم الْمَفْعُول** Objective Noun എന്ന നിലക്ക് എടുത്താൽ ആദർശങ്ങൾ.അല്ലെങ്കിൽ പ്രവർത്തനങ്ങൾ എന്നിവയെ പിന്തുടരുക എന്ന അർത്ഥമായിരിക്കും വരിക. അതെ ഒരു മുസ്ലിമിന് ദൈവീക കൽപനകളും നിർദ്ദേശങ്ങളുമല്ലാതെ ഒന്നും ഇല്ലല്ലോ പിന്തുടരാൻ? ഈ പദം **اِسْم الْمَفْعُول** Objective Noun ആണ് എന്നതിനുള്ള ധാരാളം തെളിവുകൾ സൂറത്തുൽ ബഖറയിൽ നിന്നും നമുക്ക് കാണാൻ സാധിക്കും.

ആദ്യമായി സൂറത്തുൽ ഫാത്തിഹയിൽ മനുഷ്യന്റെ പ്രഖ്യാപനത്തെക്കുറിച്ചും അംഗീകാരത്തെക്കുറിച്ചും അല്ലാഹു പറയുന്നു.ദൈവത്തിന്റെ പരമാധികാരം മനുഷ്യൻ അംഗീകരിക്കുന്നു.സൃഷ്ടാവായ ദൈവം ഏകനാണെന്നും അവന്റെ പ്രവർത്തനങ്ങൾ ഈ പ്രപഞ്ചത്തിലാകമാനം നിറഞ്ഞു നില്കുന്നു എന്നും അവൻ അംഗീകരിക്കുന്നു. ദൈവം പരമദയാലുവും വലിയ അളവിൽ അവന്റെ അനുഗ്രഹങ്ങൾ ചൊരിയുന്നവ

നാണെന്നും പറയുന്നു.പിന്നെ എന്തിനാണ് അവനോടു സഹായംതേടുന്നതു നാം നിർത്തുന്നതും,ആത്മീയ നിർദ്ദേശം നൽകുന്നത് എടുക്കാതിരിക്കുന്നതും?നമുക്ക് എന്തുകൊണ്ട് അവന്റെ മാർഗ്ഗനിർദ്ദേശങ്ങൾ തേടുകയും അവന്റെ കൽപനകൾക്കനുസരിച്ച് പ്രവർത്തിക്കുയും ചെയ്തുകൂടാ?അതായത് അവന്റെ അനുഗ്രങ്ങൾക്കും ഇഷ്ടങ്ങൾക്കും വിധേയരായവരുടെ മാർഗ്ഗം.അതായത് അവന്റെ അമർഷത്തിനു വിധേയരായവരുടെയും, അവന്റെ മാർഗ്ഗനിർദ്ദേശം നഷ്ടപ്പെടുത്തിയവരുടെയും മാർഗ്ഗമല്ല.

.

ഈ അംഗീകാരത്തിനു ശേഷം അല്ലാഹു അവന്റെ ഗ്രന്ഥം നമുക്കു നൽകിക്കൊണ്ടു പറയുന്നു.അതെടുത്തുകൊള്ളുക,നീ ആഗ്രഹിക്കുന്ന ഒരു ഗ്രന്ഥമാണ്അത്. നിനക്കു അനുഗ്രഹം ലഭിക്കണമെങ്കിൽ അതിനു ഉതകുന്ന ഗ്രന്ഥമാണ് .ഇത് ശരിയായ മാർഗ്ഗ നിർദ്ദേശമാണ്.ഒരു മുത്തഖിയെ ഉണ്ടാക്കിത്തീർക്കുന്ന ഗ്രന്ഥമാണത്.

സൂറത്ത് അൽബഖറയുടെ ആദ്യത്തെ രണ്ടുമൂന്നു വചനങ്ങൾക്കു ശേഷം ദൈവം മൂന്നു തരം മനുഷ്യരുടെ സ്വഭാവങ്ങൾ വിവരിക്കുന്നു.ഇതിൽ ഒന്നാമത്തെ വ്യക്തി ദൈവത്തിന്റെ വഴി കണ്ടെത്തിയവനും, വിജയം വരിച്ചവനും പ്രശംസക്ക് അർഹനുമായവനാണ്. രണ്ടാമൻ അവിശ്വാസിയും ദൈവശിക്ഷക്ക് വിധേയനാകുന്നവനും.മൂന്നാമത്തെ വ്യക്തി കപടനും വഴിതെറ്റിക്കുന്നവനും വേദനിപ്പിക്കുന്ന ശിക്ഷക്ക് കാത്തിരിക്കുന്നവനുമാണ്.

ചില അടിസ്ഥാന തത്ത്വങ്ങൾ വിവരിച്ച ശേഷം മനുഷ്യന്റെ ഉയർച്ച താഴ്ചയുടെ ചരിത്രം ചുരുക്കി വിവരിക്കുകയും ഇസ്രായീലിന്റെ മക്കളുടെ ചില പിഴവുകൾ വിവരിക്കുകയും ചെയ്യുന്നു.ഇവരുടെ ചരിത്രം വ്യത്യസ്ഥ അധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ട്. അതിനു ശേഷമാണ് ചരിത്രത്തിലെ ഏറ്റവും വലിയ തൂണിന്റെ ചരിത്രം പറയുന്നത്. അതായത് പ്രവാചകനായ ഇബ്രാഹീമിന്റെ കാലഘട്ടം.അൽബഖറ വചനം 124,125 ദൈവീക കൽപനകളുടെ വിളംബരത്തോടെയാണ് ഇത് തുടങ്ങുന്നത്. ദൈവം പറയുന്നു.

۞ وَإِذِ ٱبْتَلَىٰٓ إِبْرَٰهِـۧمَ رَبُّهُۥ بِكَلِمَٰتٍ فَأَتَمَّهُنَّ ۖ قَالَ إِنِّى جَاعِلُكَ لِلنَّاسِ إِمَامًا ۖ
قَالَ وَمِن ذُرِّيَّتِى ۖ قَالَ لَا يَنَالُ عَهْدِى ٱلظَّٰلِمِينَ ﴿١٢٤﴾
وَإِذْ جَعَلْنَا ٱلْبَيْتَ مَثَابَةً لِّلنَّاسِ وَأَمْنًا وَٱتَّخِذُوا۟ مِن مَّقَامِ إِبْرَٰهِـۧمَ مُصَلًّى ۖ
وَعَهِدْنَآ إِلَىٰٓ إِبْرَٰهِـۧمَ وَإِسْمَٰعِيلَ أَن طَهِّرَا بَيْتِىَ لِلطَّآئِفِينَ وَٱلْعَٰكِفِينَ
وَٱلرُّكَّعِ ٱلسُّجُودِ ﴿١٢٥﴾

(വ ഇദി ബ്തലാ ഇബ്രാഹീമ റബ്ബഹു ബി കലിമാത്തിൻ ഫഅതമ്മഹുന്ന ഖാലഇന്നീ ജാഇലുക ലിന്നാസി ഇമാമൻ .ഖാല വമിൻ ദുര് രിയ്യത്തീ ഖാല ലാ യനാലു അഹ്ദീ അള്ളാലിമീന വ ഇദ് ജഅൽനൽ ബൈത്ത മസാബതൻ ലിന്നാസി വ അമ്നൻ വത്തഹിദൂ മിൻ മഖാമി ഇബ്രാഹീമ മുസ്വല്ലാ വ അഹിദ്നാ ഇലാ ഇബ്രാഹീമ വ ഇസ്മാഈല അൻ ത്വഹ്ഹിറാ ബൈതിയ ലിത്തായിഫീന വൽ ആകിഫീന വ റ് റുക്കഇ സ്സുജൂദ്)

ഈ ആയത്തിലെ ചില പദങ്ങൾ നമുക്ക് സൂക്ഷ്മമായി പഠിക്കേണ്ടതുണ്ട്.അവയാണ്

1)കലിമാത്ത് 2)അൽ-ബൈത്ത് 3)മസാബത്ത് 4)അമ് നൻ
5)മഖാം 6)ത്വഹ്ഹറത്ത് 7)ത്വായിഫീൻ 8)ആകിഫീൻ
9)റുക്കഅ 10)സുജൂദ്

<u>കലിമാത്ത്:-</u>

കൽപനകൾ എന്നതിനു തുല്ല്യമായ ഒരു അർത്ഥത്തിനാണ് എല്ലാ ഖുർആൻ വ്യാഖ്യാതാക്കളും ഈ പദത്തെ എടുത്തിട്ടുള്ളത്.പ്രവാചകനായ ഇബ്രാഹീം ഈ ദൈവീക കൽപനകളെ പിൻതുടർന്നുകൊണ്ട് തന്റെ സത്യസന്ധതയും താൻ മനുഷ്യരുടെ നേതാവാണെന്നും തെളിയിച്ചു.അതുകൊണ്ട് തന്നെ മനുഷ്യരുടെ നായകത്വം അദ്ദേഹത്തിനു നൽകപ്പെട്ടു.

<u>അൽ-ബൈത്ത്:-</u>

അൽ-ബൈത്ത് എന്ന പദം സാധാരണയായി സ്ഥാപനം/വസതി/വീട് എന്നീ അർത്ഥങ്ങൾക്കാണ് ഉപയോഗിച്ചു പോരുന്നത്. സ്ഥാപനം എന്ന അർത്ഥത്തിലാണ് ബൈത്തുൽ-മാൽ എന്നൊക്കെ ഉപയോഗിക്കുന്നത്.ഇംഗ്ലീഷിൽ ഭരണ സ്ഥാപനങ്ങൾക്കും സാധാരണ വീടുകൾക്കും ഈ പദം സാധാരണയായി ഉപയോഗിക്കുന്നു. ഒരു സ്ഥാപനം അതൊരു കെട്ടിടമാകട്ടെ അല്ലാതാവട്ടെ. ഏതാനും ആശയങ്ങൾ പഠിപ്പിക്കപ്പെടുന്നതിന്റെ ഒരു അടയാളമായിട്ടാണ് അതിനെ കാണുന്നത്. ഇത് ഒരാളെ ചൂണ്ടിക്കൊണ്ട് അയാൾ സ്വയം ഒരു സ്ഥാപനമാണെന്നുപറയാറുണ്ട്. ഒരു മനുഷ്യനു ജീവിക്കാൻ കഴിയുന്ന ഒന്നിനും വീട് എന്നു ഉപയോഗിക്കും.

എന്നാൽ ദൈവം ഈ പദം എന്റെ വീട് എന്നു പറഞ്ഞതുകൊണ്ട് ദൈവം താമസിക്കുന്ന വീട് എന്നതല്ല സൂചിപ്പിക്കുന്നത്. കാരണം ദൈവത്തിനു പകൽ ജോലി ചെയ്ത് ക്ഷീണിച്ചു വരുമ്പോൾ ഉറങ്ങാൻ കുറച്ചു വീടുകൾ വേണമെന്നു മുസ്ലിംകൾ വിശ്വസിക്കുന്നില്ല. പിന്നെ അൽ-ബൈത്തു കൊണ്ടു സൂചിപ്പിക്കുന്നത് ദൈവത്തിന്റെ കൽപനകൾ പുറപ്പെടുവിക്കുകയും വിളംബരം നടത്തുകയും ചെയ്യുന്ന വീടിനെയാണ്.

<u>മസാബതൻ:-</u>

ഇതിന്റെ(ب و ث)മൂല പദമേതാണെന്ന നാം മുമ്പ് വിശദീകരിച്ച കഴിഞ്ഞിട്ടുണ്ട് മുമ്പു നാം വിശദീകരിച്ച അർത്ഥം തന്നെയാണ് ഇവിടെയും ഉപയോഗിക്കുന്നത്."ب و ث " എന്ന മൂലധാതു അടിസ്ഥാന തത്ത്വത്തെയും തിരിച്ചു വരാനുള്ള ഉത്സാഹത്തെയുമാണ് അവതരിപ്പിക്കുന്നത്."മസാബ" എന്ന ക്രിയാ വിശേഷണം(Adverb of place اسْم ظَرف) മടങ്ങി പോകാനുള്ള സ്ഥലം(സ്ഥാനം)എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്. അതായത് മനുഷ്യർക്ക് കാലാകാലങ്ങളിൽ തിരിച്ചു പോകാനും വീണ്ടും ദൈവീക കൽപനകൾ തേടാനുമുള്ള സ്ഥാപനം ഏതാണോ അതാണ് അൽ-ബൈത്ത് എന്നതു കൊണ്ട് അർത്ഥമാക്കുന്നത്.

<u>അമ് നൻ:-</u>

ഈ പദത്തിന്റെ മൂലാക്ഷരങ്ങളാണ്ن ام എന്നുള്ളത്.വിശാലമായി അർത്ഥം മനസ്സിലാക്കേണ്ട ഒരു പദമാണ് ഇത്.അതായത് "امن"ഉം"سلامة"സമാധാനവും .സുരക്ഷിതത്ത്വവും എന്നർത്ഥം..അറബി ഭാഷാ പ്രകാരം ഇത് مَفْعُول ذُوالْحَال എന്ന പദമാണ്.ഒന്ന കൂടി വ്യക്തമാക്കിയാൽ ഈ വചനത്തിൽ പറഞ്ഞ അൽ-ബൈത്തിന്റെ അവസ്ഥ വിവരിക്കുന്ന പദമാണ്.അതായത് ആ ബൈത്ത് സമാധാനവും സുരക്ഷിതത്ത്വവും  നൽകുന്ന അവസ്ഥയാണ് അതിനുള്ളത്.

ഇനി അൽ-ബൈത്തിന്റെ വിവിധ രൂപങ്ങളെക്കുറിച്ച് നമുക്ക് തീരുമാനിക്കാം. അൽ-ബൈത്ത് ഒരു കേന്ദ്രബിന്ദുവാണ്.ദൈവീക കൽപനകളുടെ ഒരു കേന്ദ്ര തലസ്ഥാനമാണ് ഇത്എന്ന പറയാം. .കാലാകാലങ്ങളിൽ മനുഷ്യർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ തേടി മടങ്ങിപ്പോകാനുള്ളത് അവിടേക്കാണ്.ഇതിന്റെ അകക്കാമ്പ് എന്നുപറയുന്നത് സമാധാനമാണ്.മറ്റൊരു അർത്ഥത്തിൽ പറയുകയാണെങ്കിൽ ഇത് മനുഷ്യർക്കിടയിൽ സമാധാനം നടപ്പിലാക്കാൻ ഉത്തരവാദിത്വമുള്ള കേന്ദ്രമാണ്.അല്ലെങ്കിൽസ്ഥാപനമാണ്.

അടുത്ത കൽപന ഇബ്രാഹീമിന്റെ "മഖാം" "മുസ്വല്ല"യായി സ്വീകരിക്കണമെന്നതാണ്.
ഇവിടെ പ്രവാചകനായ ഇബ്രാഹീം നബിയെ ഒന്ന ആദരിച്ചിരിക്കുകയാണ്.ഈ കൽപന ദൈവീക കൽപനകളെക്കുറിച്ചാണോ അതല്ല നമസ്കാരമാണോ?.ഇതിന മുമ്പ് മഖാം എന്ന പദത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

മഖാം......ഖുർആനിൽ മഖാം എന്ന പദം <u>മ</u> എന്ന അക്ഷരത്തിന <u>"ഉ</u>"കാരം ഇട്ട്  വ

ന്നതായി നമുക്ക കാണാം.അപ്പോൾ നാം അത് വായിക്കുക മുഖാം എന്നാണ് മുഖാം എന്ന പദത്തെ ഉച്ചരിക്കുമ്പോൾ സ്ഥലം(place)എന്ന അർത്ഥത്തിനാണ് ഉപയോഗിച്ചിട്ടുള്ളത്.

എന്നാൽ മ എന്ന അക്ഷരത്തിന് അകാരമിട്ടു മഖാം എന്നു വായിച്ചാൽ "പദവി," "സ്ഥാനം","നിലപാട്"(status,post,standing)മുതലായ അർത്ഥങ്ങൾക്കാണ്. യേശുദാസ് ഉന്നതമായ പദവി(മഖാം)യിലുള്ള ഒരു ഗായകനാണെന്നു പറയാം. ഇന്ത്യയിൽ നെഹ്റു അത്യുന്നതമായ പദവി(മഖാം)യിലിരുന്ന ആളാണെന്നു പറയാം. ഒന്നു വ്യക്തമായി പറഞ്ഞാൽ നാം ഒരു സ്ഥലത്തെ സൂചിപ്പിക്കാനാണെങ്കിൽ ഉകാരം ചേർത്തുകൊണ്ട് മുഖാം എന്നാണ് പറയേണ്ടത്.പദവി സ്ഥാനം,നിലപാട് മുതലായഅർത്ഥങ്ങളെ ഉദ്ദേശിക്കാനാണ് നാം സംസാരിക്കുന്നതെങ്കിൽ മ എന്ന അക്ഷരത്തിനു അകാരം ചേർത്തുകൊണ്ട് മഖാം എന്നു പറയണം.

നാം ഈ പറഞ്ഞത് ശരിയാണോ അല്ലേ എന്നു നോക്കാൻ നമുക്ക് ഖുർആനിൽ ഒന്നു പരിശോധിക്കാം.നരകത്തിന്റെ അവസ്ഥ വിവരിക്കുന്നിടത്ത് സൂറത്തു അൽ-ഫുർഖാനിൽ വചനം66 ൽ അല്ലാഹു പറയുന്നു.

سَاءتْ مُسْتَقَرًّ ا وَمُقَاما

സ്വർഗ്ഗത്തെക്കുറിച്ച് വചനം 76 ൽ അല്ലാഹു പറയുന്നു.

حَسُنَتْ مُسْتَقَرًّا وَمُقَاما

ഇവിടെ നരകത്തെക്കുറിച്ചും സ്വർഗ്ഗത്തെക്കുറിച്ചുമാണ് സംസാരിച്ചത് ഒന്നു ചീത്ത സ്ഥലവും മറ്റേത് സുന്ദരമായ സ്ഥലവും.ഇതിനു സമാനമായ ഒരു പദം തന്നെയാണ സൂറത്തു അൽ- അഹ്സാബിൽ വചനം 13 ൽ യഥ് രിബക്കാരോടു പറയുന്നതായി അല്ലാഹു പറയുന്നു.

يَااهل يَثْرِب لامُقَام لَكُم فَارجِعُوا

"ഓ, യസ് രിബിലെ ജനങ്ങളെ നിങ്ങൾക്കിവിടെ സ്ഥലമില്ല. അതുകൊണ്ട് നിങ്ങൾ മടങ്ങിപ്പോകുക"

ഇനി നമുക്ക് ഖുർആനിൽ മഖാം എന്ന പദം എങ്ങിനെയാണ് വിശദീകരിച്ചിട്ടുള്ളത് എന്നു നോക്കാം.സൂറത്തു ബനൂ ഇസ്റാഈലിൽ വചനം 79 ൽ അല്ലാഹു പ്രവാചകനായ മുഹമ്മദിനോടു ചില കൽപനകൾ പറഞ്ഞ ശേഷം പറയുന്നു.

عَسَى أَنْ يَبْعَثَكَ رَبُّكَ مَقَامًا محمودًا

"ഒരുവേള നിന്റെ റബ്ബ് നിന്നെ സ്തുതിക്കപ്പെടുന്ന സ്ഥാനത്ത് നിയോഗിച്ചേക്കാം."
പ്രവാചകനായ മുഹമ്മദിനു അർഹിക്കുന്ന ഒരു സ്ഥാനം നൽകികൊണ്ട് സന്തോഷ

മറിയിച്ചതെങ്ങിനെ എന്നു നാം ഇവിടെ കണ്ടു.ഈ പറഞ്ഞത് അദ്ദേഹത്തിനു നൽകിയ ഏതെങ്കിലും സ്ഥലത്തെക്കുറിച്ചല്ല.മറിച്ച് അദ്ദേഹത്തിനു നൽകപ്പെടുന്നസ്തുത്യർഹമായ പദവിയെക്കുറിച്ചോ സ്ഥാനത്തെക്കുറിച്ചോ ഒക്കെയാണ്.കാരണം ഇവിടെ അകാരത്തോടുകൂടി മഖാം എന്നാണ് ഉപയോഗിച്ചിട്ടുള്ളത്.

ഇതിനു സമാനമായ വാക്കു തന്നെയാണ് സൂറത്തുൽ ബഖറയിൽ ഇപ്പോൾ നാം പഠിച്ചു കൊണ്ടിരിക്കുന്ന വചനത്തിലും വന്നിട്ടുള്ളത്.وَاتَّخِذُوا مِنْ مَّقَامِ إِبْرَاهِيمَ مُصَلًّى ഇവിടെ <u>മഖാം</u> എന്നാണ് അല്ലാഹു പറഞ്ഞിട്ടുള്ളത് <u>മുഖാം</u> എന്നല്ല.ഇവിടെ സ്ഥാനവും,പദവിയുമൊക്കെയാണ് അർത്ഥം എന്നതിനെ ശക്തി പകരുന്നതാണ് അദ്ദേഹത്തെ 124 ാം വചനത്തിൽ ഇമാം(امَاما)എന്നു വിളിച്ചത്.

മുസ്വല്ലാ എന്നത് നാം വിശദീകരിച്ചു കഴിഞ്ഞു.പ്രവാചകനായ ഇബ്രാഹീമിന്സ്ഥാനവും പദവിയും എന്ന വിശേഷണമാണ് നൽകിയിരിക്കുന്നത് എന്നു തെളിഞ്ഞു.ഈ ആശയത്തിനു സമാനമായ ഒരുപാട് വചനങ്ങൾ ഖുർആനിലുടനീളംവന്നിട്ടുണ്ട്. അതിലെ ഒരു വചനം ഇവിടെ അവതരിപ്പിക്കാം.

وَقَالُوا كُونُوا هُودًا او نَصَارى تَهْتَدُوا-قُل بَل مِلَّةَ إِبْرَاهِيم حَنِيفا-ومَاكَان من المشركين

“ജനങ്ങൾ പറഞ്ഞു നിങ്ങൾ ജൂദനോ ക്രിസ്ത്യാനിയോ ആയിത്തീരുക.നിങ്ങൾ സന്മാർഗ്ഗികളാവും.ഇബ്രാഹീം ചൊവ്വായ മാർഗ്ഗത്തിലായിരുന്നുവെന്നും,മുശ്രിക്കുകളിൽ ആയിരുന്നില്ലെന്നും നീ അവരോട് പറയുക"ഒരു മുഅമിനിനെ എങ്ങിനെയാണ് ഇബ്രാഹീം നബിയുടെ ആശയങ്ങളെ പിന്തുടരാൻ കൽപിക്കുന്നത് എന്നു നാം ശ്രദ്ധിക്കണം.മുഅമിനിനെ മാത്രമല്ല,നമ്മുടെ പ്രവാചകനെ വരെ നിർബന്ധിക്കുന്നു. ഈ വചനത്തിൽ ഇബ്രാഹീം നബിയുടെ നിലപാടിന്റെ പിറകെ പോകാനും അദ്ദേഹത്തിന്റെ കാലടികളെ പിന്തുടരാനും വളരെ വ്യക്തമായി പറയുന്നു.

ഇപ്പോൾ നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വചനത്തിന്റെ രണ്ടാം ഭാഗത്ത് "ത്വഹ്ഹറ" "ത്വാഇഫീൻ "" ആക്കിഫീൻ" "റുക്കഅ " "അസ്സുജൂദ്"എന്നീ പദങ്ങൾ നമുക്ക് കാണാൻ സാധിക്കും. ഇവിടെ റുകുഇന്റെയും സുജൂദിന്റെയും കാരണം പറഞ്ഞുകൊണ്ട് നമസ്കാരം കണ്ടുപിടിച്ചിരിക്കുകയാണ്.ആയതുകൊണ്ട് ഈ പദങ്ങളും നാം സൂക്ഷ്മമായി പഠിക്കേണ്ടതുണ്ട്.

<u>ത്വഹ്ഹറ:-</u>

ത്വഹ്ഹറ എന്നു പറഞ്ഞാൽ എല്ലാ അഴുക്കിൽ നിന്നും ഒഴിവാകുക എന്നാണ്. ദൈവീക കൽപനകൾക്കെതിരായി മനുഷ്യനിർമ്മിത വചനങ്ങളിൽ നിന്നും കൽപനകളിൽനിന്നും ശുദ്ധിയാവുക എന്നതാണ് ഇതിന്റെ അർത്ഥം.അപ്പോൾ എല്ലാ മനുഷ്യ

നിർമ്മിത വചനങ്ങളിൽ നിന്നും പുറത്തുവരിക.

എന്നാൽ ഇത് ചൂല്ലുകൊണ്ട് വൃത്തിയാക്കുന്നതാണ് ഉദ്ദേശിക്കുന്നതെങ്കിൽ നമ്മുടെഭൗതിക ലോകത്ത് നാം അഭിമുഖീകരിക്കേണ്ടി വരുന്ന അഴുക്കുകളെയും ചെളിയെയും വൃത്തിയാക്കാനുള്ള പ്രവർത്തനങ്ങളായിരിക്കും വരിക.അതു നല്ലതാണെങ്കിലുംഭൗതിക ജീവിതത്തിലെ അഴുക്കുകൾ നീക്കുന്ന കാര്യത്തിനു ആത്മീയ ജീവിതത്തിലെ അഴുക്കുകൾ നീക്കുന്ന കാര്യത്തേക്കാൾ പ്രാധാന്യം നൽകുന്നത് വളരെ സങ്കടകരമാണ്.

## ത്വായിഫീൻ:-

ത്വായിഫീൻ എന്നത് ത്വായിഫ് എന്ന പദത്തിന്റെ ബഹുവചനമാണ്.ط و ف എന്ന ക്രിയയുടെ **اسم الفاعل** ആണ് ഈ പദം.വീണ്ടും സന്ദർശിക്കുക എന്നതാണ് ഇതിന്റെ അർത്ഥം. അതായത് ആവർത്തിച്ചാവർത്തിച്ച് വരികയും പോകുകയും ചെയ്യുക.ഇതിൽ നിന്നു തന്നെയാണ് ത്വായിഫത് (طَائِفَة)എന്ന പദവും ഉണ്ടായത്. ത്വായിഫീൻ എന്ന പദത്തിന്റെ അർത്ഥം സൂറത്തു തൗബ 122ാം വചനത്തിൽ വിശദീകരിക്കുന്നു.

۞ وَمَا كَانَ ٱلْمُؤْمِنُونَ لِيَنفِرُوا۟ كَآفَّةً ۚ فَلَوْلَا نَفَرَ مِن كُلِّ فِرْقَةٍ مِّنْهُمْ طَآئِفَةٌ لِّيَتَفَقَّهُوا۟ فِى ٱلدِّينِ وَلِيُنذِرُوا۟ قَوْمَهُمْ إِذَا رَجَعُوٓا۟ إِلَيْهِمْ لَعَلَّهُمْ يَحْذَرُونَ ﴿١٢٢﴾

(വമാകാന അൽമുഅമിനൂന ലിയൻഫിറൂ കാഫ്ഫത്തൻ ഫലൗലാ നഫര മിൻ കുല്ലി ഫിർഖത്തിൻ മിൻഹും ത്വായിഫത്തുൻ ലിയതഫഖ്ഖഹൂ ഫിദ്ദീനി വലിയുൻദിറൂ ഖൗമഹും ഇദാ റജഊ ഇലൈഹിം ലഅല്ലഹും യഹ്ദറൂൻ)

ദയവുചെയ്ത് ഇവിടുത്തെ ത്വായിഫത്ത് എന്ന പദം ഒന്നു ചിന്തിക്കുക.ദീൻ പഠിക്കാൻ പോകാനും അങ്ങിനെ ദൈവീക കൽപനകളെക്കുറിച്ച് വേണ്ടത്ര ജ്ഞാനം നേടിക്കൊണ്ട് തിരിച്ചു വന്ന ശേഷം ഇവർ പഠിച്ച ദൈവീക കൽപനകളെക്കുറിച്ച് തന്റെ സമൂഹത്തെ അറിയിക്കുകയും ചെയ്യാനാണ് അല്ലാഹു പറയുന്നത്.എങ്കിൽ അവർക്ക് ഈ പഠനത്തിലൂടെ യഥാർത്ഥ ജീവിത വഴിയിലേക്കു തിരിച്ചു വരാൻ സാധിക്കും. ഇങ്ങിനെ ഇടക്കിടെ ദീൻ പഠിക്കാൻ പോകുകയും വരികയും ചെയ്യുക.എന്നിട്ട് തന്റെ സമൂഹത്തെ അറിയിക്കുക .ത്വായിഫ് എന്നതിന്റെ ബഹുവചനമാണ് ത്വായിഫീൻ എന്നു സൂചിപ്പിച്ചുവല്ലോ?അതിൽ നിന്നുണ്ടായ പദമാണല്ലോ ത്വായിഫത്ത്.

## ആകിഫീൻ:-

ആകിഫ് എന്ന പദത്തിന്റെ ബഹുവചനമാണ് ആകിഫീൻ എന്നത്,ഇതു ഇസ്മുൽ ഫാഇല്യ തന്നെയാണ്.ف ك ع എന്നതാണ് അതിന്റെ മൂല അക്ഷരങ്ങൾ..കാര്യങ്ങൾ

സൂക്ഷ്മമായി ശ്രദ്ധിച്ച ശേഷം ഒരു തീരുമാനത്തിലെത്തിച്ചേരാൻ വേണ്ടി ധ്യാനത്തി ന ഇരിക്കുക എന്നതാണ് ഇതിന്റെ അർത്ഥം.

റുക്കഅൻ:-

അസ്സുജൂദ്.

ഈ പദം സാജിദ് എന്ന പദത്തിന്റെ ബഹു വചനമാണ്.ഇതും ഇസ്മുൽ ഫായിൽ ത ന്നെയാണ്.د ج س എന്ന അടിസ്ഥാന അക്ഷരങ്ങളിൽ നിന്നാണ് ഈ പദം ഉരു ത്തിരിഞ്ഞുണ്ടായിട്ടുള്ളത്.ഈ പദം വിശദമായി പലസ്ഥലങ്ങളിലും, ഈ ഗ്രന്ഥത്തി ൽ തന്നെയും സജദ എന്ന സൂറത്തിലും വിശദീകരിച്ചിട്ടുണ്ട്.ഇവിടെ ഈ പദത്തിന്റെ അടിസ്ഥാന അർത്ഥം മാത്രമെ പറയുന്നൊള്ളൂ.''മറ്റുള്ളവന്റെ കൽപനക്കനുസരിച്ച് പ്ര വർ ത്തിക്കുക"സമ്പൂർണ്ണമായ അംഗീകാരത്തോടുകൂടി മറ്റൊരുത്തനു കുമ്പിടുക"എ ന്നതൊ ക്കെയാണ് സജദ എന്നതിന്റെ അർത്ഥം. “മുഴുവൻ ആത്മാർത്ഥതയോടും കൂടി ഒരു നയത്തിനു അനുസരിക്കുക"എന്നതാണ് ഇതിന്റെ ശരിയായ അർത്ഥം. ഒ രാൾ ഒരാശയത്തെ സ്വീകരിക്കുകയും മുഴുവൻ ആത്മാർത്ഥയോടും അംഗീകാരത്തോ ടും കൂടി അതിനു വഴങ്ങിക്കൊടുക്കുക എന്നതാണ് ഇതിന്റെ ആശയം.ഒരു ആശയ ത്തിനു വേണ്ടി പ്രവർത്തിക്കുക,ഒരാൾ സ്വന്തത്തെ മുഴുവനായും സമർപ്പിക്കുക എ ന്നതൊക്കെയാണ് സുജൂദിന്റെ അർത്ഥങ്ങൾ .

ഈ വിഷയം പൂർണ്ണമാകണമെങ്കിൽ സൂറത്തുൽ ഹജ്ജ് 26ാം വചനം കൂടി വിശദീ കരിക്കൽ അത്യാവശ്യമാണ്.അല്ലാഹു പറയുന്നു

وَإِذْ بَوَّأْنَا لِإِبْرَٰهِيمَ مَكَانَ ٱلْبَيْتِ أَن لَّا تُشْرِكْ بِى شَيْـًٔا
وَطَهِّرْ بَيْتِىَ لِلطَّآئِفِينَ وَٱلْقَآئِمِينَ وَٱلرُّكَّعِ ٱلسُّجُودِ ﴿٢٦﴾

വഇദ് ബവ്വഅനാ ലി ഇബ്രാഹീമ മകാനൽ ബൈത്തി അൻലാ തുശ്രിക്ക് ബീ ശൈഅൻ വ ത്വഹ്ഹിറാ ബൈത്തി യ ലി ത്ത്വായിഫീന വൽ ഖായിമീന വ റ് റുക്കഇസ്സുജൂദ്)

ഈ ആയത്തിലെ ചില കാര്യങ്ങൾ നാം സൂക്ഷ്മമായി പഠിക്കേണ്ടതുണ്ട്. ആ കാര്യ ങ്ങൾ ഇവയാണ്.

1)ഇബ്രാഹീമിനു ഒരു സ്ഥലം നൽകി എന്നതിന്റെ ശരിയായ അർത്ഥമെന്താണ്.
2)എന്താണ് "മകാനൽ ബൈത്ത് “?
3)അല്ലാഹുവിൽ പങ്കു ചേർക്കുക എന്നു പറഞ്ഞതിന്റെ ആശയമെന്താണ്.?
4)എന്റെ ബൈത്ത് മുത്വഹ്ഹറാക്കി വെക്കുക എന്നു പറഞ്ഞതിന്റെ അർത്ഥമെ ന്താണ്?.

5)സൂറത്തുൽ ബഖറയിൽ "ആകിഫീൻ "എന്ന ഉപയോഗിച്ച സ്ഥാനത്ത് സൂറത്തുൽ ഹജ്ജിൽ "ഖായിമീൻ" എന്ന ഉപയോഗിച്ചതിന്റെ കാരണമെന്താണ്?.

ബവ്വഅ്നാ ലി ഇബ്രാഹീം.:-

ഇബ്രാഹീമിന് ഒരു രാജ്യം,ഒരു ഭൂപ്രദേശം,ഒരു സ്ഥലം നൽകി.ء و ب എന്നിയാണ് ഈ പദത്തിന്റെ അടിസ്ഥാന അക്ഷരങ്ങൾ.ഒരു പ്രയാസമോ,ബുദ്ധിമുട്ടോ അനുഭവി ക്കേണ്ടാത്ത ഒരു പ്രദേശം അതാണ് ഇതിന്റെ അർത്ഥം.അവിടെ എല്ലാ സൗകര്യങ്ങ ളും ലഭ്യമാണ്.തന്റെ ആഗ്രഹംപോലെ പ്രവർത്തിക്കാനും പൂർണ്ണ അധികാരവുമുള്ള ഒരു പ്രദേശം.ഇതിനർത്ഥം ദൈവത്തിന്റെ അനുഗ്രഹത്താൽ പ്രവാചകൻ ഇബ്രാഹീ മിനു പൂർണ്ണ സ്വാതന്ത്ര്യമുള്ളതും സമ്പന്നവും ഉദാരപൂർണ്ണവുമായ ഒരു ജീവിതംആസ്വ ദിക്കാൻ കഴിഞ്ഞു എന്നാണ്.അതാണ് സൂറത്തുൽ ബഖറ യി ൽ"ഇന്നീ  ജാഇലുക്ക ലിന്നാസി ഇമാമാ"എന്നു പറഞ്ഞത്." "നിന്നെ ഞാൻ മനുഷ്യർക്ക് നേതാവാക്കി" ഒരാളെ മനുഷ്യരുടെ നേതാവാക്കി എന്നു പറയുമ്പോൾ ഒരു ഭൂപ്രദേശത്തിന്റെ ഉടമ സ്ഥതയും കൂടി അയാൾ കയ്യാളുന്നു എന്നതാണ് അതിന്റെ താല്പര്യം.അവിടെ തന്റെ താല്പര്യത്തിനും ഇഷ്ടത്തിനുമനുസരിച്ച് കല്പനകൾ പുറപ്പെടുവിക്കാൻ കഴിയുന്നു.എല്ലാ നിലക്കുള്ള നിലനിൽപിന്നും പുരോഗതിക്കും
ആവശ്യമായ ഒരു പദവി ദൈവത്താൽ നൽകപ്പെട്ടിരിക്കുന്നു എന്നതു കൂടിയാണ് ഇ തിന്റെ സാരം.

അൻലാ തുശ് രിക് ബിഹീ ശൈഅൻ:-

"അതായത് നീ ഒന്നിനേയും എന്നോടുകൂടി പങ്കു ചേർക്കരുത്"ഈ വാചകം വളരെ എളുപ്പത്തിൽ നമ്മുടെ മനസ്സിലേക്ക് പ്രവേശിക്കും.വിഗ്രഹാരാധന എന്ന ഒരുചെറിയ ബിന്ദുവിൽ മാത്രം ഒതുക്കേണ്ട കാര്യമല്ല ഇത്.നമ്മുടെ മനസ്സിൽ ശിർക്ക് എന്നു കേൾ ക്കുമ്പോൾ വെറും വിഗ്രഹാരാധന മാത്രമാണ് ഓടിവരിക.എന്നാൽ വിധിയിലുള്ളശി ർക്ക് നാം മറക്കുകയും  തള്ളിക്കളയുകയുമാണ് ചെയ്തിട്ടുള്ളത്.وَلَايُشْرِك فِي حُكمِهِ أَحَدًا എന്നു സൂറത്തുൽ കഹ്ഫിൽ വചനം 26 ൽ അല്ലാഹു കൽപിക്കുന്നു.

ഒരാൾ "അല്ലാഹു നമ്മുടെ സൃഷ്ടാവല്ല" എന്നു പറഞ്ഞാൽ അതിനർത്ഥം അല്ലാ ഹുവിന്റെ കൂടെ മറ്റൊരാളുണ്ടെന്നല്ല.എന്നു വിചാരിച്ചു അവൻ കുറ്റവിമുക്തനാണെന്നല്ല .മനുഷ്യൻ എപ്പോൾ ദൈവീക കൽപനകൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും മാറ്റങ്ങ ളോ,ഭേദഗതിയോ വരുത്തുന്നുവോ അപ്പോൾ അവൻ ക്രൂരതയും നീതികേടുമാണ് കാ ണിക്കുന്നത്.അല്ലാഹു സ്വയം തന്നെ അതു നിഷേധിക്കുന്നത് കാണുക:-

مَا يُبَدِّل الْقَولُ لَدَيَّ ومَا أَنَا بِظَلَّامِ الْعَبِيد എന്റെ വാക്കുകൾ ഭേദഗതികൾക്കു വിധേ

യമല്ല കാരണം ഞാൻ എന്റെ ദാസന്മാരോടു ക്രൂരനല്ല എന്നു പറയുമ്പോൾ നാം എങ്ങിനെ അവന്റെ വിധിവിലക്കുകളിൽ മാറ്റമോ കൂട്ടിച്ചേർക്കലോ വരുത്തും.?

ദൈവം തന്റെ കൽപനകളിൽ മാറ്റം വരുത്തുകയില്ല. കാരണം അവന്റെ കൽപനകൾ എപ്പോഴും തന്റെ സൃഷ്ടികൾക്കു വേണ്ടി നീതിയിലധിഷ്ഠിതവും അനുയോജ്യവുമാക്കിയിട്ടുണ്ട്. അതിൽ ഒരു ചെറിയ ഭേദഗതി വരുത്തുന്നതുപോലും ഏതെങ്കിലും ഒരാളോടുള്ള ക്രൂരതയായിരിക്കും.ഇതാണ് ദൈവത്തിന്റെ അധികാരത്തിൽ പങ്കു ചേർക്കരുത് എന്നു ഖുർആൻ കൽപിച്ചത്.നമ്മുടെ പൂർവ്വീകരും പിതാക്കളും ഉണ്ടാക്കിവെച്ച ഇത്തരം വിഗ്രഹങ്ങളിലാണ് നാം കയറി പിടിച്ചിട്ടുള്ളത്.ഇവരാണ് മതത്തിന്റെ കുത്തകക്കാരായ വിഗ്രഹങ്ങൾ.അവയെ തകർക്കാൻ നാം ധൈര്യം കാണിക്കണം.ചില സമയങ്ങളിൽ ഇത്തരം വിഗ്രഹങ്ങൾ ഭരണാധികാരികളുടെ രൂത്തിലും പ്രത്യക്ഷപ്പെടുന്നു.ദൈവീക കൽപനകളെ തള്ളിക്കൊണ്ട് അവരുടെ കൽപനകളെ നാം പിന്തുടരുന്നു.

എന്നാൽ ഇബ്രാഹീം നബി ദൈവത്തിന്റെ കൂടെ മറ്റൊരാളെ പങ്കുചേർക്കുന്നതു ഒരിക്കലും അംഗീകരിക്കില്ല.അതുപോലെ ദൈവീക കൽപനകളിലും ആരെയും പങ്കുചേർക്കില്ല.അതിനോട് മനുഷ്യ ശരീഅത്ത് അദ്ദേഹം ഒരിക്കലും ചേർക്കില്ല. മനുഷ്യ നിർമ്മിതമായ ഒരു മതം ഒരിക്കലും അദ്ദേഹം സ്വീകരിക്കില്ല.ആ നിലക്കുള്ള ശുദ്ധീകരണമാണ് ഇവിടെ ഉദ്ദേശം .അല്ലാതെ പള്ളി ചൂലുകൊണ്ട് അടിച്ചു വൃത്തിയാക്കലല്ല.

## <u>അൻ ത്വഹ്ഹിറാ ബൈത്തിയ ലിത്ത്വായിഫീന വൽ ഖായിമീന വറുക്കഇസ്സുജൂദ്</u>

മനുഷ്യ നിർമ്മിത ആശയങ്ങളിൽ നിന്നും അല്ലാഹുവിന്റെ ദീൻ മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി(تفقه فِي الدين) അവന്റെ അധ്യാപനങ്ങളെ നീ ശുദ്ധീകരിക്കുക.ദൈവീക കൽപനകളോടു വ്യക്തമായ നിലപോടു എടുക്കുന്നവർക്കും(القَائمِين) വേണ്ടിയും,മനക്കരുത്തോടുകൂടി അല്ലാഹുവിന്റെ കൽപനകൾ മാത്രം മുറുകെ പിടിക്കുന്നവർക്കു വേണ്ടിയും.ഈ ആശയത്തെ നീ ശുദ്ധിയാക്കുക. ദൈവീക കൽപനകളുടെ പഠനത്തിലൂടെ തന്റെ നിരന്തരമായ പ്രവർത്തനങ്ങളെ ആര്തെരഞ്ഞെടുക്കുന്നുവോ അവനാണ്ആകിഫ്,ആകിഫീന എന്നതും ഖായിമീന എന്നതും സമാനമായ അർത്ഥത്തിലാണ് ഖുർആൻ ഉപയോഗിച്ചിട്ടുള്ളത്.അതാണ് സൂറത്തുൽ ബഖറയിൽ <u>ആകിഫീന</u> എന്നു പറഞ്ഞ സ്ഥനത്ത് സൂറത്തുൽ ഹജ്ജിൽ <u>ഖായിമീന</u> എന്നു പ്രയോഗിച്ചത്.ഇനി റുകൂഉം സുജൂദും ചെയ്യുക എന്നു പറഞ്ഞതുകൊണ്ടു ഉദ്ദേശിക്കുന്ന

ത്,ആരാണോ ഈ ആശയങ്ങളെയും മൂല്ല്യങ്ങളെയും അംഗീകരിക്കുകയും അവക്ക് സമർപ്പിക്കുകയും ചെയ്യുന്നവോ അവർക്കുവണ്ടിയും ശുദ്ധിയാക്കിവെക്കുക എന്നതാണ്.

അതുകൊണ്ട് "മുസ്വല്ലാ"എന്നു പറഞ്ഞത് നമസ്കരിക്കാൻ നിർദ്ദേശിക്കപ്പെട്ട സ്ഥലമല്ല.പ്രവാചകനായ ഇബ്രാഹീം ഏറ്റവും മുൻഗണനയോടുകൂടി മുറുകെ പിടിച്ച അല്ലാഹുവിന്റെ കൽപനകളെയാണ് മുസ്വല്ലകൊണ്ട് ഉദ്ദേശം.ശക്തമായ ഒരു നയം എന്ന നിലക്ക് അദ്ദേഹം പിന്തുടർന്ന ആശയമാണ് ഈ മുസ്വല്ല.ഒരു പ്രത്യയശാസ്ത്രവും നിരന്തര പ്രവർത്തനങ്ങളുമാണ് അത്. അതാണ് നമ്മുടെ നിലപാടായി നാം സ്വീകരിക്കേണ്ടതും.

ഇതൊരു അനുസ്മരണമാണ് ഇഷ്ടമുള്ളവനു സ്വീകരിക്കാം അല്ലാത്തവർക്ക് തള്ളിക്കളയാം. ഖുർആൻ പഠിക്കുക !പിന്തുടരുക!!

# സ്വലാത്തിന്റെ സത്യം

## ഭാഗം രണ്ട്

# അധ്യായം" അൽ-ബഖറ"

സൂറത്തുൽ ബഖറ 238ാമത്തെ വചനത്തിൽ അല്ലാഹു കൽപിക്കുന്നു.

حَـٰفِظُواْ عَلَى ٱلصَّلَوَٰتِ وَٱلصَّلَوٰةِ ٱلْوُسْطَىٰ وَقُومُواْ لِلَّهِ قَـٰنِتِينَ ﴿٢٣٨﴾

"ഹാഫിളൂ അലസ്സവലാത്തി വസ്സവലാത്തിൽ വുസ്ഥ് ത്വാ വഖൂമൂ ലില്ലാഹി ഖാനിതീൻ"

"നിങ്ങൾ സ്വലാത്തുകളിൽ ജാഗ്രതയുള്ളവരാകുക.പ്രത്യേകിച്ച് മധ്യ സ്വലാത്തിൽ അല്ലാഹുവിനു അനുസരണയുള്ളവരായി നിലകൊള്ളുകയും ചെയ്യുക"

ഈ വചനത്തിൽ "സ്വലാത്ത്" എന്ന പദം നമസ്കാരം എന്ന അർത്ഥത്തിലാണ് വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളത്. അതുപോലെ "മധ്യ" സ്വലാത്ത് "നടു"വിലെ സ്വലാത്ത് എന്നതിനെ അസർ നമസ്കാരം എന്ന അർത്ഥത്തിലാണ് വ്യഖ്യാനിച്ചിട്ടുള്ളത്.

എന്നാൽ ധാരാളം അഭിപ്രായ വ്യത്യാസങ്ങൾ ഈ കാര്യത്തിൽ വ്യാഖ്യാതക്കൾക്കിടയിൽ ഉണ്ട്. ചില ആളുകൾ "ഫജ്ർ" നമസ്കാരമെന്നും മറ്റു ചിലർ മറ്റു പല നമസ്കാരങ്ങളുടെയും പേരുകളും ഉദ്ധരിച്ചിട്ടുണ്ട്.എന്തൊക്കെ തന്നെയായാലും ഖുർആൻ സമ്പൂർണ്ണവും,വിശദമായും,സമഗ്രമായും കാര്യങ്ങൾ വിശദമാക്കിയിട്ടുണ്ട്. തർക്കങ്ങളിലുള്ള തീർപ്പ് , മുഴുവനായും ,ലളിതമായും ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്.

ഈ 238 ാമത്തെ വചനം നാം ശ്രദ്ധിക്കുകയാണെങ്കിൽ അത് വിവാഹമോചനത്തിന്റെയും കുടുംബ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്റെയും ഇടക്കാണ് സ്ഥാനം പിടിച്ചിട്ടുള്ളത്. നമസ്കാരം എന്ന അർത്ഥം ഇവിടെ തെറ്റായി നൽകിയതാണ്.

ഇവിടെ നമസ്കാരം എന്നു സ്വലാത്തിനു അർത്ഥം നൽകിയാൽ സാന്ദർഭികമായി ഒരിക്കലും സ്ഥാപിക്കാൻ കഴിയില്ല.ഈ വചനത്തിന്റെ മുകളിലും താഴെയുമായി ചർച്ച ചെയ്യുന്ന വിഷയം വിവാഹ മോചനവും,കുടുംബ പ്രശ്നങ്ങളുമാണ്.ദയവു ചെയ്ത് വചനം 225 മുതൽ ഒന്നു ശ്രദ്ധിക്കുക,വിവാഹ മോചനത്തെക്കുറിച്ചുള്ള ആജ്ഞയിൽ നിന്നു തുടങ്ങി അവസാനം 232ാമത്തെ വചനത്തിൽ ആ വിഷയം അവ സാനിപ്പിക്കുന്നു. .പിന്നീട് 233 മുതൽ 237 വരെ കുട്ടികൾക്ക് മുലകൊടുക്കേണ്ടതിനെക്കുറിച്ചും,വിവാഹ മോചിതയായ സ്ത്രീയുടെ വിവാഹ അന്വേഷണത്തെക്കുറിച്ചും, ജീവനാംശം നൽകേണ്ടതിനെക്കുറിച്ചും ചർച്ച ചെയ്യുന്നു.അതിനു ശേഷമാണ് മുകളിൽ നാം പറഞ്ഞ വചനം പറയുന്നത്.വചനം 238 ൽ അല്ലാഹു കൽപിക്കുന്നു :-

حَـٰفِظُواْ عَلَى ٱلصَّلَوَٰتِ وَٱلصَّلَوٰةِ ٱلْوُسْطَىٰ وَقُومُواْ لِلَّهِ قَـٰنِتِينَ ﴿٢٣٨﴾

"ഹാഫിളൂ അലസ്സവലാത്തി വസ്സവലാത്തിൽ വുസ്വ് ത്വാ വഖൂമൂ ലില്ലാഹി ഖാനിതീൻ"

"നിങ്ങൾ സ്വലാത്തുകളിൽ ജാഗ്രതയുള്ളവരാകുക.പ്രത്യേകിച്ച് മധ്യ സ്വലാത്തിൽ അല്ലാഹുവിനു അനുസരണയുള്ളവരായി നിലകൊള്ളുകയും ചെയ്യുക"

ദയവുചെയ്തു നമ്മൾ ഈ വചനത്തിന്റെ സന്ദർഭത്തിനനുയോജ്യമായ രൂപത്തിൽ മനസ്സിലാക്കുകയാണെങ്കിൽ ദൈവീക കൽപനകളുടെ ഒരു സ്വലാത്താണ് നമുക്ക് ഇവിടെ ലഭിക്കുക.ഒരു കൂട്ടം കുടുംബ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നിടത്ത് നമസ്കാരം ചിത്രീകരിക്കലും വിശദീകരിക്കലും യോജിച്ച കാര്യമല്ല.ഈ ആയത്തിനു ശേഷം വീണ്ടും 240-242 വരെയുള്ള വചനങ്ങളിൽ കുടുംബ കാര്യങ്ങളു തന്നെയാണ് ചർച്ച ചെയ്യുന്നത്.അപ്പോൾ 225-242 വരെയുള്ള വചനങ്ങളിൽ കുടുംബ നിയമങ്ങളാണ് ചർച്ച ചെയ്യുന്നത്.ഇതിനിടയിൽ 238ാമത്തെ വചനത്തിൽ സ്വലാത്തിൽ ജാഗ്രത പാലിക്കേണ്ടതിനെക്കുറിച്ചും,ദൈവീക കൽപനകളുടെ സുരക്ഷാ വ്യവസ്ഥയെക്കുറിച്ചുള്ള വിശദീകരണവുമായി ബന്ധപ്പെട്ടതാണ് അതുപോലെ കുടുംബ പ്രശ്നങ്ങളിൽ ദൈവീകനിർദ്ദേശങ്ങൾ പാലിക്കുന്നിടത്ത് ഒരു മധ്യമ നിലക്കുള്ള സ്വലാത്ത് നിർവ്വഹിക്കാനും, സൂക്ഷ്മത പുലർത്താനും ,ആ ദൈവീക കൽപനകൾ അനുസരിക്കുന്നവരായി നിലകൊള്ളുവാനുമാണ് അല്ലാഹു പറയുന്നത്.കുടുംബ പ്രശ്നങ്ങൾ പറയുന്നിടത്ത് ഒരു പ്രത്യേക ശ്രദ്ധ ചില പ്രത്യേക കാര്യത്തിലേക്കു തിരിച്ചു വിട്ടിരിക്കുകയാണ്.അതു പോലെ 239ാം വചനത്തിൽ ദൈവീക കൽപനകളെ നിരീക്ഷിക്കുകയും പ്രസ്താവിക്കുകയും ചെയ്യേണ്ടത് "രിജാലൻ" ആയോ "റുക്ബാനൻ"ആയോ ആണ് വേണ്ടത് എന്നാണ്.അതിനർത്ഥം ധൈര്യത്തോടും, മനക്കരുത്തോടും കൂടിയും,പരസ്പരം "കൂട്ടായ്മ" യോടും "ഐക്യത്തോടും" കൂടിയും എന്നാണ്."രിജാലൻ" എന്നതിന് "ചുറ്റും നടക്കുക" എന്നും" ധൈര്യത്തോടെ" എന്നും അർത്ഥമുണ്ട്, അതുപോലെ "റുക്ബാനൻ" എന്നതിന് "സഞ്ചരിക്കുക" എന്നും "പരസ്പരം" എന്നും "ഐക്യത്തോടെ" എന്നും അർത്ഥമുണ്ട്. ഇതിനുശേഷം അല്ലാഹു പറയുന്നു.

فَإِذَا أَمِنْتُمْ فَاذْكُرُوا اللَّهَ كَمَا عَلَّمَكُمْ مَّالَمْ تَكُونُوا تَعْلَمُون

"ഫഇദാ അമിൻതും ഫദ്കുറുല്ലാഹ കമാ അല്ലമക്കും മാലം തകൂനൂ തഅലമൂൻ"

"എനി നിങ്ങൾ സമാധാനത്തിൽ ആയാൽ ദൈവീക കൽപനകളെ നിങ്ങൾ പറയുകയും പ്രസ്താവിക്കുകയും ചെയ്യേണ്ടത് നിങ്ങൾ പഠിപ്പിക്കപ്പെടുകയും പരിശീലിപ്പിക്കപ്പെടുകയും ചെയ്തതുപോലെയായിരിക്കണം."

നോക്കു നാം ഇവിടെ നമസ്കാരത്തെക്കുറിച്ചു സംസാരിക്കാൻ നമസ്കാരം പരിശീലിപ്പിക്കുന്നതായി എവിടെയും കണ്ടില്ല.പിന്നെ നമസ്കാരം നിർവ്വഹിക്കാനാണ് ഇവിടെ വിളിച്ചു പറഞ്ഞിരിക്കുന്നത് എന്ന് എങ്ങിനെ നാം പറയും.അത് എങ്ങിനെ തുടങ്ങണം,നിൽക്കേണ്ട രൂപം എങ്ങിനെ,കുമ്പിടലും സാഷ്ടാംഗവും എങ്ങിനെ ചെയ്യണം ,അവ എത്ര പ്രാവശ്യം ചെയ്യണം,സുജൂദാണോ ആദ്യം ചെയ്യേണ്ടത് അതല്ല റുകൂഅ ആണോ?അതിൽ എന്തെല്ലാം ഉരുവിടുകയും വായിക്കുകയും ചെയ്യണം?ഇതൊന്നും അല്ലാഹു നമ്മെ പഠിപ്പിച്ചിട്ടില്ല.

എന്നാൽ ഖുർആൻ "കമാ അല്ലമക്കുമുല്ലാഹു" എന്നു പറയുന്നു."നിങ്ങൾക്ക് അല്ലാഹു പഠിപ്പിച്ചപോലെ" അതിനർത്ഥം പരമകാരുണികൻ ആ രംഗത്ത് നാം പാലിക്കേണ്ട കാര്യങ്ങളൊക്കെ പഠിപ്പിച്ചിരിക്കുന്നു എന്നല്ലേ?അപ്പോൾ ഇവിടുത്തെ സ്വലാത്ത് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് നമസ്കാരമോ "സ്വലാത്തുൽ വുസ്ത്വാ" കൊണ്ട് അസർ നമസ്കാരമോ അല്ല എന്നത് തീർച്ചയാണ്.كَمَا عَلَّمَكُم (കമാ അല്ലമക്കും) "അവൻ നിങ്ങളെ പഠിപ്പിച്ചതുപോലെ" എന്നു പറഞ്ഞാൽ മറ്റൊന്നിന്റെയും ആവശ്യം ഇല്ലാതെ തന്നെ ഇതിൽ നിന്നും കിട്ടണമല്ലോ എല്ലാം.?

ഈ വചനങ്ങൾ ഒന്നു ചുരുക്കി വിശകലനം ചെയ്താൽ നമുക്കു തന്നെ "സ്വലാത്ത്" കൊണ്ട് നമസ്കാരമാണോ അതല്ല ദൈവീക കൽപനകളാണോ എന്നു മനസ്സിലാക്കാൻ കഴിയും.പിന്നെ "സ്വലാത്തുൽ വുസ്ത്വാ "എന്നതുകൊണ്ടു ഈ കുടുംബ സംബന്ധമായ നിയമങ്ങളിൽ ദൈവീക നിർദ്ദേശങ്ങളുടെ സമഗ്രവും വിശാലവുമായ ഒരുവിവരണമാണ് നാം സ്വീകരിക്കേണ്ടത് എന്നാണ്.അതല്ല ഈ വിഷയങ്ങളിൽ"അസർ" നമസ്കാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് പറയുന്നതെങ്കിൽ പ്രപഞ്ച സൃഷ്ടാവിന് സന്ദർഭത്തിന് അനുസരിച്ച് സംസാരിക്കാൻ അറിയില്ല എന്നായിരിക്കും വരിക.അതുകൊണ്ട് ദയവുചെയ്ത് ഖുർആനിക വചനങ്ങളെ സന്ദർഭത്തിനനുസരിച്ച് മനസ്സിലാക്കാൻ ശ്രമിക്കുക. ഒരു സാധാരണ മനുഷ്യൻ പോലും പറയുന്നകാര്യം തുടക്കം മുതൽ അവസാനം വരെ കൊണ്ടുപോകും.പിന്നെയാണോ പ്രപഞ്ച സൃഷ്ടാവ്. സൂറത്തുൽബഖറ 43ാം വചനത്തിൽ അല്ലാഹു പറയുന്നു.:-

وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَٱرْكَعُوا۟ مَعَ ٱلرَّٰكِعِينَ ﴿٤٣﴾

"വ അഖീമുസ്സ്വലാത്ത വ ആതുസ്സകാത്ത വർകഊ മഅർറാകിഈൻ"

"സ്വലാത്ത് സ്ഥാപിക്കുകയും ,സകാത്ത് നൽകുകയും കുമ്പിടുന്നവരുടെ കൂടെ കുമ്പിടുകയും ചെയ്യുവീൻ"

സാധാരണയായി നമസ്കാരം സ്ഥാപിക്കാൻ വേണ്ടി ഉപയോഗിക്കുന്ന ഒരു വചനമാണ് ഇത്.ആദ്യ പഠനത്തിൽ തന്നെ നമസ്കാരത്തിന്റെ വിശദവിവരങ്ങൾ ഇവിടെ നിന്നും കിട്ടുകയില്ല എന്ന് മനസ്സിലാകും . ഇവിടെ വാദത്തിനു വേണ്ടി "അഖാമസ്സ്വലാ

ത്ത" എന്നതിനു നമസ്കരിക്കുക എന്നു അർത്ഥം നൽകി നോക്കാം. അപ്പോൾ "അഖീ
മുസ്സ്വലാത്ത" എന്നതിനു റുകൂഉം സുജൂദുമെല്ലാം ഉൾക്കൊള്ളുന്ന നമസ്കാരം നിർവ്വഹിച്ചു
എന്നും വിചാരിക്കുക. എങ്കിൽ പിന്നെ وَارْكَعُوا مَعَ الرَّاكِعِين കുമ്പിടുന്നവരുടെ കൂടെ
കുമ്പിടുക എന്ന കൽപന കൊണ്ടു അർത്ഥമാക്കുന്നത് എന്താണ്.?ഇവിടെ "അഖീമു
സ്സ്വലാത്ത" അഥവാ സ്വലാത്ത് സ്ഥാപിക്കുക എന്ന പദം നടപ്പിലാക്കണമെങ്കിൽ ഒ
രു കൂട്ടം ആളുകളോ,സമുദായത്തിന്റെയോ ആവശ്യമുണ്ടല്ലോ?കാരണം "അഖീമുസ്സ്വ
ലാത്ത "എന്നത് ഒരു വ്യക്തിയോടുള്ള കൽപനയല്ല മറിച്ച് ഒരു സമൂഹത്തോടുള്ള ക
ൽപനയാണ്.അഥവാ ഇസ്രായീൽ സന്തതികളോടു മുഴുവനായുള്ള കൽപനയാണ്
.അതുകൊണ്ടു തന്നെ അഖീമുസ്സ്വലാത്തഎന്ന കൽപനകൊണ്ട് ദൈവീക കൽപനക
ളുടെ ശക്തിപ്പെടുത്തലാണ് ഉദ്ദേശം. അതിനു ശേഷം "വർകഊമഅർറാകിഈൻ
"എന്ന കൽപനകൊണ്ട് ഒരു മനുഷ്യന്റെ ദൈവീക കൽപനകളെ പിന്തുടരാനുള്ള
താല്പര്യത്തെക്കുറിച്ചാണ് പറയുന്നത്.അപ്പോൾ മുകളിൽ ഉദ്ധരിച്ച വചനത്തിനു ഇ
ങ്ങിനെ അർത്ഥം പറയാം. “ദൈവീക കൽപനകൾ നടപ്പിലാക്കുക,സകാത്ത് നൽ
കുകയും ചെയ്യുക,ദൈവീക കൽപനകൾക്കു അനുസരിച്ചുകൊണ്ട് അവ നിർവ്വഹിക്കു
ന്നവരോടൊപ്പം നിങ്ങളും ചേരുക"

സൂറത്തുൽ ബഖറ 83ാം വചനത്തിൽ ഇസ്രായീൽ സന്തതികളുടെ കാര്യങ്ങൾവിശ
ദീകരിക്കുന്നിടത്താണ് സ്വലാത്ത് സ്ഥാപിക്കാനും സകാത്ത് നൽകാനും പറഞ്ഞത്
ആ കൽപിക്കുന്ന വചനത്തിൽ അവരോടു ചെയ്ത കരാറും ഉൾക്കൊള്ളിച്ചിട്ടുണ്ട് സ്വലാ
ത്ത്എന്നതിന് നമസ്കാരം എന്ന അർത്ഥമാണ് നൽകുന്നതെങ്കിൽ നാം ഇവിടെ ഒരു
ഖുർആനിക സംവാദത്തിനു തയ്യാറില്ല.കാരണം ഇസ്രായിൽ സന്തതികളുമായിഅല്ലാ
ഹു ഉണ്ടാക്കിയ കരാറിൽ പാരമ്പര്യ നമസ്കാരം ഉൾക്കൊള്ളിച്ചിട്ടില്ല. ഖുർആൻ നമു
ക്കു അങ്ങിനെ ഒരു പാരമ്പര്യ നമസ്കാരം പഠിപ്പിച്ചിട്ടും ഇല്ല. പിന്നെ എന്തിനാണ്
നമസ്കാരത്തിനു അനുകൂലമായ ഒരു സംവാദത്തിനു നാം തയ്യാറാകണം. ഈ ആയ
ത്തിലും നമസ്കാരത്തിന്റെ സമയമോ രൂപമോ നമുക്ക് അല്ലാഹു പറഞ്ഞു തന്നിട്ടില്ല.

ഇനി 110ാം വചനത്തിൽ അല്ലാഹു പറയുന്നു.:-

وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ ۚ وَمَا تُقَدِّمُوا۟ لِأَنفُسِكُم مِّنْ خَيْرٍ
تَجِدُوهُ عِندَ ٱللَّهِ ۗ إِنَّ ٱللَّهَ بِمَا تَعْمَلُونَ بَصِيرٌ ﴿١١٠﴾

“വ അഖീമു അസ്സ്വലാത്ത വ ആതു അസ്സകാത്ത വമാ തുഖദ്ദിമൂ ലി അൻഫുസിക്കും തജിദൂഹു ഇൻദല്ലാഹി"
“സ്വലാത്ത് സ്ഥാപിക്കുകയും സകാത്ത് നൽകുകയും നിങ്ങളുടെ ജനങ്ങൾക്ക് നിങ്ങ
ൾ നൽകുകയും ചെയ്യുന്നുവോ അതിനുള്ള പ്രതിഫലം ദൈവത്തിൽ നിന്നു നിങ്ങൾ

ക്ക ലഭിക്കും.” 
ഈ വചനത്തിലും നമസ്കാരത്തിന്റെ രൂപമോ സമയമോ വിവരിക്കുന്നില്ല എന്നു നാം മനസ്സിലാക്കണം.അപ്പോൾ ദൈവീകമായ ഒരു സാമൂഹിക സാമ്പത്തിക വ്യവസ്ഥിതി നടപ്പിലാക്കുകയും അതിനനുസരിച്ച ഒരു സംസ്കാരം സമൂഹത്തിൽകൊണ്ടുവരിയും നല്ലത് നമ്മുടെ സമൂഹത്തിനു നൽകുകയും ചെയ്യുക. അതിനുള്ള പ്രതിഫലം കിട്ടാതിരിക്കില്ല.

സൂറത്തുൽ ബഖറ 177ാം വചനത്തിൽ പുണ്ണ്യങ്ങൾ എന്തൊക്കെയാണെന്നു വിശദീകരിക്കുന്ന വേളയിൽ ഈ സ്വലാത്തിന്റെ കാര്യങ്ങൾ കൂടി വിശദീകരിക്കുന്നു.

۞ لَّيۡسَ ٱلۡبِرَّ أَن تُوَلُّواْ وُجُوهَكُمۡ قِبَلَ ٱلۡمَشۡرِقِ وَٱلۡمَغۡرِبِ وَلَٰكِنَّ ٱلۡبِرَّ مَنۡ
ءَامَنَ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِ وَٱلۡمَلَٰٓئِكَةِ وَٱلۡكِتَٰبِ وَٱلنَّبِيِّـۧنَ وَءَاتَى
ٱلۡمَالَ عَلَىٰ حُبِّهِۦ ذَوِي ٱلۡقُرۡبَىٰ وَٱلۡيَتَٰمَىٰ وَٱلۡمَسَٰكِينَ وَٱبۡنَ
ٱلسَّبِيلِ وَٱلسَّآئِلِينَ وَفِي ٱلرِّقَابِ وَأَقَامَ ٱلصَّلَوٰةَ وَءَاتَى ٱلزَّكَوٰةَ
وَٱلۡمُوفُونَ بِعَهۡدِهِمۡ إِذَا عَٰهَدُواْۖ وَٱلصَّٰبِرِينَ فِي ٱلۡبَأۡسَآءِ
وَٱلضَّرَّآءِ وَحِينَ ٱلۡبَأۡسِۗ أُوْلَٰٓئِكَ ٱلَّذِينَ صَدَقُواْۖ وَأُوْلَٰٓئِكَ هُمُ
ٱلۡمُتَّقُونَ ١٧٧

“““നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടും പഠിഞ്ഞാറോട്ടും തിരിക്കലില്ല പുണ്ണ്യം പ്രത്യുത പുണ്ണ്യം ആർ ദൈവത്തിലും പരലോകനാളിലും വേദഗ്രന്ഥത്തിലും പ്രവാചകന്മാരിലും വിശ്വസിച്ച് ധനത്തോട് സ്നേഹമുണ്ടായിരിക്കെ അത് ഉറ്റ ബന്ധുക്കൾക്കും, അനാഥർക്കും, അഗതികൾക്കും, ദൈവീക മാർഗ്ഗപുത്രനും, അപേക്ഷകർക്കും അടിമകളുടെ കാര്യത്തിലും, കൊടുത്ത് സ്വലാത്ത് സ്ഥാപിച്ച് സകാത്ത് കൊടുത്ത് ദുരിതത്തിലും ഉപദ്രവത്തിലും കഠിനഘട്ടത്തിലും ക്ഷമിക്കുന്നവരോടൊന്നിച്ച് തങ്ങൾ ഉടമ്പടി ചെയ്താൽ അത് പൂർത്തീകരിക്കുകയും ചെയ്തവരാണ് സത്യസന്ധന്മാർ. അവർ തന്നെയാണ് മുത്തഖികൾ"

ഇവിടെ പുണ്യവും നന്മയും ലഭിക്കാൻ ചെയ്യേണ്ട കാര്യങ്ങളാണ് അല്ലാഹു വിവരിച്ചിരിക്കുന്നത്.പുണ്യം നേടാനുള്ള ശരിയായ പ്രവർത്തി കിഴക്കോട്ടോ,പടിഞ്ഞാറോട്ടോ തിരിയുന്നതിലല്ല .അതുപോലെ നമസ്കാരത്തിൽ നമ്മുടെ മുഖം കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുന്നതിലും അല്ല.മറിച്ച് നമ്മുടെ ധനം ആവശ്യക്കാർക്കു തുറന്നിട്ടതാക്കുക.ഈ ആയത്തിലും നമസ്കാരത്തിന്റെ രൂപമോ സമയമോ ഒന്നും വിവരിച്ചിട്ടില്ല.തുടക്കത്തില തന്നെ മുഖങ്ങൾ ഏതെങ്കിലും ഒരു ഭാഗത്തേക്കു തിരിക്കുന്നതിൽ ഒരു

പുണ്യവുമില്ല എന്നാണ് പറഞ്ഞിട്ടുള്ളത്.നാം കാണുന്ന എല്ലാ ആചാര അനുഷ്ഠാന നമസ്കാരങ്ങളും ഏതെങ്കിലും ഒരു പ്രത്യേക ഭാഗത്തേക്കു തിരിഞ്ഞു കൊണ്ടാണ്.

ഇനി സൂറത്തുൽ ബഖറ 277ാം വചനത്തിൽ "രിബ" യുമായി ബന്ധപ്പെട്ടു പറയുന്ന വേളയിൽ "അഖീമുസ്സ്വലാത്ത വ ആതുസ്സക്കാത്ത "എന്ന പ്രയോഗം വന്നിട്ടുണ്ട് അല്ലാഹു പറയുന്നു:-

يَمْحَقُ ٱللَّهُ ٱلرِّبَوٰا۟ وَيُرْبِى ٱلصَّدَقَٰتِ ۗ وَٱللَّهُ لَا يُحِبُّ كُلَّ كَفَّارٍ أَثِيمٍ ﴿٢٧٦﴾ إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ وَأَقَامُوا۟ ٱلصَّلَوٰةَ وَءَاتَوُا۟ ٱلزَّكَوٰةَ لَهُمْ أَجْرُهُمْ عِندَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٢٧٧﴾

“യംഹഖുല്ലാഹു ര് രിബാ വ യുറബ്ബിസ്സ്വദഖാത്തി വല്ലാഹു ലാ യുഹിബ്ബു കുല്ല കഫ്ഫാരിൻ അസീം.ഇന്നല്ലദീന ആമനൂ വഅമിലുസ്സ്വാലിഹാത്തി വ അഖാമസ്സ്വലാത്ത വ ആതുസ്സകാത്ത ലഹും അജ്റുഹും ഇൻദ റബ്ബിഹിം വലാ ഖൗഫുൻ അലൈഹിം വലാഹും യഹ്സനൂൻ'”

“അല്ലാഹു "രിബയെ" നശിപ്പിക്കുകയും,"സ്വദഖാത്തിനെ" വളർത്തുകയും ചെയ്യുന്നു. അല്ലാഹു കുറ്റവാളികളായ സർവ്വ നിഷേധികളെയും ഇഷ്ടപ്പെടുന്നില്ല. വിശ്വസിക്കുകയും നന്മകൾ പ്രവർത്തിക്കുകയും സ്വലാത്ത് സ്ഥാപിക്കുകയും,സകാത്ത് കൊടുക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവർ ആരോ അവർക്കു അവരുടെ പ്രതിഫലം അവന്റെ നാഥന്റെ പക്കലുണ്ട്.അവർക്ക് യാതൊരു ഭയവുമില്ല.അവർ സങ്കടപ്പെടുന്നവരുമല്ല.” ഈ വചനത്തിന്റെ സന്ദർഭം പരിശോധിച്ചാൽ "രിബാ" എന്നു പറയുന്നത് ഒരു സാമൂഹിക ചൂഷണമാണ്.ഒരു രാജ്യത്തിന്റെ താല്പര്യത്തിനെതിരായോ,ഒരു വിഭാഗത്തിനെ ശിക്ഷിക്കുന്ന രൂപത്തിലേക്കോ പോകുക എന്നാണ് "രിബ"യുമായി നടത്തുന്ന ഇടപാടുകൾ കൊണ്ടുണ്ടാകുന്നത്.കുറ്റവാളികളായ ആളുകളുടെ സാമ്പത്തികം വിസ്തൃതമാകുമ്പോൾ സംഭവിക്കുന്നതും അതാണെന്നാണ് അല്ലാഹു പറയുന്നത് .ഇങ്ങിനെ കുറ്റവാളികളായ ആളുകളുടെ സാമ്പത്തിക വിസ്തൃതിക്കുവേണ്ടി നടത്തുന്ന"രിബ"യുടെ ഇടപാടുകൾ രാജ്യത്തിന്റെ നിയമങ്ങൾക്കെതിരും സമൂഹത്തിലെ മറ്റു വിഭാഗങ്ങൾക്കെതിരുമാണ്.

ചുരുക്കത്തിൽ വിശ്വാസികളോടു കൽപിക്കുന്നത് പരിഷ്കരണ പ്രവർത്തനങ്ങൾ ചെയ്യാനും ദൈവീക നിയമങ്ങൾ സ്ഥാപിക്കാനും സമൂഹത്തിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കാനും വേണ്ടിയാണ്.അങ്ങിനെ ചെയ്യുമ്പോൾ അവർ റബ്ബിന്റെ ആളുകളാകുകയും അവർക്ക് ഭയപ്പെടുകയോ,സങ്കടപ്പെടേണ്ടി വരികയോ ഇല്ല എന്നുമാണ്.

"രിബ"യെ നാം വിലയിരുത്തുമ്പോൾ അതിലെ പ്രധാനപ്പെട്ടകാര്യം 279ാം വചനത്തിൽ വിശദമാക്കുന്നുണ്ട്. അല്ലാഹു പറയുന്നു.لاتظْلِمُونَ ولاتُظْلَمُونَ (ലാ തള് ലിമൂന വലാ തുള് ലമൂന)" "നിങ്ങൾ മറ്റുള്ളവരെ ഉപദ്രവിക്കുകയോ /അനീതി കാണിക്കുകയോ ചെയ്യാത്തതുപോലെ അവരാൽ നിങ്ങൾ ഉപദ്രവിക്കപ്പെടുകയോ/ അനീതി കാണിക്കപ്പെടുകയോ ചെയ്യുന്നില്ല."രിബ"യെ ഒഴിവാക്കാൻ പറയുന്നതിലെ പ്രധാനപ്പെട്ട ഒരു വശമാണ് അല്ലാഹു ഇവിടെ വിവരിച്ചത്.അക്രമികളിലേക്കു സമ്പത്തിന്റെ ഒരുമിച്ചു കൂട്ടൽ നടത്തുക എന്നു പറയുന്നത് അല്ലാഹുവിനോടും പ്രവാചകനോടുമുള്ള ഏറ്റുമുട്ടലാണ്(ദൈവീക കൽപനകളോടും രാജ്യത്തോടും).

സൂറത്തുൽ ബഖറ 3ാമത്തെ വചനത്തിൽ മുത്തഖികളുടെ ഗുണങ്ങൾ വിവരിക്കുന്നത് നോക്കുക.;-

ٱلَّذِينَ يُؤْمِنُونَ بِٱلْغَيْبِ وَيُقِيمُونَ ٱلصَّلَوٰةَ وَمِمَّا رَزَقْنَٰهُمْ يُنفِقُونَ ﴿٣﴾

"അല്ലദീന യുഅമിനൂന ബി അൽ-ഗൈബി,വയുഖീമൂന അ-സ്സ്വലാത്ത വമിമ്മാറസഖ്നാഹും യുൻഫിഖൂൻ"
"മുത്തഖികൾ അൽ-ഗൈബിൽ വിശ്വസിക്കുന്നവരും,സ്വലാത്ത് സ്ഥാപിക്കുന്നവരും , മനുഷ്യരുടെ നിലനിൽപിനുവേണ്ടി നാം നൽകിയതിനെ ജനങ്ങൾക്കു വേണ്ടി തുറന്നിടുന്നവരുമാണ്"
നോക്കൂ ഇവിടെ ഒരാൾ മുത്തഖി ആയിത്തീരാനുള്ള നിബന്ധനകളാണ് ഇവിടെ വിവരിക്കുന്നത്.ഇപ്പോൾ തന്നെ മുത്തഖിയാണെങ്കിൽ ആ നില തുടരാനുമാണ് ഇവിടെ പറയുന്നത്.അല്ലാതെ നമസ്കാരത്തിന്റെ രൂപമോ,സമയങ്ങളോ ഒന്നുമല്ല.

സൂറത്തുൽ ബഖറ 45ാമത്തെ വചനത്തിൽ പരമാകാരുണികൻ കൽപിക്കുന്നു.
اِسْتَعِينُوا بِالصَّبْرِ وَالصَّلٰوةِ (ഇസ്തഈനൂ ബിസ്സ്വബ് രി വസ്സ്വലാത്തി)ഈ വചനം ഇസ്രായീലിന്റെ മക്കളെ അഭിസംബോധന ചെയ്യുന്നതിനിടയിൽ വന്ന വചനമാണ് . അവരെ "കഠിനാദ്ധ്വാനത്തിനും സ്വലാത്തിനും" പ്രേരിപ്പിക്കുന്ന വചനമാണിത്. ഇതിനു സമാനമായ ഒരു വചനം സൂറത്തു അൽ-അഅറാഫ് 128ാം വചനത്തിൽ പ്രവാചകനായ മൂസയെക്കുറിച്ചു പറയുമ്പോൾ വന്നിട്ടുണ്ട്.
قَالَ مُوسَى اسْتَعِينُوا بِاللّٰهِ وَاصْبِرُوا (മൂസാ തന്റെ ജനങ്ങളോടു അല്ലാഹുവിൽ നിന്നു സഹായം തേടാനും കഠിനാദ്ധ്വാനം ചെയ്യാനും പറഞ്ഞു)

ഈ വചനത്തെ നാം ഒന്നു ശ്രദ്ധിക്കുക,സ്വലാത്തിൽ നിന്നു സഹായം ചോദിക്കാൻ പറഞ്ഞതിനെ ഇവിടെ മാറ്റി.എന്നിട്ടു അല്ലാഹുവിന്റെ സഹായം തേടാൻ ഉപദേശിച്ചു .സത്യത്തിൽ അല്ലാഹുവിന്റെ സഹായം തേടുക എന്നു പറഞ്ഞാൽ ദൈവീക കൽപനകളിൽ നിന്നുള്ള സഹായം തേടുന്നതിനു തുല്ല്യമാണല്ലോ?അതായത് അവന്റെ മാർ

ഗ്ഗ നിർദ്ദേശങ്ങളും മൂല്ല്യങ്ങളുമാണ്. തീർച്ചയായും ഈ സ്വലാത്ത് നമസ്കരമല്ല എന്നു റപ്പാണ്.കാരണം:-

– ഒരു രൂപം പറഞ്ഞു തന്നിട്ടില്ല.
– സമയങ്ങൾ പറഞ്ഞു തന്നിട്ടില്ല.
– എത്ര പ്രാവശ്യം നമസ്കരിക്കണമെന്നു പറഞ്ഞിട്ടില്ല.
– എന്തെല്ലാമാണ് ഉരുവിടേണ്ടതെന്നു പറഞ്ഞു തന്നിട്ടില്ല.

അതുകൊണ്ടു ഈ വചനത്തിലും സ്വലാത്തുകൊണ്ട് അർത്ഥമാക്കുന്നത് ദൈവീക മാർഗ്ഗ നിർദ്ദേശങ്ങൾ തന്നെയാണ്.അല്ലാതെ നമസ്കാരമല്ല.

സൂറത്തുൽ ബഖറ 153ാം വചനത്തിൽ അല്ലാഹു മുഅമിനുകളോടു കൽപിക്കുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱسۡتَعِينُواْ بِٱلصَّبۡرِ وَٱلصَّلَوٰةِۚ إِنَّ ٱللَّهَ مَعَ ٱلصَّٰبِرِينَ ١٥٣

“യാ അയ്യുഹല്ലദീന ആമനൂ ഇസ്തഈനൂ ബിസ്സ്വബ് രി വസ്സ്വലാത്തി ഇന്നല്ലാഹ മഅസ്സ്വാബിരീൻ"

“ഓ വിശ്വാസികളെ നിങ്ങൾ കഠിനാദ്ധ്വാനത്തിലൂടെയും സ്വലാത്തിലൂടെയും സഹായം തേടുക,തീർച്ചയായും അല്ലാഹു പ്രയത്നിക്കുന്നവരുടെ കൂടെയാണ്.”

നോക്കു മുഅമിനുകളോട് ഇസ്രായീൽ മക്കളോടു കൽപിച്ച അതേ കൽപന തന്നെയാണ് കൽപിക്കുന്നത്.നമസ്കരിച്ചാൽ സഹായം കിട്ടുമെങ്കിൽ പിന്നെ ഖുർആൻ എന്തിനാണ് അവതരിപ്പിച്ചത്?അതിലെ കൽപനകൾ എന്തിനാണ് നമുക്കു തന്നത്?. ഖുർആൻ അവതരിപ്പിക്കേണ്ട ആവശ്യം എന്താണ്?.

## അധ്യായം "അ-ന്നിസാ"

നമസ്കാരത്തെക്കുറിച്ച് നാം വിശദീകരിക്കുമ്പോൾ സൂറത്തു അ-ന്നിസാഇലെ 101 മു തൽ103 വരെയുള്ള വചനങ്ങൾ നാം നിർബന്ധമായും വിശദീകരിക്കേണ്ടതുണ്ട്. ഈ അധ്യായത്തിലെ 71 ◌ാം നമ്പർ ആയത്തിനു ശേഷം വന്ന ആയത്തുകളിൽ വന്ന കാര്യങ്ങളും ഈ ആയത്തിൽ പറയുന്ന കാര്യങ്ങളും തമ്മിൽ വ്യത്യാസമില്ല.പരമകാരുണികൻ പറയുന്നു.:-

وَإِذَا ضَرَبْتُمْ فِي ٱلْأَرْضِ فَلَيْسَ عَلَيْكُمْ جُنَاحٌ أَن تَقْصُرُوا۟ مِنَ ٱلصَّلَوٰةِ إِنْ
خِفْتُمْ أَن يَفْتِنَكُمُ ٱلَّذِينَ كَفَرُوٓا۟ ۚ إِنَّ ٱلْكَـٰفِرِينَ كَانُوا۟ لَكُمْ عَدُوًّا مُّبِينًا ﴿١٠١﴾
وَإِذَا كُنتَ فِيهِمْ فَأَقَمْتَ لَهُمُ ٱلصَّلَوٰةَ فَلْتَقُمْ طَآئِفَةٌ مِّنْهُم
مَّعَكَ وَلْيَأْخُذُوٓا۟ أَسْلِحَتَهُمْ فَإِذَا سَجَدُوا۟ فَلْيَكُونُوا۟ مِن
وَرَآئِكُمْ وَلْتَأْتِ طَآئِفَةٌ أُخْرَىٰ لَمْ يُصَلُّوا۟ فَلْيُصَلُّوا۟
مَعَكَ وَلْيَأْخُذُوا۟ حِذْرَهُمْ وَأَسْلِحَتَهُمْ ۗ وَدَّ ٱلَّذِينَ كَفَرُوا۟ لَوْ
تَغْفُلُونَ عَنْ أَسْلِحَتِكُمْ وَأَمْتِعَتِكُمْ فَيَمِيلُونَ عَلَيْكُم مَّيْلَةً
وَٰحِدَةً ۚ وَلَا جُنَاحَ عَلَيْكُمْ إِن كَانَ بِكُمْ أَذًى مِّن مَّطَرٍ أَوْ
كُنتُم مَّرْضَىٰٓ أَن تَضَعُوٓا۟ أَسْلِحَتَكُمْ ۖ وَخُذُوا۟ حِذْرَكُمْ ۗ إِنَّ ٱللَّهَ
أَعَدَّ لِلْكَـٰفِرِينَ عَذَابًا مُّهِينًا ﴿١٠٢﴾
فَإِذَا قَضَيْتُمُ ٱلصَّلَوٰةَ فَٱذْكُرُوا۟ ٱللَّهَ قِيَـٰمًا وَقُعُودًا وَعَلَىٰ
جُنُوبِكُمْ ۚ فَإِذَا ٱطْمَأْنَنتُمْ فَأَقِيمُوا۟ ٱلصَّلَوٰةَ ۚ إِنَّ ٱلصَّلَوٰةَ كَانَتْ
عَلَى ٱلْمُؤْمِنِينَ كِتَـٰبًا مَّوْقُوتًا ﴿١٠٣﴾
وَلَا تَهِنُوا۟ فِى ٱبْتِغَآءِ ٱلْقَوْمِ ۖ إِن تَكُونُوا۟ تَأْلَمُونَ فَإِنَّهُمْ يَأْلَمُونَ
كَمَا تَأْلَمُونَ ۖ وَتَرْجُونَ مِنَ ٱللَّهِ مَا لَا يَرْجُونَ ۗ وَكَانَ ٱللَّهُ عَلِيمًا
حَكِيمًا ﴿١٠٤﴾

“വഇദാ ളറബ്തും ഫിൽ അർളി ഫലൈസ അലൈക്കും ജുനാഹുൻ അൻ തഖ്സുറൂ മിന അ-സ്സ്വലാത്തി ഇൻ ഗിഫ്ത്തും അൻയഫ്തിനക്കുമുല്ലദീന കഫറൂ ഇന്നൽ കാഫിരീന കാനൂ ലക്കും അദുവ്വൻ മുബീനാ. വഇദാ കുൻത ഫീഹിം ഫ അ-ഖംത്ത ലഹുമുസ്സ്വലാത്ത ഫൽതഖും ത്വായിഫത്തുൻ മ്മിൻഹും മ്മഅക വൽയഅഹുദൂ അസ്ലിഹത്തഹും ഫഇദാ സജദൂ ഫൽയകൂനൂ മ്മിൻ വറായിക്കും വൽതഅതി ത്വായിഫത്തുൻ ഉഖ്റാ ലംയുസ്വല്ലൂ ഫൽയുസ്വല്ലൂ മഅക വൽയഅഹുദൂ ഹിദ്റഹും വഅസ്ലിഹതഹും വദ്ദല്ലദീന കഫറൂ ലൗ തഗ്ഫലൂന അൻ അസ്ലി ഹതിക്കും വ അമ്തിഅതിക്കും ഫയമീലൂന അലൈക്കും മ്മയ്യതൻ വാഹിദതൻ വലാ ജുനാഹ അലൈക്കുംഇൻകാന ബിക്കും അദൻ മ്മിൻമത്വറിൻ ഔ കുന്തും മ്മർളാ അൻ തളഊ അസ്ലിഹതക്കും വഹുദൂ ഗിദ്റക്കുംഇന്നല്ലാഹ അഅദ്ദ ലിൽ കാഫിരീന അദാബൻ മുഹീനാ . ഫഇദാ ഖളയ്തുമുസ്സ്വലാത്ത ഫദ്കുറുല്ലാഹ ഖിയാമൻ വഖുഊദൻ വഅലാജു നൂബിക്കും ഫഇദാ ഇത്വ്മഅനൻതും ഫഅഖീമു അ-സ്സവലാത്ത ഇന്ന അ-സ്സ്വലാത്തകാനത് അലൽ മുഅമിനീന കിതാബൻ മ്മൗഖൂത്താ. വലാ തഹിനൂ ഫീ ഇബ്തിഗാഇൽ ഖൗമി ഇൻ തകൂനൂതഅലമൂന ഫഇന്നഹും യഅലമൂന കമാ തഅലമൂന വതർജൂന മിനല്ലാഹി മാലാ യർജൂന വകാനല്ലാഹുഅലീമൻ ഹകീമാ"

“നിങ്ങൾ നാട്ടിൽ സഞ്ചരിച്ചാൽ നിഷേധിച്ചിരുന്നവർ നിങ്ങളെ കുഴക്കുമെന്നു ഭയന്നാൽ , അപ്പോൾ നിങ്ങൾ സ്വലാത്തിൽ നിന്ന് ചുരുക്കുന്നതിന് നിങ്ങൾക്ക് കുറ്റമൊന്നുമില്ല.തീർച്ചയായും നിഷേധികൾ വ്യക്തമയ ശത്രുവായിരിക്കുന്നു.നീ (ഓ പ്ര വാചകാ)അവരുടെ കൂടെ ഉണ്ടാകുകയും അപ്പോൾ അവർക്കു നീ സ്വലാത്ത് സ്ഥാപിച്ചു കൊടുക്കുകയുമാണെങ്കിൽ അവരിൽ ഒരു വിഭാഗം അവരുടെ ആയുധങ്ങൾ എടുത്ത് നിന്റെ കൂടെ നിൽക്കട്ടെ.അവർ സുജൂദ് ചെയ്തു കഴിഞ്ഞാൽ അവർ നിങ്ങളുടെ പിൻ ഭാഗത്താകുകയും ചെയ്യട്ടെ.സ്വലാത്ത് ചെയ്യാതിരുന്ന മറ്റേ വിഭാഗം വരികയും എന്നിട്ട് നിന്റെ കൂടെ സ്വലാത്ത് ചെയ്യുകയും അവർ അവരുടെ ജാഗ്രത എടുക്കുകയുംആയുധമണിയുകയും ചെയ്യട്ടെ.നിങ്ങൾ നിങ്ങളുടെ ആയുധങ്ങളെപ്പറ്റിയും സാമഗ്രികളെ പ്പറ്റിയും ഉദാസീനരായെങ്കിൽ അപ്പോൾ നിങ്ങളുടെ നേരെ ഒന്നിച്ച് ഒരാഞ്ഞടിഅടിക്കാമായിരുന്നു എന്നു നിഷേധിച്ചവർ ആഗ്രഹിച്ചിരിക്കുന്നു..അപ്പോൾ നിങ്ങൾക്ക് മഴയുടെ വല്ല പ്രശ്നവുമുണ്ടാകുകയോ,രോഗിയാവുകയോ,ചെയ്താൽ നിങ്ങൾ പ്രതിരോധിക്കാൻ തയ്യാറാകുന്നതിൽ നിങ്ങൾക്കു കുറ്റമില്ല , നിങ്ങൾ  നിങ്ങളുടെ ജാഗ്രതസ്വീകരിക്കുക. തീർച്ചയായും അല്ലാഹു അവിശ്വാസികൾക്ക് അപമാനകരമായ ശിക്ഷ  ഒരിക്കിയിരിക്കുന്നു.നിങ്ങൾ നിങ്ങളുടെ അ-സ്സ്വലാത്ത് അവസാനിപ്പിച്ചാൽ അല്ലാഹുവിനെ നിന്നും ,ഇരുന്നും,പാർശ്വങ്ങളായികൊണ്ടും അല്ലാഹുവിനെ ഓർക്കുക.എന്നാൽ നിങ്ങൾ സമാധാനത്തിലായാൽ സ്വലാത്ത് സ്ഥാപിക്കുക. തീർച്ചയായും സ്വലാത്ത് വിശ്വാസികളുടെ മേൽ പരിധി നിശ്ചയിച്ച കർത്തവ്യം/കിതാബ്/നിയമം ആണ്. നിങ്ങൾ ജനത്തെ അന്വേഷിക്കുന്നതിൽ ദുർബലരാകരുത്.നിങ്ങൾ പ്രയാസംസഹിക്കുന്നവരാണെങ്കിൽ  നിങ്ങൾ പ്രയാസം സഹിക്കുന്നതുപോലെ അവരും പ്രയാസം സഹിക്കുന്നുണ്ട്.എന്നാൽ അവർ ആഗ്രഹിക്കാത്തത് നിങ്ങൾ ആഗ്രഹിക്കുകയും ചെയ്യുന്നു. അല്ലാഹു സർവ്വജ്ഞനുംയുക്തിജ്ഞനുമാകുന്നു.”

ചില തെളിവുകൾ നാം ഇവിടെ പരിഗണിക്കേണ്ടതുണ്ട്.

## തെളിവ് ഒന്ന്:

ഇവിടെ യുദ്ധത്തെക്കുറിച്ചുള്ള ഒരു കാഴ്ചപ്പാടോടുകൂടി അവതരിപ്പിക്കപ്പെട്ടതാണോ ഈ

വചനങ്ങൾ എന്നൊന്ന ശ്രദ്ധിക്കുക.അന്നത്തെ യുദ്ധത്തിലുണ്ടായിരുന്ന ജോലികളും ഒന്ന പഠിക്കാം . വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് ഇരുപതിനായിരത്തോളം വരുന്ന മുജാഹിദുകളായ പട്ടാളക്കാർ ഒരു ഭാഗത്ത്. മക്കാ വിജയവും തബൂക്ക് യുദ്ധവും ഒന്ന പരിശോധിക്കുക. (തബൂക്ക് യുദ്ധം ഒരു ലക്ഷത്തോളം വരുന്ന റോമൻ സൈന്യത്തോട് ആയിരുന്നല്ലോ?.)ഇനി നമുക്ക് ഈ വലിയ ഒരു സൈന്യത്തെ നമസ്കരിക്കാൻ വേണ്ടി പ്രവാചകൻ ക്രമീകരിക്കുന്ന സാഹചര്യം നമുക്കൊന്ന നോക്കാം. ആയുധങ്ങൾ ചുമന്നുകൊണ്ടു പകുതി സൈന്യം നബിയുടെ കൂടെ നമസ്കരിക്കുന്നു. ബാക്കി പകുതി സൈന്യം ആയുധങ്ങൾ ചുമന്നുകൊണ്ട് ജമാഅത്തായി നമസ്കരിക്കുവാനുള്ള കല്പനയും കാത്തു നിൽക്കുന്നു.ഒരു വിഭാഗം നമസ്കരിച്ച് മറ്റേ വിഭാഗം നമസ്കരിക്കാൻ ജമാഅത്തിനു വരുന്നതിനിടയിൽ നബി എന്തു ചെയ്യുകയായിരിക്കും.? സുജൂദ് ചെയ്തു ശേഷം ഇരിക്കുകയായിരിക്കുമോ? അതല്ല എഴുന്നേറ്റ് വീണ്ടും ഖുർആൻ പാരായണം ചെയ്തുകൊണ്ടേ നിൽക്കുകയായിരിക്കുമോ?പതിനായിരത്തോളം വരുന്ന സൈന്യങ്ങൾ വരിയിൽ വന്നു നിൽക്കുകയും നമസ്കാരത്തിൽ പങ്കെടുക്കുകയും വേണ്ടേ?ഒരു വിഭാഗത്തിന് പിരിഞ്ഞു പോകാനും മറ്റൊരു വിഭാഗത്തിന് നമസ്കാരത്തിൽ ചേരാനും എത്ര സമയം വേണ്ടി വരും? നിങ്ങളോരോരുത്തരും സങ്കൽപിക്കുക?അതുപോലെ ഈ പ്രക്രിയ ദിവസത്തിൽ അഞ്ച് പ്രാവശ്യം തുടരുകയും വേണം എന്ന കാര്യവും ചിന്തിക്കുക?ഇവർക്ക് നമസ്കാരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ പറ്റുമോ?അതല്ല യുദ്ധത്തിൽ ശ്രദ്ധിക്കാൻ പറ്റുമോ?

ഇത് നാം ഇവർ പറഞ്ഞ ഒരു സൈന്യത്തിന്റെ എണ്ണം എടുത്തു ചോദിച്ചതാണ്. മുസ്ലിം സൈന്യത്തിന്റെ ഈ എണ്ണം അമ്പതിനായിരവും,ലക്ഷവും,രണ്ടു ലക്ഷവുംഒക്കെ ആയാലുള്ള സ്ഥിതിയും ഒന്ന ചിന്തിക്കുക .ഇവരെ രണ്ടു ഭാഗമാക്കി അഞ്ചുനേരം നമസ്കരിക്കുക, എന്തായിരിക്കും അവസ്ഥയെന്ന് നിങ്ങൾ ഊഹിക്കുക

## <u>തെളിവ് രണ്ട്:</u>

പതിനയിരത്തോളം,അല്ലെങ്കിൽ ഇരുപത്തി അയ്യായിരത്തോളം വരുന്ന ഒന്നാമത്തെ ജമാഅത്ത് ആയുധമണിഞ്ഞു നമസ്കരിക്കാൻ നിൽക്കുന്നു. പതിനായിരത്തോളമോ, ഇരുപത്തി അയ്യായിരത്തോളമോ വരുന്ന രണ്ടാമത്തെ സൈന്യം ജമാഅത്ത് നമസ്കാരത്തിനുവേണ്ടി കാത്തിരിക്കുന്നു.എത് നിലക്കുള്ള അരാജകത്വമായിരിക്കും അതിന്റെ ഫലമായി ഉണ്ടാവുക?.എത്രമാത്രം സമയം പാഴാകും?താങ്കൾക്ക് എളുപ്പത്തിൽ കണക്കാക്കാവുന്നതേയുള്ളൂ. ഇതേ പ്രക്രിയ ദിവസത്തിൽ അഞ്ച് നേരം ക്രിത്യമായി ചെയ്യണം എന്നു നാം മനസ്സിലാക്കണം.സൈനികർ ചിന്നി ചിതറുന്നു. ഈ മാറ്റങ്ങൾക്കിടയിൽ തങ്ങൾക്കു നിശ്ചയിച്ച സ്ഥലങ്ങളും പദവികളും ഒളിത്താവളങ്ങളും മാറുന്നു?ഇങ്ങിനെ ചെയ്യുമ്പോൾ തങ്ങളുടെ സ്ഥാനങ്ങൾ സൂക്ഷിക്കാനും ശത്രുക്കളിൽ നിന്നും അതിന്റെ രഹസ്യം സൂക്ഷിക്കാനും കഴിയുമോ?.

## <u>തെളിവ് മൂന്ന് :</u>

ഒരു വിഭാഗത്തിനു നബിയുടെ കൂടെ നമസ്കരിക്കാനുള്ള തിരക്കിലായിരിക്കും. രണ്ടാമത്തെ വിഭാഗം ഒന്നാമത്തെ വിഭാഗത്തിന്റെ ഒന്നാമത്തെ റകഅത്ത് കഴിയാൻ കാത്തു നിൽക്കുന്നു. ഈ സമയത്ത് ശത്രുക്കളെ അഭിമുഖീകരിച്ചു നിൽക്കുക ആരായിരിക്കും?

തെളിവ് നാല് :

സൈനികർ ദിവസേന അഞ്ചു നേരം മുന്നോട്ടും പിന്നോട്ടും നീങ്ങിക്കൊണ്ടിരിക്കുന്നു.യുദ്ധമാകട്ടെ വാളുകൾകൊണ്ടും,കുന്തങ്ങൾകൊണ്ടുമാണു താനും.അത് മുഖാമുഖം നിന്നുകൊണ്ടുള്ള തുറന്ന യുദ്ധവും.യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ അതിൽ നിന്നും നമസ്കരിക്കാൻ പിന്തിരിഞ്ഞു പോരാൻ പറ്റുമോ?

തെളിവ് അഞ്ച് :

ഈ രംഗത്ത് പകുതി സൈന്യം ആയുധങ്ങൾ ഏന്തി നമസ്കരിക്കുന്നു.മറ്റേ വിഭാഗം തയ്യാറായി നിൽക്കുന്നു .നേതാവ് നമസ്കരിച്ചും ഓതിയും നിൽക്കുന്നു.സൈനിക നായകൻ പട്ടാളത്തിൽ ഹാജറാകുന്നില്ല. അദ്ദേഹത്തിനു തിരക്ക് നമസ്കാരത്തിലാണു താനും .ഈ ഒരു അവസരം ശത്രുക്കൾക്ക് പെട്ടെന്നുള്ള ഒരു ആക്രമണത്തിനു ശക്തി സംഭരിക്കാനുള്ള അവസരം നൽകലല്ലേ?.ഖുർആൻ അതേ സന്ദേശം നമുക്കു നൽകുന്നുമുണ്ടല്ലോ?അതായത് നിങ്ങൾ അശ്രദ്ധരായാൽ നിങ്ങളുടെ മേൽ പെട്ടെന്നുള്ള ഒരാക്രമണത്തിന് ശത്രുക്കൾ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്ന് ഖുർആൻ പറഞ്ഞതാണല്ലോ?.

തെളിവ് ആറ് :

ഇവിടെ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട മറ്റൊരു കാര്യം എന്താണെന്നുവെച്ചാൽ ഒന്നാമത്തെ വിഭാഗത്തോട് ആയുധങ്ങൾ മാത്രം എടുക്കാനേ പറഞ്ഞിട്ടൊള്ളൂ.
وَلْيَأْخُذُواأَسْلِحَتَهُمْ" (അവർ അവരുടെ ആയുധങ്ങൾ എടുക്കട്ടെ).എന്നാൽ രണ്ടാമത്തെ വിഭാഗം ആയുധം മാത്രം എടുത്താൽ പോരാ. മറിച്ച് പ്രതിരോധത്തിനുള്ള സജ്ജീകരണങ്ങൾ കൂടി അവർ എടുക്കാൻ അല്ലാഹു കൽപിച്ചിട്ടുണ്ട്.അതായത്
وَلْيَأْخُذُوا حِذْرَهُمْ وَأَسْلِحَتَهُمْ എന്നാണല്ലോ അല്ലാഹു പറഞ്ഞിട്ടുള്ളത്?.എന്താണ് ഇവിടെ ഈ വ്യത്യാസം?. സ്വലാത്ത് നമസ്കാരമാണെങ്കിൽ ഈ രണ്ടു വ്യത്യാസത്തിന്റെ കാരണമെന്താണ്.?ഇതിനൊക്കെ പുറമെ ഒന്നാമത്തെ ഗ്രൂപ്പിനോട് ആയുധം എടുക്കാനും രണ്ടാമത്തെ ഗ്രൂപ്പിനോട് ആയുധം മാത്രമല്ല പ്രതിരോധ സജ്ജീകരണങ്ങൾ കൂടി എടുക്കാനും കൽപിച്ചതെന്തുകൊണ്ടാണ്?.

ഒരു കാരണവും ഇല്ലാതെ അല്ലാഹു ഒരു പദം അധികമായി ഉപയോഗിക്കില്ല.അപ്പോ

ൾ "അസ്ലിഹഃ “യും"ഹിദ്റും “ തമ്മിൽ ചില വ്യത്യാസങ്ങൾ ഉണ്ടായിരിക്കും.ആ വ്യത്യാസം നമ്മുടെ വ്യാഖ്യാതാക്കൾ ശ്രദ്ധിച്ചില്ല.അതോ അവർക്ക് മനസ്സിലാകായ്കയാണോ എന്നുമറിയില്ല!

<u>ഏഴാമത്തെ തെളിവ് :</u>

ഇവിടെ 101ാമത്തെ വചനത്തിൽ എല്ലാ മുഅമിനുകളെയും അഭിസംബോധനചെയ്തുകൊണ്ട് നിങ്ങൾ യാത്രചെയ്യുകയാണെങ്കിൽ എന്നും.--യുദ്ധ തീവ്രത നില നിൽകുന്ന സാഹചര്യമാണെന്നും നാം ഓർക്കണം.--അവിശ്വാസികൾ കുഴപ്പം സൃഷ്ടിക്കുന്ന സാഹചര്യമാണെങ്കിൽ എന്നും ഉപദേശിക്കുന്നു.അങ്ങിനെയുള്ള സാഹചര്യത്തിൽ സ്വലാത്ത് ചുരുക്കാൻ അനുവാദം നൽകുന്നു.102ാമത്തെ വചനത്തിൽ പ്രവാചകനോട് അഭിസംബോധന ചെയ്തുകൊണ്ട് കുറച്ചാളുകളെക്കുറിച്ച് "ആ വിഭാഗം"എന്നു പറയുന്നു."സുജൂദി"നു ശേഷം അവർ "നിങ്ങളുടെ കൂടെ"നിങ്ങളെ പിന്തുടർന്നു നിൽക്കട്ടെ(അല്ലെങ്കിൽ അവർ നിരയായിത്തീരുക)എന്നും പറയുന്നു.അതായത് അവർ നിന്നെ അനുസരിക്കുന്നവർ ആയിത്തീർന്നാൽ എന്നർത്ഥം.നമ്മുടെ വ്യഖ്യാതാക്കൾ അവർ എന്ന വിഭാഗത്തെയും,നിങ്ങൾ എന്ന് അഭിസംബോധന ചെയ്ത വിഭാഗത്തെയും വേർതിരിച്ചു കണ്ടില്ല.എന്നാൽ ഈ രണ്ടു വിഭാഗവും വ്യത്യസ്ഥ വിഭാഗങ്ങൾ തന്നെയാണ്.ആ രണ്ടു വിഭാഗവും ഒന്നല്ല.അവരെക്കുറിച്ചും നിങ്ങളെക്കുറിച്ചുമാണ് ചർച്ച.അവർ ഒന്നല്ല ഒരേ ജനതയുമല്ല.ചുരുക്കി പറഞ്ഞാൽ "നിങ്ങളും" "അവരും" ഒരിക്കലും ഒന്നാവുകയില്ല.

ഈ വിഷയങ്ങൾക്കു ശേഷം നമുക്ക് നാം ചർച്ച ചെയ്യുന്ന പ്രസ്തുത വചനങ്ങളിലേക്ക് നേരിട്ടു പോകാം.ഈ ആയത്തിന്റെ സാഹചര്യത്തിൽ നിന്നും എന്തു കാഴ്ചപ്പാട് ആണ് നമുക്ക് ലഭിക്കുന്നതെന്നും,എന്തു വാദങ്ങളാണ് ഇവിടെ നിരത്തുന്നതെന്നും നമുക്കു പഠിക്കാം.

ഈ വചനങ്ങളിലൂടെ നാം ഒന്നു കണ്ണോടിച്ചാൽ തന്നെ ഇതൊരു യുദ്ധത്തിന്റെപിന്നാമ്പുറമാണെന്നു എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും.നാം ഈ കൽപനകളുടെ ഒരു അന്തിമ വിധിയെഴുതുന്നതിനു മുമ്പ് ഈ വിഷയം എവിടെ നിന്നാണ് ആരംഭിച്ചത് എന്നു മനസ്സിലാക്കാൻ നമുക്ക് അല്പമൊന്നു പുറകോട്ടുപോകാം. ഏതു രീതിയിലാണെന്നും ഏതു വിഷയമാണ് ഇവിടെ ചർച്ച ചെയ്യുന്നത് എന്നും നോക്കാം.ഏറ്റുമുട്ടൽ സംബന്ധമായ വിഷയം ആരംഭിക്കുന്നത് 71ാമത്തെ വചനം മുതൽക്കാണ്. മുഅമിനുകളെ ഏറ്റുമുട്ടലിന് പ്രേരിപ്പിക്കുന്നതായി കാണാം.ഏറ്റു മുട്ടാനുള്ള കാരണങ്ങൾ വെളിവാക്കുകയും ജനങ്ങളുടെ വ്യത്യസ്ഥ പ്രതികരണങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്യുന്നു.തുടർന്നു 72ാമത്തെ വചനത്തിൽ ഒരു പ്രത്യേക രീതിയിൽ ഒരു പ്രത്യേക ജനവിഭാഗത്തെ ചൂണ്ടിക്കൊണ്ട് "ഒരു പ്രത്യേക സമയം വരെ നിങ്ങൾ ക്ഷമ കൈ

ക്കൊള്ളുകയും സ്വലാത്ത് സ്ഥാപിക്കുകയും, സകാത്ത് നൽകുകയും ചെയ്യാൻ കൽപിക്കപ്പെട്ടവരെ നീ കാണുന്നില്ലേ?" എന്നു പറയുന്നു.അവരോട് ഏറ്റുമുട്ടാൻ കൽപിക്കുമ്പോൾ അവർക്ക് ഭയം തുടങ്ങുകയും ഏറ്റുമുട്ടേണ്ട അവരുടെ ബാധ്യതയെക്കുറിച്ച ചോദ്യം ചെയ്യുകയും ചെയ്യുന്നു.അടുത്ത വചനങ്ങളിലും ഏറ്റുമുട്ടലിനെക്കുറിച്ച തന്നെയാണ് ചർച്ച ചെയ്യുന്നത്.വ്യത്യസ്ഥ സഹചര്യങ്ങൾ ചർച്ചക്ക് കൊണ്ടു വരികയും ചെയ്യുന്നു.ചില പരിഹാരങ്ങളും വിശദീകരിക്കുന്നുണ്ട്.അതിനു ശേഷം ഏറ്റുമുട്ടലിനുവരാതെ പുറകിൽ ഇരിക്കുന്ന ആളുകളെക്കുറിച്ച് പറയുന്നു.അവർക്ക് "അൽ ഖായിദൂൻ"( **الْقَاعِدُون**) എന്നാണ് 95 മത്തെ ആയത്തിൽ പേര് വിളിച്ചിട്ടുള്ളത്.അവരെക്കുറിച്ച് പറയുന്നതു കാണുക" മുഅമിനുകളിൽ നിന്നും ഏറ്റുമുട്ടലിൽ നിന്നൊഴിഞ്ഞിരിക്കുന്നവരും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുന്നവരും സമന്മാരാകുന്നില്ല തങ്ങളുടെ ധനം കൊണ്ടും ശരീരങ്ങൾക്കൊണ്ടും പേരാടുന്നവരെ ഒഴിഞ്ഞിരിക്കുന്നവരേക്കാൾ അല്ലാഹു പദവി കൊണ്ട് ശ്രേഷ്ഠരാക്കിയിരിക്കുന്നു."97 ാമത്തെ വചനത്തിൽ പാലായനം ചെയ്യാത്തവരെ വിളിച്ചു കൊണ്ട് " നിങ്ങൾ എന്തുകൊണ്ടാണ് പിന്നിൽ ഇരിക്കുന്നത്?" എന്ന് അന്വേഷിക്കുന്നു. ഇതേ വിഷയം തന്നെയാണ് 100 ാമത്തെ വചനത്തിലും ചർച്ച ചെയ്യുന്നത്.ഈ പറയപ്പെട്ട അതേ ജനങ്ങൾക്കു തന്നെയുള്ള ഉചിതമായ പരിശീലനത്തെക്കുറിച്ചാണ് 102 ാമത്തെ വചനത്തിൽ ചർച്ച ചെയ്യുന്നത്.

ഈ വചനങ്ങൾക്കു ശേഷം യുദ്ധത്തിന്റെ നിബന്ധനകളെക്കുറിച്ചാണ് വിവരിക്കുന്നത്. ഈ വചനങ്ങളുടെയെല്ലാം രത്നച്ചുരുക്കമായിക്കൊണ്ട് "നിങ്ങൾ ശത്രുക്കളെ പിന്തുടരുന്ന വേളയിൽ ദുർബലരാകരുത്. കാരണം നിങ്ങൾക്ക് ഇപ്പോൾ പ്രയാസം സഹിക്കുന്നുണ്ടെങ്കിൽ , അതുപോലെ നിങ്ങളുടെ ശത്രുക്കൾക്കും പ്രയാസം നേരിടുന്നുണ്ടെന്ന് പറയുന്നു."101 ാമത്തെ വചനം മുതൽ 104 ാമത്തെ വചനം വരെ യുദ്ധതന്ത്രങ്ങളെക്കുറിച്ച് വിവരിക്കുന്ന സാഹചര്യമാണ്. യുദ്ധാവസരത്തിൽ പൂർണ്ണമായ പരിശീലനം നൽകുക സാധ്യമല്ല.അതുകൊണ്ടാണ് ജനങ്ങൾക്ക് അടിസ്ഥാന പരിശീലനം നൽകാനും അടിസ്ഥാന പരിശീലനം നൽകലാക്കിക്കൊണ്ട് ചുരുക്കാനും അല്ലാഹു കൽപിച്ചത്.( നമസ്കാരം പകുതി (**نصف**)ആക്കാനല്ല ഇവിടെ കൽപിക്കുന്നത്). ആ കാര്യമാണ് 100 ാമത്തെ വചനത്തിൽ ചർച്ച ചെയ്യുന്നത്. അതായത് നമ്മുടെ മനസ്സിൽ യുദ്ധത്തിന്റെയും പലായനത്തിന്റെയും ഒരു പിന്നാമ്പുറം ഉണ്ടായിരിക്കണം.അതുപോലെ പിന്നിലിരിക്കുന്നവർക്കുള്ള ഒരു മിലിട്ടറി പരിശീലനമാണ് ഇവിടെ പറയുന്നത് എന്നും നാം ഓർക്കണം.ആ കാരണത്താലാണ് " **فَأَقَمْتَ لَهُم الصلوةَ**" "നീ അവർക്ക് നടപടിക്രമം നിശ്ചയിക്കുക/അവർക്കുള്ള വ്യവസ്ഥ നിശ്ചയിക്കുക "എന്നു പറഞ്ഞത്.

ഈ വചനങ്ങളിൽ പറയുന്നത് നിങ്ങൾ ഒരു ഭൂപ്രദേശത്തുകൂടി മുറിച്ചുകടക്കുകയും ശ

ത്രുക്കൾ വല്ല പ്രശ്നങ്ങളും ഉണ്ടാക്കുകയാണെന്ന ഭയപ്പെടുകയും ചെയ്യുകയാണെങ്കിൽ പിന്നിലിരിക്കുന്നവർക്കുള്ള അഥവാ നിങ്ങളുടെ കൂടെ പാലായനം ചെയ്യാൻ കഴിയാത്തവർക്കുള്ള പരിശീലനത്തിന്റെ അളവ് കുറക്കാം എന്നാണ്. ഒരു വിഭാഗത്തിന് ആയുധപ്പോരാട്ടത്തിനുള്ള പരിശീലനവും "وَلْيَأْخُذُوا أَسْلِحَتَهُم " മറ്റേ ഗ്രൂപ്പിന് ആയുധപ്പോരാട്ടത്തിനുള്ള പരിശീലനം മാത്രമല്ല ,പ്രതിരോധത്തിനുള്ള തന്ത്രങ്ങളും നൽകാനാണ് പറയുന്നത്. "وَلْيَأْخُذُوا حِذْرَهُمْ وَأَسْلِحَتِهِمْ"അങ്ങിനെ പരിശീലനം പൂർത്തിയായാൽ അവർ നിന്റെ പുറകിൽ വരിയിൽ വന്നു നിൽക്കാനും പറയുന്നു. അല്ലാതെ പിന്നിൽ നിന്നു നമസ്കരിച്ച ശേഷം യുദ്ധമുഖത്തേക്കു പോകാനല്ല. അതുപോലെ നിങ്ങളുടെ ആയുധങ്ങളും മറ്റു ഉപകരണങ്ങളും ശ്രദ്ധിക്കാനും അവരോട് കൽപിക്കുന്നു. ഒരിക്കലും ആ ഉപകരണങ്ങളെ അവഗണിക്കരുതെന്നും പറയുന്നു. അങ്ങിനെയെങ്കിൽ അവിശ്വാസികൾ നിങ്ങളുടെ മേൽ പെട്ടെന്നാക്രമിക്കുമെന്നും ഖുർആൻ പറയുന്നു.യുദ്ധക്കളത്തിൽ വെച്ച് വിശ്വാസികളോട് നമസ്കരിക്കാനാണ് കൽപിച്ചിരിക്കുന്നത് എന്നു വിചാരിക്കുക,എങ്കിൽ അവിശ്വാസികൾക്ക് ആക്രമിക്കാൻ വളരെ എളുപ്പമായിരിക്കും.പ്രത്യേകിച്ച് മുസ്ലിം പട്ടാളക്കാരുടെ താവളങ്ങൾ രഹസ്യമായി സൂക്ഷിക്കാൻ കഴിയാത്ത രൂപത്തിൽ നമസ്കാരത്തിനുവേണ്ടിയുള്ള പോക്കു വരവും, സുജൂദും ,റുകൂഉം അതുപോലെ കമാണ്ടർ ആണെങ്കിൽ മുഴുവൻ സമയ നമസ്കാരവും,അദ്ദേഹത്തിന് തന്റെ ശ്രദ്ധ മുഴുവൻ നമസ്കാരത്തിൽ കേന്ദ്രീകരിക്കാനേ സമയമുള്ളൂ.

ആയുധങ്ങളോ മറ്റു ഉപകരണങ്ങളോ അവഗണിക്കരുതെന്ന കൽപനക്കു പുറമെ വേറൊരു പ്രത്യേക സാഹചര്യവും കൂടി ഇവിടെ എടുത്തു പറയുന്നുണ്ട്,അതെന്താണെന്നു വെച്ചാൽ നിങ്ങൾക്ക് മഴയുടെയോ മറ്റു വല്ല ദൗർബല്ല്യവും അനുഭവപ്പെടുകയോ ചെയ്താൽ നിങ്ങളുടെ ആയുധങ്ങൾ താഴെ വെക്കാം എന്നു പറയുന്നു..പക്ഷെ പ്രതിരോധത്തിൽ ശ്രദ്ധാലുവായിരിക്കണം.ഈ വചനങ്ങളിൽ " മഴ" എന്നും "രോഗാവസ്ഥ" എന്നീ രണ്ടു വാക്കുകൾ വന്നിട്ടുണ്ട്. മഴ എന്നതുകൊണ്ട് മഴ തന്നെയാണോ അല്ലേ എന്നൊന്നും നമ്മുടെ പരിഭാഷകർ ചിന്തിച്ചിട്ടില്ല.രണ്ടു സൈന്യമാണെങ്കിലും മഴ വർഷിച്ചാൽ അവർ യുദ്ധം സ്വമേധയാ തന്നെ നിറുത്തിവെക്കും.അതുപോലെ എപ്പോഴാണോ ഒരു പട്ടാളക്കാരൻ രോഗിയാവുന്നത് സ്വാഭാവികമായും അവന്റെ സുഹൃത്തുക്കൾ അവനെ ചുമന്നു കൊണ്ടുപോകും.എങ്കിൽ ഖുർആൻ ഇവിടെ സൂചിപ്പിക്കുന്ന കാര്യം എന്താണ്?

ഇവിടെ ഒരു മിലിട്ടറി പരിശീലനത്തിന്റെ ഒരു ഭാഗമായ കാര്യമായതിനാൽ :രണ്ടു കൂട്ടരോടും അഥവാ ആയുധ പോരാട്ടം നടത്തുന്നവരോടും,പ്രതിരോധം സ്വീകരിക്കുന്നവരോടും എതിർക്കാൻ വരുന്ന ശത്രുക്കൾക്കെതിരിൽ പൂർണ്ണ ശ്രദ്ധ കൈക്കൊള്ളാൻ ഉപദേശിക്കുന്നു.ഈ സാഹചര്യത്തിൽ നിന്നു കൊണ്ടായിരിക്കണം ഇവിടെ പ്രതിപാദിച്ച അമ്പുകളുടെയോ, അല്ലെങ്കിൽ ആയുധങ്ങളുടെയോ "മഴ" (വർഷിക്കൽ)മനസ്സിലാക്കാൻ. അവിടെ ആസൂത്രണത്തിന്റെ ചില അഭാവങ്ങൾ ഉണ്ടു താനും.

അപ്പോൾ നിങ്ങൾക്ക് പ്രതിരോധിക്കാനുള്ള പോരാട്ടത്തിനു പുറമെ ആക്രമണ പോരാട്ടവും ആസൂത്രണം ചെയ്യാം എന്നാണ് ഖുർആൻ സൂചിപ്പിക്കുന്നത്.

ഇവിടുത്തെ"മഴ" വെള്ളത്തിന്റെ മഴയല്ല. യുദ്ധോപകരണത്തിൽ നിന്നും വർഷിക്കുന്ന മഴയാണ് ഇവിടെ വിവക്ഷ.അത് ആധുനിക കാലത്തു യുദ്ധത്തിനു ഉപയോഗിക്കുന്ന ആയുധങ്ങളിൽ നിന്നും വരുന്ന മഴയായാലും,മുമ്പുകാലത്തെ അമ്പുകളുടെയോ,തീപ്പന്തങ്ങളുടെയോ വർഷിക്കലായാലും ശരി.ഇതാണ് ഖുർആനിന്റെ ഭംഗി എന്നു പറയുന്നത്.അമ്പുകളുടെ മഴ എന്നൊരിക്കലും ഖുർആൻ പറഞ്ഞില്ല.അങ്ങിനെ പറഞ്ഞിരിന്നുവെങ്കിൽ ഖുർആനിനെ അന്നത്തേക്കു മാത്രം പരിമിതപ്പെടുത്തലാകുമായിരുന്നു അത്.ഏത് കാലഘട്ടത്തിലും ഏത് ആയുധം ഉപയോഗിച്ചാലും അതിനു അനുയോജ്യമായ രൂപത്തിലാണ് ഖുർആൻ പദം ഉപയോഗിച്ചിട്ടുള്ളത്. അതായത് അതിനെ നമുക്ക് "മഴ" എന്നു വിളിക്കാം.അതുപോലെ "രോഗം"എന്നു പറഞ്ഞത് ഒരു വ്യക്തിയുടെ ശാരീരിക അസുഖമല്ല.പോരാടാനുള്ള അവന്റെ കഴിവു കുറവ്,അഥവാ ന്യൂനതയാണ് ഉദ്ദേശം.

ദൈവം വിശദീകരിക്കുന്നത് ഇതിനു സമാനമായ സാഹചര്യം എവിടെ സംജാതമാകുന്നുവോ അത്തരം സന്ദർഭങ്ങളിൽ അവിശ്വാസികളെ മാനസികമായി തളർത്താൻ അവൻ കെൽപുള്ളവനാണെന്നാണ്.പക്ഷെ നിങ്ങൾക്കു നിർദ്ദേശിക്കപ്പെട്ട പ്രവർത്തനങ്ങളുടെയും മൂല്ല്യങ്ങളുടെയും മാർഗ്ഗരേഖക്കനുസരിച്ചായിരിക്കണം പ്രവർത്തിക്കേണ്ടത്.അതിനുശേഷം അല്ലാഹു കൽപിക്കുന്നു. "فَإِذَا قَضَيْتُمْ الصَّلوةَ "
“അപ്പോൾ നിങ്ങൾ എപ്പോഴാണോ അ-സ്സ്വലാത്ത് തീരുമാനമെടുക്കുന്നത് അപ്പോൾ ....”فَاذْكُرُوا اللَّهَ قِيَامًا وَ قُعُودًا وَعَلَى جُنُوبِكُمْ "നിങ്ങൾ അല്ലാഹുവിന്റെ കൽപനകൾ നില്ക്കുന്നവരായും, ഇരിക്കുന്നവരായും,നിങ്ങളുടെ ഇടത്തും വലത്തും ഊന്നിപ്പറയുക"നമ്മുടെ സമൂഹം "ذِكْرُ اللّه" "(ദൈവത്തെ ഓർക്കുക)എന്നത് സാധാരണയായി "അൽ ഹംദുലില്ലാ"(اَلْحَمْدُ لِلّٰهِ) “സുബ്ഹാനല്ലാ"(سُبْحَان اللّه) പോലെയുള്ള ചില മന്ത്രങ്ങൾ ആവർത്തിച്ചു ഉരുവിടുന്നതാണെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. അല്ലാഹുവിനെ ഓർക്കുക എന്നു പറഞ്ഞാൽ ഈ രൂപത്തിലുള്ളമന്ത്രങ്ങൾ ഉരുവിടലല്ല.മറിച്ച് ദൈവീക കൽപനകളുടെ ഊന്നിപ്പറയലും,ജാഗ്രതയുമാണ് വേണ്ടത്.ഈ വചനത്തിലും അതു തന്നെയാണ് അർത്ഥം.അതായത് നിങ്ങൾ ഏത് അവസ്ഥയിലായിരുന്നാലും ദൈവീക കൽപനകളിലേക്കു ക്ഷണിക്കാനുള്ള ശ്രദ്ധയുണ്ടായിരിക്കണം എന്ന നിർദ്ദേശമാണ് നൽകുന്നത്.ഖിയാമൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്" ശക്തമായ നിലപാടെടുക്കുക" എന്നും ഖഅദ എന്നതുകൊണ്ട് പോരാട്ടത്തിനു ഇരിക്കുക എന്നും, ജുനൂബ് എന്നാൽ നമുക്കെല്ലാം അറിയുന്നതുപോലെ "ഭാഗങ്ങൾ" എന്നുമാണല്ലോ അർത്ഥമാക്കുന്നത്. ഇവിടെ യുദ്ധസാഹചര്യമാണ് വിശദീകരിക്കുന്നത് എന്നുള്ളതുകൊണ്ട് അതിനു അനുയോജ്യമായ വാക്കുകളാണ് ഇവയെല്ലാം.അതായത് പരിശീ

ലനം കിട്ടിക്കഴിഞ്ഞ ശേഷം പട്ടാളക്കാർ യുദ്ധരംഗത്തേക്ക് എത്തിക്കഴിഞ്ഞാൽ അവർ അവരുടെ ജോലി കൃത്യമായി നിർവ്വഹിക്കണം.ദൈവീക കൽപനകൾ തങ്ങളുടെ ചിന്തയിൽ കാത്തുസൂക്ഷിക്കുകയും വേണം.അതു താൻ നിയമിക്കപ്പെട്ട പദവിയിൽ നിന്നുകൊണ്ടായാലും,ആക്രമണത്തിനു ഇരിക്കുമ്പോഴും,അല്ലെങ്കിൽ തന്റെഭാഗങ്ങളിലേക്ക് ആക്രമണം നടത്തുമ്പോഴായാലും.

അതിനു ശേഷം പരമകാരുണികൻ പറയുന്നത് "അതുകൊണ്ട് നീ എപ്പോൾ സമാധാനത്തിലായിത്തീരുന്നുവോ "فَإِذَا اطْمَأْنَنْتُمْ فَأَقِيمُوا الصلوةَ"അപ്പോൾ നിങ്ങൾ സ്വലാത്ത് ചുരുക്കുന്നതിനു പകരം സ്വാലാത്ത് സ്ഥാപിക്കുക.അതായത് മുഴുവൻ സ്വലാത്തും സ്ഥാപിക്കുക.ഇവിടെ കുറക്കാൻ പറഞ്ഞ സ്വലാത്തിനേയാണ്പോരാട്ടത്തിനു ശേഷം സമാധാന അന്തരീക്ഷം വരികയാണെങ്കിൽ മുഴുവനായും ചെയ്യാൻ കൽപിച്ചിട്ടുള്ളത്.സ്വലാത്ത് സ്ഥാപിക്കുക എന്നു പറഞ്ഞതുകൊണ്ട് ദൈവീക കൽപനയിൽ അധിഷ്ഠിതമായ അച്ചടക്കത്തിന്റെ സ്ഥാപനമാണ്.അത് തന്നെ ആവശ്യമായ പരിശീലനം കിട്ടിയ ശേഷം.ഇതാണ് ഒരു മുഅമിനിന്റെ ഏറ്റവും വലിയ ലക്ഷ്യം .മിലിട്ടറി പരിശീലനത്തിനിടയിൽ അവനു ലഭിക്കുന്ന അച്ചടക്കത്തെയാണ് ഇവിടെ സ്വലാത്ത് എന്നു പറഞ്ഞിട്ടുള്ളത്.സ്വലാത്തിന്റെ സ്ഥാപനം എന്നു പറയുന്നത് എല്ലാ അച്ചടക്കവും ഉൾക്കൊള്ളുന്ന ഒരു മാതൃകാ സമൂഹത്തിന്റെ സ്ഥാപനമാണ് ഉദ്ദേശിക്കുന്നത്.ആ സമൂഹത്തെ രൂപപ്പെടുത്തിയെടുക്കാൻ വേണ്ടി നടത്തുന്ന ഏത് അച്ചടക്ക നടപടികളും സ്വലാത്തിന്റെ കീഴിൽ വരും.

അതിനു ശേഷം പരമകാരുണികൻ പറയുന്നു.:-

إِنَّ الصَّلوةَ كَانَتْ عَلى المُؤمنينَ كتابًا موقوتًا

“തീർച്ചയായും സ്വലാത്ത് മുഅമിനുകൾക്ക് "മൗഖൂത്ത്"ആയ കർത്തവ്യമായിരിക്കുന്നു.”

ഈ വചനവും നമസ്കാരം സ്ഥാപിക്കാൻ വേണ്ടി അവതരിപ്പിക്കുന്ന വചനമാണ്. പക്ഷെ ഈ വചനത്തിൽ "സമയബന്ധിതമായി നിർദ്ദേശിക്കപ്പെട്ടതാണ് നമസ്കാരം " എന്ന അർത്ഥത്തിലാണ് വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളത്.

സ്വലാത്ത് എന്നത് ഖുർആനിലുടനീളം നമസ്കാരമായി മാറ്റിയിരിക്കുന്നു.സ്വലാത്ത് നമസ്കാരമാക്കി മാറ്റിയാൽ ഖുർആനിന്റെ ലക്ഷ്യവും,ഉദ്ദേശവും തന്നെ മരിക്കുക എന്നതായിരിക്കും ഫലം.

"സ്വലാത്തൻ മൗഖൂത്താ " എന്ന വാക്കിൽ നിന്നും നമസ്കാരം കണ്ടു പിടിച്ചത് പൂർവ്വീകർ സ്വയം കണ്ടുപിടിച്ചതാണ്.അവരുടെ പേരുകളൊന്നും ഇവിടെ പറയുന്നില്ല. പൂർവ്വീകരായ ആളുകൾ നമസ്കാരം സ്ഥാപിച്ചതും തെളിയിച്ചതും പാരമ്പര്യമായും ,ഹദീസുകളുടെ വെളിച്ചത്തിലുമാണ്.ഖുർആനിൽ നിന്നും സ്വലാത്ത് എന്ന പദമല്ലാതെ

മറ്റൊന്നും അവർക്ക് ലഭ്യമല്ല.ബാക്കിയുള്ള തെളിവുകളൊക്കെ പാരമ്പര്യമായും ഹദീസുകളിൽ നിന്നും ലഭിച്ചതാണ്.
ഇനി നമുക്ക് "ഇന്ന അസ്സ്വലാത്ത കാനത്ത് അലൽമുഅമിനീന കിതാബൻ മൗഖൂത്തൻ" എന്ന വചനത്തിന്റെ വിശദീകരണത്തിലേക്കു പോകാം.ഈ വചനം പ്രത്യേകം വിശദീകരിക്കേണ്ട വാചകം ആണ്. എന്തിന്റെ കർത്തവാണ് അസ്സ്വലാത്ത് എന്നതും ,കിതാബൻ എന്നുള്ളതും,ഉറപ്പിക്കാനും,വിശദീകരിക്കാനും ഉപയോഗിക്കുന്ന പദമായ "ഇന്ന"യുടെ വിവരണം(ഖബർ خَبَر)ആണോ?ഏതിന്റെ സ്വാധീനംകൊണ്ടാണ് "അസ്സ്വലാത്ത" എന്ന് പറഞ്ഞിട്ടുള്ളത്.കാനത്ത് എന്നതിന്റെ സ്വാധീനംകൊണ്ടാണോ "കിതാബൻ" എന്നു പറഞ്ഞിട്ടുള്ളത്. “മൗഖൂതൻ" എന്നത് കിതാബിന്റെ വിശേഷണം മാത്രമല്ല .മറിച്ച് അത് പ്രതിഗ്രാഹികാ വിഭക്തി/ കർമ്മ നാമം ആണ്. കാനത്ത് എന്നതിന്റെ സ്വാധീനത്തിലാണ്" കിതാബൻ മൗഖൂത്തൻ "എന്നു വന്നിട്ടുള്ളത്. അപ്പോൾ യഥാർത്ഥത്തിലുള്ള വാചകം"അസ്സ്വലാത്തു കിതാബുൻ" എന്നാണ് അതിനർത്ഥം അസ്സ്വലാത്ത് ഗ്രന്ഥമാകുന്നു എന്നാണ്.ഇനി നമുക്കു "കിതാബ് മൗ ഖൂത്ത്" വിശദീകരണ പദം പരിഗണിക്കാം

കിതാബ് എന്നാൽ ഗ്രന്ഥം അല്ലെങ്കിൽ നിയമം എന്നാണെന്ന് വളരെ അറിയപ്പെട്ട കാര്യമാണല്ലോ.ഖുർആൻ എന്നത് ദൈവീക കൽപനകൾ വിശദീകരിക്കുന്നതും ദൈവീക മാർഗ്ഗ നിർദ്ദേശം കിതാബെന്ന നിലക്കുമാണല്ലോ."മൗഖൂതൻ"എന്നത് ഗ്രന്ഥത്തിന്റെ വിശദീകരണമാണല്ലോ .ചില അളവുകോലുകൾ കൊണ്ടും പരിധികൾക്കൊണ്ടും അതിര് നിശ്ചയിക്കപ്പെട്ടതിനാണ് മൗഖൂത്ത് എന്നു പറയുക എന്ന് ലുഗത്തുൽ ഖുർആൻ എന്ന ഗ്രന്ഥത്തിൽ പേജ് നമ്പർ 1729 ൽ പറയുന്നു. ഇതിൽ നിന്നും കാര്യം വളരെ വ്യക്തമായി .അതായത് അതിരുകൾ നിശ്ചയിക്കപ്പെട്ട ഗ്രന്ഥമാണ് അസ്സ്വലാത്ത് എന്നത്.

ലുഗത്തുൽ ഖുർആനിൽ പറഞ്ഞ തെളിവു വെച്ച് നോക്കുകയാണെങ്കിൽ സമയവും പരിധിയും ഒന്നാണെന്നതുപോലെ തന്നെ സമവുമാണ്."വഖ്ത്ത്"എന്ന പദത്തിന്റെ "ഇസ്മുൽ മഫ്ഊലാ"ണ്" മൗഖൂത്ത് "എന്നത്. അതുപോലെ "പരിധി(ഹദ്ദ്)" എന്ന പദത്തിന്റെ "ഇസ്മുൽ മഫ്ഊൽ" ആണ് "മഹ്ദൂദ്" എന്നത്. ഇപ്പോൾ നമുക്കു ചുരുങ്ങിയ വാക്കുകളിൽ ഇത് വ്യക്തമാക്കാം. അതിരുകൾ നിശ്ചയിക്കപ്പെട്ട ഗ്രന്ഥമാകുന്നു സ്വലാത്ത്. അതിരുകളിൽ നിന്നും പരിധികളിൽ നിന്നും മുക്തമായ പഠനമല്ല അതിന്റേത്.അതു സ്വയം തന്നെ അതിരുകൾ ഇട്ടിട്ടുണ്ട് .ഒന്നുമുതൽ എല്ലാ അച്ചടക്കവും നടപ്പിലാക്കേണ്ടത് അതിന്റെ കീഴിൽ നിന്നുകൊണ്ടായിരിക്കണം.മനുഷ്യന് ചെയ്യാൻ കഴിയുന്ന പരിധികളിൽ നിന്നു കൊണ്ടാണ് അത് വിശദീകരിച്ചിട്ടുള്ളത്. അടുത്ത വചനത്തിൽ പരമകാരുണികൻ പറയുന്നു.

وَلَا تَهِنُوا۟ فِى ٱبْتِغَآءِ ٱلْقَوْمِ ۖ إِن تَكُونُوا۟ تَأْلَمُونَ فَإِنَّهُمْ يَأْلَمُونَ كَمَا تَأْلَمُونَ ۖ وَتَرْجُونَ مِنَ ٱللَّهِ مَا لَا يَرْجُونَ ۗ وَكَانَ ٱللَّهُ عَلِيمًا حَكِيمًا ﴿١٠٤﴾

“വലാ തഹിനൂ ഫീ ഇബ്തിഗാഇൽ ഖൗമി ഇൻ തകൂനൂ തഅലമൂന ഫഇന്നഹുംയഅലമൂന കമാതഅലമൂന വതർജൂന മിനല്ലാഹി മാലാ യർജൂന വകാനല്ലാഹു അലീമൻ ഹകീമാ"

“നിങ്ങൾ ജനത്തെ അന്വേഷിക്കുന്നതിൽ ദുർബലരാകരുത് നിങ്ങൾക്ക് വേദനിക്കുന്നുണ്ടെങ്കിൽ നിങ്ങൾക്ക് വേദനിക്കുന്നതുപോലെ അവർക്കും വേദനിക്കുന്നുണ്ട്.എന്നാൽ അവർ ആഗ്രഹിക്കാത്തതു നിങ്ങൾ അല്ലാഹുവിൽ നിന്നും ആഗ്രഹിക്കുകയും ചെയ്യുന്നു. അല്ലാഹു സർവ്വജ്ഞനും ന്യായാധിപനുമാകുന്നു.”

ഇവിടെ വ്യക്തമാക്കുന്ന ഒരു കാര്യം എന്താണെന്നുവെച്ചാൽ ശത്രുക്കളെ (അക്രമികൾ)പിന്തുടരുന്ന കാര്യത്തിൽ നിങ്ങൾ കാണിക്കുന്ന ഏതൊരു മട്ടപ്പും ,അലസതയും നിങ്ങൾക്ക് നഷ്ടങ്ങൾ ഉണ്ടാക്കും എന്നാണ്. അക്രമത്തിന്റെ പാത സ്വീകരിച്ച ശത്രുവിന്റെ അന്ത്യം കാണുന്നതുവരെ നിങ്ങൾ അലസരാകരുത് എന്നാണ് അല്ലാഹു വ്യക്തമാക്കുന്നത്. അപ്പോൾ ഇവിടെ ശത്രുക്കളെക്കുറിച്ചും അവരോടുള്ള പോരാട്ടത്തെക്കുറിച്ചുമാണ് ചർച്ച. നമസ്കാരവുമായി യാതൊരു ബന്ധവുമില്ല.”സ്വലാത്ത്"എന്നാൽ നമസ്കാരമാണെന്നുള്ളതിനുള്ള സംശയത്തിന്റെ ഒരു കണികപോലും നിലനില്കുന്നില്ല.

നമസ്കാരമായി ഇവിടെ ചിത്രീകരിച്ചത് മുഴുവനായും സന്ദർഭത്തിനു നിരക്കാത്തതാണ്

ഇനി നമുക്ക് സൂറത്തു അന്നിസാഇലെ 142ാം വചനത്തിന്റെ പഠനത്തിലേക്കു പോകാം.നമസ്കാരത്തിന്റെ ഒരു രൂപവും ഖുർആൻ വിവരിച്ചിട്ടില്ല എന്നത് നാം കണ്ടു. എന്നാൽ എല്ലായിടത്തും നമസ്കാരമായി ചിത്രീകരിക്കുകയും ചെയ്തിട്ടുണ്ട്താനും. അല്ലാഹു അവന്റെ ഈ പരിശുദ്ധ വചനങ്ങളിൽ സ്വലാത്തിന്റെ നിഷേധികളോടുള്ള വെറുപ്പ് പ്രകടിപ്പിക്കുന്നതായി കാണാൻ കഴിയും.ആയതുകൊണ്ട് ഇതിനു മുമ്പുള്ള ചില വചനങ്ങൾ കൂടി ശ്രദ്ധിക്കുക 137 മുതൽ141 വരെയുള്ള വചനങ്ങളിൽ നിഷേധികൾക്ക് മുഅമിനുകളോടും ദൈവീക കൽപനകളോടുമുള്ള അവരുടെ ആ സ്വഭാവത്തെക്കുറിച്ചു വിവരിക്കുന്നു.137ാം വചനം തുടങ്ങുന്നു.:-

إِنَّ ٱلَّذِينَ ءَامَنُوا۟ ثُمَّ كَفَرُوا۟ ثُمَّ ءَامَنُوا۟ ثُمَّ كَفَرُوا۟ ثُمَّ ٱزْدَادُوا۟ كُفْرًا لَّمْ يَكُنِ ٱللَّهُ لِيَغْفِرَ لَهُمْ وَلَا لِيَهْدِيَهُمْ سَبِيلًۢا ﴿١٣٧﴾

بَشِّرِ ٱلۡمُنَٰفِقِينَ بِأَنَّ لَهُمۡ عَذَابًا أَلِيمًا ﴿١٣٨﴾

ٱلَّذِينَ يَتَّخِذُونَ ٱلۡكَٰفِرِينَ أَوۡلِيَآءَ مِن دُونِ ٱلۡمُؤۡمِنِينَۚ أَيَبۡتَغُونَ
عِندَهُمُ ٱلۡعِزَّةَ فَإِنَّ ٱلۡعِزَّةَ لِلَّهِ جَمِيعٗا ﴿١٣٩﴾

وَقَدۡ نَزَّلَ عَلَيۡكُمۡ فِي ٱلۡكِتَٰبِ أَنۡ إِذَا سَمِعۡتُمۡ ءَايَٰتِ ٱللَّهِ يُكۡفَرُ بِهَا
وَيُسۡتَهۡزَأُ بِهَا فَلَا تَقۡعُدُواْ مَعَهُمۡ حَتَّىٰ يَخُوضُواْ فِي حَدِيثٍ غَيۡرِهِۦٓۚ إِنَّكُمۡ
إِذٗا مِّثۡلُهُمۡۗ إِنَّ ٱللَّهَ جَامِعُ ٱلۡمُنَٰفِقِينَ وَٱلۡكَٰفِرِينَ فِي جَهَنَّمَ
جَمِيعًا ﴿١٤٠﴾

ٱلَّذِينَ يَتَرَبَّصُونَ بِكُمۡ فَإِن كَانَ لَكُمۡ فَتۡحٞ مِّنَ ٱللَّهِ قَالُوٓاْ أَلَمۡ نَكُن
مَّعَكُمۡ وَإِن كَانَ لِلۡكَٰفِرِينَ نَصِيبٞ قَالُوٓاْ أَلَمۡ نَسۡتَحۡوِذۡ عَلَيۡكُمۡ
وَنَمۡنَعۡكُم مِّنَ ٱلۡمُؤۡمِنِينَۚ فَٱللَّهُ يَحۡكُمُ بَيۡنَكُمۡ يَوۡمَ ٱلۡقِيَٰمَةِۗ وَلَن
يَجۡعَلَ ٱللَّهُ لِلۡكَٰفِرِينَ عَلَى ٱلۡمُؤۡمِنِينَ سَبِيلًا ﴿١٤١﴾

“ ഇന്നല്ലദീന ആമന്യ സുമ്മ കഫറൂ സുമ്മ ആമന്യ  സുമ്മ കഫറൂ സുമ്മ ഇസ്ദാദൂകുഫ്റൻ ലം യകുനില്ലാഹ്ഹ ലിയഗ്ഫറ ലഹും വലാ ലിയഹ്ദീഹിം സബീലാ,ബശ്ശിരിൽ മുനാഫിഖീന ബി അന്ന ലഹും അദാബൻ അലീ മാ.അല്ലദീന യത്തഗിദൂനഅൽ-കാഫിരീന ഔലിയാഅ മിൻ ദൂനിൽ മുഅമിനീന അയബ്തഗൂന ഇൻദഹുമു ൽ ഇസ്സത്ത ഫഇന്നൽ ഇസ്സത്ത ലില്ലാഹി ജമീആ.വഖദ് നസ്സല അലൈക്കും ഫിൽ കിതാബി അൻ ഇദാ സമി അത്തും ആയാത്തില്ലാഹി യുക്ഫറു ബിഹാ വയു സ്തഗ്സഹ്ഹ ബിഹാ ഫലാ തഖ്ഉദൂ മഅഹും ഹത്താ യഖ്ഖൂ ഫീ ഹദീസിൽ ഗൈരിഹീ ഇന്നക്കും ഇദൻ മ്മിസ്ലുഹും ഇന്നല്ലാഹ ജാമിഉൽ മുനാഫിഖീന വൽകാഫിരീ ന ഫീ ജഹ ന്നമ ജമീഅൻ. അല്ലദീന യതറബ്ബസ്വൂന ബിക്കും ഫഇൻകാന ലകുംഫത്ഹും മ്മിനല്ലാഹി ഖാലൂ അലൻ നകുൻ മഅക്കും,വഇൻ കാന ലിൽ കാഫിരീ ന നസ്വീബുൻ ഖാലൂ അലം നസ്തഹ് വിദ് അലൈക്കും  വനമ്നഉക്കും മ്മിനൽ മുഅമിനീന ഫല്ലാഹു യഹ്കുമു ബൈനക്കും യൗമൽ ഖിയാമത്തി വലൻ യജ്അലല്ലാ ഹു ലിൽകാഫിരീന അലൽ മിഅമിനീന സബീലാ"

“തീർച്ചയായും വിശ്വസിക്കുകയും പിന്നെ നിഷേധിക്കുകയും പിന്നെ വിശ്വസിക്കുക യും  പിന്നെ നിഷേധിക്കുകയും പിന്നെ നിഷേധത്തിൽ അതിഗമിക്കുകയും ചെ യ് തു കൊണ്ടിരിക്കുന്നവർ ആരോ, അല്ലാഹു അവർക്ക് പൊറുക്കുകയോ അവരെ സന്മാർ ഗ്ഗികളാക്കുകയോ ചെയ്യാനാവില്ല. തീർച്ചയായും കപട വിശ്വാസികൾക്ക് കഠിന ശി ക്ഷയുണ്ടെന്ന് നീ സന്തോഷമറിയിക്കുക .അതായത് വിശ്വാസികളെ വിട്ട്നിഷേധിക ളെ മിത്രങ്ങളാക്കിക്കൊണ്ടിരിക്കുന്നവർക്ക്,അവരുടെ അടുത്താണല്ലോ ഇവർ പ്രതാ പം തേടിക്കൊണ്ടിരിക്കുന്നത്.എങ്കിൽ സർവ്വ പ്രതാപവും അല്ലാഹുവിനുള്ളതാകുന്നു.

അവൻ നിങ്ങളുടെ മേൽ ഈ വേദത്തിൽ ഇറക്കിയിട്ടുമുണ്ട്.നിങ്ങൾ, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ പരിഹസിക്കപ്പെടുകയും നിഷേധിക്കപ്പെടുയും ചെയ്യുന്നതായി കേട്ടാൽ അവർ അത് അല്ലാത്ത മറ്റു വല്ല സംസാരത്തിലും അകപ്പെടുംവരെ നിങ്ങൾ അവരുടെ കൂടെ ഇരിക്കരുത്.എങ്കിൽ തീർച്ചയായും നിങ്ങൾ അവരെപ്പോലെയാണ്. തീർച്ചയായും അല്ലാഹു കപടവിശ്വാസികളെയും നിഷേധികളെയും അഗ്നികുണ്ഡത്തിൽ ഒരുമിച്ചുകൂട്ടുന്നതാണ്.നിങ്ങളെ പാത്തിരുന്നുകൊണ്ട് നിങ്ങൾക്ക് അല്ലാഹുവിൽ നിന്ന് വല്ല വിജയവും ഉണ്ടായാൽ ഞങ്ങൾ നിങ്ങളുടെ കൂടെയായിരുന്നില്ലേ എന്നു പറയുകയും ,എനി നിഷേധികൾക്ക് വല്ല പങ്കുമുണ്ടായാൽ ഞങ്ങൾ നിങ്ങൾക്ക് കാവലിരിക്കുകയും വിശ്വാസികളിൽ നിന്ന് നിങ്ങളെ സംരക്ഷിക്കുകയുമായിരുന്നില്ലേ എന്ന് പറയുകയും, ചെയ്തുകൊണ്ടിരുന്നവരാകട്ടെ ,അല്ലാഹു നിങ്ങൾക്കിടയിൽ വിധിന്യായ ദിനത്തിൽ വിധികൽപിക്കുന്നതാണ്. അല്ലാഹു നിഷേധികൾക്ക് മുഅമിനുകൾക്കെതിരിൽ ഒരിക്കലും ഒരുമാഗ്ഗവും ഉണ്ടാക്കുകയില്ല.''

കപടവിശ്വാസികളുടെ ഇത്രയും സ്വഭവങ്ങൾ വിവരിച്ച ശേഷം അ-ന്നിസാ ഇലെ 142 ാം വചനം ആരംഭിക്കുന്നു.

إِنَّ ٱلْمُنَٰفِقِينَ يُخَٰدِعُونَ ٱللَّهَ وَهُوَ خَٰدِعُهُمْ وَإِذَا قَامُوٓا۟ إِلَى ٱلصَّلَوٰةِ قَامُوا۟ كُسَالَىٰ يُرَآءُونَ ٱلنَّاسَ وَلَا يَذْكُرُونَ ٱللَّهَ إِلَّا قَلِيلًا ﴿١٤٢﴾ مُّذَبْذَبِينَ بَيْنَ ذَٰلِكَ لَآ إِلَىٰ هَٰٓؤُلَآءِ وَلَآ إِلَىٰ هَٰٓؤُلَآءِ ۚ وَمَن يُضْلِلِ ٱللَّهُ فَلَن تَجِدَ لَهُۥ سَبِيلًا ﴿١٤٣﴾

''ഇന്നൽ മുനാഫിഖീന യുഹാദിഊനല്ലാഹ വഹുവ ഹാദിഉഹും വഇദാ ഖാമൂ ഇലഅ-സ്സ്വലാത്തി ഖാമൂ കുസാ ലാ യുറാഊന അന്നാസ വലാ യദ്കുറൂനല്ലാഹ ഇല്ലാ ഖലീലാ. മുദബ്ദബീന ബൈന ദാലിഖ ലാ ഇലാ ഹാഉ ലാഇ വലാ ഇലാ ഹാഹലാ ഇ വമൻയുള് ലില്ലാഹു ഫലൻ തജിദ ലഹു സബീലാ"

''തീർച്ചയായും കപടവിശ്വാസികൾ അല്ലാഹുവിനെ വഞ്ചിക്കുന്നു.എന്നാൽ അതേ രൂപത്തിൽ അല്ലാഹു അവർക്ക് മറുപടി നൽകുകയാണ്.ആ കപടന്മാർ സ്വലാത്തിന് ഒരുങ്ങിയാൽ ജനങ്ങളെ കാണിച്ചുകൊണ്ട് അലസന്മാരായി നിലകൊള്ളുകയും ചെയ്യും.അവർ അല്പമല്ലാതെ അല്ലാഹുവിനെ ഓർമ്മിക്കുകയുമില്ല , ഈ കൂട്ടരിലേക്കോ ,ആ കൂട്ടരിലേക്കോ അല്ലാതെ അതിനിടയിൽ ചാഞ്ചാടുന്നവരായിക്കൊണ്ടങ്ങിനെ,എന്നാൽ അല്ലാഹു വല്ലവരെയും വഴിതെറ്റുകാരാക്കിയാൽ പിന്നെഅവർക്കൊരു മാർഗ്ഗവും നീ കണ്ടെത്തുക തന്നെയില്ല"

അവിശ്വാസികൾ അല്ലാഹുവിന്റെ അടയാളങ്ങളെ അവഗണിക്കുകയും അവന്റെ കല്പനകളെ നിഷേധിക്കുന്നവരായിരിക്കുകയും ചെയ്യുമ്പോൾ അവരെ കൂട്ടുകാരാക്കുന്നത് സൂക്ഷിക്കണം.അവർ അല്ലാഹുവിനെ വഞ്ചിക്കുകയാണ് ചെയ്യുന്നത്. അങ്ങിനെയുള്ള

അവർ മുഅമിനിന്റെ കൂടെ  എന്തിന് നമസ്കരിക്കുവാൻ വരണം?അത്തരം  പ്രത്യക്ഷ ശത്രുക്കൾ എന്തിനു പാരമ്പര്യ നമസ്കാരം അനുഷ്ഠിക്കാൻ വാശി പിടിക്കണം?.  എന്നാൽ ഒരു കപടവിശ്വാസിക്ക് വ്യക്തമായ ഒരു വ്യക്തിത്വം ഉണ്ടാവില്ല.  അവരോടു കൂട്ടുകൂടാൻ മുഅനിനെ അനുവദിക്കുന്നുമില്ല.അങ്ങിനെയുള്ള വ്യക്തികൾ  എങ്ങിനെ മുഅമിനിന്റെ ആരാധനയിൽ പങ്കുചേരും?എന്നാൽ അത്തരം ആളുകൾ  ഒരു മുസ്ലിം സർക്കാറിന്റെ കീഴിൽ അവിടുത്തെ നിയമങ്ങളും നിർദ്ദേശങ്ങളും വഴിപ്പെടാൻ അവൻ നിർബന്ധിതനാകുന്നു.അവൻ ദൈവത്തിന്റെ കൽപനകൾ അനുസരിച്ചേക്കാം. എന്നു പറഞ്ഞാൽ നിർബന്ധിതനായിക്കൊണ്ടും നിയമങ്ങൾ  അനുസരിക്കുന്ന ഒരു പൗരനെന്ന നിലക്കു സാക്കാറിന്റെ സാധാരണ നിയമങ്ങളും നിർദ്ദേശങ്ങളും അവൻ അനുസരിക്കുന്നു.പക്ഷെ ആത്മാർത്ഥമായി ദൈവീക കൽപനകളെ അവൻ സ്വീകരിക്കുകയില്ല.

ഇനി 77ാമത്തെ വചനത്തിലും കപടവിശ്വാസികളെക്കുറിച്ചു തന്നെയാണ് ചർച്ച ചെയ്യുന്നത്.  പക്ഷെ ഈ വിഷയം 71ാമത്തെ വചനം മുതൽ ആരംഭിച്ചിട്ടുണ്ട്.പരമകാരുണികൻ പറയുന്നു.

أَلَمْ تَرَ إِلَى ٱلَّذِينَ قِيلَ لَهُمْ كُفُّوٓا۟ أَيْدِيَكُمْ وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ فَلَمَّا كُتِبَ عَلَيْهِمُ ٱلْقِتَالُ إِذَا فَرِيقٌ مِّنْهُمْ يَخْشَوْنَ ٱلنَّاسَ كَخَشْيَةِ ٱللَّهِ أَوْ أَشَدَّ خَشْيَةً ۚ وَقَالُوا۟ رَبَّنَا لِمَ كَتَبْتَ عَلَيْنَا ٱلْقِتَالَ لَوْلَآ أَخَّرْتَنَآ إِلَىٰٓ أَجَلٍ قَرِيبٍ ۗ قُلْ مَتَٰعُ ٱلدُّنْيَا قَلِيلٌ وَٱلْءَاخِرَةُ خَيْرٌ لِّمَنِ ٱتَّقَىٰ وَلَا تُظْلَمُونَ فَتِيلًا ﴿٧٧﴾

“അലംതറ ഇലല്ലദീന ഖീല ലഹും കുഫ്ഫൂ അയ്ദിയകും,വഅഖീമൂ അസ്സ്വലാത്ത വആതു അസ്സക്കാത്ത ഫലമ്മാ കുതിബ അലൈഹിമുൽ ഖിതാലു ഇദാ ഫരീഖുമ്മിൻഹും യഗ്ശൗനന്നാസ കഗശിയത്തില്ലാഹി ഔ അശദ്ദ ഗശിയതൻ വഖാലൂ റബ്ബനാ ലിമ കതബ്ത അലൈനൽ ഖിതാല ലൗലാ അഹ്ഹർതനാ ഇലാ അജലിൻ ഖരീബീൻ.......”

"തങ്ങളുടെ കൈകൾ കൂട്ടുകയും സ്വലാത്ത് സ്ഥാപിച്ചെടുക്കുകയും  സകാത്ത് കൊണ്ടു വരികയും ചെയ്യുവീൻ എന്നു പറയപ്പെട്ടിരുന്നവരെ നീ കണ്ടില്ലേ? അവസാനം അവർക്ക് പോരാട്ടം നിർബന്ധമാക്കപ്പെട്ടപ്പോൾ അവരിൽ നിന്നൊരു വിഭാഗമതാ അല്ലാഹുവിനെ ഭയപ്പെടുന്നതുപോലെയോ,അതിലും കഠിനമായ ഭയമോ,മനുഷ്യരെ ഭയപ്പെടുകയും,ഞങ്ങളുടെ നാഥാ , നീ ഞങ്ങളുടെ മേൽ എന്തിനീ യുദ്ധം  നിർബന്ധമാക്കി? എന്തുകൊണ്ട് അത് അല്പ സമയം മാറ്റിവെച്ചുകൂടായിരുന്നോ?”

ഇവിടെ സ്വലാത്ത് എന്നതുകൊണ്ടു ഉദ്ദേശിക്കുന്നത്, ദൈവീക കൽപനയുടെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യപ്പെട്ട അച്ചടക്കവും,അതിന്റെ സ്ഥാപിക്കലുമാണ്

ഉദ്ദേശിക്കുന്നത്.ഇവിടെ നമസ്കാരം എന്ന സങ്കൽപത്തിനു ഒരു വിദൂര സാധ്യത പോലും ഇല്ല.ഇവിടെ കുറച്ചു കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതുണ്ട്. ഈ വചനത്തിന്റെ ആദ്യ ഭാഗത്ത് വിശ്വാസികൾ പ്രത്യക്ഷപ്പെടുന്നുണ്ട്.യുദ്ധം നിർത്തിവെക്കാനും അച്ചടക്കമുള്ളവരാകുവാനും,ദൈവീക കൽപനയിലധിഷ്ഠിതമായ ഒരു സമൂഹത്തെ സ്ഥാപിച്ചെടുക്കാനും, ഉപദേശിക്കുന്നു.അങ്ങിനെ ഉന്നതമായ ഒരു സമൂഹം രൂപീകൃതമാവുകയും ,പോരാട്ടത്തിന്റെ കൽപന പുറപ്പെടുവിക്കുകയും ചെയ്തപ്പോൾ അവരിൽ നിന്നൊരു പ്രത്യേക വിഭാഗം ശരിയായ വഴിയിൽ നിന്നും മാറിപ്പോകാൻ തുടങ്ങി.

ഈ അധ്യായത്തിലെ 43ാം വചനം ഈ പുസ്തകത്തിന്റെ ആദ്യ ഭാഗത്ത് വുളുവിന്റെ കാര്യം പറയുന്നിടത്ത് വിശദീകരിച്ചിട്ടുണ്ട്.

## അധ്യായം " അൽ-മാഇദ"

ഇസ്രായീലിന്റെ മക്കളുടെ കാര്യങ്ങൾ വിശദീകരിക്കുന്ന 12ാമത്തെ വചനം ഒന്നു ശ്രദ്ധിക്കുക.പരമകാരുണികൻ പറയുന്നു.

۞ وَلَقَدْ أَخَذَ ٱللَّهُ مِيثَٰقَ بَنِىٓ إِسْرَٰٓءِيلَ وَبَعَثْنَا مِنْهُمُ
ٱثْنَىْ عَشَرَ نَقِيبًا ۖ وَقَالَ ٱللَّهُ إِنِّى مَعَكُمْ ۖ لَئِنْ أَقَمْتُمُ
ٱلصَّلَوٰةَ وَءَاتَيْتُمُ ٱلزَّكَوٰةَ وَءَامَنتُم بِرُسُلِى وَعَزَّرْتُمُوهُمْ
وَأَقْرَضْتُمُ ٱللَّهَ قَرْضًا حَسَنًا لَّأُكَفِّرَنَّ عَنكُمْ سَيِّـَٔاتِكُمْ
وَلَأُدْخِلَنَّكُمْ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ ۚ فَمَن كَفَرَ
بَعْدَ ذَٰلِكَ مِنكُمْ فَقَدْ ضَلَّ سَوَآءَ ٱلسَّبِيلِ ﴿١٢﴾

“വലഖദ് അഗദല്ലാഹു മീസാഖ ബനീ ഇസ്റായീല വബഅസ്നാ മിൻഹും ഇസ്നൈഅശറ നഖീബൻ വഖാല ല്ലാഹു  ഇന്നീ മഅക്കും,ലഇൻ അഖംത്തും അസ്സ്വലാത്തവ ആതൈത്തും അ-സ്സക്കാത്ത വ ആമൻതും ബിറു സുലീ വഅസ്സർതുമൂഹും വഅഖ്റള്ത്തുമുല്ലാ ഖർളൻ ഹസനൻ ലഉകഫ്ഫിറന്ന അൻകും സയ്യിആതിക്കും,വല ഉദ്ഖിലന്നക്കും ജന്നാത്തിൻ തജ്രീ മിൻ തഹ്തിഹൽ അൻഹാറു ഫമൻ കഫറ ബഅദ ദാലിക മിൻകും ഫഖദ് ളല്ല സവാഅ അസ്സബീലി"

തീർച്ചയായും ഇസ്രായിലിന്റെ സന്തതികളിൽ നിന്നും അല്ലാഹു ഉറപ്പുവാങ്ങിയിരുന്നു.അവരുടെ കൂട്ടത്തിൽ നിന്നും പന്ത്രണ്ട് കാര്യദർശിമാരെ നാം എഴുന്നേൽപ്പിക്കുകയും അല്ലാഹു പറയുകയും ചെയ്തു.ഞാൻ നിങ്ങളോടൊപ്പം തന്നെയുണ്ട് നിങ്ങൾ ദൈവീക കൽപനകളുടെ സിദ്ധാന്തത്തെ സ്ഥാപിക്കുകയും ,സാമൂഹിക സംസ്കരണ ജോലി നിർവ്വഹിക്കുകയും,എന്റെ ദൂതന്മാരിൽ വിശ്വസിക്കുകയും ,അവരെ സഹായിക്കുകയും ,അല്ലാഹുവിനു നല്ലൊരു കടം കൊടുക്കുകയും ചെയ്താൽ തീർച്ചയായും നിങ്ങളുടെ തിന്മകളെ  നിങ്ങളിൽ നിന്നു മായ്ക്കുകയും,ചുവട്ടിൽ നിന്ന് അരുവികൾ ഒഴുകുന്ന ചില തോട്ടങ്ങളിൽ നിങ്ങളെ ഞാൻ പ്രവേശിക്കുകയും ചെയ്യും.അതിനാൽ വല്ലവരും അതിനു ശേഷം നിഷേധിച്ചാൽ ശരിയായ പാതയിൽ നിന്നും അവൻ പിഴച്ചു കഴിഞ്ഞു.”

ദയവുചെയ്ത് മുകളിൽ പറഞ്ഞ വചനം ഒന്നു ശ്രദ്ധിക്കുക.ഇവിടെ സ്വലാത്തു കൊണ്ട് അർത്ഥമാക്കുന്നത് നമസ്കാരമല്ല.ഇവിടെ ദൈവീക കൽപനകളുടെ പൂർത്തീകരണത്തെക്കുറിച്ചും സാമൂഹികക്ഷേമത്തെക്കുറിച്ചുമാണ് സംസാരിക്കുന്നത്. നമസ്കാരത്തിന്റെ രൂപമോ സമയമോ ഒന്നും ഇവിടെ ചർച്ചയില്ല.അതിനാൽ ദൈവീക കൽപനകളുടെ സ്ഥാപനത്തെക്കുറിച്ചുള്ള കൽപനയെ നാം നമസ്കാരമാക്കിയാൽ  തെറ്റായ ഒരു

സംസാരമാണ് നാം നടത്തുന്നത്. 

ഇനി നമുക്ക 91ാമത്തെ വചനം പഠിക്കാം.

സൂറത്തു അൽമാഇദയിലെ 91ാമത്തെ വചനം അടിസ്ഥാനപരമായി "അൽ ഗംറും" "അൽമൈസറു"മായി(الخمر و الميسر) ബന്ധപ്പെട്ടതാണ്.ഇതിന്റെ മുമ്പത്തെ വചനത്തിൽ "അൽ-ഗംറും" "അൽ-മൈസറും"അൽ- അൻസ്വാബും,""അൽ അസ്ലാമു" മെല്ലാം പൈശാചിക പ്രവർത്തനങ്ങളുടെ മ്ലേച്ഛതകളാണെന്ന പറയുന്നു. അതായത് അവയെല്ലാം വിപരീത ഫലമാണ് നൽകുന്നത് എന്നു സാരം.അതുകൊണ്ട് അവയെല്ലാം ഉപേക്ഷിക്കുക എങ്കിൽ നിങ്ങൾ വിജയിക്കും. ആ വചനം ഒന്നു നോക്കൂ.:-

يَا أَيُّهَا الَّذِينَ آمَنُوا إِنَّمَا الْخَمْرُ وَالْمَيْسِرُ وَالْأَنصَابُ وَالْأَزْلَامُ رِجْسٌ مِّنْ عَمَلِ
الشَّيْطَانِ فَاجْتَنِبُوهُ لَعَلَّكُمْ تُفْلِحُونَ ﴿٩٠﴾

"യാ അയ്യുഹല്ലദീന ആമനൂ ഇന്നമൽ ഗംറു വൽമൈസിറു വൽ അൻസാബു,വൽ അസ്ലാമു രിജ്സുൻ മ്മിൻ അമലിശ്ശൈത്താനി ഫജ്തനിബൂഹു ലഅല്ലകും തുഫ്ലിഹൂൻ"

"ഓ മുഅമിനുകളെ,പൈശാചിക പ്രവർത്തനങ്ങളിൽ നിന്നും ഉണ്ടാകുന്ന അഴുക്കുകളാണ്,അൽ-ഗംറും,അൽമൈസിറും, അൽ-അൻസ്വാബും ,അൽ-അസ്ലാമുമെല്ലാം നിങ്ങൾ വിജയിക്കുന്നതിനുവേണ്ടി അവയെല്ലാം ഒഴിവാക്കുക"
ഇതിനു ശേഷം പരമകാരുണികൻ പറയുന്നു.:-

إِنَّمَا يُرِيدُ الشَّيْطَانُ أَن يُوقِعَ بَيْنَكُمُ الْعَدَاوَةَ وَالْبَغْضَاءَ فِي الْخَمْرِ
وَالْمَيْسِرِ وَيَصُدَّكُمْ عَن ذِكْرِ اللَّهِ وَعَنِ الصَّلَاةِ ۖ فَهَلْ أَنتُم مُّنتَهُونَ ﴿٩١﴾

“ഇന്നമാ യുരീദു ശ്ശൈത്താനു അൻയൂഖിഅ ബൈനക്കുമുൽ അദാവത വൽബഗ്ളാ അ ഫിൽ -ഗംരി,വൽ മൈസിരി വയസുദ്ദക്കും അൻദികിരില്ലാഹി വഅനിസ്സ്വലാ ത്തി ഫഹൽ അൻതും മുൻതഹുൻ"

"പിശാച് ആഗ്രഹിക്കുന്നത്,അൽ-ഗംറിലും,അൽ-മൈസിറിലും നിങ്ങൾ തമ്മിൽ വിദ്വേഷവും ശത്രുതയും ഉളവാക്കുവാനും,ദൈവീക കൽപനയിൽ നിന്നും അവന്റെ സ്മരണയിൽ നിന്നും നിങ്ങളെ തടയുവാനുമാണ്. നിങ്ങൾ വിലക്കുന്നവരാകാൻ പോകുകയാണോ?”

ഈ ആയത്തിലും നമസ്കാരത്തിന്റെ രൂപം വിശദീകരിച്ചിട്ടില്ല എന്ന കാര്യം ഒന്നു ശ്രദ്ധിക്കൂ.കൂടാതെ പിശാചിന്റെ ഉദ്ദേശത്തെക്കുറിച്ച് താക്കീതു ചെയ്യുകയും ചെയ്യുന്നു. അവൻ നിന്നെ സ്വലാത്തിൽ നിന്നും തടയുന്നതിനെ കരുതിയിരിക്കാനും കല്പിക്കുന്നു.
ഇവിടെ സ്വലാത്തിന് നമസ്കാരം എന്ന് പരിഭാഷപ്പെടുത്താൻ കാരണം നമ്മുടെ മന

സ്സിലുള്ള മുൻധാരണ വെച്ചാണ്.രണ്ടാമതായി ദൈവ സ്മരണയോടു ബന്ധപ്പെടുത്തിയാണ് സ്വലാത്ത് പറഞ്ഞിട്ടുള്ളത്.ഈ വചനത്തിനു പിറകെ أَطِيعُوا اللَّهَ و أَطِيعُوا الرَّسُول و احْذَرُوا (അല്ലാഹുവിനെ അനുസരിക്കുകയും ദൂതനെ അനുസരിക്കുകയും നിങ്ങൾ ശ്രദ്ധാലുക്കളാവുകയും ചെയ്യുക)എന്നാണ് പറഞ്ഞിട്ടുള്ളത്. ഇതിൽനിന്നും വളരെ വ്യക്തമാണ് മുകളിലെ വചനം ദൈവത്തെ അനുസരിക്കുകയും പ്രവാചകനെ അനുസരിക്കുകയും ചെയ്യലുമായി ബന്ധപ്പെട്ടതാണ് എന്ന്. അതായത് ദൈവീക കൽപയിലധിഷ്ഠിതമായ അച്ചടക്കം പാലിക്കാനാണ് ദൈവം കൽപിക്കുന്നത്. ആ അച്ചടക്കത്തിന്റെ ഉത്തരവാദിത്തം പ്രവാചകനാണ് കയ്യാളുന്നത്. വിപരീത തീരുമാനങ്ങൾ പരിഷ്കരണ പദ്ധതികളെ തകിടം മറിക്കും അതായത് പിശാചിന്റെ കാലടികളെ പിന്തുടരൽ. ദൈവീക കൽപനകൾ മാത്രമെ ശരിയായ പാതയിലേക്ക് നിന്നെ തിരിച്ചുവിടുകയൊള്ളൂ.

ഇനി നമുക്ക് സൂറത്ത് അൽ-മാഇദയിലെ 106ാം വചനം പഠിക്കാം.:-

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ شَهَـٰدَةُ بَيْنِكُمْ إِذَا حَضَرَ أَحَدَكُمُ ٱلْمَوْتُ حِينَ
ٱلْوَصِيَّةِ ٱثْنَانِ ذَوَا عَدْلٍ مِّنكُمْ أَوْ ءَاخَرَانِ مِنْ غَيْرِكُمْ إِنْ أَنتُمْ
ضَرَبْتُمْ فِى ٱلْأَرْضِ فَأَصَـٰبَتْكُم مُّصِيبَةُ ٱلْمَوْتِ ۚ تَحْبِسُونَهُمَا مِنۢ
بَعْدِ ٱلصَّلَوٰةِ فَيُقْسِمَانِ بِٱللَّهِ إِنِ ٱرْتَبْتُمْ لَا نَشْتَرِى بِهِۦ ثَمَنًا وَلَوْ كَانَ
ذَا قُرْبَىٰ ۙ وَلَا نَكْتُمُ شَهَـٰدَةَ ٱللَّهِ إِنَّآ إِذًا لَّمِنَ ٱلْـَٔاثِمِينَ ﴿١٠٦﴾

“യാ അയ്യുഹല്ലദീന ആമനൂ ശഹാദതു ബൈനിക്കും ഇദാ ഹളറ അഹദകുമുൽ മൗത്തു ഹീന അൽവസിയ്യത്തി ഇസ്നാനി ദവാ അദലിൻമിൻകും, ഔ ആഖറാനി മിൻഗയ് രിക്കും,ഇൻ അൻതും ളറബ്തും ഫിൽ അർളി ഫഅ സ്വാബത്തുക്കും മുസ്വീബത്തുൽ മൗത്തി തഹ്ബിസൂനഹുമാ മിൻ ബഅദിസ്സ്വലാത്തി ഫയുഖ്സിമാനി ബില്ലാ ഹി ഇനിർതബ്തും ലാ നശ്തരീ ബിഹീ സമനൻ കലീലൻ വലൗ കാന ദാഖുർബാ വലാ നക്തുമു ശഹാ ദതല്ലാഹി ഇന്നാ ഇദൻ ല്ലമിനൽ ആസിമീൻ"

“വിശ്വസിച്ചവരെ , നിങ്ങളിൽ ഒരാൾക്ക് മരണമടുത്താൽ ഉപദേശം നൽകുന്ന വേളയിൽ നിങ്ങൾക്കു മദ്ധ്യേ സാക്ഷ്യം വഹിക്കേണ്ടത് നിങ്ങളിൽ നിന്നും രണ്ട് ന്യായാധിപരന്മാരാകുന്നു. അല്ലെങ്കിൽ നിങ്ങൾ യാത്രയിലാണെങ്കിൽ നിങ്ങൾ മരണത്തിന്റെ വല്ല വിപത്തുകളും അഭിമുഖീകരിക്കുകയുമാണെങ്കിൽ മറ്റുള്ളവരിൽ നിന്നും രണ്ടു സാക്ഷികൾ.അവർ സ്വലാത്തിനു ശേഷം നിങ്ങൾ തടഞ്ഞുവെക്കുന്നവരും നിങ്ങൾ സംശയിച്ചാൽ,ബന്ധക്കാരനായാൽ പോലും ഇതിനു യാതൊരു വിലയും വാങ്ങുകയില്ലെന്നും, അല്ലാഹുവിന്റെ സാക്ഷ്യം മറച്ചുവെക്കുകയില്ലെന്നും,അപ്പോൾ തീർച്ചയായും ഞങ്ങൾ അക്രമികളിൽ പെട്ടവർ തന്നെയാകുമെന്നും,അല്ലാഹുവിനാൽ സത്യംചെയ്യു

ഇവിടെ ചില കാര്യങ്ങൾ നാം ശ്രദ്ധിക്കണം.അതായത് ആരാണ് ഈ "ദവാ അദ്ൽ"ذَوَا عَدل" ? ഈ "മിൻകും "(مِنْكُم) എന്നു പറഞ്ഞതുകൊണ്ടും,ഗൈറുക്കും (غَيْركُم) എന്നു പറഞ്ഞതുകൊണ്ടും എന്താണ് അർത്ഥമാക്കുന്നത്? അതുപോലെ " ബഅദ അസ്സ്വലാത്ത് "-بَعْد الصَّلاة എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്.?

പ്രാദേശികമായുള്ളവർ വിൽപ്പത്രം തയ്യാറാക്കുകയാണെങ്കിൽ വിശ്വാസികളിൽ നിന്നാണ് സാക്ഷി നിൽക്കേണ്ടത് എന്നത് "മിൻകും" എന്ന പ്രയോഗത്തിൽ നിന്നും വ്യക്തമാണ്.എന്നാൽ <u>ഗൈറുക്കും</u> എന്നു പറഞ്ഞതുകൊണ്ടു ഉദ്ദേശിക്കുന്നത് അമുസ്ലിംകളെയാണോ?അതിൽ തന്നെ നിരീശ്വരവാദികൾ പെടുമോ? ശത്രുക്കളായ സമൂഹത്തിൽ നിന്നും സാക്ഷികളാക്കാൻ പറ്റുമോ?ഇത് അസ്വീകാര്യമായിട്ടാണ് തോന്നുന്നത്.അവർ ഏതു അല്ലാഹുവിലാണ് സാക്ഷ്യം വഹിക്കുന്നത്?ഒരുശത്രു രാജ്യത്തുകൂടി യാത്രചെയ്യുമ്പോൾ ശത്രുക്കളായ ആളുകളിൽ നിന്നും എങ്ങിനെയാണ് സാക്ഷിയായി നിയമിക്കുന്നത്? ആവശ്യമായി വരുന്ന സമയത്ത് അവരെ സാക്ഷിക്ക് വിളിക്കാൻ പറ്റുമോ?അവർ ശത്രുക്കളായിരിക്കെ എങ്ങിനെ നമ്മുടെ പ്രദേശത്ത് പ്രവേശിക്കും.? ഒരു ശത്രുവിനെ സാക്ഷ്യത്വത്തിന് ആശ്രയിക്കുക എന്നു പറയുന്നത് അസാധ്യമാണ് .അതുകൊണ്ടു അവരും വിശ്വാസികൾ തന്നെയാണ്. പക്ഷെ അവർ മറ്റൊരു ഭൂപ്രദേശത്തുള്ളവരാണ്. വിൽപ്പത്രം തയ്യാറാക്കുന്നവർ മറ്റൊരു ഭൂപ്രദേശത്തു താമസിക്കുന്നവരാകാം എന്നാണ്.സക്ഷിയായി എപ്പോൾ ആവശ്യം വന്നാലും വിളിക്കാൻ കഴിയണം.

രണ്ടാമതായി,ചർച്ച ചെയ്യാനുള്ളത് ഈ വചനത്തിലെ അസ്സ്വലാത്ത് എന്നത്കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്.ന്യായാധിപന്മാരായ അംഗങ്ങൾ അവരുടെ ന്യായ വിധികൾ നടപ്പാക്കി കഴിഞ്ഞ ശേഷം എന്നാണ് ഉദ്ദേശിക്കുന്നത്."ദവാ അദ്ൽ" എന്നതുകൊണ്ട ന്യായാധിപന്മാരായ ഉദ്യോഗസ്ഥന്മാരാണ്. ഇവർ വരാനിരിക്കുന്ന കാര്യങ്ങൾക്കു ഉപായം കണ്ടെത്തുകയും നിയപരമായ തീരുമാനങ്ങൾ എടുക്കുകയുംവേണം . അവരുടെ നിത്യജോലിയായ ന്യായ വിധികൾ നടത്തുക എന്നത് അവസാനിപ്പിച്ച ശേഷമാണ് ഈ രണ്ടു ന്യായാധിപന്മാരായ ഉദ്യോഗസ്ഥന്മാരെ സാക്ഷികളായി നിയമിക്കേണ്ടത്.ഇന്നത്തെ കോടതികൾ പോലെ.
അപ്പോൾ "ദവാ അദ്ൽ" എന്നതുകൊണ്ടു ഉദ്ദേശിക്കുന്നത് കോടതിയുമായി ചേർക്കപ്പെട്ട ഉദ്യോഗസ്ഥന്മാരെയാണ് . “മിൻകും"എന്നതുകൊണ്ട് നിങ്ങളുടെ സ്വന്തം നാട്ടുകാർ. ഗൈറുക്കും എന്നതുകൊണ്ടു ഉദ്ദേശിക്കുന്നത് വിശ്വാസികളെത്തന്നെയാണ് . പക്ഷെ നിങ്ങളുടെ പ്രദേശത്തുകാരല്ല.മറിച്ച് നീ യാത്ര ചെയ്യുന്ന ആ പ്രദേശത്തുകാർ . അസ്സ്വലാത്ത് എന്നതുകൊണ്ട് ന്യായാധിപരെന്ന നിലക്കുള്ള അവരുടെഉത്തരവാദിത്ത്വങ്ങൾ.

# അധ്യായം " അൽ- അൻആം"

സൂറത്ത് അൽ-അൻആം 91 ഉം 92 ഉം വചനങ്ങൾ വേദക്കാരേയും വിശ്വാസികളെ യും തമ്മിൽ താരതമ്യം ചെയ്യുകയാണ് ചെയ്യുന്നത്.ദൈവീക കൽപനകളോട് വേ ദക്കാർ കാണിച്ച മനോഭാവം വളരെ വ്യക്തമാക്കുന്നു. പ്രസ്തുത കൽപനകളോട് വിശ്വാസികൾക്ക് ഉണ്ടായിരിക്കേണ്ട കാര്യങ്ങളും വ്യക്തമാക്കുന്നു. പരമകാരുണിൻ പറയുന്നു.

وَمَا قَدَرُوا۟ ٱللَّهَ حَقَّ قَدْرِهِۦٓ إِذْ قَالُوا۟ مَآ أَنزَلَ ٱللَّهُ عَلَىٰ بَشَرٍ مِّن شَىْءٍ ۗ قُلْ مَنْ
أَنزَلَ ٱلْكِتَـٰبَ ٱلَّذِى جَآءَ بِهِۦ مُوسَىٰ نُورًا وَهُدًى لِّلنَّاسِ ۖ تَجْعَلُونَهُۥ
قَرَاطِيسَ تُبْدُونَهَا وَتُخْفُونَ كَثِيرًا ۖ وَعُلِّمْتُم مَّا لَمْ تَعْلَمُوٓا۟ أَنتُمْ وَلَآ ءَابَآؤُكُمْ ۖ
قُلِ ٱللَّهُ ۖ ثُمَّ ذَرْهُمْ فِى خَوْضِهِمْ يَلْعَبُونَ ﴿٩١﴾

വമാ ഖദറുല്ലാഹ ഹക്ക ഖദ് രിഹീ ഇദ് ഖാലൂ മാ അൻസലല്ലാഹു അലാ ബഷരി ൻമിൻ ശൈഇൻ ഖുൽ മൻ അൻസല അൽകിതാബ  അല്ലദീ ജാഅ ബിഹീ മൂസാ നൂറൻ വഹുദൻ ല്ലിന്നാസി തജ്അലൂനഹൂ ഖറാതീസ തുബ്ദൂനഹാ വതുഗാഫൂനകസീ റൻ വ ഉല്ലിംത്തും മ്മാലം തഅലമൂ അൻതും വലാ ആബാഉക്കും,ഖുലില്ലാഹു സുമ്മ ദർഹും ഫീ ഗൗളിഹിം യൽഅബൂൻ"

"ദൈവം ഒരു മനുഷ്യന്റെ മേലിലും യാതൊന്നും ഇറക്കിയിട്ടില്ല എന്ന് അവർ പറ ഞ്ഞപ്പോൾ അവർ അല്ലാഹുവിനെ അവൻ അർഹിക്കുന്ന വിലയിരുത്തൽ അവർ വി ലയിരുത്തിയില്ല.  നീ ചോദിക്കുക ഒരു വെളിച്ചവും,മനുഷ്യർക്കുള്ളൊരു മാർഗ്ഗനിർദ്ദേ ശവുമായി മൂസാ കൊണ്ടുവന്നതും നിങ്ങൾ പലകഷ്ണങ്ങളാക്കി വിഭജിച്ച് ,ചിലത് വെ ളിപ്പെടുത്തുകയും,പക്ഷെ അധികവും മറച്ചുവെക്കുന്നതുമായ ആ വേദം ഇറക്കിയത് ആരാണ്?നിങ്ങൾക്കും നിങ്ങളുടെ പിതാക്കൾക്കും അറിയാതിരുന്നത്   നിങ്ങൾക്ക് പഠിപ്പിക്കപ്പെട്ടിട്ടുമുണ്ടല്ലോ? നീ പറയുക ,അതാണ് അല്ലാഹു. എന്നിട്ട് അവരുടെ ബാ ലിശമായ പെരുമാറ്റത്തിൽ അവരെ വിട്ടേക്കുക"

ഇതിനു നേരെ വിപരീതമായി കൊണ്ട് മുഅമിനുകളെ പരിചയപ്പെടുത്തുന്നു.പരമകാ രുണികൻ സൂറത്ത് അൽ-അൻആം 92ാം വചനത്തിൽ പറയുന്നു.:-

وَهَـٰذَا كِتَـٰبٌ أَنزَلْنَـٰهُ مُبَارَكٌ مُّصَدِّقُ ٱلَّذِى بَيْنَ يَدَيْهِ وَلِتُنذِرَ أُمَّ ٱلْقُرَىٰ
وَمَنْ حَوْلَهَا ۚ وَٱلَّذِينَ يُؤْمِنُونَ بِٱلْـَٔاخِرَةِ يُؤْمِنُونَ بِهِۦ ۖ وَهُمْ عَلَىٰ صَلَاتِهِمْ
يُحَافِظُونَ ﴿٩٢﴾

വഹാദാ കിതാബുൻ  അൻസൽനാഹു മുബാറകുൻ മുസ്വദ്ദിക്കുല്ലദീ ബൈന യദൈ ഹി വലി തുൻദിറ ഉമ്മൽ ഖുറാ

വമന ഹൗലഹാ വല്ലദീന യുഅമിനൂന ബിൽ  ആഖിറത്തി യുഅമിനൂന ബിഹീ വഹും അലാ സ്വലാ ത്തിഹിം

“ഇതും നാം ഇറക്കിയതും അനുഗ്രഹീതവും, അതിന്റെ മുമ്പിലുള്ളതിനെ സത്യപ്പെടു ത്തുന്നതും നീ അതുമുഖേന ഉമ്മുൽകുറയെയും അതിന്റെ ചുറ്റുപാടിലുള്ളവരെയും താക്കീ തു നൽകേണ്ടതിനും,വേണ്ടിയുള്ള ഗ്രന്ഥമാകുന്നു. അന്തിമ ജീവിതത്തിൽ വിശ്വസി ക്കുന്ന ഏവരും ഈ ഗ്രന്ഥത്തിലും വിശ്വസിക്കുന്നു.അവർ അവരുടെ സ്വലാത്ത് സംര ക്ഷിക്കുന്നവരുമാണ്.”

വേദക്കാരുടെ മനോഭാവങ്ങൾ എന്തെല്ലാമാണെന്നു നമുക്കൊന്നു നോക്കാം.

1. ദൈവീക ഗ്രന്ഥത്തെ കഷ്ണങ്ങളാക്കി വിഭജിക്കുന്നു.
2. ചിലത് വെളിപ്പെടുത്തുകയും അധികവും മറച്ചുവെക്കുന്നു.
3. അതിനെ വിനോദവും,സമയംപോക്കായും,കളിയായും ആക്കുന്നു.

ഇതിനു നേരെ വിപരീതമായി മുഅമിനുകളെ പരിചയപ്പെടുത്തുന്നു.

1. ദൈവീക ഗ്രന്ഥത്തെ സത്യപ്പെടുത്തുന്നു.
2. അതിന്റെ വിശ്വാസികളായി മാറുന്നു.
3. അവരുടെ സ്വലാത്ത് സംരക്ഷിക്കുന്നു-വേദക്കാരെപ്പോലെ കഷ്ണങ്ങ ളാക്കി വിഭജിക്കില്ല.

വേദക്കാർ എന്താണ് കഷ്ണങ്ങളാക്കി വിഭജിച്ചിരുന്നതെന്നും,മുഅമിനുകൾ എന്താണ് സംരക്ഷിച്ചിരുന്നതെന്നും നിങ്ങൾക്കു തന്നെ ഊഹിച്ചാൽ മനസ്സിലാകും.?അതേ കാ ര്യം തന്നെയാണ് സ്വലാത്ത്.

സൂറത്ത് അൽ-അൻആമിൽ മറ്റൊരു സ്ഥലത്തുകൂടി അസ്സ്വലാത്ത് എന്ന പദം വന്നി ട്ടുണ്ട്.മുമ്പത്തെ വചനത്തിന്റെ തുടർച്ചയായിക്കൊണ്ടാണ് 72ാമത്തെ വചനത്തിൽ ഈ പദം വന്നിട്ടുള്ളത്. പ്രവാചകനോട് പരമകാരുണികൻ കല്പിക്കുന്നു.

قُلْ إِنَّ هُدَى اللّهِ هُوَ الْهُدَى وَأُمِرْنَا لِنُسْلِمَ لِرَبِّ الْعَالَمِين

“ഖുൽ ഇന്ന ഹുദല്ലാഹി ഹുവൽഹുദാ വഉമിർനാ ലിനുസ്ലിമ ലി റബ്ബിൽ ആലമീൻ"

“നീ പ്രഖ്യാപിക്കുക: അല്ലാഹുവിന്റെ മാർഗ്ഗനിർദ്ദേശം അതുതന്നെയാണ് സത്യമായ മാർഗ്ഗ നിർദ്ദേശം. നാം സർവ്വലോക രക്ഷിതാവിനുവേണ്ടി സുരക്ഷ ഉറപ്പുവരുത്തു ന്നവരായിത്തീരാനും കൽപിക്കപ്പെട്ടിരിക്കുന്നു.”

وَأَنْ أَقِيمُوا۟ ٱلصَّلَوٰةَ وَٱتَّقُوهُ ۚ وَهُوَ ٱلَّذِىٓ إِلَيْهِ تُحْشَرُونَ ﴿٧٢﴾

“വ അൻ അഖീമു അസ്സ്വലാത്ത വത്തഖൂഹു വഹുവല്ലദീ ഇലൈഹി തുഹ്ശറൂൻ"

“ ദൈവീക കൽപനകൾ സ്ഥാപിച്ചെടുക്കാനും ആ കല്പനകളെ സൂക്ഷിക്കുന്നവരായി കഴിയുവാനും .നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുന്നത് അവനിലേക്കു തന്നെയാണെന്നും.”

ഈ വചനത്തിൽ "നുസ്ലിമ "എന്ന പദത്തിനു നാം സുരക്ഷ ഉറപ്പുവരുത്തുന്നവരായി

ത്തീരാനും എന്നാണ് വ്യാഖ്യാനിച്ചിട്ടുള്ളത്. ഈ പദം "അഫ്അല " എന്ന വിഭാഗ ത്തിൽ വരുന്ന പദമാണ് .അതായത് മറ്റൊരാളിൽ പ്രതിഫലനമോ,സ്വാധീനമോ ഉ ണ്ടാക്കുന്ന അർത്ഥമാണ് ഇത്തരം ക്രിയകൾക്കു വരിക.ഇത് നാം മുമ്പ് പറഞ്ഞിട്ടുണ്ട ല്ലോ. മുസ്ലിം എന്ന പദം അഫ്അല എന്നതിന്റെ കർത്തൃ നാമമായി വരുന്നതാണ് .അതിനർത്ഥം മറ്റുള്ളവരിലേക്ക് തന്റെ ഗുണങ്ങൾ എത്തിക്കുക എന്നതാണ്. അതു പോലെ " നസ്ലിമു "എന്ന ക്രിയയും "അഫ്അല" എന്നതിൽ നിന്നും ഉണ്ടായതാണ് .അപ്പോൾ അതുകൊണ്ട് അർത്ഥമാക്കുന്നത് "മറ്റുള്ളവർക്കു സുരക്ഷ നല്കുക" അല്ലെങ്കി ൽ "മറ്റുള്ളവർക്കു സുരക്ഷ ഉറപ്പാക്കുക" എന്നെല്ലാമാണ്. ഈ സുരക്ഷ ഉറപ്പാക്കണെ മെങ്കിൽ ദൈവീക കൽപനകൾ നടപ്പിൽ വരുത്തൽ അത്യാവശ്യമാണല്ലോ? . എ ന്നാൽ ഈ ആധുനിക കാലത്ത് പള്ളികളിൽ നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾവരെ പരസ്പരം വളരെ ക്രൂരമായി ബോംബിംഗ് നടത്തികൊണ്ടിരിക്കുകയാണല്ലോ? അതു കൊണ്ടു തന്നെ ഈ പാരമ്പര്യ നമസ്കാരം കൊണ്ട് ഒരിക്കലും സുരക്ഷയും സമാധാന വും ആ നമസ്കാരം തുടർന്നുപോരുന്നവരിൽ വരെ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടില്ല എന്നതല്ലേ സത്യം.ദൈവീക കൽപനകളുടെ സ്ഥാപനം കൊണ്ടു മാത്രമെ മുഅമിനി (സമാധാനം ഉറപ്പുവരുത്തുന്നവനെ)നെയും.മുസ്ലിമിനെ(സുരക്ഷ ഉറപ്പുവരുത്തുന്നവനെ യും )ഉണ്ടാക്കിത്തീർക്കാൻ കഴിയൂ. ഈ വചനം മുമ്പ് നാം ചർച്ച ചെയ്തിട്ടുണ്ട ല്ലോ?

# അധ്യായം" അ-ത്തൗബ"

സൂറത്ത് അ-ത്തൗബ 5ാം വചനത്തിൽ പരമകാരുണികൻ കൽപിക്കുന്നു.

﴿ فَإِن تَابُوا وَأَقَامُوا الصَّلَاةَ وَآتَوُا الزَّكَاةَ فَخَلُّوا سَبِيلَهُمْ ۚ إِنَّ اللَّـهَ غَفُورٌ رَّحِيمٌ

"ഫഇൻ താബൂ വഅഖമൂ അ-സ്സ്വലാത്ത വ ആതുസ്സക്കാത്ത ഫഗല്ലൂ സബീലഹും ഇന്നല്ലാഹ ഗഫൂറുൻ റഹീം"

"അവർ അവരുടെ നാട്ടുനടപ്പുകൾ ഒഴിവാക്കി മടങ്ങിവരുകയും അഖാമ അ-സ്സ്വലാത്തും ഈതാഉസ്സക്കാത്തും എന്ന കർത്തവ്യം നിർവ്വഹിക്കുകയും ,ചെയ്താൽ അവർ ദീനിൽ നിങ്ങളുടെ സഹോദരങ്ങളാണ്."

മുശ്രിക്കുകളായ ആളുകൾ അഖാമ അസ്സ്വലാത്തും,ആതസ്സക്കാത്തും എന്ന നല്ല കാര്യങ്ങൾ ചെയ്താൽ അവർക്കെതിരെ മുഅമിനുകളിൽ നിന്നും ഒരു നപടിയും എടുക്കാൻ പാടില്ല എന്നാണ് പറയുന്നത്.മാത്രമല്ല മുഅമിനുകളുടെ ദീനിലെ(ആശയം)സഹോദരങ്ങളായി കണക്കാക്കുകയും ചെയ്യണം.ഈ ഒരു തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ , അഖാമസ്സ്വലാത്ത എന്ന കർത്തവ്യം നിർവ്വഹിക്കുകയും,ഈതാഉസ്സക്കാത്ത് നിർവ്വഹിക്കുകയും ചെയ്യുന്നവർക്കെതിരിൽ ഒരു ശിക്ഷാ നടപടിയും സ്വീകരിക്കാൻ പാടില്ല.ഒരു നമസ്കരിക്കുന്നവൻ നിയമലംഘനം നടത്തിയാൽ ഇതുപോലുള്ള ഒരു കാര്യത്തിന് വിധേയനാകുമോ?

ഒരു നമസ്കരിക്കുന്നവൻ കൊലനടത്തുകയോ, കളവുനടത്തുകയോ ,ചെയ്താൽ അവൻ നമസ്കരിക്കുന്നവനും സകാത്ത് കൊടുക്കുന്നവനും ആയി എന്നതുകൊണ്ട് അവനെ വെറുതെ വിടാൻ സാധ്യതയില്ല .ഒരു നമസ്കരിക്കുന്നവന്റെ നമസ്കാരം അവനെശിക്ഷാ നടപടികളിൽ നിന്നും രക്ഷിക്കുന്നില്ലെങ്കിൽ സ്വലാത്ത്,നമസ്കാരം അല്ല എന്നുറപ്പാണ്.കാരണം സ്വലാത്തിന്റെ നടത്തിപ്പുകാർ തന്നെ അത് നടപ്പാക്കാൻ ഉത്തരവാദപ്പെട്ടവരും നിയമലംഘനം നടത്താത്തവരുമായിരിക്കണം. ദൈവീക നിയമങ്ങളിലധിഷ്ഠിതമായ അച്ചടക്കം അവർ സ്വമേധയാ തന്നെ പിന്തുടരുന്നവരായിരിക്കുകയും നിയമലംഘനത്തിന് വിധേയരല്ലാത്തവരുമായിരിക്കും.ഒരുവേള ആരെങ്കിലും നിയമലംഘനം നടത്തിയാൽ അവൻ സ്വലാത്തിന്റെ നടത്തിപ്പുകാർ എന്നു വിളിക്കപ്പെടുന്നവരിൽ നിന്നും പുറത്തായിരിക്കും.

എന്തുകൊണ്ട് സ്വലാത്തും സകാത്തും നിർവ്വഹിക്കുന്നവനെ സഹോദരനായി കണക്കാക്കണമെന്നും ഒരു നിയമനടപടിയും സ്വീകരിക്കരുതെന്നും പറഞ്ഞു എന്നുചോദിച്ചാൽ ,അവൻ നിയമം മുറിച്ചുകടക്കില്ല, പകരം ദൈവീക വിധികൾ നടപ്പാക്കാൻ ചുമതല വഹിക്കുന്നവനായിരിക്കും..അതുപോലെ അവൻ ദൈവീക മാർഗ്ഗ നിർദ്ദേശം

പ്രചരിപ്പിക്കുന്നവനായിരിക്കുകയും ചെയ്യും. അവൻ ഒരു മനുഷ്യനിർമ്മിത നിയമങ്ങളെ ദൈവീക നിയമങ്ങളുമായി കൂട്ടിച്ചേർക്കില്ല.എന്നു പറഞ്ഞാൽ അവൻ മുശ് രിക്ക് അവുകയില്ല എന്ന് അർത്ഥം. സൂറത്ത് അർറൂമിലെ 31ാം വചനത്തിൽ ആരാണ് മുശ് രിക്ക് എന്ന് പരമകാരുണികൻ വിശദീകരിക്കുന്നുണ്ട്.ആര് തന്റെയും പൂർവ്വീകരുടെയും ചിന്തകൾ ദൈവീക മാർഗ്ഗനിർദ്ദേശത്തോടു ചേർക്കുന്നുവോ അവനാണ് മു ശ് രിക്ക് .അത് പൂർവ്വീകരുടെ പേരും പറഞ്ഞുകൊണ്ട് ആയിരക്കണക്കിനു വിഭാഗങ്ങളും ആരാധനകളും ഉണ്ടാക്കിത്തീർക്കാൻ കാരണമാകുന്നു.

സൂറത്തു അത്തൗബ പതിനെട്ടാമത്തെ വചനത്തിലും സ്വലാത്ത് എന്ന പദം വന്നിട്ടുണ്ട്.പക്ഷെ അതിന്റെ ശരിയായ വിശദീകരണം മനസ്സിലാകണമെങ്കിൽ 17ാമത്തെ വചനം കൂടി പഠിക്കണം. ഈ വചനങ്ങളിലെ "മസാജിദുല്ലാഹ" എന്നതും മനസ്സിലാക്കണം. പരമകാരുണികൻ കല്പിക്കുന്നു.:-

مَا كَانَ لِلْمُشْرِكِينَ أَن يَعْمُرُوا۟ مَسَٰجِدَ ٱللَّهِ شَٰهِدِينَ عَلَىٰٓ أَنفُسِهِم بِٱلْكُفْرِ ۚ أُو۟لَٰٓئِكَ حَبِطَتْ أَعْمَٰلُهُمْ وَفِى ٱلنَّارِ هُمْ خَٰلِدُونَ ﴿١٧﴾

إِنَّمَا يَعْمُرُ مَسَٰجِدَ ٱللَّهِ مَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ وَأَقَامَ ٱلصَّلَوٰةَ وَءَاتَى ٱلزَّكَوٰةَ وَلَمْ يَخْشَ إِلَّا ٱللَّهَ ۖ فَعَسَىٰٓ أُو۟لَٰٓئِكَ أَن يَكُونُوا۟ مِنَ ٱلْمُهْتَدِينَ ﴿١٨﴾

" മാകാന ലിൽ മുശ്രിക്കീന അൻയഅമുറൂ മസാജിദുല്ലാഹി ശാഹിദീന അലാ അ ൻഫുസിഹിം ബിൽ കുഫ്രി. ഉലാഇക്ക ഹബിതത്ത് അഅമാലുഹും വഫിന്നാരിഹും ഗാലിദൂൻ .ഇന്നമാ യഅമുറു മസേജിദല്ലാഹി മൻ ആമന ബില്ലാഹി വൽ യൗമിൽ ആഖിരി വഅഖാമസ്സ്വലാത്ത വആതസ്സക്കാത്ത വലം യഗ്ശ ഇല്ലല്ലാഹ ഫ അസാ ഉലാഇക്ക അൻയകൂനൂ മിനൽ മുഹ്തദീൻ"

"മുശ് രിക്കുകൾക്ക് അവർ  അവരുടെ ജനങ്ങൾക്ക് കുഫ്റി(നിഷേധം,അവിശ്വാസം) ന്  സ്വയം സാക്ഷികളായിക്കൊണ്ട് അല്ലാഹുവിന്റെ മസാജിദുകൾ  സ്ഥാപിക്കാൻ കഴിയില്ല. അവർ അവരുടെ പ്രവർത്തനങ്ങൾ വിഫലമാണെന്ന് തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ദൈവീക കൽപനകളിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ മാത്രമാണ് ദൈവത്തിന്റെ മസാജിദുകൾ തങ്ങളുടെ ജീവിതത്തിൽ സ്ഥാപിക്കുക . അവയെ അവർ സ്ഥാപിക്കുകയും സമൃദ്ധിയും ക്ഷേമവും മനുഷ്യർക്ക് ഉറപ്പുകൊടുക്കുകയും, ദൈവീക കൽപനകളെയല്ലാതെ അവർ ഭയപ്പെടുകയുമില്ല. അവർ ദൈവീക മാർഗ്ഗനിർദ്ദേശം ലഭിച്ചവരിൽ പെടാൻ ആഗ്രഹിച്ചിട്ടുമുണ്ട്"

സൂറത്തു അത്തൗബയുടെ ആദ്യത്തെ 28 വചനം മുശ്രിക്കുകൾ പ്രവാചകന്റെ മുമ്പിൽ അദ്ദേഹത്തിനെതിരിൽ നടത്തിയ തുറന്ന യുദ്ധത്തെക്കുറിച്ചാണ് സംസാരിക്കുന്നത്.

ഈ കൽപനയുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഒരാൾ ചെളിപുരണ്ട് മസ്ജിദുൽ ഹറാമിന്റെ സമീപ പ്രദേശത്തേക്ക് വരരുത് എന്ന് കൽപിച്ചത്.ഈ കല്പന മുമ്പ് മുസ്ലിംകൾ എല്ലാ മുശ് രിക്കുകളിലും നടപ്പാക്കുകയും,എല്ലാവരുടെ പ്രവേശനം തടയുകയും ചെയ്തിരുന്നു.

നമ്മുടെ രണ്ടാമത്തെ തെളിവ് "മസ്ജിദ്"എന്നതാണ് .എന്താണ് അല്ലാഹുവിന്റെ മസ്ജിദുകൊണ്ട് അർത്ഥമാക്കുന്നത്.?മസ്ജിദ് എന്നത് മഫ്അൽ രൂപത്തിലും ക്രിയാവിശേഷണവുമാണ് . സമയത്തെയും സ്ഥലത്തെയുമാണ് ഇതിന്റെ മൂല അക്ഷരങ്ങൾ സൂചിപ്പിക്കുന്നത്. മസ്ജിദ് എന്നത് ദൈവീക കൽപനകൾക്ക് മുമ്പിൽ സാഷ്ടാംഗം ചെയ്യുന്ന സ്ഥലമാണ്.ഇത് നമസ്കാരത്തിലെ സുജൂദ് എന്ന അർത്ഥത്തിലെടുത്താൽ മുസ്ലിംകളുടെ ആരാധന ചെയ്യുന്ന സ്ഥലം എന്ന സങ്കൽപമാണ് നാം കൊണ്ടുവരുന്നത്. ദൈവീക കൽപനകൾക്ക് കീഴടങ്ങുക എന്ന അർത്ഥത്തിനു സജദ എന്ന പദം നാം എടുത്താൽ അപ്പോൾ മസ്ജിദുകൊണ്ടു ഉദ്ദേശിക്കുന്നത് മനുഷ്യർ കീഴടങ്ങേണ്ട ദൈവീക കൽപനകളാണ് ഉദ്ദേശിക്കുന്നത്.ഈ ഒരു രീതിയിൽ നാം കാണുമ്പോൾ ഇസ്ലാമിക സ്റ്റേറ്റിന്റെ ഭാഗമായി കഴിയുന്ന ഏതൊരു സമൂഹവും അല്ലാഹുവിന്റെ മസ്ജിദുകൾ എന്നുവിളിക്കുന്ന ദൈവീക കൽപനകൾക്ക് കീഴൊതൊങ്ങി കഴിയുന്നു സത്യത്തിൽ അന്ത്യജീവിതത്തിലും ദൈവീക കൽപനകളിലും വിശ്വസിക്കുന്ന സമൂഹത്തെ മുസ്ലിംകളുടെ വിഭാഗത്തിൽ ഉൾക്കൊള്ളിക്കണം. അവർ ദൈവീക കൽപനകൾ സ്ഥാപിക്കുകയും സമൂഹത്തിന്റെ പുരോഗതി ഉറപ്പുവരുത്തുകയും ചെയ്യുന്നു.ആ ദൈവീക കൽപനകളുടെ തകർച്ച മാത്രമെ അവർ ഭയപ്പെടുകയുള്ളൂ.അവർ ദൈവത്തിന്റെ മാർഗ്ഗ നിർദ്ദേശം കിട്ടിയ ആളുകളിൽ ഉൾപ്പെടാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

ഇനി 54ാമത്തെ വചനത്തിൽ അവിശ്വാസികളെക്കുറിച്ച് പറയുന്നു.

وَمَا مَنَعَهُمْ أَن تُقْبَلَ مِنْهُمْ نَفَقَـٰتُهُمْ إِلَّآ أَنَّهُمْ كَفَرُوا۟ بِٱللَّهِ وَبِرَسُولِهِۦ وَلَا يَأْتُونَ ٱلصَّلَوٰةَ إِلَّا وَهُمْ كُسَالَىٰ وَلَا يُنفِقُونَ إِلَّا وَهُمْ كَـٰرِهُونَ ﴿٥٤﴾

“വമാ മനഅഹും അൻതുഖ്ബല മിൻഹും നഫഖാത്തുഹും ഇല്ലാ അന്നഹും കഫറൂബില്ലാഹി വബിറസൂലിഹീ വലാ യഅ്തൂന അസ്സ്വലാത്ത ഇല്ലാ വഹും കുസാലാവലാ യുൻഫിഖൂന ഇല്ലാ വഹും കാരിഹൂൻ"

“അവർ ദൈവത്തേയും അവന്റെ ദൂതനേയും നിഷേധിച്ചു എന്നതും,താല്പര്യമില്ലാത്തവരായിട്ടല്ലാതെ അസ്സ്വലാത്തിലേക്ക് വരുന്നില്ലെന്നതും, വെറുക്കുന്നവരായിട്ടല്ലാതെ ചെലവഴിക്കുന്നതുമല്ലാതെ അവരിൽ നിന്ന് അവരുടെ ചെലവഴിപ്പുകൾ സ്വീകരിക്കപ്പെന്നതിൽ നിന്നും അവരെ തടഞ്ഞിട്ടേ ഇല്ല.”

ഇവിടെ നിഷേധികൾ ദൈവത്തിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുന്നില്ല എന്ന മാത്ര മല്ല സ്വലാത്തിലേക്ക അത് നന്നായി നിർവ്വഹിക്കുന്നതിനുവേണ്ടി അവർ വരുന്നുമി ല്ല . ഇനി അവർ ദൈവത്തിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുകയാണെങ്കിൽ തന്നെ താ ല്പര്യമില്ലാതെയും ,ഭക്കിയില്ലാതെയും ആയിരിക്കും.അവൻ സ്വലാത്തിലേക്ക് വരുന്ന തോ അതും താല്പര്യമില്ലാതെയും ,തയ്യാറാകാതെയും ആയിരിക്കും.. അത്തരം ആളു കളുടെ ദാനങ്ങൾ സ്വീകരിക്കുകയില്ല എന്നാണ് ദൈവം പറയുന്നത്.

ഇത്തരം കപടന്മാരുടെ സ്വഭാവം 38ാം വചനം മുതൽ ആണ് അല്ലാഹ്ഹ വിവരിച്ചു തുടങ്ങിയത് .അവിടെ ഇവരുടെ സ്വഭാവമായി വിശദീകരിക്കുന്നത് അവരെ അല്ലാഹ്ഹ വിന്റെ മാർഗ്ഗത്തിലേക്ക് ക്ഷണിച്ചാൽ അവർ അലസത കാണിക്കുകയും അല്ലാഹ്ഹ വിന്റെ കല്പനയിൽ നിന്നും ഒഴിഞ്ഞുമാറാൻ ആയിരം ഒഴിവുകഴിവുകൾ പറയുകയും ചെയ്യും.അല്ലാഹ്ഹവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കാൻ പറഞ്ഞാൽ അവരുടെ അസന്തു ഷ്ടി പ്രകടിപ്പിക്കുകയും ചെയ്യും.അവിശ്വാസികളുമായി സൗഹൃദം സൂക്ഷിക്കുകയും മുഅ മിനുകളോടുള്ള താല്പര്യം പ്രകടിപ്പിക്കാൻ അവർ ശ്രമിക്കുകയും ചെയ്യും.ഇവർഎപ്പോ ഴും വിശ്വാസികൾക്ക് ഉപദ്രവം ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യും.അവർ ഈ രൂപ ത്തിലുള്ള ക്രിമിനൽ സ്വഭാവമുള്ള ആളുകളായതുകൊണ്ടു തന്നെ അവരുടെ സംഭാവ നകൾ സ്വീകാര്യവുമല്ല .മുകളിൽ പറഞ്ഞ വചനത്തിൽ ഇവരുടെ സംഭാവനകൾ സ്വീ കരിക്കാതിരിക്കാനുള്ള കാരണങ്ങൾ ഇതൊക്കെയാണ്.

1) അവർ അല്ലാഹ്ഹവിനെയും അവന്റെ ദൂതനേയും നിഷേധിക്കുന്നു(കുഫ്ർ)
2) അവർ സ്വലാത്തിനോട് വൈമുഖ്യം കാണിക്കുന്നു.
3) താല്പര്യമില്ലാതെയാണ് അവർ സംഭാവന ചെയ്യുന്നത്.

ഈ വചനത്തിൽ കപടന്മാരുടെ സ്വഭാവമാണ് വ്യക്തമാക്കുന്നത്. അവരോട് അവരു ടെ വീടുകളിൽ നിന്നും ദൈവീക മാർഗ്ഗത്തിലേക്ക് കടന്നുവരാൻ പറഞ്ഞാൽ അവർ കാരണങ്ങൾ കെട്ടിച്ചമച്ചുണ്ടാക്കും.അതായത് അല്ലാഹ്ഹവിന്റെയും ദൂതന്റെയും കൽപന കൾ അവർ നിഷേധിക്കുകയായിരിക്കും. കാരണങ്ങളുണ്ടാക്കി വഴിമാറിപ്പോകാൻ അ വർ ശ്രമിക്കുകയും ചെയ്യും.

രണ്ടാമത്തെ അവരുടെ കുറ്റം താല്പര്യമില്ലാതെ നിർബന്ധത്തിനു വഴങ്ങിയാണ് അവ ർ സംഭാവന നൽകുന്നത് എന്നതാണ്.അതിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗവും അവർ ചമച്ചുണ്ടാക്കും. കപടന്മാരെക്കുറിച്ച് വിശദമായി സൂറത്തു അന്നിസാ 142 ാം വചനത്തിൽ വിശദീകരിച്ചിട്ടുണ്ട്.

സൂറത്ത് അത്തൗബ 71ാം വചനത്തിൽ പരമകാരുണികൻ വിധിക്കുന്നു.

وَٱلۡمُؤۡمِنُونَ وَٱلۡمُؤۡمِنَٰتُ بَعۡضُهُمۡ أَوۡلِيَآءُ بَعۡضٖۚ يَأۡمُرُونَ
بِٱلۡمَعۡرُوفِ وَيَنۡهَوۡنَ عَنِ ٱلۡمُنكَرِ وَيُقِيمُونَ ٱلصَّلَوٰةَ
وَيُؤۡتُونَ ٱلزَّكَوٰةَ وَيُطِيعُونَ ٱللَّهَ وَرَسُولَهُۥٓۚ أُوْلَٰٓئِكَ سَيَرۡحَمُهُمُ
ٱللَّهُۗ إِنَّ ٱللَّهَ عَزِيزٌ حَكِيمٞ ٧١

"വൽമുഅമിനൂന വൽമുഅമിനാത്തു ബഅളുഹും ഔലിയാഉ ബഅളിൻ യഅമുറൂന ബിൽമഅറൂഫി വയൻഹൗന അനിൽമുൻകരി വയുഖീമൂന അസ്സ്വലാത്ത വയുഅ്തൂന അസ്സകാത്ത വയുത്വീഊനല്ലാഹ വറസൂലഹൂ ഉലാഇക്ക സയർഹമുഹുമുല്ലാഹു ഇന്നല്ലാഹ അസീസുൻ ഹക്കീം."

"മുഅമിനുകളായ പുരുഷന്മാരും,മുഅമിനുകളായ സ്ത്രീകളും പരസ്പരം കൂട്ടുകാരാണ്. അവർ നന്മ കല്പിക്കുകയും ,തിന്മ വിരോധിക്കുകയും ദൈവീക കൽപനകൾ സ്ഥാപിക്കുകയും,ക്ഷേമവും ഐശ്വര്യവും ഉറപ്പു വരുത്തുകയും ചെയ്യും.അവർ ദൈവത്തെയും അവന്റെ ദൂതനേയും അനുസരിക്കുകയും ,ദൈവം അവന്റെ കാരുണ്യം അവരുടെ മേൽ വർഷിക്കുന്നു. ദൈവം പ്രതാപവാനും യുക്തിമാനുമാകുന്നു."

ഈ വചനത്തിൽ മുഅമിനുകളായ പുരുഷന്മാരുടെയും മുഅമിനുകളായ സ്ത്രീകളുടെയും പ്രവർത്തനങ്ങളാണ് വിവരിക്കുന്നത്.ഇതിന്റെ മുമ്പത്തെ വചനങ്ങളിൽ മുൻ സമുദായങ്ങളെക്കുറിച്ചാണ് വിവരിക്കുന്നത്. ആ വചനങ്ങളിൽ നൂഹിന്റെ ജനതയെക്കുറിച്ചും ,ആദ് സമൂഹത്തെക്കുറിച്ചും, ഥമൂദ് ,ഇബ്രാഹീം എന്നിവരെക്കുറിച്ചും, മദ് യൻകാരെക്കുറിച്ചും,തങ്ങളുടെ ക്രൂരതകാരണം നിഷേധികളും നുണയന്മാരുമായ ജനതയെ കുറിച്ചും വിവരിക്കുന്നു. അവരുടെ പ്രവർത്തനങ്ങളുടെ പരിണിത ഫലം അവർ അനുഭവിക്കേണ്ടി വന്നതിനെക്കുറിച്ചും അതെല്ലാം അവരുടെ തെറ്റായ പ്രവർത്തനങ്ങളുടെ ഫലമാണെന്നും അതൊന്നും ദൈവത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായ ക്രൂരതയല്ലെന്നും വിവരിക്കുന്നു.

ഇതിനൊക്കെ ശേഷമാണ് ഇപ്പോൾ നാം പഠിച്ചുകൊണ്ടിരിക്കുന്ന വചനം വരുന്നത് .ആയതുകൊണ്ട് നിങ്ങൾ ക്രൂരരാകരുതെന്നും ക്രൂരന്മാരെപ്പോലെ പ്രവർത്തിക്കരുതെ ന്നും, വിരിക്കുന്നു.അതിനാൽ ഈ വചനത്തിലും ഇഖാമത്ത് അസ്സ്വലാത്ത എന്നതു കൊണ്ട് നമസ്കാരമല്ല ഉദ്ദേശിക്കുന്നത്.മറിച്ച് ദൈവീക കൽപനകളുടെ സ്ഥാപനമാണ് ഉദ്ദേശിക്കുന്നത്.

സൂറത്ത് അത്തൗബയിലെ 99ാമത്തെ വചനത്തിൽ സ്വലാത്ത് അർറസൂൽ എന്ന് ഉപയോഗിച്ചിട്ടുണ്ട്. ഈ റസൂലിന്റെ സ്വലാത്ത് റസൂലിന്റെ പ്രാർത്ഥന എന്ന് തെറ്റായിട്ടാണ് വ്യാഖ്യാനിച്ചിട്ടുള്ളത്.കാരണം ഇവിടെ നമസ്കാരം എന്ന് ഇവർക്ക് അർത്ഥം പറയാൻ കഴിയാത്ത അവസ്ഥയാണുള്ളത്.അതുകൊണ്ടാണ് നമസ്കാരത്തിനു പകരം പ്രാർത്ഥന എന്ന അർത്ഥം നൽകിയത്.

സ്വലാത്തിന്റെ അടിസ്ഥാന അർത്ഥം നൽകുകയാണെങ്കിൽ ഇത്തരം പ്രശ്നങ്ങളൊന്നും ഉയർന്നു വരില്ല. സ്വലാത്ത് എന്നതിന്റെ അടിസ്ഥാന അർത്ഥം നാം മുമ്പ് വിശദമാക്കിയതാണല്ലോ.അതായത് "എന്തെങ്കിലും ഒന്നിനെ പിന്തുടരുക" എന്നാണല്ലോ അർത്ഥം. അപ്പോൾ  റസൂലിന്റെ സ്വലാത്ത് എന്നതുകൊണ്ടു അർത്ഥമാക്കുന്നത് മുഅമിനുകളുടെ പ്രവർത്തനങ്ങൾക്ക് പ്രവാചകന്റെ പിന്തുണയും സഹായവും നൽകുക എന്നതാണ്.  ഈ പദത്തിന്റെ അടിസ്ഥാന അർത്ഥത്തിൽ നിന്നും തെറ്റിയതുകൊണ്ടാണ് പ്രാർത്ഥന എന്നും ആശീർവാദം എന്നെല്ലാം അർത്ഥം പറയേണ്ടി വന്നത്. റസൂലിന്റെ പിന്തുണ ഏതെങ്കിലും ഒരാൾക്ക് കിട്ടുക എന്നു പറഞ്ഞാൽ അദ്ദേഹം എല്ലാ നിലക്കുള്ള തന്റെ അനുഗ്രഹങ്ങളും വർഷിക്കുക എന്നാണല്ലോ .

ദൈവീക കൽപനകളുടെ അധ്യാപനത്തിനെ അടിസ്ഥാനപ്പെടുത്തിയാണ് സൂറത്തുൽ "ഹൂദ്" അവതരിച്ചിട്ടുള്ളത്.ദയവു ചെയ്ത് ഈ അധ്യായത്തിലെ 13 മുതൽ 19 വരെയുള്ള വചനങ്ങൾ ഒന്നു ശ്രദ്ധിക്കുക. ആ വചനങ്ങൾ ഈ അധ്യായത്തിന്റെ അവസാന ഭാഗത്തെ പ്രതിനിദാനം ചെയ്യുന്നതോടൊപ്പം ദൈവീക കൽപനകളെമാത്രം കൈകാര്യം ചെയ്യുകയും ചെയ്യുന്നു.ഇതേപോലെ അവസാന ഭാഗവുംവിശദീകരിക്കുന്നതിനു മുൻപായി ,ന്യായങ്ങൾ അവതരിപ്പിക്കാൻ വേണ്ടി മുൻപു കഴിഞ്ഞുപോയ ഒരുപാട് ഉന്നതന്മാരായ പ്രവാചകന്മാരുടെ അധ്യാപനങ്ങളും അവതരിപ്പിക്കുന്നു.പ്രവാചകൻ നൂഹിന്റെ അധ്യാപനത്തെക്കുറിച്ചു 25 മുതൽ49 വരെയും ,പ്രവാചകൻ ഹൂദിന്റെ അധ്യാപനങ്ങളെക്കുറിച്ച് 50 മുതൽ 60 വരെയും പ്രവാചകൻ സ്വാലിഹിന്റെ അധ്യാപനങ്ങളെക്കറിച്ച് 61 മുതൽ 67 വരെയും , പ്രവാചകൻ ഇബ്രാഹീമിന്റെ അധ്യാപനങ്ങളെക്കുറിച്ച് 69-76 വരെയും , പ്രവാചകൻ ലൂത്വിന്റെ അധ്യാപനങ്ങളെക്കുറിച്ച് 77-83 വരെയും , പ്രവാചകൻ ശുഅയ്ബിന്റെ അധ്യാപനങ്ങളെക്കുറിച്ച് 85-95 വരെയും, അവസാനം മൂസാ നബിയുടെ അധ്യാ പനങ്ങളെക്കുറിച്ച് 96-99 വരെയും വ്യത്യസ്ഥ രൂപത്തിൽ അവതരിപ്പിച്ചു.എന്നിട്ട് 100ാമ ത്തെ വചനം മുതൽ വീണ്ടും നമ്മുടെ പ്രവാചകൻ മുഹമ്മദു നബിയെ അഭിസംബോധന ചെയ്യുന്നു.അതിൽ പറയുന്നത് പൂർവ്വീക ജനത ഈ അധ്യാപനങ്ങളോടു ക്രൂരമായാണ് പെരുമാറിയത് .പക്ഷെ അല്ലാഹു അവരോട് ക്രൂരനായില്ല . അവർ പരസ്പരം തന്നെയാണ് ക്രൂരന്മാരായത് എന്നാണ് .ഈ വിഷയം 109 ാമത്തെ വചനത്തിൽ അവസാനിപ്പിച്ച ശേഷം വചനങ്ങളെ വീണ്ടും അതിന്റെ പാരമ്യതയിലേക്ക് തിരിച്ചുകൊണ്ടു പോയി അവസാനിപ്പിക്കുന്നു.

വചനം 12 ൽ അവിശ്വാസികളുടെ പ്രവർത്തനഫലമായി പ്രവാചകന്റെ മനസ്സിലുണ്ടാക്കിയ അടക്കിവെച്ച ദഃഖത്തെക്കുറിച്ച് അല്ലാഹു പറയുന്നതൊന്നു ശ്രദ്ധിക്കുക فَلَعَلَّكَ تَارِك بَعْضَ مَا يُوحَى إِلَيْكَ وَضَائِق بِه صَدْرك (ഫലഅല്ലക്ക താരിഖു ബഅള മാ യൂഹാ ഇലൈക വ ളായിഖു ബിഹീ സ്വദ്റക)"...നീ ഒരുവേള നിന്നിലേക്ക് അയക്കപ്പെടുന്ന സന്ദേശത്തിൽ ചിലത് ഉപേക്ഷിക്കുകയും നിന്റെ മനസ്സ് വിഷമിക്കുകയും ചെയ്തേക്കാം..."നിഷേധികളുടെ പ്രതികരണങ്ങളാണ് നബിക്ക് ഇങ്ങിനെ വിഷമം വരാൻ കാരണം.പക്ഷെ അതു നീ കാര്യമാക്കേണ്ടതില്ലെന്നും നീ എന്തു നിലപാടാണ് സ്വീകരിക്കേണ്ടതെന്നും .ഈ വചനത്തിന്റെ തുടർച്ചയായികൊണ്ട് 112ാമത്തെ വചനത്തിൽ അല്ലാഹു കൽപിക്കുന്നു.

فَٱسْتَقِمْ كَمَآ أُمِرْتَ وَمَن تَابَ مَعَكَ وَلَا تَطْغَوْا۟ ۚ إِنَّهُۥ بِمَا تَعْمَلُونَ بَصِيرٌ ﴿١١٢﴾

وَلَا تَرْكَنُوٓا۟ إِلَى ٱلَّذِينَ ظَلَمُوا۟ فَتَمَسَّكُمُ ٱلنَّارُ وَمَا لَكُم مِّن دُونِ
ٱللَّهِ مِنْ أَوْلِيَآءَ ثُمَّ لَا تُنصَرُونَ ﴿١١٣﴾
وَأَقِمِ ٱلصَّلَوٰةَ طَرَفَىِ ٱلنَّهَارِ وَزُلَفًا مِّنَ ٱلَّيْلِ ۚ إِنَّ ٱلْحَسَنَٰتِ يُذْهِبْنَ
ٱلسَّيِّـَٔاتِ ۚ ذَٰلِكَ ذِكْرَىٰ لِلذَّٰكِرِينَ ﴿١١٤﴾

“ഫസ്തഖിം കമാ ഉമിർത്ത വമൻ താബ മഅക വലാ തത്വ്ഔ ഇന്നഹു ബിമാ തഅമലൂന ബസ്വീർ. വലാ തർകനൂ ഇലല്ലദീന ളലമൂ ഫതമസ്സക്കുമുന്നാറു വമാലക്കും മിൻദൂനില്ലാഹി മിൻ ഔലിയാഅ സുമ്മ ലാ തുൻസ്വറൂൻ .വ അഖിമിസ്വലാത്ത ത്വറഫഇന്നഹാരി വ സുലഫൻ മിനല്ലൈലി ഇന്നൽ ഹസനാത്തി യുദ്ഹിബ്ന സ്സയ്യിആത്തി ദാലിക ദിക്റാ ലിദ്ദാകിരീൻ"

“(അതിനാൽ നിന്നോടു കല്പിക്കപ്പെട്ടതുപോലെ നിന്റെ കൂടെ മടങ്ങിയവരോടൊന്നിച്ച് ,അതിരുകവിയാതെ നീ ചൊവ്വേ നിൽക്കുകയും ചെയ്യുക.അവൻ നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കാണുന്നവനാണ് .അക്രമിച്ചവരിലേക്ക് നിങ്ങൾ ചായുകയും അരുത്. എങ്കിൽ നിങ്ങളെ നരകം പിടികൂടും. നിങ്ങൾക്ക് അല്ലാഹുവിനെക്കൂടാതെ ഒരു രക്ഷാധികാരിയും ഇല്ലാതിരിക്കെ പിന്നെ നിങ്ങൾ സഹായിക്കപ്പെടാതിരിക്കുകയും ചെയ്യുന്നതാണ്.പകലിന്റെ രണ്ടു ഭാഗത്തും,രാത്രിയിൽ നിന്നുള്ളആദ്യഭാഗത്തും , നീ സ്വലാത്ത് സ്ഥാപിക്കുകയും ചെയ്യുക.തീർച്ചയായും നല്ല പ്രവർത്തനങ്ങൾ ചീത്ത പ്രവർത്തനങ്ങൾക്കുള്ള പരിഹാരമാണ്.അത് ഉപദേശം സ്വീകരിക്കുന്നവർക്കുള്ള ഒരു ഉപദേശമാകുന്നു.)

ഇവിടെ **طرف** എന്ന പദത്തിന് സാധാരണയായി" ഭാഗം”,"അറ്റം" എന്നീ അർത്ഥങ്ങൾ നൽകാറുണ്ട്. എന്നാൽ ഖുർആൻ ഖുർആനിനെ തന്നെ വിശദീകരിക്കുന്നതാണല്ലോ?. ഉദാഹരണത്തിന് സൂറത്ത് ആലുഇംറാൻ 127 ◌ാം വചനത്തിൽ "ത്വറഫ് "എന്ന പദം ഭാഗം എന്ന അർത്ഥത്തിനു ഉപയോഗിച്ചതായി നമുക്കു കാണാൻ കഴിയും.അല്ലാഹു പറയുന്നു.

لِيَقْطَعَ طَرَفًا مِنَ الَّذِينَ كَفَرُوا

" അവിശ്വാസികളുടെ ഒരു ഭാഗം മുറിക്കുന്നതിനുവേണ്ടി.......”

അപ്പോൾ ഹൂദ് നൂറ്റി പതിനാലാമത്തെ വചനത്തിൽ പറയുന്നത് സ്വലാത്തിന്റെ സ്ഥാപനം പകലിന്റെ രണ്ടുഭാഗത്തേക്കും വിസ്തൃതമാക്കാനാണ്.ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ പകൽ മുഴുവനും എന്നർത്ഥം.അതേ കാര്യം തന്നെ രാത്രിയുടെ ആദ്യഭാ

ഗത്തും തുടരാനാണ് അല്ലാഹു കൽപിക്കുന്നത്.അതായത് സ്വലാത്തിന്റെ സംസ്ഥാപനം എന്ന പദ്ധതി രാവിലെ മുതൽ രാത്രി വരെ വളരെ ശക്തിയായും നിരന്തരമായും തുടരാനാണ് അല്ലാഹു പറയുന്നത്.രാത്രിയും പകലും എന്നു പറഞ്ഞതുകൊണ്ട് അർത്ഥമാക്കുന്നത് ഭൂമിയുടെ കറക്കത്തിനനുസരിച്ച് ഉണ്ടാകുന്ന രാത്രിയും പകലുമാകാം .അല്ലെങ്കിൽ ദൈവീക കൽപനകൾ വെളിപ്പെടുത്തുന്നകാലം എന്ന അർത്ഥത്തിനുമാകാം. സൂറത്തു ഇസ്റാഈലിൽ "ദുലൂക്കി ശ്ശംസി" എന്നു പറഞ്ഞതിലെ ഇരുട്ട്ദൈവീക അധ്യാപനങ്ങളെ അവഗണിച്ച ഇരുളിന്റെഅടയാളമായിട്ടാണ് പറഞ്ഞിട്ടുള്ളത്. അപ്പോൾ പകൽ മുഴുവനും രാത്രിയിൽ നിന്നു കുറച്ചു സമയം ദൈവീക വ്യവസ്ഥയിലധിഷ്ഠിതമായ അച്ചടക്കവും സ്ഥാപിക്കണം .ക്രൂരന്മാരായ ആളുകളിലേക്കു ചായുകയും അരുത്. അല്ലാതെ അക്രമികൾ അക്രമം കാണിക്കുമ്പോൾ നിങ്ങൾ അവരിലേക്ക് ചായരുതെന്നും ,നിങ്ങൾപോയി നമസ്കരിച്ചുകൊള്ളൂ എന്നുമല്ല .അക്രമികളിലേക്കു ചായാനും പാടില്ല .അക്രമം എന്നേന്നുക്കുമായി അവസാനിപ്പിക്കാൻ പ്രവാചകന്മാരെല്ലാവരും ചെയ്തതുപോലെ നീയും ദൈവീക കൽപനയിലൂടെയും നിർദ്ദേശത്തിലൂടെയും അച്ചടക്കം സ്ഥാപിച്ചെടുക്കുകയും വേണം .നാട്ടിൽ അക്രമം നടക്കുമ്പോൾ ഞാൻ അവരിലേക്കു ചായുന്നില്ല എന്നും പറഞ്ഞ് പള്ളിയിൽ പോയി നമസ്കരിച്ചിരിക്കാനല്ല അല്ലാഹു നബിയോട് നിർദ്ദേശിക്കുന്നത്. അങ്ങിനെ ആണ് അർത്ഥം എന്നു വിചാരിക്കുന്നവർ നമസ്കരിച്ചിരിക്കട്ടെ.ഇവിടുത്തെ അല്ലൈൽ എന്നുള്ളതും അന്നഹാർ എന്നുള്ളതും നമുക്കു ഒന്നുകൂടി പഠിക്കേണ്ടതുണ്ട്.

മുകളിൽ വിവരിച്ചതിൽ നിന്നും ,സൂറത്തുൽ ഹൂദിന്റെ തുടക്കം മുതൽ അവസാനം വരെ പ്രവാചകന്മാരിലൂടെ ദൈവീക ഗ്രന്ഥത്തിലെ സിദ്ധാന്തങ്ങളുടെ പ്രചരണവുമായി ബന്ധപ്പെട്ട വിഷയമാണ്.ഇവിടെ നമസ്കാരം കണ്ടുപിടിക്കുക എന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ ധിക്കാരമാണ്.ഇനി നമസ്കാരമാണ് സ്വലാത്ത് കൊണ്ടു അർത്ഥമാക്കുന്നത് എന്നു പറയുന്നവർ നമസ്കരിച്ചുകൊള്ളട്ടെ .ഇത് തർക്കിക്കാൻ വേണ്ടിയല്ല . സൂറത്ത് ഹൂദ് ആദ്യം മുതൽ അവസാനം വരെ ശ്രദ്ധിച്ചു വായിക്കുക..

# അധ്യായം "അർറഅദ്"

സൂറത്ത് അർറഅദ് 22 ാം വചനത്തിൽ അഖാമ അസ്സ്വലാത്ത് എന്ന വാക്ക് വന്നിട്ടുണ്ട്. ഈ വചനത്തിലും ഇതിന്റെ മുമ്പുള്ള വചനത്തിലും "ഉലുൽ അൽബാബ്"ന്റെ ഗുണങ്ങൾ വിവരിച്ചിട്ടുണ്ട്.ഈ വചനത്തിന്റെ തൊട്ടുമുമ്പുള്ള വചനത്തിൽ ഉലുൽ അൽബാബ് ദൈവത്തോടുള്ള പ്രതിജ്ഞയും അവനോടു ചെയ്ത ഉടമ്പടിയും പൂർത്തിയാക്കുന്നവരാണെന്നു വിവരിക്കുന്നു.ആ ഉടമ്പടികൾ അവർ ലംഘിക്കുകയില്ലെന്നും ദൈവം എന്താണോ കൽപിച്ചത് അത് സൂക്ഷിക്കുമെന്നും അവർ അവരുടെ രക്ഷിതാവിനെ ഭയപ്പെടുകയും കണക്കെടുപ്പിന്റെ ഫലത്തെക്കുറിച്ച് ഭയപ്പെടുകയും ചെയ്യുന്നവരാണ് അവരെന്നും പറയുന്നു. ഇതിനു ശേഷമാണ് 22ാമത്തെ വചനത്തിൽ ഇപ്രകാരം പറയുന്നത്.:-

وَٱلَّذِينَ صَبَرُوا۟ ٱبْتِغَآءَ وَجْهِ رَبِّهِمْ وَأَقَامُوا۟ ٱلصَّلَوٰةَ وَأَنفَقُوا۟ مِمَّا رَزَقْنَـٰهُمْ سِرًّا وَعَلَانِيَةً وَيَدْرَءُونَ بِٱلْحَسَنَةِ ٱلسَّيِّئَةَ أُو۟لَـٰٓئِكَ لَهُمْ عُقْبَى ٱلدَّارِ ﴿٢٢﴾

“വല്ലദീന സ്വബറൂ ഇബ്തിഗാഅ വജ്ഹി റബ്ബിഹിം വഅഖാമൂ അസ്സ്വലാത്ത വഅൻഫഖൂ മിമ്മാ റസഖ്നാഹും സിർറൻ വഅലാനിയത്തൻ വയദ്റഊന ബിൽഹസനത്തി അസ്സയ്യിഅത്ത ഉലാഇക്ക ലഹും ഉഖ്ബ അദ്ദാർ"

“തങ്ങളുടെ നാഥന്റെ ശ്രദ്ധയെ തേടിക്കൊണ്ട് പരിശ്രമിക്കുകയും സ്വലാത്ത് സ്ഥാപിക്കുകയും നാം അവർക്ക് നൽകിയതിൽനിന്നും പരസ്യമായും രഹസ്യമായും ചിലവഴിക്കുകയും നന്മ കൊണ്ടു തിന്മയെ പ്രതിരോധിക്കുകയും ചെയ്യുന്നവരാരോ അവർക്കായിരിക്കും "ഉഖ്ബ അദ്ദാർ"

നോക്കൂ ഇവിടെയും സ്വലാത്ത് നമസ്കാരം എന്ന അർത്ഥത്തിലെടുത്താൽ ഒരിക്കലും അതിന്റെ രൂപമോ,സമയമോ,മറ്റു നമസ്കാരവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളോ ഒന്നും തന്നെ നമുക്ക് ഇവിടെ കാണാൻ കഴിയില്ല. എന്നാൽ ഇതിനു വിപരീതമായി ദൈവീക കൽപനകളിലധിഷ്ഠിതമായ ഒരു അച്ചടക്കം നേടിയാൽ ജീവിതത്തിൽ ഒരുപാട് സ്വഭാവഗുണങ്ങൾ അവനിലുണ്ടാക്കാൻ കഴിയുമെന്നു വിശദീകരിക്കുന്നുണ്ട്. ദൈവീക കൽപനകൾക്കു കീഴിൽ രൂപപ്പെടുത്തിയെടുത്ത അച്ചടക്കത്തിനുമാത്രമേ സ്വയം തന്നെ ഒരുപാട് ഗുണങ്ങൾ ഉണ്ടാക്കിയെടുക്കാൻ സാധിക്കൂ.എന്നാൽ നമസ്കരിക്കുന്ന വ്യക്തിയിൽ ഈ നിലക്കുള്ള ഒരു നല്ല ഗുണവും ഉണ്ടാകുന്നില്ല .കൃത്യമായി നമസ്കരിക്കുന്നവനിൽ അല്ലാഹു ഉലുൽ അൽബാബിനു പറഞ്ഞ സ്വഭാവ ഗുണങ്ങളൊന്നും തന്നെ നമുക്കു കാണാൻ കഴിയുന്നില്ല.അതുകൊണ്ടു തന്നെ അവൻ സ്വലാത്തിന്റെ സ്ഥാപകനല്ല. അതുകൊണ്ട് തന്നെ രൂപപ്പെടുത്തിയെടുത്ത നമസ്കാരമല്ല സ്വലാത്ത്.

സൂറത്തു ബനീ ഇസ്റാഈൽ 110ാം വചനത്തിൽ പരമ കാരുണികൻ പറയുന്നു

قُلِ ٱدْعُوا۟ ٱللَّهَ أَوِ ٱدْعُوا۟ ٱلرَّحْمَٰنَ ۖ أَيًّا مَّا تَدْعُوا۟ فَلَهُ ٱلْأَسْمَآءُ ٱلْحُسْنَىٰ ۚ وَلَا
تَجْهَرْ بِصَلَاتِكَ وَلَا تُخَافِتْ بِهَا وَٱبْتَغِ بَيْنَ ذَٰلِكَ سَبِيلًا ﴿١١٠﴾

"ഖുലിദുഉല്ലാഹ അവിദുഉർറഹ്മാന അയ്യൻമ്മാ തദ്ഊ ഫലഹുൽ അസമാഉൽഹ സ്സാവലാ തജ്ഹർ ബിസ്വ ലാത്തിക്ക വലാ തുഗാഫിത്ത് ബിഹാ വബ്തഗി ബൈന ദാലിക സബീലാ"

പറയുക,നിങ്ങൾ അല്ലാഹു എന്നു വിളിക്കുക,അല്ലെങ്കിൽ അർറഹ്മാൻ എന്നു വിളിക്കുക.നിങ്ങൾ ഏതൊരു വാക്കുകൊണ്ടു വിളിച്ചാലും എല്ലാ ഭംഗിയുള്ള നാമങ്ങളും അവനു വേണ്ടിയാണ്. നീ നിന്റെ സ്വലാത്ത് ഉറക്കെയുമാക്കണ്ട.പതുക്കെയുമാക്കണ്ട. അതിനിടയിലുള്ള മധ്യമ വഴി തേടുക"

അടിസ്ഥാനപരമായി സൂറത്തു ബനീ ഇസ്റാഈൽ ഖുർആനിനെക്കുറിച്ചാണ് വിവരിക്കുന്നത്.81ാമത്തെ വചനം മുതൽ നമുക്കു പഠിക്കാം.81ാമത്തെ വചനത്തിൽ അൽ-ഹഖ്( ആ സത്യം) വെളിവായെന്നും,അൽ-ബാത്വിൽ (ആ അസത്യം) അപ്രത്യക്ഷമായെന്നും പരമകാരുണികൻ പ്രഖ്യാപിക്കുന്നു അസത്യം നശിക്കുക തന്നെ ചെയ്യും .ഖുർആൻ മുഅമിനുകൾക്ക് ഒരു ആശ്വാസവും കരുണയും,ക്രൂരന്മാർക്ക് നാശത്തെയുമാണ് വർദ്ധിപ്പിക്കുന്നത് എന്നാണ് വെളിവാക്കുന്നത്. ഈ ഒരു വിഷയം തന്നെയാണ് പിന്നീടുള്ള വചനങ്ങളിലും വിശദീകരിക്കുന്നത്. അതിനടയിൽ ചില കൽപനകളും കല്പിക്കുന്നു.88ാമത്തെ വചനത്തിൽമനുഷ്യനും ജിന്നുകളും ഒത്തൊരുമിച്ചു ശ്രമിച്ചാൽ പോലും ഖുർആനിനു സമാനമായത് ഒന്നുകൊണ്ടുവരാൻ കഴിയില്ല എന്നും പറയുന്നു.മുമ്പത്തെ വചനങ്ങളിൽ പ്രവാചകന്റെ ജനങ്ങളുടെ പ്രതികരണങ്ങൾ വിവരിക്കുന്നു.അതിനുള്ള പ്രതിഫലവുംഅവർക്ക് പറഞ്ഞുകൊടുക്കുന്നു. എന്നിട്ട് 101 ാം വചനത്തിൽ പ്രവാചകനായ മൂസയുടെ ഒരു ഉദാഹരണവും വ്യക്തമാക്കുന്നു.അതായത് മൂസയെ ഫറോവയുടെ അടുത്തേക്ക് വ്യക്തമായ തെളിവുകളുമായി അയച്ചു എന്നു വിവരിക്കുന്നു.ഫറോവയുടെപ്രതികരണവും അവന്റെ നാശവും വിവരിക്കുന്നു.പിന്നീട് 105 ാം വചനത്തിൽ ആ ഖുർആനിനെ അൽ-ഹഖുമായിട്ടാണ് വെളിപ്പെടുത്തിയിട്ടുള്ളതെന്നും,പ്രവാചകനെ അൽഹഖുകൊണ്ട് സന്തോഷമറിയിക്കുന്നവനും മുന്നറിയിപ്പു നൽകുന്നവനുമായിട്ടാണ് അയച്ചിട്ടുള്ളത് എന്നും പ്രഖ്യാപിക്കുന്നു. ഖുർആൻ സത്യാസത്യവിവേചന ഗ്രന്ഥമാണെന്നും അതുകൊണ്ടു ക്രമമായി പഠിപ്പിക്കാനും കല്പിക്കുന്നു. സത്യത്തിന്റെ വെളിപ്പെടുത്തലുമായിട്ടാണ് നാം അതിനെ വെളിപ്പെടുത്തിയിട്ടുള്ളത് എന്നും പറയുന്നു .അതിനു ശേഷമാണ് താഴെ പറയുന്ന കല്പന പറയുന്നത്.

قُلْ ءَامِنُوا۟ بِهِۦٓ أَوْ لَا تُؤْمِنُوٓا۟ ۚ إِنَّ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ مِن قَبْلِهِۦٓ إِذَا يُتْلَىٰ عَلَيْهِمْ
يَخِرُّونَ لِلْأَذْقَانِ سُجَّدًا ﴿١٠٧﴾
وَيَخِرُّونَ لِلْأَذْقَانِ يَبْكُونَ وَيَزِيدُهُمْ خُشُوعًا ۩ ﴿١٠٩﴾
وَيَقُولُونَ سُبْحَٰنَ رَبِّنَآ إِن كَانَ وَعْدُ رَبِّنَا لَمَفْعُولًا ﴿١٠٨﴾

“ഖുൽ ആമിനൂ ബിഹീ ഔ ലാ തുഅമിനൂ ഇന്നല്ലദീന ഊതു അൽഇൽമ മിൻ ഖബ്ലിഹീ ഇദാ യുത്‌ലാ അലൈഹിം യഖിർറൂന ലിൽ അദ്ഖാനി സുജ്ജദൻ, വയഖൂലൂ ന സുബ്ഹാന റബ്ബിനാ ഇൻ കാന വഅദു റബ്ബിനാ ലമഫ്ഊലാ വയഖിർറൂന ലിൽ അദ്ഖാനി യബ്കൂന വയസീദുഹം ഖുശൂആ"

“പറയുക, നിങ്ങൾ അതിൽ വിശ്വസിക്കൂ.അല്ലെങ്കിൽ വിശ്വസിക്കണ്ട. തീർച്ചയായും മുമ്പ്" അൽഇൽമ്"നൽകപ്പെട്ടവർ  അത് അവർക്ക് വിവരിച്ചുകൊടുത്താൽ "അസ്ഥാനിനു"വേണ്ടി അവർ സാഷ്ടാഗം ചെയ്യുകയും ഞങ്ങളുടെ പോരാട്ടം ഞങ്ങളുടെ രക്ഷിതാവിനുവേണ്ടിയാണ് എന്നു അവർ പറയുകയും ചെയ്യും.ഞങ്ങളുടെ രക്ഷിതാവിന്റെ വാഗ്ദാനം പൂർത്തിയാക്കാൻ പോവുകയാണ്.അവർ കരഞ്ഞുകൊണ്ട് "അസ്ഥാനി നു വേണ്ടി" കുനിയുകയും അവരുടെ ഭയം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.”

ഈ വചനത്തിൽ "അദ്ഖാൻ" എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. ഇവിടെ വിവർത്തനം ചെയ്തിട്ടുള്ളത് "താടിയുടെ മേൽ" എന്നാണ്. “ലിൽ അദ്ഖാനി" താടിക്കു വേണ്ടി എന്നു പറഞ്ഞത് തലകുനിക്കാൻ വേണ്ടിയുള്ള കുനിയലോ,സാഷ്ടാംഗത്തിനുവേണ്ടിയുള്ള കുനിയലോ അല്ല.അങ്ങിനെ നെറ്റി നിലത്തുകുത്താനാണെങ്കിൽ  “അലൽ ജബീൻ"എന്നാണ് പറയേണ്ടിയിരുന്നത്. “ദിഖ്ൻ" എന്നതിനു മുഖം എന്ന അർത്ഥത്തിലെടുത്താൻ തന്നെ "അലൽ അദ്ഖാൻ" (മുഖത്തിന്മേൽ) എന്നാണ് പറയേണ്ടിയിരുന്നത്. അറബി സാഹിത്യ ഭാഷയിൽ لِ(ലി) എന്ന പദം  عَلَى (അലാ) എന്ന അർത്ഥത്തിനു ഉപയോഗിച്ചതായി കാണാൻ കഴിയില്ല. ഇക്കാരണത്താൽ തന്നെ "ലിൽ അദ്ഖാൻ" എന്നതിന് "അലൽ അദ്ഖാൻ"  എന്ന് അർത്ഥം പറയാൻ ഒരു കാരണവുമില്ല. കൂടാതെ ل (ലി)എന്ന അക്ഷരം  عَلَى (അലാ) എന്ന അർത്ഥത്തിനു ഉപയോഗിച്ച സ്ഥലങ്ങളൊക്കെയൊന്നു നാം പരിശോധിക്കേണ്ടതുണ്ട്."ദിഖ്ൻ" എന്ന പദം ആലങ്കാരികമായിട്ടാണ് ഉപയോഗിച്ചിട്ടുള്ളത്.ഉദാഹരണത്തിന് "**اسْتَعَان بِذقنه**"(ഇസ്തആന ബിദിഖ്നിഹീ)അവൻ  ദുർബലനായി ഒരാളിൽ നിന്നും സഹായം ചോദിച്ചു . ഈ ഉദാഹരണത്തിൽനിന്നും നമുക്കു മനസ്സിലാകുന്നത് ഒരാളുടെ ദൗർബല്ല്യം കാണിക്കാനാണ് ദിഖ്ൻഎന്ന പദം ഉപയോഗിക്കാറുള്ളത്. ചുരുക്കത്തിൽ <u>ലിൽ</u>

അദ്ഖാൻ എന്നതിന് മുഖം നിലത്തുകുത്തുക എന്ന അർത്ഥം സങ്കൽപിക്കാൻ കഴിയില്ല.മറിച്ച് "ഒരാളുടെ ദൗർബല്ല്യത്തെ സാന്ത്വനപ്പെടുത്തുന്നതിനുവേണ്ടി ഒരാളോട് ആവശ്യപ്പെടുക "അല്ലെങ്കിൽ മറ്റുള്ളവരോട് വിനയം കാണിക്കുക"എന്നൊക്കെയാണ് ഉദ്ദേശം. അടുത്തവചനത്തിൽ പരമകാരുണികൻ പറയുന്നത് നിങ്ങൾ അവരെ അല്ലാഹുവിലേക്ക് വിളിക്കുക,അല്ലെങ്കിൽ അവരെ അർറഹ്മാനിലേക്കു വിളിക്കുക, ജനങ്ങളെ അവന്റെ ഏതു പേരിലേക്കു വിളിച്ചാലും എല്ലാ നല്ല വിശേഷണങ്ങളും(മൂല്ല്യങ്ങളും, കല്പനകളും) അവനുള്ളതാണ്. നീ നിന്റെ സ്വലാത്ത് ഉറക്കെയും പതുക്കെയുമാക്കരുത്. പക്ഷെഅതിനിടയിലുള്ള ഒരു വഴി നീ സ്വീകരിക്കുക.അല്ലാഹുവിന്റെ പരമാധികാരത്തെപ്രഖ്യാപിക്കുകയും ചെയ്യുക.അവനു പിൻഗാമിയോ,പങ്കാളിയോ, അവന്റെ ചില ന്യൂനതകൾ പരിഹരിക്കാൻ സുഹൃത്തുക്കളോ അവനില്ല. അവൻ വ്യക്തമാക്കിതന്നതുപോലുള്ള അവന്റെ പരമാധികാരം നീ സ്ഥാപിക്കുകയും വേണം.110ാം മത്തെവചനത്തിൽ ഈ ഒരു വീക്ഷണത്തിന്റെ തുടർച്ച കാത്തുസൂക്ഷിക്കാനാണ് വ്യക്തമാക്കുന്നത്. അതൊന്നുകൂടി നോക്കാം.:-

قُلِ ٱدْعُوا۟ ٱللَّهَ أَوِ ٱدْعُوا۟ ٱلرَّحْمَـٰنَ ۖ أَيًّا مَّا تَدْعُوا۟ فَلَهُ ٱلْأَسْمَآءُ ٱلْحُسْنَىٰ ۚ وَلَا
تَجْهَرْ بِصَلَاتِكَ وَلَا تُخَافِتْ بِهَا وَٱبْتَغِ بَيْنَ ذَٰلِكَ سَبِيلًا ﴿١١٠﴾

ഇതിന്റെ മുമ്പത്തെ വചനത്തിലെ വിഷയം എന്താണ് പറഞ്ഞുപോരുന്നത് എന്നു നിങ്ങൾ കണ്ടു കഴിഞ്ഞു ഖുർആനിനെക്കുറിച്ചാണ് ഇവിടുത്തെ സംസാര വിഷയം.ഇതിന്റെ തുടർച്ചയായും,ബന്ധപ്പെടുത്തിയുമാണ് പരമകാരുണികൻ പറയുന്നത്."......അറിവുള്ള(അൽഇൽമ്) ജനങ്ങൾക്ക് ഈ വചനങ്ങൾ പറഞ്ഞുകൊടുത്താൽ അവർ ഭയം കൊണ്ടും ഭക്തികൊണ്ടും സുജൂദ് ചെയ്യും" ഇതിൽ നിന്നും സാഷ്ടാഗം(സുജൂദ്) എന്നത് "സമ്പൂർണ്ണമായ സമർപ്പണമാണെന്നുള്ളത്" വളരെ വ്യക്തമാണ് .മാത്രമല്ല യഥാർത്ഥ സമർപ്പണം എന്നു പറയുന്നത് നിലത്തു കിടന്നു കൊണ്ടു ചെയ്യുന്ന ഒന്നല്ല. അവന്റെ വചനങ്ങൾക്ക് സുജൂദ് ചെയ്യുക എന്നു പറഞ്ഞാൽ അതിന്റെ വിശ്വാസത്തെ തെളിയിച്ചുകൊടുക്കുകയും ഒരു വെറുപ്പും കൂടാതെ അതിനനുസരിച്ചു പ്രവർത്തിക്കുകയുമാണ് വേണ്ടത്. അതാണ് അവന്റെ വചനങ്ങൾ കേൾക്കുമ്പോഴുള്ള സുജൂദ് .ഈ വിളിയാകുന്നു അല്ലാഹുവിലേക്കുള്ള വിളി എന്നു പറഞ്ഞത്. ഇതാണ് നിങ്ങൾ അല്ലാഹുവിലേക്കോ ,അവന്റെ ഏറ്റവും നല്ല വിശേഷണമായ അർറഹ് മാനിലേക്കോവിളിക്കു എന്നു പറഞ്ഞത്.എന്തായാലും ദൈവത്തിന്റെ വിശേഷണങ്ങളാകുക എന്നതാണ് അടിസ്ഥാന കാര്യം. അതായത് അവന്റെ കല്പനകളും ഗുണങ്ങളും അങ്ങേയറ്റത്തെ ഭംഗിയുള്ളതും കരുണയുള്ളതുമാണ് .ദൈവത്തിന്റെ ഭംഗിയുള്ള ഈ വിശേഷണങ്ങളിലേക്കുള്ള വിളിയായിരുന്നു നമ്മുടെ പ്രവാചകന്റെ സ്വലാത്ത്. ആ സ്വലാത്തിനെയാണ് നീ ഉറക്കെയും പതുക്കെയുമാക്കണ്ട എന്നും മറിച്ച് അവ രണ്ടിനുമിടയിലുള്ള ഒരു

വഴി സ്വീകരിക്കു എന്നും അല്ലാഹു പറഞ്ഞത്.

എന്നാൽ ഇന്ന് നമ്മുടെ മുമ്പിൽ അല്ലാഹുവിന്റെ അസ്മാഉകൾ എന്ന സങ്കൽപത്തിൽ അവന്റെ 99 പേരുകൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്.മതത്തിന്റെ ആളുകൾ ഈ നാമങ്ങളുടെ ഒന്നും അർത്ഥമോ ആശയമോ അറിയാതെ വെറുതെ ആവർത്തിച്ചാവർത്തിച്ചു ഉരുവിട്ടുകൊണ്ടിരിക്കുന്ന ഒരു കാഴ്ചയാണ് ഇന്നു നാം കണ്ടുകൊണ്ടിരിക്കുന്നത്. മറ്റൊരു സങ്കൽപമെന്താണെന്നുവെച്ചാൽ ഈ നാമങ്ങളുടെ ആശയം വ്യക്തമാക്കുകയും അങ്ങിനെ വ്യക്തമാക്കുന്ന ആശയത്തിനനുസരിച്ച് പരിഷ്കരിക്കപ്പെട്ടതും ഐശ്വര്യ പൂർണ്ണവുമായ ഒരു സമൂഹത്തെ സൃഷ്ടിച്ചെടുക്കുക എന്നതാണ്.ഒന്നുകൂടി വ്യക്തമാക്കിയാൽ അവന്റെ വിശേഷണങ്ങൾ ഉരുവിട്ടുകൊണ്ടിരിക്കുകയല്ലവേണ്ടത്.ദൈവത്തിന്റെ വിശേഷണങ്ങൾ വിവരിക്കുക എന്നു പറഞ്ഞാൽ ആ ഗുണങ്ങളുള്ള ഒരു സമൂഹത്തെ സൃഷ്ടിച്ചെടുക്കുക എന്നതാണ്. നാം ശ്രദ്ധാപൂർവ്വം ഒന്നു ഖുർആൻ പഠിച്ചാൽ ഖുർആനിന്റെ ദർശനം മുഴുവൻ ഈ അസ്മാഉകളിലാണ് ഒളിഞ്ഞിരിക്കുന്നത് എന്ന് നമുക്കു മനസ്സിലാകും.അതാണ് ദൈവത്തിന്റെ വിശേഷണങ്ങൾ വിവരിച്ചുകൊണ്ട് അവന്റെ കല്പനകളിലേക്ക് ക്ഷണിക്കാൻ പറയുന്നത്.അതിന്റെ ആകെത്തുക ഒന്നുതന്നെയാണ് . എന്താണ് പ്രവാചകന്റെ സ്വലാത്ത് .അർറഹ് മാൻ എന്ന വിശേഷണത്തിന്റെ പ്രാധാന്യം വിവരിച്ചുകൊടുക്കുക വഴി മനുഷ്യരെ ചൂഷണങ്ങളിൽ നിന്നും മോചിപ്പിക്കുക എന്നതിലേക്ക് ക്ഷണിക്കാനാണ് ദൈവം കല്പിക്കുന്നത്. ആ വിളി അടിച്ചമർത്തലും ,ഏകാധിപത്യവും അവസാനിപ്പിക്കുന്നു.ഈ വിളി ഉച്ചത്തിലും, തുറന്നതുമാക്കരുത്. കാരണം ശത്രുക്കൾ അതിന്റെ തുടക്കത്തിൽ തന്നെ അതു തകർത്തു കളയും ,ഒരു സ്വാധീനമോ പ്രതിഫലനമോ ഉണ്ടാക്കാത്ത വിധം പതുക്കെയുമാക്കരുത്.

ഈ വചനങ്ങളിൽ നിന്നും നമസ്കരിക്കുക എന്ന അർത്ഥം മനസ്സിലാക്കാൻ നമുക്കു കഴിയില്ല .കാരണം ഇന്നത്തെ നമസ്കാരം ഒന്നുകിൽ ഉറക്കെയോ(സുബ്ഹി, മഗ് രിബ്,ഇശാ) അല്ലെങ്കിൽ പതുക്കെയോ (ളുഹർ, അസർ) ആണ്. എന്നാൽ സ്വലാ ത്ത് ഉറക്കെയോ/തുറന്നതോ,പതുക്കെയോ/രഹസ്യമായോ അല്ലല്ലോ?

സൂറത്ത് ബനീ ഇസ്രായീൽ 78 ാം വചനത്തിൽ പരമകാരുണികൻ കല്പിക്കുന്നു.

أَقِمِ ٱلصَّلَوٰةَ لِدُلُوكِ ٱلشَّمْسِ إِلَىٰ غَسَقِ ٱلَّيْلِ وَقُرْءَانَ ٱلْفَجْرِ ۖ إِنَّ قُرْءَانَ ٱلْفَجْرِ كَانَ مَشْهُودًا ﴿٧٨﴾

"അഖിമിസ്സ്വലാത്ത ലിദുലൂക്കി അശ്ശംസി ഇലാ ഗസഖി അല്ലൈലി........"

“സൂര്യൻ അസ്തമിക്കാൻ തുടങ്ങിയതുമുതൽ ഇരുട്ടുന്നതുവരെ നമസ്കാരം നിലനിർ ത്തുക "

ഈ വചനത്തിന്റെ വിശദീകരണത്തിൽ പരിഭാഷക്കാർ ദുലൂക്ക് എന്ന പദത്തിന്റെ അർത്ഥത്തെ പരിമിതപ്പെടുത്തിയിരിക്കുകയാണ്.അതായത് ഉച്ച കഴിഞ്ഞ് സൂര്യൻ അസ്തമനത്തിലേക്ക് നീങ്ങുന്നതിനെയാണ് ദുലൂക്ക് എന്നതുകൊണ്ടു ഉദ്ദേശിക്കുന്നത് എന്നാണ് ഇവർ പറഞ്ഞിട്ടുള്ളത്. എന്നാൽ സൂര്യന്റെ ഓരോ ചലനത്തിനും ദുലൂക്ക് എന്നാണ് പറയുന്നത്.നമ്മുടെ പണ്ഡിതന്മാർ ഓരോരുത്തരും സ്വന്തമായി തന്നെ ദുലൂക്ക് എന്ന പദത്തിന് അർത്ഥം നൽകിയിട്ടുണ്ട്.ചിലർ പറയുന്നത് ളുഹർ നമ സ്കാരത്തിന്റെ സമയമാണെന്നാണ്.മറ്റു ചിലർ പറയുന്നത് ഉച്ചക്ക് ശേഷം തുടർന്നു വരുന്ന പെട്ടെന്നുള്ള സമയമാണ് എന്നാണ്. മറ്റു ചിലർ പറയുന്നത് സൂര്യാസ്തനത്തിനു തൊട്ടുമുമ്പുള്ള സമയത്തിനാണ് എന്നാണ്. ഇതിൽ നിന്നാണ് അസർ നമസ്കാരം കണ്ടുപിടിച്ചത്.ചിലർ പറയുന്നത് ദുൽക് എന്നതിന്റെ ബഹുവചനമാണ് ദുലൂക്ക് എന്നാണ്. ദുലൂക്കിനു നിമിഷം എന്നെടുത്താൽ സൂര്യൻ ഉച്ചക്ക് ചലനം തുടങ്ങിയതുമുതൽ എന്നാണ് ഇവർ അർത്ഥമാക്കുന്നത്.അങ്ങിനെയെങ്കിൽ ഒരോ" ദുൽക്ക്" (ചലനത്തിലും)ലും ഒരോ നമസ്കാരം ചെയ്യേണ്ടി വരും. ഓരോ മിനുട്ടിലെയും സ്ഥലങ്ങളിൽ എന്നു അർത്ഥം വിചാരിച്ചാൽ മണിക്കൂറിൽ 60 നമസ്കാരം നമസ്കരിക്കേണ്ടി വരും. അതായത് ഒരു ളുഹർ നമസ്കാരം കൊണ്ടും അസർ നമസ്കാരംകൊണ്ടും മതിയാക്കുക എന്നത് ശരിയല്ല എന്നു സാരം.അതായത് ഒരാൾക്ക് പ്രർത്ഥനയിൽ നിന്നും ഒഴിഞ്ഞു നില്ക്കാൻ ഒരു നിമിഷം പോലും പാടില്ല എന്ന് അർത്ഥം.അല്ലാമാ പർവേശ് അദ്ദേഹത്തിന്റെ ലുഗത്ത് അൽ-ഖുർആൻ എന്ന ഗ്രന്ഥത്തിലും,അല്ലാമാ റശീദ് നുഅമാനിയും ദുലൂക്ക് എന്നു പറഞ്ഞാൽ ഉച്ചക്കു ശേഷമുള്ള സമയത്തിനല്ല പറയുക എന്നു വ്യക്തമാക്കിയിട്ടുണ്ട്".ലുഗത്ത് അൽ-ഖുർആൻ എന്ന ഗ്രന്ഥത്തിലെ 664ാം പേജിൽ " ചലിക്കുക "എന്നതാണ് ഇതിന്റെ മൂല അർത്ഥമെന്നു വ്യക്തമാക്കിയിട്ടുണ്ട്.രാവിലെ മുതൽ ഉച്ചവരെയുള്ള ചലനത്തിനും ദുലൂക്ക് എന്നു തന്നെയാണ് പറയുക ("നവാദിറുൽ അഅറാബ്" പരിശോധിച്ചവ്യക്തമാക്കിയത്) .അതുപോലെ ഉച്ചമുതലുള്ള ചലനത്തിനും ദുലൂക്ക് എന്നു തന്നെയാണ് പറയുക.

ഇനി നമുക്ക് ഈ വചനത്തിന്റെ പൂർണ്ണമായ അർത്ഥമൊന്നു പരിശോധിക്കാം.

أَقِمِ ٱلصَّلَوٰةَ لِدُلُوكِ ٱلشَّمْسِ إِلَىٰ غَسَقِ ٱلَّيْلِ وَقُرْءَانَ ٱلْفَجْرِ ۖ إِنَّ قُرْءَانَ ٱلْفَجْرِ كَانَ مَشْهُودًا ﴿٧٨﴾

ഇരുട്ടിന്റെ കട്ടിയിലേക്ക് സൂര്യന്റെ ചലനത്തിന്റെ വേണ്ടി ദൈവീക കല്പനകളും ,ജ്ഞാനോദയത്തിന്റെ ഖുർആനും സ്ഥാപിക്കുക .ജ്ഞാനോദയത്തിന്റെ ഖുർആൻ കാണത്തക്ക രീതിയിലുള്ളതാണ്."

ഈ വാക്ക് വിശദീകരിച്ചുകൊണ്ട് അല്ലാമാ പർവേശ് വിവരിക്കുന്നു:-17/78 എന്ന വചനത്തിന്റെ അടിസ്ഥാനത്തിൽ ഇഖാമത്തുസ്സ്വലാത്ത് എന്നു പറഞ്ഞാൽ ജീവിതത്തിലെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുക,അല്ലെങ്കിൽ ഖുർആനിക അച്ചടക്കം സ്ഥാ

പിച്ചെടുക്കുക എന്നതാണ് ഉദ്ദേശം.എല്ലാ പ്രഭാതത്തിലും അതായത് നിത്യജോലി തുടങ്ങുന്നതിനു മുമ്പായി ഈ ഉത്തരവാദിത്തം ഏറ്റെടുക്കാൻ ആവശ്യമായ മാർഗ്ഗ നിർദ്ദേശം ഖുർആനിൽ നിന്നും കണ്ടെത്തണം.അതാണ് قُرآن الفجر "ഖുർആൻ അൽ-ഫജ്ർ " എന്നിട്ട് ആ ലക്ഷ്യം പൂർത്തിയാക്കുക.ഇതാണ് ദുലൂക്ക്അശ്ശസ് മുതൽ ഗസക്ക അല്ലെൽ വരെയുള്ള സ്വലാത്ത്"

അതുപോലെ സ്വേച്ഛാധിപത്യത്തിന്റെയും,അനീതിയുടെയും,അറിവില്ലായ്മയുടെയുംഇരുട്ടിലേക്ക് ഒരു സൂര്യന്റെ ചലനത്തിനുവേണ്ടി ദൈവീക കൽപനകളും ജ്ഞാനോദയത്തിന്റെ ഖുർആനും സ്ഥാപിച്ചെടുക്കുക എന്ന ഒരു അർത്ഥം കൂടി ഈ വചനത്തിനുണ്ട്.ഇവിടെ ലിദുലൂക്കി എന്നതിലെ <u>ലി</u> എന്ന അക്ഷരത്തിനു "മുതൽ" എന്നും ഇലാ എന്നതിന് വരെ എന്ന അർത്ഥവും നൽകിയിരിക്കുന്നത് തെറ്റായിട്ടാണ് <u>ലി</u> എന്നാൽ വേണ്ടി എന്നും إِلَى ഇലാ എന്നാൽ ലേക്ക് (to) എന്നുമാണ്അർത്ഥം.എന്നാൽ നമ്മുടെ വ്യഖ്യാതാക്കൾ ഈ രണ്ടു അക്ഷരങ്ങളുടെ അർത്ഥം പല സ്ഥലത്തും തെറ്റായിട്ടാണ് വിശദീകരിച്ചിട്ടുള്ളത്.ഏകാധിപത്യത്തിന്റെയും അധാർമ്മികതയുടെയും അറിവില്ലായ്മയുടെയും ഇരുട്ടിലേക്ക് സത്യത്തിന്റെയും ,അറിവിന്റെയും ഒരു പുതിയ സൂര്യനെ തിരിക്കുന്നതിനുവേണ്ടി ദൈവീക കല്പനകളും , പുലരിയുടെയും ഖുർആനും സ്ഥാപിച്ചെടുക്കുക .അല്ലാതെ ലി എന്നതിനു മുതൽ എന്നും ഇലാ എന്നതിന് വരെ എന്നും അർത്ഥം പറഞ്ഞത് തെറ്റായിട്ടാണ് .ചുരുക്കത്തിൽ ഇവിടെ നമസ്കാരം നിർവ്വഹിക്കുക എന്ന ഒരു അർത്ഥത്തിനു യാതൊരു സാധ്യതയുമില്ല എന്നതാണ് സത്യം . പിന്നെ പാരമ്പര്യ ആചാര നമസ്കാരം നിർവ്വഹിക്കുന്നവർ അത് ചെയ്യട്ടെ!!

# അധ്യായം "മർയം"

സൂറത്തു മർയം 31 ാം വചനത്തിൽ അല്ലാഹു പറയുന്നു.

قَالَ إِنِّي عَبْدُ ٱللَّهِ ءَاتَىٰنِيَ ٱلْكِتَٰبَ وَجَعَلَنِي نَبِيًّا ﴿٣٠﴾
وَجَعَلَنِي مُبَارَكًا أَيْنَ مَا كُنتُ وَأَوْصَٰنِي بِٱلصَّلَوٰةِ وَٱلزَّكَوٰةِ مَا
دُمْتُ حَيًّا ﴿٣١﴾

"ഖാല ഇന്നീ അബ്ദുല്ലാഹി ആതാനിയ അൽകിതാബ വജഅലനീ നബിയ്യാ ,വജഅലനീ മുബാറക്കൻ അയ്ന മാ കുൻതു വ ഔസ്വാനീ ബിസ്സ്വലാത്തി വസ്സക്കാത്തിമാ ദുംത്തു ഹയ്യാ"

“(പ്രവാചകനായ ഈസാ) പറഞ്ഞു, തീർച്ചയായും ഞാൻ ദൈവത്തിന് വണങ്ങുന്ന വനാണ് എനിക്ക് ഗ്രന്ഥം നൽകപ്പെട്ടിരിക്കുന്നു .എന്നെ പ്രവാചകനായി നിയമിക്കു കയും ചെയ്തിട്ടുണ്ട്. ഞാൻ എവിടെയായിരുന്നാലും എന്നെ അനുഗ്രഹിക്കുകയും ചെയ്തി ട്ടുണ്ട്.ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം അസ്സ്വലാത്തിനും,അസ്സക്കാത്തിനും കൽപി ച്ചിട്ടുണ്ട്"

ഇവിടെ പ്രവാചകനായ ഈസാ തന്റെ പ്രവാചകത്വ പ്രഖ്യാപനത്തിനു ശേഷം ത ന്നോടു അസ്സ്വലാത്തും അസ്സക്കാത്തും ചെയ്യാൻ കല്പിക്കപ്പെട്ടിട്ടുണ്ടെന്നു പറയുന്നു , ഇവിടെ സ്വലാത്തിനെ നമസ്കാരമായി എടുത്താൽ അത് എങ്ങിനെയാണ് ചെയ്യേണ്ട ത് എന്നും ഏതൊക്കെ സമയങ്ങളിലാണ് ചെയ്യേണ്ടത് എന്നും ഇവിടെ വ്യക്തമാ ക്കിയിട്ടില്ല.ഇതുപോലെ 59ാമത്തെ വചനത്തിൽ ഒരുപാട് പ്രവാചകന്മാരെക്കുറിച്ച് പറഞ്ഞ ശേഷം ,അവരുടെ പിൻതലമുറക്കാർ സ്വലാത്ത് നഷ്ടപ്പെടുത്തി എന്നും അ വർ അവരുടെ സ്വന്തമായ ഇച്ഛകളെ പിന്തുടർന്നു പ്രവർത്തിക്കാൻ തുടങ്ങി എന്നും പറയുന്നു. പരമകാരുണികൻ പറയുന്നതു കാണുക :-

۞ فَخَلَفَ مِنۢ بَعْدِهِمْ خَلْفٌ أَضَاعُوا۟ ٱلصَّلَوٰةَ وَٱتَّبَعُوا۟ ٱلشَّهَوَٰتِ ۖ فَسَوْفَ
يَلْقَوْنَ غَيًّا ﴿٥٩﴾

“

ഫഗലഫ മിൻബഅദിഹിം ഗൽഫുൻ അളാഊ അസ്സ്വലാത്ത വത്തബഊ അശ്ശഹവാത്തി ഫസൗഫ യൽ ഖൗ ന ഗയ്യാ"

“അപ്പോൾ അവരുടെ പിൻ തലമുറക്കാർ അവരുടെ മാർഗ്ഗത്തിൽ നിന്നും ഭിന്നിക്കു കയും സ്വലാത്ത് പാഴാക്കുകയും ചെയ്തു. അവരുടെ സ്വന്തം ആഗ്രഹങ്ങളെ പിന്തുടരു കയും ചെയ്തു. അവർ തോന്ന്യാവാസത്തിന് വിധേയരാവുകയും ചെയ്തു.”

ഇവിടെയും നമസ്കാരത്തെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ലെന്ന് കണ്ടില്ലേ?

ഇതേ അധ്യായത്തിൽ തന്നെ 52ാം വചനത്തിൽ പ്രവാചകനായ ഇസ്മാഈൽ തന്റെ അഹ് ലി(ജനങ്ങളോട്)നോടു സ്വലാത്ത് ചെയ്യാനും രക്ഷിതാവിന്റെ തൃപ്തിപ്പെട്ടവരാകാനും കൽപിക്കുന്നതു നോക്കു

وَكَانَ يَأْمُرُ أَهْلَهُۥ بِٱلصَّلَوٰةِ وَٱلزَّكَوٰةِ وَكَانَ عِندَ رَبِّهِۦ مَرْضِيًّا ﴿٥٥﴾

"വകാന യഅമുറു അഹ് ലഹു ബിസ്സ്വലാത്തി വസ്സക്കാത്തി വകാന ഇൻദ റബ്ബിഹീമർളിയ്യാ "

“അദ്ദേഹം തന്റെ ജനങ്ങളോടു സ്വലാത്തിനും സകാത്തിനും കൽപിക്കാറുണ്ടായിരുന്നു അദ്ദേഹം തന്റെ രക്ഷിതാവിന്റെ തൃപ്തിപ്പെട്ടവനുമായിരുന്നു.”

ഈ വചനത്തിലും വ്യാഖ്യാതാക്കൾ സ്വലാത്ത് എന്നതിന് നമസ്കാരം എന്നാണ് അർത്ഥം നൽകിയിട്ടുള്ളത്. എന്നാൽ ഇവിടെയും ദൈവീക കൽപനകളിലധിഷ്ഠിതമായ അച്ചടക്കം നേടുക എന്നതാണ് ചർച്ച ചെയ്യുന്നത്.

ഇതിനു അനുയോജ്യമായ ഒരു വചനം സൂറത്ത് ആലുഇംറാൻ 39 ാം വചനത്തിൽ നമുക്കു കാണാം പരമകാരുണികൻ പറയുന്നത് നോക്കു :

فَنَادَتْهُ الْمَلائكَة وَهُوَ قَائم يُصَلِّى فِى الْمحْرَاب

ഫനാദത്ത്ഹൽ മലാഇക്കത്തു വഹവ ഖായിമുൻ യുസ്വല്ലീ ഫിൽ മിഹ്റാബി"

“അദ്ദേഹം "മിഹ്റാബിൽ "സ്വലാത്ത് ചെയ്തുകൊണ്ട് "ഖായിം" ആയിരിക്കെ അദ്ദേഹത്തെ മാലാഖമാർ വിളിച്ചു.
ഈ ആയത്തിലും പൊതുവെയുള്ള ധാരണ നമസ്കാരവുമായി ബന്ധപ്പെട്ടതാണ്.സ്വലാത്തിനെ വ്യഖ്യാനിക്കുന്നത് ആരാധന എന്ന അർത്ഥത്തിലാണ് . എന്നാൽ ഇവിടെയും ഖുർആൻ വ്യക്തമാക്കിയതനുസരിച്ച് ദൈവീക കൽപനകളുടെ സ്ഥാപനം തന്നെയാണ് ഉദ്ദേശിക്കുന്നത്. അതിനു അനുയോജ്യമായ ഒരു വിശദീകരണമാണ് ഈ ആയത്തിലുള്ളത്. "മിഹ്റാബ്" എന്ന പദം ആരാധന ചെയ്യുന്ന സ്ഥലങ്ങളിലെ താഴികക്കുടങ്ങളേയോ ആർച്ചുകളെയോ അല്ല ഉദ്ദേശിക്കുന്നത് . മറിച്ച് പോരാട്ടത്തിനുള്ള കവചനത്തിനെയാണ് ഈ വാക്കുകൊണ്ടു ഉദ്ദേശിക്കുന്നത്. അതായത് ഒരു സൈനിക പദവിയോ ,സൈനിക ഉപകരണോ ആണ് ഉദ്ദേശിക്കുന്നത് . "മിഹ്റാബ് "എന്ന പദം "ح ر ب ഹറബ" എന്ന ക്രിയുടെ "മിഫ്ആൽ "രൂപമാണ്.ഈ ക്രിയയുടെ അർത്ഥം ,യുദ്ധം ,പോരാട്ടം എന്നൊക്കെയാണ്. അപ്പോൾ മിഹ്റാബ് എന്ന

പദത്തിന്റെ അർത്ഥം ഒന്നുകിൽ പോരാട്ടത്തിനുള്ള ഉപകരണം ,അല്ലെങ്കിൽ പോരാട്ടത്തിനുള്ള പദവി എന്നൊക്കെയാണ്. ഈ രണ്ടിലേതെങ്കിലും ഒരർത്ഥം ഉദ്ദേശിക്കാൻ പറ്റിയ പദമാണ് ഇത്.

## അധ്യായം"ത്വാഹാ "

സൂറത്തു ത്വാഹാ 132ാം വചനത്തിൽ പരമകാരുണികൻ പറയുന്നു.

وَأْمُرْ أَهْلَكَ بِالصَّلَوٰةِ وَاصْطَبِرْ عَلَيْهَا ۖ لَا نَسْـَٔلُكَ رِزْقًا ۖ نَّحْنُ نَرْزُقُكَ ۗ وَالْعَـٰقِبَةُ لِلتَّقْوَىٰ ﴿١٣٢﴾

വഅമുർ അഹ്ലക്ക ബിസ്സ്വലാത്തി വസ്ത്വബിർ അലൈഹാ ലാ നസ്അലുക്ക രിസ് ഖൻ നഹ് നു നർസുഖുക്ക വൽ ആഖിബത്തു ലിത്തഖ് വാ "

" നിന്റെ ജനങ്ങളോടു സ്വലാത്ത് ചെയ്യാനും അതിൽ നിരന്തരമായി നിലനില്ക്കാനും കൽപിക്കുക.നാം നിങ്ങളോടു ആഹാരം ആവശ്യപ്പെടുന്നില്ല .എന്നാൽ നാം നിങ്ങൾക്കാണ് ആഹാരം നൽകുന്നത്.തഖ് വക്കുവേണ്ടിയുള്ളതാണ് സന്തോഷകരമായ പര്യവസാനം."

ഈ വചനത്തിന്റെ വിശദീകരണത്തിനു നമുക്കു 124 ാം വചനം മുതൽ വിശദീകരിച്ചു തുടങ്ങേണ്ടതുണ്ട്.ഈ വിഷയം ഈ വചനം മുതൽ ആണ് തുടങ്ങുന്നത്.124 മുതൽ 126 വരെയുള്ള വചനങ്ങളിൽ അല്ലാഹു വ്യക്തമാക്കുന്നത് ആരാണോ അവന്റെ ആശയ(ദിക്ർ)ത്തിൽ നിന്നും അകന്നു ജീവിക്കുന്നത് അവന്റെ ജീവിതം പ്രയാസകരവും അവനെ അന്ത്യദിനത്തിൽ അന്ധനായി ഹാജറാക്കപ്പെടുന്നതുമാണ് .ആ സന്ദർഭത്തിൽ അവൻ ചോദിക്കും ഞാൻ വളരെ ബുദ്ധിമാനായിരുന്നുവല്ലോ പിന്നെ എന്തു കൊണ്ട് ഞാൻ അന്ധനായി ഹാജറാക്കപ്പെട്ടു?എന്ന്. എന്റെ വചനങ്ങൾ നിനക്കു വന്നു കിട്ടിയിരുന്നു അന്നു നീ അതു മറന്നു കളഞ്ഞു. ആയതുകൊണ്ട് ഇന്നു നീ മറക്കപ്പെട്ടിരിക്കുകയാണ്.അങ്ങിനെ അക്രമികൾക്കും ദൈവീക വചനത്തിൽ വിശ്വസിക്കുന്നവരായിത്തീരുകയും ചെയ്യാത്തവർക്ക് ശിക്ഷ നൽകുന്നത്. അന്ത്യദിനത്തിലെ ശിക്ഷ വളരെ വേദനാജനകവും അതിൽ അവർ ശാശ്വതരായിരിക്കുകയും ചെയ്യും. എന്നാൽ ബുദ്ധിമാന്മാർ മുമ്പു നാം നശിപ്പിച്ച ജനങ്ങളിൽ നിന്നും പാഠം ഉൾക്കൊള്ളുന്നവരായിരിക്കും എന്നാണ് അല്ലാഹു പറയുന്നത്. നിന്റെ ശത്രുക്കളും ഈ രൂപത്തിൽ നശിപ്പിക്കപ്പെടും.

അതിനു ശേഷം പരമകാരുണികൻ പറയുന്നു:-

فَاصْبِرْ عَلَىٰ مَا يَقُولُونَ وَسَبِّحْ بِحَمْدِ رَبِّكَ قَبْلَ طُلُوعِ الشَّمْسِ وَقَبْلَ غُرُوبِهَا ۖ وَمِنْ ءَانَآئِ الَّيْلِ فَسَبِّحْ وَأَطْرَافَ النَّهَارِ لَعَلَّكَ تَرْضَىٰ ﴿١٣٠﴾

"ഫസ്ബിർ അലാമാ യഖൂലൂന വസബ്ബിഹ് ബിഹംദി റബ്ബിക്ക ഖബ്ല ത്വലൂഇഅശ്ശംസി വഖബ് ല ഗ്രൂബിഹാ വമിൻ ആനാഅല്ലൈലി ഫസബ്ബിഹ് വ അത്വ് റാഫന്നഹാരി ലഅല്ലക്ക തർളാ"

“അവർ എന്താണ് പറയുന്നത് എന്നു ശ്രദ്ധിച്ചു നില്ക്കാതെ നീ നിരന്തരം പരിശ്രമിച്ചു മുന്നോട്ടു പോകുക .നിന്റെ റബ്ബിന്റെ ഹംദുമായി രാവിലെയും,വൈകുന്നേരവും ,രാത്രിയിലും "തസ്ബീഹ്" ചെയ്യുക .ദിവസം മുഴുവൻ തസ്ബീഹ് ചെയ്യുക .അങ്ങിനെയെങ്കിൽ നീ തൃപ്തിപ്പെട്ടവനാകും"

ഈ വചനം ഒന്നു ശ്രദ്ധിച്ചു നോക്കൂ , ഈ വചനത്തിൽ സ്വലാത്ത് എന്ന പദം പോലും വന്നിട്ടില്ല .ഇവിടുത്തെ വിഷയം സ്വലാത്ത് അല്ലാത്ത മറ്റൊന്നാണ് . എന്നാൽ ചില വ്യഖ്യാതാക്കൾ തസ്ബീഹും ഹംദുമെല്ലാം നമസ്കാരമായിട്ടാണ് വ്യാഖ്യാനിച്ചിട്ടുള്ളത്. അതുപോലെ തസ്ബീഹ് എന്നതുകൊണ്ട് ജപമാലകളിലെ മുത്തുകളെണ്ണികളെണ്ണിക്കൊണ്ടുള്ള ഒരു മന്ത്രമായും വ്യാഖ്യാനിച്ചിട്ടുണ്ട്. എന്നാൽ പദാർത്ഥങ്ങളും, മലകളും,മരങ്ങളുമെല്ലാം തസ്ബീഹ് ചെയ്യുന്നതായി ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട് . നമ്മെ സംബന്ധിച്ച് തസ്ബീഹ് ചെയ്യുക എന്നതുകൊണ്ടു അർത്ഥമാക്കുന്നത് ദൈവീക കൽപനകളുടെ അടിസ്ഥാനത്തിൽ തന്നിൽ നിക്ഷിപതമായ കർത്തവ്യങ്ങൾ നിരന്തര പരിശ്രമത്തിലൂടെ നിർവ്വഹിക്കുക എന്നതാണ്. അല്ലാതെ സുബ്ഹാനല്ലാ എന്നു മന്ത്രിക്കലോ നമസ്കരിക്കലോ അല്ല.മരങ്ങളും പ്രപഞ്ചത്തിലെ മറ്റു പദാർത്ഥങ്ങളും മാലമണികളിൽ മന്ത്രിക്കുന്നതോ നമസ്കരിക്കുന്നതോ നാം കാണുന്നില്ല .മറിച്ച് അവ ദൈവീക നിയമങ്ങൾ അനുസരിച്ചാണ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. ദൈവം അവക്ക് നിശ്ചയിച്ച പ്രവർത്തനങ്ങൾ അവ ചെയ്തുകൊണ്ടിരിക്കുന്നു.

ഇവിടെ വേറൊരു വശം കൂടിയുണ്ട് .അതായത് പാരമ്പര്യ നമസ്കാരം നിർവ്വഹിക്കുന്നതിലൂടെയും മാലമണികളിൽ മന്ത്രങ്ങൾ ഉരുവിടുന്നതിലൂടെയും എങ്ങിനെയാണ് ശത്രുക്കളുടെ ഗൂഢാലോചനയെ തടുക്കാൻ നബിയോടു കൽപിക്കുന്നത്.? പാരമ്പര്യ നമസ്കാരവും മാലമണികളിലുള്ള ഉരുവിട്ടുകൊണ്ടിരിക്കലുമാണോ അവിശ്വാസികളെയും ,ശത്രുക്കളെയും തടുക്കാനുള്ള മാർഗ്ഗം.അതല്ല ദൈവീക കല്പനകളിലൂടെ ദൈവത്തിന്റെ പരമാധികാരം സ്ഥാപിക്കുകയാണോ വേണ്ടത്? ചിന്തിക്കുക.അതാകട്ടെആന്തരീകമായ സമാധാനത്തിലധിഷ്ഠിതമായ ഒരു സമൂഹത്തെ സൃഷ്ടിച്ചെടുക്കുകയും,ബാഹ്യമായ ഭീഷണികളെ തടുക്കുന്നതിനുവേണ്ടി പോരാടുകയും അങ്ങിനെ അവസാനം ദൈവീക കൽപനകൾ സ്ഥാപിക്കുകയും ചെയ്യുക. അങ്ങിനെയാണ് അവിശ്വാസികൾ പറയുന്നതിനെ ചെറുക്കുക അല്ലാതെ പാരമ്പര്യ നമസ്കാരം നിർവ്വഹിച്ചും മന്ത്രങ്ങൾ ചൊല്ലിയുമല്ല.അങ്ങിനെ ചെയ്യുന്നവർ അതും ചെയ്യട്ടെ.

## സൂറത്തു "ഖാഫ്"

ഈ പറഞ്ഞ കാര്യങ്ങൾ തന്നെയാണ് സൂറത്ത് ഖാഫ് 39 , 40 വചനങ്ങളിൽദൈവം വിവരിക്കുന്നതും. അതായത് സൂറത്ത് ത്വാഹാ 132 ാം വചനത്തിൽ ചർച്ച ചെയ്യുന്ന അതേ കാര്യം തന്നെയാണ് ഈ വചനങ്ങളിലും വിവരിക്കുന്നത്. പരമകാരുണികൻ പറയുന്നു:-

فَٱصۡبِرۡ عَلَىٰ مَا يَقُولُونَ وَسَبِّحۡ بِحَمۡدِ رَبِّكَ قَبۡلَ طُلُوعِ ٱلشَّمۡسِ
وَقَبۡلَ ٱلۡغُرُوبِ ٣٩

“ഫസ്ബിർ അലാമാ യഖൂലൂന വ സബ്ബിഹ് ബിഹംദി റബ്ബിക്ക ഖബ്ല ത്വലൂഇ അശ്ശംസി വ ഖബ്ലൽ ഗ്ഗുറൂബ് വമിന ല്ലൈലി വ സബ്ബിഹാഹ്ഹു വ അദ്ബാരി അസ്സുജൂദ്"

“ അവർ എന്താണ് പറയുന്നത് എന്നു ശ്രദ്ധിക്കാതെ നീ നിരന്തരം പരിശ്രമിച്ച് മുന്നോട്ടു പോകുക .നിന്റെ റബ്ബിന്റെ ഹംദുമായി രാവിലെയും, വൈകുന്നേരവും ,രാത്രി യിലും തസ്ബീഹ് ചെയ്യുക. സുജൂദുകൾക്ക് ശേഷം തസ്ബീഹ് ചെയ്യുക"

ഈ വചനങ്ങളുടെ മുമ്പുള്ള വചനങ്ങളിൽ പൂർവ്വീകരായ ജനങ്ങളെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്.ഇവരെക്കാളൊക്കെ എത്രയോ പതിന്മടങ്ങ് ശക്തരായ ജനങ്ങളെയാണ് നാം നശിപ്പിച്ചിട്ടുള്ളത്. അവർ അവരിലെ നല്ല ജനങ്ങൾക്കെതിരിൽ പോരാടിയെങ്കിലും അവരൊന്നും രക്ഷാമാർഗ്ഗം കണ്ടില്ല. കേൾക്കാനും ചിന്തിക്കാനും,നിരീക്ഷിക്കാനും കഴിയുന്നവർക്ക് ഇതൊരു പാഠമാണ് . ഈ പ്രപഞ്ചത്തെ ആറു സ്റ്റേജുകളിലായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. അതു യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി ഒരു പ്രയാസവും അവൻ അഭിമുഖീകരിച്ചിട്ടില്ല.
പരമകാരുണികൻ  നശിപ്പിച്ചു കളഞ്ഞു എന്നു പറഞ്ഞവരെക്കുറിച്ച് ഒന്നു ചിന്തിക്കുക അവർ വളരെ ശക്തരും അവരുടെ  സാഹചര്യത്തിൽ നിന്നുകൊണ്ടു തന്നെ അവർ രക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്തു.പക്ഷെ അതിനുള്ള വഴി അവർ കണ്ടെത്തിയില്ല . കാരണം തന്റെ സൃഷ്ടികളെ വെച്ചു നോക്കുമ്പോൾ സൃഷ്ടാവ് ശക്തനാണല്ലോ?.അവനാണല്ലോ ഈ പ്രപഞ്ചത്തെ ആറു സ്റ്റേജുകളായി സൃഷ്ടിച്ചെടുത്തിട്ടുള്ളത്?ആ  രംഗത്ത് ഒരു ദൗർബല്ല്യവും അവൻ നേരിട്ടിട്ടുമില്ല. പിന്നെ എങ്ങിനെയാണ് മനുഷ്യനു അവന്റെ പിടിയിൽ നിന്നും രക്ഷപ്പെടാൻ സാധിക്കുക?ഇതിനു ശേഷമാണ് ഇപ്പോൾ നാം പഠിച്ചുകൊണ്ടിരിക്കുന്ന വചനം വരുന്നത്. ആ വചനത്തിൽ നീ അവർ  പറയുന്നതിനെ ശ്രദ്ധിച്ചു കാത്തിരിക്കേണ്ടതില്ല എന്നും നീ നിരന്തരം പരിശ്രമിക്കുക  എന്നും ദൈവത്തിന്റെ പരമാധികാരം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പോരാട്ടം  നിരന്തരം നടത്തുക എന്നും ,അതിനു രാവിലെയായാലും ,രാത്രിയായാലും,  വൈകുന്നേരമായാലും അവനു സമർപ്പിക്കുക എന്നും അവനെ അനുസരിക്കാനുള്ള പരിശ്രമം തുടരുക എന്നും പറയുന്നു.
ഇവിടെ പറയുന്ന തസ്ബീഹും ബിൽ ഹംദോ,തസ്ബീഹോ ഒന്നും നമസ്കാരത്തെ അല്ല ഉദ്ദേശിക്കുന്നത്. കാരണം ഏതൊരു ജോലിയും സുജൂദിനു ശേഷം അഥവാ അനുസരിച്ചതിനു ശേഷമാണല്ലോ ചെയ്യുക.ഇനി സജദ എന്നതിനു നമസ്കാരം എന്ന് അർത്ഥം നല്കിയാൽ തസ്ബീഹ് സുജൂദിനു ശേഷമാണല്ലോ കല്പിച്ചിട്ടുള്ളത്.  ഇനി നമുക്കു തസ്ബീഹ് നമസ്കാരം എന്ന അർത്ഥത്തിലെടുത്താൽ നമസ്കാരത്തിനു ശേഷം

നമസ്കാരം ചെയ്യുക എന്ന അർത്ഥമാണ വരിക.

ഇവിടെ തസ്ബീഹ് നമസ്കാരമോ, സുജൂദ് നമസ്കാരമോ അല്ല എന്ന കാര്യം വളരെ വ്യക്തമാണ്.എന്നാൽ ഇതിനു വിപരീതമായി പ്രപഞ്ചത്തിലെ സർവ്വ വസ്തുക്കളും തസ്ബീഹ് ചെയ്യുന്നതായിട്ടാണ് ഖുർആൻ പറയുന്നത്.അതിനർത്ഥം ദൈവീക നിയമങ്ങൾക്കനുസരിച്ച് നിരന്തരം പ്രവർത്തിക്കുന്നു എന്നാണ് ഉദ്ദേശിക്കുന്നത്.അതാണ് തസ്ബീഹ്. എന്നാൽ പകലും ,രാത്രിയും , എന്ന പദങ്ങളൊക്കെ ആലങ്കാരികമായി എടുത്താൽ ദൈവീക മാർഗ്ഗ നിർദ്ദേശത്തിന്റെ വെളിച്ചം എപ്പോഴാണോ പരക്കുന്നത് അല്ലെങ്കിൽ ദൈവീക മാർഗ്ഗ നിർദ്ദേശങ്ങൾ തുടച്ചു മാറ്റപ്പെടുകയും,എന്നു പറഞ്ഞാൽ ക്രൂരതയുടെ ഇരുട്ട ജയിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ ദൈവീക കൽപനകൾക്കു സമർപ്പിക്കുകയും ,അവയുടെ പ്രചരണത്തിനും,സ്ഥാപനത്തിനും വേണ്ടി പോരാടുകയും ചെയ്യുക എന്ന് അർത്ഥം.

സൂറത്തു ത്വാഹയിലെ 130◌ാം വചനം നാം പഠിച്ച ശേഷം സൂറത്തു ഖാഫിലെ 39, 40 വചലങ്ങൾ നാം ചർച്ച ചെയ്തു. ഈ രണ്ടു സ്ഥലങ്ങളിലും ,പ്രവാചകനു അവിശ്വാസികൾ പ്രയാസകരമായ അവസ്ഥ ഉണ്ടാക്കിയപ്പോൾ അതിനെ എതിർത്തുകൊണ്ടാണ് അല്ലാഹു പ്രവാചകനോട് " അവർ പറയുന്നതിനെ കാര്യമാക്കേണ്ടതില്ലെന്നും,രാത്രിയിലും,പകലിലും ദൈവീക കൽപനകളുടെ സ്ഥാപനത്തിൽ നീ മുറുകെ പിടിച്ചുകൊള്ളുക എന്ന് അല്ലാഹു കൽപിച്ചത്. അതിനു ശേഷമാണ് 131,132 വചനങ്ങളിൽ പരമകാരുണികൻ ഇപ്രകാരം കൽപിക്കുന്നത്.:-

وَلَا تَمُدَّنَّ عَيْنَيْكَ إِلَىٰ مَا مَتَّعْنَا بِهِۦٓ أَزْوَٰجًا مِّنْهُمْ زَهْرَةَ ٱلْحَيَوٰةِ ٱلدُّنْيَا
لِنَفْتِنَهُمْ فِيهِ ۚ وَرِزْقُ رَبِّكَ خَيْرٌ وَأَبْقَىٰ ﴿١٣١﴾

“വലാ തമുദ്ദന അയ്നൈക്ക ഇലാ മാ മത്തഅനാ ബിഹീ അസ്വാജൻ മിൻഹും സഹ്റത്തൽ ഹയാത്തത്തദ്ദുൻയാ ലി നഫ് തിനഹും ബിഹീ വ രിസ്കു റബ്ബിക്ക ഗൈറുൻ വ അബ് ഖാ"

“നാം ഒന്നു പരീക്ഷിക്കുന്നതിനുവേണ്ടി ഭൗതിക ജീവിത്തിലെ അലങ്കാരങ്ങൾ നാം നൽകിയവരിലേക്കു നീ നോക്കണ്ട. കാരണം നിന്റെ റബ്ബിന്റെ ആഹാരമാണ് എറ്റവും നല്ലതും എന്നും നിലനിൽക്കുന്നതും.”

ഇതിനുശേഷമാണ് 132 ◌ാം വചനത്തിൽ നിങ്ങളുടെ ജനങ്ങളോടു സ്വലാത്തിനും ആ സ്വലാത്തിനുവേണ്ടി നിരന്തരം പരിശ്രമിക്കാനും കൽപിക്കാൻ നബിയോടു പറയുന്നത്. നമുക്കു നിങ്ങളിൽ നിന്നും ആഹാരം ആവശ്യമില്ല .നാം നിങ്ങൾക്ക് ആഹാരം നൽകുകയാണ് ചെയ്യുന്നത്. തഖ് വയുള്ള ജനങ്ങൾക്കാണ് അവസാന തീർപ്പ്.

ഈ ആയത്തിലും സ്വലാത്തിനെ നമസ്കാരം എന്ന അർത്ഥത്തിലെടുത്താൽ ആ നമസ്കാരത്തിന്റെ രൂപമോ സമയമോ നമുക്ക കിട്ടുകയില്ല.ഈ വചനത്തിൽ അവിശ്വാസികളുടെ വഞ്ചനയെ പ്രതിരോധിക്കുന്നതിനുവേണ്ടി ഇനി അവർ എത്ര തന്നെ ആഡംബര ജീവിതം നയിക്കുന്നവരായാലും നിങ്ങൾ നിങ്ങളുടെ സ്വലാത്തിൽ നിരന്തരം പരിശ്രമിക്കുക എന്നു കൽപിക്കുന്നു. മാത്രമല്ല നമ്മുടെ പ്രവാചകന്റെ  ജീവിതം കൊണ്ടു തന്നെ അവിശ്വാസികളുടെ ക്രൂരതയെ പ്രതിരോധിച്ചിരിക്കുന്നു  എന്നു തെളിയിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഈ തെളിയിച്ചു കൊടുക്കൽ ആചാര നമസ്കാരംനിർവ്വഹിച്ചല്ല. മറിച്ച് ദൈവീക കൽപനയിലധിഷ്ഠിതമായ അച്ചടക്കം സ്ഥാപിച്ചെടുക്കുന്നതിലൂടെയാണ് അത്. ആചാര നമസ്കാരം നിർവ്വഹിക്കുന്നവർ അതും ചെയ്യട്ടെ.

ഇതൊരു ഖുർആനിക വെളിപ്പെടുത്തലാണ് ഇഷ്ടമുള്ളവർ സ്വീകരിക്കാം.!!!

# അധ്യായം "അൽ -അമ്പിയാ"

സൂറത്ത് അൽ-അമ്പിയാ  വചനം 73 ൽ മാത്രമെ സ്വലാത്ത്  എന്ന പദം വന്നിട്ടൊള്ളൂ. ഈ അധ്യായത്തിൽ ചില സമൂഹങ്ങളുടെ മരണവും അവരുടെ പ്രാവാചകന്മാരെക്കുറിച്ചും വിശദീകരിക്കുന്നു. പ്രവാചകന്മാരായ ,ഇബ്രാഹീം ,ലൂത്ത് ,ഇസ്ഹാഖ് ,യഅഖൂബ് ,എന്നിവരെക്കുറിച്ച് പറഞ്ഞ ശേഷം പരമ കാരുണികൻ പറയുന്നത് കാണുക :-

وَجَعَلْنَـٰهُمْ أَئِمَّةً يَهْدُونَ بِأَمْرِنَا وَأَوْحَيْنَآ إِلَيْهِمْ فِعْلَ ٱلْخَيْرَٰتِ وَإِقَامَ ٱلصَّلَوٰةِ وَإِيتَآءَ ٱلزَّكَوٰةِ ۖ وَكَانُوا۟ لَنَا عَـٰبِدِينَ ﴿٧٣﴾

"വജഅൽനാ മിൻഹും അയിമ്മത്തൻ യഹ്ദൂന ബി അംരിനാ വ ഔഹയ്നാ ഇലൈഹിം ഫിഅലൽ ഗൈറാത്തി വഇഖാമ അസ്സ്വലാത്തി വ ഈതാഇസ്സകാത്തി വകാനൂ ലനാ ആബിദീൻ"

“അവരെ നാം നേതാക്കന്മാരാക്കുകയും, അവർ നമ്മുടെ കൽപനയാലുള്ള മാർഗ്ഗനിർദ്ദേശം പകർന്നു കൊടുക്കുകയും ചെയ്തു.സ്വലാത്ത് സ്ഥാപിക്കാനും സംസ്കാരം നൽകാനും നാം അവർക്ക് വഹ് യ് നൽകുകയും ചെയ്തു.അവർ നമ്മുടെ അനുസാരികളായിരുന്നു.”

നോക്കു ഈ വചനത്തിൽ ദൈവം പറയുന്നത് എന്റെ കൽപനയാൽ അവർ ജനങ്ങളുടെ നേതാക്കന്മാരായിത്തീരുകയും,അവർക്ക് സത്യത്തിന്റെ പാതയിലേക്കു ജനങ്ങളെ ക്ഷണിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കൊടുക്കുകയും,ആ നേതാക്കന്മാരോട് നന്മ പ്രവർത്തിക്കാനും,ദൈവത്തിന്റെ കല്പനകൾ സ്ഥാപിച്ചെടുക്കാനും,ജനങ്ങളിൽ അതിനനുസരിച്ചുള്ള സംസ്കാരം എത്തിക്കാനും കൽപിക്കുന്നു. ഇവിടെ  പാരമ്പര്യമായ ഒരു ആരാധനയോ അതിന്റെ സമയമോ, രൂപമോ ഒന്നും വിവരിക്കുന്നില്ല .ഈ പ്രവാചകന്മാർക്ക് അവരെ ആകാശത്തേക്കു കൊണ്ടുപോയി നമസ്കാരങ്ങളുടെ എണ്ണമോ,മലക്കു ഭൂമിയിൽ വന്ന് നമസ്കാര രൂപമോ ഒന്നും പഠിപ്പിച്ചതായി ഇവിടെ പറയുന്നില്ല.

ഇതു ഖുർആനിന്റെ ഒരു അനുസ്മരണമാണ് ഇഷ്ടമുള്ളവനു സ്വീകരിക്കാം !!!

## അധ്യായം "അൽ-ഹജ്ജ്"

സൂറത്ത് അൽ-ഹജ്ജിലെ 77 , 78 വചനങ്ങളിൽ ഇബാദത്ത് എന്ന പദം മാത്രമല്ല നമസ്കാരത്തിന്റെ ഭാഗങ്ങളായ റുകൂഅ, സുജൂദ് എന്നീ പദങ്ങളും വന്നിട്ടുണ്ട്.സ്വലാത്ത് ഇബാദത്ത് എന്നീ പദങ്ങളും വന്നിട്ടുണ്ട്.അതുകൊണ്ടു തന്നെ ഈ വചനങ്ങളിൽ നിന്നും നമസ്കാരം കണ്ടുപിടിക്കാനുള്ള സാധ്യത എത്രമാത്രമുണ്ടെന്നു നമുക്കൊന്നു പരിശോധിക്കാം.പരമകാരുണികന്റെ കല്പനകൾ ഒന്നു വായിക്കു:-

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱرْكَعُوا۟ وَٱسْجُدُوا۟ وَٱعْبُدُوا۟ رَبَّكُمْ وَٱفْعَلُوا۟ ٱلْخَيْرَ لَعَلَّكُمْ تُفْلِحُونَ ۩ ﴿٧٧﴾

وَجَٰهِدُوا۟ فِى ٱللَّهِ حَقَّ جِهَادِهِۦ ۚ هُوَ ٱجْتَبَىٰكُمْ وَمَا جَعَلَ عَلَيْكُمْ فِى ٱلدِّينِ مِنْ حَرَجٍ ۚ مِّلَّةَ أَبِيكُمْ إِبْرَٰهِيمَ ۚ هُوَ سَمَّىٰكُمُ ٱلْمُسْلِمِينَ مِن قَبْلُ وَفِى هَٰذَا لِيَكُونَ ٱلرَّسُولُ شَهِيدًا عَلَيْكُمْ وَتَكُونُوا۟ شُهَدَآءَ عَلَى ٱلنَّاسِ ۚ فَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَٱعْتَصِمُوا۟ بِٱللَّهِ هُوَ مَوْلَىٰكُمْ ۖ فَنِعْمَ ٱلْمَوْلَىٰ وَنِعْمَ ٱلنَّصِيرُ ﴿٧٨﴾

"യാ അയ്യുഹല്ലദീന ആമനൂ ഇർകഊ വസ്ജുദൂ വഅബുദൂ റബ്ബക്കും വഫ് അലുൽ ഖൈറ ലഅല്ലക്കും തുഫ്ഇലൂൻ വജാഹിദൂ ഫില്ലാഹി ഹഖ്ഖ ജിഹാദിഹീ  ഹുവ ഇജ്തബാക്കും വമാ ജഅല അലൈക്കും മിൻഹറജിൻ മില്ലത്ത അബീക്കും ഇബ്രാഹീമ ഹുവ സമ്മാക്കുമുൽ മുസ്ലിമീന മിൻ ഖബ് ലു വഫീ ഹാദാ ലിയകൂനഅർറസൂലു  ശഹീദൻ അലൈക്കും വതകൂനൂ ശുഹദാഅ അലന്നാസി ഫ അഖീമു അസ്സ്വലാത്ത വ ആതു അസ്സക്കാത്തു വഅതസ്വിമൂ ബില്ലാഹി ഹുവ മൗലാക്കും വനിഅമൽ മൗലാ വനിഅമ അന്നസ്വീർ"

"ഹേ വിശ്വസിച്ചവരെ, നിങ്ങൾ വിജയിക്കാൻ വേണ്ടി  കുനിയുകയും,നമിക്കുകയുംനിങ്ങളുടെ റബ്ബിന് ഇബാദത്ത് ചെയ്യുകയും ,നന്മ പ്രവർത്തിക്കുകയും,ചെയ്യുവീൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പോരാടേണ്ട രൂപത്തിൽ പോരാടുകയും ചെയ്യുവീൻ. അല്ലാഹു നിങ്ങളെ തെരഞ്ഞെടുക്കുകയും ദീനിൽ ഒരു പ്രയാസവും ഉണ്ടാക്കിയട്ടുമില്ല.അതാണ് നിങ്ങളുടെ പിതാവായ ഇബ്രാഹീമിന്റെ മാർഗ്ഗം. അല്ലാഹു മുമ്പും ഇതിലും നിങ്ങൾക്ക് മുസ്ലിംകൾ എന്നാണ് പേരിട്ടിരിക്കുന്നത്.ഈ ദൂതൻ നിങ്ങൾക്കെതിരിൽ സാക്ഷിയാകുന്നതിനും നിങ്ങൾ ജനങ്ങൾക്കെതിരിൽ സാക്ഷിയാകുന്നതിനും. എന്നിട്ട് നിങ്ങൾ സ്വലാത്ത് സ്ഥാപിക്കുകയും സക്കാത്ത് കൊണ്ടുവരികയും അല്ലാഹുവിനെ അവലംഭിക്കുകയും ചെയ്യുവീൻ  അവൻ നിങ്ങളുടെ രക്ഷാധികാരിയാകുന്നു .എത്ര നല്ലൊരു ര

നമസ്കാരത്തിന്റെ ഭാഗങ്ങളായി വിശദീകരിക്കപ്പെട്ട റുകൂഉ സുജൂദ് എന്നീ പദങ്ങളെ ക്കൊണ്ടാണ് ഈ വചനം ആരംഭിച്ചിരിക്കുന്നത്. അപ്പോൾ ചർച്ച ബാക്കിയുള്ള സ്ഥലങ്ങളിലേക്കു കൊണ്ടുപോകാതെ ഇവിടെ അവസാനിപ്പിക്കാം. കാരണം നാം ഇപ്പോൾ തന്നെ നമസ്കാരം നിർവ്വഹിച്ചു കഴിഞ്ഞു. പിന്നെന്തിനാണ് " ഇഅബുദൂ " എന്നു വീണ്ടും അല്ലാഹു കല്പിക്കുന്നത്.നിങ്ങൾ ആരാധിക്കു എന്ന് വേറെ പറയേണ്ട തുണ്ടോ നാം ഇപ്പോൾ തന്നെ നമസ്കരിച്ചില്ലേ?എങ്കിൽ പിന്നെ ഏത് ഇബാദത്താ ണ് ഇവിടെ വീണ്ടും കല്പിക്കുന്നത് നമസ്കാരം ഈ ഇബാദത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കി ൽ പിന്നെന്തിനാണ് ഈ അകാരണമായ ആവർത്തനം.?അപ്പോൾ നമസ്കാരം ഇബാ ദത്തിന്റെ പുറത്ത് നിൽക്കുന്നു.

ഇവിടെ റുകൂഅ ഒരു നമസ്കാരം ,സുജൂദ് മറ്റൊരു നമസ്കാരം, ഇബാദത്ത് പിന്നെയും ന മസ്കാരവും ആണെന്നു സങ്കൽപിച്ചാൽ ജനങ്ങൾക്ക് മാതൃകയാകാൻ നാം ചെയ്യേണ്ട സൽക്കർമ്മങ്ങളും ജിഹാദുമെല്ലാം ഒഴിവാക്കാൻ മറ്റൊരു കല്പന നാം കണ്ടെത്തേണ്ടി വരും. എന്നാൽ നമ്മോടു ജിഹാദും, സൽകർമ്മങ്ങളുമെല്ലാം ചെയ്യാൻ കല്പിച്ച ശേഷം അതാ വരുന്നു " അനന്തരം നിങ്ങൾ സ്വലാത്ത് നിർവ്വഹിക്കു"എന്ന കല്പന റുകൂഉം സുജൂദും, ഇബാദത്തുമെല്ലാം നമസ്കാരമായി നിർവ്വഹിച്ചതു പോരാഞ്ഞിട്ടാണോ അഖീ മൂ അസ്സ്വലാത്ത എന്ന കല്പന വീണ്ടും പറയുന്നത്.? അതല്ല ഇതെല്ലാം നമസ്കാരം ത ന്നെയാണോ? എന്നിട്ടു പിന്നെ ഒരു സ്വലാത്ത് വീണ്ടും എങ്ങിനെ വന്നു?.

ഈ വചനത്തിൽ "എന്നിട്ട് (then ف) എന്ന ഒരു പദം അഖീമൂ അസ്സ്വലാത്ത എന്ന കല്പനക്ക് മുമ്പ് വന്നത് ശ്രദ്ധിക്കുക. ആ പദം വളരെ പ്രധാനപ്പെട്ടതാണ് .ഈ പദം ചില പ്രത്യേക സാഹചര്യങ്ങൾ മുമ്പ് വിവരിക്കുകയും എന്നിട്ടു അതിന്റെ തുടർന്നു അ തിന്റെ കാരണങ്ങൾ വിവരിക്കാൻ ഉപയോഗിക്കുന്ന പദമാണ്. അതുകൊണ്ടു തന്നെ പരിഷ്കൃതവും ഐശ്വര്യപൂർണ്ണവുമായ ഒരു സമൂഹത്തെ പുനഃസൃഷ്ടിച്ചെടുക്കാനുള്ള കാ ര്യങ്ങളുടെ തുടക്കം മുതൽ ഒടുക്കം വരെയുള്ള സ്റ്റേജുകളാണ് ഇവരെ വിവരിക്കുന്നത്. പരിഷ്കൃതവും ,സമ്പന്നവും ,ഐശ്വര്യപൂർണ്ണവുമായ ഒരു സമൂഹത്തെ പുനഃസൃഷ്ടിച്ചെടു ക്കാനുള്ള ആദ്യത്തെ പടി റുകൂഅ ആണ്.അതായത് ദൈവീക കൽപനകളോടുള്ള അങ്ങേ അറ്റത്തെ ജിജ്ഞാസ കാണിക്കലാണ് . ഒരാൾ കുമ്പിടുക എന്നു പറഞ്ഞാൽ അവൻ ഒരു കല്പനക്ക് അനുസരിക്കാനുള്ള തന്റെ താല്പര്യം കാണിക്കലിനെയാണ് അത് സൂചിപ്പിക്കുന്നത്. അടുത്ത പടി ദൈവീക കൽപനക്കു അനുസരിക്കുവാനുള്ള തന്റെ സജീവത പ്രകടിപ്പിക്കുകയും അത് കാത്തു സൂക്ഷിക്കുകയും ചെയ്യുക. ആസ്റ്റേജി നെയാണ് സുജൂദ് എന്നു വിളിക്കുന്നത്.അതായത് ദൈവീക കൽപനകളോടുള്ള ഒരു മനുഷ്യന്റെ ജിജ്ഞാസക്കു ശേഷം അതിനുള്ള അവന്റെ സമർപ്പണത്തെ സൂചിപ്പിക്കു ന്നു.അടുത്ത പടി അനുസരിക്കാനുള്ള കല്പനയാണ്.ദൈവീക കൽപനകളിലൂടെയുള്ള

നിലനില്പിനും,വളർച്ചക്കും ,അച്ചടക്കത്തിനും താൻ ഇതിനു കീഴൊതുങ്ങി ജീവിക്കാൻ തയ്യാറാണെന്നു ഇതി സൂചിപ്പിക്കുന്നു. പിന്നീട് ഐശ്വര്യപൂർണ്ണമായ ഒരു സാധാരണ സമൂഹത്തെ ലക്ഷ്യം വെച്ചുകൊണ്ടുള്ള സൽകർമ്മങ്ങൾ ആ സമൂഹത്തെ മനുഷ്യർക്ക് മാതൃകയാക്കാൻ പറ്റുന്ന രൂപത്തിലാക്കണം. ഈ ഒരു സാഹചര്യത്തെയാണ് ശഹാദ ത്തുൻ അലന്നാസി(شَهَادة عَلى النَّاس) ജനങ്ങൾക്കുള്ള സാക്ഷി എന്നു വിളിച്ചത്. മുകളിൽ പറഞ്ഞ കാര്യങ്ങളൊക്കെ ആഗ്രഹിക്കത്തക്കതായാൽ അപ്പോൾthen സ്വ ലാത്ത്സ്ഥാപിക്കുകയും,ഓരോ വ്യക്തികളിലും  സംസ്കാരം ഉണ്ടാക്കിത്തീർക്കുകയും വേണം.

മുമ്പു വിശദീകരിച്ച വികസനത്തിന്റെ അവസാന പടിയായിട്ടാണ് " എന്നിട്ട് സ്വലാ ത്ത്  സ്ഥാപിക്കുകയും സംസ്കാരം ഉറപ്പുവരുത്തുകയും"(അഖീമൂ അസ്സ്വലാത്ത വ ആതു അസ്സ ക്കാത്ത) എന്നു കല്പിച്ചത്. ഇതാണ് വികസനത്തിലെത്തിച്ചേരാനുള്ള അന്തിമ മായ പടി(സ്റ്റേജ്) .ചുരുക്കിപ്പറഞ്ഞാൽ ഒരു പാരമ്പര്യ നമസ്കാരത്തിന്റെ ഘോഷയാ ത്രയെക്കുറിച്ചുള്ള കൽപനകളല്ല ഇവിടെ മറിച്ച് ഒരു സമ്പന്നമായ സമൂഹത്തെ സൃഷ്ടി ച്ചെടുക്കാനുള്ള ഓരോ പടികളെകളോരോന്നും എണ്ണിപ്പറയുകയും നിർദ്ദേശിക്കുകയുമാ ണ് ഇവിടെ ചെയ്തിരിക്കുന്നത്.
സൂറത്ത് അൽഹജ്ജിലെ 35ാം വചനത്തിൽ വിനയാന്വിതരായ (مُختبين mukhtabeen) ആളുകളുടെ ഗുണങ്ങൾ ആണ് വിവരിക്കുന്നത് .:-

ٱلَّذِينَ إِذَا ذُكِرَ ٱللَّهُ وَجِلَتْ قُلُوبُهُمْ وَٱلصَّـٰبِرِينَ عَلَىٰ مَآ أَصَابَهُمْ
وَٱلْمُقِيمِى ٱلصَّلَوٰةِ وَمِمَّا رَزَقْنَـٰهُمْ يُنفِقُونَ ﴿٣٥﴾

" അല്ലദീന ഇദാ ദുകിറല്ലാഹു വജിലത്ത് ഖുലൂബുഹും വസ്സ്വാബിരീന അലാമാ അസ്വബഹും വൽ മുഖീമീ അ സ്സ്വലാത്തി വമിമ്മാ റസഖ്നാഹും യുൻഫിഖൂൻ"

ഇവിടെ വിനീതരായ ആളുകളുടെ സ്വഭാവത്തെക്കുറിച്ചു പറയുന്ന ഈ ആയത്തിലും നമസ്കാരത്തിന്റെ രൂപമോ സമയമോ ഒന്നും വിവരിച്ചിട്ടില്ല .മറിച്ച് ,അല്ലാഹുവിനെ ക്കുറിച്ച് അഥവാ അവന്റെ ദിക്ർ പറയപ്പെട്ടാൽ അവരുടെ മനസ്സ് മൃദുലമാവുകയും അ വരുടെ മനസ്സിനെ ബാധിച്ച ആ പ്രശ്നത്തിനുവേണ്ടി അവർ പരിശ്രമിക്കുകയും സ്വ ലാത്ത് സ്ഥാപിക്കുകയും  ദൈവം അവർക്ക് നൽകിയതിൽ നിന്നും അവർ ചിലവഴി ക്കുകയും ചെയ്യുന്നതാണ് എന്നാണ് വിശദീകരിച്ചിട്ടുള്ളത്.

സ്വലാത്ത് എന്ന പദം സൂറത്ത് അൽഹജ്ജിലെ 40ാം വചനത്തിലും വന്നിട്ടുണ്ട്. ഈ വചനത്തിൽ വന്ന സ്വലവാത്ത്(صَلَوَات) എന്ന പദം സ്വലാത്ത് (صلوة) എന്ന

പദത്തിന്റെ വിപരീതമായിട്ടാണ് വിവരിച്ചിട്ടുള്ള്. എന്നാൽ ജൂദന്മാരുടെ ആരാധനാലയം എന്ന അർത്ഥത്തിലാണ് എല്ലാ വ്യാഖ്യാതാക്കളും വ്യാഖ്യാനിച്ചിട്ടുള്ളത്. ഇത് ഹിബ്രു ഭാഷയാണെന്നാണ് ഇവർ പറയുന്നത് .യഥാർത്ഥത്തിൽ ഈ പദംصلوتا എന്നായിരുന്നു എന്നാണ് ഇവർ പറയുന്നത്. ഇനി നമുക്കു 39 , 40 വചനങ്ങൾ പ രി ശോധിക്കാം .

أُذِنَ لِلَّذِينَ يُقَـٰتَلُونَ بِأَنَّهُمْ ظُلِمُوا۟ ۚ وَإِنَّ ٱللَّهَ عَلَىٰ نَصْرِهِمْ لَقَدِيرٌ ﴿٣٩﴾
ٱلَّذِينَ أُخْرِجُوا۟ مِن دِيَـٰرِهِم بِغَيْرِ حَقٍّ إِلَّآ أَن يَقُولُوا۟ رَبُّنَا ٱللَّهُ ۗ وَلَوْلَا دَفْعُ ٱللَّهِ ٱلنَّاسَ بَعْضَهُم بِبَعْضٍ لَّهُدِّمَتْ صَوَٰمِعُ وَبِيَعٌ وَصَلَوَٰتٌ وَمَسَـٰجِدُ يُذْكَرُ فِيهَا ٱسْمُ ٱللَّهِ كَثِيرًا ۗ وَلَيَنصُرَنَّ ٱللَّهُ مَن يَنصُرُهُۥٓ ۗ إِنَّ ٱللَّهَ لَقَوِىٌّ عَزِيزٌ ﴿٤٠﴾

“ഉദിന ലില്ലദീന യുഖാതിലൂന ബി അന്നഹും ളൂലിമൂ വ ഇന്നല്ലാഹ  അലാ നസ്വ് രിഹിം ല ഖദീർ അല്ലദീന ഉഖ് രിജ്ജൂ മിൻ ദിയാരിഹിം ബി ഗൈരി ഗൊയ് രി ഹഖ്ഖിൻ ഇല്ലാ അൻയഖൂലൂ റബ്ബുനല്ലാഹ വലൗലാ ദഫ്ഉള്ളാഹി ബഅളുഹും ബിബഅളിൻ ല ഹുദ്ദിമത്തുൻ സ്വവാമിഉൻ വ ബിയഉൻ വ സ്വലവാത്തുൻ വമസാജിദു യുദ്കറു ഫീഹാഇസ്മുള്ളാഹി കസീറൻ വലയൻസുറുല്ലാഹു മൻ യൻസുറുഹു ഇന്നല്ലാഹ ല ഖവിയ്യുൻ അസീസുൻ "

“തങ്ങൾ അക്രമിക്കപ്പെട്ടതിന്റെ കാരണത്താൽ പോരാടിക്കൊണ്ടിരിക്കുന്നവർക്ക് അനുവാദം നൽകപ്പെട്ടിരിക്കുന്നു. അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവൻതന്നെയാണ് .അതായത് അല്ലാഹുവാണ് തങ്ങളുടെ രക്ഷിതാവ് എന്ന് പറയുന്നതല്ലാതെയാതൊരു അവകാശവും കൂടാതെ തങ്ങളുടെ ഭവനങ്ങളിൽ നിന്നും പുറത്താക്കപ്പെട്ടവർക്ക്.അല്ലാഹു ചിലരെ മറ്റു ചിലരെക്കൊണ്ടുള്ള പ്രതിരോധ കഴിവുണ്ടാക്കിത്തീർത്തില്ലായിരുന്നുവെങ്കിൽ "സ്വവാമിഉം" "ബിയഉം" "സ്വലവാത്തും" അല്ലാഹുവിന്റെ നാമം ധാരാളമായി പറയുന്ന "മസാജിദുകളും" തരിപ്പണമാക്കപ്പെടുമായിരുന്നു. തീർച്ചയായും ദൈവം അവനെ സഹായിക്കുന്നവനെ സഹായിക്കുന്നവനാകുന്നു. അവൻ ശക്തനും പ്രതാപവാനുമാണ് "

ഈ വചനത്തിൽ നാല് പദങ്ങൾ വന്നിട്ടുണ്ട് അവയിലൊന്ന് സ്വലവാത്ത് എന്നതാണ്. ആ നാലു പദങ്ങളാണ് مَسَاجِد , صَلَوَات , بِيَع, صَوَامع എന്നിവ (സ്വവാമിഅബിയഅ ,സ്വലവാത്ത് , മസാജിദു )

<u>സ്വവാമിഅ:</u>

ع م ص സ്വ,മ ,അ എന്നിവയാണ് ഇതിലെ മൂല അക്ഷരങ്ങൾ "ബഹുമാനം അർഹിക്കുന്ന", എന്നും "വളരെ പ്രധാനപ്പെട്ട അവസ്ഥയിലുള്ള പദവിയിൽ ഒരാളെ നിയമിക്കുക" എന്നുമാണ് ഇതിന്റെ അർത്ഥങ്ങൾ .

<u>ബിയഉൻ :</u>

ഇതിന്റെ മൂല അക്ഷരങ്ങളാണ് ع ي ب എന്നിവ ".ഇടപാടു നടത്തുക"എന്നതാണ് അർത്ഥം.ബൈഅത്ത് എന്ന പദം ഇതിന്റെ മൂല അക്ഷരങ്ങളിൽ നിന്നും ഉണ്ടായതാണ്. "കച്ചവടം " എന്നതും ഇതിന്റെ അർത്ഥമാണ് .

<u>സ്വലവാത്തുൻ:</u>

و ل ص എന്നതാണ് ഇതിന്റെ മൂല അക്ഷരങ്ങൾ എന്നു നാം മുമ്പ് ചർച്ച ചെയ്തതാണല്ലോ? ദൈവീക കൽപനകളെ പിന്തുടർന്നു ജീവിക്കുന്ന ഒരു സമൂഹത്തെ സ്ഥാപിച്ചെടുക്കുക .

<u>മസാജിദ്:</u>

മസ്ജിദ് എന്നതിന്റെ ബഹുവചനമാണ് ഈ മസാജിദ് എന്ന പദം. "കൽപനകൾ " ഇതിലൂടെ സ്ഥാപിതമായ ഒരു സമൂഹത്തിന്റെ മാർഗ്ഗനിർദ്ദേശത്തിന്റെയും മേൽനോട്ടത്തിന്റെയും കീഴിലുള്ള കേന്ദ്രം/സ്ഥാപനം എന്നൊക്കെയാണ് അർത്ഥങ്ങൾ .

ഈ ആയത്തിന്റെ മൊത്തത്തിലുള്ള അർത്ഥം: അനീതിയുടെയും ,അക്രമത്തിന്റയും കാലത്ത് ,വളരെ പ്രധാനപ്പെട്ട പദവികളിൽ നിയമിക്കപ്പെട്ടവർ അവരുടെ ഔദ്യോഗിക പദവികളിൽ നിന്നും നീക്കം ചെയ്യപ്പെടുകയും അവരുടെ സ്ഥാനത്ത് അക്രമികൾ പകരം വരികയും, കച്ചവട കേന്ദ്രങ്ങൾ/ഇടപാടുകൾ/കരാറുകൾ തകർക്കപ്പെടുകയും ദുരിതത്തിലകപ്പെട്ട സമൂഹവും ,ദൈവീക കൽപനകളും ,ഒരു ഭാഗത്തേക്ക് നീക്കി വെക്കപ്പെടുകയും ചെയ്യുമായിരുന്നു.

മുകളിൽ വിശദീകരിച്ച വ്യഖ്യാനത്തിൽ നിന്നും കാര്യം വളരെ വ്യക്തമാണ്.എന്നാൽ പാരമ്പര്യ വ്യഖ്യാനം തെറ്റായ രീതിയിലാകാൻ കാരണം <u>സ്വലവാത്ത്</u> എന്നപദത്തിന് ജൂദരുടെ ആരാധനാലയം എന്ന അർത്ഥം പറയുക മുഖേനയാണ്.എന്നാൽ ഇവർ എന്തുകൊണ്ട് മുസ്ലിംകളുടെ സ്വലാത്തിനു" ജൂദ നമസ്കാരം" എന്നു വിളിക്കുന്നില്ല.

# അധ്യായം "അന്നൂർ"

സൂറത്ത് അന്നൂർ 58 ാം വചനത്തിലും നമസ്കാരത്തിന്റെ രൂപമോ സമയമോ വ്യക്തമാക്കിയിട്ടില്ല . നിലവിൽ എന്തു തന്ത്രമാണോ സ്വീകരിച്ചിട്ടുള്ള അതേ നില തന്നെ തുടരാനാണ് ഈ വചനത്തിൽ വ്യക്തമാക്കുന്നത്. അതുപോലെ ദൈവീക കൽപനകൾ പ്രചരിപ്പിക്കാൻ തുടങ്ങാനുള്ള അനുയോജ്യമായ സന്ദർഭങ്ങൾ ഏതാണെന്നും വ്യക്തമാക്കുന്നു. നമുക്കു ഈ വചനങ്ങൾ ഒന്നു പഠിക്കാം .പരമകാരുണികൻ പറയുന്നതു നോക്കൂ :-

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لِيَسۡتَـٔۡذِنكُمُ ٱلَّذِينَ مَلَكَتۡ أَيۡمَٰنُكُمۡ وَٱلَّذِينَ لَمۡ
يَبۡلُغُواْ ٱلۡحُلُمَ مِنكُمۡ ثَلَٰثَ مَرَّٰتٖۚ مِّن قَبۡلِ صَلَوٰةِ ٱلۡفَجۡرِ وَحِينَ تَضَعُونَ ثِيَابَكُم
مِّنَ ٱلظَّهِيرَةِ وَمِنۢ بَعۡدِ صَلَوٰةِ ٱلۡعِشَآءِۚ ثَلَٰثُ عَوۡرَٰتٖ لَّكُمۡۚ لَيۡسَ
عَلَيۡكُمۡ وَلَا عَلَيۡهِمۡ جُنَاحُۢ بَعۡدَهُنَّۚ طَوَّٰفُونَ عَلَيۡكُم بَعۡضُكُمۡ عَلَىٰ
بَعۡضٖۚ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمُ ٱلۡأٓيَٰتِۗ وَٱللَّهُ عَلِيمٌ حَكِيمٞ ٥٨

"യാ അയ്യുഹല്ലദീന ആമനൂ ലിയസ്തഅദിനകുമുല്ലദീന മലക്കത്ത് അയ്മാനുകും വല്ലദീന ലം യബ്ലുഗുൽ ഹുൽമ മിൻകും സലാസ മർറാത്തിൻ മ്മിൻ ഖബ്ലി സ്വലാത്തിൽ ഫജ്രി വഹീന തളഊന സിയാബക്കും മ്മിനള്ളഹീറത്തി വമിൻ ബഅദി സ്വലാത്തിൽ ഇശാഇ സലാസു ഔറാത്തിൻ ലക്കും ലൈസ അലൈക്കും വലാ അലൈഹിം ജുനാഹൻ ബഅദഹുന്ന ത്വവ്വാഫൂന അലൈക്കും ബഅളുക്കും അലാ ബഅളിൻ കദാലിക യുബയ്യിനുല്ലാഹു ലക്കുമുൽ ആയാത്തി വല്ലാഹു അലീമുൻ ഹക്കീം."

"വിശ്വാസികളെ നിങ്ങളുടെ "മിൽക്കുൽ യമീനു "കാരും,നിങ്ങളിൽനിന്നും പക്വത എത്താത്തവരും ,തീർച്ചയായും മൂന്നു സന്ദർഭങ്ങളിൽ അനുവാദം ചോദിക്കട്ടെ.സ്വലാത്ത്"അൽഫജ്റിനു" മുമ്പും, നിങ്ങളുടെ "സിയാബ് " "ളഹീറത്തിൽ ""വളഅ" ചെയ്യുമ്പോഴുംസ്വലാത്ത് "അൽഇശാ "ക്കു ശേഷവും. ഇതാണ് നിങ്ങൾക്കുള്ള മൂന്നു രഹസ്യ സമയങ്ങൾ .അവക്കു ശേഷം നിങ്ങൾക്കോ അവർക്കോ യാതൊരു കുറ്റവുമില്ല .കാരണം നിങ്ങളെല്ലാവരും ഇടക്കിടെ സന്ദർശിക്കുന്നവരാണ് .ഈ രൂപത്തിലാണ് ദൈവം അവന്റെ വചനങ്ങൾ നിങ്ങൾക്കു വിവരിച്ചു തരുന്നത്. ദൈവം എല്ലാ അറിയുന്നവനും യുക്തിജ്ഞനുമാണ്. "

ഇവിടെ പ്രധാനമായും പരിഗണിക്കേണ്ട ചില കാര്യങ്ങളുണ്ട് :-

1) ആരാണ് ഈ "മിൽക്കൽ യമീൻ" ?അതുപോലെ ആരാണ് ഈ പക്വത എത്താത്തവർ.? തീർച്ചയായും അവർ നിങ്ങളുടെ മീറ്റിംഗിൽ നിന്നും മാറി നിൽക്കണം.

2) ആരാണ് ഇതുവരെയും നിങ്ങളിൽ നിന്നും പക്വത എത്താത്തവർ മിൻകും എന്ന പദം (നിങ്ങളിൽനിന്നും)ഇവിടെ ഉപയോഗിച്ചതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്.ഈ പദം കുട്ടികൾ എന്ന അർത്ഥത്തിലല്ല ഉപയോഗിച്ചിട്ടുള്ളത് .ഇവിടെ കുട്ടികൾ എന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ "അത്വ് ഫാലുക്കും" أَطْفَالُكُم എന്നോ അല്ലെങ്കിൽ "ഔലാദുക്കും" എന്നോ ആണ് ഏറ്റവും അനുയോജ്യമായത്. 59ാംത്തെ വചനത്തിൽ ഇതേ ആളുകൾക്കു തന്നെ അത്വ് ഫാ ൽ എന്നു ഉപയോഗിച്ചിട്ടുണ്ട്. പക്ഷെ അത്വ് ഫാലുക്കും (നിങ്ങളുടെ അത്വ് ഫാൽ) എന്നു ഉപയോഗിച്ചിട്ടില്ല .മറിച്ച് الأَطْفَالُ مِنْكُم അത്വ് ഫാലുൻ മിൻകും നിങ്ങളിൽനിന്നുമുള്ള അത്വ് ഫാൽ എന്നു ഉപയോഗിച്ചിട്ടുണ്ട്. ഇപ്പോഴും ആ ജനങ്ങൾക്കിടയിൽ കണ്ടുവരുന്ന അത്വ് ഫാൽ ഇതുവരേയും അവർക്ക്മാനസികമായി പക്വത എത്തിയിട്ടില്ല .

3) ഇവിടെ "വളഅ" എന്നതിൽ നിന്നും ഉണ്ടായ പദമായ തളഊന (تَضَعُون) വിവസ്ത്രനാവുക , ചെരുപ്പ് അഴിച്ചുവെക്കുക എന്ന അർത്ഥമാണ് നൽകിയിട്ടുള്ളത്.നിന്റെ ചെരുപ്പ് അഴിച്ചുവെക്കുക(اخلع نَعْلَيكَ) എന്നതിന് خَلَع എന്ന പദം ഉപയോഗിച്ചത് വളരെ പ്രസിദ്ധമാണല്ലോ?( ഇത് ഒരു ആലങ്കാരികമായി എടുക്കുകയാണെങ്കിൽ ചുറ്റും അലഞ്ഞു നടക്കൽ നിർ<u>ത്തു</u>ക എന്നും അർത്ഥമാക്കാം.)

4) <u>ഇനി "സിയാബുക്കും"</u> . "സിയാബ്" എന്ന പദം ب و ث എന്ന മൂല അക്ഷരങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞതാണ് . "തിരിച്ചു നൽകുക "എന്നതാണ് ഇതിന്റെ അർത്ഥം. ഇതേ മൂലാക്ഷരങ്ങളിൽ നിന്നു തന്നെയാണ് ثواب സവാബ് എന്ന പദവും ഉണ്ടായിട്ടുള്ളത്.പ്രവർത്തനങ്ങളുടെപ്രതിഫലമായിക്കൊണ്ട് ദൈവം തിരിച്ചു നൽകുക എന്നതാണ് ഇതിന്റെ അർത്ഥമെന്നത് നമുക്ക് അറിയാമല്ലോ? .വിശ്വാസികൾക്കുള്ള പ്രതിഫലം എന്ന നല്ല അർത്ഥത്തിലുമെടുക്കാം .ഇതിനു വിപരീതമായി നിഷേധികൾക്ക് തിരിച്ചു നൽകുന്നതിനും ഉപയോഗിക്കാം.സൂറത്ത് അൽ -മുത്വഫ്ഫിഫീൻ 36ാം വചനത്തിൽ അല്ലാഹു പറയുന്നു هَلْ ثُوِّبَ الْكُفَّارُ مَاكَانُوا يَفْعَلُون- "അവിശ്വാസികൾക്ക് അവർ പ്രവർത്തിച്ചതിനു അതേപോലെ തിരിച്ചുള്ള പ്രതിഫലം" ".ഒരു ഭാവിയിലേക്കുള്ള തന്ത്രത്തിന്റെ അഥവാ പദ്ധതിയുടെ ഫലത്തിനും ഈ"തവാബ്" എന്ന പദം ഉപയോഗിക്കും.സൂറത്ത് അൽ-മുദ്ദസ്സി റിൽ അല്ലാഹു പറയുന്നു وَثِيَابَكَ فَطَهِّر -നിന്റെ പദ്ധതി/തന്ത്രം അഴുക്കുകളിൽ മുക്തമാക്കുക.

ഇവിടെ ഒരു ചോദ്യം നമുക്കു ചോദിക്കാനുണ്ട് .വൃത്തിയാക്കാൻ കല്പിക്കാൻ മാത്രം പ്രവാചകന്റെ വസ്ത്രം ചെളിപുരണ്ടതായിരുന്നുവോ?ഇത് തീർച്ചയായും ഒരു തലതിരിഞ്ഞ ധാരണയാണ് .മാത്രമല്ല പ്രവാചകന്റെ വ്യക്തിത്വത്തെ കളിയാക്കലുമാണ് .അതുകൊണ്ട് തൗബ്(ثَوْب) എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ലക്ഷ്യം,തന്ത്രം, ഫലങ്ങൾ എന്നൊക്കെയാണ് ഉദ്ദേശിക്കുന്നത്.അപ്പോൾ പ്രവാചകന്റെ ലക്ഷ്യവും,തന്ത്രവും,അതിൽനിന്നുകിട്ടുന്ന ഫലവുമെല്ലാം ശിർക്കിൽ നിന്നും മുക്തമാക്കാനാണ് ഇവിടെ കൽപിക്കുന്നത്.

5) <u>മിന അ-ള്ളഹീറത്തി ( അള്ളഹീറത്തിൽ നിന്നും)</u>

ഇവിടെ സ്വലാത്ത് അൽ-ഫജ്ർ എന്നതും സ്വലാത്ത് അൽ-ഇശാ എന്നതുംപ്രത്യേകം ശ്രദ്ധിക്കണം .ഇവിടെ ഫജ്ർ നമസ്കാരം എന്നും ഇശാ നമസ്കാരം എന്നും അർത്ഥത്തിലെടുക്കുകയാണെങ്കിൽ  അപ്പോൾ തീർച്ചയായും സ്വലാത്ത് അള്ളുഹർ എന്നായിരിക്കും ഈ പദം പറയുക.മിന അള്ളഹീറത്തി എന്ന പദം തന്നെ തെളിവാണ് ഇവിടെ ളുഹർ നമസ്കാരമല്ല ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാകാൻ. അതുകൊണ്ട് "ളഹീറത്ത്" എന്ന പദവും അതിന്റെ മൂല അക്ഷരങ്ങളിൽ നിന്നു തന്നെ മനസ്സിലാക്കണം.

ظَهِيرة ളഹീറ എന്ന പദം ر ه ظ എന്ന മൂല അക്ഷരങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞുണ്ടായതാണ് .അതിന്റെ ഫഈൽ എന്ന രൂപത്തിൽ ഉണ്ടായതാണ് ളഹീർ എന്നത്. ളഹീർ എന്നു പറഞ്ഞാൽ ഏതൊരു വ്യക്തിയാണോആധിപത്യത്തിന്റെ ഗുണങ്ങളുള്ളവനായിത്തീരുന്നത് അവനാണ് ളഹീർ പ്രമുഖനായിത്തീരുക എന്നതും ഇതിന്റെ അർത്ഥമാണ് .ആധിപത്യം എന്നതാണ് ഇതിന്റെ മൂല അർത്ഥം.ഒരാൾ മുഴുവൻ പ്രാമുഖ്യത്തോടു കൂടി പ്രശസ്തിയിലേക്കു വരിക. ആ സ്വാധീനം ഭൗതികമാകാം അല്ലെങ്കിൽ അയാളുടെ ഗുണങ്ങൾക്കൊണ്ടാകാം.എന്തായാലും ഈ പദം സ്വാധീനത്തിനു  കാരണമാകുന്ന അവസ്ഥകൾക്കാണ് ഉപയോഗിക്കുക.

6) <u>സ്വലാത്ത് അൽ-ഫജ്ർ</u>

സ്വലാത്ത് <u>അൽഫജ്ർ </u>എന്ന വാക്ക്  സൂറത്ത് ബനീ ഇസ്രായീൽ 78ാമത്തെ വചനത്തിൽ വന്നിട്ടുണ്ട്.അവിടെ ഖുർആൻ അൽഫജ്ർ സ്ഥാപിക്കാനാണ് കൽപിച്ചിട്ടുള്ളത്. ഫജ്ർ എന്നാൽ ഏതെങ്കിലും ഒരു വസ്തുവിന്റെ  പൊട്ടി വിടരലാണ്(bursting)അർത്ഥമാക്കുന്നത്.പ്രഭാതത്തിലെ വെളിച്ചം  ഇരുട്ടിൽ നിന്നും പൊട്ടിവിടരുന്ന സമയത്തിനാണ് ഫജ്ർ എന്നു പറയുന്നത് അതുകൊണ്ടു ഖുർആനിക വെളിച്ചത്തിന്റെ പൊട്ടിവിടരലും പരക്കലുമാണ് " ഖുർആൻ അൽഫജ്ർ" എന്നതുകൊണ്ടു ഉദ്ദേശിക്കുന്നത് . ഒരു പുതിയ പുലരിയുടെ ഖുർആൻ .സ്വലാത്ത് അൽഫജ്ർ

എന്നാൽ ദൈവീക കല്പനകളുടെ കീഴിൽ ഒരു പുതിയ പുലരിക്കുവേണ്ടി ആവിഷ്കരിക്കപ്പെട്ട അച്ചടക്കത്തെയാണ് ഉദ്ദേശിക്കുന്നത്.സ്വലാത്ത് അൽ-ഇശാ എന്നതും ഇരുട്ടിനെ നീക്കുന്നതിനുവേണ്ടി ചുമതല ഏൽപിക്കപ്പെട്ട അച്ചടക്കത്തെയാണ് വ്യക്തമാക്കുന്നത് . എങ്ങിനെയുള്ള ഇരുട്ട് എന്നു ചോദിച്ചാൽ ദൈവത്തിന്റെ കൽപനകൾ മറച്ചുവെക്കാനും മൂടിവെക്കാനും ,തകർത്തുകളയാനും കാരണമാകുന്ന ഇരുട്ട് .

ഈ വചനങ്ങൾ നമുക്ക ഒന്നുകൂടി വ്യക്തമായി പഠിക്കണം..വിശ്വാസികളോട് ,നിങ്ങൾ, പവർ അറ്റോണിയിലൂടെ നിങ്ങളുടെ കീഴിലുള്ളവരോടും, ഇതുവരെ പക്വതയിലെത്താത്തവരും തീർച്ചയായും മൂന്നു വ്യത്യസ്ഥ അവസ്ഥകളിൽ അനുവാദം ചോദിക്കട്ടെ എന്നു നിർദ്ദേശം നൽകു എന്നു കല്പിക്കുന്നു.

1) ഖുർആനിക നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള അച്ചടക്കം സ്ഥാപിച്ചെടുക്കുന്ന അവസ്ഥക്കു മുമ്പ്
2) നിങ്ങളുടെ ആധിപത്യത്തിനുവേണ്ടിയുള്ള പദ്ധതിയും തന്ത്രവും ആവിഷ്കരിക്കപ്പെടുന്ന അവസ്ഥയിൽ നിങ്ങളായിരിക്കുമ്പോഴും.
3) അറിവില്ലായ്മയുടെ ഇരുട്ട് ഇപ്പോഴും ആധിപത്യം ചെലുത്തിക്കൊണ്ടിരിക്കുമ്പോഴും.

ഈ മൂന്നു സമയങ്ങൾ നിർണ്ണായകമായ സമയങ്ങൾ മാത്രമല്ല മറിച്ച് ദൗർബല്ല്യവും കൂടിയാണ് . മറ്റു സമയങ്ങളിലൊന്നും തന്നെ ഈ വിലക്ക് ഇല്ല .കാരണം നിങ്ങൾ പരസ്പരം ബന്ധപ്പെട്ടു കഴിയുന്നവരാണല്ലോ. അങ്ങിനെയാണ് അല്ലാഹു അവന്റെ കല്പനകൾ നിങ്ങൾക്ക് വിവരിച്ചു തരുന്നത്.അവൻ അറിയുന്നവനും യുക്തിജ്ഞനുമാണ് .

ഈ കല്പന മുഅമിനുകൾ അവരുടെ പദ്ധതികളും തന്ത്രങ്ങളും തീരുമാനിക്കാനുള്ള കൗൺസിൽ യോഗം നടത്തുന്നവരോടുള്ളതാണ്. ആദ്യത്തെ സ്റ്റേജ് ഖുർആനിക അച്ചടക്കം ഇപ്പോഴും സ്ഥാപിതമായിട്ടില്ല.പക്ഷെ ഖുർആനിന്റെ വെളിച്ചം പൊട്ടി വിടരാൻ പോകുകയാണ് .ഖുർആനിക പുലരിയിലേക്ക് നയിക്കപ്പെടാൻ പോവുകയാണ് .അതുകൊണ്ടു തന്നെ മാനസികവും ബുദ്ധിപരവുമായ ക്ലൈമാക്സിലേക്ക് ഇപ്പോഴും എത്താത്തവരും അല്ലെങ്കിൽ മിൽക്കൽ-യമീനും,ഇത്തരം മീറ്റുങ്ങുകളിൽ നിന്നും തീർച്ചയായും വിട്ടു നില്ക്കണം.ചില മീറ്റിങ്ങുകൾ ചില വ്യക്തികളുടെ പരിചയ സമ്പന്നതയുടെ അടിസ്ഥാനത്തിൽ ചില തന്ത്രങ്ങൾ ആവിഷ്കരിക്കാൻ വേണ്ടി മാത്രമായിരിക്കും.അതുകൊണ്ടു ഇത്തരം തലത്തിലേക്ക് ഉയരാൻ കഴിയാത്തവരെ തീർച്ചയായും അത്തരം യോഗങ്ങളിൽ പങ്കെടുപ്പിക്കരുത്.

ഇതേ കൽപന തന്നെയാണ് "മിന അള്ളഹീറത്തി " -ആധിപത്യത്തിന്റെ സമയം.-

എന്നവേളയിൽ നടപ്പാക്കേണ്ടതും. കാരണം അത്തരം ഒരു സാഹചര്യത്തിൽ ഭാവി യിലേക്കുള്ള തന്ത്രങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടിവരും.അത്തരം പ്രക്രിയകളിലും പക്വ ത എത്താത്ത ആളുകളും, മിൽക്കുൽ യമീനുകളായ ആളുകളും ഒരിക്കലും അതിൽ പങ്കെടുക്കരുത്. അതുപോലെ ചില കാരണങ്ങളാൽ ദൈവീക കൽപനയിൻ കീഴി ലുള്ള അച്ചടക്കം ആവിഷ്കരിക്കപ്പെടാതിരിക്കുകയും എന്നാൽ അതിനു വേണ്ടിയുള്ള പരിശ്രമത്തിന്റെ വഴിയിലുമാണ് അത്തരം സമയങ്ങളിലും ഈ കല്പന നടപ്പാക്കണം .കാരണം ഇത്തരം സന്ദർഭങ്ങളൊക്കെ ദുർബലമായ(വൈകാരികം) ഒന്നായിട്ടാണ് കണ്ടിട്ടുള്ളത്. തന്ത്രങ്ങൾ ചോർന്നുപോയാൽ മുറിവുണ്ടാക്കാവുന്ന തകരാറുകൾക്ക് അത് കാരണമാകും.അതുകൊണ്ടാണ് അൽ-ഇശാ എന്ന പദം ഇവിടെ ഉപയോഗിച്ചി ട്ടുള്ളത്.മൂടുക (covered) മറച്ചുവെക്കുക എന്നെല്ലാമാണ് ഈ പദത്തിന്റെ അർത്ഥം.

ഇവിടെ ഭാര്യഭർത്താക്കന്മാരുടെ റൂമുകളിലേക്കു പ്രവേശിക്കാനുള്ള അനുവാദം ചോദി ക്കലാണെങ്കിൽ ഈ കുട്ടികളും,പക്വതയെത്താത്തവരും ,അടിമകളും മാത്രം സമ്മതം ചോദിച്ചാൽ മതിയോ?

ഒരു കാര്യം നമ്മുടെ മനസ്സിൽ എപ്പോഴും ഉണ്ടായിരിക്കണം .അതായത് എപ്പോഴൊ ക്കെ ഇഖാമത്ത് അസ്സ്വലാത്ത് എന്നും ഈതാഉ അസ്സക്കാത്ത് എന്നും ഖുർആനിൽ വന്നിട്ടുണ്ടോ അപ്പോഴൊക്കെ വളരെ വ്യക്തമായി അതിന്റെ കാര്യങ്ങൾ അല്ലാഹു വിശദമാക്കിയിട്ടുണ്ട്.

എന്നാൽ ഈ വചനങ്ങളിലും ആചാര നമസ്കാരത്തിന്റെ രൂപമോ ,സമയങ്ങളോ, ഒ ന്നും വിശദമാക്കിയിട്ടില്ല .ഇനി ഫജ്ർ എന്നതും ഇശാ എന്നതും രാവിലത്തെ സമ യം എന്നും രാത്രിയിലെ സമയം എന്നും മനസ്സിലാക്കിയാൽ തന്നെ "മിന അള്ളഹീ റത്തി" എന്നു പറഞ്ഞതിൽ നിന്നും ളുഹർ നമസ്കാരത്തിന്റെ സമയം തന്നെ തള്ളിക്ക ളയുന്നു. എന്നാൽ സ്വലാത്ത് എന്ന പദത്തെ ദൈവീക കൽപനകളുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ആലോചിക്കുകയാണെങ്കിൽ ഈ കൽപനകളുടെ വിശദാംശ ങ്ങൾ നമുക്കു കാണാൻ കഴിയുക മാത്രമല്ല കൂടുതൽ വേഗത്തിൽ അതിന്റെ വിശദീക രണങ്ങൾ നമുക്കു കണ്ടെത്താനും കഴിയുന്നു.ഇതാണ് സ്വലാത്ത് ആചാരനമസ്കാരമല്ല എന്നതിന്റെ ഒരു തെളിവ്.ദൈവീക മാർഗ്ഗ നിർദ്ദേശത്തിൻ കീഴിലുള്ള കൽപനകൾ എന്നു എടുത്താൽ അതു മനസ്സിലാക്കാനും,അതിനനുസരിച്ച് പ്രവർത്തിക്കാനും,ഒരു സമൂഹത്തെ വികസിപ്പിച്ചെടുക്കാനും ഇഖാമത്ത് അസ്സ്വലാത്ത എന്ന പദം വിശദമാ ക്കുന്നതായി നമുക്കു കാണാം.

സൂറത്ത് അന്നൂർ 37ാം വചനത്തിൽ പരമകാരുണികൻ പറയുന്നു.

رِجَالٌ لَّا تُلْهِيهِمْ تِجَٰرَةٌ وَلَا بَيْعٌ عَن ذِكْرِ ٱللَّهِ وَإِقَامِ ٱلصَّلَوٰةِ وَإِيتَآءِ ٱلزَّكَوٰةِ
يَخَافُونَ يَوْمًا تَتَقَلَّبُ فِيهِ ٱلْقُلُوبُ وَٱلْأَبْصَٰرُ ﴿٣٧﴾

“രിജാലുൻ ലാ തുൽഹീഹിം തിജാറത്തുൻ വലാ ബൈഉൻ അൻ ദിക് രില്ലാഹ വ ഇഖാമി അസ്സ്വലാത്തി ഈ താഇ അസ്സക്കാത്തി യഗാഫൂന യൗമൻ തതഖല്ലബു ഫീഹിൽഖുലൂബു വൽഅബ്സ്വാറു.”

“ചില രിജാലുകൾ അവരെ കച്ചവടമോ,ഇടപാടുകളോ,ദൈവത്തെ ഓർക്കുന്നതിൽ നിന്നും സ്വലാത്തും സ്ഥാപിക്കുകയും സംസ്കാരം കൊണ്ടുവരികയും ചെയ്യുന്നതിൽ നിന്നും  അശ്രദ്ധമാക്കുന്നില്ല. കണ്ണുകളും ,ഹൃദയങ്ങളും കിടന്നു മറിയുന്ന ഒരു ദിനത്തെ ഭയക്കുന്നവരുമാണവർ"

ദൈവത്തിന്റെ പ്രത്യേകമായ ചില ആളുകളുടെ അവസ്ഥ ഒന്നു പ്രത്യേകം എടുത്തു പറയുകയാണ് ഇവിടെ.ഇവിടെ നമസ്കാരത്തിന്റെ സമയമോ,രൂപമോ വിവരിക്കുകയുണ്ടായോ?  ഇവിടെ രിജാൽ എന്ന ഒരു പദം ഈ വചനത്തിൽ വന്നിട്ടുണ്ട്. പുരുഷനും സ്ത്രീക്കും ഈ പദം ഉപയോഗിക്കും. കാരണം ആരാണോ ദീനിനെ മുറുകെ പിടിക്കുന്നത് അതു പുരുഷന്മാർ മാത്രമല്ല ചെയ്യുക .സ്ത്രീകളും അങ്ങിനെ ചെയ്യുന്നവരാണ്.

സൂറത്ത് അന്നൂർ 55◌ാം വചനത്തിൽ ദൈവം, പരിഷ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിശ്വാസികൾക്ക് നാട്ടിൽ അധികാരം നല്കാമെന്നും ഭയത്തിനു ശേഷം നിർഭയത്ത്വം നൽകാമെന്നും വാഗ്ദത്തം ചെയ്യുന്നു.അവർ എന്നെ അനുസരിച്ചുകഴിയുന്നവരാണെന്നും അവർ എന്റെ കൽപനകളിൽ ആരേയും പങ്കുചേർക്കുകയില്ലെന്നും ദൈവം പറയുന്നു. എന്നാൽ ഇതിനൊക്കെ ശേഷം ആരെങ്കിലും അവിശ്വാസികളായിത്തീർന്നാൽ അവർ അക്രമികളാണെന്നും ദൈവം പറയുന്നു. ഈ വചനത്തിനുശേഷമാണ് 56◌ാമത്തെ വചനത്തിൽ  ഇങ്ങിനെ പറയുന്നത്.:-

وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَأَطِيعُوا۟ ٱلرَّسُولَ لَعَلَّكُمْ
تُرْحَمُونَ ﴿٥٦﴾

“ വഅഖീമൂ അസ്സ്വലാത്ത വ ആതു അസ്സക്കാത്ത വ അതീഊ അർറസൂല ലഅല്ലകും തുർഹമൂൻ "

“സ്വലാത്ത് സ്ഥാപിക്കുകയും സംസ്കാരം കൊണ്ടിവരികയും ദൈവദൂതനെ അനുസരിക്കുകയും, ചെയ്യുക എങ്കിൽ നിങ്ങൾ കരുണ ചെയ്യപ്പെടും.”

ഈ വചനത്തിൽ നമസ്കാരത്തിന്റെ രൂപമോ ,സമയങ്ങളോ ഒന്നും തന്നെ വിവരിച്ചിട്ടില്ല .ഈ വചനത്തിൽ ദൈവത്തിന്റെ കാരുണ്യം കിട്ടാനുള്ള കാര്യങ്ങളാണ് പറയുന്നത്.സ്വലാത്ത് സ്ഥാപിക്കുകയും, സകാത്ത് കൊണ്ടുവരികയും,ദൂതനെ അനുസരിക്കുകയും ചെയ്താൽ ദൈവത്തിന്റെ കാരുണ്യത്തിനു അർഹരാകും.ദൈവത്തിനു കാരുണ്യത്തിനു അർഹരായ ഒരു സമ്പന്നമായ സമൂഹത്തിന് ദൈവീക കൽപനകൾ സ്ഥാപി

ച്ചാൽ മാത്രം പോര .അതിനനുസരിച്ച് ദൈവീക മാർഗ്ഗത്തിൽ ചിലവഴിച്ചും മറ്റും സംസ്കാരം കൊണ്ടുവരികയും,ദൈവദൂതനെ അനുസരിക്കുകയും ചെയ്യെങ്കിലേ കഴിയൂ നമസ്കരിച്ചുകൊണ്ട് ഇതിനു കഴിയും എന്നു വിശ്വസിക്കുന്നവർ അതും ചെയ്യട്ടെ.

# അധ്യായം അന്നംല്

സൂറത്ത് അൻ-നംലിൽ സ്വലാത്ത് എന്ന പദം 3ാമത്തെ വചനത്തിൽ മാത്രമെ വ ന്നിട്ടൊള്ളൂ. സൂറത്ത് അന്നംലിൽ സ്വലാത്ത് സ്ഥാപിക്കലുമായി ബന്ധപ്പെട്ടു കാര്യങ്ങ ളാണ് കൈകാര്യം ചെയ്യുന്നത് . അതുകൊണ്ടു തുടക്കത്തിൽ തന്നെ വിശ്വാസികളുടെ ഗുണങ്ങൾ പറഞ്ഞ സ്ഥലത്ത് അവർ സ്വലാത്ത് സ്ഥാപിക്കുന്നവരാണെന്നു പറയു ന്നു. പരമകാരുണികൻ പറയുന്നു.

ٱلَّذِينَ يُقِيمُونَ ٱلصَّلَوٰةَ وَيُؤْتُونَ ٱلزَّكَوٰةَ وَهُم بِٱلْآخِرَةِ هُمْ يُوقِنُونَ ﴿٣﴾

"അല്ലദീന യുഖീമൂന അസ്സ്വലാത്ത വയുഅതുന അസ്സക്കാത്ത വഹും ബിൽ ആഖിറത്തി ഹും യൂഖിനൂൻ"

"മുഅമിനുകൾ സ്വലാത്ത് സ്ഥാപിക്കുകയും സകാത്ത് കൊണ്ടുവരികയും അവർ അ ന്ത്യദിനത്തിൽ വിശ്വസിക്കുകയും ചെയ്യും."

ഖുർആനിൽ ഈ വിഷയം വിവിധ വചനങ്ങളിൽ നാം ചർച്ച ചെയ്തതാണ്.എല്ലാ വ ചനത്തിലും ഈ കല്പന നിങ്ങൾ കണ്ടതാണ്. പക്ഷെ അവിടെയൊന്നും തന്നെ നമ സ്കാരത്തിന്റെ രൂപമോ ,സമയങ്ങളോ പറഞ്ഞതായി നാം കണ്ടിട്ടില്ല . നിങ്ങൾ ഈ അധ്യായം മുഴുവൻ പഠിക്കുകയാണെങ്കിൽ യഥാർത്ഥത്തിൽ സ്വലാത്ത് എന്താണെ ന്നു മനസ്സിലാക്കാൻ കഴിയും.പ്രവാചകന്മാരായ മൂസയും,സുലൈമാനും,സ്വാലിഹും ലൂത്തുമെല്ലാം അവരവരുടെ കാലത്ത് നിർവ്വഹിച്ചിരുന്ന സ്വലാത്ത് എന്താണെന്ന് ഈ സൂറത്തിൽ നിന്നും നമുക്കു മനസ്സിലാക്കാൻ കഴിയും.
മൂസയുടെ പോരാട്ടത്തെക്കുറിച്ചും അദ്ദേഹം എങ്ങിനെയാണ് തിരിച്ചു വന്നതെന്നും അ ടിമത്ത്വത്തിന്റെ ചങ്ങലകളും പീഢനവും എങ്ങിനെയാണ് അദ്ദേഹം ഇല്ലാതാക്കിയ തെന്നും അദ്ദേഹത്തിന്റെ ജനതയെ എങ്ങിനെയാണ് സ്വതന്ത്രമാക്കിയതെന്നും നാം കണ്ടതാണ്.എങ്ങിനെയാണ് പ്രവാചകനായ സുലൈമാൻ ഈ സ്വാതന്ത്ര്യം കൊണ്ടു വന്നതെന്നും,മുശ്രിക്കുകളെ എങ്ങിനെ കൈകൈര്യം ചെയ്തതെന്നുംനാം കണ്ടതാണ് .എങ്ങിനെയാണ് പ്രവാചകനായ സ്വാലിഹ് രണ്ടു ഗ്രൂപ്പുകളാക്കി തിരിച്ചതെന്നും ,മുഅ മിനുകൾ വിജയിച്ചതെങ്ങിനെയെന്നും നാം ഈ അധ്യായത്തിൽ കണ്ടതാണ്. വേ റൊരു ജനത പ്രവാചകനായ ലൂത്തിന്റെ ജനതയുടെ പീഢനത്തിൽ സഹായികളായ ത് എങ്ങിനൊണെന്നും നാം മനസ്സിലാക്കി.ഈ കഥകളൊക്കെ സൂറത്ത് അന്നംലി ൽ നിങ്ങൾക്കു കാണാൻ കഴിയും ഈ അധ്യായം ഉടനീളം പരിശോധിച്ചാലും നമ സ്കാരം കണ്ടുപിടിക്കാൻ കഴിയില്ല. അതെ ഈ പ്രവാചകന്മാരെല്ലാവരും അവരുടെ അക്രമികളായ ജനതക്കെതിരിൽ തങ്ങളുടെ ആശയങ്ങൾ കൊണ്ട് എങ്ങിനെയാണ്

നേരിട്ടതെന്നു നിനക്കു കാണാൻ കഴിയും. നീതിയുടെയും ധർമ്മത്തിന്റെയും അടി സ്ഥാ നത്തിൽ വികസിതമായ സമൂഹങ്ങളെയും നമുക്കു കാണാം.

സൂറത്ത് ലുഖ്മാനിൽ സ്വലാത്ത് എന്ന പദം രണ്ടു പ്രാവശ്യം വന്നിട്ടുണ്ട് .ഒന്ന് 4ാം വചനത്തിലും അടുത്തത് 17 ാം വചനത്തിലും.നാലാം വചനത്തിൽ നന്മ ചെയ്യുന്ന വരുടെ സ്വഭാവങ്ങൾ വിവരിക്കുന്നു. സൂറത്ത് അന്നംലിൽ മുഅമിനുകളെ സ്വഭാവം വിവരിക്കുകയുണ്ടായി .അതുപോലെ ഈ വചനത്തിലും നന്മ പ്രവർത്തിക്കുന്നവരുടെ ഗുണങ്ങളാണ് വിവരിക്കുന്നത്. പരമ കാരുണികൻ പറയുന്നു.:-

ٱلَّذِينَ يُقِيمُونَ ٱلصَّلَوٰةَ وَيُؤْتُونَ ٱلزَّكَوٰةَ وَهُم بِٱلْءَاخِرَةِ هُمْ يُوقِنُونَ ﴿٤﴾

ഈ വചനം മുമ്പു നാം വിവരിച്ചു കഴിഞ്ഞു . ഇവിടെയും നമസ്കാരത്തിന്റെ സമയങ്ങളോ രൂപമോ ഒന്നും വിവരിച്ചിട്ടില്ല.

ഇതേ അധ്യാപനം തന്നെ ലുഖ്മാൻ അദ്ദേഹത്തിന്റെ മകനു കൊടുക്കുന്നഉപദേശത്തിലും വെളിവാകുന്നു. 17ാം നമ്പർ വചനത്തിൽ അല്ലാഹു പറയുന്നു.

يَٰبُنَيَّ أَقِمِ ٱلصَّلَوٰةَ وَأْمُرْ بِٱلْمَعْرُوفِ وَٱنْهَ عَنِ ٱلْمُنكَرِ وَٱصْبِرْ
عَلَىٰ مَآ أَصَابَكَ إِنَّ ذَٰلِكَ مِنْ عَزْمِ ٱلْأُمُورِ ﴿١٧﴾

“യാ ബുനയ്യ അഖിമി അസ്സ്വലാത്ത വഅമുർ ബിൽ മഅറൂഫി വൻഹ അനിൽ മുൻകരി വസ്ബിർ അലാ മാ അസ്വാബക്ക ഇന്ന ദാലിക മിൻ അദ്മിൽ ഉമൂർ"

“മോനെ ,സ്വലാത്ത് സ്ഥാപിക്കുക. നന്മ കല്പിക്കുക ,തിന്മ വിരോധിക്കുക . അതിന്റെ ഫലമായി നീ എന്തു അഭിമുഖീകരിച്ചാലും പരിശ്രമിച്ചു മുന്നേറുക. തീർച്ചയായും അതെല്ലാം കൽപനകൾ അനുസരിക്കുന്നതിനുള്ള നിന്റെ തീരുമാനങ്ങളാണ്.”

സൂറത്ത് ലുഖ്മാൻ നന്മ പ്രവർത്തിക്കുന്നവരുടെ (മുഹ്സിനീന)ഗുണങ്ങളാണ് വിവരിക്കുന്നത് എന്നു നാം പറഞ്ഞുവല്ലോ? ഇവർ ദൈവീക നിയമങ്ങൾ സ്ഥാപിക്കുന്നവരാണ്. ഐശ്വര്യപൂർണ്ണമായ ഒരു സമൂഹത്തിന്റെ ചുമതല വഹിക്കുന്നവരാണ് .അന്ത്യദിനത്തിൽ വിശ്വസിക്കുന്നവരാണ് .ഇതിനു ശേഷം പരമ കാരുണികൻ പറയുന്നത് ഇവർ രക്ഷിതാവിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് നിരന്തരമായി പരിശ്രമിക്കുന്നവരാണ്. അവരാണ് വിജയികൾ .

ഇതിനു വിപരീതമായിക്കൊണ്ട് മറ്റൊരു വിഭാഗത്തെക്കുറിച്ച്പറയുന്നു.ഇവരെക്കുറിച്ച്

പറയുന്നത് ആറാമത്തെ വചനത്തിലാണ് .ദൈവീക മാർഗ്ഗ കൽപനകളെക്കുറിച്ച് യാതൊരു അറിവുമില്ലാതെ ജനങ്ങളെ ശരിയായ മാർഗ്ഗത്തിൽ നിന്നുംതെറ്റിക്കുന്നതിനു വേണ്ടി വാർത്താ വിനോദങ്ങൾ കച്ചവടം നടത്തുകയും, ചെയ്യുന്നു. മാത്രമല്ല ഇവർ നന്മ പ്രവർത്തിക്കുന്നവരെ പരിഹസിക്കുകയും ചെയ്യുന്നു. ഇവരാണ് ശിക്ഷയിലേക്ക് എറിയപ്പെടുന്നവർ.

ഇവിടെ ഒന്നു ചിന്തിക്കുക ,എന്ത് തമാശയാണ് സ്വലാത്ത് കൊണ്ട് കളിക്കുന്നത്? സ്വലാത്തിന്റെ പേരിൽ എന്തു കച്ചവടമാണ് നടത്തുന്നത്. ? അതുകൊണ്ട് നാം പണം ഉണ്ടാക്കുന്നുണ്ടോ?അദ്ധ്വാനത്തിലൂടെ നേടിയ ഒരാളുടെ അദ്ധ്വാനഫലം ഒന്നു ചെയ്യാത്ത മറ്റൊരുത്തന്റെ പോക്കറ്റിലേക്ക് വരാമുള്ള മാധ്യമമെന്താണ്.? ആരിലൂടെയാണ് ജനങ്ങളെ ദൈവീക കൽപനകളിൽ നിന്നും അകറ്റുക?

സൂറത്ത് അൽ-അഹ്സാബിൽ സ്വലാത്ത് എന്ന പദം ഒരു സ്ഥലത്ത് മാത്രമെ വന്നി ട്ടൊള്ളൂ. 33 ാമത്തെ വചനത്തിൽ പരമ കാരുണികൻ പറയുന്നു.:-

وَقَرْنَ فِي بُيُوتِكُنَّ وَلَا تَبَرَّجْنَ تَبَرُّجَ الْجَاهِلِيَّةِ الْأُولَىٰ ۖ وَأَقِمْنَ
الصَّلَاةَ وَآتِينَ الزَّكَاةَ وَأَطِعْنَ اللَّهَ وَرَسُولَهُ ۚ إِنَّمَا يُرِيدُ
اللَّهُ لِيُذْهِبَ عَنكُمُ الرِّجْسَ أَهْلَ الْبَيْتِ وَيُطَهِّرَكُمْ
تَطْهِيرًا ﴿٣٣﴾

“വ ഖർന ഫീ ബുയൂതിക്കുന്ന വലാ തബർറജ്ന തബർറുജൽ ജാഹിലിയ്യത്തിൽ ഊ ലാ വഅഖിംന അസ്സ്വലാത്ത വ ആതീന അസ്സക്കാത്ത വ അത്വിഅനല്ലാഹ വറസൂ ല ഹു.”

“(തന്റെ ഭാര്യമാരോട് നിർദ്ദേശം കൊടുക്കാൻ പ്രവാചകനോടു കൽപിക്കുന്നു.)അവർ അവരുടെ വീടുകളിൽ കഴിയട്ടെ എന്നും ആ പഴയ അറിവില്ലായ്മയുടെ വഴികൾ ഇനി പിന്തുടരുതെന്നും സ്വലാത്ത് സ്ഥാപിക്കാനും സകാത്ത് കൊണ്ടുവരാനും,ദൈവത്തേയും അവന്റെ ദൂതനേയും അനുസരിക്കാനും കൽപിക്കുന്നു.

ഇവിടുത്തെ "അഖാമ അസ്സ്വലാത്ത" എന്ന കല്പന നമസ്കാരമായി എടുത്താൽ വളരെ അത്ഭുതകരമായിരിക്കും  അത്.നമ്മുടെ പ്രവാചകന്റെ ഭാര്യമാർ ഈ നമസ്കാരം നിർവ്വഹിക്കാഞ്ഞിട്ട് ആണോ അവരോടു ഈ നമസ്കാരം നിർവ്വഹിക്കാൻ കല്പിക്കുന്നത്? അങ്ങിനെയെങ്കിൽ ലോകത്ത് മുഴുവനുമുള്ള ആളുകൾക്ക് അത് നമസ്കാരത്തിൽ നിന്നും രക്ഷപ്പെടാനോ വിട്ടുവീഴ്ച്ചക്കോ ഉള്ള ഒരു കാരണമായിത്തീരും  എന്നത് ഉറപ്പാണ് .എന്നാൽ ഇത് ദൈവീക കൽപനകളുടെ സ്ഥാപനത്തിനുവേണ്ടി തങ്ങളുടെ പരിശ്രമങ്ങൾ തിരിച്ചുവിടാനും സ്ഥിരമായി അതിൽ നിലകൊള്ളാനുമുള്ള കല്പനയാണെങ്കിൽ  ആർക്കും ഒരു അയവൊക്കെ അനുവദിക്കപ്പെടുക എന്നത് സ്വാഭാവികമാണ്. മറ്റുള്ളവർ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ ചില ഒഴിവാക്കപ്പെടലെല്ലാം സാധ്യമാണ്.പക്ഷെ നമ്മുടെ  പ്രവാചകന്റെ ഭാര്യമാർ ചെയ്യൽ നിർബന്ധമായ ഇബാദത്തുകളിൽ അവർക്ക് അയവു നൽകുക എന്നത് അസംഭവ്യമാണ് .മറ്റൊന്നു കൂടി പറഞ്ഞാൽ ഈ ആയത്തിലെവിടെയും നമസ്കാരത്തിന്റെ രൂപമോ,സമയങ്ങളോ വിവരിച്ചിട്ടില്ല .

ഫാത്വിർ എന്ന അധ്യായത്തിൽ സ്വലാത്ത് എന്ന പദം രണ്ടു പ്രാവശ്യം വന്നിട്ടുണ്ട്. വചനം 18 ലും വചനം 29 ലും .15 മുതൽ 18 വരെയുള്ള വചനങ്ങളിൽ പരമകാരുണികൻ കല്പിക്കുന്നു.

۞ يَا أَيُّهَا النَّاسُ أَنتُمُ الْفُقَرَاءُ إِلَى اللَّهِ ۖ وَاللَّهُ هُوَ الْغَنِيُّ الْحَمِيدُ ﴿١٥﴾

إِن يَشَأْ يُذْهِبْكُمْ وَيَأْتِ بِخَلْقٍ جَدِيدٍ ﴿١٦﴾

وَمَا ذَٰلِكَ عَلَى اللَّهِ بِعَزِيزٍ ﴿١٧﴾

وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ۚ وَإِن تَدْعُ مُثْقَلَةٌ إِلَىٰ حِمْلِهَا لَا يُحْمَلْ مِنْهُ
شَيْءٌ وَلَوْ كَانَ ذَا قُرْبَىٰ ۗ إِنَّمَا تُنذِرُ الَّذِينَ يَخْشَوْنَ رَبَّهُم بِالْغَيْبِ
وَأَقَامُوا الصَّلَاةَ ۚ وَمَن تَزَكَّىٰ فَإِنَّمَا يَتَزَكَّىٰ لِنَفْسِهِ ۚ وَإِلَى اللَّهِ
الْمَصِيرُ ﴿١٨﴾

"യാ അയ്യുഹന്നാസു അൻതുമുൽ ഫുഖറാഅ ഇലല്ലാഹി വല്ലാഹു ഹുവ അൽഗനിയ്യുൽ ഹമീദ്,ഇൻയശഅ യുദ്ഹിബക്കും വയ്ത്ത് ബി ഗൽഖിൻ ജദീദ് വമാ ദാലിക അല്ലാഹി ബി അസീസ്. വലാ തസിറു വാസിറത്തുൻ വിസ്റ ഉഗ്റാ വ ഇൻ തദ്ഉ മുസ്ഖലത്തുൻ ഇലാ ഹംലിഹാ ലാ യുഹ്മലു മിൻഹു ശൈഉൻ വലൗ കാന ദാ ഖുർബാ ഇന്നമാ തുൻദിറുല്ലദീന യഗ്ശൗന റബ്ബഹുംബിൽ ഗൈബി വ അഖാമൂ അസ്സ്വലാത്ത വമൻ തസക്കാ ഫഇന്നമാ തസക്കാ ലിനഫ് സിഹീ വ ഇലല്ലാഹിൽ മസ്വീർ"

"ഓ മനുഷ്യരെ നിങ്ങൾ അല്ലാഹുവിനെ ആശ്രയിക്കേണ്ടവരും ,അല്ലാഹുവാകട്ടെ നിരാശ്രയനും സ്തുത്യർഹനും തന്നെയാണ്. അവൻ ആഗ്രഹിക്കുകയാണെങ്കിൽ നിങ്ങളെ അവൻ ഇല്ലാതാക്കുകയും പുതിയ ഒരു സൃഷ്ടിയെ പകരം കൊണ്ടുവരികയും ചെയ്യും .അതു അവനു പ്രയാസകരമല്ല . ഒരുത്തനും മറ്റുള്ളവരുടെ ഉത്തരവാദിത്തം ചുമലിലേറ്റുന്നില്ല . ഇനി ഒരുത്തനെ തന്റെ ഉത്തരവാദിത്തത്തിലേക്ക് വിളിച്ചാൽ ഉറ്റ ബന്ധുവായാൽ പോലും അതിൽ നിന്നു യാതൊരു വസ്തുവും വഹിക്കപ്പെടുന്നുമില്ല .നീ താക്കീതു നൽകുന്നതു "ഗൈബ്" കൊണ്ടു തങ്ങളുടെ നാഥനെ ഭയപ്പെടുകയും ,സ്വലാത്ത് സ്ഥാപിക്കുകന്നവരെയും മാത്രമാണ്. ആരെങ്കിലും സംസ്കൃതനാകുകയാണെങ്കിൽ അതു അവനു വേണ്ടി തന്നെയാണ് അവൻ സംസ്കൃതനാകുന്നത്. നാം ദൈവത്തിലേക്കാണ് മടക്കപ്പെടുന്നത്."

ഇവിടെ ഒരു കാര്യം ശ്രദ്ധിക്കുക , മനുഷ്യരുടെ പ്രവർത്തനങ്ങളെക്കുറിച്ചാണ്ഇവിടെ അവർക്ക് വ്യക്തമാക്കിക്കൊടുക്കുന്നത്. അവരോടു പറയുന്നത് തങ്ങൾ ചെയ്യുന്ന പ്രവ ർത്തനങ്ങളെന്തെങ്കിലും അല്ലാഹ്ഹുവിനു ആവശ്യമുണ്ടായിട്ടാണ് ചെയ്യുന്നത് എന്ന് ആരെങ്കിലും വിചാരിക്കുന്നുവെങ്കിൽ അവർക്ക് ആകെ തെറ്റുപറ്റി.അവൻഎല്ലാത്തിൽ നിന്നും സ്വതന്ത്രനാണ് .അവനു നിങ്ങളെയോ നിങ്ങളുടെ ഒരു പ്രവർത്തിയേയോ ആവശ്യമില്ല .നിങ്ങളുടെ ആവശ്യങ്ങൾ സ്ഥിരമാണെന്ന നിലക്ക് നിങ്ങൾ മുഴുവൻ ആശ്രിതരാണ്. ഇവിടെ ഒരു നിമിഷം നാം ഒന്നു ചിന്തിക്കുക ,ദൈവത്തിനു നമ്മുടെ വല്ല ആരാധനയും ആവശ്യമുണ്ടോ? തീർച്ചയായും ഉത്തരം ഇല്ല എന്നായിരിക്കും.

അപ്പോൾ മറ്റൊരു ചോദ്യം നമ്മളിൽ നിന്നും ഉണ്ടാകുന്നു. ദൈവത്തിനു അവന്റെ കല്പ നകൾക്ക് നാം അനുസരിക്കേണ്ടതിന്റെ വല്ല ആവശ്യകതയും ഉണ്ടോ? ഉത്തരം വീ ണ്ടും ഇല്ല എന്നു തന്നെയായിരിക്കും.

എന്നു പറഞ്ഞാൽ നമ്മുടെ ആരാധന അല്ലാഹ്ഹുവിനു ആവശ്യമില്ലാത്തതുപോലെ ത ന്നെ നാം അവന്റെ കൽപനകൾക്കു അനുസരിക്കുന്നതും അതിനനുയോജ്യമായി ജീ വിക്കുന്നതും അവന്റെ ആവശ്യത്തിനുവേണ്ടിയല്ല . പിന്നെ മുകളിൽ പറഞ്ഞതിൽനാം ചെയ്യാൻ ദൈവം നിർബന്ധം പിടിക്കുന്നത് ഏതാണ് ? അത് സ്വലാത്തിന്റെ സ്ഥാ പനമാണ് .കാരണം സ്വലാത്ത് സ്ഥാപിക്കാനുള്ള കല്പന നമുക്കു നമ്മുടെ ജീവിതത്തി ൽ വിജയം നൽകുന്നു.മനുഷ്യരുടെ ജീവിതം ഐശ്വര്യപൂർണ്ണമായിത്തീരാനുള്ള ആ കല്പനകൾ മുത്തുമണികളെപ്പോലെ ഖുർആനിലുട നീളം ചിതറിക്കിടക്കുന്നു.ഈസ്വലാ ത്ത് സ്ഥാപിക്കുന്നതിനുവേണ്ടി മഹാന്മാരായ പ്രവാചകന്മാർ അവരുടെ ജീവിതത്തി ലുടനീളം പരിശ്രമിക്കുകയും പ്രവർത്തിക്കുകയും ചെയ്തില്ലായിരുന്നുവെങ്കിൽ അവരുടെ ജീവിതം അർത്ഥശൂന്യമാകുമായിരുന്നു. എന്ത് ധർമ്മമാണ് ഖുർആൻ വിവരിക്കുന്ന ത്?ആർക്കുവേണ്ടിയാണ് ഈ കൽപനകളെല്ലാം? ദൈവം അവന്റെ സൃഷ്ടികളുടെ വി ജയവും പുരോഗതിയും ആണ് ആവശ്യപ്പെടുന്നത്. ഇത് നമുക്കുവേണ്ടിയുള്ള പരീക്ഷ ണവും പരിശീലവുമാണ് .

ഇതേ ആശയം തന്നെ അധ്യായം ഫാത്വിറിൽ 29 ാമത്തെ വചനത്തിൽ മറ്റൊരു രൂപത്തിൽ വിവരിക്കുന്നത്. പരമകാരുണികൻ പറയുന്നു.:-

إِنَّ ٱلَّذِينَ يَتۡلُونَ كِتَٰبَ ٱللَّهِ وَأَقَامُواْ ٱلصَّلَوٰةَ وَأَنفَقُواْ مِمَّا
رَزَقۡنَٰهُمۡ سِرّٗا وَعَلَانِيَةٗ يَرۡجُونَ تِجَٰرَةٗ لَّن تَبُورَ ٢٩

"ഇന്നല്ലദീന യത്ലൂന കിതാബല്ലാഹി വ അഖാമൂ അസ്സ്വലാത്ത വ അൻഫഖൂ മിമ്മാ റസഖ്നാഹും സിർറൻ വ അലാനിയത്തൻ യർജൂന തിദാറത്തൻ ലൻ തബൂറ "

“തീർച്ചയായും ദൈവത്തിന്റെ ബുക്ക് പാരായണം ചെയ്യുകയും സ്വലാത്ത് സ്ഥാപിച്ചും നാം തങ്ങൾക്ക് നൽകിയതിൽ നിന്നും രഹസ്യമായും പരസ്യമായും ചിലവഴിക്കുക യും ചെയ്തുകൊണ്ടിരിക്കുന്നവർ ആരോ അവർ ആഗ്രഹിക്കുന്നതു ഒരിക്കലും പരാജയ പ്പെടാത്ത ഒരു കച്ചവടമാണ് "

ഈ വചനത്തിൽ ചില പ്രത്യേക ജനങ്ങളെക്കുറിച്ചാണ് വിവരിക്കുന്നത്

1. അവർ ദൈവത്തിന്റെ ഗ്രന്ഥം പാരായണം ചെയ്യുന്നു.
2. അവർ സ്വലാത്ത് സ്ഥാപിക്കുന്നു.
3. ദൈവം നൽകിയ ആഹാരം അവർ മറ്റുള്ളവർക്കുവേണ്ടി തുറന്നു വെ ക്കുന്നു.

ഒന്നാമതായി ,ദൈവത്തിന്റെ ബുക്ക് പാരായണം ചെയ്യുക എന്നു പറഞ്ഞാൽ നാം ഇ ന്ന് വീടുകളിലും മദ്രസകളിലും പാരായണം ചെയ്യുന്നതുപോലെയുള്ളതല്ല .എന്നു പറ ഞ്ഞാൽ വെറുതെ വിറച്ചുകൊണ്ടുള്ള പാരായണമോ,അർത്ഥ ശൂന്യമായ ആവർത്തന മോ അല്ല .അല്ലെങ്കിൽ പ്രത്യേക രീതിയിലുള്ള ഖിറാഅത്തോ അല്ല .അല്ലെങ്കിൽ ഏ തെങ്കിലും പാട്ടുകളെ കോപ്പിയടിച്ചുകൊണ്ടുള്ള ഖിറാഅത്തോ അല്ല. തിലാവത്ത് എ ന്നതിന്റെ യഥാർത്ഥ അർത്ഥം "ഏതെങ്കിലും ഒന്നിനെ ശ്രദ്ധിച്ചും മനസ്സിലാക്കിയും പിന്തുടരുന്നതിനാണ് " പറയുക.

തീർച്ചയായും, ആര് ദൈവത്തിന്റെ ബുക്കു മനസ്സിലാക്കുകയും , അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നുവോ അവനാണ് സ്വലാത്ത് സ്ഥാപിക്കുന്നവൻ .കാര്യ ങ്ങൾ മനസ്സിലാക്കിയ ശേഷം വ്യക്തമായ ജീവിത അച്ചടക്കം ആരു രൂപപ്പെടുത്തി യെടുക്കുകയും,മറ്റുള്ളവർക്കുവേണ്ടി ദൈവം നൽകിയ ആഹാരം തുറന്നുവെക്കുകയും ചെയ്യുന്നുവോ അവർ ഒരിക്കലും പരാജയപ്പെടാത്ത ഒരു കച്ചവടമാണ് നടത്തിക്കൊ ണ്ടിരിക്കുന്നത്. കാരണം ഒരു സമൂഹം തങ്ങളുടെ പ്രവർത്തനങ്ങൾ കൊണ്ട് പുരോഗ തിയിലേക്കു സംസ്കരിക്കപ്പെട്ടു വരുന്നത് ,ആ സമൂഹമാണ് ദൈവത്തിന്റെ സമൂഹം. അവരാണ് വിജയിക്കുന്ന സമൂഹം. അവിടെ ദൈവീകമായ ഐശ്വര്യം നിറഞ്ഞു നി ല്ക്കും. സമ്പന്നവും ഉദാരവുമായിരിക്കും ആ സമൂഹം ,അതിനാണ് ദൈവത്തിന്റെ കൽപ നകൾ അനുസരിക്കുന്നത്.

ഒരു സമൂഹത്തിന്റെ വിജയവും,ഐശ്വര്യവും സമാധനവും സുരക്ഷയുമായി ബന്ധപ്പെ ട്ടു കിടക്കുന്നതാണ് . ഇതെല്ലാം സ്വന്തം ജനങ്ങളുടെ നേട്ടത്തിനുവേണ്ടിയാണ് (ദൈ വത്തിനല്ല. പരമ കാരുണികൻ അവന്റെ ഉന്നതമായ അവസ്ഥ ഇതിൽ നിന്നെല്ലാം മുക്തവും സ്വതന്ത്രമാണ്)

ശൂറാ എന്ന അധ്യായത്തിൽ സ്വലാത്ത് എന്ന പദം 38ാം നമ്പർ വചനത്തിൽ മാത്രമെ വന്നിട്ടൊള്ളൂ. ഇവിടെ ,ആരാണ് ദൈവത്തിൽ മാത്രം വിശ്വസിക്കുകയും ഭരമേ മേൽപിക്കുകയും ചെയ്യുന്നത് എന്നു വിശദീകരിക്കുകയാണ്. പരമകാരുണികൻ പറയുന്നു.:-

وَٱلَّذِينَ ٱسۡتَجَابُواْ لِرَبِّهِمۡ وَأَقَامُواْ ٱلصَّلَوٰةَ وَأَمۡرُهُمۡ شُورَىٰ بَيۡنَهُمۡ وَمِمَّا رَزَقۡنَٰهُمۡ يُنفِقُونَ ﴿٣٨﴾

“വല്ലദീന ഇസ്തജാബൂ ലി റബ്ബിഹിം വഅഖാമൂ അസ്സ്വലാത്ത വഅംറുഹും ശൂറാ ബൈനഹും വമിമ്മാ റസഖ്നാഹും യുൻഫിഖൂൻ "

“ആര് തങ്ങളുടെ നാഥന്റെ വിളിക്ക് ഉത്തരം നൽകുകയും സ്വലാത്ത് സ്ഥാപിക്കുകയും അവരുടെ പദ്ധതികളൊക്കെ പരസ്പരം കൂടിയാലോചനയിലൂടെ ആയിരിക്കുകയും ചെയ്യുകയും, നാം നൽകിയത് തുറന്നുവെക്കുകയും ചെയ്യുന്നുണ്ടോ "

ഇവിടെ ആരാണ് ദൈവത്തിന്റെ വിളിക്ക് ഉത്തരം നല്കുന്നത് ,അവർ ദൈവത്തിന്റെ ലക്ഷ്യത്തിനുവേണ്ടി സ്വയം സന്നദ്ധരാവുകയും മനുഷ്യരുടെ നിലനില്പിനും ഐശ്വര്യത്തിനും വേണ്ടി ശ്രദ്ധാലുവുമായിരിക്കും.അവർ സ്വലാത്ത് സ്ഥാപിക്കുകയും അവരുടെ കാര്യങ്ങൾ പരസ്പര ചർച്ചയിലൂടെ തീരുമാനിക്കുകയും ചെയ്യും.ദൈവീക അനുഗ്രഹത്തിൽ നിന്നും അവർ എന്തൊക്കെ ഏറ്റെടുക്കുന്നുവോ അതൊക്കെ മറ്റുള്ളവർക്കു വേണ്ടി തുറന്നു നൽകും.
ആരാണ് ദൈവത്തിന്റെ, നൽകുന്നവൻ എന്നും,രക്ഷിതാവ് എന്നുമുള്ള ഗുണങ്ങൾ അംഗീകരിക്കുന്നത് അവർ ദൈവത്തിന്റെ സൃഷ്ടികൾക്ക് അവന്റെ പ്രിയപ്പെട്ടതെല്ലാം ആർജ്ജിക്കുന്നതിനുവേണ്ടി സേവനം ചെയ്യുന്നവരാണ്.അവർ ക്രൂരതയും ഏകാധിപത്യവുംഭ്രൂമുഖത്തുനിന്നും തുടച്ചു നീക്കും.മനുഷ്യാവകാശങ്ങൾക്കു വേണ്ടി അവർ പോരാടും, അവർ ദൈവീക വ്യവസ്ഥിതി നടപ്പാക്കാൻ പരിശ്രമിക്കും,അതിലൂടെ സ്വേച്ഛാധിപത്യം അവസാനിപ്പിച്ച് മനുഷ്യാവകാശങ്ങൾ തിരിച്ചു നൽകും.അന്ധവിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും ചങ്ങലകളിൽ നിന്നും അവർ മുക്തരായിരിക്കും. അവരുടെ തന്ത്രങ്ങൾ പരസ്പരം കൂടിയാലോചനയിലൂടെ പരിഹരിക്കും .ദൈവീക അനുഗ്രഹങ്ങൾ മറ്റുള്ളവർക്കു വേണ്ടി തുറന്നിടും.

അൽമുജാദല എന്ന അധ്യായത്തിൽ സ്വലാത്ത് എന്ന പദം13 ാം വചനത്തിൽ മാത്രമെ വന്നിട്ടൊള്ളൂ. പക്ഷെ അതിനു മുമ്പുള്ള വചനങ്ങളിൽ വിശ്വാസികളോടു ദൂതനുമായി "നജ് വ " നടത്താൻ ഉപദേശിക്കുന്നു.തീർച്ചയായും അവർ ആദ്യം ധർമ്മം നൽകാനും പറയുന്നു. അവരെ സ്വീകരിക്കാനുള്ള ഏറ്റവും നല്ലതും പരിശുദ്ധവുമായ വഴി ഇതാണെന്നാണ് പറയുന്നത്. ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ ഒരു തെറ്റായ ധാരണ ഉണ്ടാകാനിടയുണ്ട് അതായത് പണക്കാരായ ആളുകൾക്ക് എപ്പോൾ വേണമെങ്കിലും പ്രവാചകന്റെ കേൾവിക്കാരാകാൻ സാധിക്കും ,എന്നാൽ പാവപ്പെട്ടവർക്ക് അവരാഗ്രഹിക്കുമ്പോൾ പ്രവാചകന്റെ കേൾവിക്കാരാൻ കഴിയുകയും ഇല്ല.അതിനുള്ള അവസരം പാവപ്പെട്ടവർക്കു കിട്ടുകയുമില്ല .ഈ കാരണത്താലാണ് فَقَدِّمُوا بَين يَدي نَجْوَاكُم صَدقةً ( എപ്പോൾ നിങ്ങൾ രഹസ്യം പറയാൻ ആഗ്രഹിക്കുന്നുവോ അപ്പോൾ ആദ്യം നിങ്ങൾ ധർമ്മം നൽകുക) ഇതിന്റെ ഫലമായി പാവപ്പെട്ടവർക്കു അവസരം ലഭിക്കാതിരിക്കുകയും ആ ധർമ്മത്തിന്റെ കാര്യത്തിൽ പണക്കാർക്ക് കോപം വരികയും ചെയ്തപ്പോൾ ഈ വചനം ദുർബലപ്പെടുത്തുകയും അതിനെത്തുടർന്നു താഴെ പറയുന്ന വചനം അവതരിപ്പിക്കുകയും ചെയ്തു :-

ءَأَشْفَقْتُمْ أَن تُقَدِّمُوا۟ بَيْنَ يَدَىْ نَجْوَىٰكُمْ صَدَقَٰتٍ ۚ فَإِذْ لَمْ تَفْعَلُوا۟ وَتَابَ ٱللَّهُ عَلَيْكُمْ فَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَأَطِيعُوا۟ ٱللَّهَ وَرَسُولَهُۥ ۚ وَٱللَّهُ خَبِيرٌۢ بِمَا تَعْمَلُونَ ﴿١٣﴾

“ അ അശ്ഫഖതും അൻതുഖദ്ദിമൂ ബൈന യദയ് നജ്വാക്കും സ്വദഖാത്തിൻ ഫഇൻലം തഫ്അലൂ വതാബല്ലാഹു അലൈക്കും ഫഅഖീമൂ അസ്സ്വലാത്ത വ ആതു അസ്സക്കാത്ത വ അതീഊ ല്ലാഹു വറസൂലഹു വല്ലഹു ഗബീറുൻ ബിമാ തഅമലൂൻ "

“ നിങ്ങളുടെ സ്വകാര്യാലോചനക്കു മുമ്പ് ദാനധർമ്മങ്ങൾ മുൻകൂട്ടി ചെയ്യുന്നതു (മൂലം ദാരിദ്ര്യത്തെ)നിങ്ങൾ ഭയപ്പെടുന്നുണ്ടോ അത്കൊണ്ട് അത്പ്രവർത്തിച്ചുകൊള്ളാതെയും അല്ലാഹു നിങ്ങളോടു കരുണാ പൂർവ്വം തിരിയുകയും ചെയ്തുവെ നമസ്കാരം നിലനിർത്തുകയും സകാത്ത് കൊടുക്കുകയും അല്ലാഹുവിനേയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുവീൻ . അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് ബോധവാനാകുന്നു.”(ചില്ലറ ഏറ്റക്കുറച്ചിലോടുകൂടി എല്ലാ തഫ്സീറുകളിലും കാണപ്പെടുന്ന ഒരുവ്യാഖ്യാനമാണ് മുകളിൽ പറഞ്ഞതെല്ലാം)

അല്ലാഹുവിനും ദൂതനും നാം എന്താണ് ചെയ്യേണ്ടത് എന്നു നമുക്കു ഈ വ്യാഖ്യാനത്തിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടില്ല . ഈ വചനത്തിന് അർത്ഥശൂന്യമാ

യ ഒരു ആശയവും,തെറ്റായ ഒരു വ്യഖ്യാനവും നൽകുക മുഖേന നാം ഇസ്ലാമിന്റെ തെറ്റായ ഒരുസന്ദേശമാണ് ലോകത്തിനു നൽകുന്നത്.

ഈ ആയത്ത് അവതരിപ്പിച്ചതിന്റെ കാരണം വളരെ പുതുമ തോന്നുന്നു. ഇപ്പോഴും ഒരു വ്യക്തിക്കു മാത്രമെ സ്വദഖ നൽകാൻ അവസരമുള്ളൂ. എന്നാൽ ഈ വചനമാകട്ടെ പൂർണ്ണമായും റദ്ദു ചെയ്യുകയും ചെയ്തിരിക്കുന്നു. എന്നിട്ടു പറയുന്നു.''ശരി നിങ്ങൾ അങ്ങിനെ പ്രവർത്തിക്കുന്നില്ലെങ്കിൽ നമസ്കാരം സ്ഥാപിക്കുകയും സകാത്ത് കൊടുക്കുകയും ചെയ്യുക''

അൽ-മുജാദല എന്ന അധ്യായം നാം ശ്രദ്ധിച്ചു പഠിക്കുകയാണെങ്കിൽ നമുക്കു ഒരു കാര്യം വ്യക്തമാകും.അതായത് അടിസ്ഥാനപരമായി ഈ ഈ അധ്യായം ഗൂഢാലോചന നടത്തുന്ന ഒരു സംഘത്തിനെതിരായിട്ടുള്ള ശിക്ഷാനടപടി സ്വീകരിക്കുന്നതിനെക്കുറിച്ചാണ് .അവരെ രഹസ്യമീറ്റിങ്ങുകളിൽ നിന്നും ഗൂഢതന്ത്രങ്ങൾക്ക് കാരണമാകാതിരിക്കാൻ തടയേണ്ടതുമാണ്. അതുപോലെ പ്രവാചകനും അനുയായികളും ഭാവിയിലെ തന്ത്രങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ വേണ്ടി കൂടുന്ന മീറ്റിങ്ങുകളിൽ നിന്നും തടയുകയും വേണം.അതിനുവേണ്ടി മാത്രമാണ് ചില മീറ്റിങ്ങുകളിൽ പങ്കെടുക്കാൻ സ്വദഖ നൽകുന്നവർക്കേ പാടൊള്ളൂ എന്നു പറഞ്ഞത്.

ഇവിടെ സ്വദഖത്ത് എന്ന വാക്കിനെക്കുറിച്ച് അല്പം ചർച്ച ചെയ്യുന്നത് നന്നായിരിക്കും എന്നു വിചാരിക്കുന്നു. സ്വദഖത്ത് എന്നതിന്റെ മൂല അക്ഷരങ്ങളാണ് ص د ق എന്നത്.“എന്തെങ്കിലും ഒന്നു സത്യപ്പെടുത്തുക''ഒരു കാര്യം പ്രവർത്തനത്തിലൂടെ ശരിവെക്കുക ''“സത്യം “എന്നൊക്കെയാണ് ഇതിന്റെ അർത്ഥങ്ങൾ . ആർക്കാണോ തന്റെ സ്റ്റേറ്റിനോട് സ്നേഹമുള്ളത് അവർ തങ്ങളുടെ കൂറ് തെളിയിക്കാൻ അവർ നിർണ്ണായകമായചില ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കണം. അല്ലെങ്കിൽ അവരുടെ സമ്പത്ത് ചില വഴിക്കണം . അങ്ങിനെയാണ് അവരുടെ സ്റ്റേറ്റിനോടുള്ള കൂറ് തെളിയിക്കേണ്ടത് .

മുകളിൽ പറഞ്ഞ രണ്ടു കാര്യവും ഏറ്റെടുക്കാൻ കഴിയാത്തവർ അവരോടാണ് സ്വലാത്ത് സ്ഥാപിക്കാനും,സകാത്ത് ഉറപ്പു വരുത്താനും ആവശ്യപ്പെടുന്നത്.അതുപോലെ പരമ കാരുണികനെയും അവന്റെ ദൂതനേയും അനുസരിക്കുവാനും കല്പിക്കുന്നു.

ചുരുക്കി പറഞ്ഞാൽ രാജ്യത്തിനു ഗുണകരമല്ലാത്ത വല്ല സ്വഭാവവും ആരിൽ നിന്നെങ്കിലും ഉണ്ടായാൽ ''ഇൻഫാഖ് '' ചെയ്താൽ മാത്രം പോര,ഭാവിയിലേക്കുള്ള തന്ത്രങ്ങൾആവിഷ്കരിക്കാൻ ചേരുന്ന രഹസ്യമീറ്റിങ്ങുകളിൽ അതിക്രമിച്ചു കയറാനും പാടില്ല
.

കൂടാതെ  അച്ചടക്കം സ്ഥാപിച്ചെടുക്കാനുള്ള പരിശ്രമങ്ങൾ നടത്തുകയും വേണം.ഇവിടെ പിന്നെയും നമസ്കാരവും,അതിന്റെ സമയങ്ങളും ,രൂപവും ഒന്നും തന്നെ പറഞ്ഞിട്ടില്ല .

നമ്മുടെ ഖുർആൻ വ്യാഖ്യാതാക്കൾ എപ്പോഴൊക്കെ ഖുർആനിക വചനങ്ങളെ വിശദീകരിച്ചിട്ടുണ്ടോ , അപ്പോഴൊക്കെ അവരുടെ വിശദീകരങ്ങൾ ഏതെങ്കിലും ഒരു കഥയുമായോ അല്ലെങ്കിൽ ഏതെങ്കിലും ഐതീഹ്യമായോ വ്യക്തികളുമായോ ബന്ധപ്പെടുത്തിയിട്ടുണ്ടായിരിക്കും. അതിനെ അവർ "അവതരണ കാരണം (സബബുന്നസൂൽ)" എന്നു വിളിക്കുകയും ചെയ്തിട്ടുണ്ട്.

ഖുആനിക വചനങ്ങളെ ചില പ്രത്യേക സംഭവങ്ങളുമായോ ,വ്യക്തികളുമായോ ബന്ധപ്പെടുത്തി അവതരിപ്പിച്ചതാണ് എന്നു പറയുക എന്നത് തെറ്റായ ഒരു വിലയിരുത്തലാണ് .അവയുടെ പൊതുവായ പ്രായോഗികതയും ,സാധ്യതയേയും ,പരിമിതപ്പെടുത്തലുമാണത്. അതുപോലെ ഏതെങ്കിലും ഒരു പ്രത്യേക കാലത്തെ വ്യക്തിയുടെ ജീവിതവുമായോ, സംഭവവുമായോ ദൈവീക വചനങ്ങളെ ചുരുക്കുക എന്നു പറയുന്നത് അവയുടെ വിശാലമായ ആശയങ്ങളുടെ ഒരു വൃത്തത്തിൽ ഒതുക്കലുമാണ്.

ഈ ചെറിയ ഒരു അഭിപ്രായ പ്രകനടത്തിനു ശേഷം നമുക്കു അൽ-മുസ്സമ്മിൽ എന്ന അധ്യായം പഠിക്കാം.

"يَا ايُّهَا الْمُزَّمِّل" "ഓ മുസ്സമ്മിൽ . ഈ വാക്ക് പല രൂപത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. ചില ആളുകൾ വിശദീകരിച്ചിട്ടുള്ളത് "വസ്ത്രങ്ങൾ കൊണ്ട് പുതച്ചവൻ എന്ന അർത്ഥത്തിലാണ്" ഇത് ആലങ്കാരികമായി എടുത്താൽ ഒരു വ്യക്തി തന്റെ ജോലിയിൽ നിന്നെല്ലാം ഒഴിഞ്ഞ് അലസനായി ഇരിക്കുന്നവനെ വിളിക്കുകയാണ് എന്നാണ് ചിലർ പറഞ്ഞിട്ടുള്ളത്.പക്ഷെ അതേ സമയം തന്നെ ഈ വ്യക്തി ഒരു സാധാരണ മനുഷ്യനെ അപേക്ഷിച്ച് തന്റെ പ്രവർത്തനങ്ങളിൽ സജീവനും,അങ്ങേ അറ്റത്തെ താല്പര്യമുള്ളവനുമാണെന്നു കാണാൻ സാധിക്കും.ദൈവത്തിന്റെ സൃഷ്ടികൾക്കു സേവനം ചെയ്യുന്നതിലും,അവരെ ദൈവീക ആശയങ്ങളുമായി ബന്ധപ്പെടുത്തുന്നതിലും അദ്ദേഹം അങ്ങേ അറ്റത്തെ താല്പര്യമുള്ളവനുമാണ്. ഖുർആൻ പറയുന്നത് നോക്കൂ:

لَعَلَّكَ بَاخِع نَفْسَكَ ألايَكُونُوا مؤمنين

(ഫലഅല്ലക്ക ബാഗിഉ നഫ്സക അല്ലാ യകൂനൂ മുഅമിനീന)

നിന്നിലൂടെ അവതരിപ്പിച്ച ജീവിത വ്യവസ്ഥക്കു തങ്ങളെ സമർപ്പിക്കാത്തവർ ,അവർക്കുവേണ്ടി നിന്റെ ജീവിതം മുഴുവൻ നീ ക്ഷീണിപ്പിക്കുകയാണ് .

ആ വ്യക്തിയുടെ അവസ്ഥ എന്താണെന്നുവെച്ചാൽ ശരിയായ ദൈവീക മാർഗ്ഗം ദൈ

വത്തിന്റെ സൃഷ്ടികൾക്കു കാണിച്ചുകൊടുക്കുവാൻ വേണ്ടിയുള്ള അദ്ധ്വാനം കൊണ്ട് മുതുക വളഞ്ഞിരിക്കുകയാണ് , അങ്ങിനെയുള്ള ഒരാൾ തന്റെ ജോലിയിൽ അലസനാകുമോ എന്ന് നിങ്ങൾ സങ്കൽപിച്ചാൽ മതി.

ഇത് നമ്മുടെ പ്രവാചകന്റെ അന്തസ്സിനെ തരംതാഴ്ത്തലാണ്.

അതുകൊണ്ട് മുസ്സമ്മിൽ എന്ന വാക്കിന്റെ അർത്ഥം വിവരിക്കുക എന്നത് ഈ അധ്യായത്തിന്റെ ഉദ്ദേശം വിവരിക്കുന്നതിനു അനുയോജ്യവും, പ്രവാചകന്റെ ഉന്നതമായ സ്വഭാവത്തിനു അനുയോജ്യമായതും ആയിരിക്കും എന്നുറപ്പാണ് .

അൽ-മുസ്സമ്മിൽ എന്ന പദത്തിന്റെ മൂല അക്ഷരങ്ങളാണ് ل م ز എന്നത്. “നിന്റെ കൂടെ കുതിരപ്പുറത്ത് സവാരിചെയ്യുന്ന കൂട്ടുകാരൻ എന്നാണ്" അതിന്റെ അർത്ഥം .അതുകൊണ്ടു അൽ-മുസ്സമ്മിൽ എന്നു പറഞ്ഞതുകൊണ്ടു അർത്ഥമാക്കുന്നത് "ആരാണോ പരസ്പരം കൂട്ടായിത്തീരുന്നത് അവൻ" . അവർ കുതിരപ്പുറത്ത് പരസ്പരം കറങ്ങിയേക്കാം .അവർ പരസ്പരം ഒരുമിച്ച് യാത്ര ചെയ്തേക്കാം..

മൗലാനാ ഉബൈദുല്ലാ പറയുന്നു : അതിനാൽ മുസ്സമ്മിൽ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഖുർആനിക വിപ്ലവത്തിന്റെ മൂവ്മെന്റുകൾ മുന്നോട്ടു കൊണ്ടുവരുന്നതിനുവേണ്ടി ആരാണോ ഈ വിപ്ലവ തത്ത്വങ്ങളെ നയിക്കുകയും അവയുടെ കൂട്ടുകാരനാവുകയും ചെയ്യുന്നത് അവനാണ് മുസ്സമ്മിൽ. അല്ലെങ്കിൽ  ഈ മുന്നേറ്റത്തിനുവേണ്ടി ആരാണോ ഒരു ചങ്ങാതിമാരുടെ വിഭാഗത്തിലെത്തുന്നു അവനാണ് മുസ്സമ്മിൽ "

زَميل എന്ന പദം കൂട്ടുകാരൻ എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നു.അതുപോലെ മുസ്സമ്മിൽ എന്നാൽ ഒരാൾ ധാരാളമായി കൂട്ടുകാരെ ഒരുക്കുകയും ഉണ്ടാക്കിയെടുക്കുകയും ചെയ്യുകയാണെങ്കിൽ അയാളെ മുസ്സമ്മിൽ എന്നു വിളിക്കും.അവസാനമായി നമുക്കു പറയാനുള്ളത് "ഖുർആനിക അധ്യാപനങ്ങൾക്കനുസരിച്ച് കൂട്ടുകാരെ തയ്യാറാക്കുക "അപ്പോൾ മടിയനായി പുതച്ചു കിടക്കുന്ന നബിയല്ല മുസ്സമ്മിൽ.

قُمِ ٱلَّيْلَ إِلَّا قَلِيلًا ﴿٢﴾ نِّصْفَهُۥٓ أَوِ ٱنقُصْ مِنْهُ قَلِيلًا ﴿٣﴾ أَوْ زِدْ عَلَيْهِ وَرَتِّلِ ٱلْقُرْءَانَ تَرْتِيلًا ﴿٤﴾

“ഖുമില്ലൈല ഇല്ലാ ഖലീലാ, നിസ്ഫഹൂ ഔ ഇൻഖുസ് മിൻഹു ഖലീലാ ഔ സിദ് അലൈഹി വറത്തിലിൽ ഖുർആനതർത്തീലാ"

“സമയം അൽപം കുറച്ചുകൊണ്ട് രാത്രിയിൽ നീ എഴുന്നേൽക്കുക,രാത്രിയിൽ നിന്നും മധ്യത്തിൽ അല്ലെങ്കിൽ നേരത്തെ ,അല്ലെങ്കിൽ അതിനേക്കാൾനേരത്തേ.ക്രമത്തിൽ ഖുർആൻ വായിക്കുകയും ചെയ്യുക.”

ഇടക്ക് നിർത്തി ഖുർആൻ വായിക്കുക എന്നു പറഞ്ഞതിൽ നിന്നും അർത്ഥമാക്കുന്ന ത് ഖുർആൻ മനസ്സിലാക്കാനും ,ചിന്തിക്കാനും സഹായിക്കുന്നു എന്നതാണ്.ഖുർ ആൻമനസ്സിലാക്കാൻ പ്രയാസം നേരിടാതിരിക്കാനാണ് .ഖുർആൻ വിശദമായി മന സ്സിലാക്കാതെ വെറുതെ ഓടിച്ചു വായിച്ചാൽ മതിയെന്നാണ് നാം മനസ്സിലാക്കിയിട്ടു ള്ളത്.സൂക്ഷ്മമായി ഖുർആൻ മനസ്സിലാക്കേണ്ടതില്ലെന്നും വെറും തിലാവത്ത് മാത്രം നടത്തിയാൽ മതിയെന്നും ,അതു തന്നെ ധാരാളമാണെന്നുമുള്ള രീതിയിലാണ് മുസ്ലിം കളെ മനസ്സിലാക്കിപ്പിച്ചിട്ടുള്ളത്.അതുകൊണ്ടു തന്നെ കോടിക്കണക്കിനു മുസ്ലിംകൾ ഈ ഒരു സ്വഭാവത്തെ മുറുകെ പിടിച്ചിരിക്കുകയാണ് .:

إِنَّا سَنُلْقِي عَلَيْكَ قَوْلًا ثَقِيلًا ﴿٥﴾

"ഇന്നാ സനുൽഖീ അലൈക്ക ഖൗലൻ സഖീലൻ "

" നാം നിന്നെ ഒരു ഉത്തരവാദിത്തം ഏൽപിക്കാൻ പോകുകയാണ്"
ഇവിടെ "ഖൗലൻ സഖീലൻ" എന്നു പറഞ്ഞതുകൊണ്ടു അർത്ഥമാക്കുന്നത് ഖുർആ നിക അധ്യാപനങ്ങൾ നൽകിക്കൊണ്ടു ഒരു ഉത്തരവാദിത്തത്തിനു തയ്യാറാക്കുക എ ന്നാണ്. അനീതികളില്ലാത്ത ഒരു സമൂഹത്തെ സ്ഥാപിച്ചെടുക്കുക എന്നതാണ് ഈ ഉത്തരവാദിത്തം കൊണ്ട് ലക്ഷ്യം വെക്കുന്നത്.അവിടെ ഒരാളും മറ്റൊരാളുടെ സമാധാ നവും സുരക്ഷിതത്തവും തകർക്കുകയില്ല .എന്നു പറഞ്ഞാൽ നല്ലതും, വിജയിച്ചതും, അനുകരണീയവുമായ ഒരു സമൂഹത്തെ സ്ഥാപിക്കുക .അതിനു രാത്രികളിൽകൂടി ജോ ലിയെടുക്കേണ്ടി വരും.

إِنَّ نَاشِئَةَ ٱلَّيْلِ هِيَ أَشَدُّ وَطْـًٔا وَأَقْوَمُ قِيلًا ﴿٦﴾

"ഇന്ന നാഷിഅതല്ലൈലി ഹിയ അശദ്ദു വത്അൻ വ അഖ് വമു ഖീലാ "

"തീർച്ചയായും രാത്രിയിലെ ഉണർന്നിരിക്കൽ(മുന്നേറ്റം) കാര്യങ്ങൾ ഗ്രഹിക്കാനും ഏറ്റവും ചെവ്വായ നിലക്ക് സംസാരിക്കാനും ശക്തി പകരുന്നതാണ് "

എന്നു പറഞ്ഞാൽ രാത്രിയിൽ ഉണർന്നിരിക്കുക എന്നത് കാര്യങ്ങൾ അനുയോജ്യമാ യ രൂപത്തിൽ മനസ്സിലാക്കാനും, അവയെ ശക്തമായി അവലംഭിക്കാനും വിശദീക രിച്ചു കൊടുക്കുവാനും നല്ലതാണ്.

ഇവിടെ ഇപ്പോൾ നടപ്പാക്കപ്പെട്ടതും അനുഷ്ടിച്ചു പോരുന്നതുമായ നമസ്കാരത്തിടയിൽ ചിന്തിച്ചു സംസ്കാരിക്കേണ്ട ഒരു ഘടകവും ഇല്ലല്ലോ. ഖുർആനിക വചനങ്ങളുടെ പാരായണം നാം നമസ്കാരത്തിൽ അംഗീകരിച്ചാൽ തന്നെ പ്രാർത്ഥനക്കിടയിൽ സംസാരം ഇല്ല എന്നുറപ്പാണല്ലോ?.അതുപോലെ ചർച്ചയിലൂടെയുള്ള ചോദ്യങ്ങളോ,പഠനമോ,മാർഗ്ഗ നിർദ്ദേശം നൽകലോ ,വിശദീകരിക്കലോ ഒന്നും നമസ്കാരത്തിലില്ലല്ലോ?

إِنَّ لَكَ فِى ٱلنَّهَارِ سَبۡحًا طَوِيلًا ﴿٧﴾

"ഇന്ന ലക്ക ഫിന്നഹാരി സബ്ഹൻ തവീലാ "

"തീർച്ചയായും നിനക്കു പകലിലുടനീളം ദീർഘമായ പോരാട്ടം നടത്തേണ്ടതുണ്ട് "

ജനങ്ങളുടെ പരിഷ്കരണത്തിനുവേണ്ടി വെറും രാത്രിമാത്രം നടത്തുന്ന പരിശീലനക്ലാസ്സുകൊണ്ടു മതിയാകില്ല .ജനങ്ങളുമായുള്ള ബന്ധം സ്ഥാപിക്കലാണ് സുപ്രധാനം . അതായത് അങ്ങിനെയാണ് ഖുർആനിക വിപ്ലവത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കേണ്ടത്. അല്ലാതെ രാത്രിയിലെ പഠനം കൊണ്ടു മാത്രം മതിയാകില്ല .മറിച്ചു പകലിലുടനീളം പരിശ്രമിക്കുകയും കഠിനാദ്ധ്വാനം ചെയ്യുകയും വേണം.

وَٱذۡكُرِ ٱسۡمَ رَبِّكَ وَتَبَتَّلۡ إِلَيۡهِ تَبۡتِيلًا ﴿٨﴾

"വദ്കുറിസ്മ റബ്ബിക്ക വതബത്തൽ ഇലൈഹി തബ്തീലാ" നിന്റെ രക്ഷിതാവിന്റെ നാമം നീ അനുസ്മരിക്കുക .

رَّبُّ ٱلۡمَشۡرِقِ وَٱلۡمَغۡرِبِ لَآ إِلَٰهَ إِلَّا هُوَ فَٱتَّخِذۡهُ وَكِيلًا ﴿٩﴾

"റബ്ബുൽ മശരിക്കി വൽ മഗ് രിബി ലാഇലാഹ ഇല്ലാ ഹുവ ഫത്തഗിദ്ഹു വകീലാ "

"അവനാകുന്നു കിഴക്കിന്റെയും പടിഞ്ഞാറിന്റെയും രക്ഷിതാവ്.അവനല്ലാതെ ഒരു ഇലാഹ് ഇല്ല.അവനെ മാത്രം ആശ്രയിക്കുക"

ഈ വചനത്തിൽ പഠിപ്പിക്കുന്ന ആശയം മുമ്പ് വിശദീകരിക്കപ്പെട്ടതാണ് .മുമ്പു നാം അവതരിപ്പിച്ചതിനനുസരിച്ച് അവന്റെ നാമങ്ങൾ എന്നു പറയുന്നത് അവന്റെ ഐഡന്റിറ്റികളാണ് .കാരണം പരമകാരുണികൻ (ഇലാഹ്)എന്നു വിളിക്കുന്നവനെ നമുക്കു രൂപംകൊണ്ട് തിരിച്ചറിയാൻ കഴിയില്ല .ഈ പ്രപഞ്ചത്തിൽ വ്യാപിച്ചു കിടക്കുന്ന അ

വന്റെ സൃഷ്ടികളിലൂടെയാണ് അവനെ നാം തിരിച്ചറിയേണ്ടത്. മനുഷ്യർ ദൈവത്തെ തിരിച്ചറിയുന്നത് അവന്റെ നിയമങ്ങളിലൂടെയും ഒരിക്കലും മാറ്റാൻ കഴിയാത്തതുമായ ഈ പ്രപഞ്ചത്തിലൂടെയുമാണ്.മനുഷ്യർക്കുവേണ്ടി അവൻ നൽകിയിട്ടുള്ള തത്ത്വങ്ങ ളെപിന്തുടരാനും തള്ളിക്കളയാനുമുള്ള സ്വാതന്ത്ര്യവും അവൻ നല്കിയിട്ടുണ്ട്.അതുകൊ ണ്ടാണ് ദൈവത്തിന്റെ തത്ത്വങ്ങളും,നിലവാരങ്ങളും കാത്തുസൂക്ഷിക്കാൻ അവൻകല്പി ച്ചത്.

എന്നാൽ നാം ഒരു കാര്യത്തെക്കുറിച്ചും ചിന്തിക്കാതെ മറ്റു മതസ്ഥരെ അനുകരിച്ചു കൊണ്ടു മാലമണികളിൽ ഉരുവിട്ടുകൊണ്ടിരിക്കുകയല്ല വേണ്ടത്. മറിച്ചു ഇത്തരം മൂ ല്ല്യങ്ങളും ,തത്ത്വങ്ങളും സമൂഹത്തിൽ നടപ്പാക്കുകയും പ്രയോഗവൽക്കരിക്കുകയുമാ ണ് വേണ്ടത്. മാനവ സമൂഹത്തിൽ ഈ മൂല്ല്യങ്ങളും തത്ത്വങ്ങളും അനുസരിച്ചുള്ള ദൈ വീക വ്യവസ്ഥിതി സ്ഥാപിച്ചെടുക്കുകയാണ് വേണ്ടത്. ഈ ഒരു ആവശ്യത്തിനു വേ ണ്ടി ദൈവീക മൂല്ല്യങ്ങളെ നാം മുറുകെ പിടിക്കുകയും മനുഷ്യ ചിന്തകളിൽ നിന്നും അവരുടെ ആശയങ്ങളെ കൂട്ടിക്കലർത്തുന്നതിൽ നിന്നും ഇതിനെ മുക്തമാക്കണം .ഈ മൂല്ല്യങ്ങൾ കിഴക്കെന്നോ പടിഞ്ഞാറെന്നോ വ്യത്യാസമില്ലാതെ അവയെ എത്തിക്ക ൽ നമ്മുടെ ബാധ്യതയാണ് . അപ്പോൾ ദൈവീക മൂല്ല്യങ്ങളും കല്പനകളും മുഴവനായും അംഗീകരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതിൽ നിന്നും നമ്മെ തടയുന്നത് എന്താ ണ്? ഏതെങ്കിലും ഒരു പ്രദേശത്ത് അവ നടപ്പാക്കുന്നില്ലെങ്കിൽ നാം ആരുടെമൂല്ല്യങ്ങ ളും , കല്പനകളും ആണോ നടപ്പാക്കാത്തത് അവനാണ് നമ്മുടെയും ആ പ്രദേശത്തി ന്റെയും രക്ഷിതാവ് എന്നു നാം തിരിച്ചറിയണം.

അടുത്ത വചനത്തിൽ നമ്മുടെ നബിയെപ്പറ്റി പരമകാരുണികൻ പറയുന്നത് കാണുക

إِنَّآ أَرْسَلْنَآ إِلَيْكُمْ رَسُولًا شَٰهِدًا عَلَيْكُمْ كَمَآ أَرْسَلْنَآ إِلَىٰ فِرْعَوْنَ رَسُولًا ﴿١٥﴾

“ഇന്നാ അർസൽനാ ഇലൈക്കും റസൂലൻ ശാഹിദൻ അലൈക്കും കമാ അർസൽനാ ഇലാ ഫിർഔന റസൂലാ"

“ഫറോവയിലേക്ക് നാം ഒരു ദൂതനെ അയച്ചതുപോലെ നിങ്ങൾക്കെതിരിൽ സാക്ഷി യായിക്കൊണ്ടു നിങ്ങളിലേക്കൊരു ദൂതനെ അയച്ചിരിക്കുന്നു.”

فَعَصَىٰ فِرْعَوْنُ ٱلرَّسُولَ فَأَخَذْنَٰهُ أَخْذًا وَبِيلًا ﴿١٦﴾

“ഫ അസ്വാ ഫിർഔനു അർറസൂല ഫഅഗദ്നാഹു അഗദൻ വബീലാ"

“ഫിർഔൻ ആ ദൂതനെ അനുസരിച്ചില്ല .അപ്പോൾ അവനെ നാം വേദനിപ്പിക്കുന്ന

ഫറോവയുടെ സ്വേച്ഛാധിപത്യവും ഏകാധിപത്യവും ഇസ്രായീൽ സന്തതികളെയും അദ്ദേഹത്തിന്റെ ജനതയെയും ചൂഷണം ചെയ്തുകൊണ്ടിരിന്നു. അദ്ദേഹത്തിന്റെ അടിമത്ത്വത്തിൻ കീഴിൽ അവരെ ബന്ധിച്ചുകൊണ്ടേയിരുന്നു. ഈ വചനത്തിൽ ഫറോവയെക്കുറിച്ചും അവനിലേക്ക് ഒരു ദൂതനെനിയോഗിച്ചതിനെക്കുറിച്ചുമാണ് പറയുന്നത് .ഖുർആനിൽ പലയിടങ്ങളിലും ഈ ദൂതനായ മൂസയും ഫറോവയും തമ്മിലുള്ള ഏറ്റുമുട്ടൽ വിവരിക്കുന്നുണ്ട്.അതിന്റെ ഫലമായി ഇസ്രായീല്ല്യർക്കു മോചനം ലഭിച്ചതിനെക്കുറിച്ചും വിവരിക്കുന്നുണ്ട്. ഈ വചനത്തിൽ " ഫറോവയിലേക്കൊരു ദൂതനെ അയച്ചതുപോലെ നിങ്ങളിലേക്കും ഞാനൊരു ദൂതനെ അയച്ചിരിക്കുന്നു " എന്നാണ് വ്യക്തമാക്കുന്നത്. ഇതിനർത്ഥം അറേബ്യയിലെ ഗോത്രത്തലവന്മാരുടെ സമയം അവസാനിക്കാറായിരിക്കുന്നു എന്ന മുന്നറിയിപ്പാണ് നൽകുന്നത്. ആ ആവശ്യം മുൻ നിറുത്തിയാണ് നിങ്ങളിലേക്ക് ഞാനൊരു ദൂതനെ അയച്ചിരിക്കുന്നത്.

ഇനി അടുത്ത വചനത്തിൽ പരമകാരുണികൻ പറയുന്നത് കാണുക:-

۞ إِنَّ رَبَّكَ يَعْلَمُ أَنَّكَ تَقُومُ أَدْنَىٰ مِن ثُلُثَيِ ٱلَّيْلِ وَنِصْفَهُۥ وَثُلُثَهُۥ وَطَآئِفَةٌ مِّنَ ٱلَّذِينَ مَعَكَ ۚ وَٱللَّهُ يُقَدِّرُ ٱلَّيْلَ وَٱلنَّهَارَ ۚ عَلِمَ أَن لَّن تُحْصُوهُ فَتَابَ عَلَيْكُمْ ۖ فَٱقْرَءُوا۟ مَا تَيَسَّرَ مِنَ ٱلْقُرْءَانِ ۚ عَلِمَ أَن سَيَكُونُ مِنكُم مَّرْضَىٰ ۙ وَءَاخَرُونَ يَضْرِبُونَ فِى ٱلْأَرْضِ يَبْتَغُونَ مِن فَضْلِ ٱللَّهِ ۙ وَءَاخَرُونَ يُقَٰتِلُونَ فِى سَبِيلِ ٱللَّهِ ۖ فَٱقْرَءُوا۟ مَا تَيَسَّرَ مِنْهُ ۚ وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَأَقْرِضُوا۟ ٱللَّهَ قَرْضًا حَسَنًا ۚ وَمَا تُقَدِّمُوا۟ لِأَنفُسِكُم مِّنْ خَيْرٍ تَجِدُوهُ عِندَ ٱللَّهِ هُوَ خَيْرًا وَأَعْظَمَ أَجْرًا ۚ وَٱسْتَغْفِرُوا۟ ٱللَّهَ ۖ إِنَّ ٱللَّهَ غَفُورٌ رَّحِيمٌۢ ﴿٢٠﴾

“തീർച്ചയായും നീയും നിന്റെ കൂട്ടുകാരിൽ നിന്നൊരു വിഭാഗവും രാത്രിയുടെ മൂന്നിൽ രണ്ടു ഭാഗം, അതിന്റെ പകുതി ,രാത്രിയുടെ മൂന്നിൽ ഒരു ഭാഗം ഉണർന്നിരിക്കുന്നുണ്ടെന്ന അല്ലാഹു മനസ്സിലാക്കിയിട്ടുണ്ട്. പകലിന്റെയും രാത്രിയുടെയും അളവുകോൽ അല്ലാഹുവാണ് ഉണ്ടാക്കിയിട്ടുള്ളതും.ഇനി ഇതുപോലെ തുടരാൻ നിങ്ങൾക്ക് കഴിയില്ല എന്നും മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ട് അവൻ കരുണയുമായി നിങ്ങ

ളിലേക്ക് മടങ്ങിയിരിക്കുന്നു . അതുകൊണ്ടു ഇനി മുതൽ ഖുർആനിൽ നിന്നു എളുപ്പമായിത്തീർന്നത് വായിക്കുക . നിങ്ങളിൽ ചിലർ രോഗികളാണെന്നും , മറ്റു ചിലർ നാട്ടിലൂടെ സഞ്ചരിക്കുകയും ദൈവത്തിന്റെ അനുഗ്രഹങ്ങൾ അന്വേഷിക്കുകയും, മറ്റു ചിലർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പോരാടിക്കൊണ്ടിരിക്കുന്നുണ്ടെന്നും അവൻ മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ടു നിങ്ങൾക്ക് എളുപ്പത്തിൽ കഴിയാവുന്നത് വായിക്കുകയും ,സ്വലാത്ത് സ്ഥാപിക്കുകയും സംസ്കരണം നൽകുകയും, അല്ലാഹുവിനു കടംകൊടുക്കുകയും ചെയ്യുക . "ഖൈറി"ൽ നിന്നും എന്ത് നിങ്ങൾ നിങ്ങളുടെ ജനങ്ങൾക്കു നൽകുന്നുവോ അത് നിങ്ങൾക്ക് അല്ലാഹുവിന്റെ അടുത്ത് കണ്ടെത്താം.അവനാണ് നല്ലതും പ്രതിഫലത്തിൽ മഹാനായാവനും.ദൈവത്തിൽ നിന്നുള്ള സംരക്ഷണം ചോദിക്കുകയും ചെയ്യുക .തീർച്ചയായും അവനാകുന്നു സംരക്ഷകനും കാരുണ്യവാനും."

അൽ-മുസ്സമ്മിൽ എന്ന അധ്യായത്തിന്റെ തുടക്കം മുതൽ ഒന്നുകൂടി നമുക്കു പഠിക്കാം. അൽമുസ്സമ്മിൽ എന്ന ഒരു നാമം നബിക്കു കൊടുക്കുന്നു.വളരെ പ്രധാനപ്പെട്ട ഒരു ഉത്തരവാദിത്തം അദ്ദേഹത്തിനു കൊടുക്കാൻ പോവുകയാണെന്ന് പറയുന്നു.അതുകൊണ്ടു അതിനുള്ള മുന്നൊരുക്കം നടത്താൻ ആവശ്യപ്പെടുന്നു.പകൽ ആശയപ്പോരാട്ടത്തിനുള്ള ക്രമീകരണം നടത്താനും ഈ ആവശ്യത്തിനുവേണ്ടി ഖുർആനിക മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കപ്പെട്ടപ്രവർത്തനങ്ങൾ നടത്താനും നിർദ്ദേശിക്കുന്നു.
മധ്യത്തിലുള്ള വചനങ്ങളിൽ ഖുർആനിക അധ്യാപനങ്ങൾ നടത്തുമ്പോഴും,അവയെ മുറുകെ പിടിക്കുമ്പോഴും പ്രയാസരഹിതമായിരിക്കണം എന്നു കല്പിക്കുന്നു .ആവശ്യമില്ലാത്ത അദ്ധ്വാനം വേണ്ട . ജനങ്ങളുടെ ദുരിതം മനസ്സിലാക്കി മാത്രം പ്രവർത്തിക്കുക .കാരണം അവരിൽ അസുഖമുള്ളവരും ,ജോലിക്കുവേണ്ടി യാത്ര ചെയ്യുന്നവരും, പോരാടുന്നവരും ഉണ്ടാകും. അതുകൊണ്ടു ദൈവീക കൽപനകൾ സ്ഥാപിച്ചെടുക്കുയും സംസ്കാരം അവരിലുണ്ടാക്കുകയും,അങ്ങിനെ വിജയിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുക .ആ ആവശ്യത്തിനുവേണ്ടി ദൈവത്തിനു നിങ്ങൾ കടം കൊടുക്കുക.ദൈവത്തിന്റെ മാർഗ്ഗത്തിൽ എന്ത് നിങ്ങൾ ചിലവഴിക്കുന്നുവോ അതിന്റെ ഫലം ഉടനെ നിങ്ങൾ കണ്ടെത്തുന്നതാണ് .

അറബികളായ ഗോത്രവർക്കാരുടെ ഏകാധിപത്യത്തിന്റെ ക്രൂരതകൾ അവസാനിപ്പിച്ച ശേഷം നല്ല ഒരു സമൂഹത്തെ വാർത്തെടുക്കാനാണ്. അൽ-മുസ്സമ്മിൽ എന്ന അധ്യായം ചർച്ച ചെയ്യുന്നത് എന്നു വളരെ വ്യക്തമാണ് .ഇതിന്റെ മുകളിൽ ആചാര നമസ്കാരം എന്ന ആശയം ഒട്ടിക്കുക എന്നു പറയുന്നത് ഖുർആനിക ആശയത്തിൽ നാം നടത്തുന്ന അങ്ങേ അറ്റത്തെ കൈകടത്തലാണ് .
ഖുർആൻ പഠിക്കുക ! നല്ല ഒരു സമൂഹത്തെ വാർത്തെടുക്കുക!!

# <u>അധ്യായം അൽ-മുദ്ദഥ്ഥിർ</u> 183

(മൗലാനാ ഉബൈദുല്ലാ സിന്ധി എഴുതിയ "ഖുർആനീ ദസ് ളുറെ ഇങ്കിലാബ്" എന്ന ബുക്കിൽ നിന്നും പകർത്തിയെടുത്തത്)

“يَا أَيُّهَا الْمُدَّثِّرُ "(യാ അയ്യുഹൽ മുദ്ദഥ്ഥിർ) ഓ ,മുദ്ദഥ്ഥിർ , ഈ പദത്തിന്റെ മൂല അക്ഷരങ്ങളാണ് ر ث د എന്നത് .ഇതിന്റെ സാഹിത്യത്തിലുള്ള അർത്ഥമാണ് “കൊല്ലുക (to kill)” എന്നത്. പക്ഷെ മുദ്ദഥ്ഥിർ എന്നതിന്റെ അർത്ഥം "മനുഷ്യ സ മൂഹത്തിൽ നിന്നും എല്ലാ തരത്തിലുള്ള സ്വേച്ഛാധിപത്യത്തെയും വേരോടെ അറുത്തു കളയുന്നവനാ "രാണോ അവനെയാണ് മുദ്ദഥ്ഥിർ എന്നു പറയുക .

“قُمْ فَأَنْذِرْ "(ഖും ഫ അൻദിർ) “എഴുന്നേൽക്കുക ,മുന്നറിയിപ്പ് നൽകുക " ഇവിടെ ഖും എന്ന കല്പനയിലൂടെ ഉറങ്ങിക്കിടക്കുന്ന ഒരു വ്യക്തിയോടു ഉറക്കിൽ നി ന്നും എഴുന്നേൽക്കാൻ പറയുകയല്ല . അതുപോലെ പുതപ്പ് പുതച്ച് കിടക്കുന്നവനോട് എഴുന്നേൽക്കാനുമല്ല പറയുന്നത്.മറിച്ച് ഒരു സമൂഹത്തിന്റെ പുരോഗതിക്കു വേണ്ടി ന ടത്തുന്ന പോരാട്ടത്തിനു നേതൃത്വം കൊടുക്കാൻ വേണ്ടി എഴുന്നേൽക്കാനാണ് പറ യുന്നത്. രാത്രി ഉറക്കമൊഴിക്കുകയും ,പകല് പോരാടുകയും ചെയ്ത ശേഷം ഒരു സമൂ ഹത്തിന്റെ പരിഷ്കരണത്തിനുവേണ്ടിയുള്ള പ്രായോഗിക നടപടികൾ എടുക്കാനുള്ള മുന്നറിയിപ്പാണ് ഇവിടെ നടത്തുന്നത്. ഒരു മാറ്റത്തിനുവേണ്ടി ആഗ്രഹിക്കുന്ന ജനങ്ങ ൾക്ക് അതിന്റെ സമയമായിരിക്കുന്നു എന്ന മുന്നറിയിപ്പാണ് ഇവിടെ. മനുഷ്യരെ അ ടിച്ചമർത്തലും ,നിരന്തരമായി അവർ അനുഭവിച്ചുകൊണ്ടിരുന്ന ഏകാധിപത്യവും അ വസാനിപ്പിക്കാനുള്ള സമയമായിരിക്കുന്നു എന്ന മുന്നറിപ്പുകൂടിയാണ് ഇത്.

“وَ رَ بَّكَ فَكَبِّرْ " (വ റബ്ബക്ക ഫ കബ്ബിർ) നിന്റെ റബ്ബിന്റെ മഹത്ത്വം നീ സ്ഥാപി ക്കുക

“അല്ലാഹു അക്ബർ " എന്ന വാക്കുകൾ വെറുതെ ഉരുവിടലോ ,ധ്യാനമോ ഒന്നുമല്ല ഈ പറഞ്ഞതുകൊണ്ടു അർത്ഥമാക്കുന്നത്.നിങ്ങളുടെ റബ്ബിന്റെ റുബൂബിയ്യാത്താകുന്ന അച്ചടക്കം സ്ഥാപിച്ചെടുക്കാൻ ഉതകുന്ന പ്രായോഗിക പരിപാടികളിലേക്കുള്ള ക്ഷണ മാണ് ഇത്. അത് ആ റബ്ബിന്റെ കല്പനകളിലൂടെയും മാർഗ്ഗ നിർദ്ദേശങ്ങളിലൂടെയും ഒരു ഐശ്വര്യപൂർണ്ണമായ സമൂഹത്തെ സൃഷ്ടിച്ചെടുക്കുക എന്നതാണ് .അങ്ങിനെയാ ണ് അവന്റെ പരമാധികാരം സ്ഥാപിക്കേണ്ടത്. അല്ലാതെ അല്ലാഹു അക്ബർ എന്ന മന്ത്രങ്ങളിലൂടെയല്ല .അങ്ങിനെ രൂപപ്പെടുന്ന ഒരു സമൂഹത്തിൽ മനുഷ്യരുടെ അവകാ ശങ്ങൾ ചോദിക്കുന്നതിനു മുമ്പു തന്നെ നൽകപ്പെടും.

وَثِيَابَكَ فَطَهِّرْ"( വ ഥിയാബക്ക ഫത്വഹ്ഹിർ) "നിന്റെ വസ്ത്രം ശുദ്ധിയാക്കുക "

പൊതുവായി ഈ രൂപത്തിലുള്ള വിവർത്തനമാണ് ചെയ്യപ്പെട്ടിട്ടുള്ളത്.ഥിയാബ് എന്നത് ഥൗബ് എന്ന വാക്കിന്റെ ബഹുവചനമാണ് .ب و ث എന്നതാണ് ഇതിന്റെ മൂല അക്ഷരങ്ങൾ . ഇതിൽ നിന്നാണ് ഥവാബ് (ثَوَاب) എന്ന പദം ഉണ്ടായിട്ടുള്ളത്. തിരിച്ചുപോകുക എന്നതാണ് ഇതിന്റെ അർത്ഥം. അറബികൾ അവരുടെ വസ്ത്രങ്ങൾക്ക് ഥൗബ് എന്നു വിളിച്ചിരുന്നു .അങ്ങിനെയാണ് വസ്ത്രം എന്നു അർത്ഥം വന്നത്. ദയവുചെയ്ത് ഇവിടെ ഥിയാബ് എന്ന പദത്തിന് വസ്ത്രം എന്ന അർത്ഥം നമുക്കൊന്നു സങ്കൽപിച്ചു നോക്കാം. അതിനർത്ഥം നബിയുടെ വസ്ത്രം അഴുക്കു പുരണ്ടതായിരുന്നു എന്നും അതുകൊണ്ടാണ് അതു വൃത്തിയാക്കാൻ പറഞ്ഞത് എന്നല്ലേ വരിക. അങ്ങിനെ ഒരു അർത്ഥം ഒരിക്കലും സ്വീകാര്യമല്ല . എനി പ്രവാചകന്റെ പോരാട്ടത്തിനു കിട്ടുന്ന ഫലം എന്ന അർത്ഥത്തിലെടുത്താൽ അദ്ദേഹത്തിന്റെ വീക്ഷണങ്ങളും ധാരണകളും പരിശുദ്ധമാക്കാനാണ് കല്പിക്കുന്നത്.തീർച്ചയായും അവ ശിർക്കിൽ നിന്നും മുക്തമാക്കണമെന്നു സാരം.

"وَالرُّجْزَ فَاهْجُرْ "(വർറുജ്സ ഫഹ്ജുർ) അഴുക്കുകളിൽ നിന്നും അകന്നു നിൽക്കുക

ഇവിടെ പറഞ്ഞ അഴുക്കും ശാരീരിക അഴുക്കുകൾ എന്ന അർത്ഥത്തിൽ തെറ്റായി വ്യാഖ്യാനിച്ചിട്ടുണ്ട്. അൽമുസ്സമ്മിൽ എന്ന അധ്യായത്തിലും ,അൽമുദ്ദഥ്ഥിർ എന്ന അധ്യായത്തിലും പരിഷ്കരണ പ്രവർത്തനങ്ങളുടെ വ്യത്യസ്ഥ സ്റ്റേജുകളാണ് ചർച്ച ചെയ്യുന്നത്. ദൈവീക കൽപനകളിലധിഷ്ഠിതമായ അച്ചടക്കം സ്ഥാപിച്ചെടുക്കാൻ ലക്ഷ്യം വെച്ചു കൊണ്ടു നടത്തുന്ന പരിഷ്കരണ തന്ത്രങ്ങൾ ആണ് അൽമുസ്സമ്മിൽ എന്ന അധ്യായത്തിൽ വിവരിക്കുന്നത്. അവ ഒരു നായകൻ ചെയ്യേണ്ട തന്ത്രങ്ങളാണ്. എന്നാൽ സൂറത്ത് അൽമുദ്ദഥ്ഥിറിൽ സമൂഹം തിന്മകളിൽ നിന്നും സുരക്ഷിതമാകേണ്ടതിനെക്കുറിച്ചാണ് വിവരിക്കുന്നത് .വർറുജ്സ ഫഹ്ജുർ (അഴുക്ക് അകറ്റുക) .ഇതിനർത്ഥം നമ്മുടെ നബിയുടെ വസ്ത്രങ്ങൾ ചെളിപുരണ്ടതാണെന്നോ ,അദ്ദേഹം പുതപ്പു പുതച്ചു കിടക്കുകയാണെന്നോ ഒന്നുമല്ല .

യഥാർത്ഥ അവസ്ഥയിലേക്കു തിരിച്ചുപോകുക എന്നോ ഒരു പദ്ധതിയുടെ യഥാർത്ഥ ഉദ്ദേശത്തിലേക്കുള്ള തിരിച്ചു വരവോ ആണ് ഥവബ(ب و ث )എന്നതിന്റെ അർത്ഥം അല്ലാമാ റഷീദ് നുഅമാനി അദ്ദേഹത്തിന്റെ ലുഗത്തുൽ ഖുർആൻ എന്ന ഗ്രന്ഥത്തിൽ وَثِيَابَكَ فَطَهِّرْ (വഥയാബക്ക ഫത്വഹ്ഹിർ) എന്ന ആയത്തുമായി ബന്ധപ്പെട്ട പറയുന്നു. "ചില ആളുകൾ ഥിയാബ് എന്ന പദം വസ്ത്രം എന്ന അർത്ഥത്തിലും മറ്റു ചിലർ ആലങ്കാരികമായി "സ്വയം" (نفس self) എന്ന അർത്ഥത്തിലും പറഞ്ഞിട്ടുണ്ട് .അതായത് നീ സ്വയം വൃത്തിയുള്ളവനും പരിശുദ്ധനും ആയിത്തീരുക. സ്വയം നന്നാകാനുള്ള പ്രതിജ്ഞയെടുക്കുക.അതാണ് പരമകാരുണികൻ പറയുന്നത്.قَدْ أَفْلَحَ من زَكَّيهَاوقَدْ خَابَ منْ دَسَّهَا (ഖദ് അഫ്ലഹ മൻ സക്കാഹാ വഖദ് ഗാബ മൻ ദസ്സാഹ

ാ)സ്വ യം സംസ്കരണം നേടിയവൻ വിജയിച്ചു, അതിനെ അടിച്ചമർത്തിയവൻ പരാജയപ്പെട്ടു . ഈ നഫ്സിനെക്കുറിച്ചു തന്നെയാണ് ഈ അധ്യായത്തിൽ ഥൗബ് എന്നു പറഞ്ഞത് .”

എല്ലാ അശുദ്ധികളിൽ നിന്നും സ്വന്തത്തെ ശുദ്ധിയാക്കാനും സംസ്കരിക്കുവാനുമാണ് അല്ലാഹു കൽപിക്കുന്നത്. വെറുപ്പിനും അറപ്പിനും കാരണമാകുന്ന അഴുക്കുകൾക്കാണ് രിജ്സ് എന്നു പറയുക .ഒരു നല്ല മനുഷ്യൻ എല്ലാ തിന്മകളെയും രിജ്സ് ആയി കാണുകയും അനുസരണക്കേടിനെ അവൻ വെറുക്കുന്ന കാര്യമായികാണുകയും ചെയ്യുന്നു. ഈ പറഞ്ഞ ഒരു അവസ്ഥ നമ്മുടെ പ്രവാചകനും ഒരിക്കലും ഉണ്ടാവുകയില്ല. റസൂലിന്റെ ജീവിതം മറ്റുള്ളവർക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതാണ്.അദ്ദേഹത്തിന്റെ ഉന്നതമായ വ്യക്തിത്ത്വം ഉന്നതമായ സംസ്കാരവും ചിന്തയും ഉൾക്കൊള്ളുന്നതു മാത്രമല്ല ശാരീരികമായ പരിശുദ്ധിയും അദ്ദേഹം വെളിപ്പെടുത്തും. പരമകാരുണികൻ പറയുന്നു.

“وَلا تَمْنُنْ تَسْتَكْثِرْ" (വലാ തംനുൻ തസ്തക്ഥിർ) “അധികം നേടാം എന്ന പ്രതീക്ഷയിൽ ജനങ്ങളെ നീ കർത്തവ്യങ്ങൾക്കു കീഴിൽ കൊണ്ടു വരരുത്: അതായത് നീ ഒരാൾക്ക് നിന്റെ ദയവുകൊണ്ടു ഒരു കടമ ചെയ്തുകൊടുത്തു. അവനിൽ നിന്നും അതിനുള്ള അനുസരണം നീ പ്രതീക്ഷിക്കരുത്. ഒരാൾ ശത്രുവാണെങ്കിലും അല്ലെങ്കിലും അവർക്കു ആവശ്യമായ കടമ നീ നിർവ്വഹിക്കുക .ഒരാളോടും തിരിച്ചു നന്മ ചെയ്യാൻ ആവശ്യപ്പെടരുത്. അത്യാഗ്രഹം നമ്മിൽ തിരിച്ചു നന്മ കിട്ടാനുള്ള ആഗ്രഹം ഉണ്ടാക്കും. ഇങ്ങിനെ ഒരു കാര്യം രക്ഷിതാക്കൾ അവരുടെ മക്കളോടു പറഞ്ഞാലെങ്ങിനെയുണ്ടാകും ,അതായത് തിരിച്ചുകിട്ടാൻ വേണ്ടിയാണ് നിങ്ങൾക്കു നന്മ ചെയ്യുന്നത് എന്ന്. അപ്പോൾ പരിശുദ്ധനായ പ്രവാചകൻ അദ്ദേഹം ഉന്നതമായ സ്വഭാവത്തിന്റെ ഉടമയായിരിക്കെ ഒരിക്കലും അങ്ങിനെ ആഗ്രഹിക്കില്ലല്ലോ? അദ്ദേഹം നന്മ ചെയ്തു കൊടുക്കുന്നവരിൽ നിന്നും തനിക്കുള്ള അനുസരണം ഒരിക്കലും അദ്ദേഹം പ്രതീക്ഷിക്കില്ല.

ഉന്നത വ്യക്തിത്ത്വത്തിന്റെ ഉടമയായ നമ്മുടെ പ്രവാചകനെ ചെളിയിലിറക്കുക വഴി നമ്മുടെ വ്യാഖ്യാതാക്കൾ വായനക്കാരായ നമ്മളിൽ ദുഃഖവും ,മാനക്കേടും ഉണ്ടാക്കിത്തീർത്തിരിക്കുകയാണ്. ഇവർ "കഥ്റത്ത് كثْرة" എന്നതിന് സമ്പത്ത് എന്നാണ് അർത്ഥം നൽകിയിട്ടുള്ളത്. “ജനങ്ങളുടെ സമ്പത്തു നേടുന്നതിനുവേണ്ടി നീ ജനങ്ങളെ സന്തോഷിപ്പിക്കുകയോ അവർക്കുള്ള കടമ ചെയ്തുകൊടുക്കുകയോ ചെയ്യരുത്" എന്നാണ് അർത്ഥം നല്കിയിരിക്കുന്നത്. അതാണോ ദൈവം വിലക്കിയിരിക്കുന്നത്, എന്തൊരു വഷളത്തരം! നമ്മുടെ പ്രവാചകന്റെ എന്ത് ചിത്രമാണ് ജനങ്ങൾക്കു മുമ്പിൽ നാം ചിത്രീകരിക്കുന്നത്!

സൂറത്തു അൽ-അൻആം 128ാം വചനത്തിൽ ജിന്നുകളോടു ചോദിക്കുന്നത് ഒന്നു ശ്രദ്ധിച്ചു നോക്കൂ :- يَا مَعْشَر الجن قَدْ اسْتَكْثَرْتُم من الإنْس (യാ മഅശറൽജിന്നി ഖദ് ഇസ്തക്ഥർത്തും മിനൽ ഇൻസി) "ഓ ജിന്നു സമൂഹമേ നിങ്ങൾ മനുഷ്യരിൽ നിന്നും ധാരാളം അധീനപ്പെടുത്തിയിരിക്കുന്നു:

അപ്പോൾ സൂറത്തു അൽ-അൻആമിൽ "ഇസ്തക്ഥ്റ "എന്ന പദത്തിനു അധീനത്തിൽ കൊണ്ടു വരിക എന്നാണ് അർത്ഥമെങ്കിൽ സൂറത്തു അൽ-മുദ്ദഥ്ഥറിൽ وَلا تَمْنُن تستكثر" എന്നതിന് " നീ നന്നിയായിക്കൊണ്ട് സമ്പത്ത് അധികം ആഗ്രഹിക്കരുത് എന്ന് എങ്ങിനെ അർത്ഥം നൽകും? അപ്പോൾ യഥാർത്ഥത്തിൽ ഇവിടുത്തെ അർത്ഥവും അവർക്ക് നല്ലത് ചെയ്തുകൊടുക്കുമ്പോൾ അവരെ അധീനരാക്കി "തിരിച്ച് അനുസരണം പ്രതീക്ഷിക്കരുത്" എന്നാണ് .
"وَلِرَبِّكَ فَاصْبر" (വ ലി റബ്ബിക്ക ഫസ്ബിർ) നിന്റെ രക്ഷിതാവിനു വേണ്ടി ചാഞ്ചല്ല്യമില്ലാത്ത മനസ്സുള്ളവനാകുക
"ഉറച്ച മനസ്സുള്ളവനാകുക"എന്ന കല്പന ഒന്നു ശ്രദ്ധിക്കുക . ഇതിനർത്ഥം നീ നിന്റെ റബ്ബിനെ(പരമകാരുണികൻ)ക്കുറിച്ച് സംസാരിക്കുമ്പോൾ , ദൈവീക അച്ചടക്കത്തെ തകർക്കാൻ താല്പര്യം കാണിക്കുന്ന ജനങ്ങൾ നിന്നെ എതിർക്കാൻ തയ്യാറാകും. അതുകൊണ്ടു ആ സമയത്ത് നീ ഉറച്ച മനസ്സോടുകൂടി പ്രവർത്തിക്കുകയും നിന്റെ രക്ഷിതാവിന്റെ അച്ചടക്കം സ്ഥാപിക്കുക എന്ന ലക്ഷ്യത്തിനുവേണ്ടി നീ പോരാടുകയും ചെയ്യുക .
മുകളിൽ പറഞ്ഞ വചനങ്ങൾ താഴെ പറയുന്ന കല്പനകളാണ് കല്പിക്കുന്നത്.:-

1. നിന്റെ റബ്ബിന്റെ മഹത്ത്വം ആശയത്തിലും പ്രവർത്തിയിലും സ്ഥാപിച്ചെടുക്കുക .വായയിലൂടെയുള്ള ഉരുവിടലില്ല.
2. നിന്റെ ചിന്തകളിലും ആശയത്തിലും പരിശുദ്ധമായ ദീൻ എന്ന ധാരണ സൂക്ഷിക്കുകയും പ്രവർത്തനങ്ങളും ധർമ്മവും ശുദ്ധീകരിക്കുകയും ചെയ്യുക.
3. ജനങ്ങൾക്ക് കടമകൾ ചെയ്തുകൊടുക്കുന്നത് തിരിച്ചു നന്മ പ്രതീക്ഷിച്ചു കൊണ്ടാവരുത് .അവർ തങ്ങൾക്കു അനുസരിക്കുന്നവരായിത്തീരണം എന്ന ആഗ്രഹത്താലുമാവരുത്.
4. ഈ പദ്ധതികൾക്കുവേണ്ടി അഭിമുഖീകരിക്കേണ്ടി വരുന്ന എന്തു പ്രശ്നങ്ങളായാലും ഉറച്ച മനസ്സോടെ മുന്നോട്ടു പോകുക.

ഈ വചനങ്ങളിൽ പരമകാരുണികന്റെ കല്പനക്കൊത്ത് നിലകൊള്ളുന്ന ഒരു പരിഷ്കരണത്തെക്കുറിച്ചുള്ള ഒരു ചിത്രമാണ് വരച്ചു കാട്ടുന്നത്.മൗലാനാ ഉബൈദുല്ലാ സിന്ധി പരലോകത്തിലെ വലിയ ശിക്ഷക്ക് മുമ്പ് ഒരു ചെറിയ ശിക്ഷയെക്കുറിച്ചു വിവരിക്കുന്നുണ്ട്.പരിഷ്കരണം മാത്രമല്ല ഈ ബുക്കിന്റെ വിഷയം .അതുകൊണ്ടു തന്നെ ഉബൈദുല്ലാ സിന്ധിയുടെ താഴെ പറയുന്ന വചനങ്ങളുടെ വിശദീകരണവും നാം നിങ്ങളുടെ മു

“നമ്മുടെ വ്യാഖ്യാതാക്കൾ ഈ വചനങ്ങളെ പരലോകവുമായി ബന്ധിപ്പിച്ച ശേഷം മൗനം പാലിച്ചിരിക്കുകയാണ്. ആ വലിയ ശിക്ഷക്കു മുമ്പ് ഈ ലോകം ഒരു ചെറിയ ശിക്ഷയെ അഭിമുഖീകരിക്കുന്നതാണ് .അതാണ് പരിഷ്കരണത്തിന്റെ കാലഘട്ടം."

മുകളിൽ  വിവരിച്ച വചനങ്ങൾക്കു ശേഷം വിശ്വാസികളെ സംബന്ധിച്ച് വിവരിക്കുന്ന വചനമാണ് വരുന്നത്, സൂറത്ത് അൽ-മുദ്ദഥ്ഥിറിൽ ആ വിശ്വാസികൾ സ്വർഗ്ഗത്തിൽ താമസിച്ചുകൊണ്ടു ചോദിക്കുന്നു
فِى جَنَّاتٍ يَتَسَاءلُون من الْمجْرمين مَا سَلَككم فِي سَقر (ഫീ ജന്നാത്തിൻ യതസാഅലൂന  മിനൽമുജ്രിമീന മാ സലകക്കും ഫീ സഖർ) അവർ തോട്ടങ്ങളിൽ വെച്ച് അക്രമികളെക്കുറിച്ചു ചോദിക്കും നിങ്ങൾ എന്തുകൊണ്ടാണ് ഈ ശിക്ഷക്ക് വിധേയരായത് ?  കുറ്റവാളികൾ അപ്പോൾ പറഞ്ഞു .قَالُوا لَمْ نَكُ مِن الْمصلّين (ഖാലൂ ലം നകു മിനൽ മുസ്വല്ലീന) ഞങ്ങൾ മുസ്വല്ലീങ്ങളിൽ ആയിത്തീർന്നില്ല .

ഇതിനർത്ഥം ആ അക്രമികൾ മുസ്വല്ലികളായിത്തീർന്നില്ല എന്ന ഒരു കുറ്റമെ ചെയ്തിട്ടൊള്ളൂ എന്നല്ലേ .ഇപ്പോൾ നിങ്ങൾ സ്വയം തീരുമാനിക്കുക .ഫറോവ കൊല്ലപ്പെട്ടത് നമസ്കരിക്കാത്തതിന്റെ ഒറ്റ കാരണത്താലാണോ? .അല്ലെങ്കിൽ ഇസ്രായീല്യരെ അടിമത്വത്തിന്റെ ചങ്ങലകളിൽ തളച്ചതിന്റെ പേരിലായിരുന്നുവോ? ഖുറൈശികളായ അറബ് ഗോത്രവർക്കാരുടെ കുറ്റം നമസ്കരിക്കാത്തതാണോ? അതല്ല അവരുടെ ഏകാധിപത്യ വ്യവസ്ഥിതി നിലനിർത്തിയതാണോ? പ്രവാചകനായ ഈസാ റോമൻ സാമ്രാജ്യത്തിനെതിരിൽ വിപ്ലവം നയിച്ചത് അവർ നമസ്കരിക്കാത്തതിന്റെ പേരിലായിരുന്നുവോ? അതല്ല അവർ ജൂദമതനേതാക്കന്മാരുമായി ഗൂഢാലോചന നടത്തി ജൂദരന്മാരായ പൊതുജനങ്ങളെ അടിമകളാക്കി വെച്ചതാണോ കാരണം? ചിന്തിക്കുക .ഇങ്ങിനെ ലോകത്തു വന്ന അക്രമികളൊക്കെ ഈ ലോകത്താണെങ്കിലും ,പരലോകത്താണെങ്കിലും ശിക്ഷിക്കപ്പെടുന്നത് ഇന്നത്തെ ആചാര നമസ്കാരം നമസ്കരിക്കാത്തതിന്റെ പേരിലാണോ? ദൈവീക വ്യവസ്ഥിയെ പൂർണ്ണമായും പിന്തുടർന്നു ജീവിക്കാത്ത ചില നമസ്കരിക്കുന്നവരും ശിക്ഷക്ക് വിധായരാകും എന്നല്ലേ ഇന്നു പറയപ്പെടുന്നത്.

അടുത്ത ഖുർആനിക വചനങ്ങൾ മുസ്വല്ലികളല്ലാത്തവരെക്കുറിച്ച് വിവരിക്കുന്നു.
“وَلَمْ نَكُ نُطعِمُ الْمِسْكِين " (വലം നകു നത്വ്ഇമുൽ മിസ്കീൻ)മസാക്കീനുകൾക്കുള്ള ആഹാരം ഞങ്ങൾ ഏർപ്പാട് ചെയ്തില്ല .وَكُنَّا نَخُوضُ مَعَ الْخَائِضِين"( വകുന്നാ നഖൂമഅൽ ഗായിളീൻ) ഞങ്ങൾ  ജനങ്ങളുമായി ഉപയോഗശൂന്യമായ  ചർച്ചകളിൽ മുഴുകിയിരിക്കുകയായിരുന്നു.وَكُنَّا نُكَذِّبُ بِيَوم الدِّين"( വ കുന്നാ നുകദ്ദിബു ബി യൗമിദ്ദീൻ)യൗമുദ്ദീനിനെ ഞങ്ങൾ തള്ളിക്കളയുകയായിരുന്നു. حَتَّى أَتنَا الْيَقِين فَمَا تَنْفعهم

شَفَاعة الشَّافِعين "(ഹത്താ അതാനൽ യഖീൻ ,ഫമാ തൻഫഉഹും ശഫാഅത്ത അശ്ശാഫിഈൻ)-അനിവാര്യമായത് വന്നിട്ടുകൂടി .അങ്ങിനെയുള്ളവർക്ക് ശുപാർശക രുടെ ശുപാർശയൊന്നും ഫലം ചെയ്യുന്നില്ല .
ദൈവത്തിന്റെ ശുപാർശകൾ ഒന്നും ഫലം ചെയ്യാത്തതുപോലെ ഈ ഭൗതിക ലോക ത്തെ സർക്കാറുകൾക്കും അവിടുത്തെ ഭരണകർത്താക്കൾക്കെതിരിൽ ചാരപ്രവർ ത്തനങ്ങൾ നടത്തുന്ന ആളുകൾക്കു അവർ ചെയ്യുന്ന ഈ കുറ്റങ്ങൾക്കു ഒരു ശുപാർ ശ യും ഫലം ചെയ്യില്ല .അത്തരം ആളുകളെ നേരെ ജയിലിലേക്ക് അയക്കുകയാണ് പ തിവ്. അതിനുശേഷം അല്ലാഹു പറയുന്നു.
“فَمَا لَهُم عَنِ التَّذْكِرة مُعْرِضِين" (ഫമാ ലഹും അനിത്തദ്കിറത്തി മുഅരിളീൻ)എ ന്നിട്ട് ദൈവീകമായ ഓർമ്മപ്പെടുത്തലുകളിൽ നിന്നും അവർ പിന്തിരിഞ്ഞുപോകാനു ള്ള കാരണം എന്താണ് .
അടുത്ത വചനങ്ങൾ അവിശ്വാസികളുടെ അവസ്ഥ വിവരിക്കുന്നു. അവർ ഖുർആനിൽ നിന്നും കഴുതകൾ സിംഹത്തെ കണ്ട് ഭയന്നോടുന്നതുപോലെ തിരിഞ്ഞോടുന്നു എന്നു വിവരിക്കുന്നു. അവരിലെ ഓരോരുത്തരും വെവ്വേറെ ഏടുകൾ ലഭിക്കാനാണ് ആഗ്ര ഹിക്കുന്നത് എന്നും പറയുന്നു. അവരുടെ അന്തിമ വിധി അവർ ഭയക്കുന്നില്ല എന്നു വിവരിക്കുന്നു
إِنَّهُ تَذْكِرة فَمن شَاء ذكره وَمَا يَذْكُرُون إِلَّا ان يشاءالله"(ഇന്നഹൂ തസ്കിറതുൻ,ഫ മൻശാഅ ദകറഹൂ വമാ യദ്കുറൂന ഇല്ലാ അൻയശാഅല്ലാഹു)-തീർച്ചയായും ,ആര് ശാസനക്ക് തയ്യാറാകാൻ ആഗ്രഹിക്കുന്നുവോ അവർക്കുള്ള ഒരു ശാസനയാണ് ഇത്. പക്ഷെ അതിന്റെ നേട്ടം അല്ലാഹു ആഗ്രഹിക്കുന്നവർക്കു മാത്രമാണ് " “هُو أَهْلُ التَّقْوَى وَأَهْل الْمغْفِرة"(ഹുവ അഹ് ലുത്തഖ് വാ വ അഹ് ലുൽ മഗ്ഫിറത്) അവ രാണ് തഖ് വയുടെ ആളുകൾ .അവരാണ് മഗ്ഫിറയുടെ ആളുകൾ .

നോക്കു ഈ അധ്യായം മുഴുവൻ ആരെയാണ് മുസ്വല്ലികളെന്നു വിളിച്ചത്. ഇത് പരി ഷ്കരണത്തെക്കുറിച്ച് വിവരിക്കുന്ന അധ്യായമാണ് .ഈ അധ്യായത്തിന്റെ ആകെത്തു ക പരിഷ്കരണത്തിനുവേണ്ടിയുള്ള പോരാട്ടത്തെക്കുറിച്ചു വിവരിക്കലാണ് . ആശയപര മായ അധ്യാപനങ്ങളാണ് ഇത് കൈകാര്യം ചെയ്യുന്നത്. ഒരാൾ മുസ്വല്ലീ അല്ല എന്നു പറയാനുള്ള കാരണങ്ങൾ വിവരിക്കുന്നു. അവർ മസാക്കീനുകളുടെ ആഹാരം ഏർ പ്പാടാക്കി കൊടുക്കില്ല .ഒരു മാറ്റം കൊണ്ടുവരാനുള്ള ഉത്തരവാദിത്തം അവർ ഏറ്റെടു ക്കില്ല .ഐശ്വര്യപൂർണ്ണവും ,മാതൃകാപരവുമായ ഒരു സമൂഹത്തെ പുനഃസൃഷ്ടിച്ചെടുക്കാ നുള്ള പരിശ്രമങ്ങളിൽ അവർ പങ്കു ചേരില്ല . ഈ അധ്യായത്തെ പാരമ്പര്യ നമസ്കാ രവുമായി ബന്ധപ്പെടുത്തുക എന്നു പറയുന്നത് ഖുർആനിനോടു കാണിക്കുന്ന ഏറ്റവും വലിയ അനീതിയാണ് .
സ്വയം ആശ്വാസം കണ്ടെത്താനുള്ള വ്യക്തിപരമായ ഒരു പ്രവർത്തിയാണ് നമസ്കാ രം. ഖുർആനിക സ്വലാത്തിനെ നമസ്കാരമായി തെറ്റായി വ്യാഖ്യാനിക്കുക എന്നത്

ഏറ്റവും അനുയോജ്യമല്ലാത്ത കാര്യമാണ് .സ്വലാത്തിനു പകരം നമസ്കാരമാണ് ചെയ്യുന്നതെങ്കിൽ സ്വലാത്തിന്റെ സ്ഥാപനത്തിലൂടെ നേടേണ്ട ലക്ഷ്യം എന്നെന്നേക്കുമായി നഷ്ടപ്പെടുത്തലാകും ഫലം.ഏകാധിപത്യവും,അടിമത്ത്വത്തിന്റെ ചങ്ങലകളും ഒരിക്കലും മനുഷ്യരിൽ നിന്നും നീക്കം ചെയ്യാൻ കഴിയില്ല .സമാധാനവും സുരക്ഷയും ഒരിക്കലും പുനഃസ്ഥാപിക്കപ്പെടില്ല .ഈ ലോകം ഭീകരതയുടെയും പൈശാചികതയുടെയും താവളമായി മാറും .

## സ്വലാത്ത് എന്ന പദം മറ്റൊരു പദത്തോട്ട ചേർത്തുകൊണ്ട്

സ്വലാത്ത് എന്ന വിഷയം അതിന്റെ അവസാനത്തിലെത്തിയിരിക്കുകയാണ്.സ്വലാത്ത് എന്ന പദം മറ്റൊരു പദത്തോട്ട ചേർത്തുപറയുന്ന സ്ഥലങ്ങൾ കൂടി വിശദീകരിക്കേണ്ടതുണ്ട്.ചേർത്തുകൊണ്ടു സ്വലാത്ത് എന്ന പദം വന്ന സ്ഥലങ്ങളുടെ പട്ടിക ആദ്യം ചേർക്കാം.

## രണ്ടാമൻ (مخَاطب) ,ഏകവചനം, പുല്ലിംഗം

അധ്യായം "അത്തൗബ" വചനം 103
അധ്യായം "ഹൂദ്" വചനം 87
അധ്യായം "ബനീ ഇസ്രാഈൽ" വചനം 110

## മൂന്നാമൻ (غَائب),ദ്വിവചനം ,പുല്ലിംഗം.

അധ്യായം "നൂർ" വചനം 41

## മൂന്നാമൻ (غَائب), ബഹുവചനം,പുല്ലിംഗം

അധ്യായം അൽ അൻആം വചനം 21
അധ്യായം അൽ-അൻഫാൽ വചനം 35
അധ്യായം അൽ-മുഅമിനൂൻ വചനം 2, 9.

## ഒന്നാമൻ (مُتَكَلم), ഏകവചനം, പുല്ലിംഗം

അധ്യായം അൻആം വചനം 163

## രണ്ടാമൻ (مخَاطب) ,ഏകവചനം, പുല്ലിംഗം

സ്വലാത്തുക്ക (صَلوتُكَ)-നിന്റെ "സ്വലാത്ത് "അധ്യായം അത്തൗബ വചനം 103 ൽ പരമ കാരുണികൻ പറയുന്നു:

خُذْ مِنْ أَمْوَٰلِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا وَصَلِّ عَلَيْهِمْ ۖ إِنَّ
صَلَوٰتَكَ سَكَنٌ لَّهُمْ ۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿١٠٣﴾

“ഖുദ് മിൻ അംവാലിഹിം സ്വദഖത്തൻ തുത്വഹ്ഹിറുഹും വതുസക്കീഹിം ബിഹാ വസ്വല്ലി അലൈഹിം, ഇന്ന സ്വലാത്തക്ക സകനുൻ ലഹും"

“അവരുടെ സമ്പത്തിൽ നിന്നും സ്വദഖാത്ത് സ്വീകരിക്കുക ,അതുകൊണ്ട് അവരെ സംസ്കരിക്കുകയും വളർത്തിക്കൊണ്ടുവരികയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക .തീർച്ചയായും  നിന്റെ പ്രോത്സാഹനം അവർക്കൊരു  ആശ്വാസമാണ് .ദൈവം അറിവുള്ളവനും ,കേൾക്കുന്നവനുമാണ് .”

ഈ വചനത്തിലും ഒരു വിദൂരമായ അർത്ഥത്തിൽ പോലും നമസ്കാരം പ്രതിപാദിച്ചിട്ടില്ല. و ل ص എന്ന മൂല അക്ഷരങ്ങളുടെ കല്പനക്രിയയാണ് സ്വല്ലി എന്നുള്ളത്.ഒരാളെ പിന്താങ്ങുക ,പ്രോത്സാഹിപ്പിക്കുക എന്നൊക്കെയാണ് ഇതിന്റെ അർത്ഥം.ഇവിടെ നമസ്കാരം സംസാര വിഷയമേ അല്ല.

ബാക്കിയുള്ള രണ്ടു വചനങ്ങളിൽ ഒന്നു അധ്യായം " ഹൂദ് " വചനം 87 ഉം ,അധ്യായം "ബനീ ഇസ്രായിൽ" വചനം 110 ഉം ആണ് .ഇവ രണ്ടും നമ്മൾ പഠിച്ചു കഴിഞ്ഞു .

## മൂന്നാമൻ ,ഏകവചനം, പുല്ലിംഗം

സ്വലാത്തഹു: (صلوته)- "അവന്റെ സ്വലാത്ത് "
അധ്യായം "നൂർ"വചനം 41 ൽ പരമകാരുണികൻ പറയുന്നു .

أَلَمْ تَرَ أَنَّ ٱللَّهَ يُسَبِّحُ لَهُۥ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ وَٱلطَّيْرُ صَٰٓفَّٰتٍ ۖ كُلٌّ
قَدْ عَلِمَ صَلَاتَهُۥ وَتَسْبِيحَهُۥ ۗ وَٱللَّهُ عَلِيمٌۢ بِمَا يَفْعَلُونَ ﴿٤١﴾

“അലം തറ അന്നല്ലാഹ യുസബ്ബിഹു ലഹു മൻ ഫിസ്സമാവാത്തി വൽ അർളി വത്തയ്റു സ്വാഫ്ഫാത്തിൻ കുല്ലുൻ ഖദ് അലിമ  സ്വലാത്തഹു തസ്ബീഹഹു വല്ലാഹു അലീമുൻ ബിമാ യഫ്അലൂൻ "

“ആകാശങ്ങളിലും ,ഭൂമിയിലുമുള്ളവരും ,പക്ഷികൾ അണിയായിക്കൊണ്ടും ,ദൈവത്തിന്റെ "തസ്ബീഹ് " ചെയ്യുന്നുവെന്ന് നീ അറിഞ്ഞിട്ടില്ലേ? ദൈവം സർവ്വ ജ്ഞനനായിരിക്കെ എല്ലാവരും തങ്ങളുടെ സ്വലാത്തും തസ്ബീഹും അറിഞ്ഞുകഴിഞ്ഞിരിക്കുന്നു,”

ഈ വചനം നാം നല്ലവണ്ണം പരിഗണിക്കണം .തസ്ബീഹിന്റെയും സ്വലാത്തിന്റെ യും വിശദീകരണവും ,അർത്ഥവും , ഒന്നു ചെറുതായി ശ്രദ്ധിച്ചാൽ തന്നെ കാര്യങ്ങൾ വളരെ വ്യക്തമാകും, ഈ വചനത്തിൽ വന്ന ചില കാര്യങ്ങൾ നേരെ ചൊവ്വെ ഒന്നു ശ്രദ്ധിക്കുക

1)ഒന്നാതായി ,മനുഷ്യരോടു "നിങ്ങൾ കാണുന്നില്ലേ .....”എന്നു പറയുന്നു .അതിനർത്ഥം ദിവസേന അവൻ നിരീക്ഷിക്കുന്ന കാര്യമാണ് അതെന്നാണ്.ഈ പക്ഷികളുടെയും മൃഗങ്ങളുടെയും തസ്ബീഹും സ്വലാത്തും നമ്മുടെ സ്ഥിരം നിരീക്ഷണത്തിലല്ല എന്നല്ലല്ലോ? അങ്ങിനെയായിരുന്നുവെങ്കിൽ നിങ്ങൾ കാണുന്നില്ലേ എന്നു പറയുന്നതിനു അർത്ഥമില്ലല്ലോ?

2) രണ്ടാമതായി ,ഈ പ്രപഞ്ചത്തിൽ എന്തൊക്കെയുണ്ടോ അവയെല്ലാം ദൈവത്തിന് അനുസരിച്ചുകൊണ്ടിരിക്കുന്നു.അവനു വേണ്ടിയുള്ള പോരാട്ടത്തിലാണ്.പക്ഷികൾ കൂട്ടമായും( വത്തയ്റു സ്വാഫ്ഫാത്തിൻ).ഇവിടെ ഒരു കാര്യം വ്യക്തമാണ് അതായത് ആ പക്ഷികൾ വരികൾക്കു ശേഷം വരികളായിട്ടാണ് എന്നുള്ളത് . ഇവയെ "മൻ ഫിസ്സമാവാത്തി വ ൽ അർളി "എന്നതിൽ നിന്നും പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. അവയുടെ പ്രത്യേകമായ ഗുണങ്ങളും എന്താണ് എന്നും ,അവയെ പ്രത്യേകം വിവരിച്ചത് എന്താണ് എന്നുള്ളതുമാണ് നിർദ്ദേശിക്കാനുള്ളത്.

3) എല്ലാ ജീവ ജാലങ്ങൾക്കും അവയുടെ സ്വലാത്തും, തസ്ബീഹും നന്നായി അറിയാമെന്നാണ് പറയുന്നത്. അതിനർത്ഥം എല്ലാ ജീവികൾക്കും അവയുടെ ദൈവീക കൽപനകളെക്കുറിച്ച് അറിയാമെന്നാണ് .അവ അതിനുവേണ്ടിയാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ദൈവീക കൽപനകൾക്കനുസരിച്ച് എന്താണ് പ്രവർത്തിക്കേണ്ടത് എന്ന അറിവ് അവക്കുണ്ട്. പ്രത്യേകിച്ച് വരിയിൽ നിൽക്കുന്ന ആ പക്ഷികൾക്ക്.

4) ഈ തസ്ബീഹും സ്വലാത്തും ദൈവത്തിനും അറിയാവുന്നതാണ് .

ഒന്നു ചെറുതായി ചിന്തിച്ചാൽ തന്നെ സ്വലാത്തിന്റെയും തസ്ബീഹിന്റെയും അർത്ഥം എന്താണെന്നു വ്യക്തമാകും. അതായത് ,പോരാട്ടത്തിനു സമാനമായ ഒരു സംഗതിയാണ് തസ്ബീഹ് ,സ്വലാത്ത് എന്നാൽ താൻ എന്തൊരു ജീവിത ലക്ഷ്യത്തിനുവേണ്ടിയാണ് പോരരാടുന്നത് എന്നതുമാണ് . അല്ലാതെ ഇവിടെ നമസ്കാരം എന്ന അർത്ഥത്തിനു വിദൂര സാധ്യതപോലും ഇല്ല .

## <u>മൂന്നാമൻ (غَائِب), ബഹുവചനം,പുല്ലിംഗം</u>

<u>സ്വലാത്തിഹിം</u> (صلوتِهم)- അവരുടെ സ്വലാത്ത്

അധ്യായം "അൽ-അൻആമി"ൽ 92ാം വചനത്തിൽ പരമകാരുണികൻ പറയുന്നു

وَهَٰذَا كِتَٰبٌ أَنزَلْنَٰهُ مُبَارَكٌ مُّصَدِّقُ ٱلَّذِى بَيْنَ يَدَيْهِ وَلِتُنذِرَ أُمَّ ٱلْقُرَىٰ وَمَنْ حَوْلَهَا ۚ وَٱلَّذِينَ يُؤْمِنُونَ بِٱلْءَاخِرَةِ يُؤْمِنُونَ بِهِۦ ۖ وَهُمْ عَلَىٰ صَلَاتِهِمْ يُحَافِظُونَ ﴿٩٢﴾

“വഹാദാ കിതാബുൻ അൻസൽനാഹു മുബാറക്കുൻ മുസ്വദ്ദിഖുല്ലദീ ബൈന യദൈഹി വലി തുൻദിറ ഉമ്മൽഖുറാ വമൻഹൗലഹാ  വല്ലദീന യുഅമിനൂന ബിൽ ആഖിറത്തി യുഅമിനൂന ബിഹീ വഹും അലാ സ്വലാത്തിഹിം യുഹാഫിളൂൻ "

“ഇതും നാം ഇറക്കിയതും അനുഗ്രഹിച്ചതും അതിന്റെ മുമ്പിലുള്ളതിനെ സത്യമാക്കുന്നതും നീ അതു മുഖേന ഉമ്മുൽ ഖുറയെയും  അതിന്റെ ചുറ്റുപാടുമുള്ള ജനങ്ങളെയും മുന്നറിയിപ്പു നൽകുന്നതിനുവേണ്ടിയുമുള്ള ഒരു ഗ്രന്ഥമാകുന്നു.അന്തിമ ജീവിതത്തിൽ വിശ്വസിക്കുന്നവരും , തങ്ങളുടെ സ്വലാത്ത് സംരക്ഷിക്കുകയും ചെയ്യുന്നതായ ഏതൊരാളും ഇതിൽ വിശ്വസിക്കുന്നു.”

ഈ വചനത്തിലും നമസ്കാരം കണ്ടുപിടിക്കാനുള്ള ഒരു മാർഗ്ഗവും ഇല്ല .ഇവിടുത്തെ അടിസ്ഥാന വിഷയം തന്നെ അൽ -കിതാബ് ആണ്.അതായത് ദൈവീക കൽപനകളാണ്. ആദ്യമായി അൽ-കിതാബ് അനുഗ്രഹത്തിനും സത്യപ്പെടുത്താനുമാണെന്നു പറയുന്നു. പിന്നീട് ഖുർആനിന്റെ ലക്ഷ്യം ഉമ്മുൽ ഖുറയുടെയും ചുറ്റുപാടുമുള്ള പ്രാമാണിമാർക്ക് അവരുടെ ഏകാധിപത്യത്തിനെതിരിൽ താക്കീതു ചെയ്യാനാണ് എന്നു പറയുന്നു. മുഅമിൻ ഖുർആനിൽ വിശ്വാസിയായി നിലനിൽക്കുന്നതോടൊപ്പം ആഖിറത്തിലും വിശ്വസിക്കുന്നു. ഈ ജനങ്ങൾ അവരുടെ സ്വലാത്ത് സംരക്ഷിക്കുകയും ചെയ്യും . അവർ ഖുർആനിനെ അതായത് ദൈവീക കൽപനകളെ തങ്ങളുടെ കൽപനയായി സ്വീകരിക്കുന്നു. അടുത്ത പടി അത് നടപ്പാക്കുന്നു. അവർ നമസ്കാരിക്കാൻ തുടങ്ങുകയല്ല ചെയ്യുക.  ഖുർആൻ എന്ത് ചെയ്യണ്ട എന്ത് ചെയ്യണം എന്ന കൽപനക്കനുസരിച്ച് അവർ പ്രവർത്തിക്കും. ഒരു ബുക്ക് മനസ്സിലാക്കിയിട്ട് അതനുസരിച്ച് പ്രവർത്തിച്ചിട്ടില്ലെങ്കിൽ അതിലെ അധ്യാപനങ്ങൾ പാഴായി പോവുകയാണ് ചെയ്യുക .

## <u>അധ്യായം "അൽ-അൻഫാൽ" വചനം 35</u>

<u>ഇവിടെ </u> നമ്മുടെ പ്രവാചകന്റെ സമൂഹത്തിന്റെ സ്വലാത്ത് ആണ് പറയുന്നത്.ഈ ജനങ്ങളുടെ സ്വഭാവമാണ് ഇവിടെ വിവരിക്കുന്നത്.അവർ ആരാധനയെ അർത്ഥമില്ലാത്ത കരച്ചിലുകളും അട്ടഹാസങ്ങളുമായിട്ടാണ് അവർ എടുത്തിട്ടുള്ളത്. പരമകാരുണികൻ പറയുന്നു

وَمَا كَانَ صَلَاتُهُمْ عِندَ ٱلْبَيْتِ إِلَّا مُكَآءً وَتَصْدِيَةً
فَذُوقُوا۟ ٱلْعَذَابَ بِمَا كُنتُمْ تَكْفُرُونَ ﴿٣٥﴾

“വമാകാന സ്വലാത്തുഹും ഇൻദൽ ബൈത്തി ഇല്ലാ മുകാഅൻ വതസ്ദിയത്തൻ, ഫദൂഖുൽ അദാബ ബിമാ കുൻ തും തക്ഫൂറൂൻ "

“ ആ അൽ-ബൈത്തിനരികിൽ അവരുടെ സ്വലാത്ത് അട്ടഹസിക്കലും കരച്ചിലും,ചൂളമിടലും പ്രതിധ്വനി ഉണ്ടാക്കലുമല്ലാതെ മറ്റൊന്നുമായിരുന്നില്ല . അതിനാൽ നിങ്ങൾ നിഷേധികളായിത്തീർന്നതു കാരണം ആ ശിക്ഷ രുചിക്കുവീൻ "
ഇവിടെ അവിശ്വാസികൾ എന്താണ് നിഷേധിക്കുന്നത് ?തീർച്ചയായും അവർ ദൈവീക കൽപനകളാണ് നിഷേധിക്കുന്നത്. നീതിയും ,നിയമാനുസൃതമായ പെരുമാറ്റങ്ങളും പ്രവർത്തിക്കാനും, മനുഷ്യാവകാശങ്ങൾ തിരിച്ചുകൊണ്ടുവരാനുമാണ് അവരോടു കൽപിച്ചത്. അവർ അവ പൂർണ്ണമായും തള്ളിക്കളയുകയാണ് ചെയ്തത്. അതോടൊപ്പം പാരമ്പര്യ ആരാധനയെ അന്തിമമായി സ്വീകരികകുകയും ചെയ്തു.ദൈവത്തെ പ്രീതിപ്പെടുത്താൻ "മുകാഅൻ വ തസ്ദിയത്തോ"ടുകൂടിയ പാരമ്പര്യ ആരാധന കണ്ടുപിടിക്കുകയും ചെയ്തു. അതായത് ഉപയോഗ ശൂന്യമായ നിലവിളിയും ആവർത്തിച്ചുള്ള അട്ടഹാസങ്ങളും .
അതിനു വിരുദ്ധമായിക്കൊണ്ട് ഖുർആൻ മുഅമിനുകളോടു ആവശ്യപ്പെടുന്നത് സമയബന്ധിതമായിക്കൊണ്ട് നീതി നടപ്പാക്കാനും,നല്ലത് പ്രവർത്തിക്കാനും,മസാക്കീനുകളുടെയും ,യത്തീമുകളുടെയും അവകാശങ്ങൾ പുനഃസ്ഥാപിക്കാനും,ഐശ്വര്യപൂർണ്ണവും മാതൃകാപരവുമായ ഒരു സമൂഹത്തെ വാർത്തെടുക്കാനുമാണ് . ഖുർആനിലെ ഓരോ പേജിലും നാം കാണുന്ന സ്വലാത്ത് ഇതാണ് . ഇതിനു വിരുദ്ധമായി നമസ്കാരത്തിന്റെ ഒരു വിശദീകരണവും ഖുർആനിൽ നിന്നു ലഭിക്കുകയില്ല .നാം ഖുർആനിലെ സ്വലാത്തിനെ ആകെ മാറ്റിമറിച്ചിരിക്കുകയാണ് .ഇവിടെ അവിശ്വാസികളുടെ സ്വലാത്താണ് വിവരിച്ചിരിക്കുന്നത് .മുഅമിനുകളുടെ സ്വലാത്ത് പറഞ്ഞിട്ടില്ല .

## <u>അധ്യായം അൽമുഅമിനൂൻ വചനം 2, 9 .</u>

രണ്ടാമത്തെ വചനത്തിൽ <u>സ്വലാത്തിഹിം എ</u>ന്ന ഒരു പദം നമുക്കു കാണാൻ കഴിയും.സ്വലാത്ത് എന്ന പദം ഏകവചനവും, <u>ഹും</u> മൂന്നാമനെ(غائب)സൂചിപ്പിക്കുന്നതും ബഹുവചനവും,പുല്ലിംഗവും ,സർവ്വനാമവുമാണ് .എന്നാൽ വചനം 9 ൽ സ്വലാത്തിന്റെ ബഹുവചനമായി സ്വലവാത്ത് എന്ന പദം വന്നിട്ടുള്ളത്. ബഹുവചനവും,പുല്ലിംഗവും, മൂന്നാമനെ സൂചിപ്പിക്കുന്ന സർവ്വനാമം അതിനോടൊപ്പം ചേർന്നു വന്നിട്ടുണ്ട് .

വചനം 1 മുതൽ11 വരെ മുഅമിനുകളെക്കുറിച്ചുള്ള പ്രശംസയും ,മൂല്ല്യനിർണ്ണയവുമാണ് വിവരിക്കുന്നത്. രണ്ടാമത്തെ വചനത്തിൽ പരമകാരുണികൻ പറയുന്നത് "അല്ലദീന ഹും ഫീ സ്വലാത്തിഹിം ഗാശിഊൻ" ഈ മുഅമിനുകൾ അവരുടെ സ്വലാത്തിൽ ഗാശിഊങ്ങൾ ആയിരിക്കും.ഒമ്പതാമത്തെ വചനത്തിൽ പരമകാരുണികൻ പറയുന്നത് “വല്ലദീനഹും അലാ സ്വലവാത്തിഹിം യുഹാഫിളൂൻ"മുഅമിനുകൾ അവരുടെ സ്വലാത്തുകൾ കാത്തു സൂക്ഷിക്കുന്നവരാണ് .

രണ്ടാമത്തെ വചനത്തിൽ മുഅമിനുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചാണ് വിവരിക്കുന്നത്.അവർ അവരുടെ സ്വലാത്തിൽ ശ്രദ്ധചെലുത്തുന്നവരായിരിക്കും.ഒമ്പതാമത്തെ വചനത്തിൽ അവർ അവരുടെ സ്വലാത്തുകളുടെമേൽ(صلوات)കാവൽക്കാരായിരിക്കും എന്നുമാണ് .ആദ്യത്തെ വചനത്തിൽ മുഅമിനുകളുടെ സ്വന്തം സ്വലാത്തിനെക്കുറിച്ചാണ് വിവരിക്കുന്നത്. അതായത് അവരുടെ സ്വലാത്തിൽ അവർ ശ്രദ്ധചെലുത്തുന്നവരായിരിക്കും . ഒമ്പതാമത്തെ വചനത്തിൽ "അലാ സ്വലവാത്തിഹിം"(عَلى صلوَاتِهم) .അതിനർത്ഥം സമൂഹത്തിന്റെമേലുള്ള സ്വലാത്താണ് വിരിക്കുന്നത്.അതായത് അവരിൽ ഒരാൾ മറ്റൊരാളുടെ സ്വലാത്തിന്റെമേൽ കാവൽക്കാരായിത്തീരുകയും .അവർ തങ്ങളുടെ മുഅമിനുകളായ സഹോദരങ്ങളെ ശരിയായ ദിശയിലേക്കു നയിക്കുന്നതിനുവേണ്ടി അവരുടെ മേൽ കാവലുള്ളവരായിരിക്കുകയും ചെയ്യും.

## അധ്യായം "അൽ-മആരിജ് "വചനം 23,24 .

ഈ അധ്യായത്തിലും ,അൽമുഅമിനൂൻ എന്ന അധ്യായത്തിലെ അതേ രീതി തന്നെയാണ്  ഉപയോരിച്ചിട്ടുള്ളത്. പക്ഷെ  സ്വലാത്ത് എന്ന പദത്തിന്റെ ബഹുവചനം ഉപയോഗിച്ചിട്ടില്ല എന്നു മാത്രം. "സ്വലാത്തിഹിം"  എന്നു കൂട്ടി ഘടിപ്പിക്കപ്പെട്ട പദം മാത്രമെ ഈ വചനങ്ങളിൽ വന്നിട്ടൊള്ളൂ.
വചനം 23 ൽ പരമകാരുണികൻ പറയുന്നു.

ٱلَّذِينَ هُمْ عَلَىٰ صَلَاتِهِمْ دَآئِمُونَ ﴿٢٣﴾

“അല്ലദീന ഹും അലാ സ്വലാത്തിഹിം ദാഇമൂൻ "
“അവർ അവരുടെ സ്വലാത്തിൽ സദാ ഉറച്ചു പോകുന്നവരാണ് "
അതുപോലെ വചനം 34 ൽ പരമകാരുണികൻ പറയുന്നു

وَٱلَّذِينَ هُمْ عَلَىٰ صَلَاتِهِمْ يُحَافِظُونَ ﴿٣٤﴾

“വല്ലദീന അലാ സ്വലാത്തിഹിം യുഹാഫിളൂൻ "
അവർ അവരുടെ സ്വലാത്തിന്റെമേൽ  കാത്തു സൂക്ഷിക്കുകയും ചെയ്യുന്നവരാണ് "

23ാമത്തെ വചനത്തിലും 35ാമത്തെ വചനത്തിലും മുസ്വല്ലികളുടെ ഗുണങ്ങളാണ് വിവരിക്കുന്നത്. മുസ്വല്ലീൻ എന്ന തലക്കെട്ടിനു താഴെ ഈ രണ്ടു ആയത്തുകളും നാം വിവരിച്ചിട്ടുണ്ട്. സ്വലാത്ത് എന്ന ഒരു ധാരണ മാത്രമല്ല സ്വലാത്തിന്റെ സ്ഥാപനവും നമ്മുടെ മനസ്സിലേക്കു വ്യക്തമായി കടന്നു വരുന്നു .

## ഒന്നാമൻ (മുതകല്ലിം) , ഏകവചനം ,പുല്ലിംഗം .

സ്വലാത്തീ (صَلاتِی)

അധ്യായം അൽ-അൻആം വചനം 162

പരമകാരുണികൻ അവന്റെ പ്രവാചകനോടു ഇങ്ങിനെ പ്രഖ്യാപിക്കാൻ പറയുന്നു: "എന്റെ സ്വലാത്ത് ,എന്റെ നുസ്ക് , എന്റെ ജീവിതവും ,എന്റെ മരണവും ,ഈ പ്രപഞ്ചത്തിന്റെ രക്ഷിതാവിനാകുന്നു. പ്രസ്തുത വചനം ഒന്നു നോക്കു

قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ ﴿١٦٢﴾

ഖുൽ ഇന്ന സ്വലാത്തീ വനുസ്കീ വമഹ് യായ വമമാത്തീ ലില്ലാഹി റബ്ബിൽ ആലമീൻ "

"നീ പറയുക തീർച്ചയായും എന്റെ സ്വലാത്തും എന്റെ രീതിയും ,എന്റെ ജീവിതവും, എന്റെ മരണവുമെല്ലാം ഈ പ്രപഞ്ചത്തിന്റെ രക്ഷിതാവായ അല്ലാഹുവിന്നാകുന്നു." ഇവിടെ സ്വലാത്തിനെ നമസ്കാരം എന്ന അർത്ഥത്തിലെടുത്താൽ അപ്പോൾ എന്താണ് <u>നുസ് ക്ക്</u> . കാരണം നുസ്ക് പാരമ്പര്യ ആരാധനകൾ എന്ന അർത്ഥമാണല്ലോ നൽകിയിട്ടുള്ളത്. മുകളിലെ വചനങ്ങൾ നാം ഒന്നു പരിശോധിച്ചാൽ ഈ വചന ത്തിൽ നാല് നിബന്ധനകൾ പറഞ്ഞതായി നമുക്കു കാണാൻ സാധിക്കും. പരമകാരുണികൻ പറയുന്നു.

قُلْ إِنَّنِي هَدَانِي رَبِّي إِلَىٰ صِرَاطٍ مُسْتَقِيمٍ دِينًا قِيَمًا مِلَّةَ إِبْرَاهِيمَ حَنِيفًا ۚ وَمَا كَانَ مِنَ الْمُشْرِكِينَ ﴿١٦١﴾

"ഖുൽ ഇന്നനീ ഹദാനീ റബ്ബീ ഇലാ സ്വിറാത്തിൻ മുസ്തഖീം ദീനൻ ഖയ്യിമൻ മില്ലത്ത ഇബ്രാഹീമ ഹനീഫൻ വമാ കാന മിനൽ മുശരിക്കീൻ "

"നീ പറയുക ,തീർച്ചയായും എന്റെ റബ്ബ് എന്നെ ഏറ്റവും ചൊവ്വായ ദീന് എന്ന നിലക്കുള്ള ഒരു നേർമാർഗ്ഗത്തിലേക്കു നയിച്ചിരിക്കുന്നു.അതായത് പങ്കുചേർക്കുന്നവരിൽപെടാതെ നേരെ നിന്നവനായ ഇബ്രാഹീമിന്റെ മാർഗ്ഗത്തിലേക്ക് "നാം പഠിച്ചു കൊണ്ടിരിക്കുന്നവചനം ഈ വചനത്തിനു ശേഷമാണ് അവതരിപ്പിച്ചിരിക്കുന്നത്.പ്രവചാകനോട് തന്റെ ദീൻ എന്താണെന്നു പ്രഖ്യപിക്കാനാണ് പറയുന്നത് .അതിനർത്ഥം സ്വലാത്ത് തന്നെയാണ് അദ്ദേഹത്തിന്റെ "ദീനുൽഖയ്യിം".ഈ ദീനുൽഖയ്യിം ക്രപപ്പെടുത്തിയെടുക്കുന്നതും പരിഷ്കരിച്ചെടുക്കുന്നതുമായ സ്വഭാവവും രീതികളുമാണ് നുസ് ക്ക് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

و ل ص ൽ നിന്നുള്ള ക്രിയകൾ

ഖുർആനിൽ ഈ പദത്തിൽനിന്നും വന്ന എല്ലാ വാക്കുകളുംനമ്മുടെ ചർച്ചയുടെ കീഴിൽ കൊണ്ടുവരുന്നതിനു വേണ്ടി و ل ص എന്ന മൂലഅക്ഷരങ്ങളിൽ നിന്നും വന്ന ക്രിയകൾ ഏതെല്ലാം ആണെന്നു വേർതിരിച്ച് പഠിക്കൽ നമുക്കു അത്യാവശ്യമാണ്. എന്നിട്ടു വേണം ഈ പദങ്ങൾ എവിടെയെല്ലാം ഉപയോഗിച്ചിട്ടുണ്ടെന്നു പരിശോധിക്കാൻ .എങ്കിലെ ഒരു പഠിതാവിനു അയാളുടെ ഭാവിയിലുള്ള ജോലികൾ സുഗമമാവുകയുള്ളൂ.ഈ ധാതുവിൽ നിന്നും വന്ന ക്രിയകളാണ് താഴെ പറയുന്നവ:-

صلى സ്വല്ലാ, يُصلى യുസ്വല്ലീ, يُصلون യുസ്വല്ലൂന, يُصلوا യുസ്വല്ലൂ,
صل സ്വല്ലി, صلوا സ്വല്ലൂ, تصل തുസ്വല്ലി.

و ل ص എന്ന ധാതുവിൽ നിന്നും വന്ന ക്രിയകളും നാമങ്ങളും നാം മുമ്പ് വിശദീകരിച്ചതിൽ നിന്നും "ഏതെങ്കിലും ഒന്നിന്റെയോ ഒരാളുടെയോ പിറകെ പോകുന്നതിനാണ്" ഈപദം ഉപയോഗിക്കുക എന്ന ആശയം ഗ്രഹിച്ചിട്ടുണ്ടായിരിക്കും.നാം ദൈവീക കൽപനകളുടെ പിറകെയാണ് പോകുന്നതെങ്കിൽ അതു നാം വിശദീകരിച്ചു കഴിഞ്ഞു.അതുകൊണ്ടു തന്നെ സ്വലാത്ത് എന്ന പദത്തിന്റെ വ്യവസ്ഥകൾ അംഗീകരിപ്പിക്കുക എന്നതല്ല നാം ഇവിടെ ചെയ്യുന്നത്. മറിച്ച് و ل ص എന്ന ധാതുവിൽ നിന്നും ലഭിക്കുന്ന പദങ്ങളെക്കുറിച്ചുള്ള ചർച്ചയാണ് നാം ഉദ്ദേശിക്കുന്നത്.

ഉദാഹരണത്തിനു ഒരു സൈനികനെ കുറിച്ചു മലയാളത്തിൽ നാം ഒരു പുസ്തകം എഴുതുകയാണെങ്കിൽ ഒരു സ്ഥലത്ത് "ഉണ്ട "എന്നു വന്നിട്ടുണ്ടെങ്കിൽ അതു " “bullet” എന്ന അർത്ഥത്തിലായിരിക്കും. പക്ഷെ ഇതേ പുസ്തകത്തിൽ തന്നെ“അയാൾ തന്റെ വീട്ടിലേക്കു തിരിച്ചു പോയി തന്റെ മകനു ഒരു ഉണ്ട നൽകി" എന്നു പറഞ്ഞാൽ അതിനർത്ഥം ബുള്ളറ്റ് നൽകി എന്നല്ലല്ലോ വരിക.വൃത്തത്തിലോ,വട്ടത്തിലോ ഒക്കെയുള്ള ഒരു വസ്തു സമ്മാനമായി കൊടുത്തതാണ് എന്നു നമുക്ക് മനസ്സിലാക്കാം.ഇയാൾ ഒരു ഓപ്പറേഷൻ നടത്തി എന്നു പറഞ്ഞാലും,ഒരു ഡോക്ടർ ഓപ്പറേഷൻ നടത്തി എന്നു പറഞ്ഞാലും,ഒരു പോലീസ് ഓപ്പറേഷൻ നടത്തി എന്നു പറഞ്ഞാലും,ഒരു മെക്കാനിക്ക് ഓപ്പറേഷൻ നടത്തി എന്നു പറഞ്ഞാലും ഒരേ അർത്ഥത്തിനല്ല എന്നു നമുക്കു അറിയാമല്ലോ?പദം ഓപ്പറേഷൻ തന്നയാണെങ്കിലും

ഇവിടെ നാം സ്വലാത്ത് എന്ന വാക്കിനെക്കുറിച്ചല്ല ചർച്ച നടത്തുന്നത്.പിന്നെയോ و ل ص എന്നതിൽ നിന്നും ഉരുത്തിരുഞ്ഞുണ്ടായ ക്രിയയാണ് പരിഗണിക്കുന്നത്."പിറകെ നടക്കുക "എന്നതാണ് ഈ പദത്തിന്റെ അടിസ്ഥാന അർത്ഥം. നമുക്കു സ്വല്ലാ എന്ന പദത്തെക്കുറിച്ച് ചർച്ച ചെയ്യാം.

സ്വല്ലാ എന്ന ക്രിയ മൂന്നാമനെ  സൂചിപ്പിക്കുന്ന പദമാണ്.ഏകവചനമാണ് പു

ല്ലിംഗമാണ്.ഈ ക്രിയ ഖുർആനിൽ മൂന്നു സ്ഥലങ്ങളിൽ വന്നിട്ടുണ്ട്.സൂറത്തുൽ ഖിയാമ നമ്പർ 31,സൂറത്ത് അൽ-അഅലാ നമ്പർ 15,സൂറത്തു അൽ-അലഖ് നമ്പർ 10,

ഇതിൽ ആദ്യത്തെ സാഹചര്യമായ സൂറത്തു അൽ-ഖിയാമയിൽ അല്ലാഹു പറയുന്നു.

فَلاَ صَدَّقَ وَلا صَلَّى  وَلَكِنْ كَذَّبَ  وَتَوَلَّى

" ഫലാ സ്വദ്ദഖ വലാ സ്വല്ലാ  വലാകിൻ കദ്ദബ വ തവല്ലാ"

"അവൻ വിശ്വസിച്ചതുമില്ല പിന്തുടർന്നതുമില്ല പക്ഷെ അവൻ കളവാക്കുകയുംപിന്തിരിഞ്ഞുപോകുകയും ചെയ്തു"

ഇവിടെ ഒരു വ്യക്തി എങ്ങിനെയാണ് ദൈവീക കൽപനകളോടു പെറുമാറുന്നത് എന്നാണ് വ്യക്തമാക്കുന്നത്.അതായത് അവൻ ദൈവീക കൽപനകളിലും നിർദ്ദേശങ്ങളിലും വിശ്വസിക്കുയോ പിന്തുടരുകയോചെയ്യുന്നില്ല എന്നു മാത്രമല്ല അവൻ അവയെ കളവാക്കുകയും അവയിൽ നിന്നു മുഖം തിരിച്ചു പിന്തിരിയുകയും ചെയ്യുന്നു.ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം.അതായത് സ്വല്ലാ എന്നതിന്റെ അർത്ഥം നമസ്കരിക്കുക എന്നതല്ല. നമസ്കാരം എന്ന അർത്ഥംവരാൻ ഇവിടെ ഒരു സാഹചര്യവും ഇല്ല.കാരണം അല്ലാഹു ഇവിടെ രണ്ടു വിപരീത പദങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത് അല്ലാഹു അവന്റെ ഗ്രന്ഥത്തിന്റെ ആശയം സംരക്ഷിക്കാൻ പല മാർഗ്ഗങ്ങളും സ്വീകരിച്ചിട്ടുണ്ട്.അതിലെ ഒരു മാർഗ്ഗമാണ് വിപരീത പദങ്ങൾ ഒരേ വചനത്തിൽ തന്നെ പ്രയോഗിക്കുക എന്നത്.

പരമ കാരുണികൻ ഇവിടെ സ്വല്ലാ എന്ന പദത്തിന്റെ ശരിയായ അർത്ഥം വിവരിക്കുന്നു.സ്വദ്ദഖ എന്ന പദത്തിന്റെ വിപരീത പദമായിട്ടാണ് കദ്ദബ എന്നു അല്ലാഹു പറഞ്ഞിരിക്കുന്നത്.അതാണ് അവൻ വിശ്വസിക്കുകയും ശരിവെക്കുകയുമല്ല മറിച്ച് അവൻ കളവാക്കുകയും നിഷേധിക്കുകയുമാണ് ചെയ്യുക എന്നു പറഞ്ഞതിൽ നിന്നും വ്യക്തമാകുന്നത്.ഖുർആൻ മുഴുവൻ നാം പരിശോധിച്ചാൽ നമുക്ക് മനസ്സിലാകുന്നത് കദ്ദബ എന്നു പറഞ്ഞാൽ സാധാരണ സംസാരങ്ങളെ കളവാ ക്കുന്നതിനല്ല .മറിച്ച് ദൈവീക കൽപനകളെ കളവാക്കുകയും നിഷേധിക്കുകയും ചെയ്യുന്നതിനാണ് ഉപയോഗിച്ചിട്ടുള്ളത്.ഒരു മനുഷ്യൻ ദൈവീക കൽപനകളെ വിശ്വസിക്കുകയല്ല കളവാക്കുകയാണ് ചെയ്യുക എന്നാണ് ഇവിടെ പറഞ്ഞത്.

അപ്പോൾ "സ്വദ്ദഖ" എന്നതിന്റ വിപരീതമായിട്ടാണ് "കദ്ദബ "എന്നു പറഞ്ഞിട്ടുള്ളത് അതുപോലെ "സ്വല്ലാ" എന്നതിന്റ വിപരീതമായിട്ടാണ് "തവല്ലാ "എന്നു ഉപയോഗിച്ചിട്ടുള്ളത്."തവല്ലാ" എന്നു പറഞ്ഞാൽ മുഖം തിരിക്കുകയും പിന്തിരിഞ്ഞുപോകുകയും ചെയ്യുക.ഈ വാചകം ഇവിടെ പറഞ്ഞതിൽ നിന്നും "സ്വല്ലാ "എന്നു പറ

ഞ്ഞതുകൊണ്ട അർത്ഥമാക്കുന്നത് ഒന്നിന്റെ പിറകെ പോകുക എന്നുള്ളതാണ് "തവല്ലാ "എന്നു പറഞ്ഞാൽ തിരിഞ്ഞുപോകുക എന്നുമാണ് അർത്ഥം.ഒന്നു കൂടി വ്യക്തമാക്കിയാൽ നിരന്തരമായി ദൈവീക കൽപനകളുടെ പിറകെ പോകുക അതാണ്സ്വല്ലാ .അവയിൽ നിന്നും മുഖം തിരിച്ച് പിന്തിരിഞ്ഞു പോകുകയാണ് "തവല്ലാ". അല്ലാതെ ആചാര നമസ്കാരമല്ല.

ഇനി രണ്ടാമത്തെ വചനമായ അൽ അഅലാ15,ൽ പരമകാരുണികൻ പറയുന്ന .وَذَكَرَ اسْمَ رَبّه فَصَلّى (വ ദകറ ഇസ്മ റബ്ബിഹീ ഫ സ്വല്ലാ) ഈ വചനം ഒന്നു പരിശോധിക്കാം.

ഒരു പ്രശസ്തനായ വ്യക്തിയുടെ നാമം നാം പറഞ്ഞാൽ പെട്ടെന്നു ആ വ്യക്തിയുടെ വ്യക്തിത്ത്വം നമ്മുടെ മുന്നിൽ വെളിവാകുന്നു. അയാളുടെ ശീലങ്ങൾ, പ്രകടനങ്ങൾ ,സ്വഭാവങ്ങൾ എന്നിവ..ഉദാഹരണത്തിന് ഗാന്ധിജിയെക്കുറിച്ച് നാം പറയുമ്പോൾ അദ്ദേഹത്തിന്റെ വേഷം കണ്ണട കയ്യിലൊരു വടി അദ്ദേഹത്തിന്റെ തോൾമുണ്ട്. ചെരുപ്പ്.പിന്നെ അദ്ദേഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയായ ഇന്ത്യക്കു സ്വാതന്ത്ര്യം വാങ്ങി തന്നത്.ഇങ്ങിനെ ധാരാളം കാര്യങ്ങൾ നമ്മുടെ മനസ്സിലേക്കു ഓർമ്മവരുന്നു.പിന്നീട് അദ്ദേഹത്തിന്റെ പേരു പറയാതെ വിശേഷണംപറഞ്ഞാൽ തന്നെ നാം വിധിക്കുന്നു അത് മഹാത്മാ ഗാന്ധിയാണെന്ന്.

ഇതിനോടു സമാനമായിട്ടുതന്നെയാണ് നാം ഈ പ്രപഞ്ചത്തിന്റെ നാഥന്റെ നാമം വിളിക്കുന്നതും. അല്ലാഹു എന്നാണല്ലോ നാം വിളിക്കുന്നത്.യഥാർത്ഥത്തിൽ സൃഷ്ടാവ് നമ്മുടെ വിശദീകരങ്ങൾക്കെല്ലാം എത്രയോ അകലെയാണ്.അതാണ് അവൻ അവനെക്കുറിച്ച് പറഞ്ഞത്.لايُدْرِكُهُ الأبْصَار (ലാ യുദ് രിക്കുഹു അൽ അബ്സ്വാർ) അതായത് അവനെ ബുദ്ധികൊണ്ട് ചിന്തിച്ചുകൊണ്ടോ,കണ്ണിന്റെ കാഴ്ച കൊണ്ടോകാണാൻ കഴിയില്ല.അവന്റെ അസ്ഥിത്ത്വത്തെക്കുറിച്ചുള്ള ചിലധാരണകളാണ് നമുക്കുള്ളത്. ചിലപ്പോൾ അത് തെറ്റാകാം.അവന്റെ അസ്ഥിത്ത്വത്തെക്കുറിച്ചു നമുക്കു വിവരിക്കണമെങ്കിൽ ദൈവീക വചനങ്ങളിലൂടെ മാത്രമെ സാധിക്കൂ.അവന്റെ കൽപനകൾ അവന്റെ അസ്മാഉകളെക്കുറിച്ചാണ് നമുക്കു മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുള്ളത്.അതു തന്നെയാണ് അവന്റെ ഗുണങ്ങളും.ആ മാധ്യമത്തിലൂടെയാണ് നമുക്കു അവനെ അവതരിപ്പിക്കുവാൻ കഴിയുകയുള്ളൂ.

അവൻ അവനെ റബ്ബ് എന്നു വിളിച്ചു.കാരണം അവനാണല്ലോ ലോകത്തെ മുഴുവൻ പോഷിപ്പിക്കുന്നവൻ.അവന്റെ വളർത്തലും പോഷിപ്പിക്കലുമാണല്ലോ മുഴുവൻ വ്യാപിച്ചുകിടക്കുന്നതും സർവ്വശക്തിയായി നിലകൊള്ളുന്നതും.എല്ലാ ജീവചാലങ്ങൾക്കും അവർ തേടുന്നത് ഈ ശക്തിയിൽ നിന്നാണല്ലോ ലഭിക്കുന്നത്.അവന്റെ ഈ സംരക്ഷണം കരുണ നിറഞ്ഞതാണ് കാരണം അവനാണല്ലോ സൃഷ്ടാവ്.അവൻ അവനെ അല്ലാഹു എന്നു വിളിച്ചു.(വ്യത്യസ്ഥ ജനങ്ങളുടെ സാംസ്കാരിക വ്യത്യാസത്തിനനുസരിച്ചു അവനെ എന്തു പേരു വിളിച്ചാലും ശരി).അവൻ സംരക്ഷിച്ചു വളർത്തികൊണ്ടുവരുന്നവനാണെന്ന നിലക്കു റബ്ബ് എന്നു വിളിച്ചു .ദയാലുആയതുകൊണ്ടു

റഹീം എന്നും കാരുണ്യവാനായതുകൊണ്ട് റഹ്മാൻ എന്നും അവൻ അവനെ വിളിച്ചു. ആ കാര്യമാണ് ഖുർആൻ വെളിവാക്കുന്നത്.

قُل ادْعُوا اللَّهَ او ادْعُوا الرحْمَان ايا ما تَدْعُوا فَلَهُ الأسْمَاء الْحُسنَى

(ഖുൽ ഉദ്ഉല്ലാഹ ഔ ഉദ്ഉ റ് റഹ്മാൻ അയ്യമ്മാ തദ്ഊ ഫലഹുൽ അസ്മാഉൽ ഹുസ്നാ)
"നീ അവനെ അല്ലാഹു എന്ന പേരു വിളിച്ചോളൂ,അല്ലെങ്കിൽ അർറഹ് മാൻ എന്നു വിളിക്കു. നിങ്ങൾ എന്തു പേരു വിളിച്ചാലും എല്ലാ നല്ല പേരുകളും അവനുള്ള താണ്"

ഇനി നമുക്ക് സൂറത്തുൽ അഅലിലെ വചനത്തിന്റെ ചർച്ചയിലേക്കു തിരിച്ചുപോകാം.പരമകാരുണികൻ പറയുന്നു.

قَدْ أَفْلَحَ مَنْ تَزَكَّى-وَذَكَرَ اسْم رَبِّهِ فَصَلَّى

വിജയവും പുരോഗതിയും കൈവരണമെങ്കിൽ ഒരാൾ സ്വയം സംസ്കാരം ഉൾക്കൊണ്ടു വളരുകയും തന്റെ വീക്ഷണത്തിൽ ദൈവീക നിർദ്ദേശങ്ങളെ കാത്തു സൂക്ഷിക്കുകയും അവയെ നിരന്തരമായി പിന്തുടരുകയും ചെയ്യണം.

ഈ വചനങ്ങളിൽ സ്വല്ലാ എന്നതു മാത്രമല്ല വിവരിക്കുന്നത്.തന്റെ ബുദ്ധിയെയും മനസ്സിനെയും ദൈവീക കൽപനകളിലൂടെ വളർത്തികൊണ്ടുവരാനും തസ്കിയ എന്നതിലൂടെ ഖുർആൻ വെളിവാക്കുന്നുണ്ട്.

ഇനി മൂന്നാമത്തെ വചനമായ സൂറത്തു അൽ-അലഖിലെ പത്താം വചനം നമുക്കു ഒന്നു പരിശോധിക്കാം.

أَرَءَيْتَ الَّذِي يَنْهَى عَبْدًا إِذَا صَلَّى أَرَءيْتَ إِنْ كَانَ عَلَى الْهُدَى أَوْ أَمَرَ بِالتَّقْوَى

"അറഅയ്തല്ലദീ യൻഹാ അബ്ദൻ ഇദാ സ്വല്ലാ അറഅയ്ത ഇൻകാന അലൽഹുദാഔ അമറ ബിത്തഖ് വാ"
(ദൈവീക കൽപനകളെ പിന്തുടർന്ന ഒരു ദാസനെ തടഞ്ഞവനെ നീ കണ്ടുവോ?അവൻ സന്മാർഗ്ഗത്തിലാവുകയോ തഖ് വ കൽപിക്കുകയോ ചെയ്തിരുന്നെങ്കിൽ എന്നു നീ കണ്ടോ?)

ദയവു ചെയ്ത് ഈ വചനങ്ങൾ ഒന്നു ശ്രദ്ധിച്ചു നോക്കുക,രണ്ടു വ്യക്തികളെ പരസ്പരം താരതമ്യം ചെയ്യുകയാണ് ഈ വചനങ്ങളിൽ.ഒരാൾ ദൈവീക കൽപനകളെ പിൻതുടരുന്നവൻ .അല്ലാഹു അവനെ അവന്റെ മാർഗ്ഗത്തിൽ ആയിത്തീർന്നവനായും തഖ് വയെ പ്രോൽസാഹിപ്പിക്കുന്നവനായും വിവരിക്കുന്നു.രണ്ടാമത്തെആൾ ഒന്നാമനെ തടഞ്ഞുവെക്കുന്നു.അതാണ് അടുത്ത വചനത്തിൽ അല്ലാഹു പറയുന്നത്.

أَرَءَيْتَ إِنْ كَذَّبَ وتَوَلَّى

"അറഅയ്ത ഇൻ കദ്ദബ വ തവല്ലാ"(കളവാക്കി പിന്തിരിഞ്ഞു പോയവനെ നീ കണ്ടില്ലെയോ?)

ഇവിടെയും തവല്ലാ എന്ന പദവും അതിന്റെ വിപരീത പദമായ സ്വല്ലാ എന്ന പദ

വും ഖുർആൻ കൊണ്ടുവന്നു.ഇത് സ്വല്ലാ എന്നതിന് ദൈവീക കല്പനകളെ പിന്തുടരുക എന്ന അർത്ഥമാണ്  ഉള്ളത് എന്ന് ഒന്നുകൂടി ഉറപ്പിക്കുന്നു .തഖ് വ യെ പ്രോൽസാ ഹിപ്പിക്കുകയും ചെയ്യുന്നു. ഇതിന്റെ നേരെ വിപരീത സ്വഭാവമാണ് കളവാക്കി പിന്തിരിഞ്ഞു പോകുക എന്നത്.തൗബ എന്ന അദ്ധ്യായത്തിൽ 84,103 വചനങ്ങളും

അഹ്സാബ് എന്ന അധ്യയത്തിൽ 43,56,വചനങ്ങളും,അൽബഖ റയിൽ156 ,157 വചനങ്ങളും വിവരിച്ചുവല്ലോ?.തൗബയിൽ ഈ പദം നെഗറ്റീവ് ആയും പോസിറ്റീവ് ആയും വന്നത് നാം പഠിച്ചു.അഹ്സാബിൽ യുസ്വല്ലു(ഏകവച നം,മൂന്നാമൻ, പുല്ലിംഗം, വർത്തമാനകാലം)യുസ്വല്ലൂന (മൂന്നാമൻ,ബഹുവചനം,പുല്ലിംഗം,) എന്നിവയും അവ വിവരിക്കുന്നിടത്ത് നാം പഠിച്ചു. സഹോദരങ്ങളെ വിശുദ്ധ ഖുർആൻ പഠിക്കുക ചിന്തിക്കുക